# ശിവഭക്തവിലാസം.

വടക്കന്തറ

തരവത്ത് അമ്മാളു അമ്മയാൽ

പരിഭാഷപ്പെടുത്തപ്പെട്ടത്.

തൃശ്ശിവപേരൂർ

ഭാരതവിലാസം അച്ചുകൂടത്തിൽ

അച്ചടിച്ചതു.

1908

All Rights Reserved.

SRI RAMANASRAMAM LIBRARY, TIRUVANNAMALAI

SRI RAMANA GRANTHALAYAM

SRI RAMANASRAMAM

# സമൎപ്പണം.

ചൊൽക്കൊള്ളുന്നറുപത്തിമൂന്നുശിവഭ-
ക്താഗ്രേസരന്മാർക്കെഴും
തൃക്കാൽതാമരയിൽ പെട്ടുപൊടികളെ-
ബ്ഭക്ത്യാഭജിക്കുന്നുഞാൻ
ഒക്കൊത്തുള്ളൊരുവാസനാശതമഹാ-
മോഹാന്ധകാരഭ്രമം
നീക്കാനായവഭാനുമണ്ഡലസമം
മിന്നുന്നിതെല്ലാടവും.

ചൊല്ലേറീടിനഭക്തിയോടുശിവനെ-
സ്സേവിച്ചുശശ്വത്സുഖം
കൈക്കൊണ്ടോരറുപത്തിമൂന്നുവിബുധ-
ന്മാരാച്ചരിത്രാമൃതം
ഇക്കാലംമലയാളമാക്കിയവരെ-
പ്പോലെസുഖംനേടുവാ-
നക്കാലാന്തകപാദപത്മമലരിൽ
കുമ്പിട്ടുവെക്കുന്നുഞാൻ.

**Bhagavan's Handwriting:**

## വിഷയസൂചിക.


| ല | ഭക്തനാമം | ആ | ല | ഭക്തനാമം | ആ | ല | ഭക്തനാമം | ആ |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| ൧ | സുന്ദരൻ | 1-13 | ൨൧ | വാഗീശൻ | 36-39 | ൪൩ | പ്ലവൻ | 69 |
| ൨ | നീലകണ്ഠൻ | 14 | ൨൨ | കുലപക്ഷൻ | 40 | ൪൪ | മാനധനൻ | 70 |
| ൩ | മഹാധനൻ | 15 | ൨൩ | വിദ്യാശൂരൻ | 41 | ൪൫ | കലിനീതി | 71 |
| ൪ | മാരൻ | 16 | ൨൪ | പുണ്യവതി | 42 | ൪൬ | ശക്തി | " |
| ൫ | സത്യാർത്ഥൻ | 17 | ൨൫ | അത്ഭുതിചരണൻ | 43 | ൪൭ | പഞ്ചപാദൻ | 72 |
| ൬ | വീരമിന്ദൻ | 18 | ൨൬ | നീലനഗൻ | 44 | ൪൮ | ഗണൻ | " |
| ൭ | അമരനീതി | 19 | ൨൭ | നവനന്ദി | 45 | ൪൯ | അവികാരി | " |
| ൮ | ഭാരകൻ | 20 | ൨൮ | ജ്ഞാനസംബന്ധൻ | 46-50 | ൫൦ | അവിരാമൻ | " |
| ൯ | ഏനാദിനാഥൻ | 21 | ൨൯ | കലികാമൻ | 51 | ൫൧ | നിശ്ചയൻ | 73 |
| ൧൦ | നീലൻ | 22-25 | ൩൦ | മൂലനാഥൻ | 52 | ൫൨ | മാനദൻ | " |
| ൧൧ | കലയനാഥൻ | 26 | ൩൧ | ദണ്ഡൻ | 53 | ൫൩ | സിംഹകൻ | " |
| ൧൨ | മാനവിക്രമൻ | 27 | ൩൨ | മൂർഖൻ | 54 | ൫൪ | ശ്രുതിദൻ | " |
| ൧൩ | ശങ്കലാദായൻ | 28 | ൩൩ | മാരൻ (സോമയാജി) | 55-56 | ൫൫ | കീർത്തിസഖൻ | " |
| ൧൪ | ഗോനാഥൻ | 29 | ൩൪ | ശാക്യനാഥൻ | 57 | ൫൬ | ശൂരവ്യാഘ്രൻ | 74 |
| ൧൫ | മൂർത്തിനാഥൻ | 30 | ൩൫ | നിഃശങ്കശാർദ്ദൂലൻ | 58 | ൫൭ | ശംഭുചിത്തൻ | 75 |
| ൧൬ | സ്കന്ദനാഥൻ | 31 | ൩൬ | ഭദ്രഭക്തൻ | 59-62 | ൫൮ | പത്മാവതി | " |
| ൧൭ | പശുപതി | 32 | ൩൭ | ക്ഷമാവാൻ | 63 | ൫൯ | കീർത്തിരഥൻ | " |
| ൧൮ | നന്ദൻ | 33 | ൩൮ | ഗണനാഥൻ | 64 | ൬൦ | ലോഹിതാക്ഷൻ | 76 |
| ൧൯ | വിചാരവാൻ | 34 | ൩൯ | പരാന്തകൻ | 65 | ൬൧ | കുശീലവൻ | 77 |
| ൨൦ | വിചാരശർമ്മൻ | 35 | ൪൦ | സത്യദാസൻ | 66 | ൬൨ | ശിവവ്രതൻ | " |
| | | | ൪൧ | പുഷ്പകേതനൻ | 67 | ൬൩ | സുമതി | " |
| | | | ൪൨ | ക്രന്ഥാപസ്തംഭൻ | 68 | | അവസാനം | 78 |

**Bhagavan's Handwriting:**

# அறுபத்துமூவர் தமிழ்ப்பெயர்கள்.

1. சுந்தரமூர்த்தி
2. திருநீலகண்டர்
3. இயற்பகை
4. இளையான்குடிமாறர்
5. மெய்ப்பொருள்
6. விறன்மிண்டர்
7. அமர்நீதி
8. எறிபத்தர்
9. ஏனாதிநாதர்
10. கண்ணப்பர்
11. குங்கிலியக்கலயர்
12. மானக்கஞ்சாறர்
13. அரிவாட்டாயர்
14. ஆனாயர்
15. மூர்த்தி
16. முருகர்
17. உருத்திரபசுபதி
18. திருநாளைப்போவார்
19. திருக்குறிப்புத்தொண்டர்
20. சண்டேசுரர்
21. திருநாவுக்கரசு
22. குலச்சிறை
23. பெருமிழலைக்குறும்பர்
24. காரைக்காலம்மை
25. அப்பூதி
26. திருநீலநக்கர்
27. நமிநந்தியடிகள்
28. திருஞானசம்பந்தர்
29. கலிக்காமர்
30. திருமூலர்
31. தண்டியடிகள்
32. மூர்க்கர்
33. சோமாசிமாறர்
34. சாக்கியர்
35. சிறப்புலி
36. சிறுத்தொண்டர்
37. சேரமான்பெருமாள்
38. கணநாதர்
39. கூற்றுவர்
40. பொய்யடிமையில்லாத புலவர்
41. புகழ்ச்சோழன்
42. நரசிங்கமுனையரையர்
43. அதிபத்தர்
44. கலிக்கம்பர்
45. கலிநீதி
46. சத்தி
47. ஐயடிகள்காடவர்கோன்
48. கணம்புல்லர்
49. காரி
50. நின்றசீர்நெடுமாறர்
51. வாயிலார்
52. முனையடுவார்
53. கழற்சிங்கர்
54. இடங்கழி
55. புகழ்த்துணை
56. கோட்புலி
57. பூசலார்
58. மங்கையர்க்கரசியார்
59. நேசர்
60. கோச்செங்கட்சோழன்
61. திருநீலகண்டயாழ்ப்பாணர்
62. சடையர்
63. இசைஞானியார்.

பகவான் ஸ்ரீ ரமண மஹர்ஷிகள்.



தன்மயனைச் சின்மயனைச் சத்திச் சிவமயனைப்
பொன்மயனிப் பூரணனைப் போற்று.

# ശ്രീ.

## മുഖവുര.

ശിവഭക്തവിലാസമെന്നപേരായ ഈ ഗ്രന്ഥം ശ്രീ സ്കാന്ദപുരാണത്തിന്റെ ഉപപുരാണവും ഹരശർമ്മമുനിയാൽ നിർമ്മിക്കപ്പെട്ടതുമായ സംസ്കൃതഗ്രന്ഥത്തിനെ ഞാൻ മലയാളഭാഷയിൽ തർജ്ജമചെയ്തതാകുന്നു. ഇതിൽ പറയപ്പെട്ട വിഷയം ശിവഭക്തന്മാരായ അറുപത്തിമൂവരുടെ ചരിത്രങ്ങളാകുന്നു. മേല്പറഞ്ഞ ഭക്തന്മാരുടെ പ്രസിദ്ധി ചോളദേശത്തിൽ ധാരാളമുണ്ട്. തമിഴരാജ്യത്തിലുള്ള ശിവക്ഷേത്രങ്ങളിൽ ഇവരെ വിഗ്രഹരൂപമായി പ്രതിഷ്ഠിച്ചു പൂജിക്കുകയും ഉത്സവങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ഇവരുടെ കീർത്തിയെ പ്രശംസിക്കുന്നതായും ഇവരാൽ നിർമ്മിക്കപ്പെട്ടതായുമുള്ള അനവധി ഗ്രന്ഥങ്ങൾ തമിഴിൽ ഗദ്യപദ്യരൂപമായി കാണുന്നുണ്ട്. എന്നാൽ നമ്മുടെ മലയാളത്തിൽ മേല്പറഞ്ഞ അറുപത്തിമൂവരെ കേട്ടിട്ടുള്ള ജനങ്ങൾ ഉണ്ടോ എന്നതന്നെ വളരെ സംശയമാണ്. അങ്ങിനെയുള്ള നമ്മുടെ കേരളീയന്മാർ ഈ ഗ്രന്ഥത്തെ അഭിനന്ദിക്കാതിരിക്കയില്ലെന്നു പൂർണ്ണമായി വിശ്വസിക്കുന്നു. ഈ ഗ്രന്ഥത്തിൽ കേവലം ചരിത്രം മാത്രമല്ല; ഭക്തിരസവും കൂടി ഉണ്ടല്ലൊ. അതുകൂടാതെ ജ്ഞാനരസപ്രധാനമായുമിരിക്കുന്നു. വേദാന്തശാസ്ത്രമെല്ലാം കടഞ്ഞെടുത്തതുപോലെ സകലസാരങ്ങളും ഇതിൽ പറഞ്ഞിട്ടുണ്ട്. പുരാണമായതുകൊണ്ടു നവരസപ്രധാനവുമാണ്. മനോമാലിന്യം നീങ്ങി ഭക്തിവർദ്ധിക്കുവാൻ നല്ലൊരു ഗ്രന്ഥമാണെന്നാണ് എനിക്കുതോന്നിയത്. ഗ്രന്ഥം ശുദ്ധശൈവമായതുകൊണ്ടു നല്ല ഗാംഭീര്യമുള്ളതാണ്. 'ഭക്തമാല' പുസ്തകത്തെപ്പോലെ പച്ചമലയാളത്തിൽ എഴുതുവാൻ സാധിച്ചിട്ടില്ല. എന്നാൽ കഴിയുന്നതും ലളിതമാക്കുവാൻ പ്രയത്നിച്ചിട്ടുണ്ട്. ഇതിൽ ചിലേടത്തുള്ള അർത്ഥഗൌരവത്തേയും ഭാവഗാംഭീര്യത്തേയും ആലോചിക്കുമ്പോൾ ബുദ്ധിക്കുണ്ടാവുന്ന സൂക്ഷ്മതയാൽ സ്വതേ അറിയുന്നവാക്കുകൾകൂടി ഓർമ്മ

വരുന്നില്ല. ശ്രീധരാചാൎയ്യസ്വാമികൾ ഭാഗവതത്തെ വ്യാഖ്യാനിപ്പാൻ ആരംഭിക്കുമ്പോൾ

'ക്വാഹംമന്ദമതിഃക്വേദം മഥനംക്ഷീരവാരിധേഃ
കിംതത്രപരമാണുർവൈ യത്രമജ്ജതിമന്ദരഃ'

എന്നുപറഞ്ഞതുപോലെ ആയിരുന്നിട്ടും ഇതിൽ ഉദ്യോഗിച്ച അവിവേകതയെ മഹാത്മാക്കളായ വിദ്വജ്ജനങ്ങൾക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

'വാണീമദീയാപിഗുണേനഹീനാ
മഹേശ്വരസ്തോത്രപരേതിസൽഭിഃ
ശ്ലാഘ്യാഭവത്യേവയഥാക്വപുഷ്പ
സ്രഗ്ഗന്ധശൂന്യാഗിരിശപ്രിയേവ'.

എന്നു സമാധാനിക്കുന്നു. ഈ ഗ്രന്ഥത്തെ വൃത്തത്തിന്നുവൃത്തമായിട്ടോ കിളിപ്പാട്ടായിട്ടോ ഭാഷാന്തരം ചെയ്യുന്നതായാൽ ഇതിലധികം നന്നായിരിക്കുമെന്നു ചിലൎക്ക് അഭിപ്രായമുണ്ട്. എനിക്കും ആ അഭിപ്രായമുണ്ട്. പക്ഷെ എന്റെബുദ്ധിക്ക് അത്ര പാടവമില്ലാത്തതിനാൽ ഇങ്ങിനെ ചെയ്യുതാണ്.

'നദ്യഃപതന്ത്യാത്മസമംപതത്രിണഃ'

എന്നു പ്രമാണമുണ്ടല്ലൊ. വിദ്വജ്ജനങ്ങൾക്ക് ഇതു ഗോഷ്പദപ്രായമാണെങ്കിലും മന്ദബുദ്ധിയായ എനിക്കു സമുദ്രപ്രായമാണ്. ഇതിനെ ഈ വിധമെങ്കിലും കടന്നതു പരമശിവന്റേയും മഹാന്മാരുടേയും അനുഗ്രഹത്താൽ മാത്രമാണ്. പരിഷ്കാരപൎവ്വതാധിത്യകയെ ആരോഹണം ചെയ്യുവരായ ഏതൽകാലീയന്മാരായ ജനങ്ങൾക്ക് ഈ ഗ്രന്ഥം പരിഹാസജനകമായി ഭവിക്കുമെങ്കിലും കാലം ബാധിക്കാത്തവർ അല്പംചില ആസ്തികജനങ്ങളെങ്കിലും ഉണ്ടാകുമെല്ലൊ. അവരെങ്കിലും ഇതിനെ അഭിനന്ദിക്കുന്നതായാൽ എന്റെ പ്രയത്നം സഫലമായി ഭവിക്കും. ഈ ഗ്രന്ഥത്തിന്റെ തജ്ജ്മൎമ്മനുസരിച്ച് എനിക്കു വൈദുഷ്യമില്ലാത്തതിനാലും ബുദ്ധിവൈദഗ്ദ്ധ്യമില്ലാത്തതിനാലും ഇതിൽ വളരെ വീഴ്ചകൾ വന്നിരിപ്പാനിടയുണ്ട്. അതെല്ലാം മഹാത്മാക്കൾ എന്റെ അബലതയെയോൎത്തു ക്ഷമിച്ചു മഹേശ്വരപ്രസാദലാഭത്തിന്നായി അനുഗ്രഹിക്കേണമെന്നു സവിനയം പ്രാൎത്ഥിച്ചുകൊള്ളുന്നു.

ഗ്രന്ഥകാരി.

# പ്രസ്താവന.

ൟ ലോകത്തിൽ ആസ്തികശിഖാമണികളായ സജ്ജനങ്ങളെ അറിയിക്കുന്നതെന്തെന്നാൽ— മനുഷ്യജന്മം ലഭിക്കുന്നതു മിശ്രകൎമ്മംകൊണ്ടാണല്ലൊ. ദുഃഖം യത്നംകൂടാതെ ഏതുപ്രകാരം വരുന്നുവൊ അതുപ്രകാരംതന്നെ സുഖവും വരുന്നതാണെന്നുള്ളതിന്നു സംശയമില്ല. അതിനാൽ യത്നിക്കേണ്ടതു മോക്ഷത്തിന്നാണ്. മോക്ഷമൊ ശിവഭക്തി ഒന്നുകൊണ്ടല്ലാതെ മറ്റൊന്നിനാൽ സിദ്ധിക്കുന്നതുമല്ല. ശിവൻ സൎവ്വോത്തമനാണെന്നുള്ളതിന്നു പഞ്ചബ്രഹ്മമന്ത്രത്തിൽ അഞ്ചാമത്തെ മന്ത്രം ശിവനെ സൎവ്വഭൂതേശ്വരനെന്നും സൎവ്വവിദ്യാപ്രവൎത്തകനെന്നും ഉൽഘോഷിക്കുന്നു. ഉപനിഷത്തുകളിൽവെച്ച ദശോപനിഷത്തുകൾ സാരങ്ങളാണെന്നുള്ളതു നിൎവ്വിവാദമാണ്. അവയിൽ പ്രഥമോപനിഷത്തായ ൟശാവാസ്യത്തിൽ സൎവ്വജഗദാധാരൻ പരമശിവൻ എന്നാണ് തുടങ്ങുന്നത്. അത്രയുമല്ല നൂറെറട്ടു ഉപനിഷത്തുകളിൽ എണ്പത്തിരണ്ട് ഉപനിഷത്തുകളും ശൈവങ്ങളായിട്ടാണ് കാണുന്നത്. പതിനെട്ടുപുരാണങ്ങളിൽ പന്ത്രണ്ടുപുരാണങ്ങളും ശൈവങ്ങൾതന്നെ. ഇതരദേവതകൾക്ക് അവതാരങ്ങൾ ശാപനിമിത്തമാണെന്നു പുരാണങ്ങളിൽതന്നെ കാണുന്നു. പരമശിവന്ന് ഐച്ഛിക അവതാരം കൂടാതെ ശാപനിമിത്താവതാരം കാണ്മാനില്ല. അത്രയുമല്ല പരമശിവൻ ബ്രാഹ്മണദേവനാണ്. പരിപാലനാധികാരത്താൽ വിഷ്ണു ക്ഷത്രിയദേവനാണ്. ദശാവതാരമൂൎത്തികളാലും ശിവൻ സേവിക്കപ്പെട്ടവനാണെന്നുള്ളതും പുരാണങ്ങളിൽതന്നെ കാണുന്നു. അതുകൊണ്ടും ശിവൻ സൎവ്വോൽകൃഷ്ടൻതന്നെ. മോക്ഷസാധനങ്ങളായ കൎമ്മ ജ്ഞാനഭക്തികളിൽവെച്ച സാക്ഷാൽ മോക്ഷസാധനത്വം ഭക്തിക്കുതന്നെയാകുന്നു; കൎമ്മ ജ്ഞാനങ്ങൾക്കു പരമ്പരാകാരണത്വമെ ഉള്ളു. ഭഗവൽഗീതയിലും ഭക്തിമീമാംസയിലും ഭാഗവതത്തിലും ഇതുപോലെ അനേകഗ്രന്ഥങ്ങളിലും ഭക്തിക്കു പ്രാ

ധാന്യം കാണുന്നു. വസ്തുജ്ഞാനംകൊണ്ടു ഫലമില്ല. വസ്തുസേവകൊണ്ടേ ഫലമുള്ളൂ എന്നുള്ളത് എല്ലാവൎക്കും അനുഭവമാണല്ലോ. അതുകൊണ്ടു മോക്ഷസാധനം പരമശിവഭക്തിതന്നെ. ഭക്തി എന്നുപറയുന്നത് അതിസ്നേഹമാണ്. പരമശിവങ്കൽ അതിനെ ചെയ്യാൽ മോക്ഷരൂപപരമഫലത്തെ പരമശിവൻ തരുന്നതാണെന്നു പറയേണ്ടതില്ലല്ലോ. ശിവഭക്തവിലാസം എന്ന പേരായ ഈ ഗ്രന്ഥം അറുപത്തിമൂവരുടെ ചരിത്രമാണ്. ഋഷിയാൽ സംസ്കൃതഭാഷയിൽ ചെയ്യപ്പെട്ടതും വേദാന്തരഹസ്യങ്ങൾ നിറഞ്ഞതും മനുഷ്യൎക്ക് അത്യന്തം ഉപയോഗപ്രദമായിട്ടുള്ളതുമാകുന്നു. ഈ ഗ്രന്ഥത്തിൽ പറയുന്ന അറുപത്തിമൂന്നു ഭക്തന്മാരെ ചോളദേശക്ഷേത്രങ്ങളിൽ വിഗ്രഹരൂപമായി പ്രതിഷ്ഠിച്ചു പൂജിച്ചുവരുന്നത് എല്ലാവൎക്കും അനുഭവമാണ്. മലയാളത്തിൽ അറുപത്തിമൂവർ ചരിത്രം എന്നു കേട്ടിട്ടുള്ള ജനങ്ങൾതന്നെ അത്യന്തം ദുൎല്ലഭമാണ്. മലയാളികളായ സൎവ്വജനങ്ങളും ഇവരുടെ ചരിത്രശ്രവണപഠനങ്ങൾകൊണ്ടുണ്ടാവുന്ന സുഖത്തെ അനുഭവിക്കേണമെന്നു വിചാരിച്ച് അത്യന്തലോകോപകാരിണിയായി സംസ്കൃതഭാഷാഭിജ്ഞയായി അൎത്ഥാശാലേശരഹിതയായിരിക്കുന്ന തരവത്ത് അമ്മാളുഅമ്മ ഈ ഗ്രന്ഥത്തെ മലയാളഭാഷയിലാക്കി ജനക്ഷേമത്തെ കാംക്ഷിക്കുന്നതുകണ്ടു സൎവ്വജനങ്ങളും അനുമോദനപൂൎവ്വമായി അനുഗ്രഹിക്കുമെന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു.

ശേഖരിപുരം കെ. പരമേശ്വരശാസ്ത്രികൾ.

ശ്രീരസ്തു:

# ശിവഭക്തവിലാസം.

വന്ദേശംഭുംവിരിഞ്ചിപ്രമുഖസുരശിരോ-
    രത്നകോടീരകോടി
പ്രോദ്യന്മാണിക്യനീരാജിതചരണനഖം
    ഖേദവേദാംഗമൂലം
സോമംസോമാർദ്ധചൂഡംവിമലസുരസരി-
    ദ്വീചിരോചിഷ്കപർദ്ദം
വിദ്യാമൂർത്തിംവരേണ്യംവരദമഭിമത
    പ്രാപ്തയെവിശ്വനാഥം.

ഒരിക്കൽ നൈമിശാരണ്യത്തിങ്കൽ വസിക്കുന്നവരായ ശൌനകാദിമുനികൾ പന്ത്രണ്ടു സംവത്സരംകൊണ്ടവസാനിക്കുന്നതായ യാഗം ചെയ്തുകൊണ്ടിരിക്കുമ്പോൾ വ്യാസശിഷ്യനായ സൂതൻ അവിടെ വന്നു. ശ്രുതിസ്മൃതിപുരാണജ്ഞനായ സൂതനെ കണ്ട് ഋഷികൾ സന്തോഷത്തോടെ സൂതനെ ഇരുത്തി ചോദിച്ചു.—

ഹേ സൂത! ഞങ്ങൾക്കു വലുതായ ഒരു സംശയമുണ്ട്. അതിനെ ഭവാനോടു ചോദിക്കാമെന്നു വിചാരിക്കുന്നു. സർവ്വജ്ഞനായ ഭവാൻ ഞങ്ങളുടെ സംശയത്തെ തീർത്തുതരിക. ചതുർവ്വേദങ്ങളുടേയും ശൈവാഗമങ്ങളുടേയും മന്ത്രങ്ങളുടേയും വൈദികതാന്ത്രികങ്ങളായ കർമ്മങ്ങളുടേയും വേദപ്രതിപാദകങ്ങളായ വാക്യങ്ങളുടേയും വേദങ്ങളിൽ പ്രധാനങ്ങളായ മഹാവാക്യങ്ങളുടേയും പര്യവസാനം ഏതൊരു വസ്തുവിലാകുന്നു? ജഗൽക്കാരണഭൂതമായ വസ്തു ഏതാകുന്നു? വേദാന്തശാസ്ത്രത്തെ നല്ലവണ്ണം വിചാരിച്ച് അതിന്റെ അർത്ഥത്തെ യഥാർത്ഥമായി മനനം ചെയ്തിട്ടും കർമ്മബന്ധജന്യമായ ജനനമരണരൂപസംസാരം വിടാത്തതെന്തുകൊണ്ടാണ്? ആ കർമ്മബന്ധം ഏ

തിനാൽ നശിക്കും? ഇതെല്ലാമാണ് ഞങ്ങളുടെ സംശയങ്ങൾ. ഇതിനെല്ലാം സമാധാനം വിസ്താരമായി പറഞ്ഞു സംശയനിവൃത്തി ചെയ്യുക. ഇങ്ങിനെ ശൌനകാദികളുടെ ചോദ്യത്തെ കേട്ടു മഹാഭാഗനായ സൂതൻ ഗുരുമൂർത്തിയായ ശിവനേയും വിഘ്നേശ്വരനേയും ഭാരതീദേവിയേയും സമ്പ്രദായപ്രവൃത്തകന്മാരേയും ഭക്തിയോടുകൂടി നമസ്കരിച്ച് ഇങ്ങിനെ പറയുവാൻ തുടങ്ങി.—

സൂതൻ പറഞ്ഞു— ഹെ മുനിശ്രേഷ്ഠന്മാരെ! നിങ്ങളുടെ ചോദ്യം വളരെ വിശേഷമായിരിക്കുന്നു. എന്നാൽ ഇതിൻെറ ഉത്തരം ഞാൻ ഗുരുമുഖത്തിൽനിന്നു ശ്രവിച്ചതുപോലെയും എൻെറ ബുദ്ധിക്കനുസരിച്ചും പറയാം. വേദാഗമങ്ങളിലാവട്ടെ പുരാണേതിഹാസങ്ങളിലാവട്ടെ സകല മന്ത്രങ്ങളിലാവട്ടെ ഏകസ്വരൂപനായ മഹാദേവൻ തന്നെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അതെങ്ങിനെയെന്നാൽ ഏകരൂപമായ ജലം നാനാവിധങ്ങളായ ജലാശയങ്ങളിൽ വികാരഭേദത്താൽ വ്യാപിച്ചിരിക്കുന്നതുപോലെയാകുന്നു. അന്യവസ്തുക്കളെ പ്രധാനമായി പറയുന്ന ശബ്ദങ്ങൾ പുരാണങ്ങളിലുണ്ടെങ്കിലും അതാതു വസ്തുവിനെ ഏതുപ്രകാരം പറയുന്നുവോ അതുപ്രകാരം വേദങ്ങളിൽ ചന്ദ്രശേഖരശബ്ദം സങ്കോചംകൂടാതെ ജഗദാധാരമായിട്ടു പരമശിവനെത്തന്നെ പ്രശംസിക്കുന്നു. വേദങ്ങളുടെ ആദികളിൽ ഉദാത്താദി സ്വരങ്ങളെന്നു പറയുന്നതായും ഉപനിഷത്തുകളിൽ പ്രതിപാദ്യമായും പ്രകൃതിയിങ്കൽ ലീനനായും ഇരിക്കുന്ന പുരുഷനെക്കാൾ പരമശിവൻ ഉൽകൃഷ്ടനാണ്. ബ്രഹ്മപുത്രന്മാരായ സനകാദിമുനീന്ദ്രന്മാർ ആ മഹാദേവങ്കൽനിന്നു ജ്ഞാനത്തെ ലഭിച്ചതിനാൽതന്നെയാണ് സകല സംശയവിമുക്തന്മാരായിരിക്കുന്നത്. ജഗത്തു നിത്യമോ അനിത്യമോ ജീവൻ ശിവങ്കൽനിന്നു ഭിന്നനോ അഭിന്നനോ ജ്ഞാനംകൊണ്ടു മുക്തിലഭിക്കുമോ ഇല്ലയോ ആത്മാവു ദേഹമോ പരനോ എന്നിങ്ങിനെ മതഭേദങ്ങളാലുണ്ടാകുന്ന സംശയങ്ങൾ ജ്ഞാനദാതാവായ ഗുരു ശിവനാണെന്നുള്ള ബുദ്ധി വ

രുമ്പോഴും മാത്രമെ നശിക്കുന്നുള്ളൂ. അതുമാത്രമല്ല ശിവനേക്കാളും ഗുരു ശ്ലാഘ്യനാണെന്നാണ് വേദാന്തസിദ്ധാന്തം. അത്ര മഹത്വമുള്ള ഗുരുവിനെ കേവലമനുഷ്യനായി വിചാരിക്കുന്നതുതന്നെയാണ് സംസാരപ്രവാഹമെന്നു പറയുന്നത്. അങ്ങിനെയുള്ളവൎക്കു വൎണ്ണാശ്രമാദികളിലുള്ള അഹംഭാവവും അനിത്യവസ്തുക്കളിലുള്ള നിത്യഭാവനയും മായയാൽ വൎദ്ധിക്കുന്നു. അവൎക്ക് ആ വിപരീതഭാവന അനേകവേദാന്തവാക്യങ്ങളാലും നശിക്കുന്നില്ല. ആ വിപരീതഭാവനയുടെ നിവൃത്തിക്കായിക്കൊണ്ടുതന്നെയാണ് ബ്രഹ്മവാദികളായ ജനങ്ങൾ ഇപ്പോഴും യത്നിക്കുന്നത്. എന്നാൽ തന്നിവൃത്തിക്കായി അവിവേകികൾ പലപല കാരണങ്ങളേയും പറയുന്നുണ്ട്. ചിലർ മോക്ഷസാധനം കൎമ്മമാണെന്നു പറയുന്നു. ചിലർ തപസ്സാണെന്നും ചിലർ വാപീകൂപനിൎമ്മാണമാണെന്നും ചിലർ ദാനമാണെന്നും ചിലർ വ്രതമാണെന്നും ചിലർ തീൎത്ഥസ്നാനമാണെന്നും ചിലർ ക്ഷേത്രവാസമാണെന്നും ചിലർ അഷ്ടാംഗയോഗമാണെന്നും ചിലർ വേദാന്തശ്രവണമാണെന്നും ചിലർ മനനമാണെന്നും ചിലർ മൂൎത്ത്യുപാസനയാണെന്നും ചിലർ സത്സംഗമാണെന്നും ഇങ്ങിനെ അനേകമുഖമായി പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ ഇതെല്ലാം ചെയ്തിട്ടും ചിലർ പിന്നെയും ഗൎഭത്തിൽതന്നെ പതിക്കുകയുംചെയ്യുന്നു. സകല കൎമ്മങ്ങളേയും ത്യജിച്ചവൻ അനായാസേന ബന്ധത്തിൽനിന്നു മോചിക്കുകയും ചെയ്യുന്നു. ആ ബന്ധമോചനത്തിന്നുള്ള ഉപായം മേല്പറഞ്ഞവയൊന്നുമല്ല. ആ ഉപായത്തിന്നു ഭക്തിയെന്നു പേർ പറയപ്പെടുന്നു. എന്നാൽ മൂഷികഗ്രഹണത്തിന്നുമാത്രം ഏകാഗ്രചിത്തനായിരിക്കുന്ന മാൎജ്ജാരനെപ്പോലെ കാൎയ്യസാദ്ധ്യത്തിന്നു മാത്രം ഭക്തിചെയ്യുകയും മററുള്ള സമയങ്ങളിൽ ഭക്തിയില്ലാതിരിക്കുകയും ചെയ്യുന്നത് അധമഭക്തിയാകുന്നു. ഉയരത്തിലുള്ള പൎവ്വതത്തിൽനിന്നു മറെറാരു പൎവ്വതത്തിലേക്കാവട്ടേ ഒരു വൃക്ഷത്തിൽനിന്നു മറെറാരു വൃക്ഷത്തിലെക്കാവട്ടേ ചാടുമ്പോഴും ജനനിയെ വിടാതെ ആശ്ലേ

ഷിച്ചു കൊണ്ടിരിക്കുന്ന മക്കടശിശുവിനെപ്പോലെ ഏത ക റിനാപത്തുകളിലും സദാ ശിവനെ ശരണംപ്രാപിച്ചിരിക്കുന്ന തുതന്നെയാണ് ഉത്തമഭക്തി. അതുതന്നെയാണ് സവ്വബന്ധ വിമോചിനി. ഭക്തി ഉത്തമയെന്നും മദ്ധ്യമയെന്നും മന്ദയെ ന്നും മൂന്ന തരത്തിലുണ്ട്. ശിവകഥാശ്രവണം ചെയ്യുമ്പോ ഴും നാമസങ്കീത്തനം ചെയ്യുമ്പോഴും മാത്രം മനസ്സിൽ ഭക്തി യുണ്ടാകുന്നതു മന്ദഭക്തിയാകുന്നു. ഗുരുപൂജചെയ്യുകയും ശിവപൂജ ചെയ്യുകയും ശിവലിംഗദശനത്തിൽ വാസനവെക്കുന്നതും മദ്ധ്യ മഭക്തിയാകുന്നു. ആ മദ്ധ്യമഭക്തി സാലോക്യാദികളെ ദാനംചെ യ്യുന്നതാകുന്നു. സവ്വകമ്മങ്ങളേയും ത്യജിച്ച് ആത്മാവിനെ ശിവ ങ്കൽ സമപ്പിച്ച ശിവോഹമെന്നുള്ള ദൃഢഭാവനയോടെ ഇരിക്കുന്ന ത് ഉത്തമഭക്തിയാകുന്നു. പിന്നെയും ഭക്തി നവവിധമായി പറ ഞ്ഞിട്ടുണ്ട്. അതുകളിൽ ഏതെങ്കിലും ഒന്നിനെ ആശ്രയിച്ചാൽ ജീവൻ ക്രമത്തിൽബന്ധത്തിൽനിന്ന മോചിക്കപ്പെടും. മന്ദഭക്തി ഭോഗദായിനിയാകുന്നു. മദ്ധ്യമഭക്തി സാലോക്യാദിദായിനിയാ കുന്നു. ഉത്തമഭക്തി പുനരാവത്തിരഹിതമായ കൈവല്യദാ യിനിയാകുന്നു. എന്നാൽ ഉത്തമഭക്തി മനുഷ്യക്ക് അതിദുല്ല ഭയാണ്. ജഗത്തിങ്കൽ ആബ്രഹ്മസ്തംബപര്യന്തം കാണുന്ന സകല ആനന്ദങ്ങൾക്കും കാരണം ശിവഭക്തിയാണെന്നറിയു ന്നവൻ സകല ബന്ധങ്ങളിൽനിന്നും മോചിക്കപ്പെട്ടവനാണെ ന്നതന്നെ പറയാം. അന്യവിഷയമായ ഭക്തികൾ ആ മഹാ ദേവനിൽ മന്ദഭക്തി ഉത്ഭവിക്കുന്നതുവരെ ഇരിക്കും. ആ മ ന്ദഭക്തിയും മദ്ധ്യമഭക്തിയാൽ നശിക്കും. മദ്ധ്യമഭക്തി ഉത്ത മഭക്തിയാലും നശിക്കുന്നു. അതുകൊണ്ടു മുമുക്ഷുക്കൾ ഉത്തമ ഭക്തിയെത്തന്നെയാണ് സേവിക്കേണ്ടത്. മാക്കണ്ഡേയൻ, ഉ പമന്യു, വിഷ്ണു, നന്ദി, അഗസ്ത്യൻ മുതലായവർ ഉത്തമഭക്തി യെയാണ് ആശ്രയിച്ചിരിക്കുന്നത്. അവർ നിത്യമുക്തന്മാരാ കുന്നു. മനുഷ്യക്ക ശിവങ്കൽ ഉത്തമഭക്തി ഏതുകാലംവരെ ഉണ്ടാകുന്നില്ലയൊ അതുവരെക്കും ജാതികമ്മഗുണജന്യമായ

ഭേദബുദ്ധി നശിക്കുന്നില്ല. ഇരുമ്പിന്ന് ഔഷധാദിപ്രയോഗത്താൽ സ്വൎണ്ണവൎണ്ണം സിദ്ധിച്ചാലും സ്വപ്രകൃതിയെ വിടാത്തതുപോലെ ഉത്തമഭക്തി ലഭിച്ചില്ലെങ്കിൽ പ്രാണികൾ ജാത്യാഭിമാനത്തെ ത്യജിക്കുന്നില്ല. മഹാമേരുപൎവ്വതത്തിലിരിക്കുന്ന കാക്കയ്ക്കും സ്വൎണ്ണവൎണ്ണം ലഭിക്കുന്നതുപോലെ ഉത്തമഭക്തിയെ ആശ്രയിക്കുന്ന ദേഹികം ശിവസ്വരൂപം ലഭിക്കും. സംശയമില്ല. ഹെ ഋഷികളെ! ദേഹി ഉത്തമഭക്തിയാൽ മനോബുദ്ധിചിത്താഹങ്കാരലക്ഷണമായ അന്തഃകരണോപാധിയെ ത്യജിച്ച നിത്യമായ ശിവപദത്തെ പ്രാപിക്കുന്നത് ഏതുവിധമാണെന്നു കേൾക്കുവിൻ. ആദിത്യബിംബം ജലത്തിൽ പ്രതിബിംബിച്ചുകൊണ്ടിരിക്കുമ്പോൾ ആദിത്യൻ ജലത്തിലുണ്ടെന്നു തോന്നുന്നു. പ്രതിബിംബിക്കുന്നതായ ജലം നശിച്ചാൽ പ്രതിബിംബം അൎക്കബിംബത്തിൽ ലയിക്കുന്നതുപോലെ ദേഹിക്കു പ്രതിബിംബഭൂതമായ അന്തഃകരണം നശിച്ചാൽ ശിവനോടു ദേഹി ഐക്യം പ്രാപിക്കുന്നു. ഹെ മുനികളേ! നിങ്ങൾക്ക് ഇതിൽ സംശയമുണ്ടെങ്കിൽ തന്നിവൃത്തിക്കായി ഹരശൎമ്മമുനിയാൽ പറയപ്പെട്ടതായ ഉത്തമഭക്തമാഹാത്മ്യത്തെ ഞാൻ പറയാം. ആ പുരാണത്തെ കേട്ടാൽ നിങ്ങൾക്കു സൎവ്വ സംശയങ്ങളും തീരുന്നതാണ്.

എന്ന ശ്രീസ്കന്ദോപപുരാണത്തിൽ

ഒന്നാമദ്ധ്യായം

---

ഹെ സൂത! ഹരശൎമ്മമുനിപ്രോക്തമായ പുരാണത്തെ ഞങ്ങൾക്കു പറഞ്ഞുതരിക. അതുകേട്ടു ഞങ്ങൾ ജാത്യാദ്യഭിമാനം വെടിഞ്ഞു മുക്തന്മാരാവട്ടേ. സൂതൻപറഞ്ഞു— ഹേ ഋഷികളെ! ശ്രവിക്കുവിൻ. കലിയുഗത്തിൽ വേദങ്ങളെല്ലാം ലോപിക്കുകയാലും ശൈവപാഞ്ചരാത്രാദികൾ മറഞ്ഞുപോകയാലും യോഗശാസ്ത്രങ്ങൾ ദൂരത്തിൽപോയി ഒളിക്കുകയാലും ഗുരുശിഷ്യക്രമം

നശിക്കുകയാലും ജനങ്ങൾക്കു സൽഗതിക്കു മാർഗ്ഗമില്ലെന്നുകണ്ടു സർവ്വഭൂതദയാലുവായ ഹരശർമ്മമുനി വ്യാസപ്രസാദത്താൽ ഈ പുരാണത്തെ നിർമ്മിച്ചു. ഇതിനെ ശ്രവിക്കുന്നവർക്കു ശിവങ്കൽ ഉത്തമഭക്തി ലഭിക്കും. ആ ഭക്തികൊണ്ടു സംസാരസാഗരത്തെ കടന്നു പുനരാവർത്തിരഹിതമായ പദത്തെ പ്രാപിക്കുകയും ചെയ്യും. എന്നാൽ ശിവൻതന്നെ അവിദ്യയിൽ പ്രതിബിംബിച്ച് ആ പ്രതിബിംബത്തെ ജീവനാക്കിച്ചെയ്തു ജാത്യാദ്യഭിമാനങ്ങളിൽ പ്രവൃത്തിപ്പിക്കുന്നു. ഉത്തമഭക്തികൊണ്ട് അതിങ്കൽ നിന്നു നിവൃത്തിപ്പിക്കുകയും ചെയ്യുന്നു. ഭക്തികൊണ്ടു ശിവനെപ്രാപിച്ചവരായ ഭക്തോത്തമന്മാരുടെ ചരിത്രങ്ങളെ ഞാൻ നിങ്ങളോടുപറയാം. ദക്ഷിണദിക്കിൽ ക്ഷീരസാഗരത്തിന്നു കൌസ്തുഭമണിയെന്നപോലെ രമ്യമായി പയസ്വിനീനദിയുടെതീരത്തിൽ സ്വർഗ്ഗലോകത്തിൻെറ പ്രതിബിംബമെന്നപോലെ കാഞ്ചി എന്നു പ്രസിദ്ധമായ ഒരു നഗരിയുണ്ട്. അതു ശിവൻെറ പ്രേമഭാജനമാണ്. ബ്രഹ്മാവ്, വിഷ്ണു, മുനീന്ദ്രന്മാർ ഇവൎക്കെല്ലാം തപസ്സിദ്ധിയെ കൊടുക്കുന്നതുമാണ്. അവിടെയാണ് ജഗന്മാതാവായ പരാശക്തി കാമാക്ഷിയെന്നു നാമത്തോടുകൂടി പരാകാശഗുഹയെ ആശ്രയിച്ചുകൊണ്ടു ശോഭിക്കുന്നത്. അവിടെത്തന്നെയാണ് സദാശിവൻ വൃക്ഷമൂലത്തിലിരുന്ന് ഏകാഗ്രരൂപമായ തപസ്സു ചെയ്യുന്നത്. സിദ്ധിപ്രദമായ ആ ദിവ്യക്ഷേത്രത്തിൽ ഋഷിശ്വരന്മാർ ഭക്തിയോടുകൂടി കാമാക്ഷിനാഥനെ സേവിക്കുന്നു. ഒരിക്കൽ മലയാചലവാസിയായ അഗസ്ത്യമുനീന്ദ്രൻ കാമാക്ഷിനാഥദർശനത്തിന്നായി ആ ക്ഷേത്രത്തിൽ വന്നു. അപ്പോൾ അവിടെയിരിക്കുന്ന ഋഷീശ്വരന്മാരെല്ലാവരുംകൂടി അഗസ്ത്യനെ പൂജിച്ചിരുത്തി നമസ്കരിച്ചു വിനയത്തോടെ ചോദിച്ചു.—

മുനികൾ— ഹെ കുംഭസംഭവാ! ഭവാൻ സർവ്വജ്ഞനും കരുണാനിധിയുമാണല്ലൊ. ഞങ്ങൾ ഒന്നുചോദിക്കുന്നു. അതിന്നു സമാധാനം പറഞ്ഞുതരിക. ഞങ്ങൾ വളരെക്കാലം തപസ്സു ചെയ്തു. വളരെ യാഗങ്ങളുംചെയ്തു. ശിവപൂജയും ചെയ്യുന്നു. എന്നാലും ഞങ്ങൾക്കു മനശ്ശുദ്ധിവരുന്നില്ല. ഞങ്ങളുടെ മനസ്സുകൾ

വിഷയങ്ങളിലുള്ള ആശകളാകുന്ന പൊടികളാൽ നഷ്ടവിവേകമായിട്ട ചഞ്ചലങ്ങളായി തന്നെയിരിക്കുന്നു. ഇങ്ങിനെയിരുന്നാൽ ഞങ്ങൾക്ക് എങ്ങിനെ മുക്തിലഭിക്കും? ഇങ്ങിനെ ഋഷികളുടെ ചോദ്യംകേട്ട് അഗസ്ത്യൻ കാമാക്ഷിനാഥനായ മഹേശ്വരനെ സ്മരിച്ചുകൊണ്ടു പറഞ്ഞു.

അഗസ്ത്യൻ— ഹെ മുനികളെ! സർവ്വാന്തര്യാമിയായ മഹേശ്വരങ്കലുള്ള ഉത്തമഭക്തി കൊണ്ടല്ലാതെ മററൊന്നുകൊണ്ടും കല്പകോടികളാലും മനുഷ്യൎക്ക മുക്തിലഭിക്കുകയില്ല. തോൽകൊണ്ട് ആകാശത്തെ മൂടുവാൻ ശ്രമിച്ചാൽ എങ്ങിനെ സാധിക്കുകയില്ലയൊ അതുപോലെ അന്യദൈവങ്ങളെ എത്രതന്നെ ഭജിച്ചാലും ശിവഭക്തികൊണ്ടല്ലാതെ സംസാരരൂപമായ ദുഃഖത്തിന്നു നാശം ഭവിക്കുന്നതല്ല. എന്നാൽ സർവ്വവിഷയങ്ങളേയും ത്യജിച്ചു ശിവനൈകകൎത്തൃരൂപമാകുന്ന ഭക്തിയാകുന്നു ഉത്തമഭക്തി. ആയതുമനുഷ്യന്റെ അവസാനത്തെ ജന്മത്തിൽ മാത്രമെ ലഭിക്കുകയുള്ളു. ആ ഭക്തിമാഹാത്മ്യത്തെ സർവ്വജ്ഞനായ സ്കന്ദമൂൎത്തിയാൽ പറയപ്പെട്ടിട്ടുണ്ട്. അതിനെ ഞാൻ നിങ്ങളോടുപറയാം. ഇതിന്റെശ്രവണത്താൽ സർവ്വബന്ധമോചനം ഭവിക്കും. പണ്ടൊരിക്കൽ മഹാദേവൻ കൈലാസശിഖരത്തിൽ ദേവിയോടുകൂടി വസിക്കുമ്പോൾ ദേവിയുടെ വിനോദത്തിന്നായി ചതുരംഗം വെച്ചുകൊണ്ടിരുന്നു. അപ്പോൾ ദേവി ലീലയാൽ മഹാദേവനെ ജയിച്ചു. ജഗത്തെല്ലാം ആ ദേവിയുടെ അധീനമാണല്ലൊ.—

ദേവി— ഹെ ദേവ! ഭവാൻ തോററുപോയി. ഇനി എന്തിനാണ് കളിക്കുന്നത്?

ദേവൻ— ഞാൻ തോററിട്ടില്ല.

ഇങ്ങിനെ രണ്ടാളും തമ്മിൽ പറഞ്ഞു കലഹിച്ചു അപ്പോൾ മഹേശ്വരൻ ചിരിച്ചുകൊണ്ടുപറഞ്ഞു. ഹെ ദേവി! നീ മായയല്ലെ? പ്രകൃതിവശന്മാരായ ജനങ്ങളെ നീ ജയിക്കും. എന്നെ ജയിക്കുവാൻ ഒരിക്കലും നിന്നാൽ സാദ്ധ്യമല്ല. ഞാൻ മായയെ വശീകരിച്ചവനാണ്. സത്യസ്വരൂപനാണ്. നിർമ്മലനാണ്. ഇല്ലാത്തതായ മായ ഉള്ളതായ സ്വരൂപത്തെ ബാധിക്കുകയില്ല.—

ദേവി— ഭവാൻ നിർമ്മലനാവട്ടെ മലിനനാവട്ടേ ആ കഥ അവിടെയിരിക്കട്ടേ. അത് ആകാശംപോലെയുള്ള പ്രസിദ്ധിയല്ലെ? ഭവാൻ സത്യസ്വരൂപനാണെങ്കിലും യഥാർത്ഥത്തിൽ പരാജിതനായിട്ടു ഞാൻ തോററില്ലെന്നു പറയുന്നവാക്കു സത്യമല്ല. മിത്ഥ്യതന്നെ. മിത്ഥ്യയെ മിത്ഥ്യക്കു ബാധിക്കാമെന്നു തോന്നുന്നു.

ഹെ ദേവി! നിന്റെവ്യവഹാരം യഥാർത്ഥമായി എന്നെ സംബന്ധിക്കുന്നില്ല. മിത്ഥ്യയായ ഈ പ്രപഞ്ചം എന്നാലാണ് സത്യംപോലെ പ്രകാശിക്കുന്നത്. അങ്ങിനെയിരിക്കെ ലോകവ്യവഹാരം എന്നെ ബാധിക്കുമോ?

ദേവി—ഹെ ദേവ!ഭവാന്റെപ്രകാശം ലോകവ്യവഹാരംകൊണ്ടുതന്നെയല്ലെ അറിയേണ്ടത്? ആ പ്രകാശവും വിറകിന്റെ സംബന്ധത്താൽ അഗ്നിക്കു പ്രകാശമുണ്ടാകുന്നതുപോലെ എന്നോടുചേരുമ്പോൾ തന്നെയല്ലെ ഉണ്ടാകുന്നത്.

ദേവൻ— ഹെ ദേവി! ജഗത്തിന്ന് എന്തുപ്രകാശമാണുള്ളത്? അതു ജഡമല്ലെ? ഞാൻ സ്വയംപ്രകാശസ്വരൂപനാണെല്ലൊ. ആകാശംപോലെ രൂപമില്ലാത്തവനുമാണ്. ഈ കാണുന്ന രൂപം എന്റെ ഇച്ഛാസാദ്ധ്യമാണ്.

ദേവി— ഹെ മഹേശ്വരാ! രൂപം ഭവാന്ന് ഇച്ഛാസാദ്ധ്യമാണെങ്കിൽ ഇങ്ങിനെ ഒരു രൂപം ധരിക്കേണമെന്നുണ്ടോ? ഈ രൂപം ആശ്ചര്യംതന്നെ. ശിരസ്സിൽ ധരിച്ചിട്ടുള്ളതു മുണ്ഡമാലയാണ്. ഭയങ്കരമായ ജടാഭാരത്തിൽ സർപ്പത്തിനെക്കൊണ്ടു ചുററിയിരിക്കുന്നു. നെററിത്തടത്തിലുള്ള നേത്രത്തിൽനിന്ന് എപ്പോഴും അഗ്നി ജ്വലിച്ചുകൊണ്ടിരിക്കുന്നു. കാതിലുള്ള കുണ്ഡലങ്ങളൊ കുണ്ഡലീശ്വരന്മാർതന്നെ. ഭവാന്റെ ഭോജ്യം ഹാലാഹലമാണ്. ആഭരണം വലുതായ അസ്ഥിമാലയാണ്. ദേഹത്തിൽ ലേപനം ചെയ്യുന്നതു ചിതാഭസ്മമാണ്. കയ്യിൽ ധരിച്ചിട്ടുള്ളതു കപാലമാണ്. ഭവാനു സകലഭൂഷണങ്ങളും സർപ്പങ്ങൾ തന്നെ. ഉടുത്തതു ഗജചർമ്മമാണ്. ഇങ്ങിനെയെല്ലാമുള്ള അലങ്കാരങ്ങളോടുകൂടി വസിക്കുന്നതു ശ്മശാനത്തിലാണ്. വാഹനം വൃദ്ധകാളയാണ്. കൂടെയുള്ള പരിജനങ്ങളോ ഭൂതങ്ങൾതന്നെ. ആ

രെങ്കിലും ബന്ധുക്കളുണ്ടെങ്കിൽ അവർ ദരിദ്രന്മാരുമാണ്. ആലിന്റെ ചുവട്ടിൽ തപസ്സു ചെയ്തുകൊണ്ടിരിക്കുകയാണ് പ്രവൃത്തി. ഹെ ദേവാ! ഭവാന്ന് ഇങ്ങിനെ ഒരു രൂപം കിട്ടിയെല്ലൊ. വിശേഷാതന്നെ. എന്റെ കടാക്ഷംകൊണ്ടു സൃഷ്ടിച്ചിട്ടുള്ള ജനങ്ങളെ ഭവാൻ ഒന്നു നോക്കുക. എത്ര മനോഹരന്മാരായിരിക്കുന്നു. എത്ര സൌഭാഗ്യമുള്ളവരായിരിക്കുന്നു. അവർ വളരെ യാഗങ്ങളും മറ്റും ചെയ്തു സ്വർഗ്ഗാദിലോകങ്ങളിൽ ബ്രഹ്മാദികളാൽ പൂജിതന്മാരായിരിക്കുന്നു. നേത്രാനന്ദകരമായ രൂപം ഭവാന്നു ധരിപ്പാൻ കഴിയുമെങ്കിൽ കാണട്ടെ. എന്നാൽ ഭവാൻ വിജയിയാണെന്നു പറയാം.

ഇങ്ങിനെ പറഞ്ഞു ലോകമാതാവായ ദേവി മൌനത്തെ അവലംബിച്ചു മുഖത്തെ തിരിച്ചു കിളിയെ സംസാരിപ്പിച്ചുകൊണ്ടിരുന്നു. അപ്പോൾ മഹേശ്വരൻ അല്പം മന്ദസ്മിതത്തോടുകൂടി ദേവിയോടുപറഞ്ഞു. ഹെ ദേവി! ഞാൻ സ്ത്രീയല്ല. പുരുഷനുമല്ല. അതിനാൽ ഇനിക്കു ലജ്ജയും അഭിമാനവുമില്ല. ഞാൻ ആകാശംപോലെ സർവ്വവ്യാപിയാണ്. നേത്രാനന്ദകരമായ രൂപം കാണേണമെന്നാഗ്രഹമുണ്ടെങ്കിൽ കാണിച്ചുതരാം. നിന്റെ വിശാലനേത്രങ്ങളാൽ നല്ലവണ്ണം കാണുക. എന്നിങ്ങിനെ പറഞ്ഞു മഹാദേവൻ തേജസ്സിനാൽ ജ്വലിക്കുന്നതായ ഒരു ഉത്തമരൂപത്തെ ധരിച്ചു. ആയിരംകോടി മന്മഥന്മാരുടെ സൌന്ദര്യത്തിന്റെ സാരമെന്നതുപോലെ അതികോമളമായും കോടി സൂൎയ്യന്മാരുടെ തേജസ്സിന്നു തുല്യമായ തേജസ്സോടുകൂടിയും കോടി ചന്ദ്രന്മാരുടെ ചന്ദ്രികപോലെ അതിശീതളമായും മന്ദഹാസത്താൽ പ്രകാശിക്കുന്ന മുഖാരവിന്ദത്തോടുകൂടിയും പ്രസന്നങ്ങളായും ദീൎഘങ്ങളായുമുള്ള നേത്രങ്ങളിൽനിന്നു കരുണാരസത്തെ പ്രവാഹിപ്പിച്ചുകൊണ്ടും ദിവ്യാഭരണങ്ങളെ ധരിച്ചുകൊണ്ടും അതിസൌരഭ്യമുള്ള ചന്ദനത്താൽ ലേപിതനായും മനോജ്ഞങ്ങളായ കുണ്ഡലങ്ങളെ ധരിച്ചും അതിദിവ്യമായ വസ്ത്രത്തെ ധരിച്ചും ദിവ്യരത്നങ്ങളാൽ ശോഭിതമായ കാഞ്ചിയെ ധരിച്ചും പാദങ്ങളിൽ രത്നസംയുക്ത

മായ നൂപുരങ്ങളെ ധരിച്ചും നെററിത്തടത്തിൽ ജഗന്മോഹന മായ തിലകത്തെധരിച്ചും വളരെപ്പറയുന്നതെന്തിന്ന്? ദേവാദികൾക്കുകൂടി ആ രൂപത്തെ നോക്കേണമെങ്കിൽ നേത്രങ്ങൾ കഴകീട്ടു വേണമെന്നു മാത്രമേ പറവാനുള്ളൂ. ഇങ്ങിനെ ഗൌരിയുടെ നേത്രങ്ങൾക്ക് ആനന്ദകരമായും സകലസൌന്ദൎയ്യസാരഭൂതമായുമിരിക്കുന്ന രൂപത്തെ ധരിച്ച ആ മഹേശ്വരൻ കൈലാസപൎവ്വതത്തെ അലങ്കരിച്ചതുപോലെ ശോഭിച്ചു.—

ഘന്ന സ്കന്ദോപപുരാണത്തിൽ

## രണ്ടാമദ്ധ്യായം

അത്യത്ഭുതമായ വിഗ്രഹത്തെ ധരിച്ചുകൊണ്ടു നില്ക്കുന്ന മഹേശ്വരനെക്കണ്ടു വിസ്മിതയായ ദേവി നമസ്കരിച്ചു സ്തുതിക്കുവാൻ തുടങ്ങി.—

നമശ്ശിവായദേവായ
ശംഭവേസൎവ്വസാക്ഷിണേ
ഇച്ഛാധീനസ്വരൂപായ
വിരൂപാക്ഷായതേനമഃ.

മനസാവചസാവാപി
നമസ്തേഭൂരവത്തിനേ
വിശ്വാധികായരുദ്രായ
വീതരാഗക്രുധെനമഃ.

സൃഷ്ടയെബ്രഹ്മരൂപായ
രക്ഷായൈവിഷ്ണവെനമഃ
സംഹാരായപ്രപഞ്ചസ്യ
നമഃസ്തേരുദ്രമൂൎത്തയെ.

യൽസത്താജഗതസ്സത്താ
യൽഭാസാഭാസതെജഗൽ

ഇദമോഃരാപഭിന്നായ
ശിവായജ്യോതിഷെനമഃ.

കാലകമ്മവിദൂരായ
നമഃകൈവല്യരൂപിണെ
കാരുണ്യനിധയെതുഭ്യാം
കാലകണ്ഠായതേനമഃ.

യോന്തഃപ്രവിശ്യസവ്വാണി
ഭൂതാനിഭുവനേശ്വരഃ
സഞ്ജീവയതിസവ്വാത്മ
നമസ്തസ്മൈശിവായതേ.

ഭക്തിഗമ്യായഭവ്യായ
ഭവപാശച്ഛിദെസതാം
ഭാനുമണ്ഡലവാസായ
ഭഗ്ഗായഭവതേനമഃ.

ചതുഭ്ജായമഹതെ
ദേവായദേഹനാത്മനേ
ദോശാത്രയവിഹീനായ
ദക്ഷാദ്ധ്വരഭിദേനമഃ.

സവ്വാത്മാക്കൾക്കും സാക്ഷിരൂപനായും ഇച്ഛാലബ്ധമായ സ്വരൂപത്തോടുകൂടിയവനായും വിരൂപാക്ഷനായുമിരിക്കുന്ന ശംഭുവിനെ ഞാൻ നമസ്കരിക്കുന്നു.—

വാക്കിന്നും മനസ്സിന്നും ദൂരസ്ഥിതനായും വിശ്വത്തിൽ എല്ലാവരെക്കാളുമധികനായും കാമക്രോധരഹിതനായുമിരിക്കുന്ന രുദ്രനെ ഞാൻ നമസ്കരിക്കുന്നു.—

ജഗൽസൃഷ്ടിക്കു ബ്രഹ്മരൂപനായും രക്ഷക്കു വിഷ്ണുരൂപനായും സംഹാരത്തിന്നു ക്രോധമൂത്തിയായ രുദ്രനായുമിരിക്കുന്ന ദേവനെ ഞാൻ നമസ്കരിക്കുന്നു.—

ഇല്ലാത്തതായപ്രപഞ്ചം ഉണ്ടെന്നുള്ള വ്യവഹാരം യാവ നൊരുത്തന്റെ സത്തായാലൊ യാതൊരുത്തന്റെ പ്രകാശ ത്താൽ പ്രപഞ്ചം മുഴുവനും പ്രകാശിക്കുന്നുവോ ഇദംശബ്ദവാ ച്യമായ ആരോപരഹിതനായും പ്രകാശരൂപനായുമിരിക്കുന്ന ദേവനെ ഞാൻ നമസ്കരിക്കുന്നു.—

കാലത്തിന്നും കർമ്മത്തിന്നും എത്താത്തവനായും ഏക സ്വരൂപനായും കരുണാനിധിയായുമിരിക്കുന്ന നീലകണ്ഠനെ ഞാൻ നമസ്കരിക്കുന്നു.—

സർവ്വഭൂതങ്ങളുടേയും അന്തർഭാഗത്തിൽ പ്രവേശിച്ചു സർവ്വ ങ്ങളേയും പ്രവൃത്തിപ്പിച്ചുകൊണ്ടിരിക്കുന്ന സർവ്വാത്മാവിനെ ഞാൻ നമസ്കരിക്കുന്നു.—

ഭക്തികൊണ്ടു പ്രാപിക്കപ്പെട്ടവനായും ഭക്തന്മാരുടെ സംസാരബന്ധമോചകനായും സൂർയ്യമണ്ഡല മദ്ധ്യവർത്തിയായും ഗായത്രീസ്വരൂപനായുമിരിക്കുന്ന ദേവനെ ഞാൻ നമസ്കരിക്കു ന്നു.—

ചതുർബ്ബാഹുവായും അഗ്നിസ്വരൂപനായും ക്ഷേയജ്ഞവി നാശകനായും ബാല്യം, യൌവനം, വാർദ്ധക്യം എന്നുള്ള അവ സ്ഥാത്രയരഹിതനായുമിരിക്കുന്ന മഹാദേവനെ ഞാൻ നമസ്കരി ക്കുന്നു.—

ഇങ്ങിനെ ഗൌരി സ്തുതിച്ചപ്പോൾ ഭഗവാൻ പ്രസന്നനാ യിട്ടു ഹെ ദേവി! നിനക്കെന്തുവരമാണ് വേണ്ടത്? അതിനെ വരിക്കുക, എന്നുപറഞ്ഞു. അതുകേട്ടു ദേവി ഹെ ദേവ! ഭവാ ന്റെ ഈ രൂപം കണ്ടതുകൊണ്ടുതന്നെ ഞാൻ പൂർണ്ണമനോരഥ യായി. ഇനിക്കു ഭവാനിലുള്ള ഭക്തി സ്ഥിരമായിരിക്കുക മാത്രമെ വേണ്ടു. ഞാൻ വാക്കുകൊണ്ടും മനസ്സുകൊണ്ടും ദേഹംകൊണ്ടും ചെയ്തതായ അപരാധത്തെ ഭവാൻ ക്ഷമിച്ചു കരുണചെയ്യു ണേ. ദേവി ഇങ്ങിനെ പറയുമ്പോൾ മഹേശ്വരൻ നന്ദിയെ

വിളിച്ചു കാററിനെ മറയ്ക്കുവാനായി അവിടെ കെട്ടിയിരുന്ന തിരശ്ശീലയെ എടുക്കുവാൻ പറഞ്ഞു. അതുകേട്ടു നന്ദി ആ തിരശ്ശീലയെ എടുത്തു. അപ്പോൾ രത്നനിൎമ്മിതമായ ചുമരിന്മേൽ തന്റെ പ്രതിബിംബത്തെ കണ്ടു. ദേവിക്ക് അതു നോക്കുക എന്നു പറഞ്ഞു കാണിച്ചുകൊടുത്തു. അതുകണ്ടപ്പോൾ ദേവി ഹെ ദേവാ! അതു ഭവാന്റെ പ്രതിബിംബമല്ലെ? ഭവാന്റെ ശക്തികൊണ്ട് അതിനെ ഇങ്ങോട്ടു വരുത്തുക. അതാണ് ഇനിക്കു വരംവേണ്ടത് എന്നുപറഞ്ഞു. ഉടനെ അചിന്ത്യശക്തിമാനായ മഹേശ്വരൻ ആ പ്രതിബിംബത്തെ ഹെ സുന്ദരാ! എന്റെ സമീപത്തുവരു എന്നുവിളിച്ചു. മഹേശ്വരന്ന് എന്തുചെയ്വാനാണ് ശക്തിയില്ലാത്തത്. ബ്രഹ്മാവിന്ന് അങ്ങിനെ ഒരു രൂപത്തെ മനസ്സുകൊണ്ട് ആലോചിപ്പാൻകൂടി സാദ്ധ്യമാകയില്ല. സൃഷ്ടിയുടെ കഥ പറയേണ്ടതുണ്ടോ? ഉടനെ ആ സുന്ദരസ്വരൂപം വന്നു നമസ്കരിച്ചു തൊഴുതുകൊണ്ടു പറഞ്ഞു. ഹെ ദേവാ! ഞാൻ ഭവാന്റെ ദാസനാണ്. ഞാൻ എന്താണ് ചെയ്യേണ്ടതെന്നു പറയുക. ഭവാന്റെ ആജ്ഞയെ ചെയ്തു് എന്റെ ജന്മസാഫല്യം വരുത്തട്ടെ. ഇങ്ങിനെ ആ പ്രതിബിംബം പറഞ്ഞതുകേട്ടു മഹേശ്വരൻ സന്തോഷത്തോടെ തന്റെ ഗണങ്ങളിൽ അഗ്രഗണ്യനായിരിക്കുവാൻ കല്പിച്ചു. സുന്ദരരൂപത്തിന്റെ പ്രതിബിംബമാകയാൽ സുന്ദരനെന്നു പേരും വിളിച്ചു. തന്റെ ഭസ്മപാത്രത്തെ അവന്റെ കയ്യിൽ കൊടുത്തു. ഇതു സൂക്ഷിച്ച് ഇനിക്കുവേണ്ടപ്പോളെല്ലാം ഭസ്മംതരുന്നതാണ് നിനക്കു പ്രവൃത്തി എന്നുപറഞ്ഞു. പിന്നെ ക്രമത്തിൽ സുന്ദരൻ മഹേശ്വരന്ന് അതിപ്രീതിമാനായിഭവിച്ചു. മഹേശ്വരൻ തന്റെ ശക്തികളെയെല്ലാം സുന്ദരന്നു കൊടുത്തു. സുന്ദരന്റെ കയ്യിൽനിന്നു ഭസ്മമെടുത്തു ലേപനംചെയ്യുന്നതു മഹേശ്വരന്ന് അതിസന്തോഷമായി ഭവിച്ചു. ദിനന്തോറും സന്ധ്യാസമയത്തിൽ മഹേശ്വരൻ നൃത്തംചെയ്തു ക്ഷീണിക്കുമ്പോൾ സുന്ദരന്റെ ചുമലുകളിൽ തന്റെ കൈകളെ വെച്ചു വിശ്രമിക്കും. നന്ദിമുതലായ അന്യഭൃത്യന്മാരെ വിളിക്കുമ്പോൾ സുന്ദരാ! സുന്ദരാ! എന്നു രണ്ടു മൂന്നു

പ്രാവശ്യം വിളിച്ചു ദേവിയെ ചിരിപ്പിച്ചുകൊണ്ടു പിന്നെ മററു ള്ളവരെ വിളിക്കും. അന്യന്മാരായവർ ശിവോഹമെന്നുള്ള ഭാവനയാലാണ് മുക്തന്മാരാകുന്നത്. അങ്ങിനെയുള്ള ശിവൻ ഞാൻ സുന്ദരനാണെന്നു നിരന്തരം ധ്യാനിക്കുന്നു. മഹേശ്വരൻ സുന്ദരനെ തന്നെപ്പോലെ ഗജചർമ്മത്തെ ഉടുപ്പിച്ചു പാദങ്ങളിൽ ഫണിരത്നങ്ങളാൽ ശോഭിതങ്ങളായ സപ്പനൂപുരങ്ങളെ ധരിപ്പിച്ചു സർവ്വാംഗം ഭസ്മം ധരിപ്പിച്ചു കഴുത്തിൽ അസ്ഥിമാലയെ ധരിപ്പിച്ചു കാതിൽ ഫണികുണ്ഡലത്തെ ധരിപ്പിച്ചു ശിരസ്സിൽ ജടാഭാരത്തേയും അതിൽ ചന്ദ്രകലേയേയും ധരിപ്പിച്ചു കാളയുടെ പുറത്തു കയററി ഭൂതഗണങ്ങളെ ചുററും നടത്തിച്ചു കൈലാസത്തിലെല്ലാം സഞ്ചരിപ്പിക്കും. തന്നെ കാണ്മാൻ വന്നവരായ ദേവാദികളെ സുന്ദരന്റെ പാദങ്ങളിൽ നമസ്കരിപ്പിക്കും. മഹേശ്വരൻ സുന്ദരനെ കണ്ടു സന്തോഷിച്ചു സുന്ദരാ! നീ ഇപ്പോൾ ശിവൻതന്നെ. എന്നുപറഞ്ഞ് അവന്റെ ശിരസ്സിൽ ചുംബിക്കും. വേദാന്തവാക്യങ്ങൾക്കുകൂടി അഗോചരനായ മഹേശ്വരൻ സ്തുതിപാഠകന്മാരെക്കൊണ്ടു സുന്ദരനെ സ്തുതിപ്പിക്കും. ആ ജഗദീശ്വരൻ സൃഷ്ടി, രക്ഷ, സംഹാരം, തിരോധാനം, അനുഗ്രഹം എന്നിങ്ങിനെയുള്ള തന്റെ പഞ്ചകൃത്യങ്ങളെ സുന്ദരനു പഠിപ്പിച്ചു. ഒരിക്കൽ സനകാദിമഹർഷികൾ സന്ദേഹത്തെ ചോദിപ്പാനായി വന്നപ്പോൾ പശുപാശനിൎണ്ണയത്തെ സുന്ദരനെക്കൊണ്ടു പറയിച്ചു. വളരെ പറഞ്ഞിട്ടെന്താണ് മഹേശ്വരന്റെ സർവ്വസമ്പത്തുകളിലും ഗൌരിയെ ഒഴിച്ചു മററുള്ള എല്ലാവരെക്കാളും സുന്ദരനു സ്വാതന്ത്ര്യമുണ്ടായി. അങ്ങിനെയിരിക്കുമ്പോഴാണ് ദേവന്മാരും അസുരന്മാരും ഒരുമിച്ച് അമൃതം ലഭിപ്പാനായി പാലാഴിയെ കടയുവാൻ നിശ്ചയിച്ചത്. മന്ദരപർവ്വതത്തെ മഥനദണ്ഡമാക്കി വാസുകിയെ കയറാക്കി ദേവദാനവന്മാരും വിഷ്ണുവും കൂടി കടയുവാൻതുടങ്ങി. അപ്പോൾ മഹാവിഷ്ണുവിന്റെ ഭുജബലം സഹിപ്പാൻകഴിയാതെ വിവശനായിട്ടു വാസുകി ദീഘശ്വാസം വിട്ടുതുടങ്ങി. എന്നുമാത്രമല്ല അതിഘോരമായ കാളകൂടവിഷത്തെ ഛദ്ദിച്ചു. കാ

ലാഗ്നിതുല്യമായ ആ വിഷം സകലത്തെയും ദഹിപ്പിച്ചുതുടങ്ങി.
ദേവേന്ദ്രൻ മുതലായ അഷ്ടദിക്പാലന്മാരും ഓടിപ്പോയ്ക്കളഞ്ഞു.
ബ്രഹ്മാവും ഭയപ്പെട്ടോടി. മഹാവിഷ്ണു വിഷത്തിന്റെ ഉഗ്രതകൊ
ണ്ടു കരിഞ്ഞനിറമായിഭവിച്ചു. അനവധി ദേവദാനവന്മാർ മൂർഛി
തന്മാരായി സമുദ്രത്തിൽവീണു. ഈ സങ്കടാവസ്ഥ കണ്ടുനില്ക്കുന്ന
വരായ മുനിജനങ്ങൾ മഹേശ്വരനെ ശരണം പ്രാപിച്ചു
ലോകത്തെ രക്ഷിക്കേണമെന്ന് അപേക്ഷിച്ചു. അതുകേട്ടു പ
രമശിവൻ സുന്ദരനെ അയച്ചു. സുന്ദരൻ വേഗംപോയി അ
ത്യുഗ്രമായ ഹാലാഹലത്തെ ഞാവല്പഴംപോലെ കയ്യിൽ ഉ
രുട്ടിയെടുത്തുകൊണ്ടു മഹേശ്വരന്റെ സമീപത്തേക്കുപോയി.
സുന്ദരൻ തന്റെ കയ്യിൽ വിഷത്തെ എടുത്തുകൊണ്ടുവരുന്ന
ഭാഗികണ്ടിട്ട് അതിസന്തുഷ്ടനായ മഹേശ്വരൻ ദേവിക്കുകാണി
ച്ചുകൊടുത്ത് ഇങ്ങിനെ പറഞ്ഞു. ഹേ ദേവി! നമ്മുടെ പ്രിയ
നായ സുന്ദരൻ ഹാലാഹലവിഷത്തെ കയ്യിലെടുത്തുകൊണ്ടു വ
രുന്നതു നോക്കുക. വിരിഞ്ഞതാമരപുഷ്പത്തിൽ വണ്ട് ഇരിക്കു
ന്നതുപോലെ തോന്നുന്നു. മഹേശ്വരൻ ഇങ്ങിനെ പറഞ്ഞുകൊ
ണ്ടിരിക്കുമ്പോൾ സുന്ദരൻ ഹാലാഹലത്തെ പരമശിവന്റെ ക
യ്യിൽകൊടുത്തു. മഹേശ്വരൻ അതിനെ വേഗം ഭക്ഷിക്കുകയും
ചെയ്ത് അതു പരമശിവന്റെ കണ്ഠത്തിൽ ആഭരണംപോ
ലെ ശോഭിച്ചു. അപ്പോൾ ഹാലാഹലത്തെ കയ്യിലെടുത്തു കൊ
ണ്ടുവന്ന സുന്ദരനെ ജനങ്ങളെല്ലാം സാക്ഷാൽ പരമശിവനാ
ണെന്നു പ്രശംസിച്ചു.—

എന്ന സ്കന്ദോപപുരാണത്തിൽ
മൂന്നാമദ്ധ്യായം.

പരമശിവന്റെ കല്പനപ്രകാരം വിഷത്തെ തന്റെ കൈ
കളിൽ എടുത്തുകൊണ്ടു വന്നതിനാൽ ഭൂതഗണങ്ങളിൽ തന്നെ
പ്പോലെ ആരുമില്ലെന്നു സുന്ദരന്നു് ഒരു ഗർവ്വം ഉത്ഭവിച്ചു. സർവ്വാ

ത്മാവായ മഹേശ്വരൻ സുന്ദരന്നുണ്ടായ ഗർവ്വത്തെയറിഞ്ഞ് അതിന്നു തക്കതായ ശിക്ഷചെയ്യേണമെന്നു വിചാരിച്ചു. ഇങ്ങിനെയിരിക്കുമ്പോൾ ദേവിയുടെ പരിചാരികമാരായ കമലിനിയെന്നും അനിന്ദിതയെന്നും രണ്ടു സ്ത്രീകൾ ദേവിക്കു പുഷ്പംകൊണ്ടുവരുവാനായി പുഷ്പോദ്യാനത്തിലേക്കുപോയി. അതേസമയത്തിൽതന്നെ സുന്ദരൻ ദേവനും ദേവിയും അന്തഃപുരത്തിലാണെന്നറിഞ്ഞു പുറത്തിറങ്ങി സഞ്ചരിച്ചുകൊണ്ടു പുഷ്പോദ്യാനത്തിൽ എത്തി. അവിടെ നീലപർവ്വതത്തിൽ ഇടിമിന്നലുകളെന്നപോലെ മല്ലികാലതകളുടെ മദ്ധ്യത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളെകണ്ടു. അവർ സ്ഫുടംചെയ്യ സ്വർണ്ണവർണ്ണത്തെപ്പോലെയുള്ള ദേഹകാന്തിയോടു കൂടിയവരായിരുന്നു. കിംശുകവർണ്ണമായ വസ്ത്രങ്ങളാൽ ജാജ്വല്യമാനകളായുമിരുന്നു. താമരപ്പൂക്കളെപ്പോലെയുള്ള പാദങ്ങളിൽ നൂപുരങ്ങൾ മനോഹരമായി ശബ്ദിച്ചുകൊണ്ടിരുന്നു. മന്മഥന്റെ തൂണീരമെന്നപോലെയുള്ള കണങ്കാലുകളാൽ അവർ ഏററവും ശോഭിച്ചിരുന്നു. കുംഭദേഹംപോലെയുള്ള ജാനുക്കളാലും രംഭാസദൃശങ്ങളായ ഊരുക്കളാലും ശോഭിതമാരായിരുന്നു. സ്വർണ്ണനിർമ്മിതമായ പലകപോലെ ഉന്നതജഘനത്താലും ശോഭിതമാരായിരുന്നു. മന്മഥരഥത്തിന്റെ ചക്രത്തെപ്പോലെ ഇരിക്കുന്ന നിതംബപ്രദേശത്തിൽ കാഞ്ചികൾ ഇട്ടതിനാൽ ശോഭിതമാരായിരുന്നു. കറച്ചു കിഴിഞ്ഞതായ വസ്ത്രബന്ധത്താൽ അല്പാല്പം പ്രശോഭിക്കുന്നതായ നാഭിപ്രദേശത്താൽ മനോഹരകളായിരുന്നു. അവരുടെ രോമാവലികൾ അതിമനോഹരങ്ങളായിരുന്നു. വളരെ സൂക്ഷ്മമായ മദ്ധ്യപ്രദേശത്താൽ മനോജ്ഞകളായിരുന്നു. വടപത്രംപോലെയുള്ള ഉദരത്തിൽ വലിത്രയങ്ങളാൽ ശോഭിതമാരായിരുന്നു. അവരുടെ സ്തനങ്ങൾ പീനങ്ങളും സ്നിശ്ധങ്ങളും അല്പാല്പം ചലനത്തോടു കൂടിയവയുംആയിരുന്നു. അവരുടെ സ്തനചൂചുകങ്ങൾ മുത്തുമാലകളാൽ പ്രലംബങ്ങളായും മനോഹരങ്ങളായുമിരുന്നു. പൂങ്കൊഞ്ഞുകൾപോലെ ഇരിക്കുന്ന രക്തവർണ്ണങ്ങളായ മോതിരങ്ങളുടെ കിരണസമൂഹത്താൽ വിചിത്രവേഷകളായിരുന്നു. അവ

രുടെ കരപല്ലവങ്ങൾ കുടിലങ്ങളും രക്തവൎണ്ണങ്ങളുമായ നഖ ങ്ങളാൽ ശോഭായമാനങ്ങളായിരുന്നു. അവരുടെ ഭുജങ്ങൾ ര ത്നങ്ങളാലും പവിഴങ്ങളാലും സംയുക്തമായ കടകകങ്കണങ്ങളാ ലും കേയൂരം അംഗദം ഇവകളാലും അതിശോഭിതങ്ങളായിരു ന്നു. ചുമലിൽ സ്പൎശിച്ചുകൊണ്ടിരിക്കുന്ന കുണ്ഡലങ്ങളാൽ അലങ്കരിക്കപ്പെട്ട ശ്രോത്രങ്ങളാൽ അതിരമ്യകളായിരുന്നു. അവരുടെ ഗണ്ഡസ്ഥലങ്ങളിൽ കൈലാസപൎവ്വതവും അ തിലുള്ള വനപ്രദേശവും എന്നുവേണ്ടാ ലോകം മുഴുവനും പ്ര തിഫലിച്ചിരിക്കുന്നു. മന്ദസ്മിതമാകുന്ന ചന്ദ്രികയാലും താം ബൂലസംയുക്തമായ കൎപ്പൂരത്താലും ശോഭിതമായ അധരപല്ല വങ്ങളാൽ അതിമനോഹരകളായിരിക്കുന്നു. അവരുടെ നിശ്വാ സസൌരഭ്യത്താൽ ആകൃഷ്ടങ്ങളായ വണ്ടുകളാൽ സന്ത്രസ്തലോ ചനകളായിരിക്കുന്നു. അവരുടെ നാസികകൾ മുക്താഭരണ ത്താൽ അതിമനോഹരങ്ങളായിരിക്കുന്നു. അവരുടെ കടാക്ഷമാ കുന്ന യമുനാനദിയുടെ തിരമാലകളാൽ സകലദിക്കുകളും ആ ക്രമിക്കപ്പെട്ടിരിക്കുന്നു. അവരുടെ ചില്ലികൾ മന്മഥന്റെ വി ല്ലിനെ തോല്പിക്കുവാൻ വിളിക്കുന്നു. അവരുടെ അൎദ്ധേന്ദുതു ല്യമായ നെററിയിലുള്ള കസ്തൂരിതിലകത്താൽ അതിമനോഹ രകളായിരിക്കുന്നു. അവരുടെ നീലവൎണ്ണമായ കചഭാരം പാ ദാന്തത്തോളം നീണ്ടുകിടക്കുന്നു. അവരുടെ മുഖം ലാവണ്യ സാരസമൂഹമായ ചന്ദ്രബിംബത്തിന്നു തുല്യമായിരിക്കുന്നു. അവരുടെ പാദാരവിന്ദങ്ങളിലുള്ള പൊടികളാൽ തിലോത്ത മയെക്കൂടി തോല്പിച്ചിരിക്കുന്നു. സുന്ദരൻ ഇങ്ങിനെയുള്ള സ്ത്രീ കളെ കണ്ടപ്പോൾ സംഭ്രാന്തനേത്രനായി ഭവിച്ചു. അപ്പോൾ മന്മഥൻ തന്റെ ശത്രുവിങ്കലുള്ള വൈരത്തെ ഓൎത്തു മഹേ ശ്വരന്റെ പ്രതിബിംബമായ സുന്ദരനെ തന്റെ ബാണങ്ങ ളാലും പ്രഹരിച്ചു. ഉടനെ സുന്ദരൻ ഓരോന്നു ചിന്തിക്കു വാൻ തുടങ്ങി; ഇവരുടെ സൃഷ്ടിചാതുൎയ്യം അത്ഭുതംതന്നെ. താരുണ്യജൃംഭണവും ആശ്ചൎയ്യം. സൌന്ദൎയ്യവിശേഷമോ അത്യ

ത്ഭുതം. മനോഹരകളായിരിക്കുന്ന ഇവരുടെ ആപാദകേശമുള്ള അവയവങ്ങളിൽ എന്റെ മനസ്സു നിമഗ്നമായിരിക്കുന്നു. അതിനെ ഉദ്ധരിപ്പാൻ എനിക്കു ശക്തിയുമില്ല. ഇവർ എവിടെനിന്നു വന്നവരാണ്. ഒരുത്തിയുടെ പ്രതിബിംബമോ മററൊന്ന്, ഇത് എന്റെ സ്വപ്നമോ, അതോ മന്മഥമായയോ, എന്നാൽ ഇവരുടെ ആപീനങ്ങളും കഠിനങ്ങളും നിർമ്മലങ്ങളും നിരുപമങ്ങളും അന്യോന്യം സ്പർദ്ധിക്കുന്നവകളുമായ കുചങ്ങളെ കണ്ടാൽ ആക്കും ധൈര്യമുണ്ടാവില്ലെന്നുതന്നെയാണ് വിചാരിക്കേണ്ടത്. കോടിജന്മങ്ങളിൽ ചെയ്യിട്ടുള്ള തപസ്സിന്റെ ഫലം ഇവരുടെ ആലിംഗനം ഒരിക്കൽ ലഭിക്കുന്നതുതന്നെയാണ്. ഇവരുടെ അധരാമൃതത്തെ ആർതന്നെ ആസ്വദിക്കുന്നു, ആ വിഷയത്തിൽ ഞാൻ ആരാണ്. എന്നാൽ ഇവരുടെ അധരാമൃതാസ്യത്തെ ഞാൻതന്നെ പ്രാത്ഥിക്കുന്നു. ഇങ്ങിനെ സുന്ദരൻ അവരെ അനുരാഗിച്ചതായ തന്റെ ദുരാചാരത്തെ മറച്ചുവെക്കുവാൻ ശക്തനല്ലാതെ അവരുടെ സമീപത്തേക്കുചെന്നു. അവരും മന്മഥതുല്യനായ സുന്ദരനെ കണ്ട് അനംഗവിവശകളായി ഭവിച്ചു. എന്നാൽ ആ മന്മഥൻ അഞ്ചു ബാണങ്ങളാൽ അവർ മൂന്നുപേരേയും ഒപ്പം പ്രഹരിച്ച് അവശന്മാരാക്കിത്തീർത്തത് എങ്ങിനെയാണാവോ. അതുകൊണ്ടു മന്മഥൻ അത്ഭുതവിക്രമൻതന്നെ. അവരുടെ ലജ്ജാസഹിതങ്ങളായ കടാക്ഷങ്ങൾ ഹൃദയത്തിൽ താഴ്കുകയാൽ സുന്ദരൻ മൂർഛിതനായിഭവിച്ചു. അവരും സുന്ദരന്റെ കടാക്ഷമാകുന്ന വാളിനാൽ ഹൃദയം പിളന്നുപോലെ സംഭ്രാന്തചിത്തമാരായി ഭവിച്ചു. ഇങ്ങിനെ അവർ അന്യോന്യദശനത്താൽ സഹജമായ ധൈര്യത്തെ ത്യജിച്ചു വാടിയ ശരീരത്തോടുകൂടിയവരായി ഭവിച്ചു. തങ്ങളുടെ കൃത്യത്തെ മറന്നവരായ അവർ അന്യോന്യം നോക്കി ദീഘമായി നിശ്വസിച്ചുകൊണ്ടു നില്ക്കുമ്പോൾ മനോഭവാഗ്നി സന്തപ്തമായ അവരുടെ ദേഹത്തിൽ കാമവ്യഥ നല്ലവണ്ണം പ്രകാശി

ച്ചു. അനന്തരം സ്ത്രീകൾ ദേവിയുടെ സമീപത്തേക്കും സ്മരാർദ്ദിതനായ സുന്ദരൻ മഹേശ്വരന്റെ സമീപത്തേക്കും പോയി. ദേഹവൈവർണ്ണ്യത്തോടുകൂടിയ സുന്ദരനെക്കണ്ടു സർവ്വജ്ഞനായ മഹേശ്വരൻ മന്ദഹാസത്തോടുകൂടി ഭൂതഗണങ്ങളെല്ലാവരും കേൾക്കെ ഇങ്ങിനെ പറഞ്ഞു. ഹെസുന്ദരാ! കാമക്രോധവിഹീനന്മാരായും ഊർദ്ധ്വരേതസ്സുകളായും ഇരിക്കുന്ന ഋഷീശ്വരന്മാൎക്കുകൂടി പ്രാപിക്കുവാൻ കഴിയാത്തതായ എന്റെ സ്ഥാനത്തെ ലഭിച്ചിട്ടു നീ ഇപ്പോൾ എന്താണ് ചെയ്തത്? ഈ കൈലാസത്തിൽ കൈവല്യം കരസ്ഥമാണെല്ലൊ. അങ്ങിനെയുള്ള സ്ഥലത്തുവെച്ചു നീ കാമസുഖത്തെയല്ലെ ആഗ്രഹിച്ചത്? എന്നാൽ അത് അനുഭവിക്കേണ്ടതുതന്നെയാണ്. അതുകൊണ്ടു നീ അവരോടുകൂടി ഭൂമിയിൽ പോയി ജനിച്ച് അജ്ഞാനികളെപ്പോലെ സംസാരസുഖത്തെ അനുഭവിക്കുക. ഇങ്ങിനെ മഹേശ്വരൻ സുന്ദരനെ ശപിച്ചു. അതുപോലെ ദേവിയും തന്റെ പരിചാരികമാരെ ശപിച്ചു. വജ്രപാതംപോലെയുള്ള മഹേശ്വരന്റെ ശാപത്തെക്കേട്ടു സുന്ദരൻ ദേവനെ നമസ്കരിച്ചു കരഞ്ഞുകൊണ്ടു പറഞ്ഞു. ഹെ ദേവദേവ! കരുണാസിന്ധൊ! ഭക്തവത്സലനായ ഭവാൻ എന്റെ ഈ അപരാധത്തെ ക്ഷമിച്ച് എന്നിൽ പ്രസാദിക്കണേ. കലിദൂഷിതമായ ഭൂലോകത്തിൽപോയി ഞാൻ ജനിച്ചാൽ ഭവാന്റെ സ്മരണതന്നെ ഉണ്ടാവില്ല. എന്റെ ബുദ്ധി കാട്ടിലുള്ള മൃഗത്തിന്നു തുല്യമാകും. വാക്കുകൊണ്ടും മനസ്സുകൊണ്ടും ദേഹംകൊണ്ടും ചെയ്യുന്ന വലുതായ പാപങ്ങൾക്കുകൂടി ഭവാന്റെ നാമസ്മരണമാണ് പ്രായശ്ചിത്തമെന്നു ശ്രുതിപറയുന്നു. അങ്ങിനെയുള്ള ഭവാൻ എന്റെ അപരാധത്തെ ക്ഷമിച്ചു രക്ഷിക്കണേ. ഞാൻ ഇനി ഒരിക്കലും ഇങ്ങിനെ ഒരപരാധം ചെയ്യില്ല. ഭവാന്റെ ആശ്രിതനും ദീനനുമായ എന്നിൽ കരുണ ചെയ്യുക. ഇങ്ങിനെ അനേകവിധത്തിൽ പറഞ്ഞു കരഞ്ഞു

കൊണ്ടു സുന്ദരൻ മഹേശ്വരന്റെ പാദാരവിന്ദങ്ങളെപ്പിടി ച്ചുകൊണ്ടു കിടന്നു.

എന്ന സ്കന്ദോപപുരാണത്തിൽ

നാലാമദ്ധ്യായം.

---

അനന്തരം ദീനവത്സലനായ ഭഗവാൻ പ്രസന്നനായിട്ടു സുന്ദരനെ പിടിച്ചെഴുന്നില്പിച്ചു കരുണയോടെ പറഞ്ഞു. ഹെ സുന്ദരാ! നി എന്തിനാണ് കരയുന്നത്, നീ ഒട്ടും ഭയപ്പെടേണ്ട. എന്റെ വാക്കുകൾ വേദവാക്യങ്ങൾക്കു തുല്യമാണ്. അതിന്ന് അന്യഥാത്വം സംഭവിക്കുന്നതല്ല. പാപകർമ്മങ്ങളെ അറിയാതെ ചെയ്യാലും അവയുടെ പരിണാമം ഭയങ്കരമായിരിക്കും. വിഷമിശ്രമായ അന്നത്തെ അറിയാതെ ഭക്ഷിച്ചാലും വയററിൽ ചെന്നാൽ അതിസങ്കടാവസ്ഥയെ ഉണ്ടാക്കുന്നില്ലേ? ബ്രഹ്മാദിദേവന്മാർകൂടി കാമദൂഷിതന്മാരായി ഭവിക്കുന്നു. ജീവികൾ സങ്കല്പംകൊണ്ടാണ് ബദ്ധന്മാരാകുന്നത്. അസങ്കല്പത്താൽ മുക്തന്മാരുമാകുന്നു. അതുകൊണ്ടുതന്നെയാണ് എന്നെ ശരണം പ്രാപിച്ച ഭക്തന്മാർ സങ്കല്പത്തെ ഉപേക്ഷിക്കുന്നത്. ഞാനും എന്റെ പ്രിയഭക്തന്മാരും ഒഴിച്ചു മററുള്ളവരെല്ലാം സങ്കല്പത്തിന്ന് ഈശന്മാരല്ല. സങ്കല്പദാസന്മാർതന്നെ. എന്റെ മായ കാമികൾക്കു വലുതായ ഭ്രമത്തെ ഉണ്ടാക്കുന്നവളാണ്. എന്റെ പ്രിയഭക്തന്മാർ ആ മായയെ അനായാസേന കടക്കുന്നു. സ്ത്രീകളുടേയും സ്ത്രീസംഗികളുടേയും സംസൎഗ്ഗത്താൽ മനുഷ്യൻ കാമിയായി ഭവിക്കുന്നു. എന്റെ ഭക്തന്മാരായ സജ്ജനങ്ങളുടെ സംസൎഗ്ഗത്താൽ; മനുഷ്യൻ അസങ്കല്പവാനായും ഭവിക്കുന്നു. ഹെ സുന്ദരാ! അത് ഇപ്പോൾ പ്രത്യക്ഷമായി നിന്നാൽ കാണപ്പെട്ടില്ലെ? എന്തിനാണ് നീ എന്റെ സന്നിധിയെ വിട്ടു സ്ത്രീകളുടെ സമീപത്തേക്കു പോയത്; അതുകൊണ്ടല്ലെ നിനക്ക് അധഃപതനം സംഭവിച്ചത്; ഇ

ങ്ങിനെതന്നെയാണ് വിഷ്ണുവും സങ്കല്പംകൊണ്ടു ഭൂമിയിൽ അ
നേകം പ്രാവശ്യം ജനിച്ചു ബുദ്ധിമുട്ടേണ്ടിവന്നത്. പിന്നെ സ
ങ്കല്പത്തെ ജയിച്ചു. എന്നാൽ നീ ഭൂമിയിൽപോയി ജനിച്ചാൽ
സ്മൃതിഭ്രംശം സംഭവിക്കയില്ല; എന്റെമേൽ പൂൎണ്ണഭക്തിയും
ഉണ്ടാവും. എന്റെ പുണ്യക്ഷേത്രങ്ങളിലെല്ലാം പോയി എ
ന്നെ സ്തുതിക്കുക. നിന്റെ വിവാഹസമയത്തിൽ ഞാൻത
ന്നെ വന്നു നിന്നെ ദാസനായി സ്വീകരിച്ചുകൊള്ളാം. നി
ന്റെ ഇഷ്ടമെല്ലാം ഞാൻ സാധിപ്പിച്ചുതരാം. എന്നിൽ ഭ
ക്തിയോടുകൂടി കമലാലയത്തിന്റെ സമീപത്തിൽപോയി ജ
നിക്കുക. എന്നെ സ്തുതിക്കുവാനായി സരസ്വതി നിന്റെ നാ
വിന്മേൽതന്നെ ഇരിക്കും; അതുകൊണ്ടു വളരെ കീൎത്തിയും സം
ഭവിക്കും; ഇനി നീ പോയ്ക്കൊള്ളുക എന്നുപറഞ്ഞു മഹേശ്വ
രൻ വേഗം എഴുനീറ്റ് അന്തഃപുരത്തിലേക്കു പോകുകയുംചെ
യ്തു. അനന്തരം ദുഃഖാൎത്തനായ സുന്ദരൻ മഹേശ്വരനെ ന
മസ്കരിച്ചു സ്വൎഗ്ഗലോകത്തിൽനിന്നു നരകത്തിലേക്കു വീഴുന്നതു
പോലെ ഭൂമിയിലേക്കു വീഴുകയുംചെയ്തു. ഇനി സുന്ദരന്റെ
ജനനവൃത്താന്തത്തെ പറയാം. ദക്ഷിണദിക്കിൽ കമലാലയ
മെന്നു പേരായി ഒരത്ഭുതദേശമുണ്ട്. അവിടെയാണ് മുചുകു
ന്ദരാജൎഷി വിഷ്ണുവിനാൽ ലഭിക്കപ്പെട്ടതായ സോമസ്കന്ദമൂൎത്തി
യെ പ്രതിഷ്ഠിച്ചിരിക്കുന്നത്. ആ മൂൎത്തി ത്യാഗേശ്വരൻ എ
ന്നുള്ള പ്രസിദ്ധനാമത്തോടെ ഭക്തന്മാൎക്കു സൎവ്വാഭീഷ്ടങ്ങളേയും
കൊടുത്തുകൊണ്ടിരിക്കുന്നു. അവിടെ ജനനം ലഭിക്കുന്നത്
അതിദുൎല്ലഭമാണ്. ആ ക്ഷേത്രത്തിന്നു സമീപമുള്ള ഒരഗ്രഹാ
രത്തിൽ ശിവഭക്തനായി ശിവവ്രതൻ എന്നു പേരായി ഒരു
ബ്രാഹ്മണൻ ഉണ്ട്. അദ്ദേഹം വേദാഗമങ്ങളെ അറിയുന്ന
വനും വിധിപ്രകാരം യാഗകൎമ്മങ്ങളെല്ലാം ചെയ്യുവനുമാണ്.
വിശേഷിച്ചു ശിവഭക്തന്മാരിൽ അതിപ്രിയനാണ്. അതുകൊ
ണ്ടു ത്യാഗേശ്വരന്റെ പ്രിയനുമാണ്. അദ്ദേഹത്തിന്നു സൎവ്വ
ദാ ഹിതാനുസാരിണിയായി സുമതിയെന്നുപേരായ ഒരു ഭാൎയ്യ
യുണ്ടായി. അവരുടെ അനുപമമായ ഗൃഹസ്ഥധൎമ്മം സജ്ജന

ങ്ങളാൽ കൊണ്ടാടത്തക്കതായിരുന്നു. അവൎക്ക പുത്രനുണ്ടാ വാത്തതിനാൽ കമലാലയനാഥനെ അൎച്ചനം, വന്ദനം, സ്തുതി ഇവകളാൽ ഭജിച്ചു. ത്യാഗനാഥന്റെ അനുഗ്രഹത്താൽ സു മതിക്ക ഗൎഭമുണ്ടായി. അവൾക്ക വേണ്ടുന്ന സംസ്കാരങ്ങളെ ല്ലാംചെയ്തു. ഋതുകളാൽ അവൾ കടഞ്ഞരത്നത്തെപ്പോലെ ശോഭിച്ചു. ആ സുമതി പത്താംമാസത്തിൽ ശുഭഗ്രഹസംയു ക്തമായ ലഗ്നത്തിൽ പശ്ചിമദിക്ക ബാലചന്ദ്രനെയെന്നപോ ലെ ലക്ഷണയുക്തനായ ഒരു പുത്രനെ പ്രസവിച്ചു. അപ്പോൾ ശിവവ്രതൻ സന്തുഷ്ടനായിട്ടു ജാതകൎമ്മാദികളെല്ലാം ചെയ്തു. ബ്രാഹ്മണൎക്ക് അനവധി ദാനങ്ങളേയും ചെയ്തു. പിന്നെ ശി വവ്രതൻ കമലാലയനാഥന്റെ പ്രീതിക്കായി ആ നാമംതന്നെ പുത്രനെ വിളിച്ചു; എങ്കിലും കുട്ടിയുടെ അസാധാരണമായ സൌ ന്ദൎയ്യത്തെ കണ്ട് എല്ലാവരും സുന്ദരനെന്നുള്ള നാമം സ്ഥിര പ്പെടുത്തി. അനന്തരം ബാലൻ വെളുത്തപക്ഷത്തിൽ ചന്ദ്രനെ ന്നപോലെ ക്രമത്തിൽ വളൎന്നു. ഇങ്ങിനെയിരിക്കുമ്പോൾ ദേ വിയുടെ പരിചാരികമാരിൽ കമലിനി എന്നവൾ ആ ദേശ ത്തിൽതന്നെ വേദനിധിയെന്നുപേരായ ബ്രാഹ്മണന്റെ പു ത്രിയായി ജനിച്ച് അതി സൌകമാൎയ്യത്തോടെ വളൎന്നു. സു ന്ദരനു ചൌളകൎമ്മം കഴിയുമ്പോഴെക്കും പൂൎവ്വവാസനയാൽ ദേവാദികൾക്കുകൂടി ദുൎല്ലഭമാകുന്ന ശിവഭക്തി ഉത്ഭവിച്ചു. എഴു ത്തുകളെല്ലാം ഒരുപ്രാവശ്യം പറഞ്ഞുകൊടുത്താൽ സുന്ദരൻ ഗ്രഹിക്കും. ബ്രാഹ്മണർ വേദാദ്ധ്യയനം ചെയ്യുന്നതെല്ലാം സു ന്ദരൻ ഗ്രഹിച്ചു. ഒരിക്കൽ സുന്ദരൻ കുട്ടികളോടൊരുമിച്ചു വീ ഥിയിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ ആ ദേശത്തെ ജയഭദ്ര നെന്ന രാജാവ് ആവഴിക്കുവന്നു. തനിക്ക പുത്രനില്ലാത്തതു കൊണ്ടു രാജാവിന്നു സുന്ദരന്റെമേൽ അതിപ്രീതിതോന്നി. ഉടനെ രാജാവു സുന്ദരനെ കൂട്ടിക്കൊണ്ടു തന്റെ ഗൃഹത്തി ലേക്കുപോയി. പിന്നെ ബാലന്റെ നിമിത്തം ശിവവ്രതനും രാജാവിന്റെ പ്രിയനായി. ബാലനു ഗായത്രി ഉപദേശവും വേദാദ്ധ്യയനവും മററും രാജഭവനത്തിൽ തന്നെവെച്ചു ചെയ്തി

ച്ചു. അനന്തരം ഗുരുദക്ഷിണയും രാജാവുതന്നെ ചെയ്യിച്ചു; സുന്ദരനെ യുവരാജാവാക്കേണമെന്നു ശിവവ്രതനോടു രാജാവ് ആവശ്യപ്പെട്ടു. അതു ബ്രാഹ്മണൎക്കു വിഹിതമല്ലെന്നു വെച്ചു ശിവവ്രതൻ സമ്മതിച്ചില്ല; എന്നാൽ സുന്ദരൻ യുവരാജസ്ഥാനത്തെയൊഴിച്ചു മററുള്ള സുഖങ്ങളെല്ലാം യുവരാജാവിനെപ്പോലെ അനുഭവിച്ചുകൊണ്ടിരുന്നു. അങ്ങിനെയിരിക്കുമ്പോൾ വേദനിധിയെന്ന ബ്രാഹ്മണൻ തന്റെ പുത്രിയെ സുന്ദരന്നു കൊടുപ്പാനായി ശിവവ്രതന്റെ അനുമതിപ്രകാരം വിവാഹത്തിന്നു വേണ്ടുന്ന യത്നങ്ങളെല്ലാം ചെയ്തു. വൈശാഖമാസത്തിൽ ഉത്രം നക്ഷത്രത്തിൽ വിവാഹമുഹൂൎത്തം നിശ്ചയിച്ചു. വധൂവരന്മാരുടെ ബന്ധുക്കൾ വളരെ വന്നുകൂടി. ജയഭദ്രരാജാവും ചതുരംഗസൈന്യത്തോടുകൂടി വന്നു. സുന്ദരന്നു വ്രതകൎമ്മമെല്ലാം വിധിപോലെ ചെയ്തു സ്നാനവും ചെയ്തു സുന്ദരനെ അലങ്കരിപ്പിച്ചു രാജാവു മുതലായ ബന്ധുക്കളോടും അനേകവാദ്യഘോഷങ്ങളോടുംകൂടി വേദനിധിയുടെ ഗൃഹത്തിലേക്കു പുറപ്പെട്ടു. അപ്പോൾ വേദനിധി അവരെ എതിരേററുകൊണ്ടുപോയി യഥാവിധി പൂജിച്ച് അലങ്കരിച്ചു വെച്ചതായ വിവാഹവേദിയിൽ വധൂവരന്മാരെ ഇരുത്തി. ആ സഭ സ്വൎണ്ണസ്തംഭങ്ങളാലും മററും വിശേഷമായി അലങ്കരിച്ചിട്ടുണ്ടായിരുന്നു. അനേകബ്രാഹ്മണവൃദ്ധന്മാരാലും ദീക്ഷിതന്മാരാലും ശിവഭക്തന്മാരാലും ശോഭിക്കപ്പെട്ടതായിരുന്നു. ദിവ്യങ്ങളായ വസ്ത്രാഭരണങ്ങളാൽ അലങ്കരിക്കപ്പെട്ട സ്ത്രീകളാൽ ലാജവൎഷം ചെയ്യപ്പെട്ടിരുന്നു. കന്യകാസ്ത്രീകൾ വിശേഷമായ ഗാനം ചെയ്തുകൊണ്ടിരുന്നു. ചന്ദ്രികപോലെ പ്രകാശമാനങ്ങളായ ദീപങ്ങളാൽ നാലുദിക്കുകളും ശോഭിച്ചുകൊണ്ടിരുന്നു. അനേകവാദ്യദ്ധ്വനികളാൽ ആകാശമെങ്ങും നിറഞ്ഞിരുന്നു. ദിവ്യങ്ങളായ ധൂപങ്ങളുടെ സുഗന്ധത്താൽ ആ സഭ വാസിതയായിരുന്നു. ആ സഭയിൽ സുന്ദരന്റെ പ്രിയനായ ജയഭദ്രരാജാവു ദേവേന്ദ്രനെപ്പോലെ ശോഭിച്ചു. ആ സഭയും സുധൎമ്മതന്നെ ഭൂമിയിൽ വന്നതുപോലെ ശോഭിച്ചു. സുന്ദരനും ഭാൎയ്യയും ആ സഭയിൽ

വിവാഹവേഷത്തെ ധരിച്ചുകൊണ്ടു വിഷ്ണുവും ലക്ഷ്മിയുംപോലെ ശോഭിച്ചു. വിദ്യ, വയസ്സ്, രൂപം, ധനം, കുലം ഇത്യാദികളാൽ സുന്ദരന്നു സമനായി ഭൂമിയിൽ ആരും തന്നെയില്ല. ഈ വധൂവരന്മാർ വളരെക്കാലം സുഖമായിരിക്കട്ടെ, എന്നിങ്ങിനെ ബ്രാഹ്മണർ അവരെ ആശീർവ്വാദംചെയ്തു.

എന്ന സ്കന്ദോപപുരാണത്തിൽ
അ ഞ്ചാ മ ദ്ധ്യാ യം.

---

സ്വൎണ്ണപാലികയാലും കുംഭങ്ങളാലും ലാജം, പുഷ്പം, സമിത്ത്, ദർഭ, കരകം, മുളപ്പാത്രങ്ങൾ, കല്ല് ഇവകളാലും സഭ ശോഭിതയായിരുന്നു. അനന്തരം സുന്ദരൻ അങ്കുരാൎപ്പണമെന്ന ക്രിയ ചെയ്തു കാപ്പുകെട്ടി പുരോഹിതന്മാർ ഗണപതിപൂജ ചെയ്തതിന്നുശേഷം മഹാജനങ്ങളുടെ അനുമതിപ്രകാരം വിവാഹകൎമ്മങ്ങളെ ചെയ്യുവാൻ ആരംഭിച്ചു സങ്കല്പംചെയ്യുമ്പോൾ ആ സഭാന്തരത്തിൽ ഒരു വൃദ്ധബ്രാഹ്മണനെ കണ്ടു. ജരാധിക്യനായ ആ ബ്രാഹ്മണൻ ഒരു മുളവടി കയ്യിൽപിടിച്ചുകൊണ്ടും നടക്കുമ്പോൾ കാൽതെററികൊണ്ടും രോമങ്ങളെല്ലാം വെളുത്തുകൊണ്ടും ദേഹത്തിൽ വാൎദ്ധക്യത്താൽ തോൽതൂങ്ങികൊണ്ടും കുണ്ഡലങ്ങളാൽ അലംകൃതനായും ഉയൎന്നവനായും നരച്ചുപഴുത്ത കേശത്തോടുകൂടിയവനായും ദേഹമെല്ലാം ഭസ്മത്താൽ ലേപിതനായും രുദ്രാക്ഷമാലകളാൽ അലങ്കരിക്കപ്പെട്ടവനായും ഉടുത്തവസ്ത്രം കിഴിഞ്ഞവനായും ദന്തങ്ങളെല്ലാം പോയവനായും വളരെ ഞരമ്പുകൾ പ്രകാശിക്കുന്നതിനാൽ കഴുത്തു നിമ്നോന്നതമായും ശ്രീകണ്ഠൻ എന്ന പേരോടുകൂടിയും കണ്ടപ്പോൾ അവിടെ കൂടിയിരുന്ന ബ്രാഹ്മണരെല്ലാവരും എഴുനീററു ചിലർ അദ്ദേഹത്തെ നമസ്കരിച്ചു. ചിലർ അൎഘ്യംകൊടുത്തു. ചിലർ ഭക്തിയോടുകൂടി കൈകൊണ്ടു താങ്ങി. വേദനിധിബ്രാഹ്മണൻ ഒരു പീഠത്തിൽ അദ്ദേഹത്തെ ഇരുത്തി. അദ്ദേഹത്തെ കണ്ടു ബാലന്മാർ കൈ

കൊട്ടിച്ചിരിക്കുവാൻ തുടങ്ങി. സുന്ദരൻ ഭസ്മരുദ്രാക്ഷധാരിയായിരിക്കുന്ന അദ്ദേഹത്തെ കണ്ട് ഇദ്ദേഹം നന്ദീശ്വരന്നു തുല്യനായിരിക്കുന്നുവല്ലോ. ശിവഭക്തനായിരിക്കുമോ? അതോ ശിവൻ തന്നെയോ? ഏതായാലും പൂജ്യനാണ് നിശ്ചയം എന്നിങ്ങിനെ വിചാരിച്ചു. അപ്പോൾ പിഠത്തിൽ ഇരിക്കുന്ന ബ്രാഹ്മണനോടു ശിവവ്രതൻ ചോദിച്ചു. ഹേ മഹാബ്രാഹ്മണാ! ഭവാനാരാണ്? എവിടെനിന്നാണ് വരുന്നത്? ഭവാന്റെ പേരെന്താണ്? ഭവാന്റെ ദർശനംകൊണ്ടു ഞങ്ങൾ കൃതാർത്ഥന്മാരായി. ഞങ്ങളുടെ ആതിത്ഥ്യത്തെ സ്വീകരിക്കുക. ഇങ്ങിനെ ശിവവ്രതൻ പറഞ്ഞതുകേട്ടു ബ്രാഹ്മണൻ പറഞ്ഞു. ഹെ ശിവവ്രതാ! ഞാൻ ഈ കമലാലയത്തിൽതന്നെ വസിക്കുന്നവനാണ്. ഞാൻ നിന്നെ അറിയും. നിങ്ങളാരും എന്നെ ഒട്ടും അറിയില്ല. ആ പ്രസംഗം അവിടെ ഇരിക്കട്ടെ. ഇവിടെ വലുതായ സഭകൂടി എന്താണ് ചെയ്യുന്നത്? സ്ത്രീകളും ബാലന്മാരും വൃദ്ധരുംകൂടിയിരിക്കുന്നു. വാദ്യഘോഷങ്ങളും കേൾക്കുന്നു. ഇതെന്താണ്? ഇതുകേട്ടു ശിവവ്രതൻ പറഞ്ഞു. കമലാലയനാഥന്റെ പ്രസാദത്താൽ ഇനിക്കുലഭിച്ച പുത്രനാണ് ഇവൻ. ഇവന്നു പേരും കമലാലയനാഥനെന്നാണ്. ജനങ്ങളെല്ലാം സുന്ദരനെന്നു വിളിക്കുന്നു. ഇവൻ സർവ്വവിദ്യാപാരഗനാണ്. ഇവന്നു വിവാഹം ചെയ്യുവാൻ ആരംഭിക്കുകയാണ്. ഭവാൻ ആശിർവ്വദിച്ചു വിവാഹത്തെ സഫലമാക്കുക. ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുന്ന ശിവവ്രതനെ നില്ക്കു നില്ക്കു എന്നുപറഞ്ഞു നിർത്തീട്ടു ബ്രാഹ്മണൻ സഭാവാസികളോടു വാക്കിടറിക്കൊണ്ട് ഇങ്ങിനെ പറഞ്ഞു. ഹെ സഭാവാസികളായ മഹാജനങ്ങളെ! ഞാൻ കുറഞ്ഞൊന്നു പറയുന്നു കേൾക്കുവിൻ. നിങ്ങളെല്ലാവരും അതിനെ മനസ്സിലാക്കീട്ടു ഞാൻ പറയുന്നതു സത്യമോ അസത്യമോ എന്നു പറവിൻ. ഞാൻ വിലകൊടുത്തുവാങ്ങി ദാസനാക്കിയ സുന്ദരനെ ഈ മൂഢാത്മാവായ ശിവവ്രതൻ എന്നെ വഞ്ചിച്ചു ബലാൽക്കാരമായി തന്റെ പുത്രനാക്കി വെച്ചു വൃദ്ധനായ എ

ന്നെ അറിയിക്കാതെ വിവാഹം ചെയ്യിക്കുന്നു. തന്റെ പുത്രനാണെന്നു സ്ഥിരപ്പെടുത്തുവാനാണ് ഇവൻ ഇതെല്ലാം ചെയ്യുന്നത്. ഞാൻ സത്യമാണ് പറഞ്ഞത്. എന്നാൽ എനിക്ക് ഇങ്ങിനെ ഒരു ദാസനെ വാങ്ങുവാൻ തക്കതായ സ്വത്തുണ്ടോ എന്നു നിങ്ങൾ സംശയിക്കേണ്ട. എന്റെ സമ്പത്തു നോക്കിയാൽ കുബേരൻകൂടി തുല്യനല്ല. പിന്നെ അന്യനെ പറയേണ്ടതുണ്ടോ? അങ്ങിനെയുള്ള ഞാൻ ഈ സുന്ദരനു ജഗത്തു മുഴുവനും സ്വാധീനമാക്കിക്കൊടുക്കാമല്ലൊ. ഞാൻ എന്ത് ആഗ്രഹിക്കുന്നുവോ അതെല്ലാം ചെയ്വാൻ എനിക്കു സാമർത്ഥ്യമുണ്ട്. എനിക്ക് ഓരോദിക്കുകളിൽ അനേകദാസന്മാരുണ്ട്. അവരെല്ലാം എന്നാൽ കൊടുക്കപ്പെട്ട യഥോചിതമായ സമ്പത്തിനെ സുഖമായി അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇവനും അവരെപ്പോലെ ഇരിക്കട്ടെ. എടോ സുന്ദരാ! നീ എന്നെവിട്ട് ഇവന്റെ ഗൃഹത്തിലേക്കു വന്നതെന്തിനാണ്? എഴുനീല്ക്കുക. നമുക്കു ഗൃഹത്തിലേക്കു പോകുക. നിനക്ക് എന്ത് ഇഷ്ടമോ അതെല്ലാം ഞാൻതരാം. ഇങ്ങിനെ ആ വൃദ്ധൻ പറഞ്ഞപ്പോൾ ആ സഭ മുഴുവനും സംഭ്രാന്തമായി ഭവിച്ചു. വധൂവരന്മാരുടെ ബന്ധുക്കൾക്കും വളരെ വിസ്മയമുണ്ടായി. ജനങ്ങളുടെ കോലാഹലം അവസാനിച്ചപ്പോൾ ജയഭദ്രരാജാവു വ്യവഹാരസമർത്ഥന്മാരും ലോകപ്രസിദ്ധന്മാരുമായ ബ്രാഹ്മണരോടു വൃദ്ധന്റെ ആക്ഷേപത്തിന്നു സമാധാനം പറവാൻ പറഞ്ഞു. ബ്രാഹ്മണർ പറഞ്ഞു, ഹേ ബ്രാഹ്മണാ! ഭവാൻ വൃദ്ധനാണ് വ്യവഹാരത്തിൽ സമർത്ഥനെപ്പോലെ പറയുന്നുവെല്ലൊ. ശാസ്ത്രങ്ങളിൽ ഒരേടത്തും ബ്രാഹ്മണൻ വിക്രയയോഗ്യനാണെന്നു പറഞ്ഞിട്ടില്ല. ഭവാൻ വൃദ്ധതകൊണ്ടോ വഴിനടന്ന ക്ഷീണം കൊണ്ടോ ഉണ്ടായ ഭ്രാന്തിയാൽ പറയുന്നതാണ്. ഇതുവരെ പറഞ്ഞതെല്ലാം ക്ഷമിച്ചു. ഇനി ഒന്നും മിണ്ടാതെ പൊയ്ക്കൊള്ളുക. പ്രഭുവായ ജയഭദ്രരാജാവ് ഇതാ ഇരിക്കുന്നു. ഇനിയും ഇങ്ങിനെ പറഞ്ഞാൽ ആ രാജാവു ശിക്ഷിക്കും. അദ്ദേഹം സുന്ദരന്റെ ഗുരുവാണ്. സുന്ദരന്ന് ഉത്തമയായ ക്ഷമയുള്ളതുകൊണ്ടാണ് ഭ

വരനോടു കോപിക്കാഞ്ഞത്. വൃദ്ധൻപറഞ്ഞു—കാമമാകട്ടേ കോപമാകട്ടേ എന്റെ ദാസന്മാൎക്ക് ഉണ്ടാവുന്നതല്ല. ഇതുതന്നെയാണ് എന്റെ ദാസന്മാരുടെ പ്രസിദ്ധമായ മുഖ്യലക്ഷണം. ശിവവ്രതൻ പറഞ്ഞു—ഹേ ബ്രാഹ്മണരെ! ആ ഭ്രാന്തന്റെ വാക്കിനെ ഞാൻ ക്ഷമിച്ചു. അദ്ദേഹത്തെ പുറത്താക്കീട്ടു മുഹൂൎത്തം കഴിയുന്നതിന്നുമുമ്പ് ആരംഭിച്ച ക്രിയനടത്തുക. വൃദ്ധൻപറഞ്ഞു—ഈരാജ്യത്തിൽ രാജാവില്ലേ? സജ്ജനങ്ങളും ഈ ദിക്കിൽ ഇല്ലെന്നുണ്ടോ? അന്യായമായി സംസാരിക്കുന്നഇവർ എന്റെ ദാസനെ കൊണ്ടുപോകുന്നുവെല്ലോ. ഹേ സുന്ദരാ! നീ സത്യം പറയു. നീ മുമ്പെ എന്നോടു പറഞ്ഞതിനെ ധൎമ്മമായി നടത്തുക. നീ എന്റെ ദാസനല്ലേ? ഇവരെല്ലാവരും കേൾക്കെ പറയു. സുന്ദരൻ പറഞ്ഞു.— ഹേ ബ്രാഹ്മണോത്തമാ! ഭവാൻ സത്യംപോലെ പറയുന്നവാക്ക അസംഗതം തന്നെയാണ്. ഈ കമലാലയവാസികളായ ഞങ്ങളെല്ലാവരും ശംഭുദാസന്മാരാണ്. ശിവദാസന്മാർ അന്യദാസന്മാരാകുമോ? ജഗത്തു മുഴുവനും ആ ശിവന്റെ ദാസ്യത്തെത്തന്നെയാണ് ആചരിക്കുന്നത്. ശിവദാസന്മാരെ തന്റെ ദാസനാണെന്ന് ആർ പറയുന്നുവോ അവർ ശിവദ്രോഹികളാണ്. ഭവാൻ പറഞ്ഞതിനെ ഞാൻ ക്ഷമിക്കാം. പരമശിവൻ ക്ഷമിക്കുകയില്ല. ഭസ്മരുദ്രാക്ഷധരനായ ഭവാനെ ഞാൻ നമസ്കരിക്കുന്നു. എന്നെ അനുഗ്രഹിക്കുക. വൃദ്ധൻ പറഞ്ഞു— എന്തുകൊണ്ടാണ് സുന്ദരാ നി ഇങ്ങിനെ പറയുന്നത്? നിനക്ക് എന്റെ അടുക്കെ എന്താണ് കുറവുള്ളത്? എന്റെ പുത്രന്മാരോടു തുല്യനായിട്ടാണല്ലൊ ഞാൻ നിന്നെ നോക്കുന്നത്. സുന്ദരൻ പറഞ്ഞു—ഞാൻ ഭവാനെ അറിയില്ല. ഈ ജന്മത്തിൽ നൊമ്മൾതമ്മിൽ സഹവാസമുണ്ടായിട്ടില്ല. മഹാന്മാർ തന്നെ അസത്യം പറഞ്ഞുതുടങ്ങിയാൽ ആരാണ് നിവാരണംചെയ്യുന്നത്. വൃദ്ധൻപറഞ്ഞു—ഹേ ജനങ്ങളെ! കേൾക്കുവിൻ. ഇവൻ സ്വന്തകയ്യക്ഷരത്തിൽ സാക്ഷിവെച്ച് എഴുതിത്തന്നതായ ദാസ്യപത്രിക എന്റെ കയ്യിൽ ഉണ്ട്. ഇവൻ ഇതിനെ എങ്ങിനെ മാറ്റും. ബ്രാ

ഹ്മണർപറഞ്ഞു— ഹെ ബ്രാഹ്മണാ! ഇവൻ എഴുതിത്തന്നതായ ദാസ്യപത്രത്തെ കാണിക്കുക. നിങ്ങളുടെ വ്യവഹാരത്തിൽ സാക്ഷി ആരാണ്? അതും പറയുക. വൃദ്ധൻപറഞ്ഞു—പതിവ്രതാശിരോരത്നമായ കമലാലയനായികയെയാണ് ഇവനെ ഞാൻ വിലയ്ക്കുവാങ്ങുമ്പോൾ സാക്ഷിയായി നിശ്ചയിച്ചിട്ടുള്ളത്. സ്ത്രീകളുടെ സാക്ഷി പ്രമാണമാകുന്നതല്ലെങ്കിൽ അവളുടെ പുത്രന്മാർ രണ്ടുപേരും സാക്ഷികളാണ്. അവിടെവന്ന് അവരോട് ചോദിക്കുക. അവിടെ ദാസ്യപത്രികയേയും കാണിക്കാം. ഇങ്ങിനെ വൃദ്ധവേഷത്തെ ധരിച്ചവനായ ശംഭുവിനാൽ വിളിക്കപ്പെട്ട സുന്ദരൻ ഇദ്ദേഹം ഭ്രാന്തനായിരിക്കുന്നു എന്നു പറഞ്ഞ് എഴുനീറ്റ വൃദ്ധനെ മുമ്പിൽ നടത്തി പിന്നാലെ നടന്നു. സുന്ദരന്റെ മുമ്പിൽ നടക്കുന്നവനായ വൃദ്ധൻ രണ്ടു വിളിപ്പാടു വഴി നടന്നതിന്റെ ശേഷം രത്നഗോപുരത്താൽ ശോഭിതമായ കമലാലയക്ഷേത്രത്തിന്റെ അകത്തേക്കു പോയി. സുന്ദരൻ ഹെ വൃദ്ധ! ഇവിടെ സാക്ഷി ആരാണ് പറയുക? ദാസ്യപത്രത്തെ കാണിക്കുക എന്നു നിശ്ശങ്കം പറഞ്ഞുകൊണ്ട് അനാദരവോടെ ക്ഷേത്രദ്വാരത്തിൽ വൃദ്ധന്റെ വരവിനെക്കാത്തു മുഹൂർത്തനേരം നിന്നു. അപ്പോൾ സാക്ഷാൽ മഹേശ്വരൻ വൃഷഭാരൂഢനായിട്ടു ഗൌരീദേവിയോടും സ്കന്ദവിഘ്നേശ്വരന്മാരോടും ഭൂതഗണങ്ങളോടുംകൂടി ദേവകളാലും ഋഷികളാലും സ്തുതിക്കപ്പെട്ടവനായിട്ടു ക്ഷേത്രദ്വാരത്തിൽവന്നു. അവിടെനില്ക്കുന്ന സുന്ദരനെനോക്കീട്ട് അല്പം മന്ദസ്മിതത്തോടെ ഈ സുന്ദരൻ എന്റെ ദാസനാകുന്നു എന്നു ദേവിക്കു കടാക്ഷത്താൽ കാണിച്ചുകൊണ്ടു പിന്നെ സുന്ദരനോടുപറഞ്ഞു.

എന്നു സ്കന്ദോപപുരാണത്തിൽ

ആറാമദ്ധ്യായം.

എടാ സുന്ദരാ! നീ ആ ജടന്മാരുടെ മദ്ധ്യത്തിൽ വെച്ച് എന്താണ് പറഞ്ഞത്? ഞാൻ അങ്ങേടെ ദാസനല്ല എന്നല്ലേ

പറഞ്ഞതു? എന്നാൽ അതിനെ സ്ഥിരപ്പെടുത്തുക. താമസി ക്കേണ്ട. ജഗന്മാതാവായ ഈ ഗൌരി നിന്റെ ദാസ്യത്തിന്നു സാക്ഷിയാണ്. ഈ സ്കന്ദവിഘ്നേശ്വരന്മാരും സാക്ഷികളാണ്. ഇങ്ങിനെ പറഞ്ഞുകൊണ്ടും വലുതായ ദാസ്യപത്രികയെ വല ത്തെ കയ്യിൽ പിടിച്ചുകൊണ്ടിരിക്കുന്നവനായും വൃഷഭാരൂഢ നായും ഉമാദേവി, ഷണ്മുഖൻ, വിഘ്നേശ്വരൻ ഇവരോടുകൂടിയ വനായും വിഷ്ണു, ബ്രഹ്മാവ്, ഇന്ദ്രൻ, ചന്ദ്രൻ, ആദിത്യൻ, യ മൻ, അഗ്നി, വരുണൻ, വായു, സിദ്ധർ, ചാരണർ, ഗന്ധ ർവ്വന്മാർ ഇവരാൽ സ്തുതിക്കപ്പെട്ടവനായും ഗണങ്ങളാൽ ഘോ ഷിക്കപ്പെടുന്നതായ ഭേരീകാഹളശബ്ദത്താൽ സ്തുതനായുമിരി ക്കുന്ന മഹേശ്വരനെ കണ്ടിട്ടു സുന്ദരൻ വിസ്മയാവിഷ്ടചിത്ത നായി ക്ഷണം കണ്ണുകളെ അടച്ചു. പിന്നെയും മിഴിച്ചു മഹേ ശ്വരനെ നമസ്കരിച്ചു സ്തുതിക്കുവാൻതുടങ്ങി.

ആഹ്രയസ്വയമാദരണഭഗവൻത്വംസർവ്വലോകാനതോ
മിഥ്യാത്മാഭിരതാസുഷാഗിരമിമംദവധോഹരീന്ദ്രാദിഭിഃ
അജ്ഞാതാമനസാചനിത്യവപുസാദാസംവിതേനേജനം
തമൈസ്മൈഭക്തജനപ്രിയായമഹാദതദേവായതസ്മൈനമഃ.

യസ്യാവലോകനാദസ്യ
മായാഭൂൽസൃഷ്ടിസാധനം
നമസ്തസ്മൈമഹേശായ
ദേവദേവായതേനമഃ

മഹദ്വൈഷമ്യമുല്പന്നം
മായയായസ്യസക്തിതഃ
അഹങ്കാരസ്ഥധാജജ്ഞേ
മഹതോയത് പ്രഭാവതഃ.

നമസ്തസ്മൈമഹേശായ
ദേവദേവായതേനമഃ

അനാമരൂപസംസ്പൃഷ്ടഃ
കദാചിദപിയഃശിവഃ.

നമസ്തസ്മൈമഹേശായ
ദേവദേവായതേനമഃ
ഭൂതേന്ദ്രിയമനഃസൃഷ്ടി-
സ്സതായത്പ്രേരിതാഭവത്.

യേനപഞ്ചീകൃതാന്യാസൻ
അസാബന്ധവതാമപി
അനുപ്രവിശ്യയസ്താനീ
വിരാഡ്രൂപാബഭൗതിച.

നമസ്തസ്മൈമഹേശായ
ദേവദേവായതേനമഃ
സിസൃക്ഷയാഗിരായുക്ത
സൃജ്യാംസൃജതിയോഖിലാം.

നമസ്തസ്മൈമഹേശായ
ദേവദേവായതേനമഃ
അലംകൃതശ്രീയാതസ്യ
രക്ഷാംയസ്തനുതേഹരിഃ.

നമസ്തസ്മൈമഹേശായ
ദേവദേവായതേനമഃ
അനന്യസാദ്ധ്യാംസംഹാരം
യസ്തസ്യകുരുതേഹരഃ.

പ്രാജ്ഞതൈജസവിശ്വാദി
സാക്ഷിജ്യോതിഃസ്വയംസ്ഥിതം
നമസ്തസ്മൈമഹേശായ
ദേവദേവായതേനമഃ.

Bhagavan's Handwriting:
Cortrection in the 1st line



## ഏഴാമദ്ധ്യായം

അഥമാകാശ്രൂപേണ
യസ്സൎവ്വംവ്യാപ്യതിഷ്ഠതി
നമസ്തസ്മൈമഹേശായ
ദേവദേവായതേനമഃ.

ഓതപ്രോതമിദംയത്ര
സൂത്രേമണിഗണായഥാ
നമസ്തസ്മൈമഹേശായ
ദേവദേവായതേനമഃ

അന്തശ്ചിദാത്മനാതിഷ്ഠൻ
ഇന്ദ്രിയൈൎയ്യോവിഭാവ്യതേ
നമസ്തസ്മൈമഹേശായ
ദേവദേവായതേനമഃ.

യത് സത്താജഗതസ്സത്താ
സൎവ്വംസ്ഫുരതിയേനച
നമസ്തസ്മൈമഹേശായ
ദേവദേവായതേനമഃ.

യത്രനാനാപ്രപഞ്ചോയം
വിവൎത്തഇ.വസാഗരേ
ആദാവന്തേചമദ്ധ്യേച
ഏകരൂപസ്സയംപ്രഭുഃ.

നമസ്തസ്മൈമഹേശായ
ദേവദേവായതേനമഃ
ആദിത്യമണ്ഡലേഭാതി
പുരുഷോയോഹിരണ്മയഃ.

അന്തശ്ചക്ഷുഷി ഭൂതാനാം
യസ്സർവ്വേഷാം പരഃ പുമാൻ
അംഗുഷ്ഠമാത്രാ പുരുഷോ
യമന്തഃ കവയോ വിദുഃ.

യന്നാമസ്മരണാജ്ജന്തോഃ
കാലകർമ്മാദിനാശനാ
യദവിജ്ഞായ ബന്ധോയം
യദ്വിജ്ഞാനാദ്വിമുച്യതേ.

ഗുരുമൂർത്തിർമ്മഹർഷീണാം
വടമൂലേ വിഭാതി യഃ
യോപിബദ് ഗരളം ഘോരം
ജഗതാമതിഭീകരം.

മാർക്കണ്ഡേയമൃതേ കാലം
യോ വ്യധാത് സ്വപദാഹതം
ഭസ്മസാൽകൃതവാന്മന്ദ-
സ്മിതേനത്രിപുരാണി യഃ.

മൃഗരൂപസ്യ യോ ദക്ഷ
ക്രതോശ്ചിച്ഛേദ മസ്തകം
അവതാരേഷു ദയാവിഷ്ണു
മനുജഗ്രാഹപൂജിതഃ.

മണിമന്ത്രൗഷധീനാഞ്ച
ശക്തിര്യസ്യാനുഭാവതഃ
ആബ്രഹ്മസ്തംബപര്യന്തം
യസ്യാജ്ഞാ ന വിലംഘ്യതേ.

നമസ്തസ്മൈനമസ്തസ്മൈ
ഗിരിജാവാസമൂൎത്തയെ.

ഹെ മഹേശ്വരാ! സൎവ്വലോകവന്ദ്യനായും വിഷ്ണു ബ്രഹ്മാ ദികളാലും വേദവാക്കുകളാലും മനസ്സിനാലും അറിയപ്പെടാത്തവനുമായ ഭവാൻ മിഥ്യാരതനായും അസത്യവാക്കായും ഇരിക്കുന്ന എന്നെ താൻതന്നെ ആദരവോടുകൂടി വിളിച്ചു ദാസനാക്കി വെച്ചുവല്ലൊ. ഭക്തപ്രിയനായ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരു ദേവന്റെ അവലോകനത്താൽ മായ ജഗൽ സൃഷ്ടിക്കു സാധനമായി ഭവിച്ചുവോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവനു മായയോടുള്ള സംബന്ധത്താൽ മായാവിരുദ്ധമായ മഹത്തത്വം ജനിച്ചുവോ യാതൊരുദേവന്റെ പ്രഭാവംകൊണ്ട് ആ മഹത്തത്വത്തിൽനിന്ന് അഹങ്കാരം ജനിച്ചുവോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുശിവൻ മായാസ്വരൂപങ്ങളായ നാമരൂപങ്ങളാൽ സൃഷ്ടിക്കപ്പെടാത്തവനോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരു ശിവനാൽ പ്രേരിതമായ അഹങ്കാരത്തിൽനിന്നു പഞ്ചഭൂതങ്ങളും പത്ത് ഇന്ദ്രിയങ്ങളും മനസ്സും ഉത്ഭവിച്ചുവോ തമ്മിൽ ചേരാത്തതുകളായ പഞ്ചഭൂതങ്ങളെ യാതൊരു ശിവനാൽ പഞ്ചീകരണം ചെയ്യപ്പെട്ടുവോ യാതൊരുദേവൻ പഞ്ചീകൃതങ്ങളായ ഭൂതങ്ങളിലെല്ലാം പ്രവേശിച്ചു വിരാഡ്രൂപത്തെ ധരിക്കുന്നുവോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവൻ ജഗത്സൃഷ്ടിചെയ്യുന്നുള്ള ഇച്ഛയാൽ സരസ്വതീദേവിയോടുകൂടി ബ്രഹ്മസ്വരൂപനായിട്ടു സകലലോ

കത്തേയും സൃഷ്ടിക്കുന്നുവോ ആ ദേവദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവൻ ലക്ഷ്മീസഹിതനായ വിഷ്ണുരൂപനായിട്ട് ആ ജഗത്തിന്റെ രക്ഷയെ ചെയ്യുന്നുവോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവൻ രുദ്രരൂപനായിട്ട് അന്യന്മാരാൽ സാദ്ധ്യമല്ലാത്തതായ ജഗത്സംഹാരത്തെ ചെയ്യുന്നുവോ ആ ദേവദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവൻ വ്യഷ്ടികാരണോപാധികനായും വ്യഷ്ടിസൂക്ഷ്മോപാധികനായും വ്യഷ്ടിസ്ഥൂലോപാധികനായും സമഷ്ടി, വിരാഡ്, ഹിരണ്യഗർഭ, അന്തര്യാമിരൂപനായും വ്യഷ്ടിസമഷ്ടിസാക്ഷിരൂപനായും താൻതന്നെ ഇരിക്കുന്നവനോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവൻ സർവ്വത്ര പ്രകാശകനായും ഞാൻ എന്നുള്ള രൂപംകൊണ്ടു സർവ്വത്തേയും വ്യാപിച്ചിരിക്കുന്നുവോ ആ ദേവദേവനെ ഞാൻ നമസ്കരിക്കുന്നു.

ചരടിൽകോർത്ത രത്നമണികളെപ്പോലെ യാതൊരു ദേവങ്കൽ ജഗത്ത് ഊടും പാവും ഇട്ടതുപോലെ ഇരിക്കുന്നുവോ ആ ദേവദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവൻ ജ്ഞാനസ്വരൂപംകൊണ്ടു ദേഹാന്തർഭാഗത്തിൽ സ്ഥിതനായിട്ട് ഇന്ദ്രിയങ്ങളാൽ അറിയപ്പെടുന്നുവോ ആ ദേവദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവന്റെ സത്താജഗത്തിന്റെ സത്തയോ യാതൊരുദേവനാൽ സർവ്വം പ്രകാശിക്കുന്നുവോ ആ ദേവദേവനെ ഞാൻ നമസ്കരിക്കുന്നു.

സമുദ്രത്തിൽ വെള്ളച്ചുഴികൾപോലെ യാതൊരുദേവങ്കൽ നാനാപ്രപഞ്ചവും കാണപ്പെടുന്നുവോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവൻ സൃഷ്ടിക്കു മുമ്പേയും പ്രളയാനന്തരവും മദ്ധ്യകാലത്തിലും താൻതന്നെ ഏകരൂപനായിരിക്കുന്നുവോ ആ മഹാദേവനേ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവൻ ആദിത്യമണ്ഡലത്തിൽ സുവർണ്ണമയപുരുഷരൂപനായി പ്രകാശിക്കുന്നുവോ യാതൊരുദേവൻ സർവ്വഭൂതങ്ങളുടേയും ചക്ഷുസ്സുകളുടെ അന്തർഭാഗത്തിൽ നേത്രാധിഷ്ഠാനദേവതയായി പ്രകാശിക്കുന്നുവോ യാതൊരുദേവൻ ഇതുകളിൽനിന്നു ഭിന്നനോ യാതൊരുദേവനെ വിദ്വാന്മാർ ദേഹാകാശത്തിങ്കൽ അംഗുഷ്ഠപ്രമാണപുരുഷനായി അറിയുന്നുവോ, യാതൊരുദേവന്റെ നാമസ്മരണം കാലകർമ്മാദികളെ നശിപ്പിക്കുന്നുവോ, യാതൊരുദേവനെ അറിയാത്തതിനാൽ മനുഷ്യൎക്കു ബന്ധം സംഭവിക്കുന്നുവോ, യാതൊരുദേവനെ അറിയുന്നതിനാൽ ബന്ധത്തിൽനിന്നു മോചിക്കപ്പെടുന്നുവോ, യാതൊരുദേവൻ മഹൎഷികളുടെ ഗുരുമൂൎത്തിയായിട്ടു വടവൃക്ഷമൂലത്തിൽ വസിക്കുന്നുവോ, യാതൊരുദേവൻ ലോകഭയങ്കരമായ വിഷത്തെ പാനംചെയ്തുവോ, യാതൊരുദേവൻ മാൎക്കണ്ഡേയന്റെ രക്ഷക്കായി അന്തകനെ ഹനിച്ചുവോ, യാതൊരുദേവൻ ത്രിപുരങ്ങളെ മന്ദസ്മിതംകൊണ്ടു ഭസ്മമാക്കിയോ, യാതൊരുദേവൻ മൃഗരൂപധരനായ ദക്ഷയജ്ഞമൂൎത്തിയുടെ ശിരച്ഛേദം ചെയ്തുവോ, യാതൊരുദേവൻ അവതാരങ്ങളിൽ വിഷ്ണുവിനാൽ പൂജിതനായിട്ട് അനുഗ്രഹിച്ചുവോ, യാതൊരുദേവന്റെ പ്രഭാവത്താൽ മണിമന്ത്രൌഷധങ്ങൾക്കു ശക്തിലഭിച്ചുവോ, ആ ബ്രഹ്മസ്തംബപൎയ്യന്തം യാതൊരുദേവന്റെ ആജ്ഞയെ ലംഘിക്കുന്നില്ലയോ ആ ഗിരിജാപതിയായ ദേവനെ പിന്നെയും പിന്നെയും ഞാൻ നമസ്കരിക്കുന്നു.

ഹെ ദേവേശ! എന്റെ പിതാവിന്റെയും മാതാവിന്റെയും വംശത്തോടുകൂടി ഞാൻ ഭവാന്റെ ദാസനാണ്. ഈ രണ്ടുവംശങ്ങളിലും ഭവദ്ദാസനല്ലാതെ ഒരു ജീവിയും ജനിക്കരുതേ. ഞാൻ ചെയ്ത സൎവ്വാപരാധത്തെയും ക്ഷമിക്കണേ. ഹേ കരുണാനിധേ! പ്രസാദിക്കുക. ഹേ പാൎവ്വതീപതേ! ദയാദൃഷ്ടികൊണ്ട് എന്നെ ഒന്നു നോക്കുക. ഇങ്ങിനെ പറഞ്ഞു പാദാരവിന്ദങ്ങളിൽ വീണ് നമസ്കരിച്ചു കരയുന്ന സുന്ദരനെ മഹേശ്വരൻ പിടിച്ചെഴുനീല്പിച്ചു കരുണയോടുകൂടി പറഞ്ഞു. ഹേ സുന്ദര! നീ കരയണ്ട. ഞാൻ നിന്റെമേൽ നല്ലവണ്ണം പ്രസാദിച്ചിരിക്കുന്നു. ഞാൻ പ്രസാദിച്ചാൽ പിന്നെ ഒരിക്കലും സങ്കടം ഉണ്ടാവുന്നതല്ല. നിന്നാൽ സ്തുതിക്കപ്പെട്ടതായ സ്തുതിവാക്യത്താൽ എന്നെ ആർ സ്തുതിക്കുന്നുവോ അവൎക്ക് അല്പമെങ്കിലും ദുരിതം ഉണ്ടാവുന്നതല്ല. മഹേശ്വരൻ തന്നിൽ പ്രസന്നനായി എന്നറിഞ്ഞിട്ട് സുന്ദരൻ എഴുനീററു തൊഴുതുകൊണ്ടു പറഞ്ഞു. ഹേ മഹേശ്വര! യോഗികൾക്കുകൂടി ദുല്ലഭമായിരിക്കുന്ന ഭവാന്റെ ദാസ്യഭാഗ്യം ഇനിക്കു ലഭിച്ചുവല്ലോ. ഭവദ്ദാസനായ ഞാൻ ഇനി എന്താണ് ചെയ്യേണ്ടതെന്ന് ആജ്ഞാപിക്കുക. മഹേശ്വരൻ പറഞ്ഞു— ഹേ സുന്ദര! നീ എല്ലാക്ഷേത്രങ്ങളിലും പോയി എപ്പോഴും എന്നെസ്തുതിക്കുകയാണ് ചെയ്യേണ്ടത്. എനിക്കു പ്രീതിയും നിനക്ക് ഉചിതവും അതാണ്. സുന്ദരൻ പറഞ്ഞു— ഹേ ദേവദേവ! നാലുവേദങ്ങളും ഭവാനെ അറിയുന്നില്ല. ദേവാദികളും ഭവാനെ അറിയുന്നില്ല. മനസ്സും ഭവാനെ അറിയാതെ മടങ്ങുന്നു. ഹേ മഹേശ്വര! അങ്ങിനേയുള്ള ഭവാനെ ഈ ബാലനായ ഞാൻ ലൌകികവാക്കുകളാൽ എങ്ങിനെ സ്തുതിക്കട്ടേ. ഭവാന്റെ സ്തുതി എങ്ങിനേയുള്ളതാണ്, അതിന്റെ ആദി എന്താണ്, മദ്ധ്യം എന്താണ്, അവസാനമെന്താണ്, അതിന്റെ സ്വരൂപമെന്താണ് ഇതൊന്നും എനിക്കറിഞ്ഞുകൂടാ. പരിപൂൎണ്ണനായും അരൂപനായും ഇരിക്കുന്ന ഭവാന്റെ നാമരൂപ

നിരൂപണം വാക്കുകൊണ്ടു ചെയ്യുന്നതുതന്നെ അപരാധമാണ്. അതിന്ന് ഒരു പ്രായശ്ചിത്തവുമില്ല. ജലബിന്ദുവിനാൽ സമുദ്രത്തിൻെറ മാഹാത്മ്യത്തെ വർണ്ണിപ്പാൻ കഴിയുന്നതെങ്ങിനെ? അതുകൊണ്ട് എല്ലാവിധത്തിലും അപരാധം ചെയ്യുവനായ എന്നെ കരുണാനിധിയായ ഭവാൻ രക്ഷിക്കുക. ശിവൻ പറഞ്ഞു— ഹേ സുന്ദര! പഞ്ചപാതകനാശിനിയായ ഈ പഞ്ചാക്ഷരമന്ത്രത്തെ ഗ്രഹിക്കുക. നീ എൻെറ ഭക്തനായതുകൊണ്ടാണ് ഞാൻ ഇതു തരുന്നത്. ഞാൻ ഭ്രാന്തനാണെന്നു നീ സഭയിൽവെച്ചു പറഞ്ഞില്ലെ? ആ വാക്കിനെത്തന്നെ ആദ്യത്തെ പദമായി എടുത്ത് എന്നെ സ്തുതിക്കുക. നിൻെറ വാക്കിന്നു യാതൊരു തടസ്ഥവും ഉണ്ടാവില്ല. നീ ഭൂപ്രദക്ഷിണം ചെയ്തുകൊണ്ട് എവിടെയെല്ലാം എൻെറ ക്ഷേത്രവും ലിംഗസ്വരൂപവും കാണുന്നുവോ അവിടെയെല്ലാം സ്തോത്രപ്രിയനായ എന്നെ സ്തുതിക്കുക. അവിടെയെല്ലാം ഞാൻ പ്രസന്നനായിട്ടു നിനക്കു ദർശനവുംതരാം. ഇങ്ങിനെ മഹേശ്വരൻ സുന്ദരന്നു പഞ്ചാക്ഷരമന്ത്രത്തെ ഉപദേശിച്ചു ബ്രഹ്മാദികളാൽകൂടി അറിയപ്പെടാത്തതായ ശൈവവിദ്യയേയും കൊടുത്തു. ശബ്ദബ്രഹ്മസ്വരൂപിണിയായ സരസ്വതീദേവി ആ സുന്ദരൻെറ നാവിന്മേൽ നൎത്തനംചെയ്തുകൊണ്ടിരുന്നു. ആ സുന്ദരൻെറ വാക്കുകളുടെ ലഹരി അമൃതനദിയെന്നപോലെ പ്രവഹിച്ചു. സുന്ദരൻ മഹാദേവങ്കൽനിന്നു വാഗ്വിഭൂതിയെ ലഭിച്ചിട്ട് ആ കമലാലയനാഥനെത്തന്നെ സ്തുതിച്ചു.

ഭ്രാന്തഃപ്രപഞ്ചവിജ്ഞാനാൽ
വിമലേന്ദുകലാധരം
മഹാന്തംദേവമീശാനം
മഹേശ്വരമഹംഭജേ.

ഭക്താഭയങ്കരംഭൎഗ്ഗം
ഭക്തിമാത്രേണസത്കൃതം

ഭവാനീസഹിതംദേവം
ഭാവയാമിസദാശിവം.

ഹംസകോടിപ്രതീകാശം
ഹംസവിജ്ഞാനമസ്തകം
ഹംസൈശ്ചപരമംസേവ്യഃ
ഹംസന്ത്യമുപാസ്മഹെ.

ദുഷ്ടരകാമശമനാ
സൽപൂജിതപദാംബുജം
കർപ്പൂരാലേപകൽഹാര-
സ്രഗ്ഭൂഷണമഹംഭജേ.

മുചുകുന്ദമഹീപാല
മുഖ്യഭക്ത്യുരരീകൃതം
മുക്തിപ്രദംമുമുക്ഷൂണാം
മുഗ്ധേന്ദുമുകടംഭജേ.

പുരാഭക്തിപരീക്ഷായൈ
ശ്രീമച്ചോളമഹീപതേഃ
കൃതാന്താംനർത്തകീകൃത്യ
ധേനുരൂപഃസ്വയംഭവാൻ.

അത്യുഭ്രമണവേഗേന
തൽപുത്രരഥവർത്മനി
ചക്രേനേമിഹതേവത്സ
ഘണ്ടാംഗോശൃംഗതാഡിതാം.

വിജ്ഞായമന്ത്രിഭിസ്സാർദ്ധം
സഭാഭാജിമഹീപതൌ
സമന്ത്രിബോധനാൽപുത്രം
രഥചക്രബലിംനിജം.

കർപ്പൂരജ്ജീവയൻവത്സം
സൽകുമാരംചയോദ്ദശാ
സമുത്ഥാപ്യസ്വപാദാഭാ
സൌഭാഗ്യംഭക്തിസംയുതം

താതപാദവിധിവിടംഖ്യാതം
ശരണംയാമിശാശ്വതം.

പ്രപഞ്ചവാസനയാൽ ഭ്രാന്തനായ ഞാൻ നിർമ്മലമായ ചന്ദ്രകലയെ ധരിച്ച മഹേശ്വരനെ നമസ്കരിക്കുന്നു.

ഭക്തന്മാർക്ക് അഭയപ്രദനായും സൂര്യമണ്ഡലമദ്ധ്യവർത്തിയായും ഭക്തിമാത്രത്താൽ സന്തോഷിക്കുന്നവനായും ഭവാനീസഹിതനായും ഇരിക്കുന്ന സദാശിവനെ ഞാൻ നമസ്കരിക്കുന്നു.

കോടിസൂര്യതുല്യപ്രകാശനായും സ്വസ്വരൂപജ്ഞാനത്തോടുകൂടിയവനായും പരമഹംസന്മാരാൽ സേവ്യനായും ഹംസത്തിന്റെ നൃത്തംപോലെയുള്ള നൃത്തത്തോടുകൂടിയവനായും ഇരിക്കുന്ന ദേവനെ നമസ്കരിക്കുന്നു.

എന്തുകൊണ്ടും തൃപ്തിപ്പെടാത്തതായ കാമത്തെ നശിപ്പിക്കുന്നവനായും സജ്ജനങ്ങളാൽ പൂജിക്കപ്പെട്ട പാദാരവിന്ദങ്ങളോടുകൂടിയവനായും കർപ്പൂരലേപനത്താലും കൽഹാരമാല്യത്താലും ഭൂഷിതനായും ഇരിക്കുന്ന ദേവനെ ഞാൻ നമസ്കരിക്കുന്നു.

മുചുകുന്ദരാജാവിന്റെ മുഖ്യഭക്തിയാൽ സ്വീകരിക്കപ്പെട്ടവനായും മോക്ഷേച്ഛുക്കൾക്കു മുക്തിപ്രദനായും മനോഹരമായ ചന്ദ്രക്കലയെ ധരിച്ചവനായും ഇരിക്കുന്ന ദേവനെ നമസ്കരിക്കുന്നു.

പണ്ടു ചോളരാജാവിന്റെ ഭക്തിയെ പരീക്ഷിപ്പാനായി ഭഗവാൻതന്നെ ധേനുസ്വരൂപമായി അന്തകനെ പശുക്കുട്ടിയാക്കി തുള്ളിക്കളിപ്പിച്ചു ചോളരാജാവിന്റെ പുത്രൻ തേരിൽകയറി ഒരു

ടിച്ചുകൊണ്ടുവരുമ്പോൾ ആ തേരിന്റെ ചക്രത്തിന്നിടയിൽ പശുക്കുട്ടി അകപ്പെട്ടു മരിക്കുകയും അതു കണ്ടു ധേനു ചോളരാജാവും മന്ത്രികളുംകൂടി സഭയിലിരിക്കുമ്പോൾ കൊമ്പുകൊണ്ട് അവിടെ കെട്ടിയിരുന്ന മണി അടിച്ചു. ഉടനെ രാജാവ് ആ സംഗതികളെല്ലാമറിഞ്ഞ് ആ ധേനുവിന്റെ സങ്കടനിവൃത്തിക്കുതന്റെ പുത്രനെ തേരിന്റെ ചക്രത്തിന്നിടയിലിട്ടു കൊന്നു. ആ സമയത്തു മരിച്ച പശുക്കുട്ടിയേയും രാജപുത്രനേയും കൃപാദൃഷ്ടിയാൽ ജീവിപ്പിച്ചു രാജാവിന്നു പുത്രനേയും ദൃഢഭക്തിയേയും മററനേകസൌഭാഗ്യത്തേയും ദാനംചെയ്തു. അതിനാൽ വിധിവിടൻ എന്ന ഭവാന്നു പ്രസിദ്ധനാമവുമുണ്ടായി. ആ മഹേശ്വരനെ ഞാൻ നമസ്കരിക്കുന്നു. ഇങ്ങിനെ സുന്ദരൻ ത്യാഗേശ്വരനെ സ്തുതിക്കുമ്പോൾ ദേവകൾ പുഷ്പവൃഷ്ടി ചെയ്തു. ദേവദുന്ദുഭികളും ശബ്ദിച്ചു. അവിടെയുള്ള ബ്രാഹ്മണരെല്ലാം സുന്ദരനെ ശ്ലാഘിച്ചു. മഹേശ്വരൻ സുന്ദരനെ ഇങ്ങിനെ ആജ്ഞാപിച്ചു ഭൂതഗണങ്ങളോടുകൂടി മറയുകയും ചെയ്തു. ഇങ്ങിനെ വാഗൈശ്വര്യത്തെ ലഭിച്ചതിനാൽ സർവ്വജനപൂജ്യനായിട്ടു സുന്ദരൻ സകല ശൈവക്ഷേത്രങ്ങളിലും പോയി ശിവനെ സ്തുതിക്കുവാനായി പുറപ്പെട്ടു. ഈ അദ്ധ്യായത്തെ പഠിക്കുകയും കേൾക്കുകയും ചെയ്യുന്നവൻ മൂകനായിരുന്നാലുംകൂടി ഉത്തമമായ വാഗൈശ്വര്യം ലഭിക്കും.

എന്നു സ്കന്ദോപപുരാണത്തിൽ

ഏഴാമദ്ധ്യായം.

---

അനന്തരം വേദനിധിബ്രാഹ്മണന്റെ പുത്രിയായ കന്യക സർവ്വസുന്ദരനായ സുന്ദരനെത്തന്നെ ഭർത്താവായി ലഭിക്കുവാൻ കമലാലയനാഥനെ തപസ്സുചെയ്തു. സുന്ദരനാവട്ടെ ചിദംബരസഭാനാഥനെ ദർശിക്കുവാനായി പുറപ്പെട്ടു. പുണ്യകളായ നദികളെല്ലാം കടന്നു സിദ്ധവടം എന്ന സ്ഥലത്തെ പ്രാപിച്ചു.

അവിടെ സന്ധ്യയെ വന്ദിച്ചു മുനികളുടെ ഒരു പൎണ്ണശാല കണ്ടു. വഴി നടന്ന ക്ഷീണത്താൽ അതിൽ പോയി കിടന്നുറങ്ങി. അപ്പോൾ ഒരാൾ വന്നു സുന്ദരന്റെ ശിരസ്സിൽ ഇടത്തെ കാൽകൊണ്ടു ചവുട്ടി. ഉടനെ സുന്ദരൻ ഉണൎന്ന് ആരാണ് ചവുട്ടിയതെന്നു നോക്കുമ്പോൾ ത്രിലോചനനായും നീലകണ്ഠനായും വ്യാഘ്രചൎമ്മധരനായും ഇരിക്കുന്ന അത്ഭുതവൃദ്ധനെ കണ്ടു. സുന്ദരൻ സംഭ്രമത്തോടെ ഭക്തികൊണ്ട് ആനന്ദാശ്രുക്കൾ നിറഞ്ഞ നേത്രങ്ങളോടുകൂടി പ്രഭാതംവരേയും സ്തുതിച്ചു. അനന്തരം സുന്ദരൻ പ്രഭാതസന്ധ്യയെ വന്ദിച്ചു പണ്ടു വാമനമൂൎത്തിയാൽ പൂജിതമായ ശങ്കരക്ഷേത്രത്തിൽ പോയി അവിടെയും മഹേശനെ സ്തുതിച്ച് ആ ദേവന്റെ പ്രസാദത്തേയും ലഭിച്ചു രണ്ടുമൂന്നു വിളിപ്പാടു ദൂരമുള്ള പുണ്ഡരീകപുരത്തേക്കു പോയി. സ്വൎഗ്ഗതുല്യമായിരിക്കുന്ന ആ ദിവ്യപുരം വെള്ളികൊണ്ടുള്ള സോപാനങ്ങളാലും നീലരത്നവേദികകളാലും പൎവ്വതശിഖരങ്ങളെപ്പോലെയുള്ള രത്നസ്തംഭങ്ങളാൽ ശോഭിതങ്ങളായ പ്രാസാദങ്ങളാലും മേഘമാൎഗ്ഗത്തെ സ്പൎശിക്കുന്നതുകളായ വൃഷഭക്കൊടികളാലും അലങ്കരിക്കപ്പെട്ട വീഥികളാലും ഭൂഷിതമായി വീണാവാണമൃദംഗങ്ങളുടെ ധ്വനികളാൽ ദിക്കുകളെല്ലാം ശബ്ദായമാനങ്ങളായും അപ്സരസ്ത്രീകളെപ്പോലെയുള്ള സ്ത്രീരത്നക്കൊടികളാൽ ശോഭിതമായും നാനാവൃക്ഷങ്ങളാലും വാഴകളാലും നിബിഡങ്ങളായ ഉപവനങ്ങളാൽ ശോഭിതമായും പത്മ, കൽഹാര, കുമുദ, ഉല്പല, പുഷ്പങ്ങളാൽ ശോഭിതമായും അതിനിൎമ്മലജലപൂരിതങ്ങളുമായ അനേകവാപികളാൽ ശോഭിതമായും ചതുരംഗസൈന്യങ്ങളാൽ അലംകൃതമായും ശൈവദീക്ഷാവിധിജ്ഞന്മാരായ മൂവ്വായിരം ബ്രാഹ്മണരുടെ ഗൃഹങ്ങളാൽ ശോഭിതമായും പുണ്യഗന്ധികളായ ഹവിസ്സ്, ആജ്യം ഇവകളാൽ ഉത്ഥിതമായ അഗ്നിഹോത്രാഗ്നിയുടെ ധൂമത്താൽ പാവനമായും ബ്രഹ്മഘോഷത്താൽ നിറഞ്ഞതായും അതാതു ജാതിധൎമ്മങ്ങളാൽ സേവിതമായുമിരിക്കുന്നു. സുന്ദരൻ സന്തുഷ്ടമാനസനായി ആ ചിദംബരപുരത്തെ പ്രവേശിച്ചു. അവിടെയുള്ളവരെല്ലാവരും

സുന്ദരനെ പൂജിച്ചു. സുന്ദരൻ ശിവഗംഗയിൽ സ്നാനംചെയ്തു ഭസ്മരുദ്രാക്ഷങ്ങളാൽ അലംകൃതനായിട്ടു പൂജാദ്രവ്യങ്ങളെ എടുത്തുകൊണ്ടു കനകസഭയിലേക്കു പോയി. സൂൎയ്യകോടിതുല്യമായും അനേകം രത്നസ്തംഭങ്ങളാൽ ശോഭിതമായും ദേവകളാലും മുനിഗണങ്ങളാലും സേവിതമായും ദൎശനമാത്രംകൊണ്ടു മുക്തിദായിനിയായും ഇരിക്കുന്ന ആ സഭയിൽ ഭക്താഗ്രഗണ്യന്മാരായ പതഞ്ജലി, വ്യാഘ്രപാദൻ, അഗസ്ത്യൻ, നാരദൻ, തുംബുരു, കണ്വൻ, ഭാൎഗ്ഗവൻ മുതലായ മുനിമാരേയും ഇന്ദ്രൻ മുതലായ ദിക്പാലന്മാരേയും നന്ദി മുതലായ ഭൂതഗണങ്ങളേയും പുരത്തെ രക്ഷിച്ചുകൊണ്ടിരിക്കുന്ന വിഷ്ണുവിനേയും ബ്രഹ്മാവിനേയും കണ്ടു. സുന്ദരൻ ദ്വാരദേശത്തിലുള്ള ഗണേശനെ പൂജിച്ചു സ്കന്ദമൂൎത്തിയേയും നമസ്കരിച്ചു നന്ദി മുതലായവരോടു സമ്മതംവാങ്ങി സഭയുടെ അകത്തേക്കു പോയി. മായയാകുന്ന തിരശ്ശീലയുടെ അന്തൎഭാഗത്തിൽ പഞ്ചാക്ഷരമയമാകുന്ന പീഠത്തിൽ പാൎവ്വതീദേവിയോടുകൂടി പ്രകാശിച്ചുകൊണ്ടിരിക്കുന്ന സഭാപതിയെ വന്ദിച്ചു. ശ്രീരുദ്രമന്ത്രങ്ങളാലും ശൈവസൂക്തങ്ങളാലും നടേശപരനെ നമസ്കരിച്ച് ഇങ്ങിനെ സ്തുതിച്ചു.

സതേനമശ്ചിതേനമസ്സദാമൃതാത്മനേനമ-
സ്സുതശ്ചസാക്ഷിണേനമസ്സഭാധിപായതേനമഃ

അരൂപിണേചരൂപിണേനിരൂപണാതിഗായതെ
കപാലിനേകപാലിനേകപൎദ്ദിനേനമോനമഃ.

നമോഹരായജാഹ്നവീധരായചന്ദ്രമൗലയേ
ത്രിലോചനായതേനമസ്ത്രയീമയായശംഭവേ

അരാളനാളകാളകൂടനീലകണ്ഠകാന്തയെ
കപാലമാലിനേനമഃകരീന്ദ്രചൎമ്മധാരിണേ.

നമശ്ശിവായശംഭവേനമസ്ത്രിശൂലധാരിണേ
മനോജഗൎവ്വഹാരിണേമഹോക്ഷകേതവേനമഃ

ദിഗംബരായതേനമശ്ചിദംബുരാശയേനമഃ
സ്വയംഭുവേസദാനമശ്ചിദംബരായതേനമഃ.

നമസ്സ്വർണ്ണസംസദേനമസ്സഭേശ്വരായതേ
നമോസ്തുഭൂതസംസദേനമോഗണായയോഗിനാം

നമോഗിരീന്ദ്രജാപതേനമോഹിരണ്യബാഹവേ
നമോസ്തുചേതസസ്പതേനമോനമശ്ശിവായതേ.

പുണ്ഡരീകസ്രജന്നൌമി
പുണ്ഡരീകാസനാർച്ചിതം
പുണ്ഡരീകാജിനധരം
പുണ്ഡരീകാക്ഷനായകം.

പുണ്ഡരീകഗജാരാദ്ധ്യം
പുണ്ഡരീകമുനിസ്തുതം
പുണ്ഡരീകപുരീനാഥം
പുരാരിംപ്രണമാമ്യഹം.

മഹാദേവമഹാനൃത്ത
മഹാഡംബരസാക്ഷിണിം
മഹാദേവതനംവാമാം
ശിവകാമമഹാംഭജേ.

സത്തായും ചിത്തായും ആനന്ദമായും ഇരിക്കുന്ന ദേവനെ നമസ്കരിക്കുന്നു.

സൎവ്വസാക്ഷിഭൂതനായ കനകസഭാപതിക്കു നമസ്കാരം.

രൂപമില്ലാത്തവനായും രൂപമുള്ളവനായും മനസ്സിന്ന് അഗോചരനായും കപാലിയായും ബ്രഹ്മവിഷ്ണുരക്ഷകനായും കപൎദ്ദിയായും ഇരിക്കുന്ന ദേവനെ നമസ്കരിക്കുന്നു.

ഹരനായും ഗംഗാധരനായും ചന്ദ്രമൌലിയായും ത്രിലോച

നനായും വേദമയനായും ശംഭുവായും തണ്ടോടുകൂടിയ താമരപു ഷ്പത്തെപ്പോലെ ശോഭിക്കുന്ന കാളകൂടനീലകണ്ഠത്തോടുകൂടിയ വനായും ഗജചർമ്മധരനായും കപാലമാലിയായും ഇരിക്കുന്ന ദേ വനെ നമസ്കരിക്കുന്നു.

ത്രിശൂലധരനായും മന്മഥഗർവ്വനാശനനായും വൃഷഭദ്ധ്വജ നായും ഇരിക്കുന്ന ദേവനെ നമസ്കരിക്കുന്നു.

ദിഗംബരനായും ചൈതന്യസമുദ്രമായും സ്വയംഭുവായും ഇരിക്കുന്ന ചിദംബരേശ്വരന്നു നമസ്കാരം.

ഈ കനകസഭയെ ഞാൻ നമസ്കരിക്കുന്നു. സഭാപതിയേ യും നമസ്കരിക്കുന്നു. ഭൂതഗണങ്ങളേയും യോഗിഗണങ്ങളേയും നമസ്കരിക്കുന്നു.

ഗൌരീസഹിതനായും ഹിരണ്യബാഹുവായും മനഃപ്രവൃത്ത കനായും ഇരിക്കുന്ന സദാശിവനെ ഞാൻ പിന്നെയും പിന്നെ യും നമസ്കരിക്കുന്നു.

പത്മമാലയെ ധരിച്ചവനായും ബ്രഹ്മപൂജിതനായും വ്യാഘ്ര ചർമ്മധരനായും വിഷ്ണുസേവ്യനായും ഇരിക്കുന്ന ദേവനെ നമസ്ക രിക്കുന്നു.

പുണ്ഡരീകമെന്നു പേരായ ദിഗ്ഗജത്തിനാൽ ആരാധിക്കപ്പെ ട്ടവനായും വ്യാഘ്രപാദമുനിയാൽ സ്തുതിക്കപ്പെട്ടവനായും ചിദം ബരേശ്വരനായും ഇരിക്കുന്ന ദേവനെ നമസ്കരിക്കുന്നു.

മഹേശ്വരന്റെ മഹാനൃത്ത കോലാഹലത്തിന്നു സാക്ഷിഭൂ തയായും മഹേശ്വരന്റെ വാമാംഗമായും ഇരിക്കുന്ന ശിവകാമ ദേവിയെ ഞാൻ നമസ്കരിക്കുന്നു.

ഇങ്ങിനെ സുന്ദരൻ സ്തോത്രത്താൽ വാക്കിനെ സഫലമാ ക്കിക്കൊണ്ടിരിക്കുമ്പോൾ ഒരു അശരീരി വാക്കു കേട്ടു. ഹേ സുന്ദ

ര! നിൻെറ സ്തോത്രത്താൽ ഞാൻ സന്തുഷ്ടനായി. നിൻെറ വാക്കുകൾ അതിമനോഹരങ്ങളായിരിക്കുന്നു. നീ കമലാലയത്തിൽ പോയി എന്നെ ഇതുപോലെ സ്തുതിക്കുക. ഇങ്ങിനെ ആകാശവാണി അവസാനിച്ചപ്പോൾ സുന്ദരൻെറ ശിരസ്സിൽ സ്വൎണ്ണവൃഷ്ടിയുണ്ടായി. അതു കണ്ടു ദേവന്മാർതന്നെ വിസ്മിതന്മാരായി. മനുഷ്യരുടെ കഥ പറയേണ്ടതില്ലല്ലോ. അവിടെയുള്ളവരെല്ലാം സുന്ദരനെ സാക്ഷാൽ സദാശിവനാണെന്നു വിചാരിച്ചു നമസ്കരിച്ചു. സുന്ദരൻ അചിന്ത്യശക്തിമാനായ ദേവൻെറ സങ്കല്പവൈഭവത്തെ അറിഞ്ഞിട്ട് അഹങ്കാരമാകുന്ന ഇരുട്ടിൽ പ്രവേശിച്ചില്ല. മഹേശ്വരന്ന് അജ്ഞാനിയായ എന്നിൽ ഇത്ര പ്രസാദമുണ്ടായത് എങ്ങിനെയാണെന്നു വിചാരിച്ചു പിന്നെയും ആ മഹേശ്വരങ്കൽ ദൃഢഭക്തിയെ ചെയ്തു. ശിവാജ്ഞാകരനായ സുന്ദരൻ കനകസഭയേയും വ്യാഘ്രപാദൻ മുതലായ മുനികളേയും നന്ദി മുതലായ ഗണങ്ങളേയും ശിവഭക്തന്മാരേയും സഭാപതിയേയും ശിവകാമദേവിയേയും നമസ്കരിച്ചു പുറപ്പെട്ടു. തൻെറ പിന്നാലെ അനുഗമിക്കുന്ന ബ്രാഹ്മണരെ നമസ്കരിച്ചു മടക്കി അയച്ച് ഉത്തരകാവേരിയെ കടന്നു ബ്രഹ്മപുരത്തേക്കു പോയി. ആ ബ്രഹ്മപുരിയിൽ സ്കന്ദമൂൎത്തിയുടെ വേറെ ഒരു ദേഹമെന്നപോലെയുള്ളവനായ ജ്ഞാനസംബന്ധൻ എന്നു പേരായ ബാലൻ ഗൌരീദേവിയുടെ മുലപ്പാലാകുന്ന അമൃതത്തെ പാനം ചെയ്കതിനാൽ സരസ്വതീദേവിയെ നാവിന്മേൽ നൎത്തനം ചെയ്യിച്ചു. അത്ര മഹത്വമുള്ള ജ്ഞാനസംബന്ധൻെറ പാദാരവിന്ദങ്ങളിലുള്ള പൊടികളാൽ പരിശുദ്ധമാൎഗ്ഗമായ ഈ പുരിയെ എൻെറ കാൽകൊണ്ടു ചവിട്ടുന്നതു യുക്തമല്ലെന്നു നിശ്ചയിച്ചു സുന്ദരൻ ആ പുരിയിലേക്കു കടക്കാതെ ദൂരത്തു നിന്നുതന്നെ മഹേശ്വരനെ സ്തുതിച്ചു. അവിടെ മഹേശ്വരൻ ഗൌരിയോടുകൂടി പ്രത്യക്ഷനായി സുന്ദരനെ അനുഗ്രഹിച്ചു. അനന്തരം സുന്ദരൻ മഹേശ്വരനോട് അനുവാദം വാങ്ങി തെക്കെ ദിക്കിലേക്കു പോയി. ചോളരാജ്യത്തിൻെറ സൌഭാഗ്യത്തെ കണ്ടുകൊണ്ടു ശിവസ്ഥലങ്ങളാൽ അലങ്കൃതമായ കാവേരീതീരത്തിൽ എത്തി. ക

വേരപുത്രിയായ ആ പുണ്യനദിയിൽ ഇറങ്ങീട്ടു സുന്ദരൻ നാലു ഭാഗവും നോക്കി വളരെ സന്തോഷിച്ചു. പത്മോല്പലകൽഹാരങ്ങളുടെ സൌരഭ്യത്താൽ വാസിതയായും കർപ്പൂരധവളമായ മണൽതിട്ടുകളോടുകൂടിയതായും അനേകവൃക്ഷങ്ങളാലും വാഴകളാലും നിറഞ്ഞതായ ഉപവനങ്ങളോടുകൂടിയതായും ആദിത്യന്റെ രഥാശ്വങ്ങളുടെ കുളമ്പുകൾ തട്ടി പൊളിഞ്ഞതായ നാളികേരങ്ങളോടുകൂടിയ തെങ്ങുകളാൽ നിബിഡമായും ഉഷ്ണകാലത്തിൽകൂടി രണ്ടുകരകളോടൊപ്പം പ്രവാഹമുള്ളതായും അപ്സരസ്ത്രീകളുടെ പദ്മതുല്യങ്ങളായ സ്തനസ്പർശത്താൽ വ്യാകുലങ്ങളായ തിരമാലകളോടുകൂടിയതായും സ്നാനം ചെയ്യുന്ന ചോളസ്ത്രീകളുടെ നാഭികളാൽ ആകൃഷ്ടമായ പ്രവാഹത്തോടുകൂടിയതായും ചോളരാജാവിന്റെ മതംഗജങ്ങളുടെ മദജലത്താൽ ഭൂഷിതയായും രണ്ടുകരകളിലും ഉള്ള വൃക്ഷങ്ങളാൽ സൂര്യകിരണങ്ങളെ മറയ്ക്കപ്പെട്ടതായും ഹംസം മുതലായ പക്ഷികളുടെ മനോഹരശബ്ദത്താൽ വ്യാപിതമായ ദിക്കുകളോടുകൂടിയതായും തീരങ്ങളിലുള്ള ആശ്രമങ്ങളിൽ ഘോഷിക്കുന്നതായ മുനിഗണങ്ങളുടെ വേദാന്തധ്വനിയാൽ പാവനയായും യാഗം ചെയ്യുന്ന ബ്രാഹ്മണരുടെ യാഗശാലയിൽ ഉള്ള യൂപസ്തംഭങ്ങളാൽ ശോഭിതയായും യോഗനിദ്രയിൽ ആസക്തനായ ശ്രീരംഗനാഥന്നു മാലയായും സമുദ്രമഹിഷിയായും ഇരിക്കുന്ന കാവേരീമഹാനദിയെ കടന്നു ശിവക്ഷേത്രങ്ങളിലെല്ലാം പോയി മഹേശ്വരനെ സ്തുതിച്ചു. മായൂരം, മദ്ധ്യാർജ്ജുനം, കുംഭകോണം, ശ്രീകാഞ്ചീപുരം, പഞ്ചനദം എന്നിങ്ങിനെയുള്ള ദിവ്യക്ഷേത്രങ്ങളിലെല്ലാം സുന്ദരൻ മഹേശ്വരനെ സേവിച്ചിട്ടു ശ്രീത്യാഗനാഥക്ഷേത്രമായ കമലാലയത്തിലേക്കുതന്നെ പോയി.

എന്നു സ്കാന്ദപുരാണത്തിൽ

എട്ടാമദ്ധ്യായം

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളെ! ഇനി സുന്ദരന്റെ അത്ഭുതമായ വേറെ ഒരു ചരിത്രത്തെ കേൾക്കുവിൻ. ഇതു സൎവ്വലോകപ്രസിദ്ധമാണ്. സൎവ്വപാപഹരവുമാണ്. മഹേശ്വരൻ പ്രസന്നനായാൽ പിന്നെ മനുഷ്യൎക്കു ദുൎല്ലഭമായിട്ടേതൊന്നുള്ളത്? എന്നാലും ഭക്തന്മാർ ഭക്തിയെ ഒഴിച്ചു മറ്റൊന്നും ആഗ്രഹിക്കുന്നില്ല. അവിനാശിയെന്നു ജഗൽപ്രസിദ്ധമായ ഒരു ശിവസ്ഥലമുണ്ട്. അവിടെ ശിവഭക്തന്മാരാൽ അലംകൃതമായ ഒരു അഗ്രഹാരമുണ്ട്. ആ അഗ്രഹാരത്തിൽ സ്നേഹിതന്മാരായ രണ്ടു ബ്രാഹ്മണർ അടുത്ത ഗൃഹങ്ങളിൽ വസിച്ചിരുന്നു. ആ മഹാത്മാക്കൾക്കു രണ്ടാൾക്കും ഒരേമാസത്തിൽതന്നെ പുത്രന്മാരുണ്ടായി. ആ ബാലന്മാൎക്കു ബാല്യത്തിൽതന്നെ രാമലക്ഷ്മണന്മാൎക്കെന്നപോലെ അന്യോന്യം സ്നേഹമുണ്ടായി. ആ ശിശുക്കൾ രണ്ടാൾക്കും ചൌളകൎമ്മം കഴിഞ്ഞു. രണ്ടാളും ഒരുമിച്ചു കളിച്ചുകൊണ്ട് അങ്ങുമിങ്ങും നടക്കുമ്പോൾ കാലഗതികൊണ്ട് ഒരു സരസ്സിന്റെ വക്കത്തു ചെന്നു. ബാല്യചാപല്യത്താൽ താമരപ്പൂവിനെ പറിപ്പാനായി അവരിൽ ഒരു കുട്ടി ജലത്തിലിറങ്ങി. ഒരു കുട്ടി പേടിച്ചു കരയിൽതന്നെ നിന്നു. ജലത്തിലിറങ്ങിയ കുട്ടിയെ ഒരു മുതല പിടിച്ചു താഴ്ത്തിക്കളഞ്ഞു. കരയിൽ നില്ക്കുന്ന കുട്ടി കരഞ്ഞുകൊണ്ട് അമ്മയുടെ അടുക്കെ ചെന്നു മറ്റെ കുട്ടി ജലത്തിൽ മുങ്ങിപ്പോയെന്നു പറഞ്ഞു. ആ സ്ത്രീ ജലത്തിൽ മുങ്ങിയ കുട്ടിയുടെ അച്ഛനമ്മമാരോടു പറഞ്ഞു. അവർ ആ ഗ്രാമവാസികളേയെല്ലാം കൂട്ടി സരസ്സിലിറങ്ങി വൈകുന്നേരംവരെ തപ്പിനോക്കി. കുട്ടിയെ കാണാതെ ഗ്രാമവാസികളെല്ലാം ശോകാകുലന്മാരായി മടങ്ങിപ്പോയി. ഏകപുത്രന്മാരായ മാതാപിതാക്കൾ ശോകസന്തപ്തന്മാരായിട്ടുതന്നെ കാലം കഴിച്ചുകൊണ്ടിരുന്നു. ഇങ്ങിനെ രണ്ടു സംവത്സരം കഴിഞ്ഞപ്പോൾ ഒരു ദിവസം സുകൃതിസുന്ദരനായ സുന്ദരൻ വേദസാരമായ ഗീതയെ അദ്ധ്യയനംചെയ്തുകൊണ്ടു ത്ര്യംബകശാസനനാൽ ഓരോ ശിവസ്ഥലങ്ങളിൽ സഞ്ചരിച്ചുകൊണ്ട് അവിനാശിക്ഷേത്രത്തിൽ വന്നു. അപ്പോൾ മരിച്ച കുട്ടിയുടെ സ്നേഹിതനായ ബാലന്ന് ഉപനായ

നാചെയ്തു മരിച്ചു കുട്ടിയുടെ മാതാവിനെ തന്റെ മാതാവിനെപ്പോലെ നമസ്കരിച്ചു. അപ്പോൾ ആ സ്ത്രീ ആ കുട്ടിയോടു തുല്യവയസ്സായ തന്റെ പുത്രനെയോർത്ത് എന്റെ പുത്രനുണ്ടെങ്കിൽ അവനും ഉപനയനം കഴിയില്ലേ? എന്നു വിചാരിച്ച് ഉറക്കെ കരഞ്ഞു. ഇങ്ങിനെ കരയുമ്പോൾ സുന്ദരൻ ശിവക്ഷേത്രത്തിൽ മഹേശ്വരനെ നമസ്കരിച്ചു സ്തുതിച്ചു ബ്രാഹ്മണരോടുകൂടി വീഥിപ്രദക്ഷിണമായി വരുമ്പോൾ കരച്ചിൽ കേട്ട് അവിടെത്തന്നെ നിന്നു. ഇതെന്താണെന്നു ബ്രാഹ്മണരോടു ചോദിച്ചു. അവർ പൂർവ്വവൃത്താന്തമെല്ലാം പറഞ്ഞു. ഉടനെ സുന്ദരൻ ആ സ്ത്രീയോടു കരയാതിരിപ്പാൻ പറഞ്ഞു കുളത്തിന്റെ വക്കത്തു ചെന്നുനിന്നു മഹേശ്വരനെ സ്തുതിച്ചു. അപ്പോൾ മഹേശ്വരാനുജ്ഞയാൽ മുതല ആ ബ്രാഹ്മണപുത്രനെ യാതൊരവയവങ്ങൾക്കും ഹാനി കൂടാതെ 'അതാതവയവങ്ങളിലുണ്ടായിരുന്ന ആഭരണങ്ങളോടുകൂടി ഛർദ്ദിച്ചു. അതുകണ്ടു ജനങ്ങളെല്ലാവരും സുന്ദരനെ മഹേശ്വരനാണെന്നു വിചാരിച്ചു.

സുന്ദരൻ എല്ലാ ശിവസ്ഥലങ്ങളിലും ഗൌരീസമേതനായ മഹേശ്വരനെ മാധുര്യവാക്കുകളാൽ സ്തുതിച്ചു മഹേശ്വരന്റെ പ്രസാദത്തെ ലഭിച്ചു കമലാലയത്തിൽതന്നെ മടങ്ങിവന്നു ത്യാഗേശ്വരന്റെ സന്നിധിയിൽനിന്നു ദേവനെ നമസ്കരിച്ചു സ്തുതിപ്പാനാഗ്രഹിച്ചു. അപ്പോൾ അവിടെയുള്ളവരെല്ലാം സുന്ദരനോടു സ്വാഗതം ചോദിച്ചു. സുന്ദരനു ത്യാഗേശനെ കണ്ടപ്പോൾ ചന്ദ്രോദയം കണ്ട സമുദ്രതരംഗങ്ങളെന്നപോലെ സുന്ദരവാക്കുകൾ വർദ്ധിച്ചുതുടങ്ങി. ഉടനെ മഹേശ്വരനെ സ്തുതിക്കുവാൻ തുടങ്ങി. ഹേ മഹേശ്വര! പണ്ടൊരു കല്പത്തിൽ ദേവന്മാർ അസുരന്മാരോടു തോററതിനാൽ ശംഖ, ചക്ര, ഗദാ, ധരനായ വിഷ്ണുവിനെ ശരണം പ്രാപിച്ചു. വിഷ്ണു ഗരുഡാരൂഢനായിട്ട് അസുരന്മാരോടു യുദ്ധത്തിന്നു പുറപ്പെട്ടു. ദേവന്മാരും അസുരന്മാരും കൂടി വലുതായ യുദ്ധമുണ്ടായി. ആ യുദ്ധത്തിൽ അസുരന്മാർ വിഷ്ണുവിന്റെ നന്ദകം എന്നു പേരായ വാളിനാൽ ഛിന്നമസ്തകന്മാരായും ഗദകൊണ്ടു ഒടിഞ്ഞ കൈകളോടുകൂടിയവരായും ശാർങ്ഗ

ചാപധ്വനിയാൽ മൂർച്ഛിതന്മാരായും ചക്രതേജസ്സിനാൽ ദഹിച്ചവരായും ഭവിച്ചു. അതുമാത്രമല്ല ഗരുഡന്റെ പക്ഷവായുവിനാൽ ഉണങ്ങിയ ഇലകളെ പാറ്റിക്കുന്നതുപോലെ സകലദൈത്യരേയും പാറ്റിച്ചുകളഞ്ഞു. ഇങ്ങിനെ സങ്കടപ്പെട്ടവരായ അസുരന്മാർ പേടിച്ച് ഓട്ടംതുടങ്ങി. അവർ രക്ഷയ്ക്കായി ഭൃഗുമുനിയുടെ ആശ്രമത്തിൽ ചെന്നു. അവിടെ മുനിയെ കണ്ടില്ല. ഗർഭിണിയായിരിക്കുന്ന ഭൃഗുപത്നിയെ ശരണംപ്രാപിച്ചു. ആ സ്ത്രീ അവർക്ക് അഭയം കൊടുത്തു. അവർ ആശ്രമത്തിന്റെ അകത്തു്പായിരിക്കുകയും ചെയ്തു. വിഷ്ണുവാകട്ടെ ദൈത്യസൈന്യത്തേയും സേനാപതികളേയും കാണാത്തതിനാൽ അവരെ തിരഞ്ഞു പുറപ്പെട്ടു. ദൈത്യന്മാർ എവിടേയാണ് ഒളിച്ചിരിക്കുന്നതെന്നറിവാനായി ദേവന്മാർ അഗ്നിയെ അയച്ചു. അഗ്നി സകല വൃത്താന്തവും ദേവന്മാരോടറിയിച്ചു. അതുകേട്ടു വിഷ്ണു തന്നെ ശരണംപ്രാപിച്ചവരായ ദേവകളെ രക്ഷിക്കുവാൻവേണ്ടി ഗരുഡാരൂഢനായിട്ടു ഭാർഗ്ഗവാശ്രമത്തിലേക്കു പോയി. ആശ്രമത്തിൽ വന്നു വിഷ്ണുവിനെ കണ്ടു ഭൃഗുപത്നി അർഘ്യപാദ്യാദികളാൽ പൂജിച്ചു സ്വാഗതവും ചോദിച്ചു. പിന്നെ ഭൃഗുപത്നി മധുരമായി ഇങ്ങിനെ പറഞ്ഞു. ഹെ വിഷ്ണോ! വളരെ കാലം ആഗ്രഹിച്ചിരിക്കുന്ന ദരിദ്രനു നിധി കിട്ടിയതുപോലെ ഭവാനെ കണ്ടതുകൊണ്ടു ഞാൻ ഏറ്റവും സന്തുഷ്ടയായി. ഹേ ശ്രീപതേ! ഞാൻ ഭവാനെ നമസ്കരിക്കുന്നു. ഭക്തവത്സലനായ ഭവാൻ ഭക്തയായ എന്നിൽ പ്രസാദിക്കണേ. ഭവാൻ ആദിമദ്ധ്യാന്തരഹിതനാണ്. സൃഷ്ടി, സ്ഥിതി, സംഹാരങ്ങളെ ചെയ്യുന്നവനുമാണ്. ബ്രഹ്മാദികൾകൂടി ഭവാനെ അറിയുന്നില്ല. ഭവാൻ വേദവാക്കുകളാൽ സ്തുത്യനാണ്. ഇനിക്കു ഭവാനെ കാണുവാൻ സംഗതിവന്നത് എന്റെ ഭാഗ്യംകൊണ്ടും ഭൃഗുമുനിയുടെ തപസ്സുകൊണ്ടുമാണ്. മഹാത്മാക്കൾ പുഷ്പംകൊണ്ടോ ഫലംകൊണ്ടോ അർച്ചിച്ചാലും പ്രസാദിക്കുന്നു. അതുകൊണ്ടു ഹേ ദേവ! എന്നെ അനുഗ്രഹിക്കുക. ഭവാൻ ഇവിടെ വന്നതിനുള്ള കാരണം എന്താ

ണെന്ന് അമൃതതുല്യമായ വാക്കുകൊണ്ട് എന്നെ അനുഗ്രഹി ക്കുക. ഇങ്ങിനെ ഭൃഗുപത്നിയുടെ പ്രാൎത്ഥനകേട്ട വിഷ്ണു ചി രിച്ചുകൊണ്ടു പറഞ്ഞു: ഹേ സാദ്ധ്വി! നിന്റെ പൂജയാൽ ഞാൻ പ്രസന്നനായി. ഞാൻ വന്നതിനുള്ള കാരണം പറ യാം. ദേവന്മാർ ദൈത്യന്മാരുടെ ഭയത്താൽ ശരണാഗതര ക്ഷകനായ എന്നെ ശരണംപ്രാപിച്ചു. അവരെ രക്ഷിപ്പാനാ യി ഞാൻ അസുരന്മാരെ കൊല്ലുവാൻ പുറപ്പെട്ടു. യുദ്ധംചെ യ്ത് അസുരന്മാരെ കൊല്ലുമ്പോൾ ചില ദൈത്യന്മാർ ഓടി കാ ട്ടിലേക്കുവന്ന് ഈ ആശ്രമത്തിൽ വസിക്കുന്നുണ്ടെന്ന് അ ഗ്നി പറഞ്ഞുകേട്ടു. നിന്റെ ഭൎത്താവു ദേവന്മാരേയല്ലെ യജി ക്കുന്നത്? അവർ നിന്നിൽ പ്രസന്നന്മാരായി ഭവിക്കും; അസു രന്മാർ എവിടേയാണ് ഒളിച്ചിരിക്കുന്നതു പറയുക. ഞാൻ അവരെ ചക്രംകൊണ്ടു കൊല്ലട്ടെ. ഇങ്ങിനെ വിഷ്ണു പറഞ്ഞ തുകേട്ടു ഭൃഗുപത്നി അധൎമ്മഭയംകൊണ്ട് ആശ്രമദ്വാരത്തെ മ റച്ചുനിന്നുകൊണ്ടു പറഞ്ഞു. ഹേ ആദിപുരുഷ! സജ്ജനങ്ങൾ ഭവാനെ സൎവ്വഭൂതങ്ങളിലും സമതയുള്ളവനാണെന്നല്ലേ പറ യുന്നത്. ഭവാനു ചിലർ പ്രിയന്മാരെന്നും ചിലർ അപ്രിയന്മാ രെന്നുമുള്ള ഭേദബുദ്ധിയില്ലല്ലോ. അതുമാത്രമല്ല ഭവാൻ ജഗ ത്തിന്നെല്ലാം ഗുരുവായി ധൎമ്മമാൎഗ്ഗത്തെ പ്രവൎത്തിപ്പിക്കുന്നവ നാണ്. അങ്ങിനേയുള്ള ഭവാൻ അന്യന്മാരുടെ പ്രേരണയാൽ പാപംചെയ്യാൻ ഉദ്യുക്തനായി ഭവിച്ചതെങ്ങിനെ? ദേവന്മാർ ഭവാനെ ശരണംപ്രാപിച്ചതുപോലെ ദൈത്യന്മാർ എന്നെ ശരണം പ്രാപിച്ചിരിക്കുന്നു. ശരണാഗതന്മാരെ ഉപേക്ഷിക്കു ന്നതിനേക്കാൾ വലുതായ പാപം മറെറാന്നുമില്ല. ഇതിന്ന് ഉദാഹരണമായി പണ്ടത്തെ ഒരു ഇതിഹാസമുണ്ട്. പണ്ടു ശിബിചക്രവൎത്തിയുടെ ധൎമ്മത്തെ പരീക്ഷിപ്പാനായി ഇന്ദ്രൻ മാടപ്രാവായും അഗ്നി ഒരു പരുന്തായി പ്രാവിനെ ഭക്ഷിപ്പാ നും പുറപ്പെട്ടു. പരുന്തിന്റെ ഭയത്തിനാൽ പ്രാവുചെന്നു ശി ബിചക്രവൎത്തിയെ ശരണം പ്രാപിച്ചു. അദ്ദേഹം ആ പ്രാ വിനെ രക്ഷിപ്പാനായി തന്റെ ദേഹത്തിലുള്ള മാംസമെല്ലാം

ആ പരുന്തിന്നുകൊടുത്തു ശാശ്വതമായ കീൎത്തി സമ്പാദിച്ചു. പ്രാണഭയം വന്നാൽക്കൂടി ശരണാഗതന്മാരെ ത്യജിക്കരുത്. ത്യജിക്കുന്നതായാൽ ചന്ദ്രസൂൎയ്യന്മാർ ഉള്ളവരെയും നരകം അനുഭവിക്കേണ്ടിവരും. അതുകൊണ്ട് എന്നെ ശരണംപ്രാപിച്ചവരായ ദൈത്യന്മാരെ ഞാൻ ത്യജിക്കുകയില്ല. ഭവാൻ വന്നവഴിക്കുതന്നെപൊയ്ക്കൊള്ളുക; അല്ലെങ്കിൽ എന്നെ ജയിച്ചിട്ടു ദൈത്യന്മാരെ ജയിക്കുക. ഇങ്ങിനെ പറഞ്ഞുകൊണ്ട് ആശ്രമദ്വാരത്തെ തടുത്തുനില്ക്കുന്ന പതിവ്രതയായ ഭൃഗുപത്നിയെ ദേവന്മാരുടെ പ്രേരണയാൽ വിഷ്ണു ചക്രംകൊണ്ടു കൊല്ലുകയുംചെയ്തു. അനന്തരം ആശ്രമത്തിൽ കടന്ന് അസുരന്മാരേയും കൊന്നു. അപ്പോൾ ദേവന്മാർ രക്ഷപ്പെട്ടു സ്വൎഗ്ഗലോകത്തിൽ പോയി സുഖമായി വസിച്ചു. അനന്തരം വലുതായ ഭ്രൂണഹത്യാ വിഷ്ണുവിന്റെ നേരെ ഓടി അടുത്തു. ആ ഭ്രൂണഹത്യയുടെ ശമനത്തിന്നായി വിഷ്ണു സകല ലോകങ്ങളിലും ഓടിക്കൊണ്ടിരുന്നു. അപ്പോൾ ഭൃഗുമുനി ആശ്രമത്തിൽ വന്നു വൃത്താന്തമെല്ലാമറിഞ്ഞു. തന്റെ തപശ്ശക്തികൊണ്ടും വിദ്യകൊണ്ടും പത്നിയെ ജീവിപ്പിച്ചു. പിന്നേയും അടക്കാൻ പാടില്ലാത്ത കോപത്തോടുകൂടി നിനക്കും ഭാൎയ്യാവിയോഗം സംഭവിക്കട്ടെ എന്നു വിഷ്ണുവിനെ ശപിച്ചു. ഭ്രൂണഹത്യയുടെ കൂടെ ഉഴലുന്ന വിഷ്ണുവിനെ കണ്ടിട്ടു ലക്ഷ്മി അതിന്റെ നിവൃത്തിക്കായി വിഷ്ണുവിനെ വിട്ടു കമലാലയത്തിൽ വന്നു മഹേശ്വരനെ ഭക്തിയോടുകൂടി പൂജിച്ചുകൊണ്ടിരുന്നു. വിഷ്ണു, ലക്ഷ്മിതന്നെ വിട്ടുപോയതിനാലും ഭ്രൂണഹത്യയാലും ആൎത്തനായിട്ടു മുനികളോടു ഭ്രൂണഹത്യ നശിപ്പാനും ലക്ഷ്മിയെ ലഭിപ്പാനും എന്താണ് ചെയ്യേണ്ടതെന്നു ചോദിച്ചു. അവരെല്ലാവരുംകൂടി വിഷ്ണുവിനേയും കൂട്ടിക്കൊണ്ടു ഭൃഗുമുനിയുടെ ആശ്രമത്തിൽ ചെന്ന് അദ്ദേഹത്തെ സന്തോഷിപ്പിച്ചു വിഷ്ണുവിന്റെ ഭ്രൂണഹത്യ നശിപ്പാനുള്ള പ്രായശ്ചിത്തമെന്താണെന്നു ചോദിച്ചു. അപ്പോൾ ഭൃഗുമുനി ശാന്തകോപനായിട്ടു വിഷ്ണുവിനോടുപറഞ്ഞു. ഹേ വിഷ്ണോ! എന്റെ ക്രോധം ശമിച്ചിട്ടില്ലെങ്കിൽ നൂ

നേകല്പകാലംകൊണ്ടും നിന്റെ ഭ്രൂണഹത്യ നശിക്കുന്നതല്ല. ദേവന്മാരും മുനികളും വന്നു പ്രാർത്ഥിച്ചതുകൊണ്ടാണ് എന്റെ ക്രോധം ശമിച്ചത്. അതു നിന്റെ ഭാഗ്യംതന്നെ. സജ്ജനങ്ങൾ അപരാധം ചെയ്യുവരോടു പ്രതിക്രിയ ചെയ്യുന്നില്ല. ദ്രോഹിച്ചവൻ സങ്കടപ്പെടുന്നതുകണ്ടാൽ മഹാന്മാർ അനുഗ്രഹിക്കുകയും ചെയ്യും. ഈ പാപത്തിന്നു പ്രായശ്ചിത്തമില്ല. എങ്കിലും ഞാൻ ഒന്നുപറയാം കേൾക്കുക. ശ്രീരുദ്രമഹാമന്ത്രത്തെ പന്ത്രണ്ടുകോടി ജപിച്ചു ക്ഷീരംകൊണ്ടു ശിവലിംഗത്തിൽ അഭിഷേകംചെയ്യുക, അതാണ് പ്രായശ്ചിത്തം; ദേഹമെല്ലാം ഭസ്മംകൊണ്ടു ലേപനംചെയ്തു ഭസ്മത്തിൽതന്നെ ശയിക്കുക. കമലാലയത്തിൽ പോയി സോമസുന്ദരമൂർത്തിയെ സേവിച്ചാൽ ലക്ഷ്മിയേയും ലഭിക്കും ഇങ്ങിനെ പറഞ്ഞു ഭൃഗുമുനി എല്ലാവരേയും അയച്ചു. അനന്തരം വിഷ്ണു ശ്രീരുദ്രമന്ത്രത്തെ ജപിച്ചുകൊണ്ടു കാമധേനുവിന്റെ ക്ഷീരധാരയാൽ ദിവ്യമായ മരതകലിംഗത്തിൽ അഭിഷേകംചെയ്തു. ഇങ്ങിനെ വളരെ ദിവ്യസംവത്സരങ്ങൾ കഴിഞ്ഞപ്പോൾ ഒരു അശരീരിവാക്കുണ്ടായി. നിന്റെ ഭ്രൂണഹത്യ നശിച്ചു. ഇനി ലക്ഷ്മിയെ ലഭിക്കും; വളരെ കാലം പൂജിച്ചതുകൊണ്ടു നീ ശ്രാന്തനായിരിക്കുന്നു. ഇനി എന്താണ് ആഗ്രഹിക്കുന്നത്. ഇങ്ങിനെ അശരീരിവാക്കുകേട്ടപ്പോൾ വിഷ്ണു ആ ദിക്കിനെനോക്കി തൊഴുതുംകൊണ്ടു പറഞ്ഞു. ഹേ ചന്ദ്രശേഖര! ഭവാനെ പൂജിച്ചതുകൊണ്ട് എന്റെ ഭ്രൂണഹത്യ നശിച്ചുവെങ്കിൽ ഭവാന്റെ സ്വരൂപത്തെ ഒന്നു പ്രത്യക്ഷമായി കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. പാപമുള്ളവർകൂടി ഭവാന്റെ യാതൊരുരൂപത്തെ ധ്യാനിച്ചു ത്രികരണജന്യങ്ങളായ സർവ്വപാപങ്ങളിൽനിന്നും മോചിക്കപ്പെടുന്നുവോ ആരൂപത്തെ എനിക്ക് ഒന്നു കാണിക്കുക. ഈ വരത്തെ ഭക്തവത്സലനായ ഭവാൻ എനിക്കുതരിക. ഇങ്ങിനെ വിഷ്ണു പറഞ്ഞപ്പോൾ അശരീരിവാക്കു പിന്നേയും കേട്ടു. ഹേ വിഷ്ണോ! ബ്രഹ്മാദികളായ ദേവഗണങ്ങളും അഗസ്ത്യൻ മുതലായ യോഗീന്ദ്രന്മാരും അനവധി യാഗങ്ങളെ ചെയ്തും അനവധി

ദാനങ്ങളെ ചെയ്തും എന്റെ ലിംഗമൂൎത്തിയെ പൂജിച്ചും തൃഷ്ണ കൊണ്ട് അപഹൃതചിത്തന്മാരായിട്ടു ചിത്തനിരോധമില്ലാത്തതിനാൽ എന്നെ കാണ്മാൻ സാധിക്കുന്നില്ല. ഹേ വിഷ്ണോ! എന്നെ കാണേണമെന്ന് ആഗ്രഹമുണ്ടെങ്കിൽ സൎവ്വഭോഗവിരക്തനായും ജിതേന്ദ്രിയനായും ലക്ഷ്മിയോടുകൂടി കോടിവൎഷം പാശുപതവ്രതത്തെ അനുഷ്ഠിക്കുക. ആ വ്രതം സമ്പൂൎണ്ണമാകുന്ന സമയത്തിൽ യോഗികൾക്കുകൂടി കാണ്മാൻ കഴിയാത്തതായ എന്റെ രൂപത്തെ കാണിച്ചുതരാം; ഇങ്ങിനെ അശരീരിവാക്ക് അവസാനിച്ചപ്പോൾ വിഷ്ണു പാശുപതവ്രതത്തെ ദീക്ഷിച്ചു. ദേഹത്തിലെല്ലാം ഭസ്മലേപനംചെയ്തു ജടാവല്ക്കലങ്ങളെ ധരിച്ചു പഞ്ചാക്ഷരമന്ത്രത്തെ ജപിച്ചുകൊണ്ടും ത്രികാലങ്ങളിലും ശിവാൎച്ചനം ചെയ്തുകൊണ്ടും ജലത്തിൽ ആകണ്ഠമഗ്നനായിട്ടു മഹേശ്വരനെ ഉദ്ദേശിച്ചു വ്രതത്തെ അനുഷ്ഠിച്ചു. ലക്ഷ്മിയാവട്ടെ ഭൎത്താവു ഭ്രൂണഹത്യയിൽനിന്നു മോചിതനായി എന്നറിഞ്ഞിട്ടു മഹേശ്വരാനുജ്ഞയാൽ ഭൎത്താവിന്റെ അടുക്കൽ ചെന്നു ശുശ്രൂഷിച്ചുകൊണ്ടിരുന്നു. ലക്ഷ്മി കമലാലയക്ഷേത്രത്തിൽ ഉള്ള വിചിത്രലിംഗത്തെ യാതൊരു ജവന്തീപുഷ്പങ്ങളെക്കൊണ്ട് അൎച്ചിച്ചിരുന്നുവോ ആ പുഷ്പങ്ങളാൽതന്നെ വിഷ്ണു ശിവനാമസഹസ്രത്തെക്കൊണ്ടു കൎപ്പൂരലേപനംകൊണ്ടും കൽഹാരമാല്യംകൊണ്ടും അലംകൃതമായ ശിവലിംഗത്തെ ഭക്തിയോടുകൂടി അൎച്ചിച്ചു. ഇങ്ങിനെ കോടിസംവത്സരം കഴിഞ്ഞപ്പോൾ ചന്ദ്രശേഖരൻ പ്രസന്നനായി വിഷ്ണുവിനാൽ അൎച്ചിതമായ കൎപ്പൂരലിംഗത്തിൽനിന്നു ശംഭു ഉമാദേവിയോടും സ്കന്ദമൂൎത്തിയോടുംകൂടി കൎപ്പൂരലേപനത്താൽ സുന്ദരശരീരനായും അതി സൌരഭ്യമുള്ള സൌഗന്ധികമാലയോടുകൂടിയവനായും വിഷ്ണുവിന്റെ മുമ്പിൽ പ്രത്യക്ഷനായിട്ടു വിഷ്ണുവിനെ അനുഗ്രഹിച്ചു.

എന്നു സ്കന്ദോപപുരാണത്തിൽ

ഒമ്പതാമദ്ധ്യായം.

വിഷ്ണു തന്റെ മുമ്പിൽ പ്രത്യക്ഷനായി നില്ക്കുന്ന സോമാസ്കന്ദമൂർത്തിയെ കർപ്പൂരകൽഹാരങ്ങളുടെ സൌരഭ്യത്താൽ വാസിതമായ ദിക്കുകളോടുകൂടിയവനായും തപ്തകാഞ്ചനതുല്യമായ ഉന്നത ജടാധരനായും മൃണാളധവളമായ ചെറിയ ചന്ദ്രകലയേയും ഗംഗയേയും സർപ്പത്തേയും ബ്രഹ്മകപാലമാല്യത്തെയും ധരിച്ചവനായും നെററിയിൽ കസ്തൂരീതിലകത്തെ ധരിച്ചവനായും പ്രകാശമുള്ള ജവന്തീപുഷ്പത്താലുള്ള കർണ്ണാഭരണത്താൽ പ്രകാശിതനായും കുങ്കുമതിലകംപോലെ പ്രകാശിക്കുന്നതായ വഹ്നിനേത്രത്തോടുകൂടിയവനായും മനോഹരമായ ചില്ലികളോടുകൂടിയവനായും കരുണാരസം നിറഞ്ഞതായ കടാക്ഷത്തോടുകൂടിയവനായും ഗണ്ഡസ്ഥലത്തിൽ പ്രതിഫലിക്കുന്നതായ ഗൌരീമുഖാംബുജത്തോടുകൂടിയവനായും ഉന്നതമായനാസികയോടുകൂടിയവനായും മുത്തുകൾപോലെയുള്ളദന്തങ്ങളോടുകൂടിയവനായും പവിഴത്തിന്നുതുല്യമായ അധരപല്ലവത്തോടുകൂടിയവനായും മുഖമാകുന്ന കണ്ണാടിയുടെ വാലുപോലെയുള്ള ചിബുകത്താൽ ശോഭിതനായും കാളകൂടത്തിന്റെ പ്രഭയോടു ഇടകലരുന്നതായ കണ്ഠത്തിലുള്ള കർപ്പൂരലേപനത്തോടുകൂടിയവനായും രത്നമോതിരങ്ങളാലും കടകം, കേയൂരം, വലയം, അംഗദം, പരശ്വധം, മൃഗം, അഭയം, വരമുദ്ര ഇവകളാൽശോഭിതങ്ങളായ ഭുജങ്ങളോടുകൂടിയവനായുംസുഗന്ധത്താൽ ഭ്രമിച്ചുകൊണ്ടു വരിയായിരിക്കുന്നവണ്ടുകളാൽ മനോഹരമായിരിക്കുന്ന സൌഗന്ധികമാല്യത്തോടുകൂടിയവനായും ഉമാദേവിയുടെ ഭുജത്താൽ ആശ്ലിഷ്ടമായ പിൻപുറത്തോടുകൂടിയവനായും കഴുത്തുയത്തിക്കൊണ്ടിരിക്കുന്ന സർപ്പങ്ങളുടെ മാണിക്യരത്നപ്രഭയാൽ ശോഭിതമായ നാഭിപ്രദേശത്തോടുകൂടിയവനായും ശുദ്ധമുത്തുമാലകളിലുള്ള രത്നപതക്കപ്രഭയാൽ മനോഹരമായ ഉദരത്തോടുകൂടിയവനായും ഉപവീതസർപ്പത്തിന്റെ നിശ്വാസത്താൽ മാഞ്ഞതായ ഭസ്മലേപനത്തോടുകൂടിയവനായും വ്യാഘ്രചർമ്മത്തെ ധരിച്ചവനായും രത്നനൂപുരങ്ങളാൽ അലംകൃതനായും വിളങ്ങിക്കൊണ്ടിരിക്കുന്ന സർപ്പരത്നപ്രഭയാൽ ചുകപ്പുവർണ്ണമായ പാദുകത്തോടുകൂടിയവനായും നമസ്കരിക്കുന്നവരുടെ അഹങ്കാരമാകുന്ന അ

ന്ധകാരത്തെ നശിപ്പിക്കുന്ന സൂൎയ്യപ്രഭപോലെയിരിക്കുന്നതായ പാദതലപ്രഭയോടുകൂടിയവനായും അന്തകന്റെ മാറിടമാകുന്ന പൎവ്വതത്തിന്നു വജ്രമെന്നതുപോലെയിരിക്കുന്ന നഖങ്ങളാൽ ശോഭിതമായും കൈവല്യകല്പകവൃക്ഷത്തിന്റെ പുതിയ പല്ലവം പോലെയിരിക്കുന്ന പാദങ്ങളോടുകൂടിയവനായും ഭക്തന്മാൎക്ക് അഭയപ്രദശബ്ദത്തെ ശബ്ദിക്കുന്നതായ കിങ്കിണികളാൽ ശോഭിതമായും സംസാരരോഗത്തിന്ന് ഔഷധമായ സ്മൃതിവൈഭവത്തോടുകൂടിയതായും പകുതി വിടൎന്ന താമരപ്പൂവിനോടു തുല്യമായും ഇരിക്കുന്ന പാദാരവിന്ദങ്ങളോടുകൂടിയവനായും രത്നസിംഹാസനസ്ഥിതനായും രമണീയരൂപനായും ഉത്തമജീവന്മാരായ ജ്ഞാനികളാൽ ചുററപ്പെട്ടവനായുമിരിക്കുന്ന മഹേശ്വരന്റെ വാമഭാഗത്തിൽ വസിക്കുന്നവളായും വിശാലാക്ഷിയായും സൎവ്വഭൂഷണഭൂഷിതയായും ഇരിക്കുന്ന ഗൌരീദേവിയേയും മഹേശ്വരന്റേയും ദേവിയുടേയും മദ്ധ്യത്തിൽ കളിച്ചുകൊണ്ടിരിക്കുന്ന കോമളസ്വരൂപനായ ബാലനേയും കാൽചിലമ്പുകൾ, കിങ്ങിണികൾ, കേയൂരം, കടകം, അംഗദം, വലയം, അംഗുലീയങ്ങൾ ഇവകളാൽ ഭൂഷിതനായും പുലിനഖങ്ങളാലുള്ള കണ്ഠാഭരണങ്ങളാൽ ശോഭിതനായും സൂൎയ്യസന്നിഭങ്ങളായ ആറു മുഖങ്ങളോടും പ്രകാശിക്കുന്ന ദന്തങ്ങളോടും അമൃതം പൊഴിയുന്നതായ അൎദ്ധവാക്കിനാലും മന്ദഹാസത്താലും മനോഹരങ്ങളായും അഞ്ജനയുക്തങ്ങളായും ലോലങ്ങളായുമുള്ള നേത്രങ്ങളോടും ദേവിയുടെ മുലപ്പാൽത്തുള്ളികളാൽ ഭൂഷിതങ്ങളായ വിദ്രുമാധരങ്ങളോടും വിഭ്രമത്തോടുകൂടിയ ചില്ലികളോടും കസ്തൂരീതിലകത്തോടും ചൂഡാമണിയോടുകൂടിയ നീലകുന്തളങ്ങളോടും തൂങ്ങിക്കിടക്കുന്ന രത്നങ്ങളാൽ ശോഭിതമായ അളകപ്രദേശത്തോടും സൌരഭ്യമുള്ള ശ്വാസങ്ങളാൽ മനോഹരമുഖാരവിന്ദങ്ങളോടുകൂടിയും കണ്ടിട്ട് ആനന്ദഭരിതനായ വിഷ്ണു മഹേശ്വരന്റെ പാദങ്ങളിൽ നമസ്കരിച്ചു. അനേകനമസ്കാരം ചെയ്തു വളരെ സ്തുതിച്ചു ലക്ഷ്മിയോടുകൂടി തൊഴുതുകൊണ്ടു മഹേശ്വരന്റെ ശിരസ്സിൽ മയിൽപീലികളാൽ നിൎമ്മിതമായ കുട പിടിച്ചു. വെഞ്ചാമരങ്ങളെക്കൊണ്ടു

ലക്ഷ്മി വീശുവാൻ തുടങ്ങി. വിഷ്ണു ആനന്ദഭരിതനായിട്ടു പാഞ്ച
ജന്യമായ ശംഖത്തെ എടുത്തു വിളിച്ചു. മഹേശ്വരനെ തന്റെ
മുമ്പിൽ കണ്ടതുകൊണ്ടു വിഷ്ണുവിന്നു യാതൊരാനന്ദമുണ്ടായയൊ
ആ ആനന്ദത്തിന്റെ ലേശമാത്രത്തോടെങ്കിലും ബ്രഹ്മാനന്ദത്തി
ന്നു തുല്യത ഉണ്ടാവില്ല. അനന്തരം പ്രസന്നനായ മഹേശ്വരൻ
വിനയത്തോടെ നമസ്കരിച്ചു തൊഴുതുകൊണ്ടു നില്ക്കുന്ന വിഷ്ണുവി
നോടു പറഞ്ഞു. ഹെ വിഷ്ണോ! നിന്റെ ഭ്രൂണഹത്യ നശിച്ചു, ല
ക്ഷ്മിയോടു ചേരുകയും ചെയ്തു. ഈ വ്രതാനുഷ്ഠാനംകൊണ്ട് ഇ
പ്പോൾ എന്നോടു തുല്യതയും ലഭിച്ചു. മുമ്പെത്തെപ്പോലെ ത്രി
ലോകാധിപത്യവും ഭവിക്കട്ടെ. നിനക്കു നേത്രഗോചരനായിരി
ക്കുന്ന ഞാൻ യോഗികൾക്കുകൂടി അദൃശ്യനാണ്. ഉമാദേവിയോ
ടും സ്കന്ദമൂൎത്തിയോടുംകൂടി രത്നസിംഹാസനസ്ഥിതനായ എ
ന്നെ സേവിക്കുന്ന മഹാഭാഗന്മാൎക്കു മോക്ഷം കരസ്ഥിതംതന്നെ.
ഇങ്ങിനെ മഹേശ്വരൻ പറഞ്ഞതുകേട്ടു വിഷ്ണു പറഞ്ഞു. ഹെ മ
ഹേശ്വര! എന്റെ സന്തോഷത്തിന്നായി ഭവാൻ ഈ രൂപ
ത്തെ എപ്പോഴും ധരിച്ചിരിക്കുക. ദേവന്മാരും മുനികളും ഈ
രൂപത്തെക്കണ്ടു കൃതാൎത്ഥന്മാരായി ഭവിക്കട്ടെ. ഞാൻ യോഗ
നിദ്രയെ ചെയ്വാൻ വിചാരിക്കുന്നു. അതിന്ന് എന്നെ അനു
ഗ്രഹിക്കുക. ഇങ്ങിനെ വിഷ്ണു പ്രാൎത്ഥിക്കുകയാൽ മഹേശ്വരൻ
ആ രൂപത്തോടുകൂടിത്തന്നെ സ്ഥിതിചെയ്തു. ദേവകളും യോ
ഗീന്ദ്രന്മാരും ആ രൂപത്തെക്കണ്ടു ശുദ്ധചിത്തന്മാരായി ഭവിച്ചു.
ആർ എന്തിനെ ആഗ്രഹിച്ചു സേവിക്കുന്നുവോ ആ അഭീഷ്ടത്തെ
കൊടുക്കുന്നതുകൊണ്ടു വാക്കിന്നും മനസ്സിന്നും അഗോചരനായ
മഹേശ്വരന്നു ത്യാഗേശ്വരനെന്ന നാമവുമുണ്ടായി. പിന്നെ
വളരെക്കാലം കഴിഞ്ഞപ്പോൾ യോഗനിദ്രചെയ്വാൻ മഹേശ്വ
രങ്കൽനിന്ന് അനുജ്ഞ ലഭിച്ചവനായ വിഷ്ണു ത്യാഗേശ്വരനെ ര
ത്നസംപുടത്തിലാക്കി തന്റെ മാറിടത്തിൽ വെച്ചു പാലാഴിമദ്ധ്യ
ത്തിൽ കിടന്നുറങ്ങുകയും ചെയ്തു. ഉറങ്ങുന്ന വിഷ്ണുവിന്റെ ശ്വാ
സവേഗംകൊണ്ടു താണ്ഡവപ്രിയനായ മഹേശ്വരൻ ഹംസനൃ
ത്തത്തെ ചെയ്തു. ഇങ്ങിനെ വിഷ്ണുവിന്റെ വക്ഷസ്ഥലത്തിലി

രിക്കുന്ന മഹേശ്വരന്റെ ഹാസ്യത്തെ കണ്ടിട്ടു യോഗികൾ സാംസാരദുഃഖത്തെ ത്യജിച്ചു. പിന്നെയും അസുരന്മാരാൽ പീഡിതനായ ഇന്ദ്രൻ രക്ഷയ്ക്കായി വിഷ്ണുവിനെ ശരണം പ്രാപിച്ചു. അപ്പോൾ വിഷ്ണു എഴുന്നിററു തന്റെ മാറിടത്തിൽ വെച്ചിരിക്കുന്ന മഹേശ്വരനെ ഇന്ദ്രനു കൊടുത്തു. ദിനന്തോറും ഭക്തിയോടുകൂടി ഇതിനെ പൂജിച്ചുകൊള്ളുക എന്നാൽ സൎവ്വപീഡകളും തീരും എന്നും പറഞ്ഞു. ഇന്ദ്രൻ അതുപ്രകാരം രത്നസാവുടത്തിൽ വെച്ചിരിക്കുന്ന മഹേശ്വരനെ കൊണ്ടുപോയി ദിനന്തോറും ഭക്തിയോടുകൂടി പൂജിക്കുവാൻ തുടങ്ങി. ആകാശഗംഗാജലംകൊണ്ടും മയിൽപീലിയാലുള്ള ഛത്രംകൊണ്ടും ശംഖധ്വനികൊണ്ടും ജവന്തിമാലകളെക്കൊണ്ടും പൂജിച്ചു വിഷ്ണു ഏതുപ്രകാരം ലക്ഷ്മിയെ ലഭിച്ചുവോ അതുപോലെ ഇന്ദ്രനും മഹേശ്വരനെ പൂജിച്ചു വലുതായ ഐശ്വൎയ്യത്തെ പ്രാപിച്ചു.

എന്ന സ്കന്ദോപപുരാണത്തിൽ
പത്താമദ്ധ്യായം.

ഇങ്ങിനെയിരിക്കുന്ന കാലത്തിൽ മഹേശ്വരൻ ഉമാദേവിയോടുകൂടി കൈലാസപൎവ്വതത്തിൽ സകല വൃക്ഷങ്ങളും പുഷ്പിച്ചുകൊണ്ടുനില്ക്കുന്ന ഉദ്യാനത്തിലേക്കു പോയി. കദളിവാഴകളിൽനിന്ന് ഉണ്ടാവുന്നതുകളായി സേചനസാധനങ്ങളായിരിക്കുന്ന കൎപ്പൂരങ്ങളാൽ എന്നപോലെ വെളുത്തതായും സ്വൎണ്ണപത്മങ്ങളുടെ പരാഗങ്ങളെക്കൊണ്ടു കുങ്കുമങ്ങളെക്കൊണ്ടെന്നപോലെ അരുണമായും പുതിയ കറുകകളെക്കൊണ്ടു ശ്യാമളമായും ചിലേടത്തു മദിച്ചവയായും അനേകവൎണ്ണങ്ങളായും നാലുഭാഗത്തും ശബ്ദിക്കുന്നതുകളുമായ പക്ഷികളെക്കൊണ്ടു വ്യാപിക്കപ്പെട്ടതുമായ ഉദ്യാനത്തെ പ്രവേശിച്ചു കാമദൎപ്പഹരനായ ഹരൻ കാമുകൻ കാമിനിയെന്നപോലെ പുതിയ പുഷ്പങ്ങളാൽ ദേവിയെ അലങ്കരിച്ചു. അളകത്തിൽ കൊന്ന പൂവിനേയും കാതുകളിൽ കായാമ്പൂക്കളേയും നാസികാഗ്രത്തിൽ പുന്നപ്പൂവിനേ

യും ഗണ്ഡങ്ങളിൽ അത്തിപ്പൂപൊടിയേയും കഴുത്തിൽ മല്ലികാമാല്യത്തേയും കൈകളിൽ മൃണാളവലയത്തേയും ഹസ്തത്തിൽ പത്മത്തേയും സ്തനങ്ങളിൽ പത്രലേഖയേയും ചേൎത്തു. ഇങ്ങിനെ പുഷ്പാഭരണത്തെ ധരിച്ചിരിക്കുന്ന ഉമാദേവി മഹേശ്വരനെ രമിപ്പിച്ചു. ഒരു വില്വവൃക്ഷമൂലത്തിൽ പുഷ്പശയ്യ ഉണ്ടാക്കി ദേവിയെ ഇരുത്തി ദേവിയുടെ മടിയിൽ സൎവ്വാന്തൎയ്യാമിയായ മഹേശ്വരൻ കിടന്നു. അപ്പോൾ ആദിത്യൻ അസ്തമനോദ്യുക്തനായിരുന്നു. ആ സമയം പാപികൾക്കുകൂടി പാവനമായ പ്രദോഷമായിരുന്നു. യാതൊരു പ്രദോഷത്തിൽ മനുഷ്യൻ വില്വദളങ്ങളെക്കൊണ്ടു മഹേശ്വരനെ അൎച്ചിച്ച് അജ്ഞാനബന്ധത്തിൽ നിന്നു മുക്തനാകുന്നുവോ ആ പ്രദോഷസമയത്തിൽ കറുത്ത മുഖത്തോടുകൂടിയ ഒരു വാനരൻ വൃക്ഷത്തിൻെറ കൊമ്പുകളിൽ ചാടിക്കൊണ്ട് ആ വില്വവൃക്ഷത്തിൻെറ മുകളിൽ ചാടിവന്നു. വാനരൻ വില്വവൃക്ഷത്തിന്മേലിരുന്നു വിശ്രമിച്ചുകൊണ്ടു ജാതിസ്വഭാവത്താൽ മനോഹരങ്ങളായ വില്വദളങ്ങളെ അറുത്തുകൊണ്ടിരുന്നു. ആ വില്വപത്രങ്ങളെല്ലാം ദൈവയോഗത്താൽ ഉമാസഹിതനായ മഹേശ്വരൻെറ പാദാരവിന്ദങ്ങളിൽ വീണു. ആ വില്വദളങ്ങളെ മഹേശ്വരൻ എണ്ണിക്കൊണ്ടിരുന്നു, നൂറൊട്ടെണ്ണമായപ്പോൾ വാനരനെ ഗൌരിക്കു കാണിച്ചുകൊടുത്തു. അപ്പോൾ ദേവി അതിനെ കടാക്ഷിച്ചു. ഉടനെ മഹേശ്വരൻ എഴുനീററു സന്തുഷ്ടനായിട്ട് ആ വാനരനെ ഇവിടെ വാ എന്നു വിളിച്ചു. ആ ക്ഷണത്തിൽ തന്നെ വാനരനു ജ്ഞാനമുണ്ടായി വേഗം മരത്തിൽ നിന്നിറങ്ങി ഉമാമഹേശ്വരന്മാരെ പ്രദക്ഷിണംചെയ്തു പാദങ്ങളിൽ നമസ്കരിച്ചു. വില്വദളാച്ചനത്താൽ പ്രീതനായ മഹേശ്വരൻ വാനരനോട് ഇങ്ങിനെ പറഞ്ഞു. നീ ഭൂമിയിൽ പോയി മനുവംശത്തിൽ ജനിക്കുക. ഒന്നരലക്ഷത്തി എട്ടു സംവത്സരം ഏകരാജ്യാധിപനായ ചക്രവൎത്തിയായിരുന്ന് അന്ത്യത്തിൽ എൻെറ പദത്തെ പ്രാപിച്ചുകൊള്ളുക. ഇങ്ങിനെ മഹേശ്വരവാക്യം കേട്ടപ്പോൾ വാനരൻ കരഞ്ഞുകൊണ്ടു പറഞ്ഞു. ഹെ മഹേശ്വര! ഭവൽപാദസേവയെ വി

ട്ട് എനിക്കു മനുഷ്യജന്മം ലഭിച്ചാൽ ആ ജന്മനിവൃത്തി എപ്പോ
ഴാണ് ഭവിക്കുന്നത്. ഹെ പരമേശ്വര! പ്രസാദിക്കുക. എനി
ക്കു ഭവൽപാദാരവിന്ദങ്ങളിലുള്ള ശാശ്വതഭക്തിമാത്രം മതി.
പാദസേവക്കു വിഘ്നകരമായ രാജ്യം എനിക്കുവേണ്ട. ഇവിടെ
ഭവാന്റെ ദാസദാസനായിരുന്നുകൊള്ളാം; ഞാൻ ഭൂമിയിൽപോ
യി ജനിക്കുന്നില്ല. ഭൂമിയിലെന്നുമാത്രമല്ല ഏതു ദിവ്യന്മാരുള്ളെ
ടത്തായാലും ദിവ്യനാണെന്നും സർവ്വേശ്വരനാണെന്നും ഉള്ള മ
ദത്താൽ മൂഢബുദ്ധിയായിട്ട് അഹങ്കരിച്ചുകൊണ്ടു ഭവാനെ മറ
ക്കുന്നതിനാൽ അധോഗതിയെ പ്രാപിക്കുന്നു. ചതുരംഗബല
ത്തോടുകൂടിയതായും സർവ്വസമൃദ്ധിയോടുകൂടിയതായും ഉള്ള രാജ്യം
തരാമെന്നു പറയുന്നതു വഞ്ചനയാണ്. അതു ഭവാന്ന് ഉചി
തമല്ല. ഭവാൻ എന്നിൽ പ്രസന്നനാണെങ്കിൽ കരുണാകടാ
ക്ഷമാകുന്ന സിംഹാസനം തന്നാൽ മതി. ഭവാങ്കൽനിന്നു മ
റ്റൊന്നും ആഗ്രഹിക്കുന്നില്ല. ഐശ്വര്യത്തിന്നായി ഭവാനെ
സേവിക്കുന്നതുമില്ല. യാതൊരു ജന്മത്തിൽ നിങ്ങളുടെ സേവ
സിദ്ധിക്കുന്നില്ലയോ ആ ജന്മം വ്യർത്ഥംതന്നെ. ഹെ കരുണാ
സിന്ധോ! പ്രസാദിക്കുക. എന്നിൽ ദയ ചെയ്യുക. ഇങ്ങിനെ
ദുഃഖിക്കുന്ന വാനരനോടു മഹേശ്വരൻ പറഞ്ഞു. നീ ഖേദി
ക്കേണ്ട, ഞാൻ പറയുന്നതുപോലെ കേൾക്കുക. അജ്ഞാനത്താൽ
എന്നെ പൂജിക്കുന്നതു ഭോഗത്തിന്നും ജ്ഞാനത്താൽ പൂജിക്കു
ന്നതു മോക്ഷത്തിന്നുമാണെന്നാണ് വേദജ്ഞന്മാരാൽ വേദാഗമ
ങ്ങളിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. പ്രദോഷസമയത്തിൽ ഒരു
വില്വദളംകൊണ്ട് എന്നെ അർച്ചിച്ചാലുള്ള ഫലത്തെ പറയാം
കേൾക്കുക. നീ ആ ഫലത്തെ പ്രാപിച്ചവനാണല്ലോ. ജ്ഞാ
നവൈരാഗ്യമുള്ളവൻ പ്രദോഷത്തിൽ എന്നെ അർച്ചിച്ചാൽ
മോക്ഷത്തെ പ്രാപിക്കുന്നു. അറിയാതെ കാകതാളീയന്യായ
ത്താൽ എന്നെ പൂജിച്ചാൽ രാജ്യഭോഗത്തെ ലഭിക്കുന്നു. അതു
കൊണ്ടു നീ രാജാവായി ജനിച്ചു ദേവാദികളാൽ ആഗ്രഹിക്ക
പ്പെട്ടതായ രാജ്യഭോഗത്തെ അനുഭവിക്കുക. എന്റെ ജ്ഞാന
ത്താൽ അന്ത്യത്തിൽ നീ എന്റെ പദത്തെ പ്രാപിക്കുകയും

ചെയ്യും; അവിടേയും നിനക്ക് ഇന്ദ്രസഖ്യത്താൽ ഞങ്ങളുടെ ദശനം ലഭിക്കും. നീ എന്റെ ഭക്തനാണ് സന്താപിക്കേണ്ട ഭൂമിയിലേക്കു പൊയ്ക്കൊള്ളുക. ഇങ്ങിനെ മഹേശ്വരവാക്യംകേട്ട വാനരൻ പറഞ്ഞു. എന്നാൽ എന്റെ ഓൎമ്മയ്ക്കായി ഭൂമിയിലും എന്റെ മുഖം ഇങ്ങിനെ തന്നെ ഭവിക്കട്ടെ. അങ്ങിനെ തന്നെ ഭവിക്കും എന്നു പറഞ്ഞു മഹേശ്വരൻ മറയുകയും ചെയ്തു. പിന്നെ ആ വാനരൻ മനുവംശത്തിൽ മുചുകുന്ദൻ എന്ന പേരോടെ ആ മുഖത്തോടുകൂടതന്നെ ജനിച്ചു. ആ രാജാവ് ഇന്ദ്രൻ സ്വൎഗ്ഗത്തെ രക്ഷിക്കുന്നതുപോലെ ഭൂമിയെ രക്ഷിച്ചു. എപ്പോഴും യാഗശീലനായ ആ രാജാവിന്നു ദേവേന്ദ്രൻ സഖ്യത്തായി ഭവിച്ചു. ഒരിക്കൽ അസുരന്മാരെ ജയിക്കുവാൻവേണ്ടി ഇന്ദ്രൻ മുചുകുന്ദരാജാവിന്ന് ആളെഅയച്ചു. മുചുകുന്ദൻ സ്വൎഗ്ഗത്തിൽപോയി അസുരന്മാരെയെല്ലാം ജയിച്ച് ഇന്ദ്രനോടുകൂടി ദേവസഭയിലേക്കുചെന്നു. അപ്പോൾ സകലദേവന്മാരും ദേവഗുരുവും മുചുകുന്ദനെ ആശീൎവ്വാദംചെയ്തു. രത്നസിംഹാസനത്തിൽ ഇന്ദ്രനോടൊരുമിച്ചിരുന്നു. അൎദ്ധാസനസ്ഥിതനായും അസുരബാണംകൊണ്ടുള്ള വ്രണങ്ങളാൽ ഭൂഷിതമായ വക്ഷസ്ഥലത്തോടുകൂടിയവനായും അനുരാഗവതിയായ ജയശ്രീയുടെ നഖക്ഷതത്താലെന്നപോലെ ശോഭിതനായും ഇരിക്കുന്ന രാജാവിനെ ദേവസ്ത്രീകളെല്ലാവരും സേവിച്ചു. രംഭ ചാമരം വീശിക്കൊണ്ടും മേനക സ്വൎണ്ണപാത്രത്തെ ധരിച്ചുകൊണ്ടും സുകേശി ആലവട്ടം വീശിക്കൊണ്ടും മഞ്ജുഘോഷ താംബൂലം കൊടുത്തുകൊണ്ടും ഉൎവ്വശിയും തിലോത്തമയും നൃത്തംചെയ്തുകൊണ്ടും ചിത്രരേഖ വീണവായിച്ചുകൊണ്ടും സഹജന്യ ഇലത്താളംകൊട്ടിക്കൊണ്ടും ഗന്ധൎവ്വന്മാർ ഉപഗാനംചെയ്തുകൊണ്ടും രാജാവിനെ സേവിച്ചു. ഇന്ദ്രനും രാജാവും ഗീതനൃത്തങ്ങളെ ശ്ലാഘിച്ചുകൊണ്ടു മദ്ധ്യാഹ്നമായപ്പോൾ എഴുന്നീററ് ഐരാവതത്തിന്റെ മുകളിൽകയറി അന്തഃപുരത്തിലേക്കുപോയി. ഇന്ദ്രാണി മുകുന്ദനോട് ആചരിക്കുന്നപോലെ മുചുകുന്ദനോട് ആചരിച്ചു. പിന്നെ ഇന്ദ്രനും രാജാവും ദേവ

ഗംഗയിൽ കളിച്ചു രത്നനിൎമ്മിതമായ ശിവപൂജാഗൃഹത്തിലേ
ക്കുപോയി. ദിവ്യധൂപവാസിതമായ ആ പൂജാഗൃഹത്തിലിരുന്നു്
ഇന്ദ്രൻ ഭസ്മരുദ്രാക്ഷധരനായി പൂജയെ ആരംഭിച്ചു. വിഷ്ണുതു
ല്യപരാക്രമനായ മുചുകുന്ദന്നു സോമാസ്കന്ദമൂൎത്തിയെ കണ്ടപ്പോ
ൾ രോമാഞ്ചമുണ്ടായി. പണ്ടു മഹേശ്വരൻ പറഞ്ഞതും ഓൎമ്മ
വന്നു. മനസ്സുകൊണ്ടു ശിവനെ സ്തുതിച്ചു. രഹസ്യസ്തുതിയാ
ൽ സന്തുഷ്ടനായ മഹേശ്വരൻ മുചുകുന്ദനെ അനുഗ്രഹിച്ചു്,
ഭൂമിയിൽ എന്നെ പൂജിക്കുക എന്നു കൎണ്ണത്തിൽ പതുക്കെപ്പറ
ഞ്ഞു. പൂജയുടെ തിരക്കുകൊണ്ടു് ഇന്ദ്രൻ അതൊന്നും അറി
ഞ്ഞില്ല. പൂജ അവസാനിച്ചപ്പോൾ രാജാവു ഭൂലോകത്തേ
ക്കു പുറപ്പെട്ടു. അപ്പോൾ ഇന്ദ്രൻ ഗാഢാലിംഗനംചെയ്തു്
എന്താണു് അഭീഷ്ടമെന്നുചോദിച്ചു. അതുകേട്ടു രാജാവു് ഇന്ദ്ര
ന്റെ കയ്യുംപിടിച്ചുകൊണ്ടു പറഞ്ഞു. ഭവാനു് എന്നെ സ്നേ
ഹമുണ്ടെങ്കിൽ ആ സോമസ്കന്ദമൂൎത്തിയെ എനിക്കുതരിക. ആ
മൂൎത്തിയെ പൂജിപ്പാൻ എനിക്കു് ആഗ്രഹമുണ്ടു്. ഭവാന്റെ സ്നേ
ഹത്താൽ ഞാൻ കൃതാൎത്ഥനാവട്ടെ. അതുകേട്ടു ഇന്ദ്രൻ ചിരി
ച്ചുകൊണ്ടുപറഞ്ഞു. ഞാൻ സത്യംപറയാം ഭവാനോടുഞാൻ
വല്ലതും മറച്ചുവെക്കുമോ? ആ മൂൎത്തി എന്റേതല്ല, വിഷ്ണുവി
ന്റേതാണു്. പൂജിക്കുവാൻമാത്രം എനിക്കു തന്നതാണു്. ഭ
വാനു് ഇതുവേണമെന്നുണ്ടെങ്കിൽ വിഷ്ണുവിനെ പ്രാൎത്ഥിക്കുക.
വിഷ്ണുസമ്മതിച്ചാൽ ഞാൻതരാം, അതല്ലാതെ ഇതു ദാനംചെ
യ്യുവാൻ എനിക്കധികാരമില്ല. ഇങ്ങിനെ ഇന്ദ്രൻപറഞ്ഞതുകേ
ട്ടു മുചുകുന്ദൻ മഹേശ്വരനെ ധ്യാനിച്ചു. ആ മഹേശ്വരാനു
ജ്ഞയാൽ വൈകുണ്ഠത്തിൽപോയി വിഷ്ണുവിനെ നമസ്കരിച്ചു
സ്തുതിച്ചു സോമസ്കന്ദമൂൎത്തിയെചോദിച്ചു. വിഷ്ണു അല്പം ആ
ലോചിച്ചിട്ടു മഹേശ്വരനിയോഗമുണ്ടെന്നറിഞ്ഞു സോമസ്ക
ന്ദമൂൎത്തിയെ ഇന്ദ്രനോടു വാങ്ങിക്കൊള്ളുവാനും പറഞ്ഞു. ഉ
ടനെ മുചുകുന്ദൻ ഇന്ദ്രനോടു വന്നു വിഷ്ണുവിന്റെ കല്പനയായി
മഹേശ്വരനെ എനിക്കുതരിക, സമയം അതിക്രമിക്കുന്നു, ഭൂമി
യിലേക്കു പോകട്ടെ, സ്നേഹംവൎദ്ധിച്ചുകൊണ്ടിരിക്കട്ടെ എന്നു

പറഞ്ഞു. മുചുകുന്ദന്റെ വാക്കുകേട്ട് ഇന്ദ്രന് ആലോചനയാ യി. ഞാൻ സോമസുന്ദരമൂൎത്തിയെ ഇവന്നു കൊടുത്താൽ പൂജ യും മാറമില്ലാതെ ദിവസങ്ങൾ ശൂന്യങ്ങളായിത്തന്നെ കഴി ക്കേണ്ടിവരും. മുചുകുന്ദന്റെ ആഗ്രഹം എങ്ങിനെയാണ് സാധിപ്പിക്കേണ്ടത്. ഇങ്ങിനെ ആലോചിച്ചുകൊണ്ടു വിശ്വ കൎമ്മാവിന്റെ അടുക്കലേക്കുപോയി. രാജാവ് അറിയാതെ സോ മസുന്ദരമൂൎത്തിയുടെ ഒരു പ്രതിബിംബം ഉണ്ടാക്കിത്തരേണമെന്നു പറഞ്ഞു. വിശ്വകൎമ്മാവു വേഗം ഒരു പ്രതിബിംബമുണ്ടാക്കി കൊടുത്തു. ഇന്ദ്രൻ ആ പ്രതിബിംബത്തെ രാജാവിന്നുകൊടുത്തു ഭൂമിയിലേക്കു പോയ്ക്കൊള്ളുക എന്നുപറഞ്ഞു. രാജാവ് ആ ബിംബത്തെ വാങ്ങീട്ട് ഇത് ഇപ്പോൾ ഉണ്ടാക്കിയതല്ലേ? എ ന്നെ വഞ്ചിക്കേണ്ട. സാക്ഷാൽബിംബത്തെ എനിക്കുതരു എ ന്നുപറഞ്ഞു. അതുകേട്ട് ഇന്ദ്രൻ പിന്നെയും വിശ്വകൎമ്മാവി നെക്കൊണ്ട് ഒന്ന് ഉണ്ടാക്കിച്ചുകൊടുത്തു. അതും രാജാവു സ്വീകരിച്ചില്ല. ഇങ്ങിനെ ആറുബിംബങ്ങളെ കൊടുത്തു. അ തെല്ലാം വാങ്ങീട്ടു രാജാവു പിന്നെയും ഇന്ദ്രനോടുപറഞ്ഞു: ഹെ ശതക്രതോ! ഈ വഞ്ചനയെ കളയു. സാക്ഷാൽ മഹേ ശ്വരബിംബത്തെ എനിക്കുതരുന്നുവോ? ഇല്ലെങ്കിൽ നമ്മൾ തമ്മിൽ കലഹമുണ്ടാകും. അതുകേട്ടു ഇന്ദ്രൻ സാക്ഷാൽ സോ മസുന്ദരമൂൎത്തിയെ രത്നസിംഹാസനത്തിൽവെച്ചു രാജാവിന്നു കൊടുത്തു. പീലിക്കുട, ശംഖനാദം, ജവനികച്ഛത്രം, കൽഹാ രമാല്യം, കൎപ്പൂരലേപനം ഇതുകളെല്ലാം നിയമമായിചെയ്യു ണം എന്നുംപറഞ്ഞു മുചുകുന്ദനെ ഭൂമിയിലേക്കയച്ചു. പി ന്നെ മുചുകുന്ദൻ ആ ബിംബങ്ങളെയെല്ലാംകൊണ്ടു ഭൂമിയുഴവ ൻ പ്രദക്ഷിണംചെയ്തു സൎവ്വോത്തമമായും മഹേശ്വരന്നു പ്രീ തിഭാജനമായും ഇരിക്കുന്ന കമലാലയക്ഷേത്രത്തിൽ ഭൂലോകര ക്ഷക്കായി മഹേശ്വരനെ പ്രതിഷ്ഠിച്ചു. ആറുസ്ഥാനങ്ങളിൽ മ റെറ ആറുബിംബങ്ങളേയും പ്രതിഷ്ഠിച്ചു. മുചുകുന്ദൻ ദിന ന്തോറും സോമസുന്ദരമൂൎത്തിയെ പൂജിച്ചു നിൎമ്മലകീൎത്തിയേയും ശാശ്വതപദത്തേയും പ്രാപിച്ചു. പൂൎവ്വത്തിൽ വിഷ്ണുവിനെ

ത്താനുഗ്രഹിച്ചു, പിന്നെ ഇന്ദ്രനെ അനുഗ്രഹിച്ചു. തദനന്തരം മുചുകന്ദചക്രവത്തിയെ അനുഗ്രഹിച്ചു. ആ പ്രഭു എന്നെയും അനുഗ്രഹിക്കുക. കപ്പൂരലേപിതനായും ചന്ദ്രകലാധരനായും കൽഹാരമാലയാൽ മനോജ്ഞമായ കണ്ഠത്തോടു കൂടിയവനായും പാദസേവകന്മാക്കു കല്പകവൃക്ഷമായും കൈവല്യദായകനായുമിരിക്കുന്ന മഹേശ്വരന്നു നമസ്കാരം. ഇങ്ങിനെ സുന്ദരന്റെ സാരസ്യവാക്യാമൃതത്താൽ സന്തുഷ്ടനായ മഹേശ്വരൻ പ്രത്യക്ഷനായി തലകുലുക്കിക്കൊണ്ടു ഹെ സുന്ദര! നി കുബേരനെപ്പോലെ ഐശ്വൎയ്യവാനായി ഭവിക്കുക എന്നു കരുണയോടെ പറഞ്ഞു. പിന്നെ സുന്ദരനോടു വേദനിധിയുടെ പുത്രിയെ വിവാഹം ചെയ്യുവാൻ പറഞ്ഞു. അതുപ്രകാരം സുന്ദരൻ ആ കന്യകയുടെ പാണിഗ്രഹണം ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ

പതിനൊന്നാമദ്ധ്യായം.

---

ധന്യയായ വേദനിധിയുടെ പുത്രി ത്യാഗേശ്വരന്റെ ഇഷ്ടമിത്രമായ സുന്ദരനെ ഭൎത്താവായി ലഭിച്ചിട്ടു പരമാനന്ദത്തെപ്രാപിച്ചു. സുന്ദരൻ വിവാഹാനന്തരം ത്യാഗേശനെ നമസ്കരിപ്പാൻപോയപ്പോൾ മഹേശ്വരൻ വിവാഹവേഷത്തെ അഴിക്കാതെ എന്നെ വന്നു നമസ്കരിക്കുക എന്നുപറഞ്ഞു. ഇതിലധികം ലോകത്തിൽ എന്താണ് ഭാഗ്യംവേണ്ടത്. ത്യാഗേശമിത്രമായ സുന്ദരൻ കുബേരൻമുതലായ ദേവവൃന്ദങ്ങളെ തന്നെ വന്ദിക്കുന്നവരാക്കിവെച്ചു. ഉമാദേവിയുടെ സ്തനങ്ങളിൽനിന്നു സംക്രമിച്ചതായ കപ്പൂരഗന്ധത്തോടുകൂടിയ മഹേശ്വരന്റെ മാറിടത്താൽ ആശ്ലിഷ്ടനായ സുന്ദരൻ താൻ സ്കന്ദമൂത്തിയാണെന്നു വിചാരിച്ചു. ത്യാഗേശ്വരന്റെ കൽഹാരമാല്യത്തിന്റെയും കപ്പൂരത്തിന്റെയും സൌരഭ്യത്താൽ വാസിതനായ സുന്ദരനെ ജനങ്ങളെല്ലാവരും ത്യാഗേശൻതന്നെയാ

ണെന്നു വിചാരിച്ചു നമസ്കരിച്ചു. മുനികൾ ചോദിച്ചു—ഹെ കുംഭസംഭവ! മഹേശ്വരനായ ത്യാഗേശ്വരൻ എങ്ങിനെയാണ് സുന്ദരന്റെ ദൂതനായത്? ആ ചരിത്രത്തെ ഞങ്ങൾക്ക പറഞ്ഞുതരിക— അഗസ്ത്യൻ പറഞ്ഞു— സുന്ദരനെ ആഗ്രഹിച്ചവളായ ഗൌരീപരിചാരികമാരിൽ രണ്ടാമത്തവൾ ത്യാഗേശ്വരന്റെ ദാസീവംശത്തിൽ സാഗരികാ എന്ന പേരോടെ ജനിച്ചു. സാമുദ്രികാശാസ്ത്രത്തിൽ പറയുന്ന ഉത്തമലക്ഷണങ്ങൾ സകലവും സാഗരികയിൽ കാണപ്പെട്ടു. നിഷ്കളങ്കസുന്ദരിയായ അവൾ ബാല്യകാലത്തെ വിദ്യാഭ്യാസംകൊണ്ടുതന്നെ കഴിച്ചു. എല്ലാ എഴുത്തുകളെയും അവൾ പഠിച്ചു. ആട്ടത്തിലും പാട്ടിലും അതിസമൎത്ഥയായി. ചിത്രമെഴുതുന്നതിൽ ലോകത്തിൽ എല്ലാവരെക്കാളും വിദഗ്ദ്ധയായിത്തീൎന്നു. ലോകത്തിലുള്ള ആനന്ദമെല്ലാം ഒരുമിച്ചുകൂടി ഉരുവിച്ചതുപോലെയിരിക്കുന്ന അവളുടെ ദേഹം ജനങ്ങൾക്ക നേത്രാനന്ദകരമായി ഭവിച്ചു. അവൾക്ക യൌവനാരംഭസംബന്ധത്താൽ വിശേഷിച്ചും കാന്തിവൎദ്ധിച്ചു. വസന്തകാലത്തോടുള്ള സംബന്ധത്താൽ മല്ലികാലത പുഷ്പിണിയായി ശോഭിക്കുന്നതുപോലെയും ശരൽകാലസംബന്ധത്താൽ ചന്ദ്രരേഖ ശോഭിക്കുന്നതുപോലെയും വൎഷകാലസംബന്ധത്താൽ വിദ്യുല്ലത ശോഭിക്കുന്നതുപോലെയും ശാണോപലസംഘൎഷണത്താൽ രത്നം ശോഭിക്കുന്നതുപോലെയും അവൾ അത്യന്തം ശോഭിച്ചു. മാതൃഗൃഹത്തിൽ വസിക്കുന്ന ആ സുമുഖി മേഘമണ്ഡലത്തിൽ മറഞ്ഞിരിക്കുന്ന ചന്ദ്രബിംബംപോലെ ആരുടെ ദൃഷ്ടിയിലും അകപ്പെടാതിരുന്നു. അവൾ ഒരുദിവസം രാത്രി ഉറങ്ങുമ്പോൾ സുന്ദരനെ സ്വപ്നത്തിൽ കണ്ടു. ഉടനെ ഉണൎന്ന് ആ അത്ഭുതസ്വരൂപത്തെ മനസ്സുകൊണ്ടു നല്ലവണ്ണം ആരാധിച്ചു. പിന്നെ അവൾക്ക് ഉറക്കമുണ്ടായില്ല. പ്രഭാതത്തിൽ എഴുനീറ്റ തന്റെ ശയനഗൃഹത്തിന്റെ രത്നഭിത്തിയിന്മേൽ താൻ കണ്ടതുപോലെയുള്ള സുന്ദരരൂപത്തെ എഴുതി അതു കണ്ടു സന്തോഷിച്ചുകൊണ്ടിരുന്നു. അവളുടെ മാതാവ് ആ ചിത്രത്തെ കണ്ട് അറിഞ്ഞുവെങ്കിലും പു

റത്തൊന്നും പറഞ്ഞില്ല. ഇങ്ങിനെ കുറേക്കാലം കഴിഞ്ഞപ്പോൾ ത്യാഗേശപുരക്ഷേത്രത്തിൽ ഘോഷമായ ഉത്സവം തുടങ്ങി. നാനാദിക്കുകളിൽനിന്നു വലുതായ ജനസംഘം വന്നുകൂടി. രുദ്രപാദദിവസം സാഗരികസ്നാനത്തിന്നായി കമലാലയത്തിലേക്കു പോയി. ആ സുന്ദരനെ എനിക്കു ഭർത്താവാക്കിത്തരേണമേ എന്നു ത്യാഗേശപുരനെ പ്രാൎത്ഥിച്ചുകൊണ്ട് അവൾ സ്നാനംചെയ്തു. ജനസംഘത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്ന സുന്ദരൻ കുളിച്ചു കയറുന്നവളായ സാഗരികയേക്കണ്ടു നിശ്ചലനേത്രനായി ഭവിച്ചു. പിൻഭാഗത്തു പാദാന്തത്തോളം വീണുകിടക്കുന്ന കചഭാരത്തോടുകൂടിയവളായും നിശ്വാസസൌരഭ്യത്താൽ മദിച്ചു ഭ്രമിച്ചുകൊണ്ടിരിക്കുന്ന വണ്ടുകളോടുകൂടിയവളായും വ്യാഘ്രശബ്ദത്താൽ ഭയപ്പെട്ട മാൻകുട്ടിയുടെ നേത്രങ്ങൾപോലെ ചഞ്ചലനേത്രങ്ങളോടുകൂടിയവളായും ഗണ്ഡസ്ഥലങ്ങളിൽ പ്രതിഫലിക്കുന്ന മാണിക്യകുണ്ഡലങ്ങളോടുകൂടിയവളായും സ്നാനംചെയ്തു കചഭാരത്തെ ഉലത്തുന്നവളായ സാഗരിക മന്മഥമഹാരാജന്നു തോരണമാലയെ ചെയ്യുന്നതുപോലെ ഇരിക്കുന്ന അളകസംസക്തങ്ങളായ നഖകിംശുകപ്രഭയോടുകൂടിയവളായും നെറ്റിത്തടത്തിലുള്ള കസ്തൂരിതിലകത്താൽ ഉജ്ജ്വലമായ മുഖാരവിന്ദത്തോടുകൂടിയവളായും നാനാഭരണങ്ങളുടെ രത്നപ്രഭയാൽ ശോഭിതമായ കണ്ഠത്തോടുകൂടിയവളായും നേൎമ്മയായ ഉത്തരീയവസ്ത്രത്തിന്റെ അന്തൎഭാഗത്തിൽ ദൎശിക്കുന്ന പയോധരങ്ങളോടുകൂടിയവളായും അതി ദിവ്യമായ പട്ടുവസ്ത്രത്തെ ധരിച്ചവളായും ആകാശത്തിൽനിന്നു വീണതായ വിദ്യുല്ലതയേപ്പോലെ ഇരിക്കുന്ന പുഷ്പമാലയെ ധരിച്ചവളായും ലാവണ്യാമൃതത്തിന്റെ ബിന്ദു എന്നപോലെ ഇരിക്കുന്ന നാസികാഭരണമുത്തോടുകൂടിയവളായും മന്മഥനാകുന്ന കല്പകവൃക്ഷത്തിന്റെ പുതിയ പല്ലവങ്ങൾ പോലെയുള്ള അധരപല്ലവങ്ങളോടുകൂടിയവളായും പാദങ്ങളിൽ ശബ്ദിക്കുന്നവകളായ രത്നമഞ്ജീരങ്ങളോടുകൂടിയവളായും അരയന്നങ്ങളെ തോല്പിക്കുന്നതായ ഗമനഭംഗിയോടുകൂടിയവളായും കോടിരതികളുടെ സാരാംശത്താൽ നിൎമ്മിക്കപ്പെട്ട

വളായും സാക്ഷാൽ മഹാലക്ഷ്മിയുടെ പ്രതിബിംബംപോലെ ഇരിക്കുന്നവളായും മന്മഥന്റെ മോഹനവിദ്യയെ സ്വീകരിച്ചതുപോലെയുള്ള ദേഹത്തോടുകൂടിയവളായും ഇരിക്കുന്ന സാഗരികയെ മഹേശ്വരന്റെ നേത്രാഗ്നിശേഷനായ മന്മഥൻ രതിയെ കണ്ടതുപോലെ സുന്ദരൻ കണ്ടിട്ടു ലജ്ജിതമാനസനായി ഭവിച്ചു. ആ സുന്ദരിയാകുന്ന ചാപത്തെക്കൊണ്ടു മന്മഥൻ സുന്ദരനെ പ്രഹരിച്ചു. അവളെ കണ്ടിട്ടു സ്തബ്ധനായ സുന്ദരന്റെ എല്ലാ ഇന്ദ്രിയവൃത്തികളും നേത്രദ്വയമാൎഗ്ഗത്താൽ അവളുടെ മുഖത്തിൽ പതിച്ചു. അവളും സുന്ദരനെ കണ്ടിട്ടു് ആ സ്വപ്നപുരുഷനാണെന്നറിഞ്ഞു കടാക്ഷങ്ങളാകുന്ന ഉല്പലമാലകളെക്കൊണ്ടു സുന്ദരനെ കുറച്ചുനേരം അൎച്ചിച്ചു. സാഗരികയുടേയും സുന്ദരന്റേയും നേത്രങ്ങൾ തമ്മിൽ ചേൎന്നു് ആശ്ലേഷിച്ചിട്ടു് അനിൎവ്വചനീയമായ പരമാനന്ദത്തെ അനുഭവിച്ചു. അനന്തരം അനംഗപരതന്ത്രയായിരിക്കുന്ന സാഗരിക ഗൃഹത്തിലേക്കുപോയി. സുന്ദരൻ അവളുടെ പിന്നാലെ അവളുടെ ഗൃഹദ്വാരത്തോളം പോയി. അവളുടെ പേരും മററും പരിജനങ്ങളോടു ചോദിച്ചറിഞ്ഞു മടങ്ങിവന്നു് ഒരു വിജനസ്ഥലത്തിൽ കണ്ണടച്ചുകൊണ്ടു് അവളുടെ രൂപസൌന്ദൎയ്യത്തെ ചിന്തിച്ചുകൊണ്ടിരുന്നു. അവളുടെ തലമുടി എത്ര മനോഹരം, അവളുടെ ചില്ലികൾ എത്ര മനോജ്ഞം, ഹാ അവളുടെ കടാക്ഷം എത്ര വിശേഷം, അവളുടെ മന്ദസ്മിതം എത്ര മധുരം, അവളുടെ മുഖം എത്ര ആശ്ചൎയ്യകരം, അവളുടെ അധരം എത്ര മോഹനം, അവളുടെ സ്തനങ്ങൾ എത്ര കോമളങ്ങൾ, അവളുടെ ഗമനം എന്തത്ഭുതം, ഇങ്ങിനെ ചിന്തിച്ചുകൊണ്ടിരുന്ന സുന്ദരന്റെ മനസ്സു് ആ സാഗരികയുടെ സ്വരൂപതയെ പ്രാപിച്ചു. സുന്ദരൻ പഞ്ചാക്ഷരമന്ത്രത്തെ ഉപേക്ഷിച്ചു സാഗരികാ എന്നുള്ള ചതുരക്ഷരമന്ത്രത്തെ ജപിച്ചുകൊണ്ടിരുന്നു. ക്രമേണ സുന്ദരന്റെ മനസ്സു കാമോന്മാദത്താൽ വിവേകഹീനമായി ഭവിച്ചു. സുന്ദരന്നു മൃദുശബ്ദങ്ങൾകൂടി കൎണ്ണകഠോരങ്ങളായി ഭവിച്ചു. മന്ദമാരുതനെ സൎപ്പങ്ങൾ ഊതുന്നതുപോലെ അസഹ്യമായി തോന്നി. ശിരസ്സിലുള്ള ച

ന്ദ്രക്കലയെ കാണുമെന്നു ഭയപ്പെട്ടു സുന്ദരൻ ത്യാഗേശ്വരനെ സേവിപ്പാൻ പോവാതായി. കാമാത്തനായ ഞാൻ മുചുകുന്ദനു മോക്ഷപ്രദനായ ദേവനെ എന്തിന്നു സ്തുതിക്കുന്നു എന്നു വിചാരിച്ചു ദേവനെ സ്തുതിക്കാതെയും ആയി. ദേഹമെല്ലാം ഭസ്മംകൊണ്ടെന്നപോലെ വെളുത്തു. വളരെ പറഞ്ഞിട്ടെന്താണ്? ത്യാഗേശമിത്രമായ സുന്ദരൻ ഉന്മത്താഗ്രഗണ്യനായി ഭവിച്ചു. രാത്രികാലങ്ങളിൽ ചന്ദ്രികയെ കാണുന്നതു സുന്ദരന്നു കഠിനവെയിലിനോടു തുല്യമായി തീൎന്നു. നല്ല പുഷ്പശയ്യകളിൽ കിടക്കുന്നതു തീക്കട്ടകളിൽ കിടക്കുന്നതുപോലെയുമായി. മഹേശ്വരദ്ധ്യാനം വിട്ടതിനാൽ ഗ്ലാനഹൃദയനായും അനംഗപീഡയാൽ ഉറങ്ങാതെയുമിരിക്കുന്ന സുന്ദരനോടു ത്യാഗേശ്വരൻ വന്നു ഇങ്ങിനെ പറഞ്ഞു. ഹേ സഖേ! ഞാനുള്ളപ്പോൾ നിനക്ക് എന്തു ദുഃഖമാണുണ്ടായത്? നീ മുമ്പത്തെപ്പോലെ എന്നെ സ്തുതിക്കുന്നില്ല. നിന്റെ മുഖം വാടിയിരിക്കുന്നതെന്താണ്? നീ എന്തുകൊണ്ടാണ് ഉറങ്ങാത്തത്? നീ ഭക്ഷണം കഴിക്കുന്നില്ല. ഒന്നും സംസാരിക്കുന്നതുമില്ല. നിനക്ക് എന്തു വ്യാധിയാണുണ്ടായത്? സത്യം പറയൂ. ഇങ്ങിനെ സങ്കടപ്പെടുന്ന സുഹൃത്തിനെ വിട്ടിരിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. വേഗം എഴുനീററു ദുഃഖകാരണത്തെ പറയൂ. ഞാൻ അതെല്ലാം തീൎത്തുതരാം. സുന്ദരൻ പറഞ്ഞു— എന്റെ ആധി എനിക്കു സഹിപ്പാൻ കഴിയാത്തതായിരിക്കുന്നു. അതു ശമിപ്പിക്കുവാൻ ഭവാനല്ലാതെ മററാക്കും സാധിക്കുകയില്ല. ഈ അനംഗരോഗത്തിൽനിന്നു സുഹൃത്തായ എന്നെ രക്ഷിക്കുക. ഭവാൻ എല്ലാ വൈദ്യന്മാരിലും വെച്ച് ഉത്തമവൈദ്യനാണെന്നു ഞാൻ കേട്ടിട്ടുണ്ട്. സാഗരികാ എന്നപേരായി ഒരു സ്ത്രീരത്നമുണ്ട്. അവളെ ആയുധമാക്കി മന്മഥൻ എന്നെ പീഡിപ്പിക്കുന്നു. ആ അനംഗജ്വരത്തിനാലാണ് ഞാൻ ഖിന്നനായിരിക്കുന്നത്. അതുനിമിത്തം എനിക്കു വലുതായ വ്യസനമുണ്ട്. അവളുടെ ആലിംഗനം എനിക്ക് ഒരിക്കൽ ലഭിച്ചാൽ അതുതന്നെയാണ് ഭവാനെ പൂജിച്ചതിന്നുള്ള ഫലം. സംശയമില്ല. എന്റെ മനസ്സ് ഭവൽധ്യാനത്തെ വിട്ട് അവളുടെ സ്വച്ഛന്ദധ്യാനത്താൽ ആകുലമായിരിക്കുന്നു.

ഭവാന്റെ മംഗളനാമങ്ങളെ ദൂരെക്കളഞ്ഞ് അവളുടെ നാമപാരായണത്തിലാണ് ഞാൻ ഇപ്പോൾ സശ്രദ്ധനായിരിക്കുന്നത്. ഹേ ദയാനിധേ! കാമാൎത്തനായിരിക്കുന്ന എന്റെ ആധി വ്യാധിശാന്തിക്കായി ആ സാഗരികയാകുന്ന ഔഷധത്തെ തരിക. ഭവാൻതന്നെ ദൂതനായിപ്പോയി അവളെക്കൊണ്ടുവന്നാൽ ആയിരം പുതിയ താമരപുഷ്പങ്ങളെക്കൊണ്ടു ഭവാനെ അൎച്ചിക്കാം. ഭവാൻ എനിക്ക് ആയിരം തത്വോപദേശം ചെയ്താലും അവളിലുള്ള ആഗ്രഹം നിവൃത്തിക്കുകയില്ല. ഭവാൻ എന്നെ ഉപേക്ഷിക്കുകയാണെങ്കിൽ ഭവാന്റെ മുമ്പിൽ വെച്ചുതന്നെ ഞാൻ പ്രാണത്യാഗം ചെയ്തുകളയാം. ഇങ്ങിനെ പറഞ്ഞു നമസ്കരിക്കുന്ന സുന്ദരനോടു ഭക്തവത്സലനായ പരമേശ്വരൻ നിന്റെ ആഗ്രഹം ഞാൻ സാധിപ്പിച്ചുതരാമെന്നുപറഞ്ഞു ദൂതരൂപത്തെ ധരിച്ചു. സൎവ്വജനങ്ങളും ഉറങ്ങിക്കൊണ്ടിരിക്കുന്ന അൎദ്ധരാത്രിയിൽ നിദ്രയില്ലാതിരിക്കുന്ന സുന്ദരന്റെ താപശാന്തിക്കായി സൎവ്വാന്തൎയ്യാമിയായും ഏകസ്വരൂപനായും ഇരിക്കുന്ന ത്യാഗേശൻ സാഗരികാഗൃഹത്തിലേക്കു പോയി. വിശ്വത്തിൽ എല്ലാവരേക്കാളും ഉത്തമനായ ദേവൻ സുന്ദരന്റെ ദൂതനായി പോകുന്നതുകണ്ടു ദേവാദികളെല്ലാം വിസ്മയിച്ചു. ആ മഹേശ്വരന്റെ പാദവിന്യാസത്താൽ പരിശുദ്ധങ്ങളായ മാൎഗ്ഗങ്ങളിലുള്ള പൊടികളെ സിദ്ധന്മാർ ശിരസ്സിൽ ധരിച്ചിട്ട് അജ്ഞാനബന്ധത്തിൽനിന്നു മോചിതന്മാരായി ഭവിച്ചു. ഹേ സുന്ദരദൂതാ ജയ ജയ എന്നുള്ള കാഹളശബ്ദം ആകാശത്തിൽ ഘോഷിച്ചു. മഹേശ്വരൻ ഉമാദേവിയോടു പറയാതെ സുന്ദരദൂതനായി പോകുന്നതുകണ്ടു ദേവിയുടെ പരിചാരികമാർ ദേവിക്കു കാണിച്ചുകൊടുത്തു. കമലാലയനായികയായ ദേവി രത്നമാളികയുടെ മുകളിൽനിന്നു കിളിവാതിലിൽക്കൂടി നോക്കി മന്ദസ്മിതം ചെയ്തു മനസ്സിൽ ഇങ്ങിനെ വിചാരിച്ചു. ഇതും ദേവന്നു ഭൂഷണംതന്നെ. ഭസ്മം, അസ്ഥിമാല, കപാലം ഇവകളെ ധരിക്കുകയും ശ്മശാനത്തിൽ വസിക്കുകയും വൃദ്ധകാളപ്പുറത്തു കയറി നടക്കുകയും ചെയ്യുന്ന പശുപതിക്കു

സ്നേഹത്തിന്റെ ദൌത്യവും വിനോദമെന്നുമാത്രമെ പറവാൻ പാടുള്ളു. അതല്ലാതെ ദൂഷണമല്ല. ഇങ്ങിനെ ഉമാദേവി ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ ദയാനിധിയായ മഹേശ്വരൻ വീഥിയെ കടന്നു സാഗരികാഗൃഹദ്വാരത്തിൽ എത്തി. ഗൃഹദ്വാരത്തിലുള്ള വാതിലിന്റെ താഴത്തെ പടി വരാഹരൂപധരനായ വിഷ്ണുവിനാൽ അറിയപ്പെടാത്തതായ പാദാംബുജത്തെ സ്പർശിച്ചുവോ, മേല്പടിയും ഹംസരൂപധരനായ ബ്രഹ്മാവിനാൽ അറിയപ്പെടാത്തതായ മഹേശ്വരശിരസ്സിനെ സ്പർശിച്ചുവോ, അത് അത്യത്ഭുതംതന്നെ. അനന്തരം സൎവ്വരൂപധരനായ ത്യാഗേശ്വരൻ അച്ഛകവേഷത്തെ ധരിച്ച് അൎദ്ധരാത്രിയിൽ വാതിലിനെ ശബ്ദിപ്പിച്ചുകൊണ്ട് ഇവിടെ ആരാണെന്നു ചോദിച്ചു. ആ ഗംഭീരവാക്യത്തെ കേട്ടു സാഗരികയുടെ മാതാവ്, ആരാണിതെന്നു ശങ്കിച്ചുകൊണ്ട് ഉറങ്ങാതിരിക്കുന്ന സാഗരികയെ വിളിച്ചു. ഹേ സാഗരികേ! നീ എന്റെകൂടെ വരിക. ആരോ ഒരാൾ അൎദ്ധരാത്രിയിൽ പടിക്കൽ വന്നു വിളിക്കുന്നു. എന്തുസാഹസമാണ്. ഇങ്ങിനെ പറഞ്ഞുകൊണ്ട്— ആ സാഗരികയുടെ മാതാവു പടിവാതിലും പിടിച്ചുകൊണ്ടു ശങ്കിച്ചുനിന്നു. അപ്പോൾ സാഗരിക സുന്ദരന്റെ മേലുള്ള അനുഗ്രഹംകൊണ്ടു പറഞ്ഞു. ഹേ ജനനി! കൎപ്പൂരത്തിന്റേയും കൽഹാരത്തിന്റേയും ജവന്തീപുഷ്പത്തിന്റേയും വാസന പുറത്തേക്ക് ആകൎഷിക്കുന്നു. പടിക്കൽ ആരാണെന്നു വേഗം നോക്കുക. അന്നൊരുദിവസം ഒരാളെ എന്നു പകുതി പറഞ്ഞു നിൎത്തി. അപ്പോൾ വാതിൽ തുറക്കുക എന്നു പുറത്തുനിന്നു പിന്നെയും പറയുന്നതുകേട്ടു. അപ്പോൾ സാഗരികയുടെ അമ്മ പറഞ്ഞു. ഹേപുത്രി! നമ്മുടെ കുലദൈവതമായ ത്യാഗേശ്വരൻ നിന്നെ രക്ഷിക്കട്ടെ. നിന്നെ ഉദ്ദേശിച്ച് ആ ത്യാഗേശ്വരൻതന്നെ വന്നിരിക്കുന്നു എന്നാണ് ഞാൻ വിചാരിക്കുന്നത്. വേശ്യാഗൃഹത്തിൽ അൎദ്ധരാത്രിക്കു വരുന്നതു വിളിച്ചിട്ടുതന്നെയാണ്. നീ കുട്ടിയായിരുന്നിട്ടും ഈ സാഹസം ചെയ്യുന്നതെന്താണ്. ബാലചന്ദ്രനാകുന്ന മുത്തിനെ ധരിച്ചു

വനായ അദ്ദേഹം പരതന്ത്രതായുക്തനാകുന്നു. ആ സുന്ദരൻ വരട്ടേ ഞാൻ അങ്ങയെ രാജസന്നിധിയിലേക്കു കൊണ്ടുപോകാം. ഇങ്ങിനെ പറഞ്ഞുകൊണ്ട് അവൾ വാതിൽ തുറന്നപ്പോൾ അച്ഛകവേഷധരനായ ത്യാഗേശ്വരനെ കണ്ടു.

എന്നു സ്കന്ദോപപുരാണത്തിൽ
പന്ത്രണ്ടാമദ്ധ്യായം.

സാഗരികയുടെ മാതാവു സാക്ഷാൽ മഹേശ്വരനെ അച്ഛകനാണെന്നു വിചാരിച്ചു പറഞ്ഞു. ഈ സമയത്തിൽ എന്റെ ഗൃഹത്തിൽ വരുന്നതു ഗുരുക്കൾക്ക് ഉചിതമൊ എന്നാൽ ഞാൻ അനുഗ്രഹീതയായി, ധന്യയുമായി, ഇതാ ഭദ്രാസനം, ഇവിടെ ഇരിക്കുക. അർദ്ധരാത്രിസമയത്തു വേശ്യാഗൃഹത്തിൽ ഇങ്ങിനെയുള്ള മഹത്തുക്കൾ വന്നാൽ ജനങ്ങൾ അപവാദം പറയും. മൂഢന്മാൎക്ക് എന്തുതന്നെ പറഞ്ഞുകൂട. ഭവാൻ ഞങ്ങളെ അനുഗ്രഹിക്കുക വന്നതിനുള്ള കാരണവും പറയുക. ഇങ്ങിനെ അവൾ പറഞ്ഞപ്പോൾ അച്ഛകവേഷധരനായ മഹേശ്വരൻ ചിരിച്ചുകൊണ്ടുപറഞ്ഞു. എന്നാൽ പറയാം കേൾക്കുക; നിന്റെ പുത്രിയും കേൾക്കട്ടെ. അവളുടെ ശ്രേയസ്സിന്നും കീൎത്തിക്കും സമ്പത്തിന്നും ആയിട്ടാണ് ഞാൻ പറയുന്നത്. ത്യാഗേശ്വരന്റെ ഇഷ്ടമിത്രമായിട്ടു സുന്ദരൻ എന്നൊരാൾ ഉണ്ട്. അയാൾ സാഗരികയെ കണ്ടിട്ട് അനംഗപീഡയാൽ ദുഃഖിക്കുന്നു. അയാളുടെ ദൂതനായിട്ടാണ് ഞാൻ നിന്റെ ഗൃഹത്തിലെക്കു വന്നത്. ആ സുന്ദരന്ന് അതിയായ സമ്പത്തുണ്ട്. പ്രായമോ നവയൌവ്വനം; സൌന്ദൎയ്യവും വിദ്യയും ലോകപ്രസിദ്ധമാണ്. അതുകൊണ്ടുതന്നെയാണ് ത്യാഗേശ്വരൻ സുഹൃത്തായി ഭവിച്ചത്. അവർ തമ്മിലുള്ള സ്നേഹംപോലെ നിന്റെ പുത്രിയോടുള്ള സ്നേഹവും അഖണ്ഡിതമായിരിക്കും. വളരെ വിലപിടിച്ചതായ പട്ടുവസ്ത്രം ഇതാ വാങ്ങുക; ഇങ്ങിനെ പറഞ്ഞു മഹേശ്വരൻ അവരുടെ കയ്യിൽ ഭസ്മവും കൊടുത്തു. അപ്പോൾ മാതാവു പുത്രിയോട് എന്നാൽ അ

ങ്ങിനെ ചെയ്യുക എന്നു പറഞ്ഞു. അതു കേട്ടു പുത്രി വ്യാജലജ്ജയെ നടിച്ചുകൊണ്ട് അച്ഛനോടു പറഞ്ഞു. ത്യാഗേശ്വരൻ ആജ്ഞാപിക്കുന്ന ഭർത്താവിനെയാണ് എനിക്കു സമ്മതം. ആ ത്യാഗേശൻ പ്രത്യക്ഷമായി എന്നോട് ആരെ വരിക്കുവാൻ പറയുന്നുവോ അവനെ ഞാൻ ഭർത്താവായി സ്വീകരിക്കും. അച്ഛൻ പറഞ്ഞു— ഹെ സാഗരികേ! ത്യാഗേശ്വരന്നും ഇതുതന്നെയാണ് സമ്മതം. വിദ്വാനായ സുന്ദരൻ ത്യാഗേശപ്രിയനാണല്ലോ. അതുകൊണ്ടു നീ അങ്ങിനെതന്നെ ചെയ്യുക. ത്യാഗേശസന്നിധിയിൽതന്നെ സുന്ദരനെ വരിക്കുക. അതു കേട്ടു സാഗരിക പിന്നെയും പറഞ്ഞു— സ്വാമിക്ക് അതു സമ്മതമാണെങ്കിൽ പ്രത്യക്ഷനായി എന്നോടു പറയട്ടെ, എന്നാൽ ഞാൻ അങ്ങിനെ ചെയ്യാം. ഇങ്ങിനെ അവൾ പറഞ്ഞപ്പോൾ മഹേശ്വരൻ അവൾക്കു തന്റെ രൂപത്തെ കാണിച്ചു. അപ്പോൾ ചില ബ്രാഹ്മണശ്രേഷ്ഠന്മാർ നമസ്കരിച്ചു മോക്ഷത്തെ അപേക്ഷിച്ചു. അവരോടു ദേഹാന്ത്യത്തിൽ മോക്ഷം ലഭിക്കുമെന്നു പറഞ്ഞു, നാളെ നിങ്ങൾ തമ്മിൽ ചേരുമെന്നു സാഗരികയോടും പറഞ്ഞു മറയുകയും ചെയ്തു. ദിവ്യശക്തിമാനായ ദേവൻ ആ നഗരവാസികൾക്കു നാളെ സാഗരികയെ സുന്ദരനോടു ചേൎക്കുമെന്നു സ്വപ്നം കാണിച്ചു. അനന്തരം മഹേശ്വരൻ സുന്ദരന്റെ അടുക്കൽ ചെന്നു നാളെ നിങ്ങൾ തമ്മിൽ ചേരും എന്നു പറഞ്ഞു സ്നേഹപരവശനായിട്ടു സുന്ദരനെ ഗാഢാശ്ലേഷം ചെയ്തു. ഹേ സഖെ! സാഗരികയോടുകൂടി രമിക്കുമ്പോൾ എന്നെ മറന്നുകളയരുതേ. സുഖമായി വിഹരിക്കുക എന്നും പറഞ്ഞു ക്ഷേത്രത്തിലേക്കു പോകുകയുംചെയ്തു. പിറ്റെ ദിവസം പ്രഭാതത്തിൽ നഗരവാസികളെല്ലാവരുംകൂടി സ്വപ്നാവലോകനത്തെയും സാഗരികാസുന്ദരന്മാരുടെ അനുരൂപതയേയും ഓൎത്തു വിസ്മിതന്മാരായിട്ടു സുന്ദരനെ കൂട്ടിക്കൊണ്ടു വന്നു സാഗരികയോടു യോജിപ്പിച്ചു. അനന്തരം സുന്ദരൻ സാഗരികയോടുകൂടി സ്വൎഗ്ഗലോകത്തിൽകൂടി ദുല്ലഭമായ സുഖങ്ങളെ അനുഭവിച്ചു. സുന്ദരന്റെ ആലിംഗനാലാപഭാഗ്യങ്ങളെ ലഭിച്ചവളായ സാഗരിക കല്പകവൃക്ഷത്തെ ആശ്രി

യിച്ച ലതപോലെ പരമാനന്ദത്തെ പ്രാപിച്ചു. രത്നസോപാനങ്ങളാലും സ്വൎണ്ണസ്തംഭങ്ങളാലും ഭൂഷിതമായും അഗരുധൂപവാസനയാൽ അന്ധന്മാരായ വണ്ടുകളാൽ സമാകുലമായും ഇരിക്കുന്ന മാളികയിൽ വസിച്ചുകൊണ്ടു സുന്ദരൻ സാഗരികയെ രമിപ്പിച്ചു. മന്ദരപൎവ്വതത്താൽ മഥിക്കപ്പെട്ട ക്ഷീരസമുദ്രത്തിന്റെ തിരകളെപ്പോലെ ധവളവൎണ്ണങ്ങളായും അതിമൃദുലങ്ങളായും തളികകളാലും പുഷ്പങ്ങളാലും വിരിക്കപ്പെട്ടവയായുമുള്ള ശയ്യകളാൽ ശോഭിതമായ ശയനഗൃഹത്തിൽ രമിച്ചുകൊണ്ടിരിക്കുന്ന സുന്ദരന്റെ ബുദ്ധിയാകുന്ന ലതയെ സാഗരികയുടെ ആശ്ലേഷാദി ക്രീഡാസൌഖ്യമാകുന്ന അമൃതപ്രവാഹം നല്ലവണ്ണം പോഷിപ്പിച്ചു. ദിനംതോറും പ്രഭാതത്തിൽ ശയനഗൃഹത്തിൽനിന്ന് എഴുനീറ്റുവരുന്നവനായ സുന്ദരനെ സാഗരികയുടെ നഖദന്തക്ഷതങ്ങളാൽ മനോഹരനായും പകുതി മാഞ്ഞതായ ചന്ദനാലേപനത്തോടുകൂടിയവനായും കവിൾത്തടത്തിന്റെ അകത്തു ശോഭിക്കുന്ന താംബൂലത്താൽ ഉജ്വലനായും കണ്ടിട്ടു ത്യാഗേശ്വരൻ സന്തുഷ്ടനായി ഭവിച്ചു. ഒരു ദിവസം സുന്ദരൻ സ്നാനം ചെയ്തു നിത്യകൎമ്മവും ചെയ്തു ത്യാഗേശസന്നിധിയിൽ വന്നു സ്തുതിപ്പാൻ തുടങ്ങുമ്പോൾ മഹേശ്വരൻ പറഞ്ഞു. ഹെ സഖേ! പ്രഭാതസമയത്തിൽ സാഗരികയുടെ മാളികയിൽനിന്ന് എഴുനീറ്റുവരുമ്പോഴുള്ള നിന്റെ വേഷം അതിമനോഹരമായിരിക്കുന്നു. നിത്യവും ആ വേഷത്തോടുകൂടിവന്ന് എന്നെ ഭജിക്കുക. വിപരീതകൎമ്മം എന്റെ ദാസന്നുകൂടി ബന്ധകരമായി ഭവിക്കുകയില്ല. അങ്ങിനെയിരിക്കെ സുഹൃത്തിന്നു പറയേണ്ടതുണ്ടോ? ഇങ്ങിനെ മഹേശ്വരന്റെ വാക്കു കേട്ടു സുന്ദരൻ ദിനംതോറും അങ്ങിനെതന്നെ ചെയ്തു. മഹേശ്വരസ്തുതികളാൽ സുന്ദരവാക്കായ സുന്ദരൻ സാഗരികയുടെ മന്ദസ്മിതം, കടാക്ഷം, സാരസ്യസംഭാഷണം, ഗാഢാലിംഗനം മുതലായ സുഖാനുഭവസമയങ്ങളിൽ ഇഷ്ടമിത്രമായ ത്യാഗേശ്വരനെ ഒട്ടും മറന്നില്ല. കുളിക്കാതേയും നിത്യകൎമ്മം ചെയ്യാതേയും ക്ഷേത്രത്തിൽ ഇരിക്കുന്ന സുന്ദരനെ കണ്ടിട്ടു ചിലർ അവൻ ധൂൎത്തനാണ്, വേശ്യാലമ്പടനാണ്, അവനെ തൊ

ടരുത് എന്നു പറഞ്ഞു. ചിലർ ത്യാഗേശന്റെ പ്രസാദം സിദ്ധിച്ചവനാണ്. അതുകൊണ്ടു ത്യാഗേശതുല്യൻ തന്നെയാണ് എന്നു പറഞ്ഞു. ശങ്കരസുഹൃത്തായ സുന്ദരനാവട്ടേ നിന്ദാസ്തുതികളെ സമമായി വിചാരിച്ചു. പരിശുദ്ധമായ ഗംഗാപ്രവാഹത്തിന്നു മലിനസ്ഥലസംസർഗ്ഗം ഏതുപ്രകാരം ദോഷകരമായി ഭവിക്കില്ലയോ അതുപോലെ മഹേശ്വരനെ സ്മരിച്ചുകൊണ്ടിരിക്കുന്ന സുന്ദരന്നു വേശ്യാസംസർഗ്ഗം ദോഷമായി ഭവിച്ചില്ല. അനന്തരം ഒരിക്കൽ മഹേശ്വരൻ രാവിലെ സാഗരികാഗൃഹത്തിൽ നിന്നു വരുന്ന സുന്ദരന്റെ കൈപിടിച്ച് ഇങ്ങിനെ ചോദിച്ചു. ഹെ സഖേ! ഞാൻ കുറഞ്ഞൊന്നു ചോദിക്കുന്നു, സത്യം പറയു. സാഗരികയുടെ സംഭോഗത്തിലുള്ള സുഖം എങ്ങിനെയുള്ളതാണെന്ന് എന്നോടു പറയു. അവളുടെ സ്തനസ്പർശനത്തിലും ഗാഢാലിംഗനത്തിലും അധരാമൃതാസ്വാദത്തിലും സാരസ്യസംഭാഷണത്തിലും ഏതേതുമാതിരി സുഖങ്ങളാണ് അനുഭവിച്ചതുപോലെ എന്നോടു പറയു. ഞാൻ നിന്നോടു ചോദിക്കുന്നതു സ്നേഹംകൊണ്ടാണ്. അന്യന്മാരോട് ഇങ്ങിനെ ചോദിക്കുകയില്ല.

സുന്ദരൻ പറഞ്ഞു — മഹേശ്വര! ഇഷ്ടവസ്തു ദർശനത്താലുണ്ടാകുന്ന മോദമാകട്ടേ അതിനെ ലഭിച്ചതിനാലുള്ള പ്രമോദമാവട്ടേ അതിനെ അനുഭവിക്കുമ്പോഴുണ്ടാകുന്ന ആനന്ദമാവട്ടേ ഞാൻ ഒട്ടും അറിയുന്നില്ല. ശയ്യയിൽ കിടന്ന് അനുഭവിക്കുന്നവന്റെ സുഖത്തെ ശയ്യയിൽ വിരിച്ചിരിക്കുന്ന വസ്ത്രം അറിയുമോ? അതുപോലെ പഞ്ചകോശങ്ങളുടെ അന്തസ്ഥിതനായി സാക്ഷിരൂപനായിരിക്കുന്ന ഭവാന്റെ സുഖം എനിക്കറിഞ്ഞുകൂട. അന്തര്യാമിരൂപത്താൽ സർവ്വേന്ദ്രിയങ്ങളുടെ പ്രേരകനായും സർവ്വഭൂതങ്ങളുടേയും ഹൃദയാകാശവാസിയായും കർത്താവായും ഭോക്താവായും സകല തത്വങ്ങളെ അറിയുന്നവനായും ഇരിക്കുന്ന ഭവാൻതന്നെ ഇതെല്ലാം അറിയുന്നു. ഞാൻ കർത്താവുമല്ല ഭോക്താവുമല്ല ഭവാനാൽ പ്രേരണം ചെയ്യപ്പെടുന്നവനാണ്. വിശേഷിച്ചു കാണപ്പെടുന്നതും കേൾക്കപ്പെടുന്നതുമായ യാതൊരു

ജഗത്തുണ്ടോ ആ നാമരൂപാത്മകമായ സകല വസ്തുവും ഭവന്മയമാണല്ലോ. ഇങ്ങിനെ പറഞ്ഞു സുന്ദരൻ മഹേശ്വരപാദാരവിന്ദങ്ങളിൽ നമസ്കരിച്ച സമീപത്തിൽ ഭൃത്യനെപ്പോലെ മിണ്ടാതെ നിന്നു. പിന്നെ സുന്ദരൻ മഹേശ്വരാനുജ്ഞയാൽ തില്ലകാവനവാസികളായ ബ്രാഹ്മണരെ സ്തുതിച്ച് അവരാൽ പൂജിതനായിട്ട് അവരിൽ അഗ്രഗണ്യനായി ഭവിച്ചു. ആ സുന്ദരന്റെ ചിത്തപരിപാകത്തെ കണ്ടിട്ട ജലത്തിൽ തിരമാലകളെന്നപോലെ എതൊരു ജ്ഞാനത്തിൽ ഈ ജഗത്ത് ഉത്ഭവിക്കുകയും ലയിക്കുകയും ചെയ്യുന്നുവോ ആ വേദാന്തവിജ്ഞാനത്തെ മഹേശ്വരൻ കൊടുത്തു. മഹേശ്വരൻ തന്റെ പാദതീർത്ഥത്തിൽ സ്നാനം ചെയ്യുവനായ സുന്ദരനെ ജ്ഞാനദീക്ഷയെക്കൊണ്ടു കൃതാത്ഥനാക്കുമ്പോറ സനകാദികളായ ഋഷീശ്വരന്മാർ അവിടെ വന്നു. അവർ മഹേശ്വരനെ നമസ്കരിച്ച സംശയനിവൃത്തിയെ പ്രാത്ഥിക്കുമ്പോറ മഹേശ്വരൻ ആ മുനികറ കേറക്കെ സുന്ദരനോടു പറഞ്ഞു. വ്യാപാരരഹിതമായും അജ്ഞാനരഹിതമായും ശുദ്ധസത്വരൂപമായും ദോഷരഹിതമായും അജ്ഞാനദ്ധ്വാന്തരഹിതമായും സവ്വവ്യാപിയായും സാക്ഷിപ്രകാശരൂപമായും ഇരിക്കുന്ന ഞാൻ തത്ത്വബുദ്ധ്വാച്യൻ. അതു നീയായിരിക്കുന്നു നിശ്ചയം. സൃഷ്ടിക്കുമുമ്പ ഞാൻ ഒരുത്തൻ തന്നെയാണ് ഉള്ളത്. അന്യമായിരിക്കുന്ന കാൎയ്യകാരണം യാതൊന്നുമില്ല. കാൎയ്യകാരണങ്ങറ മറഞ്ഞിരിക്കുമ്പോറ യാവനൊരുത്തൻ ശേഷിക്കുന്നുവോ അവൻ ഞാനാണ്. അംഗുഷ്ഠപ്രമാണനായി ഹൃദാകാശത്തിങ്കൽ ശയിക്കുന്നവനായി ഉപദ്രവരഹിതനായിരിക്കുന്ന എന്നെ സ്ഥൂലസൂക്ഷ്മകാരണശരീരങ്ങളിൽ ശയിക്കുന്നവനായിട്ട മുനീശ്വരന്മാർ ആത്മാകാരമായ മനസ്സുകൊണ്ടു ധ്യാനിക്കുന്നു. എന്നാൽ പ്രേഷിതമായ മനസ്സാകുന്ന ഭൂതം വിഷയങ്ങളിൽ പതിക്കുന്നു. ദ്വാരമുള്ള ഘടത്തിലുള്ള ജലംപോലെ പ്രാണസമൂഹം എന്നാൽ പ്രേഷിതമായിട്ട ശരീരാന്തർഭാഗത്തിൽ സഞ്ചരിക്കുന്നു. ആശ്ചൎയ്യം. യാതൊരു എന്നാൽ ചക്ഷുസ്സ് രൂപത്തെ കാണുന്നുവോ യാതൊരു എന്നാൽ ശ്രോത്രേന്ദ്രിയം ശബ്ദത്തെ ഗ്രഹിക്കുന്നു

വോ യാതൊരു എന്നാൽ ജിഹ്വേന്ദ്രിയം സ്വാദറിയുന്നുവോ ആ ഞാൻ സർവ്വേന്ദ്രിയങ്ങളുടേയും അന്തർഭാഗത്തിലുള്ളവനാകുന്നു. സൂര്യാദികളായിരിക്കുന്ന പ്രകാശപദാർത്ഥങ്ങൾ നേത്രത്താൽ ദീപം എന്നപോലെ പ്രകാശരൂപനായ എങ്കൽ പ്രകാശിക്കുന്നു. സർവ്വേന്ദ്രിയങ്ങളും രാജാവിനെ അനുസരിച്ച സൈന്യമെന്നതുപോലെ എന്നെ അനുയാനം ചെയ്യുന്നു. എങ്കൽ നിന്ന് ഉണ്ടായിരിക്കുന്ന സർവ്വവസ്തുവും സമുദ്രത്തിൽ നുര ഏതുപ്രകാരം അസത്യമായിരിക്കുന്നുവോ അതുപോലെ എങ്കൽ അസത്യമാണ്. ജഗത്തു ഭിന്നജലത്തിൽ ചന്ദ്രനെന്നതുപോലെയും സ്വപ്നദ്രഷ്ടാവിന്നു സ്വപ്നദേഹമെന്നതുപോലെയും മിത്ഥ്യയാണ്. അനേകഭൂതങ്ങൾ ജനിക്കുന്നവയായിരുന്നാലും ലയിക്കുന്നവയായിരുന്നാലും മേഘങ്ങളുടെ ഉല്പത്തി നാശങ്ങളെക്കൊണ്ട് ആകാശത്തിന്ന് ഏതുപ്രകാരം വികാരമില്ലയോ അതുപോലെ എനിക്കും യാതൊരു വികാരവുമില്ല. നിങ്ങൾക്കുമില്ല. ആബ്രഹ്മസ്തംബപര്യന്തം അകവും പുറവും നിറഞ്ഞതായ യാതൊരു കൂടസ്ഥചൈതന്യമുണ്ടോ ആ കൂടസ്ഥചൈതന്യമാണ് ഞാൻഎന്ന് അറിയുന്ന ജീവൻ സംസാരപാശത്തിൽനിന്നു മുക്തനായി ഭവിക്കുന്നു. ദേഹമാകുന്ന വൃക്ഷത്തിൽ ജീവേശ്വരന്മാരാകുന്ന രണ്ടു പക്ഷികൾ ദേഹത്തെ ആശ്രയിച്ചിരിക്കുന്നു. രണ്ടിൽവെച്ച ജീവനാകുന്ന ഒരു പക്ഷി വിഷയസുഖത്തെ അനുഭവിക്കുന്നു. ഈശ്വരനാകുന്ന മറേറപക്ഷി വിഷയത്തെ അനുഭവിക്കാതെ പ്രകാശിക്കുന്നു. സമുദ്രത്തിൽനിന്നു ജലകണങ്ങളെന്നപോലെ പുണ്യകർമ്മത്താലുണ്ടാകുന്ന ആ സുഖങ്ങൾ എങ്കൽ ഇരിക്കുന്നവയാണ് എന്ന് അറിഞ്ഞു വിഷയസുഖസങ്കല്പമില്ലാതിരിക്കുന്ന ജീവൻ മോക്ഷത്തെപ്രാപിച്ച പിന്നെ മടങ്ങുന്നില്ല. തർക്കം മുതലായ വിദ്യകൾ എന്റെ ജ്ഞാനത്തിന്നു ഹേതുക്കളല്ല. ഉപനിഷത്താകുന്ന ദീപം എന്നെ പ്രകാശിപ്പിക്കുന്നില്ല. ഉപനിഷത്തിനെ അറിയുന്നവരും എന്നെ അറിയുന്നില്ല. ബഹുകാലംകൊണ്ട് ഉപനിഷത്തുകളാൽ അറിയപ്പെടുവാൻ യോഗ്യനായ എന്നെ എന്റെ അനുഗ്രഹത്താൽ ഭക്തി ഒന്നു

കൊണ്ടുതന്നെ വേഗത്തിൽ അറിഞ്ഞിട്ട വളരെ ജനങ്ങളിൽ ഒരുത്തൻമാത്രം കടക്കാൻ പാടില്ലാത്തതായ സംസാരസമുദ്ര ത്തെ കടക്കുന്നു. ഊൎണ്ണനാഭി ഏതുപ്രകാരം തങ്കലിരിക്കുന്ന തന്തുക്കളെ താൻതന്നെ സൃഷ്ടിച്ചു താൻതന്നെ രക്ഷിച്ചു താൻ തന്നെ ഗ്രസിക്കുന്നുവോ അതുപ്രകാരം ഈശ്വരൻ ജഗത്തി നെ താൻതന്നെ സൃഷ്ടിച്ചു താൻതന്നെ രക്ഷിച്ചു താൻതന്നെ ഗ്രസിക്കുന്നു. ഇപ്രകാരം അറിഞ്ഞാൽ മുക്തനായിഭവിക്കും. സൎവ്വഭൂതങ്ങളുടേയും ഹൃദയസ്ഥിതനായും സൎവ്വസാക്ഷിയായുമിരി ക്കുന്ന എന്നെതന്നെ ശരണം പ്രാപിച്ചിട്ട കൃതാൎത്ഥന്മാരായി സംസാരസാഗരത്തെ കടക്കുന്നു. ഹെ സുന്ദര! ഇങ്ങിനെയു ള്ള വേദാന്തവിജ്ഞാനത്തെ ഞാൻ നിനക്കുതന്നു. വിരക്തനാ യിട്ട് ഇതിനെ മനനംചെയ്യാൽ കൎമ്മബന്ധങ്ങളിൽനിന്നു മോ ചിക്കപ്പെട്ടം. ശ്രദ്ധയാലും ഉത്തമഭക്തിയാലും തപസ്സിനാലും ഗുരുവിന്റെ അനുഗ്രഹത്തിനാലും ആയിരത്തിൽ ഒരു ധന്യൻ മാത്രം ഛിന്നസംശയനായിട്ട മോചിക്കപ്പെട്ടന്നു. അതുകൊ ണ്ട ഹെ സുന്ദര! നീ എന്നെത്തന്നെ ശരണംപ്രാപിച്ചിരി ക്കുന്നു. എന്റെ പ്രസാദംകൊണ്ട നിനക്കു ബ്രഹ്മവിദ്യ ലഭി ച്ചു നി സുഖിയായിഭവിക്കുക. സകലപ്രപഞ്ചത്തേയും എ ന്റെ രൂപമാണെന്നറിഞ്ഞാൽ പാമരജനങ്ങൾ ചെയ്യുന്ന നി ന്ദയെ നീ സ്മരിക്കുകയില്ല. താൻ ത്യജിച്ചതായ തോലിനെ സ ൎപ്പം പിന്നെ സ്മരിക്കുന്നില്ല. എന്റെ ഈ ചിന്മയിയായ മുദ്ര യെ ധ്യാനിച്ചാൽ ജനനത്തിന്ന് അവസാനം ഭവിക്കുന്നു. ഇ ങ്ങിനെ പറഞ്ഞു ത്യാഗേശൻ തന്റെ ചിന്മുദ്രയെ കാണിച്ചു കൊടുത്തു. അപ്പോൾ സുന്ദരനും സനകാദികളെല്ലാവരും ഛി ന്നസംശയന്മാരായിഭവിച്ചു. പൂൎണ്ണമാനസന്മാരായ അവർ ത്യാഗേശനെ ആയിരംപ്രാവശ്യം നമസ്കരിച്ചു. അനന്തരം ത്യാഗേശ്വരന്റെ അനുജ്ഞയാൽ സനകാദികൾ ബ്രഹ്മലോ കത്തേക്കുപോയി. അവർ ത്യാഗേശനാൽ കാണിക്കപ്പെട്ട ചി ന്മുദ്രയെ നിത്യം ധ്യാനിച്ചുകൊണ്ടിരുന്നു. അനന്തരം സുന്ദരൻ തനിക്കുവേണ്ടി ത്യാഗേശ്വരൻ ചെയ്തിട്ടുള്ള ഉപചാരമാ ള

ഉിതകൃത്യത്തെ അനേകസ്തോത്രങ്ങളാൽ ക്ഷമിപ്പിച്ച മഹേശ്വ രപ്രസാദത്താൽ വിഷയങ്ങളിൽനിന്നു വിരക്തനായിട്ടു പ രമപദമായ കൈവല്യത്തെ പ്രാപിക്കുകയും ചെയ്തു. സുന്ദര ന്റെ ഈ ചരിതത്തെ ശ്രവിക്കുകയും പഠിക്കുകയും ചെയ്യു ന്നവൎക്ക മഹേശ്വരപ്രസാദത്താൽ മുക്തിലഭിക്കും സംശ യമില്ല.

എന്ന സ്കന്ദോപപുരാണത്തിൽ
പതിമൂന്നാമദ്ധ്യായം.

ലോകത്തിൽ സേവിക്കുവാൻ ഇത്ര സുലഭനായിട്ടു മഹാ ദേവനെക്കാൾ വേറെ ഒരു ദൈവമില്ല. അന്യദൈവങ്ങളെ സേവിക്കുന്ന ജനങ്ങളുടെ പരിശ്രമം വ്യൎത്ഥംതന്നെ. കാലഭ യമോചനത്തിന്നു അന്യദേവന്മാൎക്കാൎക്കും ശക്തിയില്ല. കാല ഭീതനായ ദേവന്റെ സേവകൊണ്ടു ജനങ്ങൾ എന്തുചെയ്യും? പ്രാരബ്ധകൎമ്മത്തിന്നധീനമായ സുഖദുഃഖത്തോടുകൂടിയവരായും അനാദിസംസാരപ്രവാഹപതിതന്മാരുമായ ജനങ്ങൾക്കു ഉപാ സിക്കപ്പെടുവാൻ യോഗ്യനായ ദേവൻ ആ കാലശാസനനായ ദേവൻ ഏകൻ തന്നെ. ആ ദേവനെ ഭജിച്ചാലുള്ള ഫലമോ പുനരാവൃത്തിരഹിതമായ കൈവല്യംതന്നെ. എന്നാൽ ആ ദേവനെ ഭജിപ്പാൻ ബുദ്ധിമുട്ടുണ്ടോ? അതില്ലെന്നുമാത്രമല്ല സുഖേന ചെയ്യാവുന്നതുമാണ്. അങ്ങിനെയുള്ള ഭജനസൌ കൎയ്യത്തെ അറിയാത്ത മൂഢർ സംസാരസാഗരത്തിൽ മു ങ്ങുന്നു. ഏകാഗ്രഭക്തികൊണ്ടുമാത്രം ആ ദയാനിധി പ്രസാദി ക്കുന്നു. ആ പ്രസാദംകൊണ്ടുതന്നെയാണ് ജനങ്ങൾക്കു മു ക്തിലഭിക്കുന്നത്. ജ്ഞാനംകൊണ്ടോ കൎമ്മംകൊണ്ടോ അല്ല. അതാതിന്നു അധികാരികളായവരിൽ മാത്രമേ ജ്ഞാനവും ക ൎമ്മവും പ്രവൎത്തിക്കുന്നുള്ളു. ഭക്തിക്കു എല്ലാവരും അധികാരിക ളാണ് എന്നാണ് ശാസ്ത്രനിൎണ്ണയം. മഹേശ്വരൻ പത്രപുഷ്പ ഫലാദികളാൽ അൎച്ചിതനായാൽകൂടി മനുഷ്യന്റെ കേവലഭ

ക്തിയാൽ പ്രസാദിക്കുന്നു. വംശവിദ്യാദികളാലല്ല പ്രസാദിക്കുന്നത്. സാംഖ്യം, യോഗം, തപസ്സ്, ഉത്തമവംശം, കർമ്മം, വിദ്യ ഇവകളൊന്നുമില്ലാതെ ഭക്തിമാത്രംകൊണ്ട് അനേകം ജനങ്ങൾ മുക്തന്മാരായിട്ടുണ്ട്. അതിന്ന് ഉദാഹരണമായി ഞാൻ ഇവിടെ ഒരു ചരിത്രത്തെപറയാം കേൾക്കുവിൻ. ഹേ മുനികളെ! അതിൻെറ ശ്രവണമാത്രത്താൽ മഹേശ്വരൻ പ്രസാദിക്കും. ഈ ഭൂമണ്ഡലത്തിന്ന് അലങ്കാരമെന്നപോലെ ചിദംബരമെന്നു പ്രസിദ്ധമായ ഒരു ഉത്തമക്ഷേത്രമുണ്ട്. അതിൻെറ ദർശനംകൊണ്ടുതന്നെ മനുഷ്യക്ക് മുക്തിലഭിക്കുന്നതാണ്. യാതൊരുക്ഷേത്രത്തിൽ കനകസഭയിൽ മഹേശ്വരൻെറ നൃത്തംകണ്ടിട്ട് വ്യാഘ്രപാദനും പതഞ്ജലിയും ബന്ധമുക്തന്മാരായി ഭവിച്ചുവോ യാതൊരുദിക്കിൽ മഹേശ്വരനെ ഉദ്ദേശിച്ച് യാഗംചെയ്യുന്ന ബ്രാഹ്മണഗൃഹങ്ങൾതോറും പ്രഭാതത്തിലും സായംകാലത്തിലും പാവനമായ അഗ്നിഹോത്രാഗ്നിധൂമവും ഹവിസ്സ്, ആജ്യം, പുരോഡാശം ഇവകളുടെ മനോഹരമായ പുണ്യഗന്ധവും ദിക്കാകുന്ന സ്ത്രീയുടെ മുഖത്തിൽ കസ്തൂരിയാൽ ചെയ്യപ്പെട്ട പത്രരേഖപോലെയിരിക്കുന്നു. ആ ദിക്കിൽ കുംഭകാരവംശശ്രേഷ്ഠനായ ഒരു കുലാലൻ ഉണ്ടായിരുന്നു. സ്വർഗ്ഗലോകത്തിൽ വിശ്വകർമ്മാവിന്നുള്ളതുപോലെ ഭൂലോകത്തിൽ നിർമ്മാണവൈദഗ്ധ്യം അവന്നുണ്ട്. അവൻ നിത്യം ശിവഗംഗയിൽ സ്നാനംചെയ്തു ശിവകഥകളെ കേട്ട പുതിയ മൺപാത്രങ്ങളെ ശിവപ്രീതിക്കായി ക്ഷേത്രത്തിൽകൊടുക്കും. അവൻ ശിവഭക്തന്മാരെ ശിവസ്വരൂപന്മാരാണെന്നുള്ള നിശ്ചയത്തോടെ സേവിച്ചു. പതിവ്രതയായ അവൻെറ ഭാര്യയും ശിവഭക്തിരതയായിരുന്നു. ഭാര്യയോടുകൂടിയിരിക്കുന്ന അവന്നു വംശവൃദ്ധിക്കു പുത്രനുണ്ടായതേ ഇല്ല. എന്നാൽ ശ്രീചിദംബരേശ്വരങ്കലുള്ള ഭക്ത്യാനന്ദത്താൽ പുത്രനുണ്ടാവാത്തതുകൊണ്ട് അവന്ന് ഒട്ടും ഖേദമുണ്ടായില്ല. ദിനന്തോറും ശിവഗംഗാതടത്തിൽ ശിവകഥാശ്രവണം ചെയ്തുകൊണ്ടിരിക്കുന്ന അവൻെറ മനസ്സ് സകലരൂപനായ മഹേശ്വരൻെറ രൂപത്തിൽ

തന്നെ ദൃഢമായി സ്ഥിതിചെയ്തു. ഇങ്ങിനെയിരിക്കുമ്പോൾ ഒരിക്കൽ അവൻ ശിവകഥയെ ഓൎത്തുകൊണ്ടു കിടന്നാറങ്ങുമ്പോൾ സ്വപ്നത്തിൽ ശിവസ്വരൂപത്തെകണ്ടു. കാളകൂടപ്രഭയാൽ മനോഹരമായ ആ ശിവകണ്ഠനാളത്തിൽ വിശേഷിച്ചും അവന്റെ മനസ്സിന്ന് ആസക്തിയുണ്ടായി. അന്നുമുതൽ അവൻ നീലകണ്ഠ, നിലകണ്ഠ എന്നു ജപിക്കുവാൻതുടങ്ങി. അതുകൊണ്ടു ജനങ്ങളെല്ലാവരും അവനെ നിലകണ്ഠനെന്നു വിളിക്കുവാൻ തുടങ്ങി. ഇങ്ങിനെ വളരെക്കാലംകഴിഞ്ഞ് ഒരു വൎഷക്കാലത്തിൽ നിലകണ്ഠകുലാലൻ ഒരു പാത്രത്തെ ഉണ്ടാക്കി വൈകുന്നേരം ക്ഷേത്രത്തിൽകൊണ്ടുപോയി കൊടുത്തു മടങ്ങുമ്പോൾ കൊടുങ്കാറ്റോടുകൂടിയ ഒരു വലിയമഴയുണ്ടായി. അതുകൊണ്ടു ഭൂമിയും ആകാശവും ദിക്കുകളും കാണാതായി. പിന്നെ വഴിയുടെ കഥ പറയേണ്ടല്ലൊ. അപ്പോൾ മഴകൊണ്ടു പീഡിതനായ അവൻ വസ്ത്രമെല്ലാം നനഞ്ഞു ദുഃഖിതനായിട്ട് ഒരു വേശ്യാസ്ത്രീയുടെ ഗൃഹദ്വാരത്തിൽ ചെന്നുനിന്നു. അതുകണ്ടു വേശ്യ നിലകണ്ഠകുലാലനാണെന്നറിഞ്ഞിട്ടു വേഗം അവനെ അകത്തേക്കു കൂട്ടികൊണ്ടുപോയി നനഞ്ഞവസ്ത്രത്തെ മാററി കരൊവിറകിട്ടു തീകത്തിച്ചു തണുപ്പുമാറുവാൻ ഉഷ്ണമായ അംഗരാഗത്തെയും തേച്ചുകൊടുത്തു. മഴമാറിയ ഉടനെ നീലകണ്ഠൻ സന്തുഷ്ടനായിട്ടു തന്റെ ഗൃഹത്തിലേക്കു പോകുകയുംചെയ്തു. അവൻ അംഗരാഗഭൂഷിതനായി വന്നതുകണ്ടിട്ട് അവന്റെ ഭാൎയ്യ ഇതെവിടുന്നാണെന്നു ചോദിച്ചു. നിലകണ്ഠൻ ഉണ്ടായ വൃത്താന്തമെല്ലാം യഥാൎത്ഥമായി പറഞ്ഞു. അതുകേട്ട് അവൾക്കു വലുതായ ശങ്കയുണ്ടായി. നിലകണ്ഠൻ എന്തു സത്യംപറഞ്ഞിട്ടും അവൾ വിശ്വസിച്ചില്ല. അവൾ അതിക്രോധത്തോടെ നീ വളരെക്കാലമായിട്ടു വേശ്യാസക്തനായിരിക്കുന്നു. ഇനി എന്നെ തൊടണ്ട. നീലകണ്ഠസ്വാമിയറികെ ഞാൻ പറയുന്നു. നീ എന്നെ തൊടരുത് എന്നുപറഞ്ഞു. അവൾ പതിവ്രതയാണെങ്കിലും ഇങ്ങിനെ പറഞ്ഞതുകേട്ടപ്പോൾ നിലകണ്ഠനും ക്രോധമുണ്ടായി. നിലകണ്ഠസ്വാമിയറികെ ഞാനും പറ

യുന്നു. എന്റെ ഈ ദേഹം നശിക്കുന്നതുവരെ ഞാൻ നിന്നെ തൊടുകയില്ല എന്നു അവനും പറഞ്ഞു. അതുകേട്ടപ്പോൾ അവൾ വിറച്ചു പിന്നെ ഭർത്താവിനോടു അനേകവിധം സാന്ത്വനം പറഞ്ഞു. അതൊന്നും അവൻകേട്ടില്ല. താൻ ചെയ്ത പ്രതിജ്ഞയെ ത്യജിച്ചതുമില്ല. പിന്നെ അവർ വളരെക്കാലം ദൃഢനിശ്ചയത്തോടുകൂടെ ഒരുമിച്ചിരുന്നു. ഇങ്ങിനെ അവരുടെ ഇന്ദ്രിയനിഗ്രഹവും ഭക്തിയും കണ്ടു മഹേശ്വരൻ പ്രീതനായിട്ടു അവരെ അനുഗ്രഹിക്കേണമെന്നു നിശ്ചയിച്ചു. ഒരു വൃദ്ധമുനിയുടെ രൂപംധരിച്ചു നീലകണ്ഠഭവനത്തിൽചെന്നു. അതുകണ്ടു അവൻ എഴുനീററു നമസ്കരിച്ചുപൂജിച്ചു ആസനത്തിലിരുത്തി എന്താണു വേണ്ടതെന്നുചോദിച്ചു. മുനി ചിരിച്ചുകൊണ്ടുപറഞ്ഞു. യോഗിയായ എനിക്കു കാണുന്നവസ്തുക്കളിൽ ഒന്നിലും ആഗ്രഹമില്ല. എന്നാലും ഞാൻ ഒന്നുപറയാം കേൾക്കുക. ഇനിക്കു തപസ്സുകൊണ്ടു ലഭിച്ച പാത്രമാണു ഇതു. മററാക്കൾക്കുകിട്ടാത്തതാണു. ഞാൻ എന്തു ആഗ്രഹിച്ചാലും ഇതു തരും. ഇതിനെ നിന്റെകയ്യിൽതരാം. ഞാൻ മടങ്ങിവരുന്നതുവരെ സൂക്ഷിച്ചുവെക്കുക എന്നുപറഞ്ഞു ആ പാത്രത്തെ അവന്റെ കയ്യിൽകൊടുത്തു മുനി പോകുകയുംചെയ്തു. അവൻ ആ പാത്രത്തെ ആരുംകാണാതെ അകത്തു സൂക്ഷിച്ചുവെച്ചു. പുറത്തെവിടെയെങ്കിലും പോയി മടങ്ങിവന്നാൽ അവൻ അതിനെ എടുത്തുനോക്കും. ദേഹാന്തഭാഗത്തിൽ പ്രാണനെ സൂക്ഷിക്കുന്നതുപോലെ അവൻ അന്തർഗ്ഗൃഹത്തിൽ പാത്രത്തെ സൂക്ഷിച്ചുവെച്ചു. ആരെങ്കിലും സൂക്ഷിപ്പാൻ കൊടുക്കുന്ന സാധനത്തെ സൂക്ഷിക്കുന്നവർക്കു ഉത്തമലോകം സിദ്ധിക്കും. എന്റെ കയ്യിൽ സൂക്ഷിപ്പാൻ തന്ന പാത്രത്തെ ആ മുനിയുടെകയ്യിൽ മടക്കിക്കൊടുത്തു ഞാൻ എപ്പോഴാണു കൃതാർത്ഥനാകുന്നതു. ആ മുനി എപ്പോഴാണു മടങ്ങിവരുന്നതു എന്നിങ്ങിനെ അവൻ എപ്പോഴും ചിന്തിച്ചുകൊണ്ടിരുന്നു. ഇങ്ങിനെയിരിക്കുമ്പോൾ മഹേശ്വരമായാനിർമ്മിതമായ പാത്രം ഓൎമ്മവെക്കാത്തവന്നു ശാസ്ത്രംമന്നതുപോലെ മാഞ്ഞുപോയി. അനന്തരം മുനി മടങ്ങി

വൻ നീലകണ്ഠനാൽ പൂജിതനായിട്ട് എങ്ങിനെപറഞ്ഞു. അ
ന്യദേശങ്ങളിലെല്ലാം സഞ്ചരിച്ചുകൊണ്ടിരുന്ന എനിക്കു നി
ന്റെ കയ്യിൽ തന്നിട്ടുള്ള പാത്രത്തിന്റെ വിചാരംതന്നെ ഉ
ണ്ടായില്ല. നിന്നെ ഈശ്വരൻ പ്രസാദിക്കട്ടെ. എന്റെപാ
ത്രം തരിക. വസ്ത്രം, എണ്ണ, അന്നം മുതലായ അഭിഷ്ടവസ്തുക്ക
ളെയെല്ലാം തന്ന് എന്നെ അമ്മയെപ്പോലെ രക്ഷിക്കുന്നത് അ
താണ്. അതുകേട്ടു നീലകണ്ഠൻ വേഗം അകത്തുപോയി പാ
ത്രംവെച്ചിരുന്ന സ്ഥലത്തു നോക്കുമ്പോൾ പാത്രത്തെ കണ്ടി
ല്ല. ഗൃഹമെല്ലാമന്വേഷിച്ചു കണ്ടില്ല. ഭാൎയ്യയോടുചോദി
ച്ചു, ഞാൻ അറിഞ്ഞതുതന്നെയില്ലെന്ന് അവൾ പറഞ്ഞു.
നീലകണ്ഠൻ വളരെ ഭ്രമിച്ചുവശായി. ഇതു മായയോ എ
ന്റെ ദുസ്സ്വപ്നമോ അതോവല്ല ഭൂതാവേശമൊ? ഹെ നീലകണ്ഠ!
ഈ അപവാദസമുദ്രത്തിൽനിന്ന് എന്നെ ഉദ്ധരിക്കണേ.
ഇല്ലെങ്കിൽ ഈ അപവാദത്തോടുകൂടി ഞാൻ പ്രാണങ്ങളെ ധ
രിക്കില്ല. ഇങ്ങിനെ മനസ്സുകൊണ്ടു നിശ്ചയിച്ച് അവൻ മുനി
യുടെ അടുക്കലേക്കുപോയി. അപ്പോൾ മുനി പറഞ്ഞു. എ
ന്റെ പാത്രം വേഗം തരിക, എന്താണ് താമസിക്കുന്നത്. അ
തുകേട്ടു ഭയശോകങ്ങളാൽ വിഹ്വലചിത്തനായ നീലകണ്ഠൻ
വണങ്ങിക്കൊണ്ടു പറഞ്ഞു. ഹെ സ്വാമി! ഇതുകേൾക്കണെ.
എന്റെ അപരാധം ക്ഷമിക്കുക. ഞാൻ ഭവാന്റെ പാത്രത്തെ
നല്ലവണ്ണം സൂക്ഷിച്ചു വെച്ചിരുന്നു. അത് എന്റെ പാപം
കൊണ്ട് ഇപ്പോൾ കാണുന്നില്ല. അതിന്നു തുല്യമായ വേറെ
ഒരു പാത്രം ഞാൻതരാം. അതു ഭവാൻ വാങ്ങണം. നീലക
ണ്ഠൻ ഇങ്ങിനെ പറഞ്ഞതുകേട്ടു മുനികോപിച്ചു. വളരെ ജന
ങ്ങളെ വിളിച്ചുവരുത്തി പറഞ്ഞു. ഈ ദുഷ്ടബുദ്ധിയായ കുംഭ
കാരന്റെ ദൌരാത്മ്യത്തെ നോക്കുവിൻ. ഇഷ്ടങ്ങളെല്ലാം ത
രുന്നതായ എന്റെ പാത്രത്തെ അപഹരിച്ചുവെച്ച് അതിന്നു
പകരം ഒരു മൺപാത്രത്തെ തരുവാൻ തുടങ്ങുന്നു. പശുവി
ന്റെ മുഖത്തെ അപഹരിപ്പാൻ തുടങ്ങുന്ന വ്യാഘ്രത്തിന്റെ
വഞ്ചനപോലെയിരിക്കുന്നു നിന്റെ വഞ്ചനാസാമൎത്ഥ്യം.

ഞാൻ ഭസ്മരുദ്രാക്ഷധരനായ നിന്റെ വേഷം കണ്ടിട്ടാണ് വഞ്ചിതനായത്. കാക്കുന്ന പശുവിനെ അപഹരിച്ചു കഴുതയെ കൊടുക്കുവാൻ തുടങ്ങുന്നതു പോലെയിരിക്കുന്നു. ബലാൽക്കാരമായി അപഹരിക്കുന്ന ദ്രവ്യം വംശകോടിയെ നിശ്ചയമായും നശിപ്പിക്കും. അതുകൊണ്ടാണ് ഞാൻ നിന്നോടു പറയുന്നത്. നിന്റെ ആശയെ ത്യജിക്കുക. അല്ലെങ്കിൽ നീ നിന്റെ വംശകോടികളോടുകൂടി നരകത്തിൽ പതിക്കും. ഇങ്ങിനെയെല്ലാം പറയുന്ന ദുരുക്തികളെ സഹിച്ചുകൊണ്ടു നീലകണ്ഠൻ മുനിയെ നമസ്കരിച്ചു തൊഴുതുകൊണ്ടു പറഞ്ഞു. ഞാൻ പാത്രത്തെ അപഹരിച്ചിട്ടില്ല സത്യംതന്നെ എന്നുപറഞ്ഞു. അതുകേട്ടു മുനി- ജനങ്ങൾ നിറഞ്ഞിരിക്കുന്ന സദസ്സിൽ അവനോടുപറഞ്ഞു. എനിക്കു നിന്റെ വാക്കിൽ വിശ്വാസമില്ല. നീ പറയുന്നതു സത്യമാണെങ്കിൽ ശിവഗംഗയിൽ കുളിച്ചു വംശകർത്താവായ പുത്രന്റെ തലതൊട്ടുപറയുക. നീലകണ്ഠൻ— എനിക്കു പുത്രനില്ലല്ലൊ. മുനി— എന്നാൽ ഭാര്യയുടെ കൈപിടിച്ചു കുളിച്ചു നനഞ്ഞവസ്ത്രത്തോടുകൂടെ നടേശസന്നിധിയിൽ നിന്നു സത്യംപറയുക. എന്റെ പാത്രംപോയെങ്കിൽ പോട്ടെ. നിന്റെ സംസർഗ്ഗംകൊണ്ടു ഞാൻ കെട്ടുപോയി. അതുകേട്ടു നീലകണ്ഠൻ തന്റെ പ്രതിജ്ഞയ്ക്കു ഭംഗംവരുമെന്നുള്ള ഭയത്താൽ അതു സമ്മതിച്ചില്ല. അപ്പോൾ മുനി അവനെ പിടിച്ചുവലിച്ചു നടേശഭക്തന്മാരായ ദീക്ഷിതന്മാരുടെ സദസ്സിലേക്കു കൊണ്ടുപോയി അവരോടു വൃത്താന്തമെല്ലാംപറഞ്ഞു. അവർ അതുകേട്ടു നീലകണ്ഠനോടു സത്യംചെയ്യുവാൻ പറഞ്ഞു. അപ്പോൾ അവൻ തനിക്കു ഭാര്യയെ തൊടുവാൻ പാടില്ലാത്തതായ പ്രതിജ്ഞാവൃത്താന്തത്തെ പറഞ്ഞു. അതുകേട്ടു മുനി ഇവൻ ഒരിക്കലും ഇങ്ങിനെയുള്ളവനല്ല. എന്നെ വഞ്ചിക്കുവാൻ വ്യാജം പറയുകയാണെന്നു പറഞ്ഞു. അപ്പോൾ ദീക്ഷിതന്മാർ നീലകണ്ഠനെനോക്കി പറഞ്ഞു— ഹെ നീലകണ്ഠ! ഈ മുനി ക്രൂരനായിരിക്കുന്നു. നിങ്ങൾക്ക് ഇങ്ങിനെ ഒരു പ്രതിജ്ഞയുണ്ടെങ്കിൽ അതിന്ന് ഒരുപായം കണ്ടിട്ടു

ണ്ടു കേൾക്കുക. സത്യംചെയ്യിട്ടില്ലെങ്കിൽ ജനങ്ങൾ നിങ്ങളെ അപവാദംപറയും. നടേശഭക്തനായ നിനക്ക് ഒരിക്കലും ആപത്തു സംഭവിക്കുകയില്ല. മഹാത്മാവായ മുനിക്കു സത്യം ചെയ്തുകൊടുക്കുക. മഹാന്മാരായ ജനങ്ങൾ സംഘംകൂടി എന്തുപറയുന്നുവോ അതു ശ്രേയസ്സിന്നു തന്നെയാണ്. ഒരു മുളവടിയുടെ രണ്ടുതലകളും നിങ്ങൾ രണ്ടാളും പിടിച്ചു ശിവഗംഗയിൽ സ്നാനം ചെയ്തു മുനിക്കു സത്യം ചെയ്യുവിൻ. ഇങ്ങിനെ മുവ്വായിരം ദീക്ഷിതന്മാരും പറഞ്ഞു. അതുകേട്ട് അവർ ഒരു വടിയുടെ രണ്ടുതലയ്ക്കലും പിടിച്ചു ശിവഗംഗയിൽ മുങ്ങി. അവർ മുങ്ങിപ്പൊങ്ങുമ്പോൾ ചെറുപ്പക്കാരായി ഭവിച്ചു. ആ മുനിയെ വൃഷഭാരൂഢനായ നടേശമൂർത്തിയായും കണ്ടു. അവരിൽ പ്രസന്നനായ മഹേശ്വരൻ അവർക്ക് അഭീഷ്ടമായ മുക്തിയെ കൊടുത്ത് അവരോടുകൂടെ ചിദാകാശമായ തന്റെ സ്ഥാനത്തെ പ്രാപിച്ചു. യാതൊരു മനുഷ്യൻ ശാന്തചിത്തനായിട്ട് ഈ അദ്ധ്യായത്തെ പഠിക്കുകയും കേൾക്കുകയും ചെയ്യുന്നുവോ അവൻ നടേശ്വരപ്രസാദത്താൽ പിന്നെ ഭൂമിയിൽ ജനിക്കുകയില്ല.

എന്ന സ്കന്ദോപപുരാണത്തിൽ

പതിനാലാമദ്ധ്യായം

ഋഷികൾ പറഞ്ഞു— ഹേ കാംഭസംഭവ! ഭക്തിയാൽ വശീകൃതനായ മഹേശ്വരൻ യാതൊരു സുന്ദരന്നു ഗുരുവായി ഭവിച്ചുവോ ആ സർവ്വജ്ഞനായ സുന്ദരന്റെ ചരിതം ഭവാനാൽ പറയപ്പെട്ടുവല്ലോ. അതുപോലെതന്നെ ഭക്തിമാനായും ശിവകൈങ്കര്യത്തെ ചെയ്യുന്നവനുമായ നീലകണ്ഠന്റെ ചരിതവും ഞങ്ങൾ കേട്ടു. എന്നാൽ യാതൊരുത്തർക്കു വേദാന്തജ്ഞാനസാധനത്തിൽ അധികാരമില്ല. മഹേശ്വരന്റെ കൈങ്കര്യകർമ്മം ചെയ്വാനും ശക്തന്മാരല്ല. അങ്ങിനെയുള്ള താണ ജാതിജന്മാർക്കു മുക്തിക്ക് ആഗ്രഹമുണ്ടതാനും. അവർക്ക് എന്തു

കൊണ്ടാണ് മഹേശ്വരൻ പ്രീതനായി മുക്തിയെ കൊടുക്കുന്നത്. അഗസ്ത്യൻ പറഞ്ഞു— ഇതിന്നു ഞാൻ ഒരു ഇതിഹാസം പറയാം കേൾക്കുവിൻ. ഇതിന്റെ ശ്രവണമാത്രത്താൽതന്നെ ജനങ്ങൾ പാപമുക്തന്മാരായി ഭവിക്കും. ജ്ഞാനാധികാരികളുടേയും കൎമ്മാധികാരികളുടേയും അവരവൎക്കനുരൂപമായ ജ്ഞാനയജ്ഞത്താലും കൎമ്മയജ്ഞത്താലും ഏതൊരുവിധം സൎവ്വജ്ഞനായ മഹേശ്വരൻ പ്രസാദിക്കുന്നുവോ ആവിധം ജ്ഞാനകൎമ്മജഡന്മാരായിരിക്കുന്ന താണജാതിക്കാൎക്ക തന്റെ ഭക്തന്മാരുടെ പൂജയാൽ മഹേശ്വരൻ പ്രസാദിക്കുന്നു. ശിവഭക്തന്മാർ എന്തഭീഷ്ടത്തെ ചോദിക്കുന്നുവോ അതാതിനെ കൊടുത്താൽ ഹീനജാതിജനാണെങ്കിലും അവൻ മുക്തനായി ഭവിക്കുന്നു. ഭൂലോകത്തിൽ ശിവഭക്തന്മാരുടെ പൂജയാൽ മാത്രം ശിവാനുഗ്രഹത്താൽ, സദ്യോമുക്തന്മാരായവർ വളരെയുണ്ട്. തീൎത്ഥസ്നാനം, യാഗം, തപസ്സ്, വ്രതം, ദാനം, വൃത്തം, മന്ത്രം, തന്ത്രം, വേദം, ശൈവാഗമം ഇങ്ങിനെയുള്ള മാൎഗ്ഗങ്ങളിൽ പ്രവൎത്തിക്കുന്നവൎക്ക ജഗൽപതിയായ ചന്ദ്രചൂഡൻ എങ്ങിനെ പ്രസാദിക്കുന്നുവോ അങ്ങിനെതന്നെ സ്വഭക്തന്മാരിലുള്ള ഭക്തികൊണ്ടു മഹേശ്വരൻ പ്രസാദിക്കുന്നു. ക്ഷോണിയിങ്കൽ കാവേരീതീരത്തിന്ന് അലങ്കാരമായി ധനവാന്മാരുടെ ഒരു നഗരമുണ്ട്. ആ നഗരം കല്പവൃക്ഷങ്ങൾക്ക ധനവൎദ്ധനമാണ്. ആ നഗരത്തിൽ അതിദരിദ്രനായവൻ ഒരുവൎഷം വസിച്ചാൽ വലിയസമ്പത്തിനെ ലഭിച്ചു കുബേരനോടു സ്പൎദ്ധിക്കുകയും ചെയ്യുന്നു. അവിടെ വസിക്കുന്ന വൈശ്യന്മാരാൽ രത്നങ്ങളും അപഹരിക്കപ്പെട്ടതിനാൽ സമുദ്രം തിരമാലകളാകുന്ന കൈകളെ ഉയൎത്തിക്കൊണ്ടു കരയുന്നതുപോലെ ഇരിക്കുന്നു. ആ നഗരത്തിൽ സമ്പത്തുകൊണ്ടു കുബേരതുല്യനായി ഒരു വൈശ്യൻ ഉണ്ടായിരുന്നു. അവന്നു മഹാധനൻ എന്നാണ് നാമം. വിശേഷിച്ചു രത്നപരീക്ഷയിൽ അതിസമൎത്ഥനാണ്. ഒരു പ്രാവശ്യം അവന്റെ കൈകൊണ്ടു തൊട്ടാൽ എത്ര കുറച്ചായ ധനവും വൎദ്ധിക്കും. സമുദ്രത്തിൽ കപ്പലോ

ടിച്ചു കച്ചവടംചെയ്യുന്ന സകല വൈശ്യന്മാരും അവന്റെ
പാദസേവകന്മാരാണ്. ബാല്യത്തിൽതന്നെ അവൻ സമ്പാ
ദിച്ചു ദ്രവ്യം മറെറാരു മഹാമേരുവോളം ഉണ്ട്. അവന്നു സ
ല്ലക്ഷണത്തോടുകൂടിയവളായി വസുമതി എന്നപേരായ ഭാ
ൎയ്യയും ഉണ്ട്. അവരുടെ ബന്ധുസമൂഹത്താൽ ലോകംമുഴവ
നും നിറഞ്ഞിരുന്നു. അവൻ അനേക ദിവ്യാഭരണങ്ങളാലും
ദിവ്യവസ്ത്രങ്ങളാലും ശോഭിതനായിട്ടു ഭാൎയ്യയോടുകൂടി ദേവകൾ
ക്കുംകൂടിലഭിക്കാത്ത സുഖങ്ങളെ അനുഭവിച്ചുകൊണ്ടിരുന്നു.
ഇങ്ങിനെ വളരെക്കാലം കഴിഞ്ഞിട്ടും അവന്നു പുത്രനുണ്ടായി
ല്ല. അതിനാൽ അതി ദുഃഖിതനായിരിക്കുന്ന ആ വൈശ്യൻ
തന്റെ ദിവ്യാലങ്കാരങ്ങളെല്ലാം ത്യജിച്ചു വ്യാപാരത്തിന്നും വേ
റെ ആളെ വെച്ചു ഗൃഹത്തിൽ ഭാൎയ്യയോടുകൂടി വെറുതെ ഇരു
ന്നു. ഒരിക്കൽ ആ വൈശ്യൻ ഭാൎയ്യയോടുകൂടി കാവേരി നദി
യിൽ സ്നാനംചെയ്തു ഗൃഹത്തിലേക്കു മടങ്ങുമ്പോൾ കാവേരീതീ
രത്തിൽ ഒരു പൌരാണികൻ പുരാണം വായിക്കുന്നതുകണ്ട്
അദ്ദേഹത്തെ നമസ്കരിച്ചു. അപ്പോൾ പൌരാണികൻ അവി
ടെ ഇരുന്നു കഥകൾകേൾവാൻ പറഞ്ഞു. വൈശ്യൻ ഭാൎയ്യയോ
ടുകൂടി ബ്രാഹ്മണൻ വായിക്കുന്ന ശിവപുരാണത്തിൽനിന്നു
പുണ്യകളായ ശിവകഥകളെ കേട്ടപ്പോൾ ശിവഭക്തിയുണ്ടാ
യി. പിന്നെ ദിനംതോറും അവന്നു പുരാണശ്രവണത്തിൽ
ശ്രദ്ധയുണ്ടായി. പുരാണശ്രവണാസക്തനായ വൈശ്യന്നു
ക്രമത്തിൽ വൈരാഗ്യം വന്നതിനാൽ വിഷയവാസന ശാ
ന്തമായി ഭവിച്ചു. പിന്നെ ആ ദമ്പതികൾ ശിവതത്വ
ജ്ഞനായ വൃദ്ധബ്രാഹ്മണനെ പ്രസാദിപ്പിച്ചു പഞ്ചാക്ഷരമന്ത്ര
ത്തെയും ലഭിച്ചു. ആ പൌരാണികന്ന് അനവധി ദ്രവ്യ
ങ്ങളെല്ലാം കൊടുത്തു നിൎമ്മലമാനസനായിട്ടു ശിവകഥക
ളിൽതന്നെ ആസക്തനായിരുന്നു. ഒരിക്കൽ മഹാധനൻ ഗു
രുവിനെ നമസ്കരിച്ച് ഇങ്ങിനെ ചോദിച്ചു. ഹെ ഗുരോ! ഈ
സംസാരബന്ധത്തിൽനിന്നു മോചിപ്പാൻ ആഗ്രഹമുള്ള എ
നിക്ക് ആ മോക്ഷം എങ്ങിനെ ലഭിക്കും? ജ്ഞാനത്താലും വി

ഹിതമായ കമ്മത്താലും വിധിപ്രകാരാ ഉപാസിച്ചാൽ ജഗൽ കത്താവായ മഹേശ്വരൻ പ്രസാദിക്കും; അതു രണ്ടിനും എനി ക്കധികാരമില്ല. പിന്നെ എങ്ങിനെയാണ് മോക്ഷം ലഭിക്കു ന്നത്. കമ്മംകൊണ്ടാണ് ജ്ഞാനം ലഭിക്കുന്നതെന്നു പുരാ ണങ്ങൾ പറയുന്നു. സവ്വജ്ഞനായ ഭവാൻ ഈ സംശയത്തെ തീത്തുതരിക. ഇങ്ങിനെ മഹാധനൻ പറഞ്ഞതുകേട്ടു ഗുരു പറഞ്ഞു. എന്റെ വാക്കിൽ വിശ്വാസമുണ്ടെങ്കിൽ മഹേശ്വ രൻ പ്രസാദിക്കും. ഗുരുവിന്റെ വാക്കിനെ സംശയിക്കുന്നവർ നശിക്കുന്നു. നീ ദുജ്ജനസഹവാസത്തെ ത്യജിച്ചു സജ്ജന സഹവാസം ചെയ്യുക. അവരുടെ ലക്ഷണങ്ങളെ ഞാൻ പറയാം. ആ ലക്ഷണങ്ങളെ അറിഞ്ഞാൽ സൽസംഗത്തിന്ന് ആഗ്രഹമുണ്ടാവും. ദേഹമാണ് ആത്മാവെന്നു വാദിക്കുന്നവരും ധനം, ഗൃഹം, കൃഷിസ്ഥലം ഇതുകളിൽ അത്യാഗ്രഹത്തോടുകൂടി യവരും ലൌകികവ്യവഹാരങ്ങളിൽ അതിസക്തന്മാരും സ ൽഗുണങ്ങളില്ലാത്തവരും ആകുന്നു ദുജ്ജനങ്ങൾ. അവരോടു സഹവാസം ചെയ്യുന്നവക്കു കടക്കാൻപാടില്ലാത്ത ശോകം ഉ ണ്ടാകുന്നു. അവരോടു സംസാരിക്കുകകൂടി ചെയ്യരുത്. അവ ക്കു സജ്ജനങ്ങളെ സമ്മതമില്ല. സജ്ജനങ്ങളുടെ ലക്ഷണ ത്തെ പറയാം കേൾക്കുക. ശിവൻതന്നെയാണ് ജഗൽക ത്താവ്. ശിവങ്കലാണ് സവ്വവും പ്രതിഷ്ഠിച്ചിരിക്കുന്നത്. ക മ്മമാകുന്ന ഇരുട്ടിൽ ഭ്രമിക്കുന്നവക്കു വഴികാണിച്ചുകൊടുക്കുന്ന സൂയ്യനും ആ ശിവൻതന്നെ. ധമ്മസാധനമായി മറെറാരു ദൈവവും ഇല്ല, ആ ശിവൻതന്നെ ശരണം എന്നുള്ള, ദൃഢനി ശ്ചയത്തോടെ ശിവ, ഗൌരീപതെ, ശംഭോ, ചന്ദ്രശേഖരാ, ശ ങ്കര, കാലശാസന കാലഭക്ഷണമായ എന്നെ രക്ഷിക്കണേ. ഇങ്ങിനെ ശിവനാമങ്ങളെ കീത്തിക്കുന്നു. ഭസ്മരുദ്രാക്ഷങ്ങ ളെ ധരിച്ചുകൊണ്ടും ശിവലിംഗാച്ചനതല്പരന്മാരായും ഇരിക്കു ന്നു. ഇങ്ങിനെയുള്ള സജ്ജനങ്ങളുടെ പാദസേവകൊണ്ടു പാ പികൾക്കുകൂടി മുക്തിഭവിക്കും സംശയമില്ല. മഹേശ്വരഭക്ത ന്മാക്ക് ഏതേത് അഭീഷ്ടമൊ അതാതിനെ കൊടുക്കുന്നതുകൊ

ണ്ടു വേഗം ശിവപ്രീതി പാത്രമായി ഭവിക്കുന്നു. ഭക്തന്മാരുടെ സേവകൊണ്ടു മഹേശ്വരൻ എത്രവേഗത്തിൽ സന്തോഷിക്കുന്നുവോ അതുപോലെ തന്റെ പാദസേവ ചെയ്യുന്നവരിൽ അത്രവേഗം സന്തോഷിക്കുന്നില്ല. മനുഷ്യർ ശിവഭക്തന്മാരുടെ പ്രീതിക്കായി ലോകവിരുദ്ധങ്ങളായ കർമ്മങ്ങളെ ചെയ്താലും ശിവപ്രസാദത്താൽ കടക്കാൻപാടില്ലാത്തതായ സംസാരദുഃഖത്തെ കടക്കുന്നു. ജ്ഞാനാഭ്യാസമില്ലാതെയും ഈശ്വരപ്രസാദമില്ലാതെയും ശിവഭക്തന്മാരുടെ സേവകൊണ്ടും അവക്ക് അഭീഷ്ടദാനം ചെയ്യുന്നതുകൊണ്ടും മനുഷ്യർക്ക് മുക്തിലഭിക്കുന്നു. ഇങ്ങിനെ ഗുരുവിനാൽ ഉപദേശിക്കപ്പെട്ടവനായ മഹാധനൻ അങ്ങിനെതന്നെ എന്നുപറഞ്ഞു ഗുരുവിനെ നമസ്കരിച്ച് ആ ഭാഗ്യവാൻ ശിവഭക്തന്മാരുടെ പാദസേവയെ ചെയ്യുവാൻ തുടങ്ങി. ഭസ്മധാരികളേയും രുദ്രാക്ഷധാരികളേയുംകണ്ടാൽ അവൻ നമസ്കരിക്കും. അവരുടെ അഭീഷ്ടങ്ങളെല്ലാം കൊടുക്കുകയും ചെയ്യും. ഭക്തന്മാരുടെ അഭീഷ്ടം ദുർല്ലഭമാണെങ്കിലും അവൻ താമസിക്കാതെ കൊടുക്കും. അവൻ ഭസ്മംകൊണ്ടു സർവ്വാംഗലേപനം ചെയ്തും രുദ്രാക്ഷഭൂഷിതനായും നിത്യവും ശിവഭക്തന്മാർക്ക് അന്നദാനം ചെയ്തും അവരുടെ ഉച്ഛിഷ്ടത്തെ ഭക്ഷിച്ചുകൊണ്ടും ഇരുന്നു. അവന്റെ ഭാര്യയും ഗുരുവാക്യത്തിലുള്ള വിശ്വാസത്താൽ ഭർത്താവിന്റെ ഇഷ്ടത്തെ അനുസരിച്ചുകൊണ്ട് അവന്റെ സകലകർമ്മങ്ങളിലും അനുകൂലയായിരുന്നു. അവന്റെ ബന്ധുക്കളെല്ലാവരുംകൂടി അവൻ ചെയ്യുന്നതിന്നു തടസ്ഥം പറഞ്ഞു. അവരുടെ നിഷേധവാക്കുകളൊന്നും അവൻ സ്വീകരിച്ചില്ല. നീ ഭസ്മധാരികളാൽ വഞ്ചിതനായി അവരുടെ ദാസനെപ്പോലെ ഉച്ഛിഷ്ടഭക്ഷണവും ചെയ്യുന്നു. നീ ഉചിതമാണെന്നു വിചാരിച്ചാണ്. ചെയ്യുന്നത്. ഇതെല്ലാം അനുചിതമാണ്. ഇങ്ങിനെ പലതും ബന്ധുക്കൾ പറഞ്ഞിട്ടും അവൻ തന്റെ ധർമ്മത്തിൽനിന്ന് ഇളകിയതേയില്ല. അവനാൽ അർച്ചിക്കപ്പെടാത്ത ശിവഭക്തൻ ഒരുത്തനും ഇല്ല. ഇങ്ങിനെ ശിവഭക്തദാസനായിത്തന്നെ വള

രെക്കാലം കഴിഞ്ഞു. സമ്പാദിച്ച ധനത്തെയെല്ലാം ബ്രാഹ്മസ്വമാക്കിവെച്ചു ഭക്തപാദസേവയെ ചെയ്തുകൊണ്ടിരിക്കുന്നതാവന്റെമേൽ മഹേശ്വരൻ പ്രസാദിച്ചു. ഒരുദിവസം ഇരുപത്തഞ്ചു വയസ്സായ ഒരു ബ്രാഹ്മണന്റെ വേഷംധരിച്ചു മഹേശ്വരൻ മഹാധനനായ വൈശ്യന്റെ പടിക്കൽ ചെന്നു. ഭസ്മരേഖയാൽ മനോഹരമായ നെറ്റിയോടുകൂടി ആ ബ്രാഹ്മണൻ ഭിക്ഷതരിക എന്നു ഉറക്കെ പറഞ്ഞു. അതുകേട്ടു വൈശ്യപത്നി അന്നത്തെ എടുത്തുകൊണ്ടു പുറത്തേക്കുവന്നു. അപ്പോൾ ആ ബ്രാഹ്മണൻ ധൂൎത്തനെപ്പോലെ അവളെ നോക്കിക്കൊണ്ടുതന്നെ നിന്നു. ഭിക്ഷയെവാങ്ങുക എന്നു പറഞ്ഞിട്ടും ബ്രാഹ്മണൻ വാങ്ങിയില്ല. അവളുടെ മുഖത്തെയും സ്തനങ്ങളെയും കണ്ണിമക്കാതെ, നോക്കിക്കൊണ്ടുനിന്നു. പതിവ്രതയായ താവൾ ബ്രാഹ്മണന്റെ നോട്ടം കണ്ടു ശങ്കിതയായിട്ടു ഹേ നാഥ! ഭവാൻ ഇവിടെവരിക എന്നുവിളിച്ചു. വൈശ്യൻ വന്നു ഭിക്ഷവാങ്ങിക്കൊള്ളുക എന്നുപറഞ്ഞു. അപ്പോൾ വ്യാജവിടൻ ചിരിച്ചുകൊണ്ടുപറഞ്ഞു. ഞാൻ അന്നഭിക്ഷക്കായിട്ടല്ല വന്നത്. അന്നം ഗൃഹംതോറും ലഭിക്കുമല്ലോ. ശിവഭക്തനായ ബ്രാഹ്മണന്ന് ഇഷ്ടമുള്ളതല്ലെ തരേണ്ടത്. അതുതരിക. അതുകേട്ടു വൈശ്യൻ നമസ്കരിച്ചു ഭവാന്ന് ഇഷ്ടമുള്ളതെന്താണെന്നു ചോദിച്ചു. ബ്രാഹ്മണൻ—ഇഷ്ടമുള്ളതു തരാമെന്നുണ്ടെങ്കിൽ പറയാം. ഇല്ലെങ്കിൽ ഞാൻ വന്നവഴിയെ പോയ്ക്കൊള്ളാം.

വൈശ്യൻ—എന്തിന്നുതാമസിക്കുന്നു വേണ്ടുന്നതു ഞാൻ തരാം വാങ്ങുക എന്നുപറഞ്ഞു നമസ്കരിച്ചു തൊഴുതുകൊണ്ടു നിന്നു. അപ്പോൾ ആ വിടബ്രാഹ്മണൻ ഒട്ടും ശങ്കകൂടാതെ സ്ത്രീഭിക്ഷയെ ചോദിച്ചു. ഉടനെ വൈശ്യൻ ഒട്ടുംആലോചിക്കാതെ ആ ബ്രാഹ്മണൻ മഹേശ്വരനാണെന്നുള്ള ദൃഢബുദ്ധിയോടെ തന്റെ ഭാൎയ്യയെ കൊടുത്തു. നി ബ്രാഹ്മണന്റെകൂടെ പോവുക എന്നു ഭാൎയ്യയോടുംപറഞ്ഞു. അതുകേട്ടു പതിവ്രതയായ അവൾ തൊഴുതുകൊണ്ടു ബ്രാഹ്മണന്റെ പിന്നാലെനടന്നു. അതുകണ്ട് അവന്റെ ബന്ധുക്കളെല്ലാം കുപിതന്മാരായിട്ടു ബ്രാഹ്മണ

നെ തടുത്തുനിൎത്തി കൊല്ലുവാൻതുടങ്ങുമ്പോൾ മഹാധനൻ ഓടിവന്നു വാളുകൊണ്ട് ആ ബന്ധുക്കളെയെല്ലാം വെട്ടിക്കൊന്നു തന്റെ ധൎമ്മത്തെ ദ്വേഷിക്കുന്ന ബന്ധുക്കളെക്കൊന്ന ബ്രാഹ്മണനെ നോക്കുമ്പോൾ അദ്ദേഹത്തെ കണ്ടില്ല. ഭാൎയ്യയോടു ചോദിച്ചു. ഞാൻ കണ്ടില്ലെന്ന് അവൾ പറഞ്ഞു. അപ്പോൾ വൈശ്യൻ വിസ്മിതനായിട്ടു മഹേശ്വരനെ സ്മരിച്ചുകൊണ്ടുനില്ക്കുമ്പോൾ മഹേശ്വരൻ ദേവിയോടുകൂടെ വൃഷഭാരൂഢനായിട്ടു ഭൂതഗണങ്ങളാലും ദേവഗണങ്ങളാലും സ്തുതിക്കപ്പെട്ടവനായി വരുന്നതുകണ്ടു. ആ മഹേശ്വരൻ വൈശ്യദമ്പതികൾക്കു മുനിഗണങ്ങൾക്കു ലഭിക്കുവാൻ യോഗ്യമായ മുക്തിയെ കൊടുത്തു സിദ്ധജനങ്ങൾ നോക്കിക്കൊണ്ടിരിക്കെ തന്റെ സ്ഥാനത്തേക്കു പോകുകയും ചെയ്തു. അതിദുഷ്കരമായ ബഹുവിധകൎമ്മംകൊണ്ടെന്താണ്. വളരെ ജന്മങ്ങളാൽ ദുൎല്ലഭമായ ജ്ഞാനംകൊണ്ടെന്താണ്. മഹേശ്വരൻ ശ്രേഷ്ഠമായ ഭക്തികൊണ്ടാണ് പ്രസാദിക്കുന്നത്. അതുകൊണ്ട് അന്യകൎമ്മങ്ങളെല്ലാം ത്യജിച്ചു ഭക്തന്മാരായി ഭവിക്കുവിൻ.

എന്ന സ്കന്ദോപപുരാണത്തിൽ

പതിനഞ്ചാമദ്ധ്യായം.

---

അഗസ്ത്യൻപറഞ്ഞു—ഹെ മുനികളേ! കേൾക്കുവിൻ. ശിവഭക്തന്മാൎക്ക് എപ്പോഴും അന്നപാനീയങ്ങളെ കൊടുക്കുന്നതിന്നു തുല്യമായ സുകൃതം ലോകത്തിൽ മറെറാന്നുമില്ല. അതു മഹേശ്വരന്ന് അതിപ്രീതികരമായി ഭവിക്കുന്നു. ഭൂലോകത്തിന്നു ഭൂഷണമായി കനിഷ്ഠഘടികാപുരം എന്നുപേരായ ഒരു നഗരമുണ്ട്. ആ നഗരം സ്വകൎമ്മനിരതന്മാരായ ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരാലും ബ്രാഹ്മണശുശ്രൂഷാരതന്മാരായ ശൂദ്രരാലും ശിവഭക്തന്മാരാലും ശിവവ്രതത്തെ അനുഷ്ഠിക്കുവാൻ ആദരവുള്ള ജനങ്ങളാലും സമ്പൂൎണ്ണമായിരുന്നു. ആ ന

ഗരത്തിൽ ശൂദ്രജാതിജനായി മാരൻ എന്നപേരായി ഒരുവൻ ഉണ്ടായിരുന്നു. അവൻ തനിക്കു സൽഗതിക്ക് എന്താണ് ചെയ്യേണ്ടതെന്നു സംശയത്തോടുകൂടി ഒരു ഗുരുവിനോടു ചോദിച്ചു. ശൂദ്രക്കു ശിവഭക്തന്മാരെ സേവിക്കുന്നതുകൊണ്ടു മഹേശ്വരപ്രസാദം ലഭിക്കുന്നതാണ് അതിനാൽ ആ സൽക്കർമ്മത്തെ ചെയ്യുക എന്നു ഗുരു ഉപദേശിച്ചതിനാൽ സ്ഥിരബുദ്ധിയായ മാരൻ ഭാര്യയോടുകൂടി ദിനംതോറും അന്നദാനത്താൽ ശിവഭക്തന്മാരെ സേവിച്ചു. അതിനാൽ അവന്റെ ന്യായാർജ്ജിതമായ ദ്രവ്യം സമുദ്രംപോലെ വർദ്ധിച്ചു. വർദ്ധിക്കുന്ന ദ്രവ്യമെല്ലാം അവൻ ഭക്തപൂജയ്ക്കുതന്നെ ചിലവുചെയ്തു. അവൻ ദിനംതോറും ഉദയംതുടങ്ങി അസ്തമനംവരെക്കും അസ്തമനംതുടങ്ങി ഉദയംവരെക്കും ശിവഭക്തന്മാക്ക് ഇഷ്ടമുള്ള ഭക്ഷണപദാത്ഥങ്ങളെ കൊടുത്തുകൊണ്ടിരുന്നു. ഇങ്ങിനെ കുറേക്കാലം കഴിഞ്ഞപ്പോൾ മഹേശ്വരൻ അവന്റെ ഭക്തിയെ പരീക്ഷിക്കേണമെന്നു നിശ്ചയിച്ചു. പുത്രനില്ലാതെ ദീനചിത്തനായി ഭാര്യയോടുകൂടെ ശിവഭക്തസേവ ചെയ്തുകൊണ്ടിരിക്കുന്ന മാരന്റെ ദ്രവ്യമെല്ലാം ഈശ്വരേച്ഛയാൽ കറുത്തപക്ഷത്തിൽ ചന്ദ്രൻ കുറയുന്നതുപോലെ ദിവസംതോറും കുറഞ്ഞുതുടങ്ങി. ദ്രവ്യം ക്ഷയിച്ചിട്ടും മാരൻ കൃഷികളും പാത്രങ്ങളും മററും വിററ് ഒട്ടും ഖേദിക്കാതെ മുമ്പത്തേപ്പോലെ വരുന്ന ഭക്തന്മാക്കെല്ലാം ഭക്ഷണംകൊടുത്തു. ഇങ്ങിനെ ദാനത്താൽ ഗൃഹത്തിലുള്ള ഉപകരണങ്ങളെല്ലാം നശിച്ചു ഭാര്യയുടെ കണ്ഠസൂത്രം ഒന്നുമാത്രം ശേഷിച്ചു. ഇങ്ങിനെയിരിക്കുമ്പോൾ മഴക്കാലത്തിൽ ഒരു ദിവസം ഇരുട്ടുകൊണ്ടു മൂടിയ അർദ്ധരാത്രി സമയത്തിൽ വിശപ്പുകൊണ്ടും ദാഹംകൊണ്ടും അതിപീഡിതനായ ഒരു മുനി പതുക്കെ തപ്പിത്തടഞ്ഞ് ആ മാരന്റെ ഗൃഹത്തെ അന്വേഷിച്ചന്വേഷിച്ചു ഗൃഹദ്വാരത്തിൽവന്നു മാരനെ വിളിച്ച് ഇങ്ങിനെപറഞ്ഞു. ഹേ 'മാരാ! ഞാൻ ഒരു തപസ്വിയാണ്. എനിക്കു വളരെ വിശപ്പും ദാഹവുമുണ്ട്. സംസാരിപ്പാൻകൂടി വയ്യാ. നീ അന്നദാതാവാണെന്നു കേട്ടിട്ടു നിന്റെ ഗൃഹത്തിലേക്കുവന്നു. ക്ഷു

ധാത്തനും അദ്ധരാത്രിയിൽ ഗൃഹത്തിൽ വന്നവനുമായ എനി ക്കു കുറെ അന്നം കൊണ്ടുവന്നു തരിക. തപസ്വികൾക്ക് അച്ഛനും അമ്മയും അന്നദാതാവാണല്ലോ. ഇങ്ങിനെ താപ സൻ പറഞ്ഞതുകേട്ടു മാരൻ ഭാൎയ്യയോടുകൂടി പോയി അദ്ദേ ഹത്തെ നമസ്കരിച്ചു ഗൃഹത്തിൽ കൊണ്ടുവന്ന് ഇരുത്തി കാൽ കഴുകിച്ചു. പിന്നെ മാരൻ വിഷണ്ണചിത്തനായി ഭാൎയ്യയുടെ മുഖത്തേ നോക്കി നിശ്വസിച്ചുകൊണ്ടു പതുക്കെ ഭാൎയ്യയോടു പറഞ്ഞു. ഹേ പതിവ്രതേ! ഈ അദ്ധരാത്രിയിൽ മഹാനുഭാ വനായ താപസൻ വിശന്നുകൊണ്ട് അന്നം തരേണമെന്നു യാചിക്കുന്നു. അതുകേട്ടിട്ട് എന്റെ മനസ്സു വളരെ ദുഃഖി ക്കുന്നു, ഈ താപസന്റെ വിശപ്പു മാററുവാൻ യാതൊരു ഉ പായത്തെയും കാണുന്നില്ല. ഇദ്ദേഹം ഇവിടെ പട്ടിണികിട ക്കേണ്ടിവന്നാൽ എന്റെ ജന്മം വ്യൎത്ഥമായി ഭവിക്കും. ദരി ദ്രൻ ഒരിക്കലും ജിവിച്ചിരിക്കരുത്. എന്നെപ്പോലെ ലോക ത്തിൽ ആരെങ്കിലും ഉണ്ടോ? എന്റെ ഗൃഹത്തിൽ വന്ന താപസൻ വിശന്നിരിക്കുന്നുവല്ലോ. ഗൃഹസ്ഥാശ്രമത്തിൽ ഇ രുന്നു സൽഗതിയെ ആഗ്രഹിക്കുന്നവന്നു ഭാൎയ്യതന്നെ ശരണം. അനുകൂലയായ ഭാൎയ്യയെ ആൎക്കു ലഭിക്കുന്നില്ലയോ അവന്നു വ നംതന്നെ നല്ലത്. നീ എനിക്ക് അനുകൂലയും പതിവ്രതയു മായ ഭാൎയ്യയാണല്ലോ. ഇത്രകാലവും നിന്റെ അനുകൂലതകൊ ണ്ടാണ് ഞാൻ ഭക്തന്മാൎക്ക് അന്നദാനം ചെയ്തുവന്നത്. എ ന്നെ ഈ ആപത്തിൽനിന്നും നീതന്നെ ഉദ്ധരിക്കുക. ഇങ്ങി നെ മാരൻ പറഞ്ഞതുകേട്ടു ഭാൎയ്യ പറഞ്ഞു. ഹേ നാഥ! ഇ വിടെ ഒരു ഉപായവും കാണുന്നില്ല. ഗൃഹത്തിൽ ലവണം മാത്രം അല്പം ശേഷിച്ചിട്ടുണ്ട്. എങ്കിലും ഇദ്ദേഹം ഇരിക്ക ട്ടെ ഞാൻ ഒരുപായം കണ്ടിട്ടുണ്ട്. ഇന്നലെ ഇവിടെ അടു ക്കെ വയലിൽ നെല്ലുവിതച്ചിട്ടുണ്ട്. ഒട്ടും ദൈന്യതവേണ്ട. അവിടെപ്പോയി ഭവാൻ കുറെ നെല്ലുപെറുക്കികൊണ്ടുവരിക. ഞാൻ വെടിപ്പായി ചോറുണ്ടാക്കാം. നൊമ്മളുടെ മുററത്തു

പയറ വിതച്ചതു പല്ലവങ്ങളായി നില്ക്കുന്നുണ്ട്. മഹേശ്വ രപ്രസാദംകൊണ്ട് ഒരു തരക്കേടുമില്ല. ഇങ്ങിനെ ഭാൎയ്യ പറ ഞ്ഞതുകേട്ട മാരൻ അതി പ്രീതനായിട്ട താപസനോട പറ ഞ്ഞു. മാരനായ ഞാൻ വേഗം അരികൊണ്ടുവന്നു പാകം ചെയ്യാം. എന്റെ ഭാഗ്യംകൊണ്ട് ഈ അദ്ധരാത്രിയിൽ ഭ വാൻ വന്നുവല്ലൊ. ഭവദ്ദൎശനത്താൽ ഞാൻ ധന്യനായി. അ തുകേട്ട താപസൻ വെറതെ ഇരുന്നു. മാരൻ വേഗം വയ ലിൽ പോയി വിതച്ച നെല്ല പെറക്കിക്കൊണ്ടുവന്നു. അ പ്പോഴെക്ക ഭാൎയ്യ പയറിന്റെ പുതിയ ഇലകളെക്കൊണ്ട ബാ ക്കിയുള്ള ലവണംചേൎത്ത വിശേഷമായ കറിയുണ്ടാക്കി. പി ന്നെ മാരൻ കൊണ്ടുവന്ന നെല്ലിനെ വേഗം വറുത്തുകുത്തി ചോറുണ്ടാക്കി ഭക്ഷണം തയ്യാറായി, താപസനെ അറിയിക്കു ക എന്നു പറഞ്ഞു. അതുകേട്ട മാരൻ സന്തുഷ്ടനായിട്ട താപ സനോട പറവാൻ പോകുമ്പോൾതന്നെ നല്ലവണ്ണം സ്നാനം ചെയ്തു നൈവേദ്യത്തെ സ്വീകരിക്കുക എന്നുപറഞ്ഞുകൊണ്ട പോയി. താപസന്റെ അടുക്കെ ചെന്നു നോക്കുമ്പോൾ മാ രൻ അത്ഭുതസന്തോഷങ്ങളോടുകൂടി വൃഷാരൂഢനായും വരദാ ഭയമുദ്രയോടുകൂടിയവനായും വാമാങ്കസ്ഥിതയായ ദേവിയാൽ പ രിഷ്വക്തനായും ഇരിക്കുന്ന മഹേശ്വരനെ കണ്ടിട്ട ഭീതിയോ ടെ വളരെ നമസ്കരിച്ച മഹേശ്വരപാദങ്ങളെ ശരണമായി പ്രാപിച്ചു. അവന്റെ ഭാൎയ്യ പ്രീതയായിട്ട് ആ നൈവേദ്യ ത്തെ നിവേദിച്ചു. അപ്പോൾ ദേവകൾ പുഷ്പവൃഷ്ടിചെയ്തു. മു നികൾ സ്തുതിച്ചു. ഭൂതഗണങ്ങളെല്ലാം പലവിധവാദ്യങ്ങൾ ഘോഷിച്ചു. അനന്തരം പ്രസന്നനായ മഹേശ്വരൻ അവൎക്ക കൈവല്യത്തെ ദാനംചെയ്ത് അവരോടുകൂടി മറയുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ

പതിനാറാമദ്ധ്യായം.

അഗസ്ത്യൻപറഞ്ഞു— ശിവഭക്തന്മാരെ ശിവഭാവനയോടുകൂടി നിത്യം പൂജിക്കുന്നവരും ഭസ്മരുദ്രാക്ഷധരന്മാർ ചെയ്യുന്ന അപരാധത്തെ ക്ഷമിക്കുന്നവരും പ്രാണസന്ദേഹത്തിൽകൂടി ശിവപ്രീതിയെ ആഗ്രഹിച്ചു ഭക്തന്മാർ ചെയ്യു ദ്രോഹത്തിന്നു പ്രതിക്രിയ ചെയ്യാത്തവരും ഭക്തന്മാർ അപകാരം ചെയ്താലും പിന്നേയും അവരെ പൂജിക്കുന്നവരും ശിവപ്രീതി പാത്രങ്ങളാകുന്നു. അവൎക്കു മഹേശ്വരൻ പ്രസാദിക്കുന്നതുപോലെ മററുള്ളവൎക്കു കോടിയാഗംകൊണ്ടും പ്രസാദിക്കുന്നില്ല. ഇതിന്നു പ്രസിദ്ധമായ ഒരു ഇതിഹാസം കേൾക്കുവിൻ. ഇതിന്റെ ശ്രവണംകൊണ്ടു മഹേശ്വരങ്കൽ ദൃഢഭക്തി ഭവിക്കും. അനവധി ഗോപന്മാർ വസിക്കുന്നതായ ചേദിരാജ്യത്തിൽ ത്രൈലോക്യപ്രസിദ്ധനായി സത്യാൎത്ഥൻ എന്നപേരായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം നിത്യവും ശിവഭക്തന്മാരുടെ അഭീഷ്ടമെല്ലാം കൊടുത്തുകൊണ്ടിരുന്നു. ശിവഭക്തന്മാർ യാചിച്ചാൽ പ്രാണങ്ങളേയുംകൂടി കൊടുക്കും. ശിവഭക്തന്മാരെ ദൂരത്തിൽ കണ്ടാൽ നമസ്കരിക്കും. ശിവഭക്തന്മാൎക്കു രാജഭവനത്തിൽ കടക്കുവാൻ യാതൊരു തടസ്ഥവുമില്ല. ഇങ്ങിനെ ഇരിക്കുമ്പോൾ ആ രാജാവിന്നു മുക്തിനാഥൻ എന്നു പേരായ ഒരു രാജാവു ശത്രുവായി ഭവിച്ചു. അതുകൊണ്ട് അവർ തമ്മിൽ യുദ്ധമുണ്ടായി. യുദ്ധത്തിൽ സത്യാൎത്ഥൻ മുക്തിനാഥനെ ജയിച്ച് ആ രാജാവിന്റെ സൈന്യത്തേയും ധനത്തേയും രാജ്യത്തേയും കയ്ക്കലാക്കി. ദുൎബ്ബലനായ മുക്തിനാഥൻ യുദ്ധത്തിൽ തോററു സൎവ്വവും ത്യജിച്ച് ഓടി കാട്ടിൽപോയിരുന്നു. ശത്രുവായ സത്യാൎത്ഥനെ ചതിക്കുവാനുള്ള അവസരത്തെ ആലോചിച്ചുകൊണ്ടുതന്നെ സമയം കഴിച്ചു. വളരെ ആലോചിച്ചപ്പോൾ ഒരുപായം കണ്ടു നിശ്ചയിച്ചു. ആ രാജാവു ഭസ്മരുദ്രാക്ഷങ്ങളെ ധരിച്ച് ഒരു പുസ്തകത്തേയും കയ്യിൽ ധരിച്ച് ഒരു താപസവേഷധരനായി സത്യാൎത്ഥന്റെ ഗൃഹത്തിലേക്കു ചെന്നു. അപ്പോൾ സത്യാൎത്ഥൻ നായാട്ടുചെയ്തു ക്ഷീണത്താൽ ഉറങ്ങുകയായിരുന്നു. താപസൻ അകത്തു ശത്രുവുണ്ടെന്നറിഞ്ഞി

ട്ട് അകത്തേക്ക കടന്നു. അതുകണ്ടു കാവല്ക്കാർ രാജാവ് ഉ
റങ്ങുമ്പോൾ അകത്തെന്തുകാൎയ്യമാണ്. പുറത്തേക്ക പോവുക
എന്നു പറഞ്ഞു. അതൊന്നും കൂട്ടാക്കാതെ കപടതാപസൻ
രാജാവിന്നു ഗോപ്യമായ ചില തത്വാൎത്ഥങ്ങളെ ഉപദേശിക്ക
വാനാണ് ഞാൻ പോകുന്നതെന്നു പറഞ്ഞു രാജാവു കിടക്ക
ന്ന മുറിയിലേക്ക പോയി. ജടാധരനായ ആ താപസനെ ക
ണ്ടു രാജ്ഞി രാജാവിനെ ഉണൎത്തി. രാജാവ് ഉണൎന്നു വ്യാജ
വേഷധരനായ ശത്രുവിനെ അറിയാതെ താപസനാണെന്നു
വിചാരിച്ചു പാദങ്ങളിൽ നമസ്കരിച്ചു തൊഴുതുകൊണ്ട് ഒരു
വലിയ സിംഹാസനത്തിൽ ഇരുത്തി പറഞ്ഞു. ഞാൻ ഭവാ
ന്റെ പാദാംബുജദൎശനത്താൽ ധന്യനായി. അനുഗ്രഹീതനു
മായി. ഭവാന്റെ പാദരേണുക്കളാൽ ഈ ഗൃഹം പരിശുദ്ധ
മായി. ഭവാന്റെ സേവകൊണ്ട് എന്റെ മനസ്സും നിൎമ്മല
മാകുന്നു. ഞാൻ ഭവാന്റെ കിങ്കരനാണ്. എന്താണ് ചെ
യ്യേണ്ടതെന്ന് ആജ്ഞാപിക്കുക. ഈ ധനാദികളെല്ലാം എ
ന്റേതല്ല. ഭവാന്റേതാണ്. എന്റെ പ്രാണങ്ങൾകൂടി ഭ
വാന്റേതാണ്. സത്യമാണ് ഞാൻ പറയുന്നത്. സത്യാ
ത്ഥൻ ഇങ്ങിനെ തൊഴുതുകൊണ്ടു പറയുമ്പോൾ കപടതാപ
സൻ ചിരിച്ചുകൊണ്ടു ഹേ രാജേന്ദ്ര! ഞാൻ പറയുന്നതു കേൾ
ക്കുക. നീ ഭക്താഗ്രഗണ്യനാണല്ലോ. ഞാൻ ഭവാന്നു ഗോ
പ്യമായ ശിവതത്വാൎത്ഥങ്ങളെ ഉപദേശിക്കുവാൻ വേണ്ടിയാ
ണ് വന്നത്. അതു ഭവാൻതന്നെ ഇരുന്നു കേൾക്കേണ്ടതാ
ണ്. കൈലാസത്തിൽവെച്ചു ശ്രീപരമേശ്വരൻ പാൎവ്വതീദേ
വിക്ക് ഉപദേശിച്ചതാണ്. ഇങ്ങിനെ താപസൻ പറഞ്ഞതു
കേട്ടു രാജാവു രാജ്ഞിയോടു പുറത്തേക്ക പോകുവാൻ പറഞ്ഞു.
അപ്പോൾ രാജ്ഞി പുറത്തേക്കപോയി. താപസൻ വാതിലട
ച്ചു രാജാവിന്നു ഭസ്മം കൊടുത്ത് ഉപദേശത്തിന്നായി നമസ്ക
രിക്കുക എന്നുപറഞ്ഞു. അങ്ങിനെതന്നെ എന്നു പറഞ്ഞു രാ
ജാവ് എഴുനീററു താപസന്റെ പാദങ്ങളിൽ നമസ്കരിച്ചു.
അപ്പോൾ താപസൻ വസ്ത്രത്തിൽ ഒളിച്ചുവെച്ചിരുന്ന വാളെ

ടുത്തു സത്യാത്മന്റെ ഭുജാന്തരത്തിൽ വെട്ടി. മർമ്മത്തിൽ വെട്ടുകൊണ്ടതിനാൽ രാജാവു മൂർഛിതനായി ഭവിച്ചു. പിന്നെ സത്യാത്മൻ അയ്യോ! ഞാൻ ഹതനായി എന്നു പറഞ്ഞു നിലവിളിച്ചു. അതുകേട്ടു കാവൽക്കാരൻ വാതിലിനെ പൊളിച്ച് ഓടിവന്നു താപസന്റെ കയ്യിൽ കടന്നുപിടിച്ചു. വാളെടുത്തു താപസനെ വെട്ടുവാൻവേണ്ടി ജടയിൽ പിടികൂടി. ആ സമയത്തേക്കു സത്യാത്മൻ കണ്ണുമിഴിച്ചു നോക്കി കാവൽക്കാരനെ വിളിച്ചു. എന്റെ പ്രാണങ്ങളാണ് നീ അവനെ വിടണം എന്നുപറഞ്ഞു. അപ്പോഴേക്കും കുപിതന്മാരായ ഭടന്മാർ കൂട്ടംകൂട്ടമായി വന്നു താപസനെ കൊല്ലുവാൻ ശ്രമിച്ചു. രാജാവ് അവരെയെല്ലാം വിരോധിച്ചു. വെട്ടുകൊണ്ടിട്ടുള്ള വേദനയെ സഹിച്ചുകൊണ്ടു സത്യാത്മൻ താപസനോടു ഭയപ്പെടേണ്ട എന്നു പറഞ്ഞു. പേടിച്ചു വിറച്ചുകൊണ്ടിരിക്കുന്ന കപടതാപസനെ ഭടന്മാർ രാജശാസനയാൽ ആ രാജ്യത്തെ കടത്തിവിട്ടു. അപരാധം ചെയ്യുവനാണെങ്കിലും താപസനു യാതൊരുപദ്രവവും ചെയ്കില്ല. ശത്രുവിനെ ഉപേക്ഷിക്കുന്നതു രാജധർമ്മമോ എന്നു ചില ബന്ധുജനങ്ങൾ സത്യാത്മനോടു ചോദിച്ചു. അവൻ എനിക്ക് അപരാധംചെയ്യ ശത്രുവാണെങ്കിലും ഭസ്മരുദ്രാക്ഷധരനായതുകൊണ്ട് എന്റെ സ്വാമിയായ ശ്രീപരമേശ്വരൻതന്നെയാകുന്നു. അവൻ എന്റെ ശത്രുവല്ല എന്നു പറഞ്ഞു. പിന്നെ സത്യാത്മൻ ആ താപസനെ ക്ഷേമമായി രാജ്യത്തെ കടത്തിവിട്ടു എന്നറിഞ്ഞിട്ടു തന്റെ കല്പനയെ പാലിച്ചവരായ ഭടന്മാരെ ബഹുമാനിച്ചു. പിന്നെ സത്യാത്മൻ നടേശമൂർത്തിയെ ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ ദയാനിധിയായ മഹേശ്വരൻ പ്രത്യക്ഷനായിവന്നു സത്യാത്മനു മുക്തിയെ കൊടുത്തു. ഭക്തന്മാരാൽ ഹിംസിക്കപ്പെട്ടാലും പരുഷവാക്കുകളാൽ പീഡിതനായാലും പ്രാണസംശയം വരുത്തിയാൽകൂടി ആ മഹേശ്വരപ്രീതിക്കായി പിന്നെയും ആ ഭക്തന്മാർക്ക് ആർ ഹിതത്തെ ചെയ്യുന്നുവൊ അവർക്കു മഹേശ്വരൻ പ്രീതനായിട്ടു പിന്നെ സംസാരദുഃഖത്തെ കൊടുക്കുകയില്ല.

എന്നു സ്കന്ദോപപുരാണത്തിൽ പതിനേഴാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളേ! സദാശിവപാദാരവിന്ദങ്ങളിൽ ഉള്ള പരിശുദ്ധമായ ഭക്തിപൂർവ്വജന്മങ്ങളിൽ സമ്പാദിക്കപ്പെട്ട പുണ്യങ്ങളാൽ ധന്യന്മാൎക്ക് ഈ ജന്മത്തിൽ ലഭിക്കുന്നു. അങ്ങിനെയുള്ള ദേഹി വ്യാഘ്രം കൂടിനെ പൊളിക്കുന്നതുപോലെ സംസാരദുഃഖത്തെ ഛേദിച്ചു കടക്കാൻപാടില്ലാത്ത ഭവസാഗരത്തെ കടക്കുന്നു. ഏതൊരുപ്രകാരം ശിവഭക്തി മുക്തിക്കു മുഖ്യസാധനമായി ഭവിക്കുന്നുവോ അതുപോലെ ശിവഭക്തന്മാരുടെ പാദസേവയും മുക്തിക്കു മുഖ്യസാധനമാകുന്നു. മഹേശ്വരൻ ഭക്തരൂപത്താൽ പൂജയെ പ്രത്യക്ഷമായി സ്വീകരിക്കുന്നു. ലിംഗാദിപ്രതിമകളിൽ പൂജിക്കുന്ന പൂജയെ മാവായിട്ടുമാത്രമെ സ്വീകരിക്കുന്നുള്ളു. അതുകൊണ്ടുതന്നെയാണ് മഹാന്മാർ പ്രത്യക്ഷദേവസ്വരൂപന്മാരായ ഭക്തന്മാരുടെ പാദസേവയെ പ്രശംസിക്കുന്നത്. ലിംഗാദിപൂജയേയല്ല പ്രശംസിക്കുന്നത്. ആ ഭക്തന്മാരുടെ ദൎശനംകൊണ്ടും സംസൎഗ്ഗംകൊണ്ടും സല്ലാപംകൊണ്ടും പാദസേവകൊണ്ടും ഈ സംസാരത്തിൽ കിടന്നു ദുഃഖിക്കുന്നവൎക്കു ക്ഷണത്തിൽ ദുഃഖനാശം ഭവിക്കുന്നു. ഈ ലോകത്തിൽ യാഗംകൂടാതെയുംതപസ്സുകൂടാതെയും വേദാന്തവിചാരംകൂടാതെയും അനവധിജനങ്ങൾ ഭക്തപാദസേവമാത്രംകൊണ്ടു മുക്തന്മാരായിട്ടുണ്ട്. അതിന്നു പണ്ടത്തെ ഒരു ഇതിഹാസം ഇവിടെ ഉദാഹരണമായിപറയാം. ആ ഇതിഹാസത്തിൽ വീരമിന്ദൻ എന്ന ഭക്തന്റെഭക്തിയാണ് വൎണ്ണിക്കപ്പെടുന്നത്.കേരളപ്രദേശത്തിൽ ശോണാചലം എന്നു പേരായി ഒരു ദേശമുണ്ട്. അതിൽ ശൂദ്രജാതിജനായി വീരമിന്ദൻ എന്നു പേരായ ഒരുവൻ ഉണ്ടായിരുന്നു. അവന്നു ബാല്യംമുതല്ക്കുതന്നെ ശിവഭക്തന്മാരിൽ കുശലായ ഭക്തിയുണ്ടായി. അത്ര ഭക്തി മഹേശ്വരങ്കൽ ഉണ്ടായിരുന്നില്ല. ഇങ്ങിനെയിരിക്കുമ്പോൾ അവന്നു ഒരു വിചിത്രബുദ്ധി തോന്നി. ഭക്തന്മാരെ ദ്വേഷിക്കുന്നവരെ കൊല്ലുവാനായി ഒരു കോടാലിയെ ധരിച്ചുകൊണ്ടു ശിവങ്കലും ശിവഭക്തന്മാരിലും ആരെങ്കിലും അപരാധംചെയ്യാൽ അവരെ കൊല്ലുക, അതിന്നു സാധിച്ചില്ലെങ്കിൽ തന്റെ പ്രാണത്യാഗം ചെയ്യുക ഇങ്ങിനെ നിശ്ചയി

ച്ച് വളരെ മൂർച്ചയുള്ള ഒരു കോടാലിയെ കയ്യിൽ ധരിച്ച് അത് ഒരു വ്രതമായി അനുഷ്ഠിച്ചു. അവൻ പരശുഹസ്തനായി വഴിയിൽ പോയിരുന്നു വഴിനടക്കുന്ന ഭക്തന്മാരെ ആരെങ്കിലും ഉപദ്രവിക്കുന്നുണ്ടോ എന്നു നോക്കിക്കൊണ്ട് അവരെ ശിവസ്വരൂപമാണെന്നുള്ള ദൃഢനിശ്ചയത്തോടെ പൂജിച്ച് അവരുടെ അനുഗ്രഹത്തെ ലഭിച്ചു. ഇങ്ങിനെയിരിക്കുമ്പോൾ വീരമിന്ദൻെറ മനസ്സിൽ ഇങ്ങിനെ തോന്നി. ഈ ഭൂലോകത്തിൽ പ്രസിദ്ധങ്ങളായ ശിവക്ഷേത്രങ്ങളിൽ എത്ര ശിവഭക്തന്മാർ വസിക്കുന്നു. ഞാൻ അവരെ സേവിച്ചില്ലല്ലോ അതുകൊണ്ട് എൻെറ ജന്മം വ്യർത്ഥം തന്നെ. ഇനി ഞാൻ ഭൂപ്രദക്ഷിണം ചെയ്യ് അവിടവിടെ സഞ്ചരിച്ച് ശിവസ്ഥലങ്ങളിൽ മഹേശ്വരനേയും സേവിച്ചു ശിവഭക്തന്മാരുടെ സേവകൊണ്ടും സജ്ജനസംസർഗ്ഗംകൊണ്ടും ഈ മനുഷ്യജന്മത്തെ കൃതാർത്ഥമാക്കാം. ഇങ്ങിനെ നിശ്ചയിച്ച് അവൻ പരശുരാമനിർമ്മിതമായ ദേശത്തെ കടന്നു മാർഗ്ഗത്തിൽ നദികളേയും പർവ്വതങ്ങളേയും കാടുകളേയും നാടുകളേയും കടന്നു ത്രൈലോക്യവിശ്രുതമായ ശ്രീകാശിക്ഷേത്രത്തിൽ എത്തി. ആ കാശീക്ഷേത്രത്തിൽവെച്ചു മരിക്കുന്നവൎക്ക മഹേശ്വരൻ താരകമന്ത്രത്തെ ഉപദേശിക്കുന്നു. ആ ക്ഷേത്രനാഥനായ വിശ്വനാഥസ്വാമിയേയും ഭക്തന്മാരേയും രാവും പകലും സേവിച്ചുകൊണ്ടു വീരമിന്ദൻ മൂന്നു സംവത്സരം അവിടെ താമസിച്ചു. പിന്നെ പതുക്കെ പുറപ്പെട്ടു കമലാലയത്തിൽ എത്തി. മിവ്യതീർത്ഥത്തിൽ സ്നാനം ചെയ്തു രത്നസിംഹാസനസ്ഥിതനായ ത്യാഗേശ്വരനെ സേവിച്ചു. സന്തുഷ്ടനായ വീരമിന്ദൻ ആ ക്ഷേത്രത്തിൽ ക്രോധത്തെ ജയിച്ചവരായും കാമത്തെ ജയിച്ചവരായും ഭസ്മത്താൽ മൂടപ്പെട്ട ദേഹത്തോടുകൂടിയവരായും രുദ്രാക്ഷമാലയാൽ അലംകൃതന്മാരായും പഞ്ചാക്ഷരജപതല്പരന്മാരായും ശ്രീരുദ്രജപതല്പരന്മാരായും ശിവദീക്ഷയോടുകൂടിയവരായും ശിവവ്രതപരായണന്മാരായും ശിവപൂജാരതന്മാരായും ശിവപുരാണങ്ങളെ കേൾക്കുന്നവരായും ഇരിക്കുന്ന പന്തീരായിരം ശിവഭക്തന്മാരെ കണ്ടു. അവൻ രോമാഞ്ചിതദേഹത്തോടുകൂടെ അവരുടെ

മുമ്പിൽ നമസ്കരിച്ചു തൊഴുതുകൊണ്ടു പറഞ്ഞു. ഭവാന്മാരുടെ ശുശ്രൂഷചെയ്യാനാണ്ടെങ്കിൽ ഇനിക്കാഗ്രഹമുണ്ട്. ശിവഭക്തന്മാരെ ദ്രോഹിക്കുന്ന ജനങ്ങളെ കൊല്ലുവാൻ ഞാൻ സമർത്ഥനാണ്. ഭവാന്മാരെ ശരണം പ്രാപിച്ചവനായ എന്നെ ദാസനാണെന്നു വിചാരിക്കുവിൻ. ഇങ്ങിനെ വീരമിന്ദൻ പറഞ്ഞതു കേട്ടു ഭക്തന്മാർ അങ്ങിനെ തന്നെയെന്നു സമ്മതിച്ചു. അവൻ ത്യാഗേശ്വരനെ എന്നപോലെ തൽഭക്തന്മാരെ സേവിച്ചു. അങ്ങിനെതന്നെ പന്ത്രണ്ടു സംവത്സരം മഹേശ്വരഭക്തന്മാരുടെ കൈങ്കര്യം ചെയ്തു. അപ്പോൾ ഭക്തന്മാരെല്ലാവരുംകൂടി ആലോചിച്ച് അവനെ ത്യാഗേശ്വരക്ഷേത്രകാര്യാന്വേഷണത്തിന്ന് അധിപനാക്കിവെച്ചു. അങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം രാവിലെ സുന്ദരൻ താംബൂലം വായിൽനിന്നു കളയാതെ ധൂൎത്തനെപ്പോലെ വേശ്യാസ്ത്രീയുടെ അംഗരാഗങ്ങൾ പററിയ നേൎമ്മവസ്ത്രത്തെ പുതച്ചുകൊണ്ടു ഗോപുരത്തെകടന്നു ക്ഷേത്രത്തിന്നുള്ളിൽ മണ്ഡപത്തിൽ സംഘംകൂടി മഹേശ്വരനെ ഭജിച്ചുകൊണ്ടിരിക്കുന്ന അനവധി ഭക്തന്മാരെ അനാദരിച്ച് ഒന്നു നോക്കുകകൂടി ചെയ്യാതെ വീരമിന്ദന്റെ മുമ്പിൽകൂടി ത്യാഗേശ്വരന്റെ അന്തൎഗ്ഗൃഹത്തിലേക്കു പോകുവാൻ തുടങ്ങി. അതുകണ്ടു വീരമിന്ദൻ അതിക്രുദ്ധനായിട്ടു സുന്ദരനെ കൊല്ലുവാനായി കോടാലിയെടുത്തു സുന്ദരന്റെ നേരെ ചെന്നു. തന്നെ കൊല്ലുവാനായി ആയുധമോങ്ങിക്കൊണ്ടു വരുന്ന അവനെക്കണ്ടു സുന്ദരൻ ഭയപ്പെട്ടു ത്യാഗേശ്വരന്റെ അന്തൎഗ്ഗൃഹത്തിലേക്കോടി അകത്തുകടന്നു വാതിലടച്ചു തഴുതിട്ടു ത്യാഗേശ്വരനെ ശരണം പ്രാപിച്ചു. ശ്രീകോവിലിന്റെ പുറത്തുനിന്നുകൊണ്ടു വീരമിന്ദൻ— ഹേ ബ്രാഹ്മണാധമ! പുറത്തേക്കു വരിക. ശിവദ്രോഹിയായ നിന്നെ ഞാൻ ഇപ്പോൾതന്നെ കൊന്നുകളയാം. നീ വിദ്യാമദംകൊണ്ടു വളരെ ഗൎവ്വിതനായിരിക്കുന്നു. ദ്രോഹത്തിന്നു മുഖ്യസാധനമായ പൂണുനൂൽ ധരിച്ചിരിക്കുന്ന നിന്നിൽ മഹേശ്വരൻ ഇപ്പോഴും സന്തോഷിക്കുന്നുണ്ടെങ്കിൽ ആ മഹേശ്വരനേയും ഞാൻ പുറത്താക്കാം. ഇങ്ങിനെ വീരമിന്ദൻ പറഞ്ഞതു കേട്ടു സുന്ദരൻ

അതിഭീതനായിട്ട് ആപത്തിൽനിന്ന് ഉദ്ധരിപ്പാനുള്ള ഉപായത്തെ ത്യാഗേശ്വരനോടു ചോദിച്ചു. ഭക്തന്മാരെ സ്തുതിക്ക എന്നു മഹേശ്വരൻ നിയോഗിച്ചതിനാൽ അതിഭക്തിയോടുകൂടെ ഉത്തമവാക്യങ്ങളാൽ ഭക്തന്മാരെ സ്തുതിച്ചു. സംസാരദുഃഖമാകുന്ന അന്ധകാരനാശത്തിന്നായി പ്രകാശിച്ചുകൊണ്ടിരിക്കുന്ന ആദിത്യരൂപന്മാരായ മഹേശ്വരഭക്തന്മാരുടെ പാദാരവിന്ദങ്ങളിലുള്ള പൊടികളെ എൻെറ ശിരസ്സിൽ ധരിച്ചിട്ടു ഞാൻ ആപത്തിനെ കടക്കുന്നു. ഇങ്ങിനെ സുന്ദരനാൽ സ്തുതിക്കപ്പെട്ട ഭക്തന്മാർ എല്ലാവരുംകൂടി വീരമിന്ദനെ തടുത്തു സുന്ദരന്ന് അഭയം കൊടുക്കേണമെന്നപേക്ഷിച്ചു. സുന്ദരനോടു സഖ്യം ചെയ്യേണമെന്നും പറഞ്ഞു. വീരമിന്ദൻ ഭക്തന്മാരുടെ വാക്കിനെ അങ്ങിനെതന്നെ എന്നു സമ്മതിച്ചു. ഭക്തന്മാർ എന്തു ചെയ്യേണമെന്നു പറഞ്ഞാലും വീരമിന്ദൻ ഒരിക്കലും കഴിയില്ലെന്നു പറയുകയില്ല. ത്യാഗേശ്വരൻ വീരമിന്ദൻെറ ദൃഢഭക്തിയെക്കണ്ടു സന്തുഷ്ടനായി ദേവിയോടുകൂടി വൃഷഭാരൂഢനായി പ്രത്യക്ഷനായിട്ടു വീരമിന്ദന്നു മുക്തിയെ കൊടുത്തു മറയുകയും ചെയ്തു.

എന്നു സ്കാന്ദോപപുരാണത്തിൽ
പതിനെട്ടാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— പുരാണനദി എന്നുപേരായി ലോകപ്രസിദ്ധമായ ഒരു നഗരമുണ്ട്. ആ നഗരത്തിൽ ശിവഭക്തനായി അമരനീതി എന്നു പേരായി ഒരു ബ്രാഹ്മണനുണ്ട്. ആ ബ്രാഹ്മണൻ മഹേശ്വരന്നു പ്രീതിഭാജനമായ ആ നഗരത്തിൽ ധർമ്മശാലയെ ഉണ്ടാക്കി ധർമ്മത്തെ ചെയ്തുകൊണ്ടിരുന്നു. ശിവഭക്തന്മാൎക്ക് എപ്പോഴും പാലും, നെയ്യും, ചോറും, എണ്ണയും, വസ്ത്രവും, ബ്രഹ്മചാരികൾക്കു കൌപീനവും, യതികൾക്ക് ഉചിതങ്ങളായ വസ്തുങ്ങളേയും കുഡുംബികൾക്കു ഗൃഹവും പിന്നെയും ശിവഭക്തന്മാൎക്ക് എന്തെന്തഭിഷ്ടമോ അതെല്ലാം അദ്ദേഹം കൊടുക്കും. ഇങ്ങിനെ മുപ്പത്തിരണ്ടു സംവത്സരം കഴിഞ്ഞു. അപ്പോൾ

മഹേശ്വരൻ അമരനീതിയുടെ ഭക്തിയെ പരീക്ഷിക്കേണമെന്നു നിശ്ചയിച്ചു. ഒരു ബ്രഹ്മചാരിയുടെ വേഷത്തെ ധരിച്ച് അമരനീതിയുടെ ഗൃഹത്തിങ്കലേക്കു പുറപ്പെട്ടു. മഹേശ്വരന്റെ ജടാഭാരം ബ്രഹ്മചാരിയുടെ ശിഖയായി നെററിയുടെ അഗ്രത്തെ ആശ്രയിച്ചു. ചന്ദ്രകല ആ വ്യാജവടുവിന്റെ ഭസ്മരേഖയായി. നെററിയിലുള്ള മൂന്നാമത്തെ നേത്രം വടുവിന്നു ഭസ്മംകൊണ്ടുള്ള പൊട്ടായി. ദേവഗംഗാപ്രവാഹം പൂണനൂലായി. പിനാകധനുസ്സ് വടുവിന്റെ പലാശദണ്ഡമായി. കരഭൂഷണമായ സർപ്പം വടുവിന്റെ വലത്തെ കയ്യിൽ പവിത്രമായി. മഹേശ്വരന്റെ വ്യാഘ്രചർമ്മം വടുവിന്നു കൃഷ്ണാജിനമായി. സർപ്പശ്രേഷ്ഠനായ വാസുകി വടുവിന്നു മൌഞ്ജീബന്ധമായി. ബ്രഹ്മകപാലം ഭിക്ഷാപാത്രമായി ഇങ്ങിനെ മഹേശ്വരൻ വടുരൂപത്തെ ധരിച്ചപ്പോൾ മായ ആ വടുവിന്റെ കൌപീനമായി. ഇങ്ങിനെ ആ വടു മന്ദഹാസപ്രകാശത്താൽ ചന്ദ്രൻ തന്റെ കിരണങ്ങളെക്കൊണ്ടു ദിക്കുകളെ പ്രകാശിപ്പിക്കുന്നതുപോലെ സകല ദിക്കുകളേയും ശോഭിപ്പിച്ചുകൊണ്ടും താൻ അദ്ധ്യയനംചെയ്ത വേദമന്ത്രങ്ങളെ പറഞ്ഞുകൊണ്ടും അമരനീതിയുടെ ഗൃഹത്തിൽ ചെന്നു. അപ്പോൾ അമരനീതി മഹാബലിയുടെ ഗർവ്വശമനത്തിന്നായി പണ്ടു വാമനവടുവെന്നതുപോലെ ബ്രഹ്മതേജസ്സു ജ്വലിച്ചുകൊണ്ടിരിക്കുന്ന മായാവടുവിനെ കണ്ട് അതിസന്തുഷ്ടനായി വേഗം എഴുനീററു തൊഴുതുകൊണ്ടു ഹേ വടോ! സുഖമായി വന്നുവോ? ഇവിടെ ഇരിക്കുക. ഭവാനെ കണ്ടതുകൊണ്ടു ഞാൻ കൃതാത്ഥനായി, അതു മഹേശ്വരന്റെ അനുഗ്രഹംതന്നെ. ഞാൻ ഭവാന്ന് ആതിത്ഥ്യംചെയ്യാൻ വിചാരിക്കുന്നു. ദയയോടെ സ്വീകരിക്കുക. ഇങ്ങിനെ ഭക്തിയോടുകൂടി പ്രാത്ഥിച്ചു. അപ്പോൾ മായാവടു ചിരിച്ചുകൊണ്ടു പറഞ്ഞു. അമരനീതി നീ തന്നെയല്ലേ. നിന്റെ യശസ്സിനെ ഞാൻ കേട്ടിട്ടുണ്ട്. നീ സമ്പാദിച്ച ദ്രവ്യമെല്ലാം ശിവഭക്തപൂജക്കു തന്നെയല്ലേ? ഞാൻ ബ്രഹ്മചാരിയാണ്. വേദാദ്ധ്യയനം ചെയ്യുന്നവനുമാണ്. അതുകൊണ്ട് എനിക്കു ഭിക്ഷാന്നത്തെ ഭക്ഷിക്കുന്നതാണ് ഉചിതം. ഞാൻ

ഒരു ഗൃഹസ്ഥന്റെ അന്നവും ഭക്ഷിക്കയില്ല. നീ വരുന്നവൎക്കെല്ലാം ഭക്ഷണം കൊടുക്കുക. അതുകൊണ്ടു ഞാൻ തൃപ്തനാവും. ഒരു ദിക്കിൽ ഇരുന്ന് ഇഷ്ടംപോലെ ഭക്ഷണം ചെയ്യുന്നതു ബ്രഹ്മചാരിക്കു യുക്തമല്ല. ഞാൻ നിന്റെ ഗൃഹത്തിൽ മഴ മാറുന്നതുവരെ ഇരിക്കാം. മദ്ധ്യാഹ്നസമയവും അതിക്രമിക്കുന്നു. മഴ മാറുന്നതുമില്ല. ഇങ്ങിനെ മായാവടു പറഞ്ഞതുകേട്ട് അമരനീതി വടുവിന്റെ പാദങ്ങളിൽ വീണ് നമസ്കരിച്ചു കുറച്ചു ഭക്ഷണം കഴിക്കണമെന്നു പിന്നെയും പിന്നെയും പ്രാൎത്ഥിച്ചു. അപ്പോൾ വടു സമ്മതിച്ചു. ഞാൻ കുളിച്ചു നിത്യകൎമ്മങ്ങളെല്ലാം ചെയ്തുവരാം. ഈ കൌപീനത്തെ നനയാതെ നല്ലവണ്ണം സൂക്ഷിച്ചുവെക്കുക എന്നുപറഞ്ഞു കൌപീനത്തെ കൊടുത്തു. അമരനീതി അതിനെവാങ്ങി. പലാശദണ്ഡത്തേയുംകൊണ്ടു വടു സ്നാനത്തിന്നു നദിയിലേക്കുപോയി. അപ്പോൾ അമരനീതിയുടെഭാൎയ്യ ശിവപൂജചെയ്യുക, നേരം വളരെയായി എന്നു ബോധപ്പെടുത്തി. അതുകേട്ട് അമരനീതി അകത്തുപോയി കൌപീനത്തെ അയലിന്മേൽ കെട്ടി ശിവപൂജ തുടങ്ങി. പൂജ അവസാനമാകുമ്പോഴയ്ക്കു വടു വന്നു. മഴകൊണ്ടു ദേഹമെല്ലാം നനഞ്ഞു വിറച്ചു രോമാഞ്ചത്തോടുകൂടി കൈകളെ ചുമലിൽ കെട്ടിക്കൊണ്ട് എനിക്കു തണുപ്പുസഹിപ്പാൻവയ്യാ. കൌപീനത്തെ ഇങ്ങോട്ടുതരിക എന്നുപറഞ്ഞു. അതുകേട്ട് അമരനീതി വേഗം അകത്തുപോയി കെട്ടിയസ്ഥലത്തുനോക്കുമ്പോൾ കണ്ടില്ല. അകത്തെല്ലാമന്വേഷിച്ചു എങ്ങും കണ്ടില്ല. അതു മറഞ്ഞുപോയി. ഉടനെ അമരനീതി പുറത്തു വന്നു വടുവിനോടുപറഞ്ഞു. അതുകാണുന്നില്ല. വളരെ നല്ലതായ മറ്റൊരു കൌപീനം തരാം. ഞാൻ ഈ കയറിന്മേലാണ് കെട്ടിയിരുന്നത്. ഇവിടെ പുറമെ ആരും വന്നതുമില്ല. ഇതു വളരെ വിസ്മയംതന്നെ. മായപോലെ തോന്നുന്നു. അതുകേട്ടു വടു ക്രോധത്തോടെ പറഞ്ഞു. ഞാൻ മറ്റൊന്നും സ്വീകരിക്കില്ല. എനിക്ക് അതുതന്നെതരണം. ഞാൻ അറിയാതെ ഇവിടെ വന്നുവല്ലൊ. എന്നെപ്പോലെയുള്ള ബ്രഹ്മ

ചാരികൾക്കു മററുള്ള കൌപീനത്തെ തൊടരുത്. അതു കിട്ടുന്നതുവരെ എനിക്ക് ഭക്ഷണമില്ല. ഇതു ഞാൻ എന്റെ അഹങ്കാരം കൊണ്ടു പറയുന്നതല്ല. ആ കൌപീനം എനിക്കു കിട്ടിയ വൃത്താന്തത്തെ കേൾക്കുക. പണ്ടു ഞാൻ വാമദേവനാൽ ഉപദേശിക്കപ്പെട്ട മഹാമന്ത്രംകൊണ്ടു മേരുപൎവ്വതത്തിന്റെ മുകളിൽ അമൃതോദകമെന്നുപേരായ സരസ്സിൽ ജലത്തിൽനിന്നു പന്ത്രണ്ടു സംവത്സരം ത്രിഭുവനേശ്വരിയായ വാഗ്ദേവിയെ സ്തുതിച്ചു. അതുകൊണ്ട് ആ ദേവി എന്നിൽ പ്രസന്നയായി. ആ ദേവി കരുണാപാംഗവീക്ഷണങ്ങളാൽ എന്നെ കടാക്ഷിച്ചു റി തപസ്സുനിൎത്തി എഴുനീല്ക്കുക. നിനക്കു സൎവ്വവിദ്യകളും പ്രകാശിക്കട്ടെ. നീ തപസ്സുകൊണ്ടു ബുദ്ധിമുട്ടുന്നു എങ്കിൽ ഇതു വാങ്ങിക്കൊള്ളുക. ഇതു യോഗികൾക്കുകൂടി ലഭിക്കാത്തതാണ് എന്നു പറഞ്ഞു തന്റെ ഉത്തരീയത്തിൽനിന്നു ചീന്തി ഈ ഉത്തമകൌപീനത്തെ തന്നു. ആ ദയാനിധിയായ വാഗ്ദേവി എനിക്കു തന്ന കൌപീനത്തെ ഞാൻ രണ്ടാക്കി ചീന്തി മാറി മാറി ഉടുക്കുന്നു. അത് ഉടുത്തതുകൊണ്ടാണ് എനിക്കു സൎവ്വവിദ്യകളിലും നിഷ്ണയം ഉണ്ടായത്. അതിനെ നീ കളഞ്ഞുവെങ്കിൽ എനിക്കു വേണുന്നതെല്ലാം നീ തരേണ്ടിവരും. എന്നെപ്പോലെയുള്ളവരെ വഞ്ചിപ്പാനായിട്ടാണ് നീ സാധുവേഷം ധരിച്ചുകൊണ്ടുനടക്കുന്നത്. ഞാൻ എന്താണ് ചെയ്യേണ്ടത്. എവിടെക്കാണ് പോകേണ്ടത്. വാഗ്ദേവി കോപിക്കുമെല്ലോ. രാജരാജൻ അറിഞ്ഞാൽ നിന്നെ ഒരിക്കലും വിടില്ല. എന്റെ കൌപീനത്തെ തന്നില്ലെങ്കിൽ നിനക്കു ശിക്ഷകിട്ടും. വേഗം തരിക. ഇങ്ങിനെ വടു പറയുന്നതിനെ കേട്ടു ഭയപ്പെട്ട് അമരനീതി വളരെ വിലയുള്ള പട്ടുവസ്ത്രം തരാം, അത് അന്യന്മാർ തൊടാത്തതാണ്, അതിനെ വാങ്ങുക, കരുണചെയ്യുക, ഇങ്ങിനെ പറഞ്ഞ് വടു ഭക്ഷണം കഴിക്കാത്തതിനാൽ ഭീതനായ അമരനീതി വടുവിന്റെ പാദങ്ങളിൽവീണു. വടു അതൊന്നും സമ്മതിക്കാതെ പരുഷവാക്കുകൾ പറഞ്ഞുകൊണ്ടുതന്നെ ഇരുന്നു. അപ്പോൾ അവിടെ വളരെ ജനങ്ങൾ വന്നുകൂ

ടി വടുവിനെനോക്കി ഓരോന്നുപറയുവാൻ തുടങ്ങി. ചിലർ വടുവിനെ കണ്ടു ചിരിച്ചു. ചിലർ ഭവാൻ ആരാണെന്നു ചോദിച്ചു. അപ്പോൾ വടു ശിവനാമങ്ങളെ ജപിച്ചുകൊണ്ടു പറഞ്ഞു. എനിക്ക് അമ്മയുമില്ല, അച്ഛനുമില്ല, ബന്ധുക്കളുമില്ല, സോദരന്മാരുമില്ല. ഗൃഹവുമില്ല. ഞാൻ ഭിക്ഷാന്നത്തെ ഭുജിക്കുന്ന ബ്രഹ്മചാരിയാകുന്നു. ഈ അമരനീതിയാൽ ഞാൻ വഞ്ചിതനായി. എന്റെ സകലവും നശിച്ചു. തപസ്സും നശിച്ചു. ഞാൻ ഒരു ഉപായവും കാണുന്നില്ല. എന്റെ മനസ്സു വളരെ സങ്കടപ്പെടുന്നു. പിന്നെയും അമരനീതിയോടുപറഞ്ഞു. നീ എന്റെ കൌപീനത്തെ തരിക. നിനക്കു പുണ്യവും ആയുസ്സും വൎദ്ധിക്കട്ടെ. പരിഹാസം മതി. എന്റെ മലിനമായ കൌപീനത്തെ തരിക. അമരനീതിപറഞ്ഞു— അതിന്നുതുല്യമായി ഞാൻ വേറെ കൌപീനംതരാം. ക്ഷമിക്കുക. വടു പറഞ്ഞു— അതിന്നു തുല്യമായതു തരാമെന്നു നി പറഞ്ഞതു സത്യമാണെങ്കിൽ ഈ ജനങ്ങളുടെ സഭയിൽവെച്ചു സത്യംചെയ്യുക. എന്നാൽ ഞാൻ അനുവദിക്കാം. അതുകേട്ടു ജനങ്ങൾ അത് ഉചിതമാണെന്നുപറഞ്ഞു. വടുപറഞ്ഞു— ഞാൻ ധരിച്ചു കൌപീനത്തോടുതുല്യമായ കൌപീനം എനിക്കുതരിക. അതു തൂക്കിനോക്കുവാൻ ഒരു തുലാസ്സും വേഗം വരുത്തുക. ജനങ്ങളെല്ലാവരും സാക്ഷികളാണ് നോക്കുവിൻ. അതുകേട്ട് അമരനീതി വേഗം ഒരു തുലാസ്സിനെവരുത്തി. വടു വേഗം തന്റെ കൌപീനത്തെ അഴിച്ചു തുലാസ്സിൽവെച്ചു. അമരനീതി സന്തുഷ്ടനായിട്ടു മററെതട്ടിൽ പുതിയകൌപീനത്തെയും വെച്ചു. സമമായില്ല, പിന്നെയും വെച്ചു. ഇങ്ങിനെ അനവധി കൌപീനങ്ങളെ വെച്ചിട്ടും സമമായില്ല. പിന്നെ വളരെ വസ്ത്രങ്ങളും പട്ടുകളും വെച്ചു ഒന്നും സമമായില്ല. ജനങ്ങളെല്ലാം വളരെ വിസ്മിതന്മാരായി. അമരനീതിയും വിസ്മിതനായിനിന്നു. പിന്നെ അമരനീതി വടുവിനെ നമസ്കരിച്ചു ഭാൎയ്യയേയും പുത്രനേയും തുലാസ്സിൽ കയററി താനും കയറിനിന്നു. അപ്പോൾ തട്ടുരണ്ടും സമമായി. അതുകണ്ടു ദേവക

ൾ പുഷ്പവൎഷംചെയ്തു. അപ്പോൾ വട്ട മഹേശ്വരനായി വൃഷഭാരൂഢനായിട്ട് അമരനിതിക്കു പ്രസാദിച്ചു മുക്തിയും കൊടുത്തു മറയുകയുംചെയ്തു.

എന്ന സ്കന്ദോപപുരാണത്തിൽ
പതിമൂന്നാമദ്ധ്യായം.

---

അഗസ്ത്യൻപറഞ്ഞു— ശിവഭക്തന്മാരുടെ രക്ഷയ്ക്കായി തന്റെ പ്രാണത്യാഗംചെയ്യുന്നവർ ശിവപ്രസാദത്താൽ കൎമ്മബന്ധത്തിൽനിന്നു മുക്തന്മാരായി ഭവിക്കുന്നു. ശിവഭക്തരക്ഷയ്ക്കായി തന്റെ പ്രാണനെ പുല്ലുപോലെ ഉപേക്ഷിച്ച മഹാത്മാവായ ദാരകന്റെ പുണ്യകഥയെ ഇവിടെ പറയാം. അതു ശ്രവണത്താൽ തന്നെ പാപനാശിനിയാണ്. ഭൂലോകത്തിൽ ഗോസ്ഥലം എന്നപേരായി ഒരു ശിവസ്ഥലമുണ്ട്. ആ ക്ഷേത്രത്തിൽ ദാരകൻ എപ്പോഴും മഹേശ്വരനെ സേവിച്ചുകൊണ്ടിരുന്നു. ശിവനേയും ശിവഭക്തന്മാരേയും ദ്രോഹിക്കുന്നവരെ കൊല്ലുവാനായി ദാരകൻ എപ്പോഴും കോടാലിയെ ധരിച്ചുകൊണ്ടിരുന്നു. ആ നഗരത്തിൽ ശിവധൎമ്മൻ എന്നപേരായി ഒരു ബ്രാഹ്മണനുണ്ട്. ആ ബ്രാഹ്മണനു ജനനാമുതല്ക്ക് ഒരു വ്രതമുണ്ട്. തന്റെ കൈകൊണ്ടു പുഷ്പങ്ങൾ പറിച്ചു ത്രികാലവും ശിവപൂജചെയ്യും. ഇങ്ങിനെ തന്റെ വ്രതഭംഗം വരാതെ ശിവധൎമ്മൻ മഹേശ്വരനെ ത്രികാലവും പുഷ്പാഞ്ജലിചെയ്തുകൊണ്ടുതന്നെ വളരെക്കാലം കഴിഞ്ഞു. ആ നഗരത്തിൽ അനപായനൻ എന്നപേരായി മഹാകീൎത്തിമാനായ ഒരു രാജാവുണ്ട്. ചതുരംഗസൈന്യസമേതനായ ആ രാജാവു വീൎയ്യത്താൽ ഇന്ദ്രനുതുല്യനാണ്. ആ രാജാവും ശിവഭക്തന്മാരിലും മഹേശ്വരനിലും അതിഭക്തിമാനാണ്. ശിവദ്രോഹികളെകണ്ടാൽ അപ്പോൾതന്നെ ശിക്ഷിക്കും. നിത്യവും ശിവപൂജയും ശിവഭക്തപൂജയും ചെയ്ത് ഉത്തമഭക്തനായി ഭവിച്ചു. ആ രാജാവിന്റെ സേനയിലുള്ള ഒരു വലിയ

ഗജത്തിന്നു മദംപിടിച്ചു. അതിന്റെ മദജലംകൊണ്ടു് ആ നഗരമെല്ലാം ചളിയായിത്തീൎന്നു. മദജലത്തിന്റെ ഗന്ധത്തെ ഘ്രാണിച്ചു മറ്റുള്ള ഗജങ്ങളെല്ലാം ഓടുവാൻ തുടങ്ങി. ആ ഗജത്തിന്റെ കൊമ്പുകൾ ഈരണ്ടുകോൽ നീളമുണ്ടു്. പൎവ്വതങ്ങളെ കൂടി ഭേദിപ്പാൻ അവന്നു ശക്തിയുണ്ടു്. ആ ഗജത്തിനെ ദൂരത്തിൽകണ്ടാൽ ജനങ്ങൾ ഭയപ്പെട്ടു് ഓടുന്നു. ഗജരക്ഷകന്മാർ അതിന്റെ പിന്നാലെ ഗജത്തിന്നു മദമാണെന്നു് ഉറക്കെ പറഞ്ഞു നിലവിളിച്ചുംകൊണ്ടു വലിയ കുന്തങ്ങളേയും പിടിച്ചു നടക്കുന്നു. രാജശാസനയാൽ ഭടന്മാരെല്ലാവരും വളരെ ജാഗ്രതയോടെ നഗരരക്ഷ ചെയ്തിരുന്നു ഇങ്ങിനെ ഇരിക്കുമ്പോൾ ഒരുദിവസം ഗാരകൻ മദ്ധ്യാഹ്നത്തിൽ കുളിപ്പാനായി കുളത്തിലേക്കു പോയി. ആ സമയത്തു ശിവശൎമ്മൻ പുഷ്പങ്ങളെ പറിച്ചു മടങ്ങിവരികയായിരുന്നു. മാൎഗ്ഗത്തിൽ മത്തഗജം ഉണ്ടെന്നറിഞ്ഞു് ഒരു ഭാഗത്തു പാറിനിന്നു പൂക്കൊട്ടയെ പിടിച്ചുകൊണ്ടു നില്ക്കുന്ന ശിവശൎമ്മൻ മത്തഗജം തന്റെ സമീപത്തേക്കു വരുന്നതുകണ്ടു ഹേ ശങ്കര! എന്നെ രക്ഷിക്കണെ എന്നു് ഉറക്കെ നിലവിളിച്ചു. ആന അതുകേട്ടു് ഇടിവെട്ടുമ്പോലെ ശബ്ദിച്ചുകൊണ്ടു ശിവശൎമ്മന്റെ സമീപത്തിൽ വന്നു പൂക്കൊട്ടയെ ബലാല്ക്കാരമായി വലിച്ചെടുത്തു ചീന്തിക്കളഞ്ഞു. പുഷ്പമെല്ലാം നിലത്തു ചിന്നിപ്പോയി. തന്റെ പുഷ്പമെല്ലാം പോയതുകണ്ടു ശിവശൎമ്മൻ അതിഖിന്നനായി ആനക്കാരോടു പറഞ്ഞു. ദുഷ്ടന്മാരായ നിങ്ങളല്ലെ ആനയെ അയച്ചു് എന്റെ പുഷ്പമെല്ലാം നശിപ്പിച്ചതു്. ഈ ദുഷ്ടജനം ശിവാൎച്ചനക്കു വിഘ്നമല്ലെ ചെയ്തതു്. ഞാൻ ഇനി എന്താണു് ചെയ്യേണ്ടതു്. എവിടെക്കാണു പോകേണ്ടതു്. എനിക്കു് ആരും ശരണമില്ലല്ലൊ. ഈ ശിവദ്രോഹം നിങ്ങൾ ചെയ്തതല്ലെങ്കിൽ രാജാവു ചെയ്തതാണു്. ഇങ്ങിനെ ശിവശൎമ്മൻ പലതുംപറഞ്ഞു നിലവിളിക്കുന്നശബ്ദം ദൂരത്തിൽനിന്നു ഗാരകൻകേട്ടു് ഓടിവന്നു ശിവശൎമ്മനോടു ചോദിച്ചു. ഹെ മഹാത്മാവെ! ശിവപൂജാരതനായ ഭവാന്റെ പുഷ്പങ്ങളെ ആരാണു് നശിപ്പിച്ചതു പറയുക. എന്റെ പരാക്രമംനോക്കു. അതുകേട്ടു ശിവശൎമ്മൻ ആ ദുഷ്ടഗ

ജം ചെയ്യുന്നതല്ലാ പറഞ്ഞു. അതുകേട്ട ദാരകൻ ശിവ! ശിവ! എ ന്നപറഞ്ഞു കണ്ണുകൾ പൊത്തി. പിന്നെ അവൻ ആജ്യമൊഴി ച്ച അഗ്നിയെപ്പോലെ ക്രോധാഗ്നികൊണ്ടു ജ്വലിച്ചു. അവന്നു പ്രാണത്യാഗം ചെയ്വാൻ ഒട്ടും ഭയമുണ്ടായില്ല. അവൻ വേഗം ആനയുടെ അടുക്കൽ ചെന്ന് അതിന്റെ കാലിന്മേൽവെട്ടി. ആ ന കോപിച്ചു തിരിഞ്ഞു തുമ്പിക്കൈകൊണ്ടു ദാരകനെ പിടിക്കു വാൻ തുടങ്ങുമ്പോൾ ദാരകൻ ആനയുടെ മുമ്പിൽവന്നു കൊമ്പു കളുടെ മദ്ധ്യത്തിൽ വെട്ടി. ആ വെട്ടുകൊണ്ടു മത്തഗജം മരിച്ചു ഭൂമിയിൽ വീണു. ആനയെ കൊന്നതുകണ്ടു മൂന്നു ഗജരക്ഷകന്മാർ ദാരകന്റെനേരെ അടുത്തു. അവരേയും അവൻ വെട്ടിക്കൊന്നു. പിന്നെ രണ്ടുപേർവന്നു അവരെയും കൊന്നു. ബാക്കിയുള്ള ആ നക്കാരെല്ലാം പേടിച്ചോടി രാജസന്നിധിയിൽചെന്നു ദാരകൻ ചെയ്ത സാഹസകൃത്യത്തെ രാജാവിനോടു പറഞ്ഞു. രാജാവു വേ ഗം വന്നു നോക്കുമ്പോൾ ശ്രീകൃഷ്ണനാൽ കൊല്ലപ്പെട്ട കുവലയാ പീഡത്തെപ്പോലെ മരിച്ചുകിടക്കുന്ന ഗജത്തേയും ഭടന്മാരേയും കണ്ടു. പുഷ്പനാശത്താൽ ദുഃഖിതനായ ശിവധർമ്മനേയും ദാരക നേയുംകണ്ടു. യുദ്ധത്തിന്നൊരുങ്ങിനില്ക്കുന്ന ഭടന്മാരെ തടഞ്ഞിട്ടു ശിവഭക്തന്മാരെ നമസ്കരിച്ചുപറഞ്ഞു. എന്റെ ഭടന്മാർ ചെയ്തി ട്ടുള്ള കർമ്മം ഞാൻ ചെയ്തതുതന്നെയാണ്. ഞാൻ ശിവനിലും ശിവഭക്തന്മാരിലും അപരാധംചെയ്തവനാണ്. ഈ ദ്രോഹത്തി ന്നു ഞാൻ മരിക്കുന്നതല്ലാതെ മറെറാരു പ്രായശ്ചിത്തവും കാണു ന്നില്ല. അതുകൊണ്ടു ഹെ ദാരക! എന്നേയും ഈ കോടാലി കൊണ്ടു കൊല്ലുക. നിങ്ങളുടെ ശിക്ഷകൊണ്ടു ഞാൻ പരിശുദ്ധ നാവട്ടെ. ഇങ്ങിനെ രാജാവു പറഞ്ഞതുകേട്ടു ദാരകൻ ഭയംകൊ ണ്ട് ഒന്നുംചെയ്യാതെ നില്ക്കുമ്പോൾ രാജാവു ദാരകന്റെ കയ്യിൽ നിന്നു ആ കോടാലിയെ താൻതന്നെ ഗ്രഹിച്ചു മരിപ്പാനുള്ള ഉ ത്സാഹത്തോടുകൂടി കഴുത്തറുക്കുവാനായി തുടങ്ങി. അതുകണ്ടു ദാ രകൻ അതി ഖിന്നനായിഭവിച്ചു. അതി ധർമ്മിഷ്ടനായ ഈ രാ ജാവിനെ ഞാൻ ശിവഭക്തനാണെന്നറിയാതെ രാജാവിന്റെ ഗജത്തേയും ഭടന്മാരേയും കൊന്നുവെല്ലൊ കഷ്ടം. ശിവഭക്തന്മാ

രാട ദ്രവ്യത്തെ നശിപ്പിക്കുന്ന വക്ക മരണംതന്നെയാണ് പ്രായശ്ചിത്തം. അതല്ലാതെ മറെറാരു പ്രായശ്ചിത്തവുമില്ല. അതുകൊണ്ട് ഈ കോടാലികൊണ്ടുതന്നെ എന്റെ കഴുത്തു അറുത്തുകളയാം. എന്നു നിശ്ചയിച്ചു ദാരകൻ ഞാനാണ് ദ്രോഹി ഞാനാണ് മുമ്പിൽ മരിക്കേണ്ടത്. എന്നുപറഞ്ഞു രാജഹസ്തത്തിൽനിന്നു കോടാലിയെ പിടിച്ചുവലിച്ചു. അതല്ല ഞാനാണ് ദ്രോഹി ഞാനാണ് മുമ്പിൽ മരിക്കേണ്ടതെന്നു രാജാവും പറഞ്ഞു രണ്ടാളുംകൂടി കോടാലികിട്ടുവാൻ തമ്മിൽ പൊത്തിപ്പിടിക്കുമ്പോൾ ഒരു അശരീരിവാക്കുണ്ടായി. ഹെ അനപായനയ! നി ഈ സാമ്രാജ്യലക്ഷ്മിയെ ത്യജിച്ചു ഭക്തദ്രോഹത്താൽ മരിപ്പാൻ ആഗ്രഹിച്ചുവെല്ലൊ. അതുകൊണ്ടു ഞാൻ അതിപ്രീതനായി. ഹെ ദാരക! നീ ആരാലും ദുസ്സാദ്ധ്യമായ കർമ്മം ചെയ്യുതിനാലും ഞാൻ പ്രീതനായി. നീ ഇന്നുമുതൽക്ക് ആ കോടാലിയെ ത്യജിക്കുക. ഇനിമേൽ മനസ്സുകൊണ്ടു പൂജിച്ചാൽ മതി. നീ കൊന്നവരെല്ലാം ഇപ്പോൾ ജീവിക്കും. അവർ മുക്തന്മാരായും ഭവിക്കും. ഇങ്ങിനെ പറഞ്ഞപ്പോൾ ഗജവും അഞ്ചു ഭടന്മാരും എഴുനീററു. അതുകണ്ട് എല്ലാവരും വിസ്മയിച്ചു. അപ്പോൾ പുഷ്പവൃഷ്ടിയും ഉണ്ടായി. പിന്നെ രാജാവു ശിവധർമ്മനേയും ദാരകനേയും നമസ്കരിച്ച് അവരോടു സഖ്യവുംചെയ്തു ആനപ്പുറത്തുകയറി രാജമന്ദിരത്തിലേക്കു പോവുകയും ചെയ്തു. ദാരകൻ അപ്പോൾതന്നെ കോടാലിയെ കളഞ്ഞു. മനസ്സുകൊണ്ടു മഹേശ്വരനെ അവിടെത്തന്നെ ഇരുന്നു പൂജിച്ചു. ഇങ്ങിനെ മൂന്നുസംവത്സരം കഴിഞ്ഞപ്പോൾ ദേഹികൾക്കു ദുർല്ലഭമായും പ്രത്യക്ഷമായി ലഭിച്ചതുമായ ശിവപ്രസാദത്താൽ കൈലാസപദത്തെ പ്രാപിക്കുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ
ഇരുപതാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു — ശത്രുവായിരുന്നാലും അവനിൽ ശിവഭക്തലക്ഷണങ്ങളെ കണ്ടാൽ ആ ശിവഭക്തനിൽ ശത്രുത ചെയ്യു അപരാധത്തിന്നു തന്റെ ദേഹത്യാഗം ചെയ്യുന്നവ

റിൽ ശംഭു ഏററവും പ്രസാദിക്കുന്നു. ശിവഭക്തന്മാരെ ദ്വേഷിക്കാത്തവരിലും ശംഭു പ്രസാദിക്കുന്നു. ശിവനെ പൂജിക്കുന്നതുപോലെ ശിവഭക്തന്മാരെ പൂജിക്കുന്നവൎക്കു പാപങ്ങൾ നശിച്ചു പുണ്യസമൂഹങ്ങൾ വൎദ്ധിക്കുന്നു. മനുഷ്യൻ ശിവഭക്തന്മാരെ അവമാനിക്കുന്നതുകൊണ്ടു ശിവദ്രോഹിയായി ഭവിക്കുന്നു. ശിവഭക്തന്മാരുടെ പ്രസാദത്താൽ ശിവപ്രസാദം ലഭിക്കുകയും ചെയ്യുന്നു. ശിവഭക്തന്മാരുടെ ലക്ഷണം ഭസ്മരുദ്രാക്ഷധാരണവും ശ്രീരുദ്രജപം, പഞ്ചാക്ഷരജപം ഇത്യാദികളാകുന്നു. വിശേഷിച്ചു ഭക്തന്റെ മുഖ്യമായ ലക്ഷണം ഭസ്മധാരണമെന്നാണ് മഹാന്മാർ പറയുന്നത്. കുലശ്രേഷ്ഠനായ ബ്രാഹ്മണന്നു വേദാദ്ധ്യയനാദിന്നുപോലെ ഭക്തന്നു ഭസ്മധാരണം അവശ്യം കൎത്തവ്യമാകുന്നു. അഗ്നിഹോത്രത്തിൽനിന്നെടുക്കുന്ന ഭസ്മം ആരുടെ നെററിയിൽ ധരിച്ചിരിക്കുന്നുവോ അവനെ കണ്ടാൽ യമരാജൻ ദൂരെ പോകുന്നു. പഞ്ചാക്ഷരമന്ത്രത്തെ ജപിച്ചിട്ടുള്ള ഭസ്മത്തെ കുറച്ചെങ്കിലും ധരിക്കുന്നതു പഞ്ചമഹാപാതകങ്ങളാകുന്ന പഞ്ഞികൾക്കു കാട്ടുതീയാകുന്നു. ഭസ്മം, ഭൂതപ്രേതപിശാചനിവാരണവും സൎപ്പവൃശ്ചികവിഷനാശനവുമാണ്. ആയുസ്സ്, ആരോഗ്യം, സൌഭാഗ്യം, സുഖം, ഭാഗ്യം, ഐശ്വൎയ്യം ഇവകളെ കൊടുക്കുന്നതുമാണ്. ശുദ്ധമായ ഭസ്മംതന്നെ ജനനക്ലേശത്തെ നശിപ്പിക്കുന്നതാണ്. അതു പഞ്ചാക്ഷരമന്ത്രത്തെ ജപിച്ചുകൊണ്ടു ധരിക്കുന്നതായാൽ മോക്ഷത്തെയും ദാനം ചെയ്യും. ഭസ്മം ധരിച്ചവനെ കണ്ടാൽ ഭക്തിയോടുകൂടെ നമസ്കരിക്കുന്നവന്നു മഹേശ്വരൻ പ്രസന്നനായിട്ടു ജനനദുഃഖത്തെ നശിപ്പിക്കുന്നു. ഇങ്ങിനെയുള്ള ഭസ്മമാഹാത്മ്യത്തെ കേട്ടു ഋഷികൾ ചോദിച്ചു. ഹെ കുംഭസംഭവ! അജ്ഞാനികൾക്കുകൂടി ഭസ്മധാരണമാത്രത്താൽ മഹേശ്വരൻ എങ്ങിനെയാണ് പ്രസാദിക്കുന്നത്? ഇത് ഏററവും ആശ്ചൎയ്യമായിരിക്കുന്നു. അതു ഞങ്ങളോടു പറയുക. അഗസ്ത്യൻ പറഞ്ഞു— ഹെ മുനികളെ! പണ്ടുള്ള ബ്രഹ്മവാദികളാൽ പറയപ്പെട്ടതായ ഏനാദിനാഥഭക്തന്റെ ചരിതത്തെ ഇവിടെ പറയാം,

ശ്രദ്ധയോടെ കേൾക്കവിൻ. തെക്കെ ദിക്കിൽ ശാമ്പരം എ
ന്ന പേരായി ഒരു നഗരമുണ്ട്. അവിടെ ഏനാദിനാഥൻ എ
ന്ന പേരായി ഒരു ശിവഭക്തനുണ്ടായിരുന്നു. അവൻ ശിവനെ
പ്പോലെതന്നെ ഒട്ടും ഭേദംകൂടാതെ ശിവഭക്തന്മാരെയും പൂജി
ക്കും. തന്റെ പ്രാണദ്രോഹികളായിരുന്നാലും ഭസ്മരുദ്രാക്ഷ
ധാരികളെ കണ്ടാൽ അവൻ നമസ്കരിക്കും. അവൎക്ക് അഭീഷ്ട
ത്തെ കൊടുക്കുകയുംചെയ്യും. ഇങ്ങിനെയുള്ള ഏനാദിനാഥ
ന്നു സൎവ്വവിദ്യകളിലും വൈദഗ്ദ്ധ്യമുണ്ടായി. വിശേഷിച്ച് ശസ്ത്ര
ത്തിലും ശാസ്ത്രത്തിലും അതിവൈദഗ്ദ്ധ്യമുണ്ടായി. സൎവ്വായുധ
ങ്ങളേയും പ്രയോഗിക്കുന്നതിൽ ആ ഏനാദിനാഥനെപ്പോലെ
മറ്റൊരുത്തന്നും സാമൎത്ഥ്യമുണ്ടായിരുന്നില്ല. അക്കാലത്ത്
ആ ദിക്കിലും അന്യദിക്കുകളിലുമുണ്ടായിരുന്ന പ്രസിദ്ധന്മാരായ
ശൂരന്മാരെല്ലാവരുടേയും ആചാൎയ്യനുമായിരുന്നു. ആ നഗര
ത്തിൽതന്നെ ഏനാദിനാഥന്റെ ജ്ഞാതിയായി അതിശൂരൻ
എന്നുപേരായ ഒരാൾ ഉണ്ടായിരുന്നു. അവൻ താനാണ് വീ
രനെന്നുനടിച്ച് ചില ദുരഭിമാനികളുടെ ആചാൎയ്യസ്ഥാനം വ
ഹിച്ചുകൊണ്ടു കുറുക്കൻ സിംഹത്തോടു സ്പൎദ്ധിക്കുന്നതുപോലെ
ഏനാദിനാഥനോട് എപ്പോഴും സ്പൎദ്ധിച്ചുകൊണ്ടിരുന്നു. ഏനാ
ദിനാഥൻ എന്നോടു തുല്യനല്ലന്ന് അവൻ എപ്പോഴും ഘോ
ഷിച്ചുകൊണ്ടുനടക്കും. ഇങ്ങിനെ പലദിക്കിൽനിന്നും കേട്ടി
ട്ടും ഏനാദിനാഥന്നു കോപമുണ്ടായില്ല. തവളശബ്ദിക്കുന്നതു
കേട്ടു മേഘം കോപിക്കാറില്ലല്ലൊ. ഏനാദിനാഥന്റെ ശി
ഷ്യന്മാർ അതിശൂരന്റെ സ്പൎദ്ധയെ സഹിപ്പാൻ വയ്യാതെ അ
വനോടു യുദ്ധത്തിന്നുള്ള ഉദ്യമംചെയ്തു. ഏനാദിനാഥൻ അത
റിഞ്ഞു ക്ഷമയോടെ അവരെ സമാധാനിപ്പിച്ചു. എന്നോടു യു
ദ്ധംചെയ്യാൻ സമൎത്ഥനല്ലാത്തതു കൊണ്ടാണ് ശിഷ്യന്മാരെ
സമാധാനിപ്പിച്ചതെന്ന് അതിശൂരൻ പിന്നെയും സ്പൎദ്ധാവാക്കു
കളെപറഞ്ഞു. അതും ശിവഭക്തനായ ഏനാദിനാഥൻ ക്ഷമി
ച്ചു. ഇങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം അതിശൂരൻ ദുഷ്ട
ന്മാരാൽ ഉത്സാഹിക്കപ്പെട്ടവനായിട്ടു കുറെ ജനങ്ങളോടുകൂടി

ഏനാദിനാഥന്റെ പടിക്കൽ വന്നുപറഞ്ഞു. ഹെ ഏനാദിനാഥ! നീ ശൂരനാണെങ്കിൽ എന്നോടുയുദ്ധംചെയ്യുക. അല്ലെങ്കിൽ എന്റെ കാക്കൽ നമസ്കരിക്കുക. ഇങ്ങിനെ കുത്സിതമായവാക്കുകേട്ട് ഏനാദിനാഥൻ ചിരിച്ചുകൊണ്ടു തന്റെ ശിഷ്യന്മാരോടുപറഞ്ഞു. നിങ്ങളെല്ലാവരും ആയുധങ്ങളെല്ലാം എടുക്കുവിൻ. യുദ്ധത്തിന്നായി പുറത്തെക്കു പോവുക. അതുകേട്ടു ശിഷ്യന്മാർ യുദ്ധം നാളെ രാവിലെ ആവാം ഇപ്പോൾ മദ്ധ്യസ്ഥന്മാർ ഇല്ല എന്നുപറഞ്ഞു. അതുപ്രകാരം പിറെറദിവസം രാവിലെ രണ്ടു കൂട്ടരും ആയുധങ്ങൾ ധരിച്ചു ശിഷ്യന്മാരോടുകൂടി യുദ്ധത്തിന്നൊരുങ്ങിവന്നു. ആ നഗരവാസികളെല്ലാവരും യുദ്ധത്തിന്നു സാക്ഷികളായിവന്നു. വാദ്യഘോഷങ്ങളും സിംഹനാദങ്ങളും സ്വൎഗ്ഗലോകത്തോളം എത്തി. വീരന്മാരെല്ലാം കാണ്കെ അവർതമ്മിൽ യുദ്ധം തുടങ്ങി. അവർ ആ യുദ്ധങ്ങളാൽ അലംകൃതന്മാരായിട്ടു പല മാൎഗ്ഗങ്ങളിൽ സഞ്ചരിച്ചുകൊണ്ടു തങ്ങളുടെ ശിക്ഷാബലത്തെ കാണിച്ചു. പലവിധ ആയുധങ്ങളും പ്രയോഗിച്ചു. ഇങ്ങിനെ യുദ്ധംചെയ്തു നേരം മദ്ധ്യാഹ്നമായപ്പോൾ അതിശൂരൻ ദേഹമെല്ലാം വിയൎത്തു വളരെ ക്ഷീണിച്ചു. വാളും പരിചയും ധരിച്ചുകൊണ്ടുനില്ക്കുന്ന അതിശൂരനെ സിംഹം ഗജത്തെ പിടിക്കുന്നതുപോലെ ഏനാദിനാഥൻ പിടിച്ചു. ദയയാൽ അവനെ കൊന്നില്ല. അപ്പോൾ അതിശൂരൻ പറഞ്ഞു. ഞാൻ ഇപ്പോൾ വളരെ ശ്രാന്തനായിരിക്കുന്നു. നാളെ നിന്നെ ജയിച്ചുകൊള്ളാം. ഇപ്പോൾ എന്നെ വിടണം. അതുകേട്ടു ഏനാദിനാഥൻ ഹതപ്രായനായ അവനെവിട്ടു. അതിശൂരൻ ചിന്താകുലനായി ഗൃഹത്തിലേക്കുപോയി. നേരംപുലൎന്നാൽ യുദ്ധമുണ്ടാകും. അതിൽ ഏനാദിനാഥൻ എന്നെ ജയിച്ചു ശാശ്വതകീൎത്തിയെ സമ്പാദിക്കും കഷ്ടം. ഞാൻ വെറുതെ മൂഢന്മാരുടെ വാക്കുകേട്ട് ഏനാദിനാഥനോടു സ്പൎദ്ധിച്ചുവല്ലൊ. പ്രബലനോട് അപരാധംചെയ്തതിനാൽ പ്രാണസംശയത്തിൽ അകപ്പെട്ടു. ഏനാദിനാഥനെ ആയുധത്തോടുകൂടി യുദ്ധത്തിൽകാണുമ്പോൾ ആരാണ്ടയാടു

ക്രോധിക്കുന്ന സിംഹത്തെപ്പോലെയിരിക്കുന്നു. ഞാൻ നാരള രാവ.ലെ ആരംഭണംചെയ്യുന്ന വ്യാഘ്രത്തിന്റെ മുഖംപോലെ ക്രോധത്താൽ വിറക്കുന്ന അധരങ്ങളോടുകൂടിയ ഏനാദിനാഥന്റെ മുഖത്തെ എങ്ങിനെ നോക്കട്ടെ. ഇനിയും യുദ്ധംചെയ്യാൽ ഞാൻ യമപുരത്തിലേക്കുതന്നെ പോകേണ്ടിവരും. എന്റെകാക്കൽ നമസ്കരിക്കവാൻ ഞാൻ അവനോടു പറഞ്ഞിട്ട് അവന്റെ കാക്കൽ വീഴുന്നതെങ്ങിനെയാണ്. എന്റെ പ്രാണരക്ഷക്കു യാതൊരുപായത്തേയും കാണുന്നില്ല. അവനെ നമസ്കരിച്ചല്ലാതെ അവൻ എന്നെ വിടുകയുമില്ല. രാത്രി ആരുംകാണാതെ പോകുന്നതു ഉചിതമല്ല. ഇങ്ങിനെ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അതിശൂരന്നു പ്രാണരക്ഷണത്തിന്നു ഒരു ഉപായംതോന്നി. എന്നാൽ അങ്ങിനെതന്നെ ചെയ്യാമെന്നു നിശ്ചയിച്ച് അതിശൂരൻ കിടന്നുറങ്ങി. പിറേറദിവസം രാവിലെ എഴുനീററു നെററിയിൽ ഭസ്മത്താൽ ത്രിപുണ്ഡ്രംധരിച്ചു കഴുത്തിൽ രുദ്രാക്ഷമാലയെ ധരിച്ചു വാളും പരിചയുമെടുത്തു യുദ്ധത്തിന്നു പുറപ്പെട്ടു. ഏനാദിനാഥനും അതിശൂരനെ വന്ദികൾ സ്തുതിക്കുന്നതുകേട്ടു യുദ്ധത്തിന്നു പുറപ്പെട്ടു. ചന്ദ്രനെ നക്ഷത്രങ്ങൾ അനുഗമിക്കുന്നതുപോലെ ശിഷ്യന്മാർ ഏനാദിനാഥനെ അനുഗമിച്ചു. അവർ രണ്ടാളും തമ്മിൽ മത്തഗജങ്ങളെന്നപോലെ കീർത്തിയെ ആഗ്രഹിച്ചുകൊണ്ട് എല്ലാവരുംകാണ്കെ യുദ്ധംതുടങ്ങി. ഏനാദിനാഥൻ കയ്യിലുള്ള വാളുകൊണ്ട് അതിശൂരനെ വെട്ടി. അതിശൂരൻ തന്റെ പരിചകൊണ്ടു ആ വെട്ടിനെ തടുത്തു. അതിശൂരന്റെ പരിചയിൽ തറച്ചിരിക്കുന്ന തന്റെ വാളിനെ വലിച്ചെടുക്കുമ്പോൾ ഏനാദിനാഥൻ അതിശൂരന്റെ മുഖത്തേക്കുനോക്കി. അതിശൂരന്റെ നെററിയിൽ ഭസ്മംകണ്ടു സംഭ്രമചിത്തനായി ഭവിച്ചു. ശിവദ്രോഹഭയത്താൽ കലശലായ വിചാരവുമുണ്ടായി. ദുരാത്മാവായ ഞാൻ ഒട്ടുംആലോചിക്കാതെ എങ്ങിനെയാണ് ശിവദ്രോഹംചെയ്യുന്നത്. ഭസ്മരുദ്രാക്ഷധരനായവനെ ശത്രുവായിവിളിച്ചു യുദ്ധംചെയ്യുവല്ലോ. ശിവഭക്തനെ ദ്രോഹിച്ചതായ അപരാധത്തിന്നു മരണത്തെ ഒഴിച്ചു മറെറാരു പ്രായശ്ചിത്തവുമില്ല.

ഞാൻ ആയുധത്തെ ത്യജിച്ചാൽ യുദ്ധത്തിൽനിന്നു പരാങ്മുഖനായവനെ കൊന്നു എന്നുള്ള ദുഷ്കീൎത്തിയും പാപവും ഇവന്നു സംഭവിക്കും. അതുകൊണ്ടു ഞാൻ ആയുധത്തോടുകൂടിത്തന്നെ നില്ക്കും. ഇവൻെറ വാൾകൊണ്ട് എൻെറ കഴുത്തറുത്തോട്ടെ പാപശുദ്ധിക്കായിട്ട് എൻെറ പ്രാണത്യാഗം ചെയ്യാം. അല്ലെങ്കിൽ നൂറുകോടി സംവത്സരംകൊണ്ടും എൻെറ പാപനിവൃത്തി വരുന്നതല്ല. ഇങ്ങിനെ നിശ്ചയിച്ചു വാളും പിടിച്ചുകൊണ്ടു യുദ്ധംചെയ്യുന്നവനെപ്പോലെ നിന്നു. ഭാവജ്ഞനായ അതിശൂരൻ അറിയാത്തവനെപ്പോലെ വേഗം ഏനാദിനാഥൻെറ ശിരച്ഛേദം ചെയ്യാനായി തലയിൽ കടന്നുപിടിച്ചു. ഏതു സമയത്തു തൻെറ പ്രാണനാശത്തിൽകൂടി ഏനാദിനാഥൻ നിൎവ്വികാരനായിനിന്നുവൊ ആ സമയത്തു മഹേശ്വരൻ വൃഷഭാരൂഢനായി പാൎവ്വതീസമേതനായി ദേവഗണങ്ങളാലും ഭൂതഗണങ്ങളാലും സേവിതനായിട്ടു പ്രത്യക്ഷനായി കാണപ്പെട്ടു. ആ ഏനാദിനാഥന്നു കൈലാസവാസത്തെ കൊടുത്തതു കൂടാതെ തൻെറ ഗണാഗ്രഗണ്യസ്ഥാനത്തേയും കൊടുത്തു. ആ മഹേശ്വരൻ പ്രസന്നനായാൽ മനുഷ്യൎക്ക് എന്താണ് ലഭിച്ചുകൂടാത്തത്. അതുകൊണ്ട് ആപത്തു വന്നാലുംകൂടി മഹേശ്വരപ്രീതിയെ തന്നെയാണ് സമ്പാദിക്കേണ്ടത്.

എന്നു സ്കാന്ദോപപുരാണത്തിൽ
ഇരുപതൊന്നാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളെ! ജനനമരണരൂപമായ അന്ധകാരത്തിന്നു സൂൎയ്യനെപ്പോലെ ഇരിക്കുന്ന പാദാരവിന്ദങ്ങളോടുകൂടിയ മഹേശ്വരങ്കൽ ഏതൊരുത്തൻ ഭക്തിയെ ചെയ്യുന്നുവൊ അവൎക്ക പിന്നെ ജനിക്കേണ്ടിവരില്ല. കുലം, ശാസ്ത്രം, യാഗം, വ്രതം, തപസ്സ്, വേദാദ്ധ്യയനം, ദേവപൂജ, തീൎത്ഥസ്നാനം ഇവകളെല്ലാം ജന്മദോഷത്തെ നശിപ്പിക്കുന്ന പുണ്യയായ

ശിവഭക്തിയെപ്പോലെ പുനൎഭവദുഃഖത്തെ നശിപ്പിക്കുന്നില്ല. ഹേ മുനികളെ! ബ്രാഹ്മണനായാലും ഇന്ദ്രിയങ്ങളെ ജയിച്ചവനായാലും സാധനചതുഷ്ടയസമ്പന്നനായാലും ബ്രഹ്മത്തെ അറിഞ്ഞവനായാൽകൂടി മഹേശ്വരപാദഭക്തിയില്ലെങ്കിൽ അവൻ ജനനമരണപ്രവാഹരൂപമായ സംസാരബന്ധത്തിൽനിന്നു മോചിക്കുന്നില്ല. ശൂദ്രന്മാർ, കാട്ടാളന്മാർ, ശ്വപചന്മാർ ഇവരെല്ലാം യാഗാദികളൊന്നുംകൂടാതെ ശിവഭക്തി ഒന്നുമാത്രംകൊണ്ടു പുനരാവൃത്തിരഹിതമായ സായൂജ്യമാൎഗ്ഗത്തെ ഗമിച്ചിരിക്കുന്നു. ഹേ മുനികളെ! പഞ്ചഭൂതാത്മകമായ സ്ഥൂലദേഹത്തിലുള്ള മാംസനേത്രത്തെ കൊടുത്തതിനാൽ മഹേശ്വരന്റെ പ്രസാദം ലഭിച്ചവനായ ഒരു കാട്ടാളച്ചെറുക്കൻ പരമപദത്തെ പ്രാപിച്ചു. മുനികൾ ചോദിച്ചു— ഹേ കുംഭസംഭവ! നിന്ദ്യവംശജനായ കാട്ടാളൻ എങ്ങിനെയാണ് നേത്രത്തെ കൊടുത്തത്. ശംഭു എങ്ങിനെയാണ് പ്രസാദിച്ചത്. എങ്ങിനെയാണ് അവനു സംസാരബന്ധം നശിച്ചു യോഗികൾക്കുകൂടി ദുല്ലഭമായ പരമഗതി സിദ്ധിച്ചത്. ആ ധന്യന്റെ ചരിത്രത്തെ ഞങ്ങളോടു പറയുക. അഗസ്ത്യൻ പറഞ്ഞു— പ്രസിദ്ധപ്പെട്ട കാഞ്ചീപുരത്തിന്ന് ഈശാനകോണിലായി സുവൎണ്ണമുഖി എന്ന നദീതീരത്തിൽ ഒരു വലുതായ പൎവ്വതമുണ്ട്. അതിന്റെ പേർ വേണുഗിരിയെന്നാണ്. അത് ഒരു ഗജാകൃതിയായി ശോഭിക്കുന്നു. അതു വനത്തിലുള്ള മൃഗങ്ങൾക്കെല്ലാം ആധാരമാണ്. അനേക ധാതുദ്രവ്യങ്ങളാൽ വിചിത്രരൂപവുമാണ്. ആ പൎവ്വതത്തിൽ അനേകവിധ വൃക്ഷങ്ങളും മുളകളും വൎദ്ധിച്ചുനില്ക്കുന്നു. അതിലുള്ള ലതാഗൃഹങ്ങൾ മഴയും വെയിലും തട്ടാത്തവയാണ്. അതിൽ ഉയൎന്നുനില്ക്കുന്ന മുളകളിൽനിന്നു വീഴുന്നവകളായും സിംഹനഖങ്ങളാൽ ഭിന്നങ്ങളായ ഗജമസ്തകങ്ങളിൽനിന്നു വീഴുന്നവകളായും രത്നമയങ്ങളായ ലതാഗൃഹങ്ങളിൽനിന്നു പാറിയതായ കൎപ്പൂരത്താൽ അതിമനോഹരങ്ങളായും മുള്ളൻപന്നികളുടെ മൂച്ചയുള്ള മുള്ളുകളാൽ ഉണ്ടായതായ രന്ധ്രത്താൽ മനോഹരങ്ങളായും ഉള്ള മുത്തുകളാൽ വ്യാധന്മാർ അവരുടെ സ്ത്രീകൾക്കു വിശേഷമായ മുത്തുമാ

ലകൾ ഉണ്ടാകുന്നു. അതിൽ നാലുഭാഗവും വെട്ട്, കൊല്ല്, വിടങ്ങ, പിന്നാലെ ഓട്, അടിക്ക്, കൊല്ല് ഇങ്ങിനെയുള്ള ശബ്ദങ്ങൾ വ്യാധന്മാർ പറയുന്നത് എപ്പോഴും കേൾക്കുന്നു. അതിൽ കാട്ടാളക്കുട്ടികൾ ആനക്കുട്ടികളെ വള്ളികൾകൊണ്ടു കെട്ടുന്നു. മൃഗങ്ങളെ തിന്നുന്ന നായ്ക്കൾ സൂകരങ്ങളെ കണ്ടു കുരയ്ക്കുന്നു. വ്യാഘ്രാദികളായ ഘോരമൃഗങ്ങൾ അങ്ങുമിങ്ങും ഓടിക്കൊണ്ടിരിക്കുന്നു. അതിൽ കാട്ടാളക്കുട്ടികൾ സിംഹത്തിന്റെ നടകളിൽ പുലിനഖങ്ങളെ കോർത്തു കഴുത്തിൽ കെട്ടിക്കൊണ്ടു വരാഹങ്ങളോടുകൂടെ കളിക്കുന്നു. അതിലുള്ള വ്യാധന്മാർ പലവിധങ്ങളായ മാംസങ്ങളെ ഭുജിച്ചുകൊണ്ട് ഒരിക്കലും ദുർഭിക്ഷത്തെ അറിഞ്ഞിരുന്നില്ല. ആ പർവ്വതത്തിൽ അനേക വ്യാധന്മാരുടെ വാസസ്ഥലമായ ഗോധാപുരം എന്ന ഒരു സ്ഥലമുണ്ട്. അതു പഴയ മാംസങ്ങളിൽനിന്ന് ഉത്ഭവിച്ചതായ ആമഗന്ധത്താൽ വ്യാപിതമായ ദിക്കുകളോടുകൂടിയതായിരുന്നു. കിരാതസൈന്യങ്ങളുടെ അനേക കുടിലുകളാലും അനേകം സേനാനാഥന്മാരാലും സമ്പൂർണ്ണമായിരുന്നു. സിംഹം, വ്യാഘ്രം, വരാഹം, ഗജം ഇവകളുടെ തോലുകളാൽ വെയിലിനെ മറച്ചുകൊണ്ടിരുന്നു. ഇങ്ങിനെയുള്ള ഗോധാപുരത്തിന്നു നാഥനായി സകല വ്യാധന്മാരിലും ശ്രേഷ്ഠനായി നാഗൻ എന്നൊരുവൻ ഉണ്ടായി. അവന്നു സകല പർവ്വതങ്ങളിലുമുള്ള വ്യാധന്മാരെല്ലാം കപ്പം കൊടുത്തിരുന്നു. അവൻ അതിസമ്പന്നനും സകല രാജാക്കന്മാർക്കും സമ്മതനുമായിരുന്നു. അവൻ തനിക്കു തുല്യവംശജയായ ഭദ്ര എന്ന സ്ത്രീയെ വിവാഹംചെയ്തു പിടിയാനയാൽ ഗജശ്രേഷ്ഠനെന്നപോലെ സന്തോഷിച്ചു. അവൻ രൂപവതിയും യൌവനവതിയും സൌജന്യശാലിയുമായ അവളോടുകൂടെ രമിച്ചുകൊണ്ടു യോഗിയായവൻ ബ്രഹ്മവിദ്യകൊണ്ടു രമിക്കുന്നതുപോലെ സന്തോഷിച്ചു. ഹെ മുനികളെ! ഇങ്ങിനെ സുഖമായി വസിക്കുന്ന നാഗന്നു പുത്രനുണ്ടായില്ല. അതിനാൽ നാഗന്റെ ഭാര്യ അതിദുഃഖിതയായിട്ടു നാഗനേയും ദുഃഖിപ്പിച്ചു. ഭാര്യയിൽ അതിപ്രേമമുള്ളവനായ നാഗൻ അനേക ദിവ്യവസ്ത്രാഭരണങ്ങളെ

തരുവൾക്കു കൊടുത്താലും അവൾക്ക് അതിലൊന്നിലും ആഗ്ര ഹമില്ല. അവൾ മദ്യത്തെ പാനംചെയ്യാതായി. മാംസത്തി ലും ഇഷ്ടമില്ലാതായി. ഒരു ഭക്ഷ്യവും അവൾ ഭക്ഷിക്കാതായി. അവൾ കസ്തൂരിതിലകത്തേയും ധരിക്കാറില്ല. കുങ്കുമജലത്തിൽ സ്നാനവും ചെയ്യാറില്ല. തലമുടി നല്ലവണ്ണം ശോധനചെയ്തു കെ ട്ടാറില്ല. ഇങ്ങിനെ ദുഃഖിതയായ ഭാൎയ്യയെ കണ്ടു ദുഃഖിതനായ നാഗൻ പുത്രനില്ലാത്ത ഗൃഹത്തിൽ ഒന്നും സുഖമായി കണ്ടില്ല. ഇങ്ങിനെ കുറെക്കാലം കഴിഞ്ഞപ്പോൾ ഒരു ദിവസം നാഗൻ സുജനങ്ങളെയെല്ലാം വിളിച്ചുവരുത്തി പറഞ്ഞു. ഞാൻ പുത്ര നില്ലാത്തവനാണ്. അതിനാൽ അതിദുഃഖിതനുമാണ്. ഞാ നം എന്റെ ഭാൎയ്യയും നിന്ദ്യന്മാർതന്നെ. എന്റെ വംശത്തിൽ എന്നെപ്പോലെ ഭാഗ്യഹീനനായിട്ടു മുമ്പെ ആരുംതന്നെ ഉണ്ടാ യിട്ടില്ല. ഞാൻ എവിടെയെങ്കിലും പോയ്ക്കളയാം, പുത്രനില്ലാ തെ ജീവിച്ചിരുന്നിട്ടു ഫലമെന്ത്. എനിക്ക് ഒരു പുത്രനുണ്ടാകു വാനുള്ള ഉപായം വല്ലതുമുണ്ടെങ്കിൽ എന്റെ പ്രാണനെ കള ഞ്ഞിട്ടും ഞാൻ അതു ചെയ്യാം. ഇങ്ങിനെ നാഗന്റെ വാക്കു കേട്ടു ചില വ്യാധവൃദ്ധന്മാർ പറഞ്ഞു. നമ്മുടെ ഗ്രാമത്തിനു പു റത്തായി ഒരു യോഗിനിയായ ശബരസ്ത്രീ ഇരിക്കുന്നുണ്ട്. അവ ളെ കണ്ടു ചോദിച്ചാൽ നിവൃത്തിയുണ്ടാകും. എന്നു പറഞ്ഞു നാഗനേയും കൂട്ടിക്കൊണ്ട് അനേക ഭക്ഷണദ്രവ്യങ്ങളേയും തേ ൻ, നെയ്യ്, നുറുപാ അവിൽ ഇതെല്ലാം കൊണ്ടുപോയി അവ ളുടെ മുമ്പിൽവെച്ചു തൊഴുതുകൊണ്ടുനിന്നു. നാഗൻ നമസ്കരി ച്ച് ഒരിടങ്ങഴി മുത്തും അവളുടെ മുമ്പിൽ വെച്ചു. രത്നങ്ങൾ, പട്ടുവസ്ത്രങ്ങൾ ഇവയും മുമ്പിൽവെച്ചു തൊഴുതുനിന്നു. ആ വൃ ദ്ധയോഗിനി അതെല്ലാം സ്വീകരിച്ചു കുറച്ചുനേരം വല്ലീസഹിത നായ ഷണ്മുഖദേവനെ ധ്യാനിച്ച് അല്പം തല കുലുക്കിക്കൊണ്ടു പറഞ്ഞു. വല്ലീസഹിതനായ സ്കന്ദമൂൎത്തിയാണ് നമ്മുടെ വലു തായ കുലദൈവം. ആ ദേവനു നൂറിടങ്ങഴി മുത്ത് ഇവൻ കൊ ടുത്താൽ ആ ദേവന്റെ പ്രസാദത്താൽ നാഗനേക്കാൾ ശ്രേഷ്ഠ നായ പുത്രനുണ്ടാകും. അതിനു ഞാൻതന്നെ ജാമ്യം. ഇങ്ങി

നെ അവൾ പറഞ്ഞപ്പോൾ ശകുനസൂചകമായ ശുഭശബ്ദം കേട്ടു. അതുകൊണ്ട് അവൾ നാഗനെ ഏററവും വിശ്വസിപ്പിച്ചു. അവൾ പ്രതിജ്ഞയുംചെയ്തു. പിന്നെ നാഗൻ പറഞ്ഞു. ഹേ യോഗിനി! എനിക്കു പുത്രനുണ്ടായാൽ നൂറിടങ്ങഴി മുത്തു ഞാൻ വല്ലിദേവിക്കു കൊടുക്കാം. ആ ദേവി പ്രസാദിക്കുവാനുള്ള വിധമെല്ലാം ചെയ്യണെ. അതു കേട്ടു വൃദ്ധപറഞ്ഞു. നിന്റെ ഭാൎയ്യ ഞാൻ പറയുന്നതുപോലെ വ്രതം അനുഷ്ഠിച്ച് ഒരു സംവത്സരം ഇരുന്നാൽ വല്ലിദേവിയുടെ പ്രസാദത്താൽ മനോരഥം സമ്പൂൎണ്ണമായി ഭവിക്കും. എന്നാൽ അങ്ങിനെതന്നെ എന്നു പറഞ്ഞു നാഗൻ അവന്റെ വീട്ടിലേക്കു പോയി തന്റെ ഭാൎയ്യയോടു വൃത്താന്തമെല്ലാം പറഞ്ഞു സന്തോഷിപ്പിച്ചു. പിറേറദിവസം അവൾ നാഗന്റെ കല്പനപ്രകാരം യോഗിനിയുടെ അടുക്കൽ പോയി നമസ്കരിച്ചു. അപ്പോൾ യോഗിനി ആചമനം ചെയ്തു ഭസ്മമെടുത്തു ദന്തയുടെ നെററിയിൽ തൊട്ടു. പിന്നെ വല്ലിദേവിയുടെ പ്രീതിക്കായി ഒരു ശ്ലോകവും ഉപദേശിച്ചു.

നമോനമഃഷണ്മുഖവല്ലഭായൈ
നമോനമോനമ്രജനാൎത്തിഹന്ത്ര്യൈ
നമോനമസ്സൎവ്വസമൃദ്ധിദായൈ
നമോനമസ്തേഽദിശവല്ലിപുത്രം.

ഷണ്മുഖവല്ലഭയായ ദേവിയെ നമസ്കരിക്കുന്നു. ആശ്രിതന്മാരുടെ ദുഃഖത്തെ നശിപ്പിക്കുന്ന ദേവിയെ നമസ്കരിക്കുന്നു. സൎവ്വൈശ്വൎയ്യദായിനിയായ ദേവിയെ നമസ്കരിക്കുന്നു. ഹെ വല്ലിദേവി! എനിക്കു പുത്രനെ തരണേ.

ഈ ശ്ലോകത്തെ ജപിച്ചുകൊണ്ടു വ്രതമനുഷ്ഠിക്കുവാൻ പറഞ്ഞു. അതുപ്രകാരം ദന്തമദ്യമാംസങ്ങളെ വജ്ജിച്ചുകൊണ്ട് അസിധാരാവ്രതംപോലെയുള്ള കഠിനവ്രതത്തെ ശരിയായനുഷ്ഠിച്ചു. ഇങ്ങിനെ മൂന്നുമാസം കഴിഞ്ഞിട്ടും യാതൊരു ലക്ഷ

ണവും കണ്ടില്ല. അപ്പോൾ യോഗിനി ഷണ്മുഖപ്രീതിക്കായി മറെറാരു പദ്യത്തെ ഉപദേശിച്ചു.

നമോനമശ്ശൈലസുതാത്മജായ
നമോനമോബഹിണവാഹനായ
നമോനമോവല്ലിമനോഹരായ
നമോനമോദേഹിസുതാഗ്രഹേശ.

പാർവ്വതീസുതനായ ഭവാന്നു നമസ്കാരം. മയിൽവാഹനനായ ഭവാന്നു നമസ്കാരം. വല്ലീമനോഹരനായ ഭവാന്നു നമസ്കാരം. ഹേ സ്കന്ദമൂർത്തെ! എനിക്കു ഒരു പുത്രനെ തരേണമേ.

ഇങ്ങിനെ രണ്ടു പദ്യത്തേയും യോഗിനി അവളെ പഠിപ്പിച്ചു. സന്തോഷത്തോടെ കാർയ്യം സാധിച്ചു എന്നു നിശ്ചയിച്ചുകൊള്ളുക എന്നും പറഞ്ഞു. രേന അങ്ങിനെ ചെയ്തുകൊണ്ട് ഏഴു ദിവസം കഴിഞ്ഞു. ഏഴാംദിവസം രാത്രി കിടന്നുറങ്ങുമ്പോൾ രേന സ്വപ്നത്തിൽ തന്റെ മടിയിൽ പൂർണ്ണമായ ചന്ദ്രമണ്ഡലത്തെ വെച്ചതായും വീട്ടിന്റെ അകത്തു തേജസ്വിയായ ഒരു രാക്ഷസൻ നില്ക്കുന്നതായും കണ്ടു. പിറേറദിവസം അവൾ ആ വൃത്താന്തത്തെ വൃദ്ധയോടു പറഞ്ഞു. വൃദ്ധ അത് ആരോടും പറയരുതെന്നും പറഞ്ഞു വളരെ സന്തോഷിച്ചു. അനന്തരം ഒരു മാസം കഴിഞ്ഞപ്പോൾ രേനക്കു ഗർഭചിഹ്നങ്ങൾ കണ്ടുതുടങ്ങി. വ്യാധന്മാരെല്ലാവരും സന്തുഷ്ടന്മാരായി. പിന്നെ രേന വ്രതത്തെ അവസാനിപ്പിച്ചു യോഗിനിയെ നമസ്കരിച്ചു നാഗൻ പുത്രനുണ്ടാവുന്നതിന്നു മുമ്പേതന്നെ നാറിടങ്ങഴി മുത്തു വല്ലീദേവിയുടെ പ്രീതിക്കായി കൊടുത്തു. പിന്നെ ശുഭമായ ദിവസത്തിൽ രേനക്കു പ്രസവവേദന തുടങ്ങി. അതിതേജസ്വിനിയായ ഭാർയ്യയെ കണ്ടു നാഗൻ ഏററവും സന്തോഷിച്ചു. സമുദ്രത്തിൽ ഇറങ്ങിയവൻ കൈകളെക്കൊണ്ടു തുഴഞ്ഞു മറുകര എത്തിയവനെപ്പോലെ നാഗൻ തനിക്കുണ്ടാവുന്ന പുത്രനെ കാട്ടാളരാജാവാക്കേണമെന്നു നിശ്ചയിച്ചു.

അനന്തരം ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയുള്ളതായ ശുഭലഗ്നത്തിൽ ദേ ശത പടിഞ്ഞാറെ ദിക്ക ചന്ദ്രനെയെന്നപോലെ ഒരു പുത്രനെ പ്രസവിച്ചു. നാഗൻ പുത്രജനനത്തെ കേട്ട കണ്ണുകാണാത്തവന്ന കണ്ണുകിട്ടിയതുപോലെ അത്യന്തം സന്തോഷിച്ചു. വ്യാധന്മാർക്കെല്ലാവൎക്കും മദ്യത്തെ കൊടുത്തു. നാഗൻ വൃദ്ധയോഗിനിയെ സാക്ഷാൽ വല്ലീദേവി തന്നെയാണെന്ന നിശ്ചയിച്ചു. പല വാദ്യദ്ധ്വനികൾ ആകാശത്തിലും ഭൂമിയിലും പരന്നു. ദേവകൾ ഗോധാപുരത്തിൽ പുഷ്പവൃഷ്ടി ചെയ്തു. വ്യാധന്മാരെല്ലാവരും കാഴ്ചദ്രവ്യങ്ങളേയും കൊണ്ടുവന്നു നാഗനെ സേവിച്ചുനിന്നു. ഗന്ധൎവ്വന്മാർ മനോഹരമായി പാടി. ഗന്ധൎവ്വസ്ത്രീകൾ നൃത്തവും ചെയ്തു. എല്ലാവൎക്കും മനസ്സിലാവത്തക്കവണ്ണം അശരീരിവാക്കും ഉണ്ടായി. ദത്തയുടെ പുത്രനായി ജനിച്ച ഈ ബാലൻ ശിവഭക്തനായി ഭവിക്കും. മഹേശ്വരൻ ഇവന്റെ ഭക്തിയെ പരീക്ഷിക്കുമ്പോൾ ഇവൻ തന്റെ നേത്രത്തെ കൊടുക്കുന്നതിനാൽ സാക്ഷാൽ വിഷ്ണുവിനേക്കാൾ അധികം കീൎത്തി സമ്പാദിച്ചു വ്യാധവംശത്തെ അലങ്കരിക്കും. ഇങ്ങിനെ ആകാശവാണി കേട്ട സിദ്ധന്മാരെല്ലാം ശ്ലാഘിച്ചു. അനന്തരം ദത്ത ആ ബാലന്റെ കോമളമായ രോദനശബ്ദത്തെ കേട്ട യോഗസിദ്ധികൊണ്ടു യോഗികൾക്കുണ്ടാവുന്ന പരമാനന്ദത്തെപ്പോലെ ഏറ്റവും ആനന്ദത്തെ അനുഭവിച്ചു. അമ്മയാൽ ലാളിക്കപ്പെട്ട ബാലൻ വെളുത്ത പക്ഷത്തിൽ ഉദിക്കുന്ന ചന്ദ്രനെപ്പോലെ ക്രമത്തിൽ വൎദ്ധിച്ചു. ശബരന്മാരുടേയും ശബരസ്ത്രീകളുടേയും നേത്രങ്ങൾ ദാഹാൎത്തന്മാരായ ജനങ്ങൾ പൂൎണ്ണാമൃതത്തടാകത്തെ ലഭിച്ചു സന്തോഷിക്കുന്നതുപോലെ ആ ബാലനെ കണ്ടു സന്തോഷിച്ചു. നാഗൻ ആ ബാലന്റെ നീലമായ ദേഹവൎണ്ണത്തെ അനുസരിച്ചു നീലൻ എന്നു പേർ വിളിച്ചു. മുട്ടുകൾ കുത്തിക്കൊണ്ട് ഓടിനടക്കുന്ന ആ ബാലനെ കണ്ടിട്ട് ആ വ്യാധദമ്പതികൾക്കുണ്ടായ സന്തോഷത്തെ സാക്ഷാൽ സദാശിവൻ മാത്രമേ അറികയുള്ളൂ. പല്ലുകൾ മുളെക്കുന്ന ആ ബാലന്റെ വ്യക്തമല്ലാത്ത മനോഹരവാക്കുകൾ അവൎക്ക് അമൃതതുല്യങ്ങ

ളായിരുന്നു. നാഗൻ ആ ബാലന്നു വെട്ട്, കൊല്ല്, അടിക്ക് എന്നിങ്ങിനെയുള്ള വാക്കുകളെ പഠിപ്പിച്ചു. ആ കുട്ടി മണ്ണിൽ കളിക്കുമ്പോൾ മററുള്ള വ്യാധബാലന്മാരെ ഉപദ്രവിച്ചുകൊണ്ടു കളിക്കും. അങ്ങിനെയുള്ള കുട്ടിയെ കണ്ടു നാഗന്നു ഭക്ഷണത്തിന്റെ ഓൎമ്മകൂടി ഇല്ലാതായി. വ്യാഘ്രം, സൂകരം, കരടി, സിംഹം, ഗജം ഈവക മൃഗശിശുക്കളുടെ കൂടെ കളിക്കുന്ന ബാലനെ കണ്ടു നാഗൻ അടിക്ക്, അടിക്ക് എന്നു പറയും. ആ ബാലന്നു വളരെ ശൌൎയ്യമുള്ള രണ്ടു നായിക്കുട്ടികൾ ഉണ്ടായിരുന്നു. അവകൾ ബാലൻ ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും ഒരുമിച്ചു തന്നെ ഇരിക്കും. ആ ബാലനെ വൃദ്ധയായ യോഗിനി ദിനന്തോറും വല്ലിയുടേയും ഷണ്മുഖന്റേയും കാരുണ്യത്താൽ നീ ദീൎഘായുസ്സായിരിക്കുമെന്നു പറഞ്ഞു സകല പീഡാപരിഹാരത്തിന്നായി ഭസ്മവും കൊടുക്കും.

എന്നു സ്കന്ദോപപുരാണത്തിൽ

ഇരുപത്തിരണ്ടാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— ആ ബാലന്നു പന്ത്രണ്ടു വയസ്സായപ്പോൾ നാഗൻ അവന്ന് ആയുധാഭ്യാസം തുടങ്ങുവാനായി സകല വ്യാധന്മാരേയും വരുത്തി. ഹിമാലയം, മഹാമേരു, നിഷധം, ഗന്ധമാദനം, വിന്ധ്യം, മഹേന്ദ്രം, മലയം, ത്രികൂടം, മല്ലികാൎജ്ജുനം പിന്നെയും മററുള്ള പൎവ്വതങ്ങളിൽ വസിക്കുന്നവരായ സൎവ്വവ്യാധന്മാരും കാഴ്ചദ്രവ്യങ്ങളോടുകൂടി വന്നു. നാഗൻ അവരെയെല്ലാം ജാതിമൎയ്യാദപ്രകാരം മദ്യമാംസങ്ങളാൽ സൽക്കരിച്ചു. കപ്പമായി കൊണ്ടുവന്ന ദ്രവ്യമെല്ലാം സ്വീകരിച്ചു ശുഭമുഹൂൎത്തത്തിൽ ബാലനെ പുതിയ വ്യാഘ്രചൎമ്മത്തിൽ കിഴക്കോട്ടു നോക്കി ഇരുത്തി നാഗൻ തന്റെ ചുരികയെ കൊടുത്തു. അപ്പോൾ ശബരസ്ത്രീകൾ അവരുടെ കുലാചാരപ്രകാരം കുമരന്റെ ശബ്ദംപോലെ ശബ്ദിച്ചു. പിന്നെ നാഗൻ ബാ

ലന്റെ കയ്യിൽ വിരലിന്റെ രക്ഷയ്ക്കുള്ള തോലുറയിട്ട് ഇടത്തെ കയ്യിൽ വില്ലിനെ കൊടുത്തു. വലത്തെ കയ്യിൽ ഒരു ശരവും കൊടുത്തു ബാലനോട് ആ സദസ്സിൽവെച്ച് പറഞ്ഞു. ഹെ ബാലക! നിന്റെ മുമ്പിലുള്ള ശമീവൃക്ഷത്തിൽ കെട്ടിയിരിക്കുന്ന പന്നിക്കുട്ടിയെ ലക്ഷ്യമായി വില്ലിന്റെ ഞാണിനെ കാതോളം വലിച്ച് ഒരു ശരമയച്ച് ലക്ഷ്യത്തെ ഭേദിക്കുക. ഇങ്ങിനെ നാഗൻ പറഞ്ഞതുകേട്ട നീലൻ വില്ലിനെ കുലച്ച് ശരത്തെ ലക്ഷ്യത്തിലേക്കയച്ചു. ആ ശരം ചെന്നു വരാഹശിശുവിനെ ഭേദിച്ചു. അതു കണ്ടു സകല വ്യാധന്മാരും ശ്ലാഘിച്ചുകൊണ്ടു നല്ലതു നല്ലത് എന്നു പറഞ്ഞു. പിന്നെ ആ ബാലനെക്കൊണ്ടു വ്യാധവൃദ്ധന്മാരെ നമസ്കരിപ്പിച്ചു. നാഗൻ പുത്രനെ ആലിംഗനം ചെയ്ത് അനിർവ്വചനീയമായ സുഖത്തെ അനുഭവിച്ചു. അനന്തരം സർവ്വവ്യാധന്മാരും നാഗനാൽ സൽകൃതന്മാരായിട്ടു നാഗനോടും നീലനോടും യാത്രപറഞ്ഞു പിരിയുകയുംചെയ്തു. നീലൻ വ്യാധന്മാരുടെ ആചാര്യന്റെ ശിക്ഷയാൽ സർവ്വായുധങ്ങളിലും വിശേഷസാമർത്ഥ്യത്തെ ലഭിച്ചു. കല്ലും മുള്ളുമുള്ള സ്ഥലങ്ങളിലും കാടുകളിലും അതിവേഗമായി ഓടുവാനും സിംഹങ്ങളെ തടുക്കുന്നതിലും ഭയമില്ലാതെ അവയെ മർദ്ദിക്കുന്നതിലും അവന്നു സമനായി ആരും ഇല്ലെന്നായി. മൃഗങ്ങളെ പിടിപ്പാനായി വലവെക്കുന്നതിലും സിംഹങ്ങളോടു യുദ്ധംചെയ്യുന്നതിലും ജന്തുക്കളെ കൊല്ലുന്നതിലും വിടുന്നതിലും അവൻ അതിസമർത്ഥനായി ഭവിച്ചു. ദിവസംതോറും നായാട്ടിൽ ആസക്തചിത്തനായ നീലന്റെ കൂടെ ഓടുവാൻ മററുള്ള വ്യാധന്മാർ ശക്തന്മാരായില്ല. അനവധി ദുഷ്ടമൃഗങ്ങളുള്ള കാട്ടിൽ വസിക്കുന്ന നീലൻ അറിയാത്ത കാടുകൾ ഒന്നുമുണ്ടായിരുന്നില്ല. അവന്റെകൂടെ എപ്പോഴും പിരിയാതെ നടക്കുന്ന രണ്ടു സുഹൃത്തുക്കൾ ഉണ്ടായിരുന്നു. അവർ നാഗന്റെ സേനാപതിയുടെ പുത്രന്മാരായ വലിശനെന്നും കണിശനെന്നും പേരായ രണ്ടു വ്യാധന്മാരായിരുന്നു. നീലൻ അവരോടുകൂടെ രാവിലെ പുറപ്പെട്ടു പകൽമുഴുവനും നായാട്ടുചെയ്തു രാത്രി വീട്ടിലേക്കു മ

ടങ്ങിവരും. ഇങ്ങിനെ അഞ്ചു സംവത്സരം*കഴിഞ്ഞു. കാട്ടിൽ തന്നെ തിരിഞ്ഞുകൊണ്ടിരിക്കുന്ന നീലനു കാററും വെയിലും മഴയും മററും ദുസ്സഹമായില്ല. അങ്ങിനെയിരിക്കുമ്പോൾ വ്യാധന്മാർ വന്നു നാഗനോടു തെക്കെദിക്കിലുള്ള കാട്ടിൽ ദുഷ്ടമൃഗങ്ങളെക്കൊണ്ടു വളരെ ഉപദ്രവമുണ്ടെന്നും അതു തീൎത്തുതരേണമെന്നും പറഞ്ഞു. അതു കേട്ടു നാഗൻ അവരോടു പറഞ്ഞു. ഹെ വ്യാധന്മാരെ! എനിക്കു മുമ്പത്തെപ്പോലെ നായാട്ടിന്നു മററും ശക്തിയില്ല. വൃദ്ധനായതുകൊണ്ടു കണ്ണിന്നും മററും കാഴ്ചയില്ലാതെ ഞാൻ വളഞ്ഞിരിക്കുന്നതു നിങ്ങൾ കണ്ടില്ലെ. നിങ്ങൾ ചെറുപ്പക്കാരാണല്ലോ. ആയുധങ്ങളുമുണ്ട്. നല്ല നായ്ക്കളെയുംകൂട്ടി ദുഷ്ടമൃഗങ്ങളെ കൊല്ലുവിൻ. അതുകേട്ടു വ്യാധന്മാർ പറഞ്ഞു. എന്നാൽ നിന്നെക്കാളും ബലവാനായ നിന്റെ പുത്രനെ ഞങ്ങളോടൊരുമിച്ചയയ്ക്കുക. നാഗൻ അതുകേട്ട് അവരുടെ പ്രീതിക്കായി നീലനെ അവരോടുകൂടെ അയച്ചു. നിലമേഘതുല്യനായ നീലൻ സുഹൃത്തുക്കളോടുകൂടി വ്യാധസേനയോടൊരുമിച്ചു ദുഷ്ടമൃഗപീഡിതമായ കൊടുങ്കാട്ടിലേക്കു പോയി. വ്യാധന്മാർ കാട്ടിലെല്ലാം വലകെട്ടി പിടിക്ക്, അടിക്ക് എന്നിങ്ങിനെ പറഞ്ഞുകൊണ്ടു നാലുഭാഗത്തും നിന്നു. കാടുമുഴവനും നായ്ക്കളുടെ ശബ്ദംകൊണ്ടു മുഴങ്ങുന്നതു കേട്ടു മൃഗങ്ങൾ സംശയത്താൽ ആകാശത്തിൽ മേഘങ്ങൾ ഓടുന്നതുപോലെ അങ്ങുമിങ്ങും ഓടിത്തുടങ്ങി. വ്യാധന്മാരും നീലനും മൃഗങ്ങളെ കൊല്ലുവാൻ തുടങ്ങി. നീലന്റെ ബാണങ്ങളാൽ വളരെ ദുഷ്ടമൃഗങ്ങൾ ചത്തൊടുങ്ങി. നാനാമൃഗങ്ങളും ആകുലങ്ങളായി ഭവിച്ചു. കലക്കിയ സമുദ്രജലംപോലെ കാടെല്ലാം ഇളകി വശായി. ഒരു ലതാഗൃഹത്തിൽനിന്നു പേടിച്ചോടുന്ന ഒരു കൃഷ്ണമൃഗത്തിന്റെ പിന്നാലെ നീലൻ തെക്കോട്ട് ഓടി. അവന്റെ സുഹൃത്തുക്കളായ രണ്ടു വ്യാധന്മാരും അവന്റെ പിന്നാലെ ഓടി. കൃഷ്ണമൃഗമാകട്ടെ കണ്ടു കണ്ടില്ല എന്ന വിധത്തിൽ ക്ഷീണിച്ചവനായ നീലനെ മാരീചൻ ശ്രീരാമനെയെന്നപോലെ വളരെ ദൂരം കൊണ്ടുപോയി. അങ്ങിനെ ഓടി

പ്പോകുന്ന കൃഷ്ണമൃഗത്തിന്റെയും നീലന്റെയും മദ്ധ്യത്തിൽ ഒരു സൂകരം വന്നുപെട്ടു. നീലൻ അതിനെ കണ്ടവേഗം ഒരു ശരമയച്ചു. അതിന്റെ ദേഹത്തിൽനിന്നു ശരം എടുക്കുന്ന ഇടയിൽ കൃഷ്ണമൃഗം കാട്ടിൽ മറഞ്ഞുപോകയും ചെയ്തു. അപ്പോൾ വിശപ്പുകൊണ്ടും ദാഹംകൊണ്ടും ഉഷ്ണംകൊണ്ടും ആൎത്തനായ നീലൻ അങ്ങിനെതന്നെയുള്ളവരായ സുഹൃത്തുക്കളോടു പറഞ്ഞു. മൃഗം കാട്ടിലേക്ക് ഓടിക്കളഞ്ഞു. നമ്മൾ വിശപ്പുകൊണ്ടു പരിശ്രാന്തന്മാരുമായി, കുറച്ചു വെള്ളം കിട്ടിയാൽ നമ്മുടെ ക്ഷീണം തീക്കാമായിരുന്നു. അതു കേട്ടു കണിശൻ പറഞ്ഞു. വളരെ രുചിയുള്ള മാംസമുണ്ടല്ലോ അതു ഭക്ഷിക്കുക എന്തിന്നു താമസിക്കുന്നു. നീലൻ— മാംസം പാകംചെയ്യാൻ തീ കാണുന്നില്ലല്ലോ. യാതൊരുപായവും കാണുന്നില്ലല്ലോ. എന്നു പറഞ്ഞു ക്ഷീണംകൊണ്ട് ഒരു മരത്തെ പിടിച്ചുനിന്നു. അപ്പോൾ കണിശൻ പറഞ്ഞു— ഹെ സഖെ! ഞാൻ ഒന്നു പറയാം, അതു കേൾക്കുക. ഇവിടെനിന്നു രണ്ടുനാഴികവഴി ദൂരത്തു വലുതായ ഒരു പൎവ്വതം കാണുന്നു. അതു സിദ്ധന്മാർ, ചാരണന്മാർ, ഗന്ധൎവ്വന്മാർ, ദേവന്മാർ ഇവരാൽ അലങ്കരിക്കപ്പെട്ടതാണ്. ഫലങ്ങളുടെ ഭാരത്താൽ താണിരിക്കുന്ന വൃക്ഷങ്ങളാലും പുഷ്പങ്ങളാലും നിറഞ്ഞിരിക്കുന്ന അനേകം താഴ്വരകളോടുകൂടിയതുമാണ്. അതിന്റെ വടക്കുഭാഗത്തു സ്വൎണ്ണമുഖിയെന്നു പേരായ ഒരു നദിയുണ്ട്. നാനാതരങ്ങളായ സുഗന്ധപുഷ്പങ്ങളാൽ വാസിതയായ ആ നദിയിൽ മത്സ്യങ്ങൾ നെയ്യുരുട്ടിവെച്ചതുപോലെ നടക്കുന്നു. അവിടെ പോയി ആ നദിയിൽ കുളിച്ചു വെള്ളവും കുടിച്ച് ആ മത്സ്യങ്ങളേയും തിന്നാൽ നിനക്കു മടങ്ങിവരുവാനുള്ള ബുദ്ധി ഉണ്ടാകുന്നുതല്ലൊ. മുമ്പു ഞാൻ നായാട്ടിന്നു വന്നപ്പോൾ ആ നദിയെ കണ്ടു പരിചയമുണ്ട്. അതുകൊണ്ടു നമ്മൾക്ക് അവിടേക്കു പോവുക, വേഗം എടുനീല്ക്കു. അതു കേട്ടു നീലൻ എഴുനീറ്റു വലിശനോടു പറഞ്ഞു. ഞാൻ കൊന്ന വരാഹത്തെ സൂക്ഷിച്ചുകൊണ്ടു നീ ഇവിടെ ഇരിക്കുക, നിനക്കു വെള്ളം ഞങ്ങൾ കൊണ്ടുവ

ന്നു തരാം എന്നു പറഞ്ഞു നീലൻ കണിശനോടുകൂടി പുറപ്പെട്ടു മാൎഗ്ഗത്തിൽ കണ്ട ശുഭശകുനങ്ങളെ ശ്ലാഘിച്ചുകൊണ്ട് അവർ മുഹൂൎത്തനേരത്താൽ ആ പൎവ്വതത്തിൽ എത്തി. നീലൻ പൎവ്വത സമിപത്തിൽ സുവൎണ്ണമുഖിയെന്നു പേരായ നദിയെ കണ്ടു. അതിസ്വാദുകരമായും ശീതളമായും സ്വച്ഛമായുമുള്ള ജലത്തോടു കൂടിയതായും പാന്ഥന്മാരുടെ പരിശ്രമത്തെ തിരമാലകളുടെ മാധുൎയ്യത്താൽ തീൎക്കപ്പെട്ടതായും തീരങ്ങളിലുള്ള അനേകവൃക്ഷശിഖരങ്ങളിൽ വസിക്കുന്നവകളായ പക്ഷികളുടെ നാദങ്ങളാൽ ശബ്ദായമാനങ്ങളായ ദിക്കുകളോടുകൂടിയതായും സ്നാനം ചെയ്യുന്ന മുനിവൃന്ദങ്ങളുടെ ശിഷ്യകോടികളാൽ സങ്കുലമായും കാളഹസ്തീശ്വരന്റെ നിൎമ്മാല്യപുഷ്പങ്ങളാൽ ശോഭിതമായ പ്രവാഹത്തോടുകൂടിയതായും മത്സ്യം, കൂൎമ്മം മുതലായ ജലജന്തുക്കളുടെ സഞ്ചാരത്താൽ ഇളകിക്കൊണ്ടിരിക്കുന്ന താമരപ്പൂക്കളോടുകൂടിയതായും പത്മങ്ങളുടെ മകരന്ദരസത്തെ ആസ്വദിപ്പാനായി വരുന്ന മദിച്ച വണ്ടുകളുടെ ഝങ്കാരശബ്ദത്താൽ നാദിനിയായും ഹംസപക്ഷിയുടെ കൊക്കുകളാൽ കൊത്തപ്പെട്ട താമരത്തണ്ടിൽ അതിശ്രദ്ധാവതിയായ ഹംസിയോടുകൂടിയതായും സ്നാനം ചെയ്യുന്നവരായ സ്വൎല്ലോകവേശ്യാസ്ത്രീകളുടെ സ്തനങ്ങളിലുള്ള കസ്തൂരീപങ്കത്താൽ കലങ്ങിയതായും ജലപാനത്തിന്നായി ഇറങ്ങിയ കാട്ടാനകളുടെ മദജലത്താൽ അലംകൃതയായും സിംഹങ്ങളാൽ കൊല്ലപ്പെട്ട മത്തഗജങ്ങളുടെ മസ്തകങ്ങളിലുള്ള മുത്തുകളാൽശോഭിതയായും ഇളംകറുകപ്പുല്ലുകൾപോലെശ്യാമളവൎണ്ണങ്ങളായ രോമങ്ങളാൽ വിചിത്രവൎണ്ണങ്ങളായമൃഗങ്ങളാൽ മനോഹരയായും തീരങ്ങളിലുള്ള ലതാഗൃഹങ്ങളിൽ ഉണക്കുവാൻ ഇട്ടതായ വൃദ്ധമുനികളുടെ വല്ക്കലങ്ങളാൽ ശോഭിതയായുംഓടപ്പഴങ്ങൾ ചതച്ചതിനാൽ മനോഹരങ്ങളായ കല്ലുകളോടു കൂടിയതായും ഗന്ധൎവ്വന്മാരുടെ ഗാനമാധുൎയ്യത്താൽ ദ്രവിച്ചിരിക്കുന്ന കല്ലുകളാൽ മനോഹരയായും തീരങ്ങളിലുള്ള മുളകളിൽ വാലുകൾ പെട്ടതിനാൽ ആൎത്തങ്ങളായ ചമരീമൃഗങ്ങളോടുകൂടിയതായും നിധികളുള്ള സ്ഥലത്തിൽമാത്രം ക്രീഡിക്കുന്നവകളായ ചെന്നു

ടീടപക്ഷികൾ ക്രീഡിക്കുന്ന സ്ഥലത്തെല്ലാം വ്യാധന്മാരാൽ ത റയ്ക്കപ്പെട്ട അടയാളക്കുറികളോടു കൂടിയതായും പ്രകാശമാന മായ ചുഴിയാകുന്ന നാഭിയോടുകൂടിയതായും നീലോല്പലങ്ങളാ യ നേത്രങ്ങളോടുകൂടിയതായും മണൽത്തിട്ടാകുന്ന ഉന്നതനി തംബത്തോടുകൂടിയതായും ശുദ്ധനുരയാകുന്ന ഉത്തമവസ്ത്രത്തോ ടുകൂടിയതായും വിടൎന്ന താമരപ്പൂവാകുന്ന മുഖത്തോടുകൂടിയതാ യും ചണ്ടികളാകുന്ന ദീൎഘകേശങ്ങളത്തോടുകൂടിയതായും ഹംസ മാകുന്ന ചാരുഗമനത്തോടുകൂടിയതായും ചക്രവാകങ്ങളാകുന്ന സ്തനങ്ങളോടുകൂടിയതായും ആഭരണങ്ങളാൽ അലങ്കരിക്കപ്പെ ട്ടവളെന്നപോലെയിരിക്കുന്ന സമുദ്രപത്നിയായ ദിവ്യനദിയെ കണ്ടു നീലൻ അതിസന്തുഷ്ടനായി സുഹൃത്തോടുകൂടെ അതിൽ ഇറങ്ങി, സ്നാനംചെയ്തു പരമാനന്ദഭരിതനായി ഭവിച്ചു. ആ ക്ഷണത്തിൽ സുവൎണ്ണമുഖിസ്നാനത്താൽ നീലന്റെ സകലദു രിതങ്ങളും നശിച്ചു. അവന്റെ മനസ്സ നിൎമ്മലമായും ഭവിച്ചു. അവൻ വളരെ ജന്മങ്ങളാൽ സമ്പാദിച്ചുവെച്ച ഭാഗ്യമാകുന്ന കല്പകവൃക്ഷം അവനു ഫലത്തെ കൊടുപ്പാനായി ഉദ്യമിക്കുക യും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ

ഇരുപത്തിമൂന്നാമദ്ധ്യായം.

അഗസ്ത്യർപറഞ്ഞു— അനന്തരം നീലൻ നദിയിൽനിന്നു കയറി കണ്ണിശൻ പറിച്ചുകൊടുത്ത നല്ല ഫലങ്ങളെ ഭക്ഷിച്ചു ക്ഷീണമെല്ലാംതീൎന്നു സന്തുഷ്ടനായും തൃപ്തനായും ഭവിച്ചു. അ വൻ സുവൎണ്ണമുഖീതീരത്തിലുള്ള ആകാശം തൊട്ടുനില്ക്കുന്ന വൃ ക്ഷങ്ങളെ നോക്കിക്കൊണ്ടു വില്ലുംശരവും ധരിച്ചു നടന്നു. അ നന്തരം ആ പൎവ്വതത്തിന്റെ മുകളിൽ കാളഹസ്തീശന്റെ സേ വയാൽ സന്തുഷ്ടമാനസന്മാരായ അപ്സരസ്സുകളുടെ സംഭ്രമശ ബ്ദമുണ്ടായി. അപ്സരസ്ത്രീകളുടെ ഭൂഷണശബ്ദത്തോട് ഇടചേ

ന്ന വേണുസ്വനത്താൽ വിചിത്രമായും മേഘശബ്ദംപോലെയുള്ള മദ്ദളധ്വനിയാൽ മയിലുകൾക്കു കൌതുകപ്രദമായും താനസ്വരങ്ങളെ ഉച്ചത്തിൽ പാടുന്നതുകേട്ടു വൃക്ഷങ്ങൾ വൃഷ്ടിക്കുന്നതായും അതികഠിനങ്ങളായ കല്ലുകളെ ദ്രവിപ്പിക്കുന്ന വിദ്യയുള്ളതായും കാളഹസ്തീശന്റെ ഭൂഷണങ്ങളാകുന്ന സൎപ്പശ്രേഷ്ഠന്മാരാൽ അനുമോദിക്കപ്പെട്ടതായും ഉള്ള അപ്സരസ്സുകളുടെ സംഗീതകോലാഹലം സകലദിക്കുകളിലും വ്യാപിച്ചു. ആ സംഗീതധ്വനിയാൽ ആകൃഷ്ടചിത്തനായ നീലൻ കണിശനോടുപറഞ്ഞു എന്റെ ക്ഷീണമെല്ലാം തീൎന്നു. വിശപ്പുദാഹവും ശമിച്ചു. സ്വൎണ്ണമുഖീനദിയിൽ സ്നാനം ചെയ്തുകൊണ്ടു ഞാൻ പരിശുദ്ധനായി സകലദോഷത്തെയും ഒഴിച്ചതുപോലെ എന്റെ മനസ്സ് പ്രസന്നമായിരിക്കുന്നു. അമൃതതുല്യങ്ങളായ ശബ്ദങ്ങൾ കേൾക്കുന്നുവെല്ലൊ ഇതെന്താണ്? സ്വൎഗ്ഗലോകം കീഴ്പോട്ടിറങ്ങിയതുപോലെ പൎവ്വതശിഖരത്തിൽ കാണുന്നില്ലെ? അതുകേട്ടു കണിശൻ പറഞ്ഞു. നിന്റെ അച്ഛൻ പണ്ട് എന്നോടുകൂടി നായാട്ടിന്നുവന്നപ്പോൾ ഞാൻ ഇങ്ങിനെ കേട്ടിട്ടുണ്ട്. ഈ പൎവ്വതശിഖരത്തിൽ ഒരു ദിവ്യദേവതയുണ്ട്. ആ ദേവതയെ ദേവകൾ വന്നിട്ടാണ് പൂജിക്കുന്നതെന്നു വലിയ ജനശ്രുതിയുണ്ട്. ആ ദേവതയുടെ സേവയ്ക്കു പോകുന്നവൎക്കു കയറിപ്പോകുവാനുള്ള വഴിയാണ് ഇതാകാണുന്നത്. ഒരു കാൽവെക്കുവാൻ മാത്രമെ സ്ഥലമുള്ളു. തേനീച്ചകളുടെ ശബ്ദത്തെ അനുസരിക്കുന്ന ധ്വനിയാണ് കേൾക്കുന്നത്. ഹേ സഖെ! നിനക്ക് ആ ദേവതയെ കാണേണമെന്നാഗ്രഹമുണ്ടെങ്കിൽ നമ്മൾക്ക് അവിടേക്കു പോവുക. അതുകേട്ടു നീലൻ അങ്ങിനെതന്നെയെന്നു സമ്മതിച്ചു കണിശനോടുകൂടെ ബദ്ധപ്പെട്ടു യോഗീന്ദ്രൻ യമനിയമാദികളാൽ പതുക്കെപ്പതുക്കെ സമാധിയെ ആരോഹണം ചെയ്യുന്നതുപോലെ ചെറിയ കൽപ്പടികളിൽകൂടി പൎവ്വതശിഖരത്തിലേക്കു കയറി. വഴിയുടെ രണ്ടുഭാഗത്തും നില്ക്കുന്ന മുളകളിൽനിന്നു വീഴുന്ന മുത്തുകൾ ഉച്ചുകിടക്കുന്നതായ കൽപ്പടികളിൽകൂടി കയറി നീലനിറത്തിലു

ള്ള ആനക്കുട്ടികളെന്നപോലെ മേഘങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന പൎവ്വതത്തിന്റെ ഊൎദ്ധ്വഭൂമിയിൽ എത്തി. ആ പൎവ്വതശിഖരത്തിൽ ഉത്തമമായ വൃക്ഷവനത്തെകണ്ടു. കൃതമാല വനത്തോടുചേൎന്നതായ ഉത്തമവില്വവൃക്ഷത്തേയും കണ്ടു. നീലൻ ആ വില്വവൃക്ഷത്തെ നോക്കിനടക്കുമ്പോൾ നാലുഭാഗത്തും ഒട്ടും ക്രോധമില്ലാത്തവകളായ അനവധി സൎപ്പങ്ങളെ കണ്ടു. മുനി ശിവപ്രസാദത്താൽ സംസാരമാൎഗ്ഗത്തിന്റെ അവസാനത്തെ പ്രാപിക്കുന്നതുപോലെ നീലൻ നടക്കുന്ന വഴിയുടെ അവസാനത്തെ പ്രാപിച്ചു. അവൻ ഓരോരടിവെക്കുമ്പോൾ കോടിജന്മങ്ങളാൽ ആൎജ്ജിച്ചതായ പാപങ്ങളെല്ലാം നശിച്ചുപോയി. അതിനാൽ അവന്റെ മനസ്സ് ഏറ്റവും നിൎമ്മലമായി ഭവിച്ചു അനന്തരം നീലൻ തവളയുടെനേരെ ഊതികൊണ്ടു പടമുയൎത്തിയ സൎപ്പത്തിന്റെ പടംപോലെയിരിക്കുന്നതായും കിഴക്കോട്ടുനോക്കിയിരിക്കുന്നതായും ഭക്തന്മാരാൽ പൂജിക്കപ്പെട്ട പുഷ്പമാല്യങ്ങളാൽ മനോജ്ഞമായും കോടി സൂൎയ്യതുല്യപ്രകാശമായും കോടി ചന്ദ്രതുല്യശീതളമായും ഒരിക്കൽ കാണുന്നതുകൊണ്ടുതന്നെ സൎവ്വപാപഹരമായും സന്നിധിയിങ്കൽ മുനികളാൽ വെക്കപ്പെട്ടതായ കറുക, പുഷ്പം, എള്ള്, അക്ഷതം ഇവകളോടുകൂടിയതായും ഗണ്ഡസ്ഥലത്തിൽ പററിയ മത്തഗജങ്ങളുടെ മദജലത്താൽ വാസിതമായും പുററുകളിലുള്ള സൎപ്പങ്ങളുടെ ശിരോരത്നങ്ങളാകുന്ന ദീപപ്രഭയാൽ പ്രകാശിതമായ ദിക്കുകളോടുകൂടിയതായും ദിവ്യവസ്ത്രത്താലെന്നപോലെ ശോഭിക്കുന്ന സൎപ്പവളയാൽ ചുററപ്പെട്ടതായും കസ്തൂരിമൃഗസ്പൎശത്താൽ കസ്തൂരിഗന്ധത്തോടു കൂടിയതായും കാലമൃത്യു നിവാരണമായും കാളഹസ്തീശ്വരൻ എന്നു പ്രസിദ്ധമായും ഇരിക്കുന്ന ദിവ്യമായ മഹേശ്വരലിംഗത്തെ കണ്ടു. നീലൻ അതുകണ്ടിട്ടു യോഗിയായവൻ അന്തൎഭാഗത്തുള്ള ജ്യോതിസ്സിനെകണ്ടു സന്തോഷിക്കുന്നതുപോലെ അത്യന്തം സന്തോഷിച്ചു. വേഗം ഭൂമിയിൽവീണു നമസ്കരിച്ചു പ്രദക്ഷിണവും ചെയ്തു. ഹെ സ്വാമിൻ! എന്നെ രക്ഷിക്കേണമെ എന്നുപറഞ്ഞു തൊഴുതുനിന്നു, അ

വന്നു ദേഹമെല്ലാം രോമാഞ്ചമുണ്ടായി. ആനന്ദബാഷ്പവും കല
ശലായുണ്ടായി. സംസാരഭയനാശിനിയായ ഉത്തമഭക്തിയും
അവന്നുണ്ടായി. ആ മഹേശ്വരലിംഗത്തെ ഏകാഗ്രചിത്ത
നായി നോക്കിക്കൊണ്ടുനില്ക്കുന്ന നീലന്റെ മറവുള്ള എല്ലാഇ
ന്ദ്രിയവൃത്തികളും നേത്രങ്ങളിൽതന്നെ സ്ഥിതിചെയ്തു. അങ്ങി
നെ നോക്കിക്കൊണ്ടുനില്ക്കുന്ന നിലന്ന് ആ മഹേശ്വരലിംഗം
പണ്ടു കണ്ടിട്ടില്ലാത്തതിനാലും അതിരമണീയമായതുകൊണ്ടും
പുതിയതു പുതിയതായിതോന്നി. അതുകൊണ്ടു നിലൻ ത
ന്റെ ക്ഷുത്തൃഷയും മറന്ന് അത്യാദരത്തോടെ ആ മഹേശ്വരലിം
ഗത്തെ സേവിച്ചു. അവൻ ദാഹംകൊണ്ട് ആർത്തനായവൻ
ജലത്തെ നക്കുന്നതുപോലെയും പാനംചെയ്യുന്നതുപോലെയും
ആശ്ലേഷംചെയ്തും ഘ്രാണിച്ചും ഏതോ കേൾക്കുന്നതുപോലെ
യും തന്റെ വശത്തിൽവരുത്തുവാൻ കൈകളെക്കൊണ്ടു മ
ഹേശ്വരനെ എടുക്കുന്നതുപോലെയും അനേക സംഭ്രമങ്ങളെ
ചെയ്ത് ആ മഹേശ്വരലിംഗത്തെ ആലിംഗനം ചെയ്തുകൊ
ണ്ടിരിക്കുന്ന നീലന്റെ മനോവൃത്തി വളരെക്കാലം കാണാതി
രുന്നു മടങ്ങിവന്നവനായ പ്രിയനായ ജാരനിൽ ജാരസ്ത്രീയുടെ
മനോവൃത്തിയെന്നതുപോലെ ദൃഢമായി സ്ഥിതിചെയ്തു. ഞാ
ൻ ഇത്രകാലം ഈ ദേവനെ സേവിക്കാതെ കഴിച്ചുവെല്ലൊ.
അതു കഷ്ടംതന്നെ. വെറുതെതന്നെ ഞാൻ ആയുസ്സിനെ കള
ഞ്ഞു. ഇന്നുമുതൽ ഞാൻ ഒരിക്കലും ഈ ദേവന്റെ സന്നിധി
യിൽനിന്നു പിരിയുകയില്ല. ഇനിയെങ്കിലും ഈ കാളഹസ്തീ
ശ്വരനെ സേവിച്ചു കൃതാർത്ഥനാവാം. ഇങ്ങിനെ നിശ്ചയിച്ചു
നിലൻ കണ്ണിശനോടുപറഞ്ഞു. ഹെ സഖെ! ഈ ദേവന്റെ
ശിരസ്സിൽ വാടിയപുഷ്പങ്ങളെ ഇട്ടിരിക്കുന്നത് ആരാണ്. ഈ
കാട്ടുപൂക്കളെല്ലാം ദേവന്റെ ശിരസ്സിൽ എങ്ങിനെ വീഴും. ഞാ
ൻ ഇതെല്ലാം എടുത്തുകളഞ്ഞു പുതിയതായ നല്ല കൊന്നപ്പൂ
ക്കളെക്കൊണ്ടു മാലയുണ്ടാക്കികെട്ടാം. ഇങ്ങിനെ നീല
ൻ പറഞ്ഞതുകേട്ടു കണ്ണിശൻ പറഞ്ഞു— ഞാൻ നി
ന്റെ അച്ഛന്റെകൂടെ നായാട്ടിന്നു വന്നപ്പോൾ ഒരാൾ ഇ

വിടെ വരുന്നതു കണ്ടിട്ടുണ്ട്. അവന്നു് ഒരുപിടി കുടുമയുണ്ട്. അതു ശിരോമദ്ധ്യത്തിൽ കെട്ടിവെച്ചിരിക്കുന്നു. മൂന്നു ചരടുകൾ ഇടത്തെ ചുമലിൽ ഇട്ടിട്ടുണ്ട്. അവൻ ദിവസവും വന്നു സുവൎണ്ണമുഖീനദിയിൽ കുളിച്ച് ഒരുകുടം ജലം കൊണ്ടുവന്നു് ഈ ദേവതയുടെ തലയിലൊഴിക്കും. പുതിയ വില്വപത്രങ്ങളേയും കൊന്നപ്പൂക്കളേയും മററും തലയിലും കാലിലും ഇടുകയും എന്തോ ചിലതു പതുക്കെ പറയുകയും ചെയ്തു വലുതായ ഒരു ചോറുരുളയെ വലത്തെ കൈകൊണ്ടു കാണിച്ച് അതിനെ എടുത്തുകൊണ്ടു ഗൃഹത്തിലേക്കു പോവുകയും ചെയ്യും. അവൻ മാത്രമേ കൈകൊണ്ടു തൊടുകയോ വെള്ളം തളിക്കുകയോ ചെയ്യുയുള്ളു. അന്യന്മാർ ചെയ്താൽ ഈ ദേവത സഹിക്കുകയില്ല. ഇതു വളരെ ശക്തിയുള്ളതാണ്. നമ്മുടെ നിഴൽകൂടി ഇതിന്നു തട്ടരുത്. അതുകൊണ്ടു നീ ദൂരെ വരിക. ഞങ്ങളുടെ രാജാവിന്നു നീ ഒരു പുത്രനെ ഉള്ളൂ. ഇങ്ങിനെ കണിശൻ പറഞ്ഞതു കേട്ടു നീലൻ ചിരിച്ചുകൊണ്ടു പറഞ്ഞു. ഇതു കാട്ടാളന്മാരായ നമ്മളുടെ കുലദൈവമാണല്ലോ. പൎവ്വതത്തിലും കാട്ടിലും വസിക്കുന്നതു കണ്ടില്ലേ? അതിനാൽ നമ്മളുടെ ദൈവമാണ്. നീ എന്റെ സുഹൃത്തായതുപോലെ ഈ ദൈവത്തിന്നേയും രണ്ടുമൂന്നു ദിവസം കൊണ്ടു ഞാൻ അതിപ്രിയനാക്കാം. നീ കണ്ടോ. ഭക്തികൊണ്ട് എന്താണ് സാധിക്കാത്തത്. സുവൎണ്ണമുഖീജലം സുലഭമാണ്. പുഷ്പങ്ങളും സുലഭമാണ്. മൃഗമാംസങ്ങളും ധാരാളമുണ്ട്. ഈ ദേവനെ പൂജിക്കുവാൻ എന്തു പ്രയാസമാണ്. ദേവന്റെ പ്രസാദത്തിന്നു ജന്മകൎമ്മങ്ങളല്ല കാരണം. ഭക്തി തന്നെയാണ് കാരണം. ഞാൻ ജാതികൊണ്ടു ഹീനനാണെങ്കിലും ആ ദേവന്നു പ്രിയനാണ്. എന്റെ മനസ്സ് ഇവിടെ രമിക്കുന്നതുപോലെ എന്റെ അച്ഛന്റെ വീട്ടിൽ രമിക്കുന്നില്ല. അതുകൊണ്ടു ഞാൻ ആനന്ദഭരിതനായി ഇവിടെ വസിക്കാം. ഇങ്ങിനെ പറഞ്ഞു നീലൻ മഹേശ്വരന്റെ സന്നിധിയിൽ ചെന്നു തൊഴുതുകൊണ്ടു പറഞ്ഞു. ഹെ ദേവ! ഭവാൻ എല്ലാ ലോകങ്ങൾക്കും പ്രഭുവാണല്ലോ. എന്തിനാണ് ഈ പൎവ്വതാഗ്രത്തിൽ വസിക്കു

ന്നത്? ഞങ്ങളുടെ ജാതിക്കാരാണ് പരിജനം എങ്കിൽ ഇവിടെ ഒരുത്തനേയും കാണുന്നില്ല. ഞാൻതന്നെ ഭവാനു സഹായമായി രാവും പകലും ഇരിക്കാം. എന്റെ അപരാധത്തെ ക്ഷമിക്കുക, എന്നെ ദാസനായി സ്വീകരിക്കുക, ഞാൻ ഭവാനെ വന്ദിക്കുകമാത്രം ചെയ്യുന്നു, എന്നിൽ പ്രസാദിക്കുക, ഇങ്ങിനെ നീലൻ മഹേശ്വരങ്കൽ ആത്മാവിനെ അൎപ്പണംചെയ്തു മഹേശ്വരനെ പൂജിപ്പാനുള്ള ഉദ്യമങ്ങളെ ചെയ്തു ശിവലിംഗത്തിന്റെ നാലുഭാഗവും ശരങ്ങളാൽ പുല്ലുകളേയും ചെടികളേയും മാറാം കളഞ്ഞു വെടിപ്പാക്കി. ഭക്തികൊണ്ടു തന്റെ ദുരിതങ്ങളേയും ദൂരത്താക്കി. നായാട്ടുചെയ്തു വളരെ മൃഗങ്ങളെ കൊണ്ടുവന്നു നീലൻ വലുതായ ചിന്തയിൽ അകപ്പെട്ടു. നദീജലം വളരെ ദൂരത്താണ്. വൃക്ഷങ്ങളും അടുത്തില്ല. കുടം മുതലായ സാധനങ്ങൾ ഒന്നും എനിക്കില്ല. ഞാൻ എങ്ങിനെയാണ് ദേവനെ പൂജിക്കുന്നത്. ഇങ്ങിനെ ചിന്തിച്ചുകൊണ്ടിരിക്കുന്ന നീലന്ന് ഒരു ബുദ്ധി തോന്നി. അങ്ങിനെ തന്നെയെന്നു നിശ്ചയിച്ചു. ആ മഹാത്മാവു ചെയ്തു കൎമ്മം അന്യന്മാരാൽ അസാദ്ധ്യമാണ്. ഹെ മുനികളേ! ആ ഭക്തിസാഹസത്തെ നിങ്ങൾ കേൾക്കുവിൻ. അവൻ മഹേശ്വരന്ന് അഭിഷേകജലം എടുക്കുവാൻ ഉള്ള കുടമായി തന്റെ മുഖത്തെ നിശ്ചയിച്ചു. ചെരിപ്പിട്ട കാൽകൊണ്ടു മഹേശ്വരന്റെ ശിരസ്സിലുള്ള നിൎമ്മാല്യത്തെ തട്ടിക്കളയുവാൻ നിശ്ചയിച്ചു. ദൂരത്തിൽനിന്നു വൃക്ഷങ്ങളെ കൊണ്ടുവരുവാനുള്ള പൂക്കൊട്ട തന്റെ കേശഭാരമാക്കി. നിവേദ്യപാത്രം തന്റെ വലത്തെ കയ്യാക്കി. അനന്തരം നീലൻ മാംസങ്ങളെയെടുത്ത് അഗ്നിയിൽ പാകംചെയ്തു ശരംകൊണ്ടെടുത്ത് ഊതി തണുപ്പിച്ച് ഇതു ദേവന്നു ഭക്ഷിപ്പാൻ നന്നായിരിക്കുമോ ഇതു സ്വാദായിരിക്കുമോ എന്നു പരീക്ഷിച്ചുകൊടുക്കാം. അല്ലെങ്കിൽ ദ്രോഹമായിരിക്കും എന്നു വിചാരിച്ചു പല്ലുകൊണ്ടു കടിച്ചു നാവുകൊണ്ടു രുചിനോക്കി സ്വാദുള്ള മാംസമെടുത്തു തേൻചേൎത്തു മലവാഴയുടെ ഇലയിൽ പൊതിഞ്ഞു സ്വൎണ്ണമുഖീനദിയിൽ കുളിച്ചു തലയിൽ വൃക്ഷങ്ങളെ അറുത്തു വെച്ചു വായിൽ ജലവും നി

റച്ച് ഇടത്തെ കൈകൊണ്ട വില്ലും ശരവുമെടുത്തു വലത്തെ ക യ്യിൽ മാംസപ്പൊതിയുമെടുത്തു ബദ്ധപ്പെട്ട കാളഹസ്തീശ്വരൻ ഇരിക്കുന്നേടത്തുപോയി ചെരിപ്പിട്ട കാലിനാൽ ഒട്ടും ശങ്കകൂടാ തെ ഭക്തിയാൽ മഹേശ്വരലിംഗത്തിൽ കിടക്കുന്ന നിർമ്മാല്യങ്ങ ളെ തള്ളിക്കളഞ്ഞു.

എന്ന സ്കന്ദോപപുരാണത്തിൽ
ഇരുപത്തിനാലാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു— ഇങ്ങിനെ നീലൻ മഹേശ്വരശിര സ്സിൽനിന്ന നിർമ്മാല്യത്തെ കളഞ്ഞു വായിലുള്ള വെള്ളത്താൽ അഭിഷേകംചെയ്തു കയ്യിലുള്ള മാംസപ്പൊതിയെ സന്നിധിയിൽ വെച്ചു തലയിലുള്ള പുഷ്പങ്ങളെ മഹേശ്വരശിരസ്സിൽവെച്ചു മാം സങ്ങളെ നിവേദിച്ചു. ആ മാംസം അങ്ങിനെതന്നെ ഇരിക്കു ന്നതുകണ്ട് ഇതെന്താണെന്നുവിചാരിച്ചു നീലൻ തൊഴുതുകൊ ണ്ട മഹേശ്വരനോട പറഞ്ഞു. ഹെ സ്വാമി! ഈ മാംസത്തെ ഭക്ഷിക്കുക, നല്ല സ്വാദുള്ളതാണ്. മൃഗത്തിന്റേതാണ്. ഇതു മയിലിന്റേതാണ്. ഇതിൽ തേനം ചേൎത്തിട്ടുണ്ട്. ഇതു പ്രാ വിന്റേതാണ്. ഇനി ഭവാന്ന മാനിന്റേയൊ പന്നിയുടേയൊ മാംസമാണ് ഇഷ്ടമെങ്കിൽ അതു ഞാൻ കൊണ്ടുവരാം. ഇതാ സുവൎണ്ണമുഖിനദിയിലുള്ള മത്സ്യങ്ങളെ നോക്കുക. നെയ്യുപോ ലെയിരിക്കുന്നു. ഹെ കാളഹസ്തീശ്വര! ഇതിനെ ഭക്ഷിക്കുക. എന്നിൽ ദയ ചെയ്യുക. ഇതൊന്നും ഭവാൻ ഭക്ഷിച്ചില്ലെങ്കിൽ ഞാനും ഭക്ഷിക്കില്ല. ഞാൻ ഈ മാംസത്തെ എടുത്തു ഭവാന്റെ വായിൽ തരാം എന്ന പറഞ്ഞു നീലൻ കുറച്ചു മാംസത്തെയെടു ത്തു മഹേശ്വരന്റെ വായിൽ കൊടുത്തു. ദയാനിധിയായ കാള ഹസ്തീശൻ അതിനെ ഭക്ഷിച്ചു. അപ്പോൾ നീലൻ ആ മാംസ മെല്ലാം കുറച്ചു കുറച്ചായി എടുത്തു വായിൽ കൊടുത്തു. മഹേ ശ്വരൻ അതെല്ലാം ഭക്ഷിക്കുകയും ചെയ്തു. അനന്തരം നീലൻ എഴുനീറ്റ സന്തോഷത്താൽ നൃത്തംചെയ്തു തൊഴുതുകൊണ്ട പ റഞ്ഞു. ഹെ ദേവ! ഞാൻ തന്ന മാംസം ഭവാന്ന സ്വാദുള്ള പ്രാ

തലുപോലെ ആയി. അതു കേട്ട പ്രളയകാലത്തിൽ ലോകത്തെ തന്നെ ഭക്ഷിക്കുന്ന ദേവൻ എനിക്കു ഭക്ഷണം അധികമായി എന്നു തലകുലുക്കികൊണ്ടു സന്തോഷിച്ചു. നീലന്റെ വൃത്താന്തത്തെ അറിവാനെന്നപോലെ ആദിത്യൻ പശ്ചിമസമുദ്രത്തിൽ മറഞ്ഞു. നീലന്റെ ദുരിതസമൂഹം പുറത്തുവന്നതുപോലെ ഇരുട്ടുകൊണ്ടു ലോകമെല്ലാം മൂടി. രാത്രിയിൽ സ്ഫുരിച്ചുകൊണ്ടു ദീപിക്കുന്ന സർപ്പങ്ങളാൽ ഗൃഹിതങ്ങളായ ഫണരത്നങ്ങളാൽ ദീപിതമായ മഹേശ്വരസന്നിധിയിൽ നീലൻ വിളക്കുകാണിച്ചുകൊണ്ടിരുന്നു. അവൻ താൻ മരിക്കുന്നതുവരെ ഇങ്ങിനെതന്നെ മഹേശ്വരനെ പൂജിപ്പാനായി തീൎച്ചപ്പെടുത്തി. പിറെറദിവസം രാവിലെ നീലൻ മാംസത്തിന്നായി നായാട്ടചെയ്യുവാൻ പോയി. അപ്പോൾ കാളഹസ്തീശ്വരന്റെ പൂജകനായ ബ്രാഹ്മണൻ വന്നു മാംസഗന്ധമുള്ള ശിവലിംഗത്തെ കണ്ടു. അദ്ദേഹം നെട്ടവീൎപ്പിട്ടു കരഞ്ഞുകൊണ്ടു ഭൂമിയിൽ വീണു കുറേനേരം ഉറക്കെ കരഞ്ഞു. ഇതു ദുഷ്ടകാട്ടാളന്മാർ ചെയ്തതായിരിക്കും. ആ ശിവദ്രോഹികൾ നരകത്തിൽ വീഴും എന്നു പറഞ്ഞു സംപ്രോക്ഷണം ചെയ്തു മുമ്പെത്തെപ്പോലെ പൂജിച്ചു തന്റെ ഗൃഹത്തിലേക്കു പോയി. അപ്പോഴേക്കു നീലൻ വന്നു. നേരം വൈകിപ്പോയതു കരുണാനിധേ ക്ഷമിക്കേണമേ എന്നു പറഞ്ഞു മുമ്പെത്തെപ്പോലെ കാൽകൊണ്ടു നിൎമ്മാല്യത്തെ തള്ളിക്കളഞ്ഞു വായിലുള്ള വെള്ളത്താൽ അഭിഷേകം ചെയ്തു തന്റെ തലയിലുള്ള പുഷ്പമെല്ലാം ആ ശിവലിംഗത്തിന്മേൽ കുടഞ്ഞു മാംസത്തെയെടുത്തു നിവേദിച്ചു. അതിന്റെശേഷം അവനും ഭക്ഷിച്ചു. ഇങ്ങിനെ പൂജിച്ചുകൊണ്ടു ഒരു മാസം കഴിഞ്ഞു. പൂജകൻ ദിവസവും വന്നു നോക്കുമ്പോൾ ശിവലിംഗം മാംസദൂഷിതമായിരിക്കുന്നതുകണ്ടിട്ടു പുണ്യാഹവും പൂജയുംചെയ്തുകൊണ്ടു കാരണമൊന്നും കണ്ടുകിട്ടാതെ ചിന്താക്രാന്തനായി ഭവിച്ചു. നാഗൻ തന്റെ പുത്രനെ വനദേവത പിടിച്ചിരിക്കുന്നു എന്നു കേട്ടു പുത്രന്റെ അടുക്കെ വന്നു വൈദ്യന്മാരേയും മാന്ത്രികന്മാരേയും കൊണ്ടുവന്നു ചികിത്സിച്ചു. ഒന്നും ഫലം കാണാത്തതിനാൽ നാ

ഗൻ നിരാശനായിട്ടു വളരെ വ്യസനത്തോടെ മടങ്ങി പോവുകയും ചെയ്തു. നാഗൻ മടങ്ങിപ്പോയപ്പോൾ നീലൻ വളരെക്കാലം രോഗിയായിരുന്നവന്നു രോഗം മാറിയതുപോലെ സുഖമായി ഭവിച്ചു. പ്രതിബന്ധങ്ങളിൽനിന്നു മോചിച്ചവനായ മുമുക്ഷുവിനെപ്പോലെ നീലൻ കാമുകനായ പുരുഷന്നു കാമിനിയിൽ ഉണ്ടാകുന്ന പ്രീതിപോലെ മഹേശ്വരങ്കൽ ഉത്തമഭക്തിയെ ചെയ്തു. അവൻ ഭക്തിയോടുകൂടെ വായിലുള്ള വെള്ളംകൊണ്ട് അഭിഷേകംചെയ്യുന്നതു മഹേശ്വരന്നു വളരെ വാസനയുള്ള ചന്ദനജലത്താൽ അഭിഷേകം ചെയ്യുന്നതുപോലെ പ്രീതിയായി ഭവിച്ചു. അവൻ ചെരിപ്പിട്ട കാലിനെ ശിരസ്സിൽ വെക്കുന്നതു കളിക്കുന്ന സ്കന്ദമൂർത്തിയുടെ പാദവിന്യാസംപോലെ ഭവിച്ചു. ഉത്തമവംശജന്മാരായവർ യാഗത്തിൽ കൊടുക്കുന്ന ഹവിസ്സ് നീലൻ ഭക്തിയോടെ കടിച്ചു സ്വാദുനോക്കി കൊടുക്കുന്ന മാംസത്തിന്റെ ആയിരത്തിൽ ഒരംശത്തിന്നു തുല്യമായില്ല. അവന്റെ തലയിൽനിന്നു കൊഴിയുന്നതായ പുഷ്പങ്ങൾ മഹേശ്വരന്നു സ്വൎണ്ണപുഷ്പംപോലെ ഭവിച്ചു. അവൻ നടക്കുന്നതും കാട്ടിൽ മൃഗങ്ങളെ കൊല്ലുന്നതും ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും ചിരിക്കുന്നതും സംസാരിക്കുന്നതും ഒന്നും മറ്റൊരാവശ്യത്തിന്നല്ലാതെ എല്ലാം മഹേശ്വരപ്രീതിക്കായി തന്നെ ചെയ്തു. വായിൽ നിറച്ചു വെള്ളവും ഒരു കയ്യിൽ മാംസവും ഒരു കയ്യിൽ വില്ലും തലയിൽ പുഷ്പവും ധരിച്ചു ശിവപൂജക്കായി പോകുന്ന നീലനെക്കണ്ടു ദേവകൾ ഏററവും പ്രശംസിച്ചു. ആ നീലന്റെ മേൽ ശിവപൂജകന്നു വളരെ ദ്വേഷമുണ്ടായി. മഹേശ്വരന്ന് അതിയായ പ്രീതിയുമുണ്ടായി. ഒരുദിവസം നീലൻ നായാട്ടിന്നുപോയ സമയത്തു പൂജകൻ മുമ്പെത്തെപ്പോലെ പൂജക്കുവന്നു. അപ്പോൾ ശിവലിംഗത്തെ മാംസങ്ങളും എല്ലുകളും നിറഞ്ഞിരിക്കുന്നതായും വസാഗന്ധത്താൽ ആകൃഷ്ടങ്ങളായ ഈച്ചകളോടുകൂടിയതായും കാക്കകളാലും കഴുകളാലും ആകുലമായും നാലുഭാഗവും ശ്വാക്കളാൽ ചുററപ്പെട്ടതായും ഇരിക്കുന്നതു കണ്ടു മാറത്തടിച്ച് ഉറക്കെ കരഞ്ഞു. ഹാ കഷ്ടം! ദിവ്യമായ ദേവസ്ഥലത്തെ

മൃഗങ്ങളെ അറക്കുന്ന സ്ഥലംപോലെ ആക്കിയല്ലൊ. പാപിയും ദുരാത്മാവുമായ ഏതൊരു ദ്രോഹിയാണ് ഇതു ചെയ്തത്. ദുഷ്ടന്മാർ ചെയ്യുന്ന ഈ ദുഷ്ടകൃത്യത്തെ നിത്യം എങ്ങിനെ സഹിക്കട്ടെ. ഹാ! ഞാൻ മരിക്കുന്നില്ലല്ലൊ. ഹെ മഹേശ്വര! ഭവാൻ ഇതു കാണുന്നുണ്ടോ? ദുരാത്മാവായ ആ ശിവദ്രോഹിയെ ഞാൻ കാണുന്നില്ലല്ലോ. ദിവസവും ഞാൻ പോകുമ്പോഴല്ലെ ദുഷ്ടൻ വന്ന് ഇങ്ങിനെ ചെയ്യുന്നത്? എന്തെങ്കിലുമാവട്ടെ, ഇപ്പോൾ ഇതു ക്ഷമിക്കാം. നാളേയും ഇങ്ങിനെ കണ്ടാൽ അവൻ മരിക്കും നിശ്ചയം. ഇങ്ങിനെ പറഞ്ഞു പൂജകൻ എല്ലുകളേയും മാംസങ്ങളേയും താൻതന്നെ എടുത്തുകളഞ്ഞു പുണ്യാഹവും മറവും കഴിച്ചു സുഗന്ധമുള്ള തൈലത്തെയും മറവും തേച്ചു നൂറുകുടം നദീജലംകൊണ്ട് അഭിഷേകംചെയ്തു ശ്രീരുദ്രമന്ത്രവും മറവും ജപിച്ചു ദേവനെ പൂജിച്ചു മുമ്പത്തേപ്പോലെ ഗൃഹത്തിലേക്കുപോയി. പോകുമ്പോഴും പൂജകനു കലശലായ വ്യസനമുണ്ടായിരുന്നു. അന്നു രാത്രി പൂജകൻ ഉറങ്ങുമ്പോൾ മഹേശ്വരൻ സ്വപ്നത്തിൽ നീലന്റെ ഭക്തിവൈഭവത്തെ പറഞ്ഞു. എനിക്ക് ആ കാട്ടാളനേക്കാൾ പ്രിയനായി വേറെ ആരുമില്ല. അവനെ ദ്വേഷിക്കുന്നവർ എന്റെ ദ്വേഷികളാണ്. നിനക്ക് ആ മഹാത്മാവിന്റെ ഭക്തി പരീക്ഷിക്കേണമെങ്കിൽ പുലരുവാൻകാലത്ത് ഒരു വൃക്ഷത്തിൽ മറഞ്ഞിരിക്കുക എന്നു പറഞ്ഞു മഹേശ്വരൻ മറയുകയും ചെയ്തു. അനന്തരം പൂജകൻ രാത്രി രോമാഞ്ചിതനായി എഴുനീററു ഭയത്താൽ പിന്നെ ഉറങ്ങിയതേ ഇല്ല. മഹേശ്വരവാക്യത്തെത്തന്നെ പിന്നേയുംപിന്നേയും സ്മരിച്ചുകൊണ്ടിരുന്നു. നീലൻവന്നു യഥാവിധി പൂജിച്ച് അരുണോദയമായപ്പോൾ നായാട്ടിന്നു പോവുകയും ചെയ്തു. പൂജകനും എഴുനീററു ജന്തുക്കൾ സഞ്ചാരം തുടങ്ങുന്നതിന്നു മുമ്പേവന്നു കാളഹസ്തീശനെ പൂജിച്ചു വിസ്മിതനായിട്ടു സമീപത്തിലുള്ള ഒരു ആലിന്റെ കൊമ്പത്തു കയറിയിരുന്നു. നേരം ഉച്ചതിരിഞ്ഞപ്പോൾ നീലൻ മൃഗങ്ങളെക്കൊന്നു വളരെ മാംസങ്ങൾ പാകംചെ

യ്യു. നദിയിൽ സ്നാനംചെയ്തു വായിൽ വെള്ളവും നിറച്ച് ഒരുകയ്യിൽ മാംസവും ഒരുകയ്യിൽ ആയുധവുമായി മഹേശ്വരസന്നിധിയിൽ എത്തി. അവൻ വേഗം നിൎമ്മാല്യത്തെ കാൽകൊണ്ടു ചവിട്ടിത്തള്ളി. വായിലുള്ള വെള്ളത്താൽ അഭിഷേകവും ചെയ്തു തലയിലുള്ള പുഷ്പത്തെയും വിതറി മാംസത്തെ നിവേദിച്ചു. ദിവസത്തെപ്പോലെ മഹേശ്വരൻ മാംസത്തെ ഭക്ഷിക്കാത്തതുകണ്ടു ദേവനോടു ചോദിച്ചു. ഹേ ദേവ! എന്താണ് ഇങ്ങിനെ താമസിക്കുന്നത്. തേൻ കൂട്ടിയ മാംസത്തെ വേഗം ഭക്ഷിക്കുക. ദൂരത്തുള്ള കാടുകളിൽപോയി വന്നതുകൊണ്ട് എനിക്കു വളരെ ക്ഷീണമുണ്ട്. ഇങ്ങിനെ പറഞ്ഞു നീലൻ കണ്ണിൽ വീഴുന്ന തന്റെ തലമുടിയെ അങ്ങോട്ടുമിങ്ങോട്ടും തള്ളി മാംസവും കയ്യിലെടുത്തു മഹേശ്വരലിംഗത്തിന്റെ അടുത്തുചെന്നു നിന്നു. അപ്പോൾ ശിവലിംഗത്തിന്റെ ഇടത്തെ കണ്ണിൽനിന്നു രക്തം ഒഴുകുന്നതു കണ്ടു. നീലൻ അയ്യോ! എന്നു പറഞ്ഞു മൂൎഛിതനായി വീണു. ഉടനെ കരഞ്ഞുകൊണ്ട് എഴുനീറ്റു രക്തത്തെ തുടച്ചു. പിന്നെയും വളരെ രക്തം വരുന്നതുകണ്ടു. ഹേ ദേവദേവ! ഭവാന്റെ ഇടത്തെ കണ്ണിൽനിന്ന് എങ്ങിനെയാണ് രക്തംവന്നത്. ആന കൊമ്പുകൊണ്ടു മുട്ടിയോ? അതോ വല്ല മൃഗങ്ങളുടേയും കുളമ്പുകൾ തട്ടിയോ? ഇതു പൂജകനായ കള്ളന്റെ കാൎയ്യമാണ്. അതിരിക്കട്ടെ. എന്തുകൊണ്ടെങ്കിലും ഭവാന്റെ നേത്രരോഗം മാറീട്ടില്ലെങ്കിൽ ഞാൻ ഭക്ഷണംകഴിക്കില്ല. ഇതിന്നു മരുന്ന് എനിക്കുതന്നെ അറിയാം. എന്നുപറഞ്ഞ് ഒരു പച്ചമരുന്നു കൊണ്ടുവന്നു കണ്ണിൽ ഒഴിച്ചു. രക്തം വരുന്നതിന്നു കുറവുണ്ടായില്ല. നീലൻ പിന്നെയും വളരെ മരുന്നുകളെല്ലാം ചെയ്തുനോക്കി. ഒന്നുകൊണ്ടും രക്തം ശമിച്ചില്ല. അപ്പോൾ നീലൻ ഇങ്ങിനെ നിശ്ചയിച്ചു. എന്റെ കണ്ണെടുത്തു ദേവന്നു കൊടുക്കാം. എന്നാൽ ഇതു ശമിക്കും. മറ്റൊരു സിദ്ധൌഷധവും കാണുന്നില്ല എന്നുപറഞ്ഞു ശരംകൊണ്ടു തന്റെ ഒരു കണ്ണു ചൂന്നെടുത്തു മഹേശ്വരന്റെ രക്തമൊഴുകു

ന്നു കണ്ണിൽവെച്ചു. അപ്പോൾ രക്തമൊഴുകുന്നതും നിന്നു. അതുകണ്ടു നീലൻ സന്തുഷ്ടനായിട്ടു മാംസത്തെ എടുത്തു. അപ്പോൾ മഹേശ്വരന്റെ വലത്തെക്കണ്ണിൽനിന്നും രക്തം വരുന്നതു കണ്ടു. നീലൻ ചിന്താകുലനായി ഹേ ദേവ! ഭവാനു രോഗമല്ല. എന്റെ ഭക്തിയെ പരീക്ഷിക്കുകയാണൊ ചെയ്യുന്നത്? എന്റെ മറ്റെ കണ്ണും തരാമെന്നുവെച്ചാൽ പിന്നെ ഭവാനെ പൂജിക്കുന്നതെങ്ങിനെ? ഈ കാട്ടാളന്റെ പൂജകൊണ്ടു ഭവാനെന്താണല്ലൊ? എന്നാൽ എന്റെ വലത്തെകണ്ണും തരാം. എന്നുപറഞ്ഞു ശരംകൊണ്ടുകണ്ണെടുക്കുവാൻ തുടങ്ങുമ്പോൾ പിന്നെയും ഒരു വിചാരമുണ്ടായി. എന്റെ ഈ കണ്ണും എടുത്താൽ ദേവന്റെ കണ്ണിൽ വെക്കുന്നതെങ്ങിനെ? ആവട്ടെ എന്നു നിശ്ചയിച്ചു വ്യാധവംശശിരോമണിയായ നീലൻ ചെരിപ്പോടുകൂടിയ കാലിനെ ദേവന്റെ വലത്തെ കണ്ണിൽ വെച്ചു ശരംകൊണ്ടു കണ്ണിനെ എടുക്കുവാനായി ശരം കണ്ണിൽ വെച്ചപ്പോൾ സാക്ഷാൽ മഹേശ്വരൻ പ്രത്യക്ഷനായിട്ടു നീലന്റെ കൈപിടിച്ചുനിർത്തി. അപ്പോൾ ദേവകൾ നീലന്റെമേൽ പുഷ്പവൃഷ്ടിചെയ്തു. നീലൻ ഭൂതഗണങ്ങളാൽ സേവിക്കപ്പെട്ട പാദാരവിന്ദങ്ങളോടുകൂടിയവനായും വൃഷഭാരൂഢനായും ഉമാദേവിയോടും സ്കന്ദമൂർത്തിയോടും കൂടിയവനായും ഇരിക്കുന്ന മഹേശ്വരനെ കണ്ടു വേഗം നമസ്കരിച്ചു. മഹേശ്വരപ്രസാദത്താൽ നീലൻ മൂന്നു കണ്ണുള്ളവനായി ഭവിച്ചു. മഹേശ്വരൻ നീലനെ ആശ്ലേഷംചെയ്തു ഗംഭീരമായി ഇങ്ങിനെ പറഞ്ഞു. എന്റെ ഭക്തികൊണ്ടു പരിശുദ്ധനായവനു ജാതി വിഘ്നകാരണമല്ല. എന്റെ ഭക്തിയില്ലാത്തവനു സന്ന്യാസാശ്രമത്താൽകൂടി സിദ്ധി ലഭിക്കുന്നതല്ല. നിനക്കു എന്നും കൈലാസവാസം ഞാൻ തന്നു. ഇനി എന്താണ് ആഗ്രഹം പറക, തരാം. അതുകേട്ടു നീലൻ മഹേശ്വരന്റെ പ്രസാദത്തെയല്ലാതെ മറ്റൊന്നും ആഗ്രഹിച്ചില്ല. നീലനോടുകൂടെ മഹേശ്വരൻ കൈലാസത്തിലേക്കു പോകുകയും ചെയ്തു. നീലൻ യാതൊരുദേവനു തന്റെ മാംസക്കണ്ണുകളെ കൊടുത്തു കാല

ഭയത്തെ നിരാകരിച്ചവോ ദയാനിധിയായും ചന്ദ്രക്കലാധരനാ യും എല്ലാവക്കും അച്ചിക്കവാൻ സുലഭമായ പാദാരവിന്ദങ്ങ ളോടുകൂടിയവനായുമിരിക്കുന്ന ആ മഹേശ്വരനെ ഞാൻ നമസ്ക രിക്കുന്നു.

എന്ന സ്കന്ദോപപുരാണത്തിൽ
ഇരുപത്തഞ്ചാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളെ! ഏതെങ്കിലും ഒ രു നിയമംകൊണ്ടു മഹേശ്വരനെ പൂജിക്കുന്നവക്കു മഹേശ്വ രൻ വളരെ താമസംകൂടാതെ പ്രസാദിക്കും. ഈ കാൎയ്യത്തിൽ പണ്ടുണ്ടായ ഒരു ഇതിഹാസത്തെ ഞാൻ പറയാം. അതി ന്റെ ശ്രവണമാത്രത്താൽ മനുഷ്യക്കു ശിവഭക്തിയുണ്ടാവും. ദ ക്ഷിണരാജ്യമദ്ധ്യത്തിൽ ചോളദേശത്തിന്നു ഭൂഷണമായി കല ശീപുരം എന്നൊരു സ്ഥലമുണ്ട്. അവിടെ ,ന്ന് മാക്കണ്ഡേ യ പൂജയാൽ പ്രീതനായ മഹേശ്വരൻ കാലനെക്കൊന്നു മാ ക്കണ്ഡേയനെ ചിരഞ്ജീവിയാക്കിയത്. ആ സ്ഥലം നാലുവേ ദങ്ങളേയും അറിയുന്ന ബ്രാഹ്മണോത്തമന്മാരുടെ വാസസ്ഥല മായിരുന്നു. ആ സ്ഥലം ശിവപൂജാരതന്മാരുടെ മണിശബ്ദ ത്താൽ പരിശുദ്ധമായിരുന്നു. അവിടെ കലാനാഥൻ എന്നു പേരായി ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹം വേദശാ സ്ത്രങ്ങളാകുന്ന സമുദ്രത്തിന്റെ പാരംഗതനാണ്. സജ്ജനങ്ങൾ ക്കെല്ലാം ഗുരുവുമാണ്. അദ്ദേഹം കൎമ്മത്തേയും ബ്രഹ്മത്തേ യും അറിഞ്ഞ് അന്യന്മാക്കുപദേശിക്കുവാനായി സകല ശാ സ്ത്രത്തേയും നോക്കി വളരെ പണിപ്പെട്ടു പുനജ്ജന്മമില്ലാതാ വുന്നത് എങ്ങിനെയാണെന്നാലോചിച്ചു. മഹേശ്വരനെ പൂ ജിക്കാതെ ഭക്തിയുണ്ടാകയില്ല. ഭക്തിയില്ലാതെ ജീവികൾ മൃ ത്യുവിനെ കടക്കുന്നതുമില്ല. അതിനാൽ സംസാരബന്ധനി വൃത്തിക്കായി ശിവപൂജയാണ് ചെയ്യേണ്ടത്. ഏതൊരു പൂ ജാദ്രവ്യത്തെക്കൊണ്ടാണ് ഞാൻ ശിവനെ പൂജിക്കേണ്ടത്? ഏതു സാധനത്താലുള്ള ശിവപൂജയാണ് വിശേഷമായിട്ടുള്ള

ത്? എന്നിങ്ങിനെ കലാനാഥൻ സകല ശാസ്ത്രരഹസ്യങ്ങളേയും പരിശോധിച്ച ധൂപംകൊണ്ടുള്ള പൂജയാണ് സൎവ്വോൽകൃഷ്ടമെന്ന കണ്ട് അതു ചെയ്യവാനായി ബുദ്ധിയെ ഉറപ്പിച്ചു. അദ്ദേഹത്തിന്ന ചന്ദ്രന്ന ചന്ദ്രികയെന്നപോലെ സഹചാരിണിയായി സുമതിയെന്ന പേരായി ഒരു ഭാൎയ്യയുണ്ട്. ഭാൎയ്യയോടുകൂടെ കലാനാഥൻ പൂജയ്ക്കുള്ള നിശ്ചയം ചെയ്തു. ഗുൽഗുലുവിൻേറയും മററം പൊടികളാൽ ദേവന്ന ധൂപദാനം ചെയ്യവാൻ തുടങ്ങി. ശിവപൂജാസമയത്തിൽകലാനാഥൻ കൊടുക്കുന്ന ധൂപഗന്ധത്താൽ സകല ദിക്കുകളും വാസിതമായി ഭവിച്ചു. ഇങ്ങിനെ കലാനാഥൻ ദൃഢനിശ്ചയത്തോടുകൂടി മഹേശ്വരന്ന ധൂപദാനം ചെയ്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിൻെറ ഭക്തിയെ പരീക്ഷിപ്പാനായി മഹേശ്വരൻ അവന്നു കിട്ടേണ്ടുന്ന ദ്രവ്യങ്ങൾക്കെല്ലാം വിഘ്നമുണ്ടാക്കി. ധനങ്ങൾ കിട്ടാതായപ്പോൾ ഗൃഹത്തിലുള്ള ആഭരണങ്ങളും പാത്രങ്ങളും മററം വിററ നിയമത്തെ രക്ഷിച്ചു. ഭാൎയ്യയുടെ കണ്ഠസൂത്രത്തെ ഒഴിച്ച മററുള്ള ആഭരണങ്ങളെല്ലാം വിററിട്ടും ധൂപദാനം ചെയ്തു. കൃഷിസ്ഥലങ്ങളും വിററ ക്രമത്തിൽ ഗൃഹവും വിററ ധൂപദാനം ചെയ്തു. കലാനാഥൻെറ ഭാൎയ്യയും പുത്രന്മാരും ഭക്ഷണമില്ലാതെ വളരെ മെലിഞ്ഞുപോയി. അതുകണ്ടു ജനങ്ങൾ ഹാ! ധൂപദാനംചെയ്തുചെയ്തു ശിവപ്രസാദം കണ്ടില്ലേ? എന്ന പരിഹസിക്കുവാൻ തുടങ്ങി. എന്നിട്ടും കലാനാഥൻ ശിവന്ന ധൂപദാനം ചെയ്യുന്നതു നിൎത്തിയില്ല. ഇങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം ഗുൽഗുലു ഒട്ടും ഇല്ലാതായി. അതു വാങ്ങുവാൻ പണമോ, നെല്ലോ, അരിയോ ഒന്നും ഉണ്ടായിരുന്നില്ല. അതുകണ്ടു കലാനാഥൻ ഭാൎയ്യയോടു പറഞ്ഞു. ഹേ പ്രിയേ! ഞാൻ നിൻെറ സഹായത്താലാണ് ഇതുവരേയും മഹേശ്വരനെ പൂജിച്ചുവന്നത്. ഇന്ന് എന്തുകൊണ്ടാണ് ഞാൻ പൂജിക്കേണ്ടത്? ഇങ്ങിനെ ഭൎത്താവു പറഞ്ഞതുകേട്ടു പതിവ്രതയായ സുമതി പറഞ്ഞു. ഹേ നാഥ! ഭവാന്ന് അറിഞ്ഞുകൂടാത്തതെന്താണ്? മഹേശ്വരൻ ഭക്തിയേ പരീക്ഷി

ക്കുകയാണ് ചെയ്യുന്നത്; എന്റെ ഈ താലിയെ വിററു നിയമത്തെ രക്ഷിക്കുക എന്നുപറഞ്ഞു കണ്ഠസൂത്രത്തെ അഴിച്ചു കലാനാഥന്റെ കയ്യിൽ കൊടുത്തു ചരടുമാത്രം കഴുത്തിൽകെട്ടി. കലാനാഥൻ അതിനെ വാങ്ങി നിന്നിൽ മഹേശ്വരൻ പ്രസാദിക്കട്ടെ എന്നുപറഞ്ഞ് അങ്ങാടിയിൽ പോയി ഗുൽഗുലു വാങ്ങിക്കൊണ്ടുവന്നു സന്ധ്യാസമയത്തിൽ ധൂപദാനംചെയ്തു. മഹേശ്വരൻ കലാനാഥന്റെ ദൃഢനിശ്ചയത്തെ കണ്ടു സന്തുഷ്ടനായിട്ട് ആ രാത്രിയിൽ കലാനാഥന്റെ ദാരിദ്ര്യനിവൃത്തി ചെയ്യാനായി കുബേരനോടാജ്ഞാപിച്ചു. ഉടനെ കുബേരൻ കലാനാഥന്റെ ഗൃഹത്തിൽ മേരുപർവ്വതംപോലെ സ്വർണ്ണം വർഷിച്ചു. തൊഴുത്തുകളിൽ കാമധേനുതുല്യങ്ങളായ വളരെ പശുക്കൾ ഉണ്ടായി. വളരെ വിലപിടിച്ച പാത്രങ്ങളും അനേകം, ദാസീദാസന്മാരുമുണ്ടായി. ദിവ്യവസ്ത്രങ്ങൾ നിറഞ്ഞപെട്ടികളും ആഭരണങ്ങൾ നിറഞ്ഞ പെട്ടികളും നെല്ലുകൾ നിറഞ്ഞ പത്തായങ്ങളും ഉണ്ടായി. സമുദ്രത്തിന്റെ നുരപോലെ വെളുത്ത നിറത്തിലുള്ളശയ്യകളും നന്ദനവനത്തിന്നുസമാനമായ ഉദ്യാനങ്ങളുമുണ്ടായി. ഇതെല്ലാം കൊടുത്തതിന്റെശേഷം ഉറങ്ങുന്ന സുമതിയോടു മഹേശ്വരൻ ഇതെല്ലാം നിന്റേതാണെന്നു പറഞ്ഞു മറഞ്ഞു. കലാനാഥനാവട്ടേ ഒരു യാമത്തോളം മഹേശ്വരനെസ്തുതിച്ചു തന്റെ ഗൃഹത്തിലേക്കുവന്നു. ഇന്ദ്രഭവനത്തെപ്പോലെ ഇരിക്കുന്ന തന്റെ ഗൃഹത്തെക്കണ്ട് അതിവിസ്മിതനായിട്ടു ദാസന്മാരോടു ചോദിച്ചു. അപ്പോഴെക്കു സുമതിവന്നു ഭവാന്റെ പൂജകൊണ്ടു പ്രസന്നനായ മഹേശ്വരൻ തന്നതാണ് ഇതെല്ലാം. ദേവകൾക്കുകൂടി ലഭിപ്പാൻ കഴിയാത്ത ഈ സൌഭാഗ്യത്തെ അനുഭവിക്കുക എന്നുപറഞ്ഞു. അതുകേട്ടു കലാനാഥൻ താലിയെ വിററു ഗുൽഗുലു വാങ്ങി പൂജിച്ചതിനാൽ സന്തുഷ്ടനായ മഹേശ്വരൻ നിനക്കു തന്നതാണ് ഈ ഐശ്വര്യം. മഹേശ്വരന്റെ അനുഗ്രഹം നോക്കുക എന്നുപറഞ്ഞു. അനന്തരം ധീരനായ കലാനാഥൻ അന്നു ദാനതല്പരനായി ഭവിച്ചു. വരുന്ന ശിവഭക്തന്മാരെ ശിവനെയെന്നപോലെ ഗൃഹം, ക്ഷേ

ത്രം, അന്നം, വസ്ത്രം, വാഹനം, ആഭരണം ഇതുകളാൽ പൂജിച്ചു. മഹേശ്വരന്നു മുമ്പേത്തെക്കാൾ രണ്ടിരട്ടി ധൂപദാനാചെയ്തു. ഇങ്ങിനെയിരിക്കുമ്പോൾ ചോളരാജ്യത്തിലെ രാജാവു തന്റെ സമീപത്തിൽ താടകാപൂജനം എന്ന ലോകവിശ്രുതമായുള്ള ക്ഷേത്രത്തിൽ മഹേശ്വരലിംഗം അകത്തേക്കു വളഞ്ഞിരിക്കുന്നതുകണ്ട് അതിനെ നിവൎത്തുവാനുത്സാഹിച്ചു. അതിന്നായി നാനാദേശങ്ങളിൽനിന്ന് അനവധി ജനങ്ങൾ വന്നുകൂടി. രാജാവ് അവൎക്കെല്ലാം ഭക്ഷണവും മററും കൊടുത്തു താമസിപ്പിച്ചു. വളരെ ജനങ്ങൾകൂടി പ്രയത്നം ചെയ്തിട്ടും ലിംഗം നിവൎന്നില്ല. പിന്നെയും രാജാവു പന്തീരായിരം ആനകളെക്കൊണ്ടു കയറുകെട്ടി നിവൎത്തിനോക്കി. ലിംഗത്തിന്നു യാതൊരു വ്യത്യാസവും വന്നില്ല. അതുകണ്ടു രാജാവു ചിന്താക്രാന്തനായിട്ട് ഉപവസിച്ചുകൊണ്ടിരുന്നു. അപ്പോൾ ചില ബ്രാഹ്മണർ രാജാവിനോടു പറഞ്ഞു. കലാനാഥനെന്നു പേരായ ഒരു ബ്രാഹ്മണനുണ്ട്. അവനെ വരുത്തിയാൽ വല്ല ഉപായവുമുണ്ടാകും. അതുകേട്ടു രാജാവു താൻതന്നേ ചെന്നു കലാനാഥനോടപേക്ഷിച്ചു. അദ്ദേഹം അതിനെ സമ്മതിച്ചു രാജാവോടൊന്നിച്ച് ആ ശിവക്ഷേത്രത്തിലേക്കു ചെന്നു. വളഞ്ഞിരിക്കുന്ന ശിവലിംഗത്തെക്കണ്ടു കലാനാഥൻ വളരെ സ്തുതിച്ചു. പിന്നെ കുളിച്ചു ജപങ്ങളും മററും കഴിച്ചു ഭസ്മരുദ്രാക്ഷധരനായിട്ടു ലൌകികോപായങ്ങളെല്ലാം ത്യജിച്ചു ക്ഷേത്രത്തിലുള്ള ജനങ്ങളെയെല്ലാം പുറത്താക്കി കലാനാഥൻ ശിവലിംഗത്തിന്റെ അടുത്തുചെന്നു തൊഴുതുകൊണ്ടു തന്റെ കഴുത്തിൽ ഒരു കയറുകെട്ടി ആ കയറിനെ ശിവലിംഗത്തിലും കെട്ടി ഇങ്ങിനെ പറഞ്ഞു. ഹേ ദേവദേവ! ഭവാന്ന് ഈ വളവ് എവിടേനിന്നുണ്ടായി. ഇത് ഉചിതമല്ല. ഭവാൻ നിവൎന്നുനില്ക്കുക. ഇല്ലെങ്കിൽ ഞാൻ ഇപ്പോൾതന്നെ മരിക്കും എന്നുപറഞ്ഞു കയറിനെ വലിച്ചു. അപ്പോൾ ശിവലിംഗം നിവൎന്നു. അതുകണ്ടു രാജാവു കലാനാഥന്റെ കാല്ക്കൽ വീണു നമസ്കരിച്ച് അഭീഷ്ടമെന്താണെന്നു ചോദിച്ചു. കലാനാഥൻ മഹേശ്വരന്ന്

അഭിഷേകജലം കൊണ്ടുവരുവാനായി പന്തീരായിരം ആനക ളേയും പന്തീരായിരം കിങ്കരന്മാരേയും ക്ഷേത്രത്തിലേക്കു കൊടു പ്പാൻ പറഞ്ഞു. രാജാവ് അതുകേട്ട് ഏററവും വിസ്മയിച്ചു. അപ്പോൾ ദേവകൾ പുഷ്പവൃഷ്ടിചെയ്തു. ദേവദുന്ദുഭികളും ഘോ ഷിച്ചു. ദേവന്മാരും ചാരണന്മാരും കലാനാഥന്റെ പ്രവൃത്തി യെ അത്യന്തം ശ്ലാഘിച്ചു. പിന്നെ മുമ്പത്തേപ്പോലെ കലാ നാഥൻ തന്റെ ഗൃഹത്തിലേക്കു പോയി ധൂപത്താൽ മഹേ ശ്വരനെ പൂജിച്ചുകൊണ്ടു ദേഹാവസാനത്തിൽ മുക്തിയേയും ലഭിച്ചു.

എന്ന സ്കന്ദോപപുരാണത്തിൽ

ഇരുപത്താറാമദ്ധ്യായം.

അഗസ്ത്യൻപറഞ്ഞു— ഹേ മുനികളെ! ശിവഭക്തന്മാർ അപേക്ഷിച്ചതെല്ലാം കൊടുക്കുന്നതുകൊണ്ടു പ്രസന്നനായ മ ഹേശ്വരങ്കൽനിന്നു മുക്തിയെ ലഭിച്ചവരായ മഹാത്മാക്കൾ ലോകത്തിൽ വളരെ ഉണ്ട്. ശൈവന്മാർ അത്ഭുതമായ ഈ ഇതിഹാസത്തെ പറയുന്നു. ഇതിന്റെ ശ്രവണത്താൽ മനു ഷ്യൎക്കു സകല പാപവും നശിക്കും. സൎവ്വസമ്പത്തുകൾക്കും ഇ രിപ്പിടമായ ശ്രീപഞ്ചനദേശ്വരം എന്ന ഒരു ദിവ്യസ്ഥലമുണ്ട്. ആ സ്ഥലം വേദവേദാംഗജ്ഞന്മാരായ ബ്രാഹ്മണരുടേയും ഇരിപ്പിടമാണ്. ബാലന്മാരാൽ പറിക്കപ്പെട്ട കൽഹാര കുസുമസൌരഭ്യത്താൽ വാസിതങ്ങളായും പൂൎണ്ണങ്ങളായ ജല പ്രവാഹങ്ങളോടുകൂടിയതായും ഉത്സാഹികളായ മദിച്ച വണ്ടുക ളുടെ ശബ്ദങ്ങളോടുകൂടിയതായും പുഷ്പങ്ങൾ നിറഞ്ഞതായും ഇ രിക്കുന്ന ഉദ്യാനങ്ങളാൽ നാലുഭാഗവും ചുററപ്പെട്ടിരിക്കുന്നു. വീഥികളിൽ കളിച്ചുകൊണ്ടു നടക്കുന്നതിനാൽ ക്ഷീണിച്ച മ ത്തഗജങ്ങളുടെ മദജലത്താൽ വാസിതമായും തുള്ളിച്ചാടുന്ന ജാ തിക്കുതിരകളുടെ കുളമ്പുകൾ തട്ടിപ്പൊളിഞ്ഞിരിക്കുന്ന വാജി

ശാലകളോടുകൂടിയതായും രമണീജനങ്ങളുടെ ഗാനമാധുൎയ്യത്താൽ ദ്രവിച്ചിരിക്കുന്ന കല്പടികളാൽ ശോഭിതങ്ങളായ കുളങ്ങളോടുകൂടിയതായും യാഗകൎത്താക്കന്മാർ യാഗം ചെയ്യുന്ന അനേക യാഗശാലകളാൽ മനോഹരമായും ശാന്തങ്ങളായ മൃഗങ്ങൾ നാലുഭാഗത്തും സഞ്ചരിക്കുന്ന മുനികളുടെ ആശ്രമങ്ങളാൽ മനോഹരമായും ശിവഭക്തന്മാരായ ബ്രാഹ്മണർ ജപിക്കുന്ന ശ്രീരുദ്രമന്ത്രത്താൽ നാദിതമായും ബ്രാഹ്മണരുടെ അദ്ധ്യയനപരിചയത്താൽ കൎമ്മകാണ്ഡത്തേയും ബ്രഹ്മകാണ്ഡത്തേയും പറഞ്ഞുകൊണ്ടിരിക്കുന്ന ഗൃഹസ്ഥരുകങ്ങളോടുകൂടിയതായും നാലുജാതികളാലും സേവിതമായും സ്വൎഗ്ഗത്തിന്റെ പ്രതിബിംബമെന്നപോലെയുമിരിക്കുന്ന ആ ദിവ്യപുരത്തിൽ ഭക്തന്മാരാൽ പൂജിതനായ മഹേശ്വരൻ സദാ സന്നിധാനം ചെയ്യുന്നു. അവിടെ ഇന്ദ്രതുല്യപരാക്രമനായ ഒരു ഉത്തമരാജാവുണ്ടായിരുന്നു. ആ രാജാവിന്റെ ന്യായാൎജ്ജിതമായ ദ്രവ്യം മേരുവിനോടു സ്പദ്ധിക്കുന്നു. അന്നദാനതല്പരനായ അദ്ദേഹം ലോകവിശ്രുതനാണ്. മാനവിക്രമശാലിയായതുകൊണ്ടു മാനവിക്രമനെന്നാണ് പേർ. അദ്ദേഹം പ്രജകളെയെല്ലാം പുത്രന്മാരെപ്പോലെ രക്ഷിച്ചു. ശിവഭക്തന്മാൎക്ക് എല്ലാ അഭീഷ്ടത്തേയും കൊടുക്കുമെന്ന് അദ്ദേഹം പ്രതിജ്ഞചെയ്തിട്ടുണ്ട്. ഭക്തന്മാൎക്കു പ്രാണനേക്കൂടി കൊടുക്കുവാൻ മാനവിക്രമന്നു മടിയില്ല. ആ രാജാവു പൂജിക്കാത്ത ശിവഭക്തൻ ഇല്ലെന്നുതന്നെ പറയാം. സൂൎയ്യന്നു സുവൎച്ചല എന്നതുപോലെ അദ്ദേഹത്തിന്നു കലാവതിയെന്നൊരു ഭാൎയ്യയുണ്ടായി. അവരുടെ ദാമ്പത്യം രതിമന്മഥന്മാരുടെയെന്നതുപോലെ ഭവിച്ചു. അതിസമ്പത്തോടുകൂടിയ രാജാവിന്ന് അതുകൊണ്ട് ഒട്ടും ഗൎവ്വമുണ്ടായില്ല. അവൎക്കു പുത്രനുണ്ടായില്ല. അതിനാൽ രാജാവിന്നു വളരെ വ്യസനമുണ്ടായി. ഭാൎയ്യയോടുകൂടെ പുത്രനുണ്ടാവാനായി മഹേശ്വരനെ നല്ലവണ്ണം ഉപാസിച്ചു. അവരുടെ സേവയാൽ മഹേശ്വരൻ സന്തോഷിച്ചു പ്രത്യക്ഷനായി നിങ്ങൾക്ക് ഈ ജന്മത്തിൽ പുത്രനുണ്ടാവില്ല. ഒരു പുത്രിയുണ്ടാവും എന്നു പറഞ്ഞു മറയുകയുംചെയ്തു. അവർ സന്തുഷ്ടന്മാരാ

യി. വളരെ താമസിക്കാതെ അവൾക്ക് ഒരു പുത്രിയും ഉണ്ടായി. അന്ധനു കണ്ണുണ്ടായതുപോലെ അവർ ഏററവും സന്തോഷിച്ചു. രാജാവു സന്തോഷത്തോടെ കുട്ടിക്കു ജാതകർമ്മാദികളെല്ലാം ചെയ്തു. പതിനാറാംദിവസം സുകേശിയെന്നു പേരും വിളിച്ചു. അവൾ മാണിക്യമയമായ തൊട്ടിയിൽ കിടന്നു ചന്ദ്രകലപോലെ വളൎന്നു. വളഞ്ഞ ചൂൎണ്ണകുന്തളങ്ങളാൽ ചുററപ്പെട്ടതായും നെററിയിൽ തൂങ്ങിക്കിടക്കുന്ന രത്നപ്രഭയോടു കൂടിയതായും അല്പം കാണുന്ന ദന്തങ്ങളോടു കൂടിയതായും സാമൎത്ഥ്യമുള്ള നോട്ടത്തോടുകൂടിയതുമായ പുത്രിയുടെ മുഖത്തെ കണ്ടു രാജാവു ദരിദ്രൻ നിധി കണ്ടതുപോലെ സന്തോഷിച്ചു. കപ്പൂരത്താൽ നിറച്ചിരിക്കുന്ന മുററത്തു മുട്ടുകൾ കുത്തിനടക്കുന്ന പുത്രിയെ മാനവിക്രമൻ കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ടുനിന്നു. അവൾ ക്രമത്തിൽ മണ്ണിൽ കളിക്കുവാൻ സശ്രദ്ധയായിട്ട് അളകങ്ങളിലെല്ലാം പൊടിയാക്കിക്കൊണ്ടു മുത്തുമാലയേയും ധരിച്ചു തള, വള, കിങ്ങിണി ഇതുകളെല്ലാം ധരിച്ചു ചെറിയ പട്ടുവസ്ത്രത്തേയും ധരിച്ചുകൊണ്ടു ഭക്ഷണത്തിന്റെ വിചാരംകൂടിയില്ലാതെ രമിച്ചുകൊണ്ടിരുന്നു. മററുള്ള ബാലികമാരോടുകൂടെ മരപ്പാവകൾകൊണ്ടും, പന്തുകൾകൊണ്ടും, ബാലികമാരുടെ കണ്ണുകൾ പൊത്തിക്കൊണ്ടും ക്രീഡിച്ചു. ആ നഗരത്തിൽ ജനങ്ങൾ സുകേശിയുടെ കളിസമയത്തിൽ ചിന്നിക്കിടക്കുന്ന കേശങ്ങളാൽ മറയ്ക്കുന്ന മുഖത്തേയും പുഷ്പങ്ങൾ പൊഴിയുന്നതായും ഇളയ പനങ്കുലപോലെയിരിക്കുന്നതായും കുടിലമായുമുള്ള കചഭാരത്തേയും കണ്ടിട്ടു വളരെ വിസ്മയിച്ചു. മുകളിൽ മറയ്ക്കപ്പെട്ടിരിക്കുന്ന പത്മതുല്യമുഖത്തോടുകൂടിയതായി ചൂൎണ്ണകുന്തളത്താൽ മാത്രം മറയ്ക്കപ്പെട്ടതായ വലിയ കേശഭാരം ചന്ദ്രന്റെ മുകളിൽ അന്ധകാരമെന്നപോലെ ശോഭിക്കുന്നു. മേരുവിങ്കൽ സ്വൎണ്ണലതപോലെ മാനവിക്രമന്റെ ഗൃഹത്തിൽ അവൾ വളൎന്നു. നിഷ്കളങ്കസുന്ദരിയായും വൃഷ്ടിക്കുവാൻ അടുത്തിരിക്കുന്നവളായും ബാല്യദശയെ അതിക്രമിച്ചവളുമായ ആ സുകേശിയെ താരുണ്യം നല്ലവണ്ണം അലങ്കരിച്ചു. ആ താരുണ്യസംബന്ധത്താൽ അവൾ വളരെ വിലയുള്ള

രത്നം ശാണോപലസംഘൎഷണത്താൽ ശോഭിക്കുന്നതുപോലെ ശോഭിച്ചു. ഹംസപക്ഷികൾക്കു കണ്ടുപഠിക്കുവാൻതക്ക സൌന്ദൎയ്യമുള്ള ഗമനഭംഗിയോടുകൂടിയവളായും നഖപ്രഭയിൽ പററിയ കൎപ്പൂരത്താൽ ശോഭിതമായ പാദാരവിന്ദങ്ങളോടു കൂടിയവളായും ഉരുണ്ടു മാംസങ്ങളായ കണങ്കാലുകളോടും വൎത്തുളങ്ങളായ ജാനുക്കളോടും കൂടിയവളായും കദളീസ്തംഭങ്ങളെപ്പോലെയിരിക്കുന്ന ഊരുക്കളാൽ മനോഹരയായും മത്സ്യപത്രരേഖകൊണ്ടു ശോഭിതയായ മേരുവനത്തിലുള്ള നദിയുടെ മണൽത്തിട്ടപോലെയിരിക്കുന്ന നിതംബത്താൽ മന്ദഗമനയായും മന്മഥരഥത്തിന്റെ ചക്രത്തെപ്പോലെയിരിക്കുന്ന നിതംബത്തോടു കൂടിയവളായും കാണുമ്പോൾ ഉണ്ടോ ഇല്ലയോ എന്നു സംശയിക്കത്തക്കതായ മദ്ധ്യപ്രദേശത്തോടു കൂടിയവളായും വടപത്രതുല്യമായ ഉദരത്തോടുകൂടിയവളായും സ്തനങ്ങളാകുന്ന പൎവ്വതങ്ങളിൽ നടക്കുന്ന താരുണ്യമാകുന്ന ആനയ്ക്കു ചങ്ങലപോലെയിരിക്കുന്ന രോമാവലിയോടുകൂടിയവളായും സ്വൎണ്ണരേഖയെ തോല്പിക്കുന്നതായ വലിത്രയത്തോടു കൂടിയവളായും പാമ്പിന്റെ വളപോലെ ധവളമായും നേൎമ്മയായും ഉള്ള ഉത്തരീയവസ്ത്രത്താൽ മറയ്ക്കപ്പെട്ട മാറിടത്തോടുകൂടിയവളായും മനോഹരപല്ലവങ്ങളുള്ള കല്പകവൃക്ഷക്കൊമ്പുകളെപ്പോലെയിരിക്കുന്ന കൈകളോടുകൂടിയവളായും പാഞ്ചജന്യത്തിന്റെ ശോഭയെ ജയിച്ചതായ കണ്ഠനാളത്തോടുകൂടിയവളായും ബിംബാധരത്തിന്റെ അന്തൎഭാഗത്തിൽ വിശ്രമിച്ചുകൊണ്ടിരിക്കുന്ന മന്ദസ്മിതത്താൽ മനോഹരയായും ലാവണ്യാമൃതസമൂഹത്തോടു തുല്യമായ ദന്തശോഭയോടുകൂടിയവളായും മന്മഥന്റെയും രതീദേവിയുടേയും വിഭ്രമങ്ങൾ പ്രതിഫലിക്കുന്നതായ കണ്ണാടിയെ ജയിച്ചതായ കപോലശോഭയോടുകൂടിയവളായും താണിരിക്കുന്ന നാസികയാൽ കമ്പിതമായ വജ്രരത്നമൂക്കുത്തിയുടെ സാൎവ്വകാലിക പ്രകാശത്തോടുകൂടിയവളായും ലാവണ്യജലപ്രവാഹത്തിൽ കളിച്ചുകൊണ്ടിരിക്കുന്ന മത്സ്യത്തെപ്പോലെയുള്ള നേത്രങ്ങളോടുകൂടിയവളായും യമുനാകല്ലോലങ്ങളെപ്പോലെയുള്ള ഭ്രൂവിഭ്രമങ്ങളാൽ വിമോഹിനിയായും ചതുൎത്ഥീചന്ദ്രതുല്യമായ നെററിയിൽ ജ്വലി

ക്കുന്ന തിലകത്താൽ മനോഹരയായും കൎണ്ണാഭരണങ്ങളിലുള്ള മാണിക്യരത്നപ്രഭയാൽ അലംകൃതമായ അളകത്തോടുകൂടിയവളായും കിംശുകപ്രഭയെ തോല്പിച്ചതായ വസ്ത്രശോഭയോടുകൂടിയവളായും പാദസരം, അരഞ്ഞാൺ, മുത്തുമാല, പതക്കം, കടകം, അംഗദം, മൂക്കുത്തി, തോട, ചൂഡാമണി ഇങ്ങിനെയുള്ള ദിവ്യാഭരണങ്ങളാൽ ഭൂഷിതയായും ഗന്ധൎവ്വന്മാർ വായിക്കുന്ന വീണാധ്വനിയെ തോല്പിക്കുന്നതായ മനോഹരവാഗ്മാധുൎയ്യത്തോടുകൂടിയവളായും മോഹനമായ ഇന്ദ്രജാലവിദ്യ മൂൎത്തീകരിച്ചതുപോലെയിരിക്കുന്നവളായും ഉള്ള സുകേശിയെ വിവാഹം ചെയ്തുകൊടുപ്പാനായി ആലോചിച്ചു. ശുഭമായ മുഹൂൎത്തം നിശ്ചയിച്ചു നഗരമെല്ലാം അലങ്കരിച്ചു വിവാഹത്തിന്നു ക്ഷണിച്ചു ബന്ധുക്കൾ വന്നു രാജഭവനം നിറഞ്ഞു. രാജാക്കന്മാരെല്ലാം കാഴ്ചകളേയും കൊണ്ടുവന്നു. അഗരുധൂപത്താൽ രാജ്യമെല്ലാം വാസിതമായി. വാദ്യഘോഷങ്ങളാൽ ദിക്കുകളെല്ലാം ശബ്ദായമാനങ്ങളായി. ഗംഗാനദിയുടെ കല്ലോലങ്ങളെപ്പോലെയുള്ള തോരണങ്ങളാൽ വീഥികളെല്ലാം അലങ്കരിച്ചു. ആ വിവാഹോത്സവത്തെ നഗരവാസികളെല്ലാം കൊണ്ടാടി. മുഹൂൎത്തം സമീപിച്ചപ്പോൾ കലികാമനെന്ന പേരായ രാജാവ് അലങ്കരിച്ചു തന്റെ ബന്ധുക്കളോടുകൂടി ആനപ്പുറത്തു കയറി രാജഭവനത്തിലേക്കു വന്നു. മാനവിക്രമൻ എതിരേററു പൂജിച്ചിരുത്തി. കന്യകയേയും ദിവ്യവസ്ത്രാഭരണങ്ങളാൽ അലങ്കരിപ്പിച്ചു. അനേക വാദ്യഘോഷങ്ങളോടുകൂടി കുലസ്ത്രീകൾ വൎഷിക്കുന്ന ലാജങ്ങളാലും പുഷ്പങ്ങളാലും നിറഞ്ഞിരിക്കുന്ന വിവാഹമണ്ഡപത്തെ വധൂവരന്മാർ പ്രവേശിച്ചു. ഏകാസനസ്ഥിതന്മാരായ വധൂവരന്മാരെക്കണ്ടു ജനങ്ങൾ ഇവരുടെ ദാമ്പത്യം രതിയുടേയും മന്മഥന്റേയും ദാമ്പത്യംപോലെ ശോഭിക്കുന്നു എന്നു പറഞ്ഞുകൊണ്ടു നേത്രാനന്ദത്തെ അനുഭവിച്ചുകൊണ്ടിരുന്നു. അപ്പോൾ ആ സദസ്സിൽ ഒരു ശിവഭക്തൻ വന്നു. ആപാദചൂഡം ഭസ്മം ധരിച്ചുകൊണ്ടും കേശപാശങ്ങളിൽ ചുററപ്പെട്ട കപാലമാലയോടുകൂടിയും രണ്ടു കൎണ്ണങ്ങളിലും രത്നകുണ്ഡലങ്ങൾ ധരിച്ചവനായും കപാലപാത്രത്തെ

യും പരശ്ശുവിനേയും ധരിച്ചുകൊണ്ടും കുറച്ചു നിറയുവാനുള്ള വട
പത്രനിർമ്മിതമായ പാത്രത്തെ ധരിച്ചുകൊണ്ടും സർപ്പമായ അര
ഞ്ഞാണിന്റെ താഴത്തു ശോഭിക്കുന്ന കന്ധാകൌപീനങ്ങളാൽ
ഭൂഷിതനായും ദീൎഘബാഹുവായും രക്തനേത്രനായും ഭാഷകൊ
ണ്ട് എല്ലാവരേയും പേടിപ്പിക്കുന്നവനായും ഇരിക്കുന്ന ആ
ശൈവൻ മാനവിക്രമരാജാവിന്റെ സമീപത്തേക്കു ചെന്നു. അ
തു കണ്ടു രാജാവു പൂജിച്ച് ആസനത്തിലിരുത്തി. അപ്പോൾ
ശൈവൻ ജനങ്ങൾ വളരെ കൂടിയിരിക്കുന്നതെന്താണെന്നു ചോ
ദിച്ചു. അതു കേട്ടു രാജാവു പറഞ്ഞു— എന്റെ പുത്രിയായ സു
കേശിയെ കലികാമന്നു വിവാഹം ചെയ്തു കൊടുക്കുകയാണ്.
എന്റെ ഭാഗ്യത്താൽ മുഹൂൎത്തസമയത്തു ഭവാൻ വന്നുവെല്ലൊ.
ഭവാന്ന് എന്താണ് വേണ്ടത്. ശൈവൻ അതു കേട്ടു തലകു
ലുക്കിക്കൊണ്ടു ഞാൻ ചോദിക്കുന്നതു തരാമെന്നുണ്ടെങ്കിൽ പറ
യാം എന്നു പറഞ്ഞു. രാജാവ് എന്തായാലും തരാമെന്നു പ്രതി
ജ്ഞയുംചെയ്തു. അപ്പോൾ താപസൻ മാനവിക്രമനോടു പറ
ഞ്ഞു. ഞാൻ പറയുന്നതു കേൾക്കുക. നീ ദേഷ്യപ്പെടരുത്.
എന്റെ പ്രിയമായ പാത്രം നിറഞ്ഞിട്ടില്ല, നോക്കുക. ഈ ക
ന്യകയുടെ കചഭാരത്തെയറുത്ത് ഇതിൽ ഇടുക. ഒട്ടും താമസി
ക്കേണ്ട. അതു കേട്ടു ജനങ്ങളെല്ലാവരും കാതുപൊത്തിക്കൊണ്ടു
കഷ്ടം കഷ്ടം എന്നു പറഞ്ഞു. രാജാവ് ഒട്ടും കലങ്ങിയില്ല. ശൈ
വൻ പിന്നേയും, തരുന്നുവോ? ഇല്ലെങ്കിൽ ഞാൻ പോകുന്നു
എന്നു പറഞ്ഞ് എഴുനീല്ക്കുവാൻ തുടങ്ങുമ്പോൾ മാനവിക്രമൻ
ആ താപസനെ പിടിച്ചിരുത്തീട്ടു സുകേശിയോടു താപസനെ
വന്ദിക്കുക എന്നു പറഞ്ഞു. അതുകേട്ടു സുകേശി താപസനെ
നമസ്കരിച്ച് എഴുനീല്ക്കുമ്പോൾ ധീരനായ മാനവിക്രമൻ സുഗ
ന്ധപുഷ്പങ്ങളാൽ വാസിതമായ സുകേശിയുടെ കചഭാരത്തെ ത
ന്റെ വാൾകൊണ്ട് അടിയോടെ അറുത്ത് ഒട്ടും ശങ്കകൂടാതെ
ശിവഭക്തന്നു കൊടുത്തു. ആ മായാശൈവൻ കചഭാരത്തെയും
കൊണ്ടു മറഞ്ഞു. ഭാൎയ്യയുടെ കചഭാരനാശത്താൽ കലികാമ
ന്റെ മുഖം കറുക്കുമ്പോഴെക്കു രാജപുത്രിയുടെ കചഭാരം മുമ്പെ

30 *

ത്തെപ്പോലെ ഉണ്ടായി. മഹേശ്വരനും വൃഷഭാരൂഢനായിട്ട രാജാവിന്റെ മുമ്പിൽ പ്രത്യക്ഷനായി. ഭയപ്പെട്ടവനായ രാജാവു മഹേശ്വരനെ അനവധി നമസ്കരിച്ചു. കലികാമൻ മഹേശ്വരാനുജ്ഞയാൽ സുകേശിയെ വിവാഹംചെയ്തു ഇന്ദ്രൻ ഇന്ദ്രാണിയെ ലഭിച്ചതുപോലെ സന്തോഷിച്ചു. പിന്നെ മഹേശ്വരൻ മാനവിക്രമനോട്ട ഞാൻ നിന്റെ ഭക്തിയെ പരിക്ഷിച്ചതാണ്. നിനക്ക് എങ്കൽ ദൃഢഭക്തിയുണ്ട്. നിനക്കു ഞാൻ മുക്തിയെ തന്നിരിക്കുന്നു; എന്നു പറഞ്ഞു രാജാവിനോട്ടകൂടി മഹേശ്വരൻ കൈലാസത്തിലേക്കു പോവുകയും ചെയ്തു. തന്റെ കാലപാശത്തോട്ടകൂടെ വൃത്രിയുടെ കചഭാരത്തേയും അറുത്തു ഭക്തിയോട്ടകൂടി കൊടുത്തു രാജാവിന്ന് അഭയത്തെക്കൊടുത്ത മഹേശ്വരൻ സംസാരവിപത്തിൽനിന്നു നമ്മെയും രക്ഷിക്കട്ടെ.

എന്നു സ്കന്ദാപപുരാണത്തിൽ

ഇരുപത്തേഴാമദ്ധ്യായം.

---

അഗസ്ത്യൻപറഞ്ഞു— ഹെ മുനികളെ! മനുഷ്യൎക്കു മോക്ഷോപായം അതിസുലഭമായിരുന്നിട്ടും ദുൎല്ലഭമായ കാൎയ്യങ്ങളിൽ യത്നിക്കുന്നുവെല്ലൊ. ഇതിനെക്കാഠം വലുതായ സാഹസം മറെറന്താണ്? ദ്രവ്യം, ദേശം, ക്രിയ, കാലം, മന്ത്രം, കൎത്താവ് ഇത്യാദികളുടെ ശുദ്ധികളോട്ടകൂടിയ യാഗങ്ങഠം എവിടെ? ഈ വിഷയാസക്തന്മാരായ ജനങ്ങഠം എവിടെ? ബ്രഹ്മാദികഠംക്കുകൂടി ദുൎല്ലഭമായ വൈരാഗ്യത്തിന്റെ അതിർ എവിടെ? ആ വൈരാഗ്യത്താൽ സാദ്ധ്യമായ വേദാന്തജ്ഞാനം എവിടെ? ഈ അല്പബുദ്ധികഠം എവിടെ? അതുകൊണ്ട് അസാദ്ധ്യങ്ങളായ അന്യകൎമ്മങ്ങളെ ത്യജിച്ചു വിശേഷിച്ചും കലിയുഗത്തിൽ മോക്ഷത്തെ ഇച്ഛിക്കുന്നവർ മഹേശ്വരങ്കൽ ഭക്തിയെ തന്നെയാണ് ചെയ്യേണ്ടത്. കാലകൎമ്മഭയനാശനനായ ആ മഹാ

ദേവനെത്തന്നെയാണ് എപ്പോഴും പൂജിക്കേണ്ടത്. ഒട്ടും ക്ലേശംകൂടാതെ കിട്ടുന്നദ്രവ്യംകൊണ്ട് അൎച്ചിച്ചാൽ മഹാദേവൻ പ്രസാദിക്കുന്നു. ശിവലിംഗമുണ്ടാക്കുവാൻ ശുദ്ധമായ മണൽ നദികളിൽ സുലഭമാണ്. കറുക, പുഷ്പം, ജലം ഇവകൾ എല്ലാദിക്കിലും കിട്ടും. ഇവകളെക്കൊണ്ടു ഭക്തിയോടുകൂടി പൂജിച്ചാൽ മതി. ഇതുകൂടിച്ചെയ്യാൻ കഴിയാത്തവന്നു ജ്ഞാനം സുലഭമായി ഭവിക്കുമെങ്കിൽ അപ്പോൾ ബാലന്നു ആകാശത്തിലുള്ള ചന്ദ്രനേയും ഗ്രഹിക്കുവാൻകഴിയും. അല്പമെങ്കിലും എന്തെങ്കിലുമൊരു നിയമത്താൽ മഹേശ്വരന്ന് അൎപ്പണം ചെയ്യുന്നവർ സംസാരബന്ധത്തിൽനിന്നു മുക്തന്മാരായി ഭവിക്കും സത്യംതന്നെ. ഹെ മുനികളെ! ഈ കാൎയ്യത്തിൽ പണ്ടത്തെ ഒരു ഇതിഹാസമുണ്ട്. ആ ഉത്തമകഥയെ നിങ്ങൾ ഭക്തിയോടെ കേൾക്കുവിൻ. താമ്രപൎണ്ണിനദിയിൽനിന്നുണ്ടാകുന്നതായും വിശേഷമായ കരിമ്പുകളിൽനിന്നുണ്ടാകുന്നതായും ഉള്ള മുത്തുകളാൽ നിറഞ്ഞതായ വയലുകളോടുകൂടിയ ഒരു ദേശമുണ്ട്. അതു ചോളരാജാവിനാൽ രക്ഷിക്കപ്പെട്ടതാണ്. ആ ദേശം സൂൎയ്യന്റെ കുതിരകളുടെ കുളമ്പുകൾതട്ടി പൊളിഞ്ഞ നാളികേരങ്ങളുടെ ജലങ്ങൾ ധാരമുറിയാതെ ഒഴുകുന്നതുകൊണ്ടു നദിയാൽ രക്ഷപ്പെടുന്നതായ നദിമാതൃകമെന്ന ഭൂമിയെപ്പോലെ ഭവിച്ചു. അവിടെ കാവേരീതീരത്തിൽ നാലുജാതിക്കാരും നാലാശ്രമക്കാരും നിറഞ്ഞതായ ഒരു വലിയപുരമുണ്ട്. അതിന്നു കണമംഗലമെന്നാണ് പേർ. ആ സ്ഥലത്തു ഗാംഗേയവംശജനായി ശങ്കലാദായൻ എന്നു ലോകവിശ്രുതനായ ഒരു കൃഷിക്കാരനുണ്ടായിരുന്നു. അവൻ ശിവപൂജാരതനാണ്. നാലുനാഴികവഴി ദൂരത്തുള്ള ശ്രീചിദംബരേശ്വരങ്കൽ അവൻ ബാല്യത്തിൽതന്നെ അന്യന്മാൎക്കു ദുൎല്ലഭയായ ഭക്തിയെ ചെയ്തു. അവന്നു സമാനവംശജയായി ഭക്തിമതിയെന്നുപേരായ ഒരു ഭാൎയ്യയുണ്ടായി. ആ ഭാൎയ്യയോടുകൂടെ അവൻ ദിനംതോറും ചിദംബരേശ്വരനെ വന്ദിച്ചു പതിവായ നിവേദ്യത്തെ നിവേദിച്ചു രാത്രിമാത്രം ഭക്ഷണംചെയ്യും.

മുനികൾ ചോദിച്ചു— ഹെ കുംഭസംഭവ! ശങ്കലാദായൻ ചെയ്തു നിയമനൈവേദ്യം എന്താണ്? അതുകൊണ്ടു സഭാപതി പ്രീതനായല്ലൊ. അതിനെ ഞങ്ങൾക്ക പറഞ്ഞു തരിക.

അഗസ്ത്യൻ പറഞ്ഞു—അവൻ പുതിയതായ നെല്ലുകുത്തി നല്ല വെളുത്ത ശുദ്ധമായ അരിയുണ്ടാക്കി ശാകവിശേഷങ്ങളോടുകൂടി നടേശനു സമപ്പിക്കും. ഇതാണ് അവൻ സങ്കല്പിച്ച നിയമം. വിശേഷദിവസങ്ങളിൽ അവൻ അഭിഷേകവും ചെയ്യിക്കും. ഇങ്ങിനെ അവനു പതിനാറു സംവത്സരം കഴിഞ്ഞു. അപ്പോൾ അവന്റെ ഭക്തിയെ പരീക്ഷിപ്പാൻ മഹേശനു കൌതുകമുണ്ടായി. അവനു വളരെ പശുക്കളുണ്ടായിരുന്നതെല്ലാം മഹാമാരിയെന്ന രോഗത്താൽ നശിച്ചു. കൃഷികളെല്ലാം മഴയില്ലാത്തതിനാലും നശിച്ചു. വീട്ടിലുള്ള സകലസാധനങ്ങളോടുകൂടി വീടു തീവെന്തുപോയി. ഇതൊന്നുകൊണ്ടും നടേശഭക്തനായ അവനു മനസ്സുകലങ്ങിയില്ല. അവൻ ഭാൎയ്യയോടുകൂടി പിന്നെയും കൃഷിചെയ്തു ദ്രവ്യമുണ്ടാക്കി ശിവപൂജ മുട്ടാതെ നടത്തി. അവന്റെ മുറ്റത്തു വണ്ടികളും കന്നുകളും വൎദ്ധിച്ചു. അതുകൊണ്ട് ആ ദമ്പതികൾ സന്തോഷത്തോടെ ഉപജീവനം കഴിച്ചു. അവർ സമ്പാദിച്ച നെല്ലുകൊണ്ടു നടേശനുമാത്രം നിത്യനൈവേദ്യം ചെയ്തുവന്നു. ചെറുപയർ, ഗോതമ്പം, ചാമ, കടല, കൊള്ളു ഇവകളാൽ അവർ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നു. ഇങ്ങിനെ കഴിക്കുന്ന ഭക്തനു നടേശപ്രസാദത്താൽ വളരെ നെല്ലുണ്ടായി. ഒരു സോമവാരത്തിൽ അവൻ അഭിഷേകദ്രവ്യമെല്ലാം സമ്പാദിച്ചു ഭാൎയ്യയുടെ തലയിലേററി നല്ല അരിയും ചുകന്ന വിശേഷമായ ശാകത്തേയും താനും ശിരസ്സിലെടുത്തുകൊണ്ടു വൈകുന്നേരം നടേശനെ പൂജിപ്പാനായി പുറപ്പെട്ടു. പഞ്ചഗവ്യം, എണ്ണ, ഇളനീർ ഇതുകളെല്ലാമെടുത്തുനടപ്പാൻ വയ്യാതെ ഭാൎയ്യ പിന്നാലെ പതുക്കെ വന്നു. അപ്പോൾ അവൻ ഹെ പ്രിയെ! വേഗം

വരിക. ഇതാ ഗോപുരംകാണുന്നു. എന്നു തിരിഞ്ഞുനോക്കിപ്പറഞ്ഞു പിന്നെയും നടക്കാൻതുടങ്ങുമ്പോൾ ഒരു കല്ലിന്മേൽ കാൽതടഞ്ഞു. അപ്പോൾ അവന്റെ തലയിലിരിക്കുന്ന പാത്രം നിലത്തുവീണ് അരിയെല്ലാം ചിന്നിപ്പോയി. വിശേഷമായ നല്ല ചുകന്ന ശാകമെല്ലാം വെയിൽകൊണ്ടു പഴുത്തിരിക്കുന്ന ഒരു പോട്ടിലേക്കുപോയി. അതുകണ്ടു ശങ്കലാദായൻ തന്റെ നിയമം തെറ്റിയെന്നു നിശ്ചയിച്ചു ദുഃഖത്താൽ നിശ്വസിച്ചുകൊണ്ടു തന്റെ നിയമം തെറ്റിയാൽ മരിപ്പാനുള്ള നിശ്ചയത്തെ ഓർത്തു. എനിക്കു വ്രതഭംഗത്തേക്കാൾ മരണമാണ് ശ്രേയസ്സെന്നുനിശ്ചയിച്ചു കഴുത്തറപ്പാനായി ആയുധത്തെയെടുത്തു കഴുത്തിൽ വെക്കുമ്പോഴേക്കു നടേശൻ പ്രത്യക്ഷനായി. നിലത്തുപോയ അരിയും ശാകവും മറ്റും ആ നടേശന്റെ വായിൽകണ്ടു. വേഗം നടേശൻ അവന്റെ കയ്യിൽനിന്ന് ആയുധത്തിനെ വാങ്ങി. ആ ദമ്പതികൾ നടേശ്വരനെ സേവിച്ചുകൊണ്ടു നില്ക്കുമ്പോൾ പുഷ്പവൃഷ്ടി വളരെയുണ്ടായി. അനന്തരം നടേശൻ അവക്കു സായൂജ്യത്തെ കൊടുത്തു സകലദേവന്മാരും നോക്കിക്കൊണ്ടിരിക്കെ കൈലാസത്തിലേക്കു പോവുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ

ഇരുപത്തെട്ടാമദ്ധ്യായം.

---

അഗസ്ത്യൻപറഞ്ഞു—ഹെ മുനികളെ! ശിവപൂജചെയ്യുവാൻ ശക്തിയില്ലാത്ത മുമുക്ഷുക്കൾക്കു മഹേശ്വരന്റെ നാമസങ്കീത്തനം തന്നെയാണ് മോക്ഷത്തിന്നു മുഖ്യസാധനം. ഇതിന്നു സനകാദിമഹർഷികൾ ഒരു ഇതിഹാസത്തെ പറഞ്ഞിട്ടുണ്ട്. അത് എളുപ്പത്തിൽ മുക്തിസിദ്ധിദമാണ്. ചോളരാജാവിന്റെ രാജ്യത്തിൽ ശിവക്ഷേത്രങ്ങളാൽ അലംകൃതമായി ശ്രീമത്തായ ഒരു നഗരമുണ്ട്. അവിടെ കാവേരിനദി അനേക പുഷ്പോദ്യാനങ്ങളെയും വൃക്ഷങ്ങളേയും ബാലകന്മാരെയെന്നപോലെ എപ്പോഴും

ജലത്താൽ നനച്ചുകൊണ്ടിരിക്കുന്നു. കദളിവാഴകളുടെ പത്രങ്ങളിൽ മേഘങ്ങൾ വർഷിക്കുന്ന ജലം ഉറച്ചു ദിവ്യമായ കർപ്പൂരമെന്നതുപോലെ ശോഭിക്കുന്നു. കഴുങ്ങുകളുടെ പൂക്കുലകളുടെ ഗന്ധപങ്ക്തികളിൽ ക്രീഡിക്കുന്ന മദിച്ച വണ്ടുകളുടെ ഝങ്കാരശബ്ദത്താൽ ദിക്കുകൾ ശബ്ദായമാനങ്ങളായിരിക്കുന്നു. വാപികളിലുള്ള താമരയിലകളിൽ ഹംസങ്ങൾ സുഖമായി കിടന്നുറങ്ങുന്നു. ചൂതവൃക്ഷത്തിൻെറ പ്രവാളങ്ങളിൽ പികങ്ങൾ രമിച്ചുകൊണ്ടിരിക്കുന്നു. സുന്ദരിമാരായ സ്ത്രീകളുടെ കുന്തളങ്ങളുടെ അന്തർഭാഗത്തിൽ മദിച്ച വണ്ടുകളും രമിക്കുന്നു. ആ നഗരത്തിന്നു മംഗലമെന്നു പേരാണ്. ചിദംബരക്ഷേത്രത്തിൻെറ സമീപവുമാണ്. ആ നഗരത്തിലാണ് മംഗലദേവതയായ ലക്ഷ്മീദേവി എപ്പോഴും വസിക്കുന്നത്. ആ നഗരത്തിൽ ഗോപാലവംശജനായി ഗോനാഥൻ എന്നൊരുവനുണ്ടായിരുന്നു. ആ ദിക്കിലെ പശുക്കളെ മേക്കുന്നത് അവൻെറ വംശപാരമ്പൎയ്യമായിരുന്നു. അവൻ ബാല്യത്തിൽതന്നെ പശുക്കളെ മേച്ചുകൊണ്ടു നെയ്യ്, പാൽ, തൈർ ഇവകളാൽ ബ്രാഹ്മണരെ സന്തോഷിപ്പിച്ചുകൊണ്ടിരുന്നു. ഇങ്ങിനെയിരിക്കുമ്പോൾ ഭാൎഗ്ഗവവംശജനായ ഒരു മുനി ഗോനാഥൻെറമേൽ പ്രസന്നനായി. അദ്ദേഹത്തോടു ഗോനാഥൻ പഞ്ചാക്ഷരമന്ത്രത്തെ അപേക്ഷിക്കുകയാൽ മുനി ആ മന്ത്രത്തെ അവന്നു ഉപദേശിച്ചു. അവൻ ദിനന്തോറും ആ മന്ത്രത്തെ മുപ്പതിനായിരം ഉരു ജപിക്കും. ഇങ്ങിനെ മഹാമന്ത്രജപത്താൽ അവന്നു മാഹാത്മ്യം വർദ്ധിച്ചു. ആ ഗോപാലന്നു മനസ്സിൽ ലോകംമുഴുവനും ശിവമയമായി തോന്നി. അവൻ നടക്കുമ്പോഴും ഇരിക്കുമ്പോഴും കിടക്കുമ്പോഴും ഉണ്ണുമ്പോഴും ആ മന്ത്രത്തെയും മന്ത്രോപദേഷ്ടാവായ ഗുരുവിനേയും മറന്നില്ല. ശിവ, ശങ്കര, ഗൌരീശ, നീലകണ്ഠ, ത്രിലോചന, മഹേശ്വര, മഹാദേവ, ത്രിപുരാന്തക, ധൂൎജ്ജടെ, കാലശാസന,കാമാരെ, ചന്ദ്രക്കലാധര, കരുണാനിധേ, രക്ഷിക്കുക എന്നു എപ്പോഴും പറയും. ഗോനാഥൻെറ നാവു ശിവനാമങ്ങളെയല്ലാതെ മററൊന്നും പറകയില്ല. അവൻെറ ആ

ഭക്തിഭാഗ്യത്തെക്കണ്ടു പ്രസന്നനായ മഹേശ്വരൻ സരസ്വതിയോട് അവനെ അനുഗ്രഹിപ്പാൻ പറഞ്ഞു. സരസ്വതി ഗോനാഥന്റെ സ്വപ്നത്തിൽ ഒരു ഓടക്കുഴലിനെ കൊടുത്തു. അവൻ വേഗം സന്തുഷ്ടനായി എഴുനീററ് ഉത്തമമായ ഓടക്കുഴലിനെക്കണ്ടു പഞ്ചാക്ഷരമന്ത്രത്തെത്തന്നെ ഊതുവാൻ തുടങ്ങി. എട്ടു ദ്വാരമുള്ള ഓടക്കുഴലിൽ ആ മഹാനുഭാവൻ ആദ്യത്തെ ദ്വാരത്തിൽ അധരംവെച്ചു മററുള്ള ദ്വാരങ്ങളിൽ വിരലുകളെ യഥാസ്ഥാനം നടത്തിക്കൊണ്ടു സപ്തസ്വരത്തോടുകൂടി മഹേശ്വരന്റെ മാഹാത്മ്യത്തെ പാടി. അതു കേട്ടു പശുക്കൾക്കെല്ലാം രോമാഞ്ചമുണ്ടായി. ഗോനാഥൻ ചരാചരാത്മകമായ വിശ്വത്തെ ഗാനരസജന്യമായ ഭക്തിഭാവത്തിന്റെ ആവേശത്താൽ വശമാക്കിക്കൊണ്ടു വേണുനാദാമൃതത്താൽ മഹേശ്വരനെ സന്തോഷിപ്പിച്ചു. ദിനന്തോറും ഗോനാഥന്റെ വേണുനാദരസത്താൽ കല്ലുകൾ ഉരുകിത്തുടങ്ങി. ഉണങ്ങിയ വൃക്ഷങ്ങൾ പുഷ്പിക്കുവാനും തുടങ്ങി. ഇങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം രാവിലെ ഗോനാഥൻ അനേകം ഗോപാലന്മാരോടുകൂടി പശുക്കളെ ആട്ടിക്കൊണ്ടു വനത്തിലേക്കു പുറപ്പെട്ടു. വനങ്ങളിൽപോയി പശുക്കളെ നല്ലവണ്ണം പുല്ലുതീററിച്ചു തൃപ്തിപ്പെടുത്തി വൃക്ഷച്ഛായകളിലാക്കി ഗോനാഥനും വൃക്ഷച്ഛായയിലിരുന്നു. അവൻ പശുക്കളുടെ കഴുത്തിൽ കയറിട്ടുകെട്ടി അരയിൽ കമ്പിളിയെ ചുററിക്കൊണ്ടും വടവൃക്ഷത്തിൽ ചാരിനിന്നു കഴുത്തിനെ വളച്ച് അധരത്തിൽ ഓടക്കുഴലിനെ വെച്ചു മൂന്നുവിധഭംഗിയാൽ മനോഹരനായി നിഷാദം, ഋഷഭം, ഗാന്ധാരം, ഷൾജം, മദ്ധ്യമം ധൈവതം ഈ സ്വരങ്ങളെ വേണുവിന്റെ ആറു ദ്വാരങ്ങളിലും വിരൽ നടത്തി വായിച്ച് ഏഴാമത്തെ ദ്വാരത്തിൽ പഞ്ചമസ്വരത്തെ വായിച്ചപ്പോൾ സകല ചരാചരങ്ങളും മൂർച്ഛയെ പ്രാപിച്ചു. അവൻ മഹേശ്വരനെ ധ്യാനിച്ചുകൊണ്ടു പഞ്ചാക്ഷരമന്ത്രസ്വരത്തെ വായിച്ചു. കുയിലുകൾ വേണുനാദംകേട്ടു സ്വല്പങ്ങളാകത്തക്കവണ്ണം അവൻ മധുരസ്വരങ്ങളെ മനോഹരമായി പാടി. ഉ

ച്ചസ്വരമല്ലാതേയും മന്ദസ്വരമല്ലാതേയും അധികം താമസിക്കാതേയും അതിവേഗമല്ലാതേയും ശബ്ദമുള്ള പശുവിന്നു ഗാനരസത്താൽ ഗർഭസ്രാവമുണ്ടായി പാൽ ഒഴുകത്തക്കവണ്ണം ഗാഗാപ്രവാഹംപോലെ രമ്യമായി ഓടക്കുഴൽ വിളിച്ചു. അവൻ ചരാചരാത്മകമായ വിശ്വത്തെ വേണുനാദാമൃതത്തിൽ മുക്കിക്കളഞ്ഞു. അവന്റെ ഗാനരസത്താൽ ആകൃഷ്ടന്മാരായ ദേവകളാൽ ആകാശമെല്ലാം നിറഞ്ഞു. അവന്റെ വേണുനാദംകേട്ട് അന്യോന്യം ജാതിസിദ്ധമായ വൈരത്തെ ത്യജിച്ചു മൃഗങ്ങളാൽ കാടും നിറഞ്ഞു. അവന്റെ വേണുവിൽനിന്നുള്ള സ്വരയോഗം മഹാദേവന്റെ ശിരസ്സിൽനിന്നു ഗംഗ ഏഴായി പ്രവഹിക്കുന്നതുപോലെ ഏഴുവിധത്തിൽ ഒപ്പം വർദ്ധിച്ചു. ഇങ്ങിനെ ഗോനാഥൻ വേണുനാദംകൊണ്ട് ആബ്രഹ്മസ്തംബപര്യന്തം ജഗത്തിനെ വശീകരിച്ചിരിക്കുമ്പോൾ അതിമധുരമായ ആ ഗാനം നൃത്തപ്രിയനായ സഭാപതിയുടെ കർണ്ണങ്ങളിലും കേട്ടു. ഉടനെ സഭാപതി അവന്റെ ശ്രോത്രാനന്ദകരമായ ഗാനരസത്തെ കേട്ടു സന്തുഷ്ടചിത്തനായിട്ടു ഗൌരിയോടുകൂടെ അവന്റെ അടുക്കൽ പ്രത്യക്ഷനായി. വേദങ്ങളാൽ സ്തുതിക്കപ്പെട്ട പാദാരവിന്ദങ്ങളോടുകൂടിയ ആ സഭാപതി അവന്നു മുക്തിയെ കൊടുത്തു തന്റെ സ്ഥാനത്തേക്കു പോവുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ

ഇരുപത്തൊമ്പതാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളേ! നിത്യവും ശിവപൂജെക്കു ചന്ദനം മുതലായ പൂജാദ്രവ്യത്തെ കൊടുത്തതിനാൽ ചിലർ ഇഹലോകത്തിൽ ഐശ്വര്യസുഖത്തേയും അന്ത്യത്തിൽ മുക്തിയേയും ലഭിച്ചിരിക്കുന്നു. ഇതിന്നുദാഹരണമായി ശിവഭക്തന്മാർ ഒരു ഇതിഹാസത്തെ പറയുന്നുണ്ട്. അതിൽ ശ്രീമാനായ മൂർത്തിനാഥന്റെ ചരിത്രത്തെയാണ് വർണ്ണിക്കു

ന്നത്. ദക്ഷിണദിക്കാകുന്ന കാമിനിയുടെ മുഖശോഭക്കു തിലകംപോലെയിരിക്കുന്ന മധുരയെന്ന ത്രൈലോക്യവിശ്രുതമായ ഒരു നഗരമുണ്ട്. മുത്തുമയങ്ങളായ കൎണ്ണാഭരണങ്ങളാൽ അലംകൃതയായ മീനാക്ഷീദേവി ത്രൈലോക്യജനനിയാണെങ്കിലും ആ നഗരത്തിലാണ് എപ്പോഴും മമതയെ വെച്ചിരിക്കുന്നത്. അവിടെയാണ് പാണ്ഡ്യരാജനാൽ പൂജിതനായ മഹേശ്വരൻ അറുപത്തുനാലു ലീലകളുടെ ഇരിപ്പിടമായി വിളങ്ങുന്നത്. അവിടെയാണ് കേളീതുകസംഭാഷണരസികയായും പരദേവതയായും ബ്രഹ്മ,വിഷ്ണു,മഹേശ്വരന്മാൎക്കു സകലസൌഭാഗ്യത്തെ ദാനംചെയ്യുന്ന കടാക്ഷത്തോടുകൂടിയവളായും കദംബവനത്തിൽ സഞ്ചരിക്കുന്നതിനാൽ ശബ്ദായമാനങ്ങളായ നൂപുരങ്ങളോടുകൂടിയവളായും വിഷ്ണുവിന്റെ ആദ്യാവതാരമായ മത്സ്യത്തെപ്പോലെയുള്ള നേത്രമത്സ്യങ്ങൾകൊണ്ടലംകൃതിയായും കിംശുകപുഷ്പപ്രഭയെ ജയിച്ചതായ വസ്ത്രശോഭയോടുകൂടിയവളായും നഖത്താൽ ശബ്ദിപ്പിക്കുന്ന വീണാനാദമാധുൎയ്യത്താൽ പുഷ്ടിക്കപ്പെട്ട വൃക്ഷങ്ങളോടുകൂടിയവളായും ഇന്ദ്രനീലരത്നത്തെപ്പോലെ ശ്യാമളവൎണ്ണയായുമിരിക്കുന്ന മലയധ്വജകന്യകയെ ദക്ഷിണദിക്കിന്നു കുബേരന്മാരും ദേവേന്ദ്രനാൽകൂടി വന്ദിക്കപ്പെട്ടവരുമായ പാണ്ഡ്യവംശരാജാക്കന്മാർ താമ്രവൎണ്ണീസംഭൃതങ്ങളായ ദിവ്യമുത്തുരത്നങ്ങളെക്കൊണ്ടൎച്ചിക്കുന്നു. അങ്ങാടികളും വ്യാപാരങ്ങളും നിറഞ്ഞതായും സൎവ്വൈശ്വൎയ്യസമൃദ്ധിയായും ഇരിക്കുന്ന ആ മധുരാപുരി സ്വൎഗ്ഗലോകം പ്രതിബിംബിച്ചതുപോലെ ഭൂമിക്കു ഭൂഷണമായി ഭവിച്ചു. അവിടെ രത്നനാഥനെന്നു പേരായി മഹാധനികനായ ഒരു വൈശ്യനുണ്ടായിരുന്നു. അവൻ മഹേശ്വരനിൽ ദൃഢഭക്തിമാനാണ്. ശിവഭക്തന്മാരുടെ കിങ്കരനുമാണ്. ഭസ്മവും രുദ്രാക്ഷവും എവിടെക്കണ്ടാലും അവൻ തൊഴുതു നമസ്കരിക്കും. അവന്റെ ഗൃഹത്തിലില്ലാത്ത രത്നങ്ങൾ വേറെ ഒരേടത്തും ഉണ്ടാവില്ല. അവൻ ദ്വീപാന്തരങ്ങളിൽനിന്നു വരുത്തിയ ദിവ്യചന്ദനംകൊണ്ടു നിത്യം ഹാലാസ്യനാഥന്നു ലേപനംചെയ്യിച്ചു. ഈ നിയ

മരത്തോടുകൂടെ ഇരുപതു സംവത്സരം കഴിഞ്ഞു. അപ്പോൾ പാണ്ഡ്യരാജാവു സ്ത്രീജിതനായിരുന്നതിനാൽ രാജ്യകാൎയ്യങ്ങളെ വേണ്ടുംവണ്ണം ആലോചിക്കാതിരുന്നു. ആ അവസരത്തെ അന്വേഷിച്ചറിഞ്ഞ് ആന്ധ്രരാജാവു യുദ്ധത്തിന്നായി മധുരെക്കു വന്നു. ആന്ധ്രരാജാവു പാണ്ഡ്യരാജാവിനെ ഓട്ടിക്കളഞ്ഞു താൻ രാജ്യത്തെ ഭരിച്ചു. ആ രാജാവിന്റെ മുജ്ജന്മപാപത്താൽ ജൈനമതത്തിൽ വിശ്വാസമുണ്ടായി. ദ്വൈത,അദ്വൈത,വിശിഷ്ടാദ്വൈത മതങ്ങളിൽ ദേഹേന്ദ്രിയാദി വ്യതിരിക്തനാണെന്നു പറയുന്ന ആത്മാവിനെയാണ് മൂഢന്മാരായ ആൎഹതന്മാർ അവരുടെ മതത്തിൽ രൂപസ്കന്ധം, വേദനാസ്കന്ധം മുതലായ ജഡങ്ങളായ പഞ്ചസ്കന്ധങ്ങളെ ആത്മാവെന്നു പറയുന്നത്. ആ മതത്തിൽ പ്രവേശിച്ച രാജാവു വേദദ്വേഷകനായി ഭവിച്ചു. വൈദികന്മാരേയും ദ്വേഷിച്ചുതുടങ്ങി. വേദാന്തത്തേയും യാഗാദികൎമ്മങ്ങളേയും ആ രാജാവു ദ്വേഷിച്ചു. ക്രമത്തിൽ ദേവബ്രാഹ്മണപൂജയേയും രാജാവു മുടക്കി. തന്റെ മതത്തെ അനുസരിക്കുന്നവരെമാത്രം രക്ഷിക്കുകയും മററുള്ളവരെ ശിക്ഷിക്കുകയും ചെയ്തു. ആ മധുരാനഗരത്തിൽ മൂൎത്തിനാഥനെയൊഴിച്ച മററു സൎവ്വജനങ്ങളും ജൈനമതത്തെ അനുസരിച്ചു. രാജാവ് ഏതുപ്രകാരമോ പ്രജകളും അപ്രകാരംതന്നെയെന്നുള്ളതു ശാസ്ത്രസിദ്ധാന്തമാണല്ലോ. രാജാവിന്റെ മതത്തിൽ ചേരാത്തതുകൊണ്ടു മൂൎത്തിനാഥൻ രാജാവിന്നു വിരോധിയായിത്തീൎന്നു. ആജ്ഞ ലംഘിച്ചാൽ രാജാക്കന്മാൎക്കു കോപം കലശലാണല്ലോ. ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഈശ്വരൻ, സദാശിവൻ ഇങ്ങിനെയുള്ള പഞ്ചബ്രഹ്മമൂൎത്തികളുടെ പാദോപാസകനായ ആ രാജാവു സപ്താവരണയുക്തമായ മൂൎത്തികളുടെ പൂജയാണ് വിശേഷമെന്നുപറഞ്ഞു വൈദികന്മാരെ വഞ്ചിച്ചു. പ്രത്യക്ഷമല്ലാത്ത ദൈവം എങ്ങിനെ പ്രമാണമാവും എന്നും മററും ജനങ്ങളെ പറഞ്ഞിളക്കി ആ പാഷണ്ഡൻ ഉത്തമമായ വേദമാൎഗ്ഗത്തെ നശിപ്പിച്ചു. ശിവ,വിഷ്ണുപൂജകൾക്കു പലവിധത്തിലും വിഘ്നമുണ്ടാക്കി. ദുൎമ്മതിയായ രാജാവു വേദത്തിൽനിന്നു പുറത്തായവരെ പൂജിച്ചു. ഫാലദ

സ്യനാഥന്റെ പൂജയും ആ രാജാവു മുടക്കി. അപ്പോൾ മൂൎത്തിനാഥൻ തന്റെ ആളുകളെക്കൊണ്ടു പൂജിപ്പിച്ചു. മൂൎത്തിനാഥൻ തന്റെ ആജ്ഞയെ ലംഘിച്ചതും താൻ മുടക്കിയ പൂജ നടത്തിച്ചതും കേട്ടു രാജാവ് എന്റെ സമ്മതംകൂടാതെ അങ്ങാടിയിൽ ആരെങ്കിലും ചന്ദനം വിററിട്ടുണ്ടെങ്കിൽ അവനെ ഞാൻ കൊല്ലുമെന്നു മണിയടിപ്പിച്ചു. മൂൎത്തിനാഥൻ സൂക്ഷിച്ചുവെച്ചിരുന്ന ചന്ദനത്താൽ വളരെക്കാലം മുടങ്ങാതെ ചന്ദനലേപനം നടത്തിവന്നു. ഒരു ദിവസം ചന്ദനമില്ലാതായി. അപ്പോൾ മൂൎത്തിനാഥൻ ഹാലാസ്യനാഥനെ സ്മരിച്ചുകൊണ്ടു വിചാരിച്ചു. ഹെ മഹേശ്വര! ഭവാന്റെ ലേപനവസ്തുവായ ചന്ദനം ഇന്നുള്ളമാത്രമെയുള്ളു. നാളെ ഞാൻ എന്തു ചെയ്യട്ടെ? ഹാലാസ്യേശ്വരനായ ഭവാൻ തന്നെ രക്ഷിക്കണം എന്നു പറഞ്ഞു ചന്ദനവും കൊടുത്തു വൈശ്യൻ ആ രാത്രി കഴിച്ചു. രാവിലെ എഴുനീററു പകൽ മുഴുവനും അന്വേഷിച്ചിട്ടും ചന്ദനം കിട്ടിയില്ല. അപ്പോൾ വൈശ്യൻ ഹേമപത്മിനിയിൽ കുളിച്ചു ഭസ്മവും ധരിച്ചു ഹാലാസ്യേശ്വരന്നു ചന്ദനത്തെ കൊടുക്കുവാൻ കഴിയാത്ത എന്റെ കൈകൊണ്ടു ഫലമെന്താണെന്നു വിചാരിച്ചു കയ്യിനെ ചാണയിൽ ഉരക്കുവാൻ തുടങ്ങി. അപ്പോൾ ആകാശവാണി അതിനെ മുടക്കി. ഹെ മൂൎത്തിനാഥ! ഇങ്ങിനെ ചെയ്യരുത്. ഭവാൻതന്നെ ഈ പാണ്ഡ്യരാജാവായി പാഷണ്ഡന്മാരെ പുറത്താക്കി വൈദികന്മാരെ സ്ഥാപിക്കും. ഈ രാജാവ് ഇപ്പോൾ തന്നെ ശത്രുവിനോടു യുദ്ധംചെയ്തു മരിക്കും. നോക്കുക. ഇങ്ങിനെ പറഞ്ഞ അശരീരിവാക്കുകേട്ടു മൂൎത്തിനാഥൻ സന്തുഷ്ടനായി ഹാലാസ്യനാഥസന്നിധിയിലേക്കു പോയി. അനന്തരം ജൈനശത്രുക്കളായ ചിലർ മധുരയിൽ വന്നു യുദ്ധത്തിന്നു വിളിച്ചു. അതു കേട്ടു ആ ദുഷ്ടരാജാവു പുറപ്പെട്ടു യുദ്ധം തുടങ്ങി. യുദ്ധത്തിൽ ആ ദുഷ്ടരാജാവും സൈന്യവും നശിച്ചു എന്നുമാത്രമല്ല യുദ്ധത്തിന്നു വന്നവരും നശിച്ചു. യുദ്ധത്തിൽ ശേഷിച്ച കുറച്ചു ജൈനന്മാർ ഓടിപ്പോയി. അപ്പോൾ രാജമന്ത്രികളെല്ലാവരുംകൂടി ആലോചിച്ചു മഹേശ്വരാനുജ്ഞയാൽ ഒരു ഗജത്തെ കണ്ണുകെട്ടി പ

ഗരത്തിൽ വിട്ടു. ആ ഗജം കൊണ്ടുവരുന്നവനെ രാജാവാക്കു വാനും നിശ്ചയിച്ചു. ആ ഗജം ഹാലാസ്യക്ഷേത്രത്തിന്റെ അകത്തുപോയി മൂർത്തിനാഥനെ എടുത്തു കഴുത്തിൽവെച്ചു വീഥിയിൽക്കൂടി പുറപ്പെട്ടു. അപ്പോൾ ദേവന്മാരും നഗരവാസികളും പുഷ്പവൃഷ്ടിചെയ്തു. വന്ദികൾ സ്തുതിച്ചു. ആകാശത്തിൽ ദുന്ദുഭികളും ഭേരികളും ശബ്ദിച്ചു. ഗജം മൂർത്തിനാഥനെ കൊണ്ടുപോയി സിംഹാസനത്തിലിരുത്തി തന്റെ തുമ്പിക്കയ്യിൽ ജലകലശമെടുത്തു മൂർത്തിനാഥന്റെ ശിരസ്സിൽ അഭിഷേകംചെയ്തു. രാജസ്ഥാനത്തിൽ അഭിഷിക്തനായ മൂർത്തിനാഥൻ പാഷണ്ഡന്മാരെ പിടിച്ചു ശൂലത്തിന്മേലിട്ടു. ഹാലാസ്യനാഥനു ചന്ദനലേപനം നിത്യവും മൂന്നുകാലം ചെയ്തുവന്നു. വൈദികന്മാരെ രാജ്യത്തിൽ സ്ഥാപിച്ചു പാണ്ഡ്യരാജ്യത്തെ വൎദ്ധിപ്പിച്ചു. വൈദികന്മാൎക്കു സമ്മതനായ മൂർത്തിനാഥൻ നൂറുസംവത്സരം നല്ലവണ്ണം രാജ്യത്തെ രക്ഷിച്ചു ഹാലാസ്യനാഥപ്രസാദത്താൽ മുക്തിയേയും ലഭിച്ചു. ഏതൊരുത്തൻ മൂർത്തിനാഥന്റെ ചരിത്രത്തെ പഠിക്കുകയും കേൾക്കുകയും ചെയ്യുന്നുവോ അവൎക്കു മഹേശ്വരപ്രസാദത്താൽ കൈലാസവാസം എളുപ്പത്തിൽ ലഭിക്കും.

എന്നു സ്കന്ദോപപുരാണത്തിൽ

മുപ്പതാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— ഹെ മുനികളെ! പഞ്ചാക്ഷരമന്ത്രങ്ങൾകൊണ്ടും ദിവ്യപുഷ്പങ്ങൾകൊണ്ടും നിത്യം മഹേശ്വരനെ പൂജിക്കുന്നവൎക്ക് ഒരിക്കലും പുനൎജ്ജന്മം ഉണ്ടാകുന്നതല്ല. ഇതിന്നുദാഹരണമായി നന്ദീശ്വരൻ, വിഷ്ണു മുതലായവർ ശിവഭക്തശിഖാമണിയായ സ്കന്ദനാഥന്റെ ചരിത്രത്തെ പറയുന്നു. കാവേരീതീരത്തിൽ ദേവബ്രാഹ്മണഭൂഷിതമായും രമ്യമായുമിരിക്കുന്ന ഒരു പുരമുണ്ട്. ശ്രീമത്തായ ആ പുരത്തിൽ സമുദ്രത്തിൽ ശ്വേതദ്വീപമെന്നതുപോലെ കാവേരീജലത്തിൽനിന്നു പൊ

ങ്ങിയ ഒരു വലിയ അഗ്രഹാരമുണ്ട്. അതു ബ്രഹ്മവാദികളുടെ വാസസ്ഥലമാണ്. സർവ്വഭൂതങ്ങളുടേയും വാസസ്ഥലവുമാണ്. ദീനന്മാർ, അന്ധന്മാർ, മൂകന്മാർ, ബധിരന്മാർ, നൊണ്ടികൾ, അഗതികൾ ഇവരുടെ സങ്കടത്തെ നശിപ്പിക്കുന്നതാണ്. ശരണം പ്രാപിച്ച സർവ്വഭൂതങ്ങളുടേയും പ്രസിദ്ധപ്പെട്ട ശരണ്യസ്ഥലമാണ്. അഗ്നിഹോത്രാഗ്നിയിൽ ഹോമിക്കുന്നതായ ഹവിസ്സ്, നെയ്യ്, ദൎഭ, വിറക് ഇവകളുടെ പുണ്യഗന്ധത്തോടുകൂടിയ ധൂമത്താൽ ദിക്കെല്ലാം വ്യാപിച്ചിരിക്കുന്നു. വേദജ്ഞന്മാരുടെ ഋക്ക്, യജുസ്സ്, സാമം എന്നുള്ള വേദധ്വനിയാൽ ശബ്ദായമാനമായ മണ്ഡപത്തോടുകൂടിയിരിക്കുന്നു. വ്യാകരണമീമാംസന്യായശാസ്ത്രജ്ഞന്മാരായ ബ്രാഹ്മണശ്രേഷ്ഠന്മാരാൽ ശോഭിതമായിരിക്കുന്നു. ദിവ്യതടാകങ്ങളാൽ ശോഭിതമായും ഉദ്യാനങ്ങളിലുള്ള പുഷ്പസൌരഭ്യത്താൽ വാസിതമായുമിരിക്കുന്നു. യൂപങ്ങളുടെ സമീപത്തിൽ അലംകൃതങ്ങളായ അനേക യാഗവേദികളാൽ നിറഞ്ഞതായുമിരിക്കുന്നു. ആ സ്ഥലം പതിനെട്ടു പുരാണാൎത്ഥത്തെ അറിയുന്നതിന്നു മാറ്റുരച്ചുനോക്കുന്ന കല്ലാകുന്നു. ആ അഗ്രഹാരത്തിൽ ശിവനാഥനെന്നുപേരായ ഒരു ബ്രാഹ്മണനുണ്ട്. അദ്ദേഹം പ്രതിഗ്രഹത്തിന്നു യോഗ്യനാണെങ്കിലും എവിടെയും പ്രതിഗ്രഹം വാങ്ങാറില്ല. ഉഞ്ഛവൃത്തിയിൽ വസിച്ചുകൊണ്ടു നിത്യവും ശിവപൂജ ചെയ്തുകൊണ്ടിരുന്നു. ഇങ്ങിനെയിരിക്കുന്ന ബ്രാഹ്മണന്നു മഹേശ്വരപ്രസാദത്താൽ മഹാബുദ്ധിമാനായി സ്കന്ദനാഥനെന്നൊരു പുത്രനുണ്ടായി. ആ ബാലൻ നിത്യം അച്ഛൻ ശിവപൂജ ചെയ്യുമ്പോൾ അടുക്കെയിരുന്ന് ഒരു നല്ല കല്ലിനെവെച്ച് ഇലകളെക്കൊണ്ടു പൂജിക്കും. അച്ഛൻ പുത്രന്ന് ആറാമത്തെ വയസ്സിൽ ഉപനയനം ചെയ്തു ബ്രഹ്മചാരിവ്രതത്തെയും അനുഷ്ഠിപ്പിച്ചു. നാലുവേദങ്ങളേയും ആറു ശാസ്ത്രങ്ങളേയും പഠിപ്പിച്ചു. മീമാംസയേയും വ്യാഖ്യാനിപ്പിച്ചു. പുരാണാൎത്ഥങ്ങളേയും അറിയിച്ചു. നല്ല മുഹൂൎത്തത്തിൽ പഞ്ചാക്ഷരമന്ത്രത്തെ ഉപദേശിച്ചു. ശിവപൂജയേയും യഥാവിധി പുത്രന്നു പഠിപ്പിച്ചു. സ്കന്ദനാഥൻ സകലശാസ്ത്രതത്വങ്ങളേയും പരീക്ഷിച്ചു സക

ലവും സംശയമില്ലാതായി കാണുകയാൽ സകലത്തെയും ഉപേക്ഷിച്ച് അപായരഹിതമായ മോക്ഷസാധനം ശിവപൂജതന്നെയാണെന്നു നിശ്ശങ്കം നിശ്ചയിച്ചു. കുറേക്കാലം കഴിഞ്ഞപ്പോൾ ശിവനാഥൻ മരിച്ചു. സ്കന്ദനാഥൻ വലുതായ കാലഗതിയെ ഓൎത്തു ദുഃഖിച്ചു. പിന്നെ സ്കന്ദനാഥൻ അച്ഛന്നു വേദവിധിപോലെ പിതൃക്രിയകളെല്ലാം ചെയ്തു. പരമാത്മാവായ മഹേശ്വരനിൽ ഉത്തമഭക്തിയെ ചെയ്തു. താൻതന്നെ പുഷ്പോദ്യാനത്തെ വെച്ചുണ്ടാക്കി പുഷ്പങ്ങളെ വൎദ്ധിപ്പിച്ച് ആ പുഷ്പങ്ങളെക്കൊണ്ടുതന്നെ മഹേശ്വരനെ പൂജിച്ചു. സ്കന്ദനാഥൻ ജടാവല്ക്കലധരനായും ഭസ്മരുദ്രാക്ഷഭൂഷിതനായും പഞ്ചാക്ഷരമഹാമന്ത്രത്താലും നല്ല പുഷ്പങ്ങളാലും മഹേശ്വരനെ പൂജിച്ചുകൊണ്ടും സമയത്തെ കഴിച്ചു. വ്യൎത്ഥമായി അല്പസമയമെങ്കിലും കളഞ്ഞില്ല. നിത്യം പന്തീരായിരം സംഖ്യ പഞ്ചാക്ഷരമന്ത്രത്തെ ജപിച്ചു പന്തീരായിരം പുഷ്പങ്ങളാൽ മഹേശ്വരനെ അൎച്ചിക്കും. പിന്നെയും സമയമുണ്ടെങ്കിൽ മഹേശ്വരനെ മനസ്സിൽ സ്മരിച്ചു വാക്കിനെ സഫലീകരിക്കുവാൻ മഹേശ്വരനെ സ്തുതിക്കും.

നമശ്ശിവായത്രിഗുണാത്മകായ
നമശ്ശിവായത്രിവിധാത്മനേതേ
നമശ്ശിവായത്രിജഗദ്വിധാത്രെ
നമശ്ശിവായത്രിദശൈകധാമ്നേ.

സത്വരജസ്തമസ്സുകളായ ത്രിഗുണാത്മകനായും ഈശ്വരകൂടസ്ഥജീവസ്വരൂപനായും മൂന്നുലോകങ്ങളേയും സൃഷ്ടിക്കുന്നവനായും ദേവന്മാൎക്കെല്ലാം രക്ഷിതാവായുമിരിക്കുന്ന ശിവനെ നമസ്കരിക്കുന്നു.

ഇങ്ങിനെ മഹേശ്വരനെ സ്തുതിച്ചുകൊണ്ടും ആ ശിവഭക്തബ്രാഹ്മണൻ മഹേശ്വരനെ യഥാവിധി പൂജിച്ചുകൊണ്ടും

സൎവ്വവസ്തുക്കളിലും വിരക്തനായി ഭവിച്ചു. ഗൌരീദേവിയുടെ മുലപ്പാലാകുന്ന അമൃതത്തെ ആസ്വദിച്ചതിനാൽ ധന്യനായും ഭക്താഗ്രഗണ്യനായുമിരിക്കുന്ന ജ്ഞാനസംബന്ധമൂൎത്തിയുടെ സ്നേഹലാഭത്താൽ സ്കന്ദനാഥൻ താൻ കൃതാൎത്ഥനായെന്നു നിശ്ചയിച്ചിരുന്നു. ഇങ്ങിനെ ഭക്തിയോടുകൂടി മഹേശ്വരനെ പൂജിച്ചുകൊണ്ടും പഞ്ചാക്ഷരമന്ത്രത്തെ ജപിച്ചുകൊണ്ടും മഹാദേവനെ സ്തുതിച്ചുകൊണ്ടുമിരിക്കുന്ന സ്കന്ദനാഥൻ മഹേശ്വരപ്രസാദത്താൽ പുനരാവൎത്തിരഹിതമായ പദത്തെ പ്രാപിച്ചു.

എന്നു സ്കന്ദോപപുരാണത്തിൽ
മുപ്പത്തൊന്നാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളെ! കേൾക്കുവിൻ. വേദസാരമാകുന്ന ശ്രീരുദ്രമന്ത്രത്താൽ ഏതൊരുത്തർ മഹാദേവനെ ഉപാസിക്കുന്നുവോ അവൎക്കു പിന്നെ ഗൎഭവാസദുഃഖം അനുഭവിക്കേണ്ടി വരികയില്ല. ദുല്ലഭമായ ബ്രാഹ്മണജന്മത്തെ ലഭിച്ചിട്ടും ചിലർ ശ്രീരുദ്രമന്ത്രത്തിൽനിന്നു വിമുഖന്മാരായിട്ടു കാലത്തെ വ്യൎത്ഥമാക്കിക്കളയുന്നു. രുദ്രാദ്ധ്യായത്തെ ജപിക്കാതെ അന്യമാൎഗ്ഗങ്ങളിൽ പ്രയത്നപ്പെടുന്നവൎക്കു മുക്തി ലഭിക്കുമെങ്കിൽ ഭക്ഷണം ചെയ്യാതെ തന്നെ തൃപ്തിപ്പെടും. അശ്വമേധത്താൽ യാഗം ചെയ്താലും അവൻ പിന്നെയും ജനിക്കേണ്ടിവരുന്നു. ശ്രീരുദ്രമന്ത്രത്തെ ജപിക്കുന്നവൻ പിന്നെ മടങ്ങി വരുന്നില്ല. സ്വൎണ്ണസ്തേയമാവട്ടെ സുരാപാനമാവട്ടെ ഗുരുദാരഗമനമാവട്ടെ ചെയ്യുവൻ വേദം സത്യമാണെങ്കിൽ ശ്രീരുദ്രജപംകൊണ്ടു ഈവക പാപങ്ങളിൽനിന്നു മോചിക്കുന്നു. ശ്രീരുദ്രസൂക്തത്തെ നിയമമായി ജപിക്കുന്ന ബ്രാഹ്മണശ്രേഷ്ഠൻ ദൎശനമാത്രംകൊണ്ടു സൂൎയ്യൻ ഇരുട്ടിനെ നശിപ്പിക്കുന്നതുപോലെ ലോകത്തിലുള്ള സകല പാപങ്ങളേയും നശിപ്പിക്കുന്നു. പശുഹത്യ ചെയ്യുവനാകട്ടെ കൃതഘ്നനാകട്ടെ ശ്രീരുദ്രമന്ത്രത്തെ ജപിച്ചു ശി

വലിംഗത്തിൽ അർച്ചിച്ചാൽ താമരയിലയിൽ വെള്ളമെന്നതുപോലെ പാപം സംബന്ധിക്കുന്നില്ല. ആദിയിലും അന്തത്തിലും പ്രണവത്തോടുകൂടി പാപനാശനമായ ശ്രീരുദ്രമന്ത്രത്തെ ഏതൊരുത്തൻ ജപിക്കുന്നുവോ അവന്റെ പാദരേണുക്കളെ ബ്രഹ്മാവു മുതലായവർ തങ്ങളുടെ പാപവിശുദ്ധിക്കുവേണ്ടി ശിരസ്സുകൊണ്ടു വഹിക്കുന്നു. സർവ്വതേജസ്സുകളിലുംവെച്ചു സൂർയ്യതേജസ്സ് ഏതുവിധം വലുതായിരിക്കുന്നുവോ അതേവിധം അനേകമന്ത്രങ്ങളിൽവെച്ചു ശ്രീരുദ്രം ഉത്തമമാണ്. കാലാഗ്നിരുദ്രോപനിഷത്തിൽ പറഞ്ഞപ്രകാരം സദ്യോജാതാദികളായ മന്ത്രങ്ങളാൽ മന്ത്രിതമായ ഭസ്മത്തെ ധരിച്ചു രുദ്രാക്ഷമാലയേയും ധരിച്ചു ശിവലിംഗത്തിൽ മഹേശ്വരനെ അഭിഷേകം ചെയ്യുന്നവൻ ഇരുപത്തൊന്നു തലമുറവംശത്തെ ഉദ്ധരിപ്പിച്ചു ശിവലോകത്തിൽ സുഖിച്ചിരിക്കുകയും ചെയ്യുന്നു. അഭക്ഷ്യഭക്ഷണം ചെയ്യുവനും എവിടെയെങ്കിലും പ്രതിഗ്രഹംവാങ്ങി നടന്നവനും ശ്രീരുദ്രമന്ത്രത്തെ ജപിച്ചാൽ സകലദുരിതങ്ങളും നശിച്ചു മുക്തനായി ഭവിക്കും. വേദോക്തം ഇതാണ്. ഹേ മുനികളെ! ഇതിന്ന് ഒരു ഇതിഹാസത്തെ പറയാം. ശ്രദ്ധയോടെ കേൾക്കുവിൻ. ഇതിനെ കേട്ടാൽ ശ്രീരുദ്രമന്ത്രത്തിൽ ഭക്തിയുണ്ടാകും. കാവേരീതീരത്തിൽ ശ്രീകാളമെന്നപേരായി ഒരു പുരമുണ്ട്. ആ പുരം വേദശാസ്ത്രജ്ഞന്മാരാലും യാഗംചെയ്യുന്നവരാലും നിറഞ്ഞതാണ്. അവിടെ വേദവേദാംഗതത്വജ്ഞനായി ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹം നിത്യവും കാവേരിയിൽ കുളിച്ചു അഗ്നിഹോത്രാദികളെല്ലാം ചെയ്തു കഴുത്തോളംവെള്ളത്തിൽനിന്നു രുദ്രാദ്ധ്യായത്തെ ജപിക്കും. പിന്നെ ശ്രീരുദ്രം ജപിച്ചുകൊണ്ടു പുഷ്പങ്ങളാൽ മഹേശ്വരനെ അർച്ചിക്കും. അദ്ദേഹം ശ്രീരുദ്രം ജപിക്കുന്നതു മൂന്നു യോജനദൂരം കേട്ട് ഒരു പിശാചു ശാപത്തിൽനിന്നു മോചിച്ചു. അദ്ദേഹത്തിന്റെ ശ്രീരുദ്രമന്ത്രജപമാഹാത്മ്യത്തെ അറിയുന്നവരായ വസിഷ്ഠാദിമുനീശ്വരന്മാർ അദ്ദേഹത്തിന്നു പശുപതിയെന്നു പേർകൊടുത്തു. ആ പശുപതി നല്ല ദ്രോണപുഷ്പങ്ങളാലും മുറിവില്ലാത്ത വില്വപ

ശ്രങ്ങളാലും എള്ള്, അക്ഷതം, കറുക ഇവകളാലും കൊന്ന പ്പൂക്കളാലും ശ്രീരുദ്രത്തെ ജപിച്ചുകൊണ്ടു മഹേശ്വരപൂജ ചെയ്കതിനാൽ എല്ലാലോകങ്ങളേയും ജയിച്ചു ബ്രഹ്മാദികളാൽക്കൂടി പൂജിതനായി ഭവിച്ചു. അദ്ദേഹം അണിമാദിസിദ്ധികളേയും തൃണംപോലെ ത്യജിച്ചു. പശുപതി അച്ഛിച്ച പുഷ്പം എപ്പോഴും മഹേശ്വരന്റെ ശിരസ്സിൽ കണ്ടിട്ടു നന്ദിമുതലായ ഗണങ്ങളെല്ലാവരും പശുപതിയെ പ്രശംസിച്ചു. ആ പശുപതി ശ്രീരുദ്രമാഹാത്മ്യത്തെ അറിയുന്നവരായ പുത്രന്മാരേയും ശിവപൂജാതല്പരന്മാരായ ശിഷ്യന്മാരേയും ഭൂമിയിൽവെച്ചു മഹേശ്വരപ്രസാദത്താൽ കൈലാസത്തെ പ്രാപിക്കുകയും ചെയ്തു.

എന്ന സ്കന്ദോപപുരാണത്തിൽ
മുപ്പത്തിരണ്ടാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളേ! മഹേശ്വരന്റെ സന്നിധിയിൽ ദിനന്തോറം നിയമത്തോടുകൂടെ നമസ്കാരം ചെയ്യുന്നവരുടെ ജന്മദുഃഖത്തെ മഹേശ്വരൻ നശിപ്പിക്കുന്നു. ചോളരാജ്യത്തിന്നലങ്കാരമായി അസനപുരമെന്നൊരു സ്ഥലമുണ്ട്. അതു വേദവേദാംഗജ്ഞന്മാരായ ബ്രാഹ്മണരാലും യാഗത്തിന്നു ദീക്ഷിച്ചവരാലും ധമ്മനിഷ്ഠാവിശേഷത്താൽ വസിഷ്ഠാദി മുനീന്ദ്രന്മാരുടെ യശസ്സിനെ തോല്പിക്കുന്നവരായ ബ്രാഹ്മണശ്രേഷ്ഠന്മാരാലും ആതിഥ്യത്തെ ചെയ്യുന്നവരും ശാന്തന്മാരും ജിതേന്ദ്രിയന്മാരും ആഹിതാഗ്നികളുമായ ബ്രാഹ്മണരാലും അധിവസിക്കപ്പെട്ടതാണ്. അത് എപ്പോഴും ബ്രഹ്മഘോഷത്താൽ നാദിതമാണ്. ആ പുരത്തിന്റെ സമീപത്തിലുള്ള കൃഷിസ്ഥലത്തിൽ ഒരു ചെറിയ തോടിന്റെ വക്കത്തു പറയരുടെ അധിവാസസ്ഥലമുണ്ട്. ആ സ്ഥലം ജന്തുക്കളുടെ രക്തത്താൽ ചളികെട്ടിയതായും പഴയ മാംസങ്ങളുടെ ഗന്ധത്താൽ വിളിച്ചുവരുത്തിയ കാക്കകളോടുകൂടിയതായും കുക്കുടങ്ങളുടെ വലിയ

ശബ്ദത്താൽ നാദിതമായ ദിക്കുകളോടുകൂടിയതായും മററുള്ള ഗോചർമ്മങ്ങളിൽ ഉണക്കുവാനിട്ട ധാന്യങ്ങളോടുകൂടിയതായും മദ്യമദോന്മത്തന്മാരായ ചണ്ഡാല സങ്കലമായും ഇരിക്കുന്ന ആ സ്ഥലത്തു നന്ദൻ എന്ന പേരായി ഒരു പറയനുണ്ടായിരുന്നു. അവൻ ബാല്യംമുതൽക്കുതന്നെ ഭാഗ്യവശാൽ ശിവഭക്തനായി ഭവിച്ചു. അവൻ ശിവക്ഷേത്രത്തിലുള്ള വാദ്യങ്ങൾ കേട്ടു വന്നതെല്ലാം നന്നാക്കിക്കൊടുക്കുകയും ഗോരോചനം കൊടുക്കുകയുംചെയ്യും. ഒരിക്കൽ അവൻ തോൽകൊണ്ട് ഒരു വാദ്യമുണ്ടാക്കി കരഞ്ഞീപുരനാഥക്ഷേത്രത്തിൻെറ ദൂരത്തിൽവെച്ചു തൊഴുതുകൊണ്ടു ശിവലിംഗത്തെ ഒന്നു കാണുവാനാഗ്രഹിച്ച് ഒരു മുഹൂർത്തനേരം നിന്നു. വലിയ വൃഷഭത്താൽ മറഞ്ഞിരിക്കുന്ന ശിവലിംഗത്തെ കാണുവാൻ കഴിയാതെ അവൻ തൻെറ ജന്മത്തെ നിന്ദിച്ചു. ഞാനെന്തിനാണ് ഈ നിന്ദ്യമായ ജാതിയിൽ ജനിച്ചത് എന്നു വിചാരിച്ചു ശിവനെ ധ്യാനിച്ചുകൊണ്ടുനിന്നു. അവൻ ക്ഷണത്താൽ ഭക്തികൊണ്ടു പരിശുദ്ധമാനസനായി. അപ്പോൾ മഹേശ്വരൻ പ്രസന്നനായി വൃഷഭത്തോട് ഒരു ഭാഗത്തെക്കൊതുങ്ങുവാൻ പറഞ്ഞു. വൃഷഭം തെക്കോട്ടൊതുങ്ങി. അപ്പോൾ നന്ദൻ ജ്യോതിർമ്മയമായ ശിവലിംഗത്തേക്കണ്ടു ദൂരത്തിൽനിന്നു സന്തോഷത്തോടെ നമസ്കരിച്ചു കൈകൊട്ടിക്കൊണ്ടു കുറേനേരം നൎത്തനംചെയ്തു. പിന്നെ അവൻ ക്ഷേത്രത്തിൻെറ മുമ്പിൽ ഒരു കുളം വെട്ടിയുണ്ടാക്കി. അവൻ എപ്പോഴും ശിവനെ ധ്യാനിച്ചുകൊണ്ടു നീചജാതിയായതുകൊണ്ടുള്ള ഭയത്താൽ മഹേശ്വര! രക്ഷ, രക്ഷ എന്നു മനസ്സുകൊണ്ടു പറയും. അവൻ നടേശമൂൎത്തിയെ സേവിപ്പാൻ ചിദംബരത്തേക്കു പുറപ്പെട്ടു. അപ്പോൾ അവൻെറ ജാതിക്കാരെല്ലാവരുംകൂടി അനേക ദീക്ഷിതന്മാർ നിറഞ്ഞിരിക്കുന്നതാണ് ചിദംബരപുരം. അവിടെ നീ പോകരുതെന്നു പറഞ്ഞു മടക്കി. എങ്കിലും അവൻ ഞാൻ നാളെ പോവുമെന്നു പറഞ്ഞു. പിറേറദിവസം പുറപ്പെട്ടതും അവർ മടക്കി. അവൻ ദിവസവും ഇങ്ങിനെ പറഞ്ഞുകൊണ്ട് ഒരു മാ

സമല്ല ഒരു സംവത്സരം കഴിഞ്ഞു. ഇങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം രാവിലെ താൻ പുറപ്പെടുന്നതിനെ മുടക്കുന്നവരേയും കരയുന്ന തന്റെ ദുഷ്ടയായ ഭാൎയ്യയേയുമാശ്വസിപ്പിച്ചു ചിദംബരത്തേക്കുപോയി. അവൻ കാവേരിയിൽ കളിച്ചു ഭസ്മാതേച്ച് ഒരു വിളിപ്പാടു ദൂരത്തിൽ ചിദംബരേശ്വരന്റെ ഗോപുരംകണ്ടു സന്തോഷത്തോടെ നമസ്കരിച്ചു ചിദംബരപുരത്തിന്റെ സമീപത്തിലെത്തി. കിഴക്കേ ഗോപുരത്തിന്ന് ഒരു നാഴിക ദൂരെനിന്നു പലവിധ യാഗങ്ങളെ ചെയ്യുന്നവരായ ബ്രാഹ്മണരുടെ പുണ്യധൂമത്താൽ മനോജ്ഞമായ ആകാശത്തോടുകൂടിയതും ബ്രഹ്മഘോഷത്താൽ നാദിതവുമായ അനേക ഗൃഹങ്ങളേക്കണ്ടു ഭയപ്പെട്ടു ഹീനവംശജനായ ഞാൻ ഇവിടെ നില്ക്കുന്നതു യുക്തമല്ല. വേറെയൊരു ദിക്കിലേക്കു പോകാമെന്നു നിശ്ചയിച്ചു തെക്കേ ഭാഗത്തേക്കു പോയി. ദക്ഷിണഗോപുരസമീപത്തിൽ സനകതുല്യന്മാരായ സന്യാസികളുടെ വേദാന്തധ്വനിയാൽ നാദിതമായും തത്വമസ്യാദി മഹാവാക്യങ്ങളുടെ പദാൎത്ഥങ്ങളെ എഴുതിക്കെട്ടിയ പടത്താൽ അടയാളമുള്ള വൃക്ഷങ്ങളോടുകൂടിയതായും അനേക മഠങ്ങളെ കണ്ടു. ഇനി ഏതു വഴിയിൽകൂടിയാണ് ഞാൻ പോകേണ്ടതെന്നു വിചാരിച്ച് അവൻ പടിഞ്ഞാറേ ഭാഗത്തേക്കു പോയി. അവിടേയും യോഗാരൂഢന്മാരായ മഹാത്മാക്കളേക്കണ്ടു. ഉടനെ വടക്കേ ഭാഗത്തുചെന്നു, ആ ഗോപുരദ്വാരത്തിൽ വളരെ രാജൎഷിമാരേയും സദാചാരരതന്മാരായ അനേകം ശിവഭക്തന്മാരേയും കണ്ടു തന്റെ ജന്മത്തെ നിന്ദിച്ചു. ഹീനജാതിയായ എനിക്കു സഭാപതിയുടെ ദൎശനം എങ്ങിനെ സിദ്ധിക്കും? ഏതായാലും ദേവനേക്കണ്ടു സേവിച്ചല്ലാതെ ഞാൻ പോകയില്ല എന്നു നിശ്ചയിച്ച് അവൻ അവിടെത്തന്നെയിരുന്നു. അനന്തരം അവന്റെ ദൃഢഭക്തികണ്ടു സന്തുഷ്ടനായ സഭാപതി സ്വപ്നത്തിൽ അവനോടു നീ നാളെ അഗ്നിപ്രവേശം ചെയ്ത് എന്റെ സഭയിലേക്കു വരിക എന്നുപറഞ്ഞു. മൂവ്വായിരം

ബ്രാഹ്മണരോടും നന്ദൻെറ ശുദ്ധിക്കായി അഗ്നിയെ ജ്വലിപ്പിച്ചു കൊടുക്കേണമെന്നു പറഞ്ഞു. പിറേറദിവസം രാവിലെ ബ്രാഹ്മണരെല്ലാവരും ഉണൎന്നു സ്വപ്നവൃത്താന്തത്തെ പറഞ്ഞു വിസ്മിതന്മാരായിട്ട് അഗ്നിയെ പ്രാൎത്ഥിച്ചുകൊണ്ടു വളരെ വിറകുകളെ വരുത്തി ദക്ഷിണഗോപുരത്തിൻെറ സമീപത്ത് അഗ്നിയെ ജ്വലിപ്പിച്ചു. മദ്ധ്യാഹ്നസമയമായപ്പോൾ നന്ദൻ കുളിച്ചു ഭസ്മവും ധരിച്ചു ബ്രാഹ്മണരെ നമസ്കരിച്ചു വണ്ടു പത്മത്തിൽ പ്രവേശിക്കുന്നതുപോലെ അഗ്നിയിൽ പ്രവേശിച്ചു. അഗ്നിയാൽ ദഹിക്കപ്പെട്ട അവൻെറ ദേഹത്തിൽനിന്ന് ഒരു ബ്രാഹ്മണശ്രേഷ്ഠൻ ഭസ്മരുദ്രാക്ഷങ്ങളാൽ അലംകൃതശരീരനായും ഇടത്തെ കയ്യിൽ ഒരു ദണ്ഡും വലത്തെക്കയ്യിൽ ജലപാത്രവും ധരിച്ചവനായും ദിവ്യാംബരധരനായും കുടുമകെട്ടിയിട്ടതിനാൽ ശോഭിതമായ ശിരസ്സോടുകൂടിയവനായും എല്ലാവരും കാണ്കെ വാമദേവമുനിയെന്നപോലെ ഉത്ഥിതനായി. അപ്പോൾ ആ ബ്രാഹ്മണൻെറ ശിരസ്സിൽ ദേവകൾ പുഷ്പവൃഷ്ടിചെയ്തു. ദുന്ദുഭികളും ശബ്ദിച്ചു. ചാരണന്മാർ സ്തുതിച്ചു. ഗണങ്ങൾ ആ ബ്രാഹ്മണനെ വത്സ, വത്സ എന്നു വിളിച്ചു. അനന്തരം ആ ബ്രാഹ്മണൻ ദീക്ഷിതന്മാർ കാണിച്ചുകൊടുത്ത മാൎഗ്ഗത്തിൽ കൂടിപോയി ചിദംബരേശൻെറ കനകസഭയെ പ്രവേശിച്ചു ചിദാകാശമയനായ ദേവനെ സേവിച്ച് എല്ലാവരും നോക്കിക്കൊണ്ടിരിക്കെ മറയുകയുംചെയ്തു. ഭക്തികൊണ്ടു മുക്തനായ നന്ദൻെറ ചരിത്രം നിങ്ങളുടെ സഭയിൽ ഇങ്ങിനെ എന്നാൽ പറയപ്പെട്ടു. ഹേ മുനികളെ! മുക്തിക്കു മുഖ്യസാധനം ഭക്തി തന്നെ.

എന്നു സ്കന്ദോപപുരാണത്തിൽ
മുപ്പത്തിമൂന്നാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു — ഹേ മുനികളേ! കേൾക്കുവിൻ. ശിവൻെറയും ശിവഭക്തന്മാരുടേയും കൈങ്കൎയ്യത്തെ ചെയ്യുന്ന

വക്ക ജ്ഞാനമോ യോഗമോ കൂടാതെ മുക്തി സുലഭമാണ്. ഇതിന്ന സിദ്ധേശ്വരന്മാരാൽ പറയപ്പെട്ടതായ ഇതിഹാസത്തെ നിങ്ങളോട്ട പറയാം. ഇതു കേട്ടാൽ അനാദിയായ അവിദ്യാവാസന നശിച്ചവരായ ജ്ഞാനികൾകൂടി വിസ്മയിക്കും. മഹേശ്വരന്റെ നിവാസസ്ഥാനമായ കൈലാസപൎവ്വതം പരമശിവൻ എന്നിലല്ലേ അധിവസിക്കുന്നത്? എന്നേക്കാൾ ശ്രേഷ്ഠമായ സ്ഥലം മാറ വല്ലതുമുണ്ടോ? എന്ന ഗൎവ്വിച്ചിരിക്കുമ്പോൾ ആ ഗൎവ്വശമനത്തിന്നായി മഹേശ്വരനാൽ അത്ഭുതമാകുംവണ്ണം സൃഷ്ടിക്കപ്പെട്ടതായും ദൈനം ദിനപ്രളയത്തിൽ ശിവാജ്ഞയാൽ നശിക്കാതെയിരിക്കുന്നതായും പ്രളയസമുദ്രത്തിൽ അധോമുഖമാക്കിവിട്ട കടംപോലെ ജലത്താൽ നാശിക്കാതെ ശോഭിക്കുന്ന ശിവസ്ഥലമായും കാമാക്ഷീദേവിയുടേയും ഏകാമ്രനാഥന്റേയും ജലക്രീഡയാൽ അലിഞ്ഞതായ ഭസ്മ, കസ്തൂരികളോട്ടകൂടിയതിനാൽ ഗംഗയെപ്പോലെ ശോഭിക്കുന്ന നദിയോട്ടകൂടിയതായും ത്രൈലോക്യവിശ്രുതമായും വിന്ധ്യപൎവ്വതത്തിന്റെ തെക്കഭാഗത്തു സ്വൎഗ്ഗത്തിന്റെ പ്രതിബിംബമെന്നതുപോലെ കാഞ്ചീപുരമെന്ന പേരായി ഒരു ശിവസ്ഥലമുണ്ട്. ആ സ്ഥലം കാമാക്ഷീദേവിയെ സേവിപ്പാൻ വന്നവരായ സിദ്ധന്മാരുടെ വിമാനങ്ങൾപോലെയിരിക്കുന്ന ഭവനങ്ങളാൽ നിബിഡങ്ങളായിരിക്കുന്നു. ക്രീഡോദ്യാനങ്ങളിലുള്ള വാഴകളുടെ അഗ്രങ്ങൾ ദേവനദിയായ മന്ദാകിനിപ്രവാഹത്തെ തൊട്ടിരിക്കുന്നു. ഉദ്യാനവൃക്ഷങ്ങൾ ദേവഗംഗയിൽ കളിക്കുന്ന സ്ത്രീകളുടെ ആഭരണങ്ങളെ ധരിച്ചുകൊണ്ട നില്ക്കുന്നു. ഉദ്യാനത്തിലുള്ള തെങ്ങുകളുടെ ശിരസ്സിൽ സൂൎയ്യന്റെ രഥാശ്വങ്ങൾ വിശ്രമിക്കുന്നു. കഴങ്ങുകളുടെ പൂക്കലകൾ ദേവോദ്യാനത്തിലുള്ള വണ്ടുകളെ വിളിക്കുന്നു. രമണീജനങ്ങളുടെ ഗാനരസത്താൽ ഗോപുരാഗ്രത്തിലുള്ള രത്നങ്ങളെല്ലാം ദ്രവിച്ചിരിക്കുന്നു. സുന്ദരികളുടെ കുന്തളസൌരഭ്യത്താൽ വീഥികളെല്ലാം വാസിതമായിരിക്കുന്നു. തന്വംഗികളുടെ കണ്ണാഭരണങ്ങളാകുന്ന സൂൎയ്യനാൽ അന്ധകാരമെ

ല്ലാം നശിപ്പിക്കപ്പെട്ടിരിക്കുന്നു. മുഗ്ദ്ധാക്ഷിമാരുടെ മനോഹരമന്ദസ്മിതചന്ദ്രികയാൽ കേളീചകോരങ്ങൾ തൃപ്തങ്ങളായിരിക്കുന്നു. ചിലേടത്തു മത്തഗജങ്ങളുടെ മദജലത്താൽ ചളി കെട്ടിക്കിടക്കുന്നു. ചിലേടത്തു കുതിരകളുടെ കുളമ്പുകൊണ്ടു ഭൂമിയിൽനിന്നുണ്ടായ പൊടികളാൽ ആകാശത്തെ മറച്ചിരിക്കുന്നു. ചിലേടത്തു യുദ്ധസമർത്ഥന്മാരായ രാജഭടന്മാരുടെ വാളുകൾ ഇളകുമ്പോൾ ആദിത്യനും ഇളകിപ്പോകുന്നു. കാമാക്ഷീദേവിയുടെ സേവക്കായിവന്ന വിഷ്ണുവിന്റെ വക്ഷോനിവാസിനിയായ ലക്ഷ്മീദേവിയുടെ കടാക്ഷത്താൽ അത്യന്തം സമൃദ്ധിയുള്ളതായിരിക്കുന്നു. അവിടെ കമ്പാനദിയുടെ തീരത്തിൽ ഏകാമ്രവൃക്ഷത്തിന്റെ മൂലത്തിൽ ബ്രഹ്മവിദ്യാസ്വരൂപിണിയായ ഉമാദേവിയാൽ മഹേശ്വരൻ അർച്ചിക്കപ്പെടുന്നു. അവിടെ തുറന്നിരിക്കുന്ന മുക്തിദ്വാരമായ പരാകാശഗുഹയെ ഭൈരവമുഖ്യന്മാരായ ഗണങ്ങൾ പാലിക്കുന്നു. സർവ്വദേവഗന്ധർവ്വസിദ്ധചാരണന്മാരാലും സേവിതമാണ്. അവിടെ ഇപ്പോഴും കാമാക്ഷീദേവിയുടെ സന്നിധിയിൽ ഇരിക്കുന്നവർക്കു ബ്രഹ്മാവിന്നും മുനീശ്വരന്മാർക്കുംകൂടി ദിക്കുകൾ വളരെ നേരം നോക്കിയാലും അറിയുന്നില്ല. പരാകാശഗുഹയിലുള്ള അമൃതതുല്യമായ ജലത്തിൽ പ്രതിഫലിക്കുന്ന ഛായകളെ സിദ്ധന്മാർ കൌതുകത്തോടെ നോക്കുന്നു. ദീക്ഷിതന്മാരുടെ മന്ദിരങ്ങൾതോറും യാഗം ചെയ്യുന്ന ധൂമത്താൽ വർദ്ധിതങ്ങളായ മേഘങ്ങൾ സമയത്തിൽ നല്ലവണ്ണം വർഷിക്കുന്നു. കാമാക്ഷീദേവിയുടെ കുന്തളത്തിലുള്ള സുഗന്ധകല്ഹാരപുഷ്പസൌരഭ്യത്താൽ വാസിതനായ വായു കാമാക്ഷീദർശനത്തിന്നു വരുന്നവരുടെ ക്ഷീണത്തെ എപ്പോഴും തീർത്തുകൊണ്ടിരിക്കുന്നു. അവിടെ കാമാക്ഷിയാൽ ആലിംഗിതനായ മഹേശ്വരൻ ഇപ്പോഴും കാമിയെപ്പോലെ സ്തനകങ്കണമുദ്രകൊണ്ട് അലംകൃതനായിരിക്കുന്നു. അവിടെ കാമാക്ഷീദേവിയുടെ ഗർഭഗൃഹത്തിൽ കല്ലുകളിലെഴുതിയിരിക്കുന്ന ത്രൈലോക്യരഹസ്യങ്ങൾ യോഗികളാൽകൂടി അറിയപ്പെടുന്നില്ല. ആ ഏകാമ്രനാഥന്റെ വസ്ത്രങ്ങൾ അലക്കുന്നവനായ ഒരു വെളുത്തേടനുണ്ടായിരുന്നു. അവന്നു വിചാരവാ

ദിനെന്നാണ് പേർ. മഹേശ്വരനിൽ ഭക്തിമാനാണ്. അവന്ന മഹേശ്വരാനുഗ്രഹത്താൽ ശിവഭക്തന്മാരുടെ വസ്ത്രങ്ങൾ അലക്കിക്കൊടുക്കേണമെന്ന തോന്നി. അവൻ ഭസ്മരുദ്രാക്ഷധാരികളായ ശിവഭക്തന്മാരുടെ വസ്ത്രങ്ങൾ ഒട്ടും കൂലിവാങ്ങാതെ അവന്റെ മനസ്സിനെപ്പോലെ അതിനിൎമ്മലമായി അലക്കിക്കൊടുക്കും. കാഞ്ചീപുരത്തിൽ വരുന്ന ശിവഭക്തന്മാരുടെ വസ്ത്രം മലിനമായി കണ്ടാൽ താൻതന്നെ അവരുടെ അടുക്കെ പോയി പ്രാൎത്ഥിച്ച വസ്ത്രങ്ങളെ വാങ്ങി നല്ലവണ്ണം അലക്കി വെയിലിലിട്ടുണക്കി വൈകുന്നേരംതന്നെ കൊടുക്കും. അവൻ ശിവഭക്തന്മാരുടെയല്ലാതെ മററാരുടേയും വസ്ത്രങ്ങൾ അലക്കുകയില്ല. ഇങ്ങിനെ ദൃഢവ്രതനായിതന്നെ മുപ്പത്തിരണ്ടു സംവത്സരം കഴിഞ്ഞു. അപ്പോൾ ഏകാമ്രനാഥൻ അവന്റെ ഭക്തിയെ പരീക്ഷിക്കേണമെന്ന വിചാരിച്ച് ഒരു വൃദ്ധബ്രാഹ്മണന്റെ വേഷത്തെ ധരിച്ച വളരെ മുഷിഞ്ഞ കന്ഥയെ ഉടുത്തുകൊണ്ടു രജകന്റെ മുമ്പിൽ വന്നു. ആയിരം രുദ്രാക്ഷങ്ങളെ ധരിച്ചവനായും ഭസ്മോദ്ധൂളിതശരീരനായും ഇരിക്കുന്ന വൃദ്ധബ്രാഹ്മണനെകണ്ടു വിചാരവാൻ നമസ്കരിച്ച തൊഴുതുകൊണ്ടു പറഞ്ഞു. ഹെ ബ്രാഹ്മണശ്രേഷ്ഠ! അങ്ങേക്കു വളരെ വയസ്സായിരിക്കുന്നു. ഞാൻ മഹാത്മാക്കളുടെ ദാസനാണ്. അങ്ങയുടെ വസ്ത്രത്തിൽ വളരെ ചളിയുണ്ട്. അതു ഞാനുള്ളപ്പോൾ വേണ്ട.

വൃദ്ധൻ പറഞ്ഞു— ഞാൻ കാമാക്ഷീദൎശനത്തിന്നു ദൂരെനിന്നു വരുന്നവനാണ്. ഞാൻ ഈ പുരിയെ മുമ്പു കണ്ടിട്ടില്ല. ഞാൻ ഇവിടെ ഒന്നും അറിയുകയില്ല. ഈ കാലം വളരെ മഞ്ഞുള്ളതാണ്. രാത്രിയിൽ മഞ്ഞും തണുപ്പും വളരെയുണ്ട്. എന്റെ കയ്യിൽ മുഷിഞ്ഞതും കീറിയതുമായ ഈ ഒരു വസ്ത്രം മാത്രമേയുള്ളു. വിശേഷിച്ച ഞാൻ വൃദ്ധനാണ്. എനിക്കു തണുപ്പു സഹിക്കയില്ല. ഞാൻ നിന്നെ അറിയില്ല. നിന്റെ വീടും അറിയില്ല. അന്യന്മാരുടെ വസ്ത്രം ഉടുക്കരുതെന്നാണ് മഹാന്മാർ പറയുന്നത്. ആചാരമാണ് ശീലത്തെ പറയുന്നത്. നീ സജ്ജനസമ്മതനും ഭക്തനുമാണ്. എന്റെ വസ്ത്രത്തെ നല്ലവണ്ണം

അലക്കി വെയിലിൽ ഉണക്കി വൈകുന്നേരംതന്നെ തരുവാൻ സാമൎത്ഥ്യമുണ്ടെങ്കിൽ കൊണ്ടുപോ. വ്യാജം പറയരുത്. ഇങ്ങിനെ വൃദ്ധൻ പറഞ്ഞതുകേട്ടു രജകൻ പിന്നെയും പറഞ്ഞു. എനിക്ക് ഇങ്ങിനെയുള്ള മഹാത്മാക്കളുടെ വസ്ത്രങ്ങൾ അലക്കുകയല്ലാതെ വേറെ യാതൊരു പ്രവൃത്തിയുമില്ല. ഞാൻ അങ്ങയുടെ വസ്ത്രത്തെ ചന്ദ്രികയെപ്പോലെ വെളുപ്പിച്ചു നല്ലവണ്ണം വെയിലത്തുണക്കി വൈകുന്നേരംതന്നെ തരാം. അതുവരെ ജഗന്മാതാവായ കാമാക്ഷിക്ഷേത്രത്തിലിരിക്കുക എന്നു പറഞ്ഞു രജകൻ വൃദ്ധന്റെ കന്ഥയെ വാങ്ങിക്കൊണ്ടുപോയി. ആ വസ്ത്രത്തിന്റെ ചളിയെ കളയുന്നതോടുകൂടി തന്റെ അനേക ജന്മങ്ങളിലുള്ള പാപങ്ങളേയും കളഞ്ഞു. അവൻ വസ്ത്രത്തെ അലക്കി നല്ല മണലിൽ വെയിൽ കൊള്ളുവാനിട്ടു. അപ്പോൾ മഹേശ്വരമായയാൽ വലുതായ മഴ വന്നു. ഒരു കൊടുങ്കാറ്റു വന്ന് ആ കന്ഥയെ എവിടെക്കൊ അടിച്ചുകൊണ്ടുപോയി. ആ മഴ അന്നു സന്ധ്യയായിട്ടും നില്ക്കാത്തതുകണ്ടു രജകൻ പ്രതിജ്ഞാഭംഗത്തേക്കാൾ നല്ലതു മരിക്കുന്നതു തന്നെയെന്നും വൃദ്ധന്ന് അപരാധത്തെ ചെയ്യുവനായ ഞാൻ ഇനി ഇരിക്കുകയില്ലെന്നും നിശ്ചയിച്ച് അലക്കുന്ന കല്ലിന്റെ അടുക്കെചെന്നു തല കല്ലിന്മേൽ തല്ലുവാൻ ഭാവിച്ചപ്പോൾ മഹേശ്വരൻ വൃഷഭാരൂഢനായി ആ കന്ഥയെയും കയ്യിൽ പിടിച്ചുകൊണ്ടു പ്രത്യക്ഷനായി. അപ്പോൾ പുഷ്പവൃഷ്ടിയും ദുന്ദുഭിനാദവും കലശലായുണ്ടായി. പിന്നെ മഹേശ്വരൻ മരിക്കുവാനൊരുങ്ങിയ രജകനെ തടുത്ത് എന്നും തന്നോടുകൂടെ കൈലാസവാസവും കൊടുത്തു.

എന്നു സ്കന്ദോപപുരാണത്തിൽ

മുപ്പത്തിനാലാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— മഹേശ്വരന്നു പശുക്കളുടെ പാൽകൊണ്ട് അഭിഷേകം ചെയ്യുന്നവർ സകല പാപവും നശിച്ചു

മുക്തന്മാരാവും സത്യാതന്നെ. ഇതിന്നു പണ്ടുള്ള ബ്രഹ്മവാദികൾ ഒരു ഇതിഹാസത്തെ പറയുന്നുണ്ട്. അതിന്റെ ശ്രവണത്താൽ ബ്രഹ്മഹത്യകൂടി നശിക്കുന്നു. മണിമുക്താനദിയുടെ തീരത്തിൽ മന്ദാകിനിനദീതീരത്തിൽ സ്വർഗ്ഗലോകമെന്നതുപോലെ സ്കന്ദമൂർത്തിയാൽ പ്രതിഷ്ഠിതമായ സ്കന്ദപുരമെന്നു പ്രസിദ്ധമായിട്ടു ഒരു സ്ഥലമുണ്ട്. അവിടെ എല്ലാടവും ബ്രാഹ്മണർ ധർമ്മനിഷ്ഠന്മാരായും നിത്യവും അഗ്നിഹോത്രത്തെ ചെയ്യുന്നവരും നാലു വേദങ്ങളെ അദ്ധ്യയനം ചെയ്യുവരും ബ്രഹ്മവാദികളും ഷൾകർമ്മനിരതന്മാരും സപ്തർഷിതുല്യതേജസ്സോടു കൂടിയവരും അംബുമൂർത്തിയെ സ്തുതിക്കുന്നവരും പതിനെട്ടു വിദ്യകളെ അറിയുന്നവരും ദശേന്ദ്രിയങ്ങളെ അടക്കിയവരും മനസ്സിൽ ഈശ്വരദ്ധ്യാനത്തോടുകൂടിയവരും ദ്വാദശാദിത്യതുല്യപ്രകാശത്തോടു കൂടിയവരും ഉദാത്താദികളായ ത്രയോദശസ്വരങ്ങളുടെ അർത്ഥത്തെ അറിയുന്നവരും പതിന്നാലു വിദ്യകളിലും ദേശികന്മാരുമാകുന്നു. അവിടെ യാഗങ്ങളിലുള്ള ഹവിർഭാഗത്തെ വാങ്ങുവാൻ വരുന്ന ദേവന്മാരുടെ വിമാനങ്ങൾ രാജവീഥികളിൽ കാണപ്പെടുന്നു. അവിടെ ശ്രീരുദ്രജപരതന്മാരായ ബ്രാഹ്മണരുടെ തേജസ്സു കണ്ടു സൂര്യൻ നാളികേരങ്ങളിൽ മറയുന്നു. അവിടെ പശുക്കൂട്ടം സ്ത്രീകൾക്കു പിടിച്ചു കറക്കുവാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ മദിച്ചവകളാണെങ്കിലും ബ്രഹ്മചാരികളുടെ സാമഗാനത്താൽ സ്വഛങ്ങളായി നില്ക്കുമ്പോൾ സുഖമായി പിടിച്ചു കറക്കുന്നു. ' അവിടെ യജ്ഞദത്തനെന്നു പേരായി ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹത്തെ ലക്ഷ്മി വിഷ്ണുവിനെയെന്നപോലെ വിദ്യാസാമ്രാജ്യലക്ഷ്മിവരനായി വരിച്ചു. അദ്ദേഹം ശിഷ്യന്മാരാൽ ലഭിച്ച ദ്രവ്യത്താൽ ഭൂമിയെ നിറച്ചു. എന്നുമാത്രമല്ല സഭാപതിയുടെ പശുക്കൾക്കും സ്വർണ്ണപ്പട്ടയെ കെട്ടിച്ചു. അദ്ദേഹത്തിന്നു പാവനയായ ഒരു ഭാര്യയും ഉണ്ടായിരുന്നു. അവർ വലിയ നിയമത്തോടുകൂടി മഹേശ്വരനെ പൂജിച്ചുകൊണ്ടിരിക്കുമ്പോൾ പാർവ്വതീപരമേശ്വരന്മാൎക്കു ഷണ്മുഖനെന്നപോലെ ഭാഗ്യത്താൽ ഒരു പുത്രനുണ്ടായി. ആ ബാലൻ അമ്മയാൽ ലാളിതനായിട്ടു ചന്ദ്രനെ

പ്പോലെ ആനന്ദകരനായി വളൎന്നു. ആ ബാലൻ ബാല്യത്തിൽ തന്നെ സജ്ജനസംസൎഗ്ഗത്തിൽ തല്പരനായിത്തീൎന്നു. തീക്ഷ്ണബു ദ്ധിയായ ബാലൻ അഞ്ചുവയസ്സിന്നു മുമ്പേതന്നെ ആരും അഭ്യ സിപ്പിക്കാതെ സകല വിദ്യകളും ദൈവാനുഗ്രഹത്താൽ കേട്ടഗ്ര ഹിച്ചു. അവന്ന് അഞ്ചാമത്തെ വയസ്സിൽ വിധിപ്രകാരം ഉ പനയനംചെയ്തു. ഗുരു ഒരു പ്രാവശ്യം ഉപദേശിച്ചതിനാൽ എ ല്ലാ വേദങ്ങളേയും വേദാംഗങ്ങളേയും പദക്രമങ്ങളേയും പഠി ച്ചു. എട്ടു വയസ്സായപ്പോഴേക്കു സകല ശാസ്ത്രങ്ങളേയും പഠി ച്ചുകഴിഞ്ഞു. ആ ബാലൻ സകല വേദശാസ്ത്രങ്ങളുടേയും ത ത്വത്തെ ആലോചിച്ച് എല്ലാററിന്റേയും താല്പൎയ്യം പരമ ശിവനാണെന്നു നിശ്ചയിച്ചു സകല കൎമ്മങ്ങളേയും ത്യജി ച്ചു മഹേശ്വരങ്കൽ ഭക്തിയെ ഉറപ്പിച്ചു. നിത്യവും പന്തീ രായിരം ഉരു പഞ്ചാക്ഷരമന്ത്രം ജപിച്ചുകൊണ്ടു വൈകുന്നേ രം പതിനൊന്നാവൎത്തി ശ്രീരുദ്രവും ജപിക്കും. രാവിലേ യും വൈകുന്നേരവും മടിക്കൂടാതെ സമിത്തുക്കളെ അഗ്നി യിൽ ഹോമിക്കും. ആദിത്യൻ പകുതി ഉദിക്കുമ്പോൾ ആ യിരം ഗായത്രിയും ജപിക്കും. ദേഹമെല്ലാം ഭസ്മംധരിച്ചു നെ ററിയിലും ഭസ്മത്താൽ അലംകൃതനായി മുഞ്ജമേഖല, പലാശ ദണ്ഡം, കൃഷ്ണാജിനം ഇതുകളാൽ മനോഹരവേഷനായിട്ടു ജ്വ ലിക്കുന്ന അഗ്നിയെപ്പോലെ ശോഭിച്ചു. മദ്ധ്യാഹ്നംവരെ മഠ ത്തിലിരുന്നു ശിവപൂജയും മററും ചെയ്യും. അഞ്ചാമത്തെകാ ലത്തിൽ ഭിക്ഷയെടുത്തു ഗുരുവിന്റെ അനുജ്ഞയാൽ ഭക്ഷിക്കും. വിചാരശൎമ്മൻ ഇങ്ങിനെ ദിവസംകഴിച്ചുകൊണ്ടിരുന്നു. ഒരു ദിവസം ശിവപൂജ, ജപം മുതലായതുകളെല്ലാം കഴിച്ചു വിചാര ശൎമ്മൻ ഗൃഹന്തോറം ഭിക്ഷക്കായി പുറപ്പെട്ടു. അപ്പോൾ വഴി യിൽ ആദ്യം പ്രസവിച്ചതായ ഒരു പശു കുട്ടിയെ വിട്ടുവന്നതി നാൽ ഒന്നും തിന്നാതെ നില്ക്കുന്നതുകണ്ടു പശുപാലൻ വടി കൊണ്ട് അതിനെ അടിച്ചു ബുദ്ധിമുട്ടിക്കുന്നതുകണ്ടു. മഹാ ത്മാവായ വിചാരശൎമ്മൻ ദയകൊണ്ടു പരവശനായിട്ട് അതി നെ മുടക്കി. തേജസ്വിയായ ബ്രഹ്മചാരിയെകണ്ടു പശുപാ

ലൻ ഓടിക്കളഞ്ഞു. വേഗം വിചാരശർമ്മൻ കുറെ പുല്ലുപറി ച്ചു പശുവിന്നുകൊടുത്തു. ജലപാത്രത്തിലുള്ള ജലവും കൊടു ത്തു വിശപ്പും ദാഹവുംതീർത്തു. പിന്നെ വിചാരശർമ്മൻ പശു ക്കളുടെ വാചാമഗോചരമായ മാഹാത്മ്യത്തെയോർത്തു. പശു എ ന്നുള്ളതു സർവ്വവേദമയിയാണ്. സർവതീർത്ഥമയിയുമാണ്. സ ർവ്വയാഗമയിയാണെന്നാണ് വേദം പറയുന്നത്. ഇത് എ ല്ലാററിന്നും അമൃതസാധനമാണ്. ഇതിൻെറ പുരീഷം അഗ്നി യിൽവെന്താൽ ഭസ്മം എന്ന് അത്യന്തം ശ്ലാഘിക്കപ്പെടുന്നു. ഇ തിങ്കൽനിന്നുണ്ടാകുന്ന പഞ്ചഗവ്യം മഹാ പാപഹരമാണ്. ഇ തിൻെറ പാൽകൊണ്ടഭിഷേകംചെയ്താൽ മഹേശ്വരൻ ഏററ വും സന്തുഷ്ടനാകുന്നു. യാഗത്തിൻെറ തത്വമറിഞ്ഞവർ സ ർവ്വധർമ്മത്തെയും കാക്കുന്നതാണ് പശു എന്നു പറയുന്നു. ഇ തിൻെറ പാദധൂളി ശിരസ്സിൽ ധരിച്ചാൽ ഗംഗയെപ്പോലെ പ രിശുദ്ധമാക്കുന്നു. ഇതിങ്കൽനിന്നാണ് മഹേശ്വരവാഹനമാ യ വൃഷഭം ഉണ്ടായിട്ടുള്ളത്. ജഗന്മാതാവായ ധേനു ദർശനമാ ത്രത്താൽ പാപനാശിനിയാണ്. ഇതിൻെറ നെയ്യാണ് യാ ഗങ്ങളിൽ ബ്രഹ്മണ്യസാധനമായി പറയുന്നത്. അത്ര മഹ ത്വമുള്ള പശുവിനെയാണ് ദുഷ്ടനായ ഗോപാലൻ അടിക്കു ന്നത്. ഞാൻ ഇന്നുമുതല്ക്കു പശുക്കളുടെ പരിചര്യയെ എ പ്പോഴും ചെയ്യാം .മററുള്ളകർമ്മങ്ങൾകൊണ്ട് എനിക്കെന്താണ് വരുവാനുള്ളത്. എന്നിങ്ങിനെ നിശ്ചയിച്ചു വിചാരശർമ്മൻ പശുപാലനെ ആട്ടിക്കളഞ്ഞു തൻെറ കർമ്മങ്ങളെല്ലാം ആദ്യ ത്തെകാലത്തിൽ ചെയ്തു താൻതന്നെ പശുക്കളെമേക്കുവാൻ തുടങ്ങി. നല്ല പുല്ലുള്ളദിക്കുകളിൽ പശുക്കളെ മേച്ചു വെള്ള വും കുടിപ്പിച്ചു തണലുള്ളദിക്കിൽ ആക്കും. പശുക്കളെല്ലാം തൃപ്തിപ്പെട്ടതിൻെറ ശേഷം താൻ ശിവപൂജചെയ്യും. ഇങ്ങി നെ വളരെ ദയയോടുകൂടെ ശുശ്രൂഷിക്കുകയാൽ പശുക്കളെ ല്ലാം തടിച്ചു പാലും ഇരട്ടിയുണ്ടായി. ഏതുസമയത്തും പാലു കിട്ടും. വിചാരശർമ്മൻ പശുക്കളുടെ അകിട്ടിൽ ചൊറിയു മ്പോഴെല്ലാം അവ പാലുകൊടുക്കും. ആ വടു തൻെറ ജലപാ

ത്രത്തിൽ പാലിനെകറന്നു മണ്ണുകൊണ്ടു ശിവലിംഗമുണ്ടാക്കി പാൽകൊണ്ടഭിഷേകം ചെയ്തു പൂജയും ചെയ്യും. ഇങ്ങിനെ ആ വടു ദിനന്തോറം ചെയ്യുവന്നു. മററുള്ള ബ്രാഹ്മണരെല്ലാവരും വിചാരശമ്മന്റെ പ്രവൃത്തികണ്ടു ദ്വേഷ്യപ്പെട്ടില്ല. പശുക്കൾക്കു പാൽ അധികം കാണുന്നതുകൊണ്ടു സന്തോഷിക്കുകയുംചെയ്തു. വടുവിന്റെ അച്ഛനമ്മമാരും അവന്റെ നിഷ്ഠകണ്ടു സന്തോഷിച്ചിരുന്നു. ഇങ്ങിനെ പശുക്കളെ മേച്ചുകൊണ്ടു വിചാരശമ്മൻ മൂന്നുസംവത്സരംകഴിച്ചു. അങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം ഒരു ദുഷ്ടൻ വിചാരശമ്മൻ പശുക്കളെ കറന്ന് അഭിഷേകം കഴിക്കുന്നതും മററും കണ്ടു ഗ്രാമജനങ്ങളോടുപോയി ഏഷണിപറഞ്ഞു. അവരെല്ലാവരുംകൂടി വിചാരശമ്മന്റെ അച്ഛനോടുപറഞ്ഞു. നിന്റെപുത്രൻ പശുക്കളെ മേയ്ക്കുവാനാണെന്നു വ്യാജവും പറഞ്ഞു പശുക്കളെകൊണ്ടുപോയി ഉച്ചസമയത്ത് അവയെ തടുത്തുനിത്തി കറന്നു മണലുരുട്ടിവെച്ചു പാലെല്ലാം അതിലൊഴിച്ചുകളയുന്നു. ധൂത്തനായ നിന്റെ പുത്രനെ ശിക്ഷിക്കണം. അല്ലെങ്കിൽ ഞങ്ങൾ സമ്മതിക്കില്ല. ഇങ്ങിനെ ബ്രാഹ്മണൻ പറഞ്ഞതുകേട്ടു വിചാരശമ്മന്റെ അച്ഛനമ്മമാർ വളരെ ദുഃഖിതന്മാരായി. യജ്ഞദത്തൻ പിറേറദിവസം രാവിലെ പുത്രന്റെ പ്രവൃത്തിയെ അറിവാൻവേണ്ടി കാട്ടിൽപോയി ഒരു വള്ളിക്കുടിലിൽ മറഞ്ഞിരുന്നു. നേരം പ്രഭാതമായപ്പോൾ വടു തന്റെ കമ്മങ്ങളെല്ലാം ചെയ്തു സമിത്തുകളാൽ അഗ്നിയേയും ഹോമിച്ചു വഷന്തോറം പ്രസവിക്കുന്നവയും ഒന്നുപ്രസവിച്ചതുകളും താമസിച്ചു പ്രസവിച്ചതുകളുമായ ഉത്തമപശുക്കളെയെല്ലാം ആട്ടികൊണ്ടുപോയി വളരെ പുല്ലുള്ളേടിക്കിൽ മേച്ചു വെള്ളംകുടിപ്പിച്ചു തണുപ്പുള്ള വൃക്ഷമൂലങ്ങളിൽ ആക്കി തന്റെ ജലപാത്രമെടുത്ത് അകിട്ടിൽ കാണിച്ചു പതുക്കെ ചൊറിഞ്ഞുകൊടുത്തു. അപ്പോൾ പാൽകൊണ്ടു ജലപാത്രം നിറഞ്ഞു. പാത്രത്തെക്കൊണ്ടുപോയി മണൽകൊണ്ടു ശിവലിംഗമുണ്ടാക്കി അതിന്റെഅടുക്കെവെച്ചു പത്രങ്ങളും പുഷ്പങ്ങളും കൊണ്ടുവന്നു ഭക്തിയോടുകൂടെ മഹാ

വടുവായ വാമനമൂൎത്തി മഹേശ്വരനെ പൂജിച്ചതുപോലെ വിചാരശൎമ്മൻ പൂജിപ്പാൻ തുടങ്ങി. അപ്പോൾ യജ്ഞദത്തൻ ഓടിവന്നു കാൽകൊണ്ടു പാലിനെ തട്ടി എടാ ദുഷ്ട! നീ എന്താണ് ചെയ്യുന്നത് എന്നു പുത്രനെ ഭത്സിച്ചു. അപ്പോൾ യജ്ഞദത്തൻ കാൽകൊണ്ടു തട്ടിമറിച്ച പാൽ ശിവലിംഗത്തിന്റെ ശിരസ്സിൽ തന്നെ വീണു. അതുകണ്ടു വിചാരശൎമ്മൻ പശുക്കളെ മേയ്ക്കുന്ന വടികൊണ്ടു യജ്ഞദത്തന്റെ കാലിന്മേൽ അടിച്ചു. കോടാലികൊണ്ടു വെട്ടുകയും ചെയ്തു. യജ്ഞദത്തൻ കാൽമുറിഞ്ഞതുകൊണ്ടു ഹാ! ഹാ! എന്നുപറഞ്ഞു മൂൎച്ഛിതനായി ഭൂമിയിൽ വീണു. അപ്പോൾതന്നെ പ്രസന്നനായ മഹേശ്വരൻ വൃഷഭാരൂഢനായിട്ടു വടുവിന്റെ മുമ്പിൽ പ്രത്യക്ഷനായി. കൈലാസശിഖരംപോലെയിരിക്കുന്ന വൃഷഭത്തിന്റെ മുകളിൽ ഉമാദേവിയോടുകൂടെയിരിക്കുന്ന മഹേശ്വരനെക്കണ്ടു വടു നമസ്കരിച്ചു സ്തുതിച്ചു. അപ്പോൾ മഹേശ്വരൻ വൃഷഭത്തിൽ നിന്നു താഴത്തിറങ്ങി വടുവിനെ ആശ്ലേഷംചെയ്തു. ദേവകളെല്ലാവരും കേൾക്കെ പറഞ്ഞു. എന്നിൽ ഭക്തിയുള്ളവനാൽ മൂന്നുലോകവും ജയിക്കപ്പെടുന്നു. നീ മുക്തനായിട്ട് എന്റെ അടുക്കൽ തന്നെ ഇരുന്നുകൊള്ളുക. നീ കുറഞ്ഞൊന്നെങ്കിലും എനിക്കുതന്ന നിവേദ്യം നിണക്ക് അനന്തഫലപ്രദമാണ്. നിനക്ക് എന്റെ ഗൃഹദ്വാരത്തിൽ ശാശ്വതമായ അധികാരം തന്നിരിക്കുന്നു. ഇനി നീ കരയേണ്ട. നിന്റെ അച്ഛന്നു സാലോക്യമുക്തിയെ കൊടുത്തിരിക്കുന്നു എന്നുപറഞ്ഞു മഹേശ്വരൻ ആ വടുവിനോടുകൂടെ മറഞ്ഞു. യജ്ഞദത്തനും ശിവപ്രസാദത്താൽ സംസാരബന്ധത്തിൽനിന്നു മോചിതനായിട്ടു കൈലാസപദത്തെ പ്രാപിച്ചു.

എന്നു സ്കന്ദോപപുരാണത്തിൽ

മുപ്പത്തഞ്ചാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളേ! മഹേശ്വരന്റെ കൈങ്കയ്യപ്രവൃത്തി മാത്രത്താൽ സ്ത്രീകളും കൂടി സംസാരബന്ധത്തിൽ നിന്നു മോചിക്കുന്നു. അങ്ങിനെയുള്ള സ്ത്രീകളും ആശ്രയിച്ചവരെ ദശ്നമാത്രത്താൽ സംസാരസമുദ്രത്തിൽനിന്നുദ്ധരിപ്പിക്കുന്നു. ഇതിന്നു പണ്ടത്തെ ഒരു ഇതിഹാസമുണ്ട്. ഇതിൽ ശിവപ്രസാദം പ്രത്യക്ഷമായി ജനങ്ങളാൽ കാണപ്പെട്ടതാണ്. ഊദ്ധ്വവാടിയെന്നു പ്രസിദ്ധമായ ഒരു പുരമുണ്ട്. അവിടെ കൃഷിക്കാരുടെ കൃഷിസ്ഥലങ്ങളിൽ കൂട്ടിയിരിക്കുന്ന ധാന്യസമൂഹം ഔന്നത്യംകൊണ്ടു ഹിമാചലത്തോടു സ്പദ്ധിക്കുന്നു. അവിടെയുള്ള ഉദ്യാനവൃക്ഷങ്ങളുടെ കോടരങ്ങളിൽ ബ്രാഹ്മണരുടെ അഗ്നിഹോത്രാഗ്നിയുടെ ധൂമത്താൽ മാടപ്രാവിന്റെ ശോഭയെ ഉണ്ടാക്കുന്നു. തരുണികളുടെ വദനാരവിന്ദങ്ങളുടെ സൌരഭ്യകല്ലോലങ്ങളിൽ മുങ്ങിക്കളിക്കുന്ന വണ്ടുകളുടെ ശബ്ദത്താൽ ദിക്കെല്ലാം നിറഞ്ഞിരിക്കുന്നു. ആ സ്ഥലത്തെ യമുനാപുരമെന്നു പണ്ടുള്ളവർ പറയുന്നു. അവിടെയാണ് വാഗീശനെന്നും സുന്ദരനെന്നും പ്രസിദ്ധന്മാരായ ശിവഭക്തന്മാർ ജനിച്ചത്. ആ സ്ഥലത്തിൽ കീത്തിമാനെന്നപേരായി സമത്ഥനായി ഒരു കുലപാലകനുണ്ടായിരുന്നു. അവൻ കൃഷിചെയ്തുണ്ടാക്കിയ ദ്രവ്യത്താൽ ശിവഭക്തന്മാരെ പൂജിച്ചുകൊണ്ടിരുന്നു. അവന്റെ ധമ്മശ്രദ്ധയെന്നപോലെ മാനിനിയെന്നപേരായ ഒരു ഭായ്യയും ഉണ്ടായിരുന്നു. കുലം, സൌന്ദയ്യം, സൌജന്യം, വിനയം ഇത്യാദിഗുണങ്ങളോടുകൂടിയ മാനിനി ചന്ദ്രന്നു ചന്ദ്രികയെന്നപോലെ കീത്തിമാന്നു് ഏററവും പ്രിയതമയായിഭവിച്ചു. കാലംകൊണ്ട് അവക്കു തിലകാവതിയെന്നപേരായി ഒരു പുത്രിയുണ്ടായി. ആ ബാല മനസ്സിന്നും നേത്രങ്ങൾക്കും ആനന്ദപ്രദയായിട്ടു പുതിയതായി ഉദിച്ചുപൊങ്ങുന്ന ശരൽക്കാലചന്ദ്രന്റെ കലയെന്നതുപോലെ വളന്നു. അനന്തരം പുത്രാത്ഥിയായ കീത്തിമാന്നു സമുദ്രത്തിൽനിന്നു ചന്ദ്രനെന്നതുപോലെ ലക്ഷണയുക്തനായി ബോധവാനെന്നപേരായ ഒരുപുത്രനുണ്ടായി. അവന്നു് അഞ്ചുവയസ്സായപ്പോൾ ഗുരുനാഥന്മാരാൽ ശിക്ഷിക്കപ്പെട്ടവനാ

യിട്ട ഗുരുനാഥന്മാർ ചെയ്യപ്രയത്നമെല്ലാം സഫലമാക്കി. അവനു സകലവിദ്യകളിലും ഉള്ള സാമർത്ഥ്യത്തെക്കണ്ട് എല്ലാവരും കീർത്തിമാന്റെ വംശമര്യാദയെ ഇവൻ രക്ഷിക്കുമെന്നുപറഞ്ഞു. കീർത്തിമാൻപുത്രിക്ക പന്ത്രണ്ടുവയസ്സായപ്പോൾ തുല്യവംശജനായ വരനെ അന്വേഷിച്ചു. ആ സമയത്തു കീർത്തിമാനു മുമ്പേതന്നെ സംബന്ധിവംശജനായും ശിവഭക്തനായും രാജമന്ത്രിയായുമിരിക്കുന്ന കലിശത്രുവെന്നവൻ തിലകാവതിയെ വിവാഹംചെയ്യാനാഗ്രഹിച്ചു തന്റെ ബന്ധുക്കളെ കീർത്തിമാന്റെ സമീപത്തേക്കയച്ചു. അവർ കീർത്തിമാന്റെ അടുക്കൽ പോയി അവനാൽ മാനിതന്മാരായിട്ട സ്വജനങ്ങളുടെ മദ്ധ്യത്തിൽ വെച്ചുപറഞ്ഞു. നിന്റെ പുത്രിയായ തിലകാവതി കലിശത്രുവിന്റെ ഭാര്യയായിഭവിക്കട്ടെ. ഇവരുടെ അത്ഭുതമായ ദാമ്പത്യം അനിതരസാധാരണമായിരിക്കും. അതുകേട്ട കീർത്തിമാൻ അങ്ങിനെതന്നെയെന്നു സമ്മതിച്ചു. മേടമാസംകഴിഞ്ഞാൽ ഇടവമാസത്തിൽ നല്ലമുഹൂർത്തമുണ്ട്. അപ്പോൾ കല്യാണം കഴിക്കാമെന്നുപറഞ്ഞ് അവരെ മാനിച്ചയച്ചു. അവർ നടന്ന വൃത്താന്തമെല്ലാം കലിശത്രുവിനോടു പോയിപറഞ്ഞു. ആ മംഗളവൃത്താന്തത്തെ കേട്ട കലിശത്രു ഏററവും പ്രീതനായി. തിലകാവതിക്കും അത്യന്തം സന്തോഷമുണ്ടായി. അനന്തരം കലിശത്രു രാജാവിന്റെ കല്പനപ്രകാരം ശത്രുക്കളെ ജയിപ്പാനായി സൈന്യങ്ങളോടുകൂടെ മാന്യനായിട്ട യുദ്ധത്തിന്നുപോയി. യുദ്ധകളത്തിൽ പ്രവേശിച്ച് അനവധി ശത്രുസൈന്യങ്ങളെകൊന്ന് അവസാനം ശത്രുകലി ശത്രുവിനെ കൊല്ലുകയുംചെയ്തു. അഞ്ചാംദിവസത്തെ ജ്വരരോഗംകൊണ്ടു പീഡിതനായി കീർത്തിമാനും മരിച്ചു. മാനിനിയായ അവന്റെ ഭാര്യ കീർത്തിമാന്റെകൂടെ മരിച്ചു. ബോധവാൻ അച്ഛനമ്മമാക്ക് പിതൃകൃയകളെല്ലാംചെയ്തു. തിലകാവതി കലിശത്രു മരിച്ചതുകേട്ട വളരെ വ്യസനിച്ചു. വേറെഒരാൾക്ക തിലകാവതിയെ കൊടുക്കേണമെന്നു ബോധവാൻ ഉത്സാഹിച്ചതിനെ അവൾ വിരോധിച്ചു. അവൾ അച്ഛന്റെ വാക്കിനെ സഫലമാക്കുവാൻ ഉത്തമ

മായ വ്രതത്തെ സ്വീകരിച്ചു. എന്റെ അച്ഛനമ്മമാർ കലിശത്രുവിന്ന് എന്നെ കൊടുപ്പാനാണ് നിശ്ചയിച്ചിരുന്നത്. എന്റെ ഭാഗ്യദോഷത്താൽ അദ്ദേഹം യുദ്ധത്തിൽ മരിച്ചുപോയി. ഈ ജന്മത്തിൽ അദ്ദേഹമാണ് എന്റെ ഭർത്താവെന്നു നിശ്ചയിച്ചു ഞാനും അഗ്നിപ്രവേശംചെയ്യുന്നു എന്നുപറഞ്ഞ് അവൾ അതിന്നൊരുങ്ങി. അപ്പോൾ ശാസ്ത്രജ്ഞന്മാരായ ബ്രാഹ്മണർ വിവാഹംകഴിയാത്ത സ്ത്രീകൾക്ക് അഗ്നിപ്രവേശം ശാസ്ത്രവിഹിതമല്ലെന്നു പറഞ്ഞുമുടക്കി. അനന്തരം അവൾ സകലസുഖങ്ങളെയും ത്യജിച്ച് അനുജന്റെരക്ഷയിൽ ഇരുന്നു. അവൾ കാഷായവസ്ത്രത്തെ ധരിച്ചു ഭസ്മരുദ്രാക്ഷങ്ങളേയും ധരിച്ചു പഞ്ചാക്ഷരമന്ത്രത്തേയും ജപിച്ചുകൊണ്ടിരുന്നു. ശിവക്ഷേത്രത്തിൽപോയി അടിച്ചുമെഴുകിയും ശിവനാമങ്ങളെ എപ്പോഴും ജപിച്ചും ഇന്ദ്രിയങ്ങളെ ജയിച്ചും ശിവഭക്തന്മാൎക്ക് അന്നവസ്ത്രങ്ങളെ കൊടുത്തും മിതമായിട്ടു ഭക്ഷണംചെയ്തും മൌനവതിയായും ലോകവാൎത്തകളിൽ ഒട്ടും മനസ്സുവെക്കാതേയും ഇരുന്നു. എപ്പോഴും ശിവകഥാശ്രവണം ചെയ്തുകൊണ്ടിരിക്കുന്ന തിലകാവതിയുടെ മനസ്സു വേഗം ശിവപ്രസാദത്താലും ഗുരുപ്രസാദത്താലും നിൎമ്മലമായിഭവിച്ചു. തിലകാവതിയാൽ ശിക്ഷിതനായ ബോധവാൻ ബ്രാഹ്മണശുശ്രൂഷണതല്പരനായി ഭവിച്ചു. പതിനെട്ടു പുരാണാൎത്ഥങ്ങളും ഗുരുവിങ്കൽനിന്നു ഗ്രഹിച്ചു. കാണുന്നതെല്ലാം നശ്വരമാണെന്നറിഞ്ഞു വലുതായ ധൎമ്മങ്ങളെല്ലാം ചെയ്തു. വാപീകൂപതടാകനിൎമ്മാണങ്ങളും പുണ്യവൃക്ഷോദ്യാനനിൎമ്മാണങ്ങളും ചെയ്തു ഗോശാലകളും വഴിയമ്പലങ്ങളും പുഷ്പോദ്യാനങ്ങളും നിൎമ്മിച്ചു. ദീനന്മാരേയും അന്ധന്മാരേയും പരിപാലിക്കുകയും രോഗികൾക്ക് ഔഷധം കൊടുക്കുകയും കുട്ടികൾക്ക് എണ്ണയുംപാലും കൊടുക്കുകയും ഉഷ്ണകാലത്തിൽ അന്നവും ജലവും കൊടുക്കുകയും വളരെ പറഞ്ഞിട്ടെന്താണ്? ഇല്ല എന്നുള്ളവാക്ക ബോധവാന്റെ നാവിൽ നിന്നുണ്ടാവില്ല. ഇങ്ങിനെയിരിക്കുന്ന ബോധവാനു പൂൎവ്വജന്മസഞ്ചിതപാപങ്ങൾ പ്രത്യക്ഷരൂപികളായി വരുന്നതുപോലെയുള്ള ആഹ്നതമതക്കാരാ

യം നീചന്മാരായുമുള്ള വേദനിന്ദകന്മാരോടു സഹവാസം സംഭ വിച്ചു. ഒരിക്കൽ ആ ദുഷ്ടന്മാരായ വേദനിന്ദകന്മാർ ബോധ വാന്റെ അടുക്കൽവന്ന് അഹിംസാപരമോധർമ്മഃ എന്നുള്ള പ്രമാണത്താൽ അവരുടെ മതത്തെ അഹിംസകൊണ്ടു പ്രാധാ ന്യമായിട്ടും വൈദികമതത്തെ യാഗാദികളിൽ പശുഹിംസ വി ധിച്ചിരിക്കുന്നതിനാൽ അപ്രാധാന്യമായിട്ടും പറഞ്ഞു. ഉപ ദേശിക്കപ്പെടുന്ന വേദവാക്യകൾ പ്രമാണമല്ല. ആ വേദവാ ക്യകളാൽ പറയപ്പെടുന്ന വസ്തു അപ്രത്യക്ഷമാണ്. വേദവാ ക്യകളാൽ വിധിക്കപ്പെട്ട ധർമ്മം അനിത്യമായതുകൊണ്ട് എ ന്തുഫലത്തെയാണ് സാധിപ്പിക്കുവാൻ പോകുന്നത്. കർമ്മക ത്താവുതന്നെ മരിച്ചുപോകുന്നു. അങ്ങിനെയിരിക്കെ കർമ്മഫല മായ സ്വർഗ്ഗാദിസുഖങ്ങൾ കർത്താവിനെ എങ്ങിനെ അനുഗ മിക്കും? അപരിച്ഛിന്നനും ഏകജ്യോതിസ്വരൂപനുമായ പര ബ്രഹ്മത്തിന്നു പരിച്ഛിന്നങ്ങളായ ബിംബാദികളിൽ ഉപചാ രം ചെയ്യുന്നതെങ്ങിനെ? കിഞ്ചിജ്ഞതാസർവ്വജ്ഞതാവിശി ഷ്ടന്മാരായ ജീവേശ്വരന്മാൎക്ക് ഐക്യം സംഭവിക്കുന്നില്ല. സംഭവിക്കുന്നുണ്ടെങ്കിൽ ദുഃഖസുഖാദികൾ അനേകം ജന ങ്ങൾക്ക് അനേകവിധങ്ങളായി കാണുന്നതെങ്ങിനെ? കർമ്മം കൊണ്ടാണ് ശ്രേഷ്ഠതയെങ്കിൽ ആരും ബ്രഹ്മജ്ഞാനിയായി ഭ വിക്കുന്നുണ്ടല്ലോ. ഈശ്വരൻ ക്ഷേത്രത്തിലാണ് ക്രീഡിച്ചിരി ക്കുന്നതെങ്കിൽ ബുദ്ധിയുള്ളവൻ ക്ഷേത്രത്തിലല്ലേ നമസ്കരിക്കേ ണ്ടത്? ബ്രാഹ്മണാദിവർണ്ണങ്ങളിലാവട്ടേ ബ്രഹ്മചര്യാദ്യാശ്രമ ങ്ങളിലാവട്ടേ ആത്മാവിന്നു യാതൊരുഭേദവും കാണുന്നില്ല. വളരെ വാക്കുകൊണ്ടു പറഞ്ഞിട്ടെന്താണ്? അങ്ങുന്നു വിദ്വാ നാണല്ലോ. മനസ്സുകൊണ്ടു നല്ലവണ്ണം ആലോചിക്കുക. ഈ ആൎഹതമതം യുക്തമാണെന്നു തോന്നുന്നുണ്ടെങ്കിൽ ഭവാൻ ഇതിൽ പ്രവേശിക്കുക. അന്യമതത്തിൽ പ്രയത്നപ്പെട്ടിട്ടു ഫ ലമെന്താണ്? ഇങ്ങിനെയുള്ള ആൎഹതന്മാരുടെ മനോഹരവാ ക്യകളാൽ വഞ്ചിതനായ ബോധവാൻ വൈദികമാൎഗ്ഗത്തിലു ള്ള ശ്രദ്ധയെ ദുഷ്ടസംഗത്താൽ വിട്ടുകളഞ്ഞു. ഇവിടെ ഇരു

ന്നിട്ടെന്താണെന്നു പറഞ്ഞ് ആഹ്ഹതന്മാർ ബോധവാനെ വ ഞ്ചിച്ച് അവരുടെ വാസസ്ഥലത്തേക്കു കൊണ്ടുപോയി. അ വർ പിന്നെയും നാലുദിക്കിലും നടന്നു സരസമായി സംസാ രിച്ചു സകലജനങ്ങളേയും സന്തോഷിപ്പിച്ചു. ബോധവാനാ വട്ടേ സ്നാനം, ദാനം, ദേവബ്രാഹ്മണപൂജനം ഇവകളെയെ ല്ലാം ത്യജിച്ചു. ജാതിധമ്മത്തെവിട്ടു ക്രമത്തിൽ വൈദികമാ ഗ്ഗത്തിൽനിന്നു പുറത്തായി. അരയിൽ പുല്ലുവസ്ത്രത്തെ ഉടു ത്തു ജൈനമന്ദിരത്തെ നമസ്കരിക്കുകയുംചെയ്തു. അവൻ പാ ടലീപുരത്തിൽ സകല ആഹ്ഹതന്മാരാലും അഭിഷിക്തനായി ഭ വിച്ചു. മുമ്പത്തെ പേരിനെ കളഞ്ഞു ധമ്മസേനനെന്നുള്ളപേ രാക്കി. ആ ധമ്മസേനനെ ആഹ്ഹതമതക്കാർ പിരിയാതെ ചുററികൊണ്ടിരുന്നു. സന്ധ്യയുടെനേരെ കാലുകൾകാട്ടി നമ സ്കരിക്കുന്ന അനേകം ആഹ്ഹതസ്ത്രീകളാൽ ചുററപ്പെട്ടുകൊണ്ടു ധമ്മസേനൻ തനിക്കു പുരുഷാത്ഥം ലഭിച്ചതുപോലെ സന്തോ ഷിച്ചു. അവൻ ആഹ്ഹതമതാചാര്യന്റെ സന്തോഷത്തോടുകൂ ടി സുഖമായിരുന്നു. തിലകാവതിയാവട്ടെ അനുജൻ ആഹ് തമതത്തിൽ പ്രവേശിച്ചതുകേട്ടു സങ്കടത്താൽ ഹൃദയംപിളന്നു കൊണ്ടു മഹേശ്വരനെ ശരണംപ്രാപിച്ചു. അവൾ രാവിലേ യും വൈകുന്നേരവും താമ്രനദിയിൽ കളിച്ചു നനഞ്ഞവസ്ത്ര ത്തോടെ ദേഹത്തിലെല്ലാം ഭസ്മംതേച്ച് ഉദ്യാനങ്ങളിൽനിന്ന് അവൾതന്നെ പുഷ്പങ്ങളറുത്തു പലവിധമാല്യങ്ങളുണ്ടാക്കി വി ദ്രുമാധീശ്വരനായ മഹേശ്വരന്നു കൊടുത്തു ഭജിച്ചുകൊണ്ടി രിക്കും.

നമശ്ശിവായത്രിദശാച്ചിതായ
നമശ്ശിവായത്രിപുരാന്തകായ
നമശ്ശിവായാധിവിമോചനായ
നമശ്ശിവായപ്രണതാത്തിഹന്ത്രേ.

ദേവന്മാരാൽ അച്ചിതനായും ത്രിപുരാന്തകനായും ആധി വിനാശനനായും ഭക്തന്മാരുടെ ദുഃഖനാശനനായും ഇരിക്കുന്ന മഹേശ്വരന്നു നമസ്കാരം.

ഹെ കരുണാനിധേ! അജ്ഞാനമയമായ ദുഷ്ടമതത്തിൽ വീണിരിക്കുന്ന എന്റെ അനുജനെ ഉദ്ധരിപ്പിച്ചുതരണേ. ഹെ ദേവേശ! എന്റെ മേൽ ദയചെയ്യണേ. ഇങ്ങിനെ മഹേശ്വരനെ പ്രാൎത്ഥിച്ച് ഉപവസിച്ചുകൊണ്ടിരിക്കുന്ന തിലകാവതി വളരെ കൃശയായി ഭവിച്ചു.

എന്ന സ്കന്ദോപപുരാണത്തിൽ

മുപ്പത്താറാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു — തിലകാവതിയുടെ തപസ്സുകൊണ്ടു പ്രസന്നനായ മഹേശ്വരൻ സ്വപ്നത്തിൽ വന്നു മധുരമായി അവളോട് ഇങ്ങിനെ പറഞ്ഞു. ഹെ തിലകാവതി! നീ ഒട്ടും ദുഃഖിക്കേണ്ട. നിന്റെ വ്രതങ്ങളാൽ ഞാൻ പ്രീതനായി. ഞാൻ പ്രസാദിച്ച ജീവികൾ പിന്നെ ദുഃഖിക്കേണ്ടിവരികയില്ല. ഞാൻ പറയുന്നതു കേൾക്കുക. നീ ആൎഹതമതത്തിൽ പ്രവേശിച്ച അനുജനെക്കുറിച്ചു ദുഃഖിക്കുന്നുവല്ലൊ. അത് എന്തുകൊണ്ടാണെന്നു പറയാം. ആൎയ്യാവൎത്തത്തിൽ സൎവ്വജ്ഞനായും സൎവ്വശാസ്ത്രവിശാരദനായും പ്രാജ്ഞനായും സുതപസ്സെന്നു പ്രസിദ്ധനായും ഒരു മുനിയുണ്ടായിരുന്നു. എന്റെ ഭക്തനായ ആ മുനി ധൎമ്മാൎത്ഥമായി എല്ലാവൎക്കും വിദ്യയെ ഉപദേശിച്ചുകൊണ്ടിരുന്നു. വളരെ അജ്ഞാനികൾ സുതപസ്സിനാൽ ജ്ഞാനികളായി ഭവിച്ചു. അങ്ങിനെയിരിക്കുമ്പോൾ ശാന്തിമാൻ എന്നു പേരായ ഒരു സന്യാസി വന്നു നൎമ്മദാതടത്തിൽ ഇരുന്നു ബ്രാഹ്മണരാൽ സൽകൃതനായിട്ടു ശിഷ്യന്മാൎക്കു ജീവാത്മൈക്യം ഭവിക്കുന്നതായ പ്രണവാൎത്ഥത്തെ ഉപദേശിച്ചുകൊണ്ടിരുന്നു. അപ്പോൾ സുതപസ്സു ശാന്തിമാനെ പരീക്ഷിപ്പാൻ ചെന്നു. സുതപസ്സ് ആൎഹതമതത്തെ ആശ്രയിച്ച് ആത്മഭേദത്തെ പറഞ്ഞു. അപ്പോൾ ശാന്തിമാൻ നീ പറയുന്നതു വേദാന്തമാണ്. ഇപ്പോൾ വേദാന്തസമയമല്ലെന്നു പറഞ്ഞു. സുതപസ്സു പിന്നെയും വേദങ്ങൾക്കുതന്നെ പ്രാമാണ്യമില്ലെന്നു പറഞ്ഞു. അതു കേട്ടു ശാന്തിമാൻ വേദത്തെ നി

ദിച്ചതുകൊണ്ടു കുപിതനായിട്ടു നീ വേദബാഹ്യന്മാരായ ആൎഹ തന്മാരുടെ വംശത്തിൽ ജനിക്കുക എന്നു ശപിച്ചു. അപ്പോൾ സുതപസ്സു പശ്ചാത്താപയുക്തനായി ശാപാവസാനത്തെ യാചിച്ചു. ശാന്തിമാൻ ദയയോടുകൂടി അപ്പോൾ നിനക്കു ശിവഭക്തിയുണ്ടാവട്ടെ. അതുകൊണ്ടു ശാപമോചനം വരും എന്നു പറഞ്ഞു. എന്റെ ഭക്തന്റെ വാക്ക് എന്റെ വാക്കുപോലെ തന്നെ മിത്ഥ്യയായി ഭവിക്കുകയില്ല. നിന്റെ അനുജൻ അതുകൊണ്ടാണ് ആൎഹതമതത്തിൽ പ്രവേശിച്ചത്. എന്റെ നിസ്തുല്യശക്തിയെ നോക്കുക. അവനെക്കൊണ്ട് ആ മതത്തെ ത്യജിപ്പിക്കാം. ഇങ്ങിനെ പറഞ്ഞു മഹേശ്വരൻ മറഞ്ഞു. ഉടനെ ബോധവാനു ശൂലരോഗത്തെ കൊടുത്തു. തിലകാവതി അത്ഭുതമായ സ്വപ്നം കണ്ടു സന്തുഷ്ടയായി. പിന്നെ ഒരുദിവസം ധൎമ്മസേനനു രാത്രി പാൽ കുടിച്ചതു ദഹിക്കാതെ വലുതായ രോഗമായിത്തീൎന്നു. കാളകൂടാഗ്നി തുല്യമായ രോഗം ഉദരത്തിൽ നല്ലവണ്ണം വൎദ്ധിച്ചു. രോഗം ദാവാഗ്നിപോലെ ജ്വലിച്ചതുകൊണ്ട് അവൻ മൂൎഛിതനായി. അല്പം വെള്ളമോ അന്നമോ ഭക്ഷിച്ചാൽ അതു വയററിൽ വളരെ വൎദ്ധിക്കും. ധൎമ്മസേനൻ ശൂലരോഗത്താൽ വിഹ്വലനായിട്ട് ആൎഹതന്മാരുടെ സ്ഥലത്തിൽ വീണും എഴുനീററും ഉറങ്ങാതെയും സങ്കടപ്പെട്ടുകൊണ്ടിരുന്നു മരിച്ചതുമില്ല. ആൎഹതന്മാരെല്ലാവരുംകൂടി അവന്റെ രോഗത്തെ മാററുവാനായി പല വിദ്യകളും പ്രയോഗിച്ചു. അനേക സ്ഥലങ്ങളിൽനിന്നു സിദ്ധിച്ച ഔഷധങ്ങളേയും കൊടുത്തു. അതെല്ലാം വഹ്നിയിൽ തൃണമിട്ടന്നതുപോലെ നഷ്ടമായി. പിന്നെയും അവന്റെ വയററിൽ മഹാ വ്യാധി വൎദ്ധിച്ചു. ധൎമ്മസേനൻ താൻതന്നെ മരിപ്പാൻ ഉദ്യുക്തനായി. അപ്പോൾ അന്യദേശങ്ങളിൽനിന്നു ചില വൈദ്യന്മാർ വന്നു ദേഹമെല്ലാം പീലികെട്ടുകൊണ്ടുഴിഞ്ഞു മന്ത്രവും ജപിച്ചു. ആ മന്ത്രംകൊണ്ടു രോഗം സമുദ്രംപോലെ ഇരട്ടി വൎദ്ധിച്ചു. ആൎഹതന്മാരെല്ലാം അതു കണ്ടു നിരാശന്മാരായി രാത്രിയിൽതന്നെ പോയ്ക്കളഞ്ഞു. ധൎമ്മസേനൻ ആരും സഹായമില്ലാതെ ഉറക്കെ കരഞ്ഞു. അല്പ

മെങ്കിലും അന്നമോ ജലമോ ലഭിച്ചില്ല. വിശപ്പുകൊണ്ടും ദാഹം കൊണ്ടും വളരെ ബുദ്ധിമുട്ടി. രണ്ടുമൂന്നു ദിവസത്തെ ബുദ്ധിമുട്ടുകൊണ്ട് അവന്നു നല്ലബുദ്ധി വന്നു. എന്റെ സഹോദരി എന്നെ രക്ഷിക്കുമെന്നു നിശ്ചയിച്ചു തിലകാവതിയുടെ അടുക്കലേക്ക് ഒരു വൃദ്ധസ്ത്രീയെ പറഞ്ഞയച്ചു. അതു കേട്ട തിലകാവതി പറഞ്ഞു. ആൎഹതമന്ദിരത്തിൽ വരുന്നത് എനിക്കു യുക്തമല്ല. ആന പിന്നാലെ ഓട്ടി പായിച്ചാൽകൂടി ആൎഹതമന്ദിരത്തിൽ പ്രവേശിക്കരുതെന്നു ശാസ്ത്രനിഷേധമുണ്ട്. അതുകൊണ്ടു ഞാൻ അവിടെ വരികയില്ല. അവൻ ഇവിടെ വന്നാൽ ഞാൻ രക്ഷിക്കാം. ഇങ്ങിനെ തിലകാവതി പറഞ്ഞതെല്ലാം ആ വൃദ്ധസ്ത്രീ ബോധവാനോടു പറഞ്ഞ് അവനെ കൂട്ടിക്കൊണ്ടുവന്നു. മഹാരോഗത്താൽ ആതുരനായ ബോധവാൻ ആൎഹതമതത്തെ ത്യജിച്ചു കുളിച്ച് അതിദീനനായിട്ടു തിലകാവതിയുടെ കാല്ക്കൽ വീണു. തിലകാവതി കാല്ക്കൽ വീണു കിടക്കുന്നവനായും രോഗഗ്രസ്തനായും താടിരോമങ്ങളെ നീട്ടിയവനായും പുല്ലുവസ്ത്രത്തെ ഉടുത്തവനായും ജലപാത്രത്തെ ധരിച്ചവനായും വയറു വീൎത്തും കുഴഞ്ഞു മെലിഞ്ഞും ഇരിക്കുന്ന അനുജനെ കണ്ടിട്ടു മഹേശപരപ്രസാദത്തെ ഓൎത്തു വിസ്മയിച്ചു തിലകാവതി ഇതെന്താണെന്നു ചോദിച്ചു. അപ്പോൾ ബോധവാൻ ഹെ ആൎയ്യേ! ഞാൻ വേദദൂഷകന്മാരായ ആൎഹതന്മാരാൽ വഞ്ചിതനായി. എന്നെ അവർ വൈദികമാൎഗ്ഗത്തിൽനിന്നു തെറ്റിച്ചു ദുഷ്ടമാൎഗ്ഗത്തിൽ പ്രവേശിപ്പിച്ചു. എനിക്കു ശൂലരോഗം ആരംഭിച്ചപ്പോൾ രോഗത്തെ മാറ്റുവാൻ അവൎക്കു ശക്തിയില്ലാതെ ദുഷ്ടന്മാർ ഓടിപ്പോയി. ഞാൻ ആൎയ്യയെ ശരണം പ്രാപിച്ചിരിക്കുന്നു. എന്നെ പുത്രനെപ്പോലെ രക്ഷിക്കുക. എന്റെ രോഗത്തിന്ന് ഒരു ഔഷധവുമില്ല. എന്റെ പ്രാണങ്ങൾ പോകുന്നതുമില്ല. ഉറക്കം അല്പമെങ്കിലും ഇല്ല. വിശപ്പു വളരെയുണ്ട്. എന്തെങ്കിലും ഭക്ഷിച്ചാൽ ഒട്ടും ദഹിക്കുന്നതുമില്ല. എന്റെ വയററിൽ ഈ ശൂലരോഗം ഹാലാഹലംപോലെ വൎദ്ധിക്കുന്നു. ഹെ ആൎയ്യേ! എന്റെ വയറൊന്നു തൊട്ടുനോക്കുക. എന്നാൽ ഞാൻ കൃതാൎത്ഥ

നാവും സംശയമില്ല എന്നു പറഞ്ഞു. അതു കേട്ടു ദയാലുവായ തിലകാവതി അനുജനോടു പറഞ്ഞു. മനുഷ്യൻ താൻചെയ്ത കൎമ്മത്തിന്റെ ഫലമാണ് അനുഭവിക്കുന്നത്. ദുഷ്ടകൎമ്മം ചെയ്തിട്ടില്ലെങ്കിൽ ഒരിക്കലും ദുഃഖം അനുഭവിക്കേണ്ടിവരികയില്ല. നീ പൂൎവ്വജന്മത്തിൽ വേദദൂഷണം ചെയ്തിട്ടുണ്ട്. ആ പാപത്തിന്റെ ഫലമാണ് ഇപ്പോൾ ആൎഹതമതപ്രവേശത്തിന്നിടവന്നത്. ബുദ്ധിമാനായവൻ ആൎഹതനെ കണ്ടാൽ കണ്ണടക്കണം. അറിയാതെ കണ്ടുപോയെങ്കിൽ സൂൎയ്യനേയും ശിവനേയും സ്മരിക്കണം. സംഭാഷണം പോലും ചെയ്വാൻ യോഗ്യനല്ലാത്ത നിന്റെ ഉദരം ഞാൻ തൊടുകയില്ല. നീ എന്റെ ബന്ധുവല്ല, നീ മരിച്ചാലും ജീവിച്ചാലും ആൎഹതൻ തന്നെയെന്നു പറഞ്ഞ് അവിടെനിന്നു പോകുവാൻ ഭാവിച്ചു. അപ്പോൾ ബോധവാൻ എന്നെ രക്ഷിക്കണേ എന്നു പറഞ്ഞ് ഉറക്കെ കരഞ്ഞു. അതു കേട്ടു തിലകാവതി മടങ്ങിവന്നു ദീനനായ ബോധവാനോടു പറഞ്ഞു. ഹേ ആൎഹത! ഞാൻ നിന്നെ രക്ഷിക്കേണമെങ്കിൽ ആൎഹതചിഹ്നങ്ങളെല്ലാം കളഞ്ഞു താക്ഷ്യനദിയിൽ കുളിക്കുക. അതുകേട്ടു ബോധവാൻ ആൎഹതചിഹ്നമെല്ലാം കളഞ്ഞു നദിയിൽ കുളിച്ചു. തിലകാവതി അവന്നു പുതിയ വസ്ത്രത്തെ കൊടുത്തു ശുദ്ധമായ ഭസ്മം നെറ്റിയിലും ധരിപ്പിച്ചു. ഗുരുവിന്റെ അടുക്കൽ കൊണ്ടുപോയി അവൻ ചെയ്ത പാപത്തിന്നു പ്രായശ്ചിത്തവും ശുദ്ധിയും ചെയ്യിച്ചു. പിന്നെ തിലകാവതിയുടെ അപേക്ഷയാൽ ഗുരു അവന്നു വീരദേശ്വരസന്നിധിയിൽവെച്ചു പഞ്ചാക്ഷരമന്ത്രം ഉപദേശിച്ചു ഭസ്മവും കൊടുത്തു. അപ്പോൾ അവന്റെ ഉദരത്തിലുള്ള രോഗം കാക്കയുടെ രൂപമായി പുറത്തു വന്നു പാറന്നുപോയി. അതുകണ്ടു ജനങ്ങൾ ഏററവും വിസ്മയിച്ചു. ബോധവാൻ ഗരുഡൻ വിട്ട സൎപ്പത്തെപ്പോലെ ആശ്വസ്തനായി ഭവിച്ചു ദിവ്യഭസ്മലേപനംകൊണ്ടു ബോധവാന്നു തേജസ്സു വൎദ്ധിച്ചു. രോഗം ക്ഷണത്തിൽ നശിച്ചതുകൊണ്ടു ബോധവാന്നു മഹേശ്വരങ്കൽ ഭക്തിയുമുണ്ടായി. പിന്നെ അവൻ മഹേശ്വരനെയൊഴിച്ച് അന്യദൈവങ്ങളെ പ്രധാനമായി വിചാരിക്കാതായി. അ

വൻ സ്നാനംചെയ്തു ഭസ്മംധരിച്ചു പഞ്ചാക്ഷരത്തെ ജപിച്ചുകൊണ്ടു തിലകാവതിയുടേയും മഹേശ്വരൻേറയും കൈങ്കൎയ്യത്തെ ചെയ്തുകൊണ്ടിരുന്നു. അപ്പോൾ പല്ലവനെന്നുപേരായ ഒരു മ്ലേച്ഛരാജാവ് ആ ദേശമെല്ലാം ജയിച്ചു ചക്രവൎത്തിയായിരുന്നു. ബോധവാനാവട്ടെ ഏഴുമാസം ശിവകൈങ്കൎയ്യംചെയ്ത് ഒരുദിവസം രാത്രി മഹേശ്വരനെ സ്തുതിപ്പാനായി ആഗ്രഹിച്ചുകൊണ്ടിരുന്നു. അപ്പോൾ മഹേശ്വരാനുജ്ഞയാൽ സരസ്വതീദേവി ബോധവാൻെറ ജിഹ്വാഗ്രത്തിൽ സ്ഥിതിചെയ്തു. അതുകൊണ്ടു ബോധവാൻ ഉത്തമകവിയായി ഭവിച്ചു. അന്നുമുതല്ക്ക് അവനു വാഗീശനെന്നുള്ള പേർ പ്രസിദ്ധമായി.

എന്നു സ്കന്ദോപപുരാണത്തിൽ
മുപ്പത്തേഴാമദ്ധ്യായം.

—◇※◇—

അഗസ്ത്യൻപറഞ്ഞു— മഹാദേവപ്രസാദത്താൽ സാരസ്വതാമൃതത്തെ ലഭിച്ചവനായ വാഗീശൻ തൻെറ വാക്കു പുഷ്പങ്ങളെക്കൊണ്ടു മഹേശ്വരനെ അൎച്ചിച്ചു സ്തുതിച്ചു.

താൎക്ഷ്യാപഗാതടസ്ഥായ
വിദ്രുമാദ്രിനിവാസിനേ
വീക്ഷണദ്ധ്വസ്തരോഗായ
വിരദേശായതേനമഃ.

അചികിത്സാമയവ്യൂഹ
ദ്ധ്വാന്തവിദ്ധ്വംസഭാനവേ
അനാഥജനനാഥായ
നമസ്തേകൃത്തിവാസസേ.

അജ്ഞാനരോഗവൈദ്യായ
വിജ്ഞാനാമൃതദായിനേ

വിശ്വാധികായവിഷ്ണ്വാദ്യൈ
രസ്സുവേദ്യായതേനമഃ.

ജഗന്മംഗളമൂലായ
ജന്മമൃത്യുഭവച്ഛിദേ
ജടാമണ്ഡലസംരൂഢ
ജാഹ്നവീകായതേനമഃ.

ദുൎമ്മതേസ്സന്മതീംദത്വാ
വിനീയചരുജംമമ
സ്വഭക്താവിധേയോമാം
നമസ്തസ്മൈദയാബ്ധയേ.

സമുന്നതിംനാണരവൈതിമേരോഃ
ഖദ്യോതഃപാതശ്ചനസൂൎയ്യതേജഃ
ഗാംഭീൎയ്യമബ്ധേൎന്നതുഷാരലേശഃ
തഥാവിഭൂതിംതവവേദ്മിനാഹം.

മന്ദസ്മിതപ്ലുഷ്ടപുരത്രയായ
മനോഭവാസംഭവഘസ്മരായ
മഹാഭയത്രസ്തകൃതാഭയായ
മഹാനുഭാവായനമശ്ശിവായ.

യന്മപ്രാഗ്ജന്മകോടൌക്വചിദപിനമയാ
പാദപത്മംസ്മൃതന്തേ
തേനാഭൂത്ജന്മജുഷ്ടംമമജിനമതഭാ
ഗ്യത്രജാതാഹിതാധിഃ
ഭക്തായാസ്ത്വൽപ്രസാദാൽസ്വസ്വരപിജിനതാ
നന്നതിന്നൌമിയത്വാം
ഭൂയശ്ശംഭോനജന്മാസ്ത്വധയദിവദതേ
സ്ത്വല്പദേഭക്തിരസ്തു.

അൎത്ഥം— താൎക്ഷ്യനദീതീരത്തിൽ വസിക്കുന്നവനായും വിദ്രുമാദ്രിനിവാസനായും കടാക്ഷത്താൽ രോഗങ്ങളെ നശിപ്പിക്കുന്നവനായും ഇരിക്കുന്ന വീരദേശേശ്വരനെ ഞാൻ നമസ്കരിക്കുന്നു.

ചികിത്സിച്ചാൽ മാറാത്തതായ മഹാരോഗാന്ധകാരത്തെ നശിപ്പിക്കുന്ന സൂൎയ്യനായും മറ്റൊരു ഗതിയില്ലാത്തവൎക്കു നാഥനായും കൃത്തിവാസസ്സായുമിരിക്കുന്ന ദേവനെ നമസ്കരിക്കുന്നു.

അജ്ഞാനരോഗനാശനനായും ജ്ഞാനാമൃതദായകനായും ബ്രഹ്മവിഷ്ണ്വാദികളാൽ അറിയപ്പെടാത്തവനായും ലോകത്തിൽ എല്ലാവരേക്കാളും അധികനായുമിരിക്കുന്ന ദേവനെ ഞാൻ നമസ്കരിക്കുന്നു.

ജഗത്തിലുള്ള മംഗളങ്ങൾക്കെല്ലാം ഇരിപ്പിടമായും ജനനമരണഭയനാശനനായും ജടാഭാരത്തിൽ ഗംഗാദേവിയെ തടഞ്ഞു നിൎത്തിയവനായും ഇരിക്കുന്ന ദേവനെ നമസ്കരിക്കുന്നു.

ദുൎബ്ബുദ്ധിയായ എന്റെ രോഗത്തെ നശിപ്പിച്ചു സൽബുദ്ധിയെത്തന്നു ഭക്തനാക്കിത്തീൎത്ത കരുണാനിധിയെ നമസ്കരിക്കുന്നു.

മേരുപൎവ്വതത്തിന്റെ ഔന്നത്യത്തെ പരമാണു അറിയാത്തതുപോലെയും സൂൎയ്യപ്രകാശത്തെ മിന്നാമിനുങ്ങ് അറിയാത്തതുപോലെയും സമുദ്രത്തിന്റെ ഗാംഭീൎയ്യം ജലകണം അറിയാത്തതുപോലെയും ഭവാന്റെ മാഹാത്മ്യത്തെ ഞാൻ ഒട്ടുംതന്നെ അറിയുന്നില്ല.

മന്ദസ്മിതത്താൽ പുരത്രയത്തെ നശിപ്പിച്ചവനായും കാമനാശനനായും കാലപാശത്താൽ ഭയപ്പെട്ടവൎക്ക് അഭയം കൊടുത്തവനായും ഇരിക്കുന്ന മഹാനുഭാവനു നമസ്കാരം.

എന്റെ കഴിഞ്ഞതായ അനേക ജന്മങ്ങളിൽ ഒന്നിലെങ്കിലും ഭവല്പാദപത്മത്തെ ഞാൻ സ്മരിച്ചിട്ടില്ല. അതുകൊണ്ടാ

ണ് ആഹ്തമതപ്രവേശനത്താൽ ദുഷ്ടമായ ഈ ജന്മം എനിക്കു ലഭിച്ചതും അവിടെ മഹാരോഗം സംഭവിച്ചതും. ഭവൽഭക്തയായ എന്റെ സഹോദരിയുടെ പ്രസാദത്താൽ ആ ആഹ്തമതത്തിൽനിന്ന് എന്നെ ഉദ്ധരിക്കപ്പെട്ടു. അതുകൊണ്ടു ഞാൻ ഭവാനെത്തന്നെ നമസ്കരിക്കുന്നു. ഇനി എനിക്കു ജന്മം സംഭവിക്കരുതേ. അഥവാ സംഭവിക്കുന്നതായാൽ ഭവൽപാദാരവിന്ദങ്ങളിൽ ഭക്തി സംഭവിക്കേണമേ. എന്നിങ്ങിനെ മഹേശ്വരനെ സ്തുതിച്ചു ഭക്തിയോടെ നമസ്കരിച്ചു മഹേശ്വരന്റെ മുമ്പിൽ തൊഴുതുകൊണ്ടുനിന്നു. അപ്പോൾ അശരീരിവാക്കുണ്ടായി. നിനക്കു എന്റെമേൽ ഭക്തിവന്നതുകൊണ്ടു നീ കൃതാത്ഥനായി. നീ ആഹ്തമതത്തെവിട്ടു ശുദ്ധനായല്ലൊ. ഇനി എപ്പോഴും എന്നെ സ്തുതിച്ചുകൊള്ളുക. വാക്കുകൊണ്ട് എന്നെ സ്തുതിക്കുന്നതുതന്നെയാണ് മനുഷ്യജന്മത്തിന്റെ ഫലം. എപ്പോഴും നിന്റെ ജിഹ്വാഗ്രത്തിൽ ഭാരതി ഇരിക്കും. വാഗീശൻ എന്ന പേരും നിനക്കു തന്നിരിക്കുന്നു. അതു ലോകത്തിലെല്ലാം പ്രസിദ്ധപ്പെടും. നി എപ്പോൾ എന്നെ സ്മരിക്കുന്നുവോ അപ്പോൾ ഞാൻ നിന്നെ രക്ഷിക്കാം. ഇങ്ങിനെ ആകാശവാണി കേട്ടു വാഗീശൻ വളരെ സന്തോഷിച്ചു. വാഗീശനെന്നുള്ള പേർ ലോകത്തിലെല്ലാം പരന്നു. അനന്തരം വാഗീശൻ തിലകാവതിയോടു പറഞ്ഞു രാജ്യസഞ്ചാരത്തിന്നു പുറപ്പെട്ടു. അപ്പോൾ തിലകാവതി നിന്റെ ശൂലരോഗം ഈ ശിവസന്നിധിയിൽവെച്ചാണ് മാറിയത്. അതുകൊണ്ട് ഈ സിദ്ധിക്ഷേത്രത്തിൽതന്നെ ഇരുന്നു മഹേശ്വരകൈങ്കയ്യത്തെ ചെയ്യുക എന്നു പറഞ്ഞു. അതു കേട്ടു വാഗീശൻ ആ ദേവാലയത്തിൽ പുല്ലുകളെ ചെത്തിക്കളഞ്ഞുകൊണ്ടും മറ്റോരോ കൈങ്കയ്യങ്ങളെ ചെയ്തുകൊണ്ടുമിരുന്നു. വാഗീശൻ രാവിലേയും വൈകുന്നേരവും മഹേശ്വരനെ സ്തുതിക്കും. ആ സമയത്തു ദേവന്മാർ പുഷ്പങ്ങളെ വഷിക്കും. അതു കണ്ടു ജനങ്ങളെല്ലാവരും അത്യന്തം വിസ്മയിച്ചു. ബ്രഹ്മലോകപയ്യന്തം വാഗീശന്റെ കീത്തി ജ്വലിച്ചുകൊണ്ടു പൊങ്ങി. ബ്രാഹ്മണരും

മുനികളും വാഗീശനെ ശിവനെ പൂജിക്കുന്നതുപോലെ പൂജിച്ചു. ആ വാഗീശൻ വേദാന്തശാസ്ത്രത്തെ വ്യാഖ്യാനിച്ചു. വാഗീശന്ന് ഇങ്ങിനെയെല്ലാമുള്ള ശിവപ്രസാദത്തെ കേട്ടു രാജസേവകന്മാരായ ആഹ്തന്മാർ വാഗീശന്റെമേൽ വളരെ ഈൎഷ്യയോടുകൂടി മ്ലേച്ഛാധിപനായ രാജാവിന്റെ രാജധാനിയിൽചെന്നു. രാജാവ് അവരെ പൂജിച്ചിരുത്തി വന്നകാൎയ്യമെന്താണെന്നു ചോദിച്ചു. ഈൎഷ്യകൊണ്ടു ദുഷ്ടചിത്തന്മാരായ അവർ പറഞ്ഞു. ധൎമ്മസേനൻ ഞങ്ങളുടെ മതത്തിൽ പ്രവേശിച്ചു മതത്തിന്റെ സകലസാരത്തേയും ഗ്രഹിച്ച് ഇതു കളാവാണെന്നുപറഞ്ഞു രോഗത്തെ ശമിപ്പിപ്പാൻ ഞങ്ങൾ ശക്തന്മാരല്ലെന്നുള്ള കുററം ഞങ്ങളിൽ ആരോപിച്ചു വൈദികന്മാരാൽ ഞങ്ങളുടെ മതത്തെയും ദുഷിപ്പിച്ചുകൊണ്ട് അവൻ ഇപ്പോൾ ശൈവപാഷണ്ഡനായിരിക്കുന്നു. അവനെ പിടിച്ചു ശിക്ഷിക്കണം. അല്ലെങ്കിൽ മതത്തിന്നു ദോഷം സംഭവിക്കും. ഇങ്ങിനെ ആഹ്തന്മാരുടെ വാക്കുകേട്ടു രാജാവു ഭൃത്യന്മാരെ വിളിച്ചു ശിവക്ഷേത്രത്തിൽനിന്നു വാഗീശനെ പിടിച്ചുകൊണ്ടുവരുവാൻ പറഞ്ഞയച്ചു. അവർ ചെന്നു വീരട്ടേശ്വരക്ഷേത്രത്തിലിരിക്കുന്ന വാഗീശനെ പിടിച്ചുകെട്ടിക്കൊണ്ടുപോകുന്നതു തിലകാവതി കണ്ടു ദുഃഖാൎത്തയായിട്ടു ഭക്തരക്ഷകനായ മഹേശ്വരനെത്തന്നെ ശരണം പ്രാപിച്ചു. അനേകായുധങ്ങളെ ധരിച്ചിരിക്കുന്ന ഭടന്മാർ രുദ്രാക്ഷഭൂഷിതനായ വാഗീശനെ രാജമന്ദിരത്തിൽ കൊണ്ടുചെന്നു. ആ വൃത്താന്തം രാജാവ് ആഹ്താചാൎയ്യന്മാരോടു പറഞ്ഞു. ഇവന്ന് എന്തു ശിക്ഷയാണ് കൊടുക്കേണ്ടതെന്നും ചോദിച്ചു. അപ്പോൾ അവർ കുമ്മായപ്പൊടിയിലിട്ടു കൊല്ലേണമെന്നു പറഞ്ഞു. രാജാവു ഭൃത്യന്മാരുടെ ചെകിട്ടിൽ അങ്ങിനെ ചെയ്യുവാൻ പറഞ്ഞു. അവർ കുമ്മായപ്പൊടിനിറച്ചു ഒരു മുറിയിൽ വാഗീശനെവെച്ചു വാതിലടച്ചു ദ്വാരങ്ങളിൽകൂടി കുമ്മായപ്പൊടിയെ ഊതുവാൻതുടങ്ങി. വാഗീശൻ ആ മുറിയിലിരുന്നു തന്നെ വളരെ കൎപ്പൂരങ്ങളുടേയും ചന്ദനപങ്കത്തിന്റേയും മദ്ധ്യത്തിലിരിക്കുന്നവനായും ശിരസ്സിലുള്ള ചന്ദ്രബിംബത്തിന്റെ അന്തൎഭാഗത്തിൽ നിന്നൊഴുകുന്ന അമൃതരസത്താൽ

നന്ദനനായും ജനനമരണമില്ലാത്തവനായും എന്തുകൊണ്ടും ക്ഷോഭിക്കാത്തവനായും ആകാശംപോലെ നിശ്ചലനായും ഇരിക്കുന്ന ശിവനാണ് ഞാൻ എന്നു ഭാവിച്ചു. അപ്പോൾ കല്ലിനെയെന്നപോലെ കമ്മായപ്പൊടികൾ അവനെ ബാധിച്ചില്ല. ഇങ്ങിനെ ഏഴുദിവസം കഴിഞ്ഞു വാതിൽ തുറന്നുനോക്കുമ്പോൾ വാഗീശനെ ഒട്ടും ഉപദ്രവമില്ലാത്തവനായും ആനന്ദാമൃതജലത്തിൻെറ കല്ലോലമാലകളാൽ അതിശീതളശരീരനായും വിശപ്പും ദാഹവുമില്ലാത്തവനായും വാടാത്തമുഖത്തോടുകൂടിയവനായും കണ്ടിട്ടു രാജാവു പരിവാരങ്ങളോടുകൂടി ഭയപ്പെട്ടു ചിത്രമെഴുതിയതുപോലെ അനങ്ങാതെ നിന്നു. പിന്നെ ഉണങ്ങിയ മുഖത്തോടുകൂടി നില്ക്കുന്ന ആഹ്തദേശികന്മാരോടു രാജാവു ചോദിച്ചു. ,ഈ ചൂണ്ണപ്രയോഗം മാരണങ്ങളിൽ വലുതായ യോഗമാണെല്ലൊ. നിങ്ങളുടെ വിദ്യകൊണ്ടെന്താണ്? ഔഷധംകൊണ്ടെന്താണ്? അവൻ മരിച്ചിട്ടില്ലെല്ലോ. അതുകേട്ട് ആഹ്തന്മാരെല്ലാവരുംകൂടി പിന്നെയും പറഞ്ഞു. ഞങ്ങളുടെ മതസിദ്ധാന്തത്തെ ഇവൻ പഠിക്കുമ്പോൾ ഇതിന്നുള്ള മന്ത്രങ്ങളെല്ലാം ഇവൻ ഗ്രഹിച്ചിട്ടുണ്ട്. ആ മന്ത്രങ്ങളുടെ മഹത്വത്താലാണ് ഇവൻ മരിക്കാത്തത്. ഇനി വിഷമിശ്രമായ ഈ അന്നത്തെ ഇവന്നു കൊടുക്കണം. എന്നാൽ നിശ്ചയമായും മരിക്കും. അതു കേട്ടു രാജാവു വിഷമിശ്രമായ പായസത്തെ വാഗീശന്നു കൊടുത്തു വിശക്കുന്നുണ്ടെങ്കിൽ നല്ലവണ്ണം ഭക്ഷിക്കുക. നീ വളരെ വിദ്യയുള്ളവനാണെല്ലൊ എന്നു പറഞ്ഞു. വാഗീശൻ ഈ അന്നം ജലവും ഭൂമിയുമാണ്. ഇതിനെ ഭുജിക്കുന്നവർ അഗ്നിയും വായുവുമാണ്. ഈ അവകാശം ആകാശമാണെന്നു പ്രസിദ്ധമാണ്. ശിവനാൽ എന്താണ് ഭുജിക്കപ്പെടുന്നത്? ഇത് അഷ്ടമൂത്തിയായ ശിവൻെറ പഞ്ചഭൂതാത്മകമാണെന്നു ധ്യാനിച്ചുകൊണ്ട് ആ അന്നമെല്ലാം ഭക്ഷിച്ചു. ഹെ മുനികളേ! ആ വാഗീശൻ ഭക്ഷിച്ച ഹാലാഹലമെല്ലാം ജീണ്ണമായിഭവിച്ചു. പിന്നെ അവർ വാഗീശനെ കൊല്ലുവാനായി ഒരു മദിച്ച ആനയെ അയച്ചു. ആ ഗജം വാഗീശൻെറ നോട്ടത്താൽ

തന്നെ പല്ലുകളെല്ലാം കൊഴിഞ്ഞുവീണു മരിച്ചു. പിന്നെയും ആർഹതന്മാരുടെ വാക്കിനാൽ രാജാവു വാഗീശന്റെ കഴുത്തിൽ ഒരു കല്ലിനെകെട്ടി തോണിയിൽവെച്ചു സമുദ്രമദ്ധ്യത്തിൽ അഗാധമായ സ്ഥലത്തിൽ മുക്കി. അപ്പോൾ സമുദ്രം ശ്രീരാമനെ ഭയപ്പെട്ടു ശരണം പ്രാപിച്ചതുപോലെ വാഗീശനെ ശരണം പ്രാപിച്ചു. ശിവാജ്ഞയാൽ വാഗീശന്റെ കഴുത്തിൽകെട്ടിയ കല്ലോടുകൂടി കരയ്ക്കണഞ്ഞു. സമുദ്രം അനേകരത്നങ്ങളേക്കൊണ്ടു വാഗീശനെ അർച്ചിച്ചുപറഞ്ഞു. ഭവാന്റെ പാദസ്പർശത്താൽ ഞാൻ പരിശുദ്ധനായി. ഭവാനെപ്പോലെയുള്ള ശങ്കരകിങ്കരന്മാൎക്ക ചെയ്യുകൂടാത്തതെന്താണു് അവർ ഇന്ദ്രപദത്തേയും ബ്രഹ്മപദത്തേയുംകൂടി പുല്ലുപോലെ തള്ളുന്നു. അവർ പൎവ്വതങ്ങളെ ഭേദിക്കും. സമുദ്രങ്ങളെ കുടിക്കും. ഭൂമിയേയും ആകാശത്തേയും വ്യത്യാസപ്പെടുത്തും. അങ്ങിനെയുള്ള ഭവാന്മാരെ ഞാൻ നമസ്കരിക്കുന്നു, ഇങ്ങിനെ സമുദ്രം വാഗീശനെ സ്തുതിച്ചു മറഞ്ഞുപോകയുംചെയ്തു. വാഗീശൻ വീരട്ടേശ്വരക്ഷേത്രത്തിൽപോയി തിലകാവതിയാൽ ലാളിതനായിട്ടു് അമൃതതുല്യങ്ങളായ വാക്കുകളാൽ മഹേശ്വരനെ സ്തുതിച്ചുകൊണ്ടിരുന്നു. മ്ലേച്ഛരാജാവു വാഗീശന്റെ മാഹാത്മ്യത്തെക്കണ്ടു താൻതന്നെ വന്നു വാഗീശന്റെ പാദങ്ങളിൽ നമസ്കരിച്ചു. വാഗീശനെയുള്ള ഭയത്താൽ രാജാവിന്നു ജ്വരമുണ്ടായി. വാഗീശന്റെ പാദസ്പർശമാത്രംകൊണ്ടു് ആ ജ്വരം ശമിച്ചു. അതു കണ്ടു സന്തുഷ്ടനായ രാജാവു വാഗീശന്റെ കാല്ക്കൽ വീണു പറഞ്ഞു. ഭവാന്റെ ദാസഭാവത്താൽ ഞാൻ ധന്യനായി. ഇനി ഞാൻ എന്താണു് ചെയ്യേണ്ടതു് എന്നു പറയുക. അതു കേട്ടു വാഗീശൻ ആർഹതന്മാരെയെല്ലാം ശിക്ഷിക്കേണമെന്നു പറഞ്ഞു. അതുപ്രകാരം രാജാവു് ആർഹതന്മാരെയെല്ലാം തന്റെ രാജ്യത്തിൽനിന്നു പുറത്താക്കി. ഈ രാജ്യത്തിൽ ആർഹതന്മാരെക്കണ്ടാൽ അപ്പോൾതന്നെ ശൂലാഗ്രത്തിലേറ്റമെന്നു് ആ രാജ്യത്തിലെല്ലാം ഘോഷിച്ചു. അതുകേട്ടു് ആർഹതന്മാരെല്ലാം ഓടിയൊളിച്ചുകളഞ്ഞു. മ്ലേച്ഛരാജാവാകട്ടെ ദുഷ്ടമാ

യ ആഹ്നതമതത്തെ ത്യജിച്ച്,വൈദികമതത്തെ അനുസരിച്ച് ശിവഭക്തിയാൽ ഐഹികാമുഷ്മികസുഖത്തെ പ്രാപിച്ചു.

എന്ന സ്കന്ദോപപുരാണത്തിൽ
മുപ്പത്തെട്ടാമദ്ധ്യായം.

---

അഗസ്ത്യൻപറഞ്ഞു— അനന്തരം ശിവഭക്താഗ്രഗണ്യനായും ശ്രീമാനായുമിരിക്കുന്ന വാഗീശൻ മഹേശ്വരാനുജ്ഞയാലും ശിവസ്ഥലങ്ങളെ കാണ്മവാനുള്ള ആഗ്രഹത്താലും പുറപ്പെട്ടു. മദ്ധ്യാജ്ജുനം, മായൂരം, കുംഭകോണം, ധൃതിസ്ഥലം,ഛായാവനം, ശ്വേതവനം, വടാരണ്യം എന്നിങ്ങിനെയുള്ള ശിവസ്ഥലങ്ങളിൽ മഹേശ്വരനെ വാക്കുകളാൽ സ്തുതിച്ച് അവിടവിടെയുള്ള ജനങ്ങളാൽ പൂജിതനായിട്ടു സൂര്യൻ മേഘമണ്ഡലത്തിൽ സഞ്ചരിക്കുന്നതുപോലെ കാവേരീതീരത്തിൽ സഞ്ചരിച്ചു. ഇങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം സൂര്യൻ അസ്തമിക്കുമ്പോൾ ഒരു ബ്രാഹ്മണൻവന്നു വിളിക്കുകയാൽ വാഗീശൻ ബ്രാഹ്മണനോടുകൂടെ അഗ്രഹാരത്തിലേക്കുപോയി. ഗൃഹത്തിൽ വാഗീശനെയിരുത്തി ബ്രാഹ്മണൻ തന്റെ പുത്രനോട് ഇല കൊണ്ടുവരുവാൻ പറഞ്ഞു. അതു കേട്ടു പുത്രൻ വാഴത്തോട്ടത്തിൽപോയി ഇലമുറിപ്പാൻതുടങ്ങുമ്പോൾ ഒരു സപ്പം കടിച്ച് ഉടനെ മരിച്ചു. അപ്പോൾ വാഗീശന്റെ മഹത്വത്തെയറിയുന്നവനായ ബ്രാഹ്മണൻ വേഗം മരിച്ച കുട്ടിയെയെടുത്തു മറച്ചുവെച്ചു വാഗീശന്നു ഭക്ഷണംകൊടുത്തു. വാഗീശനാവട്ടേ ആ വൃത്താന്തമെല്ലാം അവരുടെ ചേഷ്ടകളെക്കൊണ്ടറിഞ്ഞു ജ്ഞാനദൃഷ്ടികൊണ്ടും നോക്കി അറിഞ്ഞു. വേഗം കുട്ടിയെ വെച്ചിരിക്കുന്ന സ്ഥലത്തുപോയി ആ കുട്ടിയെ കൈകൊണ്ടു തൊട്ടു നിലകണ്ഠനെ മനസ്സിൽ ക്ഷണനേരം ധ്യാനിച്ചു. അപ്പോൾ ആ കുട്ടി എഴുന്നീററു. ജനങ്ങളെല്ലാവരും ആശ്ചര്യ്യമയനായ വാഗിശങ്കൽ ആ കർമ്മം അത്യാശ്ചര്യ്യമായി വിചാരിച്ചു.

പിന്നെ വാഗീശൻ ശ്രീകാഷീനഗരത്തിൽപോയി മഹേശ്വരനെസ്തുതിച്ചു ഉമാദേവിയുടെ സ്തന്യപാനം ചെയ്യുവനായ ജ്ഞാനസാംബന്ധമൂൎത്തിയാൽ സൽകൃതനായിഭവിച്ചു. അവിടെ ജ്ഞാനസംബന്ധൻേറയും വാഗീശൻേറയും ദുർഭിക്ഷനിവൃത്തിക്കായി സ്വൎണ്ണമുദ്രകളെ മഹേശ്വരൻ ദിനന്തോറും കൊടുത്തിരുന്നു. പിന്നെ ജ്ഞാനസംബന്ധമൂൎത്തിയാൽ പൂജിതനായ വാഗീശൻ അവിടേനിന്നു ചിദംബരക്ഷേത്രത്തിലേക്കു പോയി. അവിടെ നടേശനെ സ്തുതിച്ച് അനേക ജനങ്ങളാൽ സൽകൃതനായിട്ടു കമലാലയത്തിലേക്കപോയി. അവിടെ വാല്മീകനാഥനേയും മഹാപ്രഭുവായ ത്യാഗേശനേയും ഉത്തമവാക്കുകളാൽ സ്തുതിച്ച് അവിടെയുള്ളവരാലും പൂജിക്കപ്പെട്ടു. വേദാരണ്യത്തിൽപോയി അവിടെ ശിവക്ഷേത്രത്തിൻെറ വാതിൽ വാഗീശൻെറ പരീക്ഷാൎത്ഥമായി അടച്ചിരുന്നതു വാഗീശൻ വാക്കിനാൽ ഭേദിച്ചു. പിന്നെ പുരാണനദിയെന്ന സ്ഥലത്തുപോയി. അവിടെയുള്ള ശിവദ്വേഷികളായ ആൎഹതന്മാരെ രാജാവിനെക്കൊണ്ട് ആട്ടിക്കളയിച്ചു. പിന്നെ കാന്തനീലിപുരേശ്വരനെ സ്തുതിപ്പാനായി പോകുമ്പോൾ മാൎഗ്ഗമദ്ധ്യത്തിൽ വിശപ്പുകൊണ്ടു പീഡിതനായിട്ടു മഹേശ്വരനെ സ്മരിച്ചു. അപ്പോൾ മഹേശ്വരൻ അന്നപാനീയങ്ങളെ എടുത്തുകൊണ്ടു ബ്രാഹ്മണവേഷത്തോടെവന്നു ഭക്ഷണംകൊടുത്തു മറഞ്ഞു. വാഗീശൻ കാന്തിനിലിപുരേശനെ സ്തുതിച്ച് അരുണാചലത്തിൽ പോയി വിഷ്ണുവിനാലും ബ്രഹ്മാവിനാലും സേവിതനായ അരുണാചലേശ്വരനെ സ്തുതിച്ചു. അവിടെനിന്നുപോയി കാമാക്ഷിനാഥനായ കാഞ്ചീപുരേശ്വരനെകണ്ടു സ്തുതിച്ചു. പിന്നെയും വാഗീശൻ അനേകശിവസ്ഥലങ്ങളിൽപോയി സ്തുതിച്ചു. വൃഷാചലം, വേദഗിരി, കാളഹസ്തി, ശ്രീശൈലം, സിദ്ധന്മാരാൽ സേവിതമായ മല്ലികാൎജ്ജുനം ഇങ്ങിനെയുള്ള ശിവസ്ഥലങ്ങളിൽ എല്ലാം പോയി മഹേശ്വരനെ സ്തുതിച്ചു വാരാണസിയിലേക്കപോയി. അവിടെ നിത്യവും ഗംഗാസ്നാനം ചെയ്തു വിശാലാക്ഷീപതിയായ വിശ്വനാഥനെ സ്തുതിച്ചുകൊണ്ടു വാരാണസിയിൽ ഒരു

സംവത്സരം വസിച്ചു. പിന്നെ കേദാരക്ഷേത്രത്തിൽപോയി ത്ര്യംബകേശ്വരനെ സ്തുതിച്ചു കൈലാസവാസിയായ സോമസ്കന്ദമൂൎത്തിയെ കാണേണമെന്നുള്ള ആഗ്രഹത്താൽ വടക്കെ ദിക്കിലേക്ക് ഏകനായിത്തന്നെ നടന്നു. വഴിയിൽ കല്ലുകളെപ്പോലെ ഉറച്ചുകിടക്കുന്ന മഞ്ഞുകളുടെ ഉപദ്രവത്താൽ കാലുകൾ അലിഞ്ഞുപോയതുകൊണ്ടു വാഗീശൻ വളരെ ദുഃഖിച്ചു. എന്നാലും വാഗീശൻ മഹേശ്വരദൎശനത്തിലുള്ള അത്യാഗ്രഹത്തെ വിടാതെ കയ്യുകുത്തിക്കൊണ്ടും ഉരുണ്ടിട്ടും നിന്തീട്ടും കുറെ വഴിപോയി. ഒട്ടും അനങ്ങുവാൻ വയ്യാതായപ്പോൾ വാഗീശൻ ശങ്കര! എന്നെ രക്ഷിക്കണേ എന്നു ഉറക്കെ നിലവിളിച്ചു. അപ്പോൾ മഹേശ്വരൻ ഒരു വൃദ്ധതാപസന്റെ വേഷം ധരിച്ചു വന്നു വാഗീശനോടു നീ ആരാണ്? എവിടെക്കാണ് പോകുന്നത്? എന്നുചോദിച്ചു. വാഗീശൻ ഞാൻ മഹേശ്വരനെക്കാണുവാൻ കൈലാസത്തിലേക്കു പോവുകയാണെന്നുപറഞ്ഞു. അതുകേട്ടു വൃദ്ധൻ ചിരിച്ചുകൊണ്ടുപറഞ്ഞു. നിന്റെ ഈ ആഗ്രഹം സാധിക്കുന്നതല്ല. കൈലാസത്തെ കാണുവാൻ ദേവകൾക്കുകൂടി പ്രയാസമാണ്. അങ്ങിനെയിരിക്കെ നിനക്കു സാധിക്കുമോ? നിനക്കു മടങ്ങിപ്പോകേണമെങ്കിൽ ഞാൻ കാലുണ്ടാക്കിത്തരാം. താപസൻ പറഞ്ഞതുകേട്ടു വാഗീശൻ ഞാൻ മടങ്ങിപ്പോകുന്നതല്ലെന്നു പറഞ്ഞു. അപ്പോൾ ദയാനിധിയായ മഹേശ്വരൻ യോഗികൾക്കുകൂടി കാണാൻ കഴിയാത്തതായ തന്റെ രൂപത്തെ കാണിച്ചു. വാഗീശൻ അതുകണ്ടു ഭയപ്പെട്ടു നമസ്കരിച്ച് എന്നെ രക്ഷിക്കേണമെന്നു പ്രാൎത്ഥിച്ചു. അപ്പോൾ മഹേശ്വരൻ വാഗീശനോട് അവിടെയുള്ള സരസ്സിൽ മുങ്ങുവാൻ പറഞ്ഞു. ഉടനെ വാഗീശൻ സരസ്സിൽ മുങ്ങിയപ്പോൾ ശ്രീപഞ്ചനദക്ഷേത്രത്തിന്റെ സമീപത്തു കാവേരീനദിയിൽ വന്നു പൊങ്ങി. വാഗീശൻ വിസ്മിതനായിട്ടു ശ്രീപഞ്ചനദക്ഷേത്രത്തിലേക്കുപോയപ്പോൾ അവിടെ ശ്രീകൈലാസപൎവ്വതത്തെകണ്ടു. ക്ഷീരസമുദ്രത്തിന്റെ കല്ലോലങ്ങളെപ്പോലെയുള്ള കൊടുമുടികളാൽ ഭാസുരമായും സിദ്ധർ, ചാരണർ, ഗന്ധൎവ്വ

ന്മാർ, മുനീന്ദ്രന്മാർ, ഗണങ്ങൾ ഇവരാൽ സേവിതമായും കല്പകവൃക്ഷങ്ങൾ നിറഞ്ഞ അനേക ഉദ്യാനങ്ങളോടുകൂടിയതായും മനോഹരമായി ശബ്ദിക്കുന്ന കുയിലുകളോടുകൂടിയതായും എട്ടുദിക്കിലും ദിഗ്ഗജങ്ങളാൽ പ്രയത്നപ്പെട്ടു ധരിക്കുന്നതായും കോടി ചന്ദ്രതുല്യമായും ഗംഗാപ്രവാഹംപോലെ അതിധവളമായുമിരിക്കുന്ന കൈലാസപൎവ്വതത്തിൽ എല്ലാററിലും ഉയൎന്നതായ ഒരു ശൃംഗത്തിൽ അനേക രത്നനിൎമ്മിതമായ ദിവ്യസിംഹാസനത്തിൽ ഉമാദേവിയോടും സ്കന്ദമൂൎത്തിയോടും കൂടിയവനായും നാലുവേദങ്ങളാൽ സ്തുതിക്കപ്പെട്ടവനായും ചന്ദ്രകലാധരനായും ചതുൎബ്ബാഹുവായും സുന്ദരവിഗ്രഹനായും സച്ചിദാനന്ദസ്വരൂപനായും കപാലമാലയാൽ കെട്ടപ്പെട്ട ജടാഭാരത്താൽ ശോഭിതമായ ശിരസ്സോടുകൂടിയവനായും സൎപ്പഭൂഷണനായും വ്യാഘ്രചൎമ്മാംബരധരനായും ഇരിക്കുന്ന മഹേശ്വരനെ കണ്ട് അത്യന്തം വിസ്മയാവിഷ്ടഹൃദയനായിട്ട് പിന്നെയും പിന്നെയും നമസ്കരിച്ചു. വാഗീശൻ സന്തോഷത്താൽ എഴുനീല്ക്കുകയും വീഴുകയും ഉറക്കെ പാടുകയും നൃത്തംചെയ്യുകയും ചെയ്തു. വാഗീശൻ അതിപ്രീതിയോടെ ആനന്ദാശ്രുക്കളാൽ ദേഹമെല്ലാം നനച്ചുകൊണ്ടു മഹേശ്വര! രക്ഷ! രക്ഷ! എന്നുപറഞ്ഞു തൊഴുതുകൊണ്ടുനിന്നു. അപ്പോൾ മഹേശ്വരൻ വാഗീശന്ന് അതി മനോഹരമായും പ്രസന്ന മുഖപങ്കജത്തോടുകൂടിയതായും അനേക ദിവ്യഭൂഷണങ്ങളാൽ ഭൂഷിതമായും കരുണാരസപ്രവാഹത്തിന്റെ ശൈത്യത്താൽ വിശ്രമിച്ചുകൊണ്ടിരിക്കുന്ന അപാംഗത്തോടുകൂടിയതായും ചിദാനന്ദമയിയായുമിരിക്കുന്ന തന്റെ ദിവ്യമൂൎത്തിയെ കാണിച്ച് ഉടനെ മറയുകയും ചെയ്തു. വാക്കിന്നും മനസ്സിന്നും അഗോചരനായ ദേവൻ മറഞ്ഞപ്പോൾ വാഗീശൻ മഹേശ്വരാനുജ്ഞയാൽ തെക്കെ ദിക്കിലേക്കുപോയി. മധുര മുതലായ സ്ഥലങ്ങളിൽ മഹേശ്വരനെ സ്തുതിച്ചു പിന്നെയും ശരണ്യനഗരത്തെ പ്രാപിച്ചു മുമ്പെത്തെപ്പോലെ ശിവകൈങ്കൎയ്യം ചെയ്തുകൊണ്ടിരുന്നു. തിലകാവതി ശിവകൈങ്കൎയ്യവൈഭവത്താൽ പഞ്ചഭൂതമയമായ ദേഹത്തെ ത്യ

ജിച്ച് ഉത്തമഗതിയെ പ്രാപിച്ചു. അനന്തരം സഹോദരിയുടെ വേൎപ്പാടിനാൽ ഖിന്നനായിരിക്കുന്ന വാഗീശന്നു മഹേശ്വരൻ വേദാന്തജ്ഞാനത്തെ ഉപദേശിച്ചു. വാഗീശൻ ജഗജ്ജീവതത്വങ്ങളെ അറിയുകയാലും മഹേശ്വരഭക്തിയാലും അണിമാദിസിദ്ധികളെത്തന്നെ തൃണീകരിച്ചു. പിന്നെ ഐശ്വൎയ്യത്തിന്റെ കഥ പറയേണ്ടതുണ്ടോ? ദേവകൾ വാഗീശനെ പരീക്ഷിപ്പാനായി ആരംഭിച്ചു വാഗീശൻ നടക്കുന്ന ദിക്കിലെല്ലാം മാണിക്യം, മുത്ത്, വൈഡൂൎയ്യം, സ്വൎണ്ണം ഇവകളെല്ലാം വെച്ചു. വാഗീശൻ അതുകളെ ചാടിക്കടന്നു നടക്കും. അതുകണ്ടു ദേവന്മാർ വിസ്മയിച്ചു. വാഗീശൻ എല്ലാം പുല്ലുപോലെ തള്ളി ഒന്നിലും ക്ഷോഭിക്കാതെ ശുദ്ധചിത്തനായിട്ടു ജഗത്തെല്ലാം ശിവമയമായി കണ്ടുകൊണ്ടിരുന്നു. അങ്ങിനെയിരിക്കുന്ന വാഗീശന്നു പ്രീതനായ മഹേശ്വരൻ യോഗികൾക്കുകൂടി ദുൎല്ലഭമായ തന്റെ സായൂജ്യമുക്തിയെ കൊടുത്തു.

എന്നു സ്കന്ദോപപുരാണത്തിൽ
മുപ്പത്തൊമ്പതാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു — ഹേ മുനികളേ! വേദാഗമപുരാണങ്ങളുടെ സിദ്ധാന്തത്തെ സ്ഥാപിപ്പാൻ സ്വതേ അശക്തനാണെങ്കിലും അവൻ മഹാത്മാക്കളെ പൂജിക്കുന്നതിനാൽ വേദാഗമസിദ്ധാന്തസ്ഥാപനത്തിന്നു ശക്തനായി ഭവിക്കുന്നു. ആ സിദ്ധാന്തത്തെ സ്ഥാപിക്കുന്നവൻ സകലപാപങ്ങളിൽനിന്നും മോചിതനായി ശിവപ്രസാദത്താൽ കാലകൎമ്മഭയരഹിതനായി കൈവല്യത്തേയും പ്രാപിക്കുന്നു. ഇതിന്നു മഹാന്മാർ ഒരു ഇതിഹാസത്തെയും പറയുന്നുണ്ട്. അതിന്റെ ശ്രവണത്താൽ മനുഷ്യൎക്കു സൽബുദ്ധിയുണ്ടാകുന്നതാണ്. ത്രൈലോക്യവിശ്രുതമായി ഒരു ഉത്തമരാജ്യമുണ്ട്. അവിടെ ഇന്ദ്രനോടുകൂടെ സ്വ

ഭരിക്കുന്നവരായ പാണ്ഡ്യവംശരാജാക്കന്മാർ വസിക്കുന്നു. രജതം, സ്വർണ്ണം, ഇന്ദ്രനീലക്കല്ല്, വൈഡൂര്യം ഇവകളുടെ ഇരിപ്പിടമായ തീരത്തോടുകൂടിയതും സുന്ദരികളുടെ അധരരസംപോലെ സ്വാദുള്ളതായും സ്വച്ഛമായും ശീതളമായുമിരിക്കുന്ന ജലത്തോടുകൂടിയതായും ശ്രീദക്ഷിണഗംഗയായും ഇരിക്കുന്ന താമ്രവർണ്ണിനദിയോടു സമുദ്രം സംഗമിക്കുന്നു. അവിടെ ഉത്തമമായ മുത്തുകൾ ഉണ്ടാകുന്നു. ആ രാജ്യത്തിൽ ക്രമുകം, ഹിന്താലം, കുന്ദം, മാകന്ദം, ചന്ദനം ഇതുകളാൽ നിബിഡയായിരിക്കുന്ന ഭൂമി സൂര്യന്റെ കിരണകാഠിന്യത്തെ അറിയുന്നില്ല. ദരിദ്രന്മാരുടെ ഗൃഹങ്ങളിലും വെക്കുവാൻ അടുപ്പിൽകൂട്ടിയ കാലാഗരുവൃക്ഷത്തിന്റെ വിറകുകൾ സൌരഭ്യത്തെ ഉണ്ടാക്കുന്നു. അവിടെ അതിഥികൾക്കു സൽക്കാരം ചെയ്യുന്ന മഹാത്മാക്കൾ കദളിവാഴകളുടെ ഇലകളെ കോണികളിൽകൂടി കയറി മുറിക്കുന്നു ആ രാജ്യത്തിൽ പുഷ്പാകരമെന്നു പേരായ ഒരു പുരമുണ്ട്. കർമ്മകാണ്ഡപ്രവൃത്തന്മാരായ ബ്രാഹ്മണരുടെ ഗൃഹങ്ങളിലുള്ള ശുകങ്ങളാൽ ബാലകന്മാർ അദ്ധ്യയനം ചെയ്യിക്കപ്പെടുന്നതായ ആ പുരത്തിൽ പുഷ്പധ്വജനെന്നുപേരായി സകല ശത്രുക്കളേയും ജയിച്ച ഒരു രാജാവുണ്ടായിരുന്നു. ആ രാജാവിന്നു ദേവികയെന്നുപേരായി ഗുണശാലിനിയായ ഒരു ഭാര്യയുണ്ടായിരുന്നു കുലപക്ഷനെന്നുപേരായി ശിവഭക്താഗ്രഗണ്യനായ ഒരു മന്ത്രിയുമുണ്ടായിരുന്നു. ആ രാജാവ് ആ രാജ്യത്തിൽ യാഗം ചെയ്യുന്നതെല്ലാം മുടക്കിയതിനാൽ കുപിതനായ ഇന്ദ്രൻ രാജാവിനോടു യുദ്ധം ചെയ്യാൻ പുറപ്പെട്ടു. അവർതമ്മിൽ കഠിനമായ യുദ്ധമുണ്ടായി. വലുതായ ജനനാശത്തെ കണ്ട് അഗസ്ത്യമഹർഷി അവരോടു യുദ്ധത്തെ നിർത്തുവാൻ പറഞ്ഞു. മുനിയുടെ കല്പനയെ ബഹുമാനിച്ചു രണ്ടുകൂട്ടരും യുദ്ധത്തിൽനിന്നു പിൻമാറി. ഇന്ദ്രനു പിന്നെയും ദ്വേഷ്യം നിൽക്കാതെ മേഘങ്ങളെയെല്ലാം വിളിച്ച് ആ രാജ്യത്തിൽ മഴപെയ്യരുതെന്നു പറഞ്ഞു. രാജ്യത്തിൽ മഴപെയ്യാത്തതുകൊണ്ടു പാണ്ഡ്യദേശവാസികളായ ജനങ്ങൾ ബുദ്ധിമുട്ടി കാവേരീതീരത്തേക്കുപോയി.

ഇന്ദ്രനാൽ പ്രയോഗിക്കപ്പെട്ട ജ്വരരോഗത്താൽ രാജാവിന്റെ സൈന്യങ്ങളെല്ലാം നശിച്ചു. ഈ അവസരത്തെയറിഞ്ഞ് ആർഹതന്മാർ വളരെ സേനകളോടുകൂടിവന്നു പുഷ്പധ്വജരാജാവിനെ അവരുടെ വഞ്ചനവാക്കുകളാൽ മോഹിപ്പിച്ച് ആ രാജ്യത്തിൽ വളരെ ഉപദ്രവങ്ങളെല്ലാം ചെയ്തു. രാജ്യം മുഴുവനും ആർഹതന്മാരാൽ ആക്രമിക്കപ്പെട്ടപ്പോൾ വേദജ്ഞന്മാരായും പഞ്ചാക്ഷരജപതല്പരന്മാരായും ഭസ്മരുദ്രാക്ഷധാരികളായുമിരിക്കുന്ന ബ്രാഹ്മണരെ കുലപക്ഷനെന്നമന്ത്രി ദേവികാരാജ്ഞിയാൽ കൊടുക്കപ്പെട്ട ദ്രവ്യങ്ങളാലും തന്റെ ദ്രവ്യങ്ങളാലും രക്ഷിച്ചു. ആർഹതന്മാർ മന്ത്രിയേയും രാജ്ഞിയേയും ഉപദ്രവിച്ച് അവരുടെ മതപ്രവേശനത്തിന്നു ബുദ്ധിമുട്ടിച്ചുതുടങ്ങി. അപ്പോൾ മന്ത്രി ഹാലാസ്യേശ്വരന്റെ മുമ്പിൽപോയി രക്ഷ, രക്ഷ എന്നു പറഞ്ഞു കിടന്നു. അപ്പോൾ ഹാലാസ്യനാഥൻ മന്ത്രിയോടു സ്വപ്നത്തിൽ ഒരു ഉപായം പറഞ്ഞുകൊടുത്തു. അതുകേട്ട സന്തുഷ്ടനായ മന്ത്രി പിറേറദിവസം രാവിലെ ആർഹതന്മാർ വന്നപ്പോൾ നിങ്ങൾ ദുഷ്ടമതക്കാരാണെന്നുപറഞ്ഞു. അപ്പോൾ ആർഹതന്മാർ എന്നാൽ നിങ്ങളുടെ മതം അറിയുന്ന ബ്രാഹ്മണരോടു ഞങ്ങൾ വാദിക്കാം. ഞങ്ങൾ ജയിച്ചാൽ നിങ്ങളെല്ലാവരും ഞങ്ങളുടെ മതത്തിൽ ചേരണമെന്നു പറഞ്ഞു. മന്ത്രി അങ്ങിനെതന്നെയെന്നുപറഞ്ഞു തന്റെ ദൂതന്മാരെ അയച്ചു ബോധവാനെ വരുത്തി. മന്ത്രി ബോധവാനെ അനേക ഉപചാരങ്ങളാൽ പൂജിച്ചു പ്രത്യക്ഷശിവനായിരിക്കുന്ന ബോധവാനോടു വൃത്താന്തമെല്ലാം പറഞ്ഞു. എല്ലാം നാളെയാവട്ടെ എന്നുപറഞ്ഞു ബോധവാൻ ഹാലാസ്യക്ഷേത്രത്തിലേക്കു പോയി. പിറേറദിവസം രാവിലെ വൈദികന്മാരും ആർഹതന്മാരും വന്നുകൂടി ഹാലാസ്യസന്നിധിയിൽ വാദത്തിന്നായി ഒരുങ്ങി. വൈദികന്മാർ ഭയത്താൽ വളരെ ചുരുങ്ങിത്തുടങ്ങി. പത്തു പതിനഞ്ചാളുകൾ മാത്രം ഭയപ്പെടാതെനിന്നു. ബോധവാൻ അവരുടെയിടയിൽ സൂര്യനെപ്പോലെ പ്രകാശിച്ചു. പ്രസംഗം തുടങ്ങുമ്പോൾ ബോധവാൻ രാജസന്നിധിയിൽ വെച്ചു

നാല്പത്താറായിരം സംഖ്യയുള്ള ആൎഹതന്മാരോടു പറഞ്ഞു. നമ്മുടെ വാദത്തിൽ തോല്ക്കുന്നവർ ശൂലാഗ്രത്തിൽ കയറണം, ഇതാണ് നിശ്ചയം. മനസ്സുണ്ടെങ്കിൽ വാദിക്കാം. ആൎഹതന്മാർ ഇതുകേട്ട് അങ്ങിനെതന്നെയെന്നു സമ്മതിച്ചു. അവർ തമ്മിൽ വലുതായ വാദവും തുടങ്ങി. ഉൽകൃഷ്ടപ്രകാശനായും സൎവ്വശക്തിമാനായുമിരിക്കുന്ന ഹാലാസ്യനാഥൻ ബോധവാന്റെ വചനത്തിൽ ഇരുന്നു സകല ആൎഹതന്മാരേയും ജയിച്ചു. ഉടനെ വേദനിന്ദ്യന്മാരായ സകല ആൎഹതന്മാരേയും ശൂലങ്ങളിലിട്ടു. അപ്പോൾ ഇന്ദ്രൻ സന്തുഷ്ടനായിട്ടു മേഘങ്ങളോടു വൎഷിക്കുവാൻ പറഞ്ഞു. നല്ലവണ്ണം വൎഷിച്ചതുകൊണ്ടു രാജ്യമെല്ലാം സുഭിക്ഷമായി. അനന്തരം മുമ്പെ രാജ്യംവിട്ടുപോയവരായ ബ്രാഹ്മണരെല്ലാം വന്നു വേദോക്തമായ കൎമ്മങ്ങളെ ചെയ്യുവാൻ തുടങ്ങി. രാജാവും മന്ത്രിയും ബോധവാനെ സാക്ഷാൽ മഹേശ്വരനാണെന്നു വിചാരിച്ച് ഒരു സിംഹാസനത്തെ കൊടുത്തു പാദങ്ങളിൽ നമസ്കരിച്ചു. ബോധവാൻ രാജാവിനെ ആ രാജ്യത്തിൽ അഭിഷേകംചെയ്തു പോകയും ചെയ്തു. രാജാവു മുമ്പത്തെപ്പോലെ രാജ്യപരിപാലനം ചെയ്തു. ശിവഭക്തനായ കുലപക്ഷൻ ശിവപ്രസാദംകൊണ്ടു കാലത്താൽ കൈലാസപദത്തെ പ്രാപിക്കുകയുംചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ
നാല്പതാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— ഹെ മുനികളേ! ഏതൊരു മനുഷ്യൻ പഞ്ചാക്ഷരമന്ത്രത്തെ ഉപദേശിക്കുന്ന ആചാൎയ്യന്റെ പാദാരവിന്ദധ്യാനതല്പരനായിരിക്കുന്നുവോ അവന്നു മഹാദേവൻ പ്രസാദിച്ചു തന്റെ പദത്തെ കൊടുക്കുന്നു. ഇതിന്നു പ്രസിദ്ധമായ ഒരു കഥയുണ്ട്. അതിനെ ഞാൻ പറയാം. അ

തിനെ ശ്രവിച്ചാൽ ഉത്തമഭക്തിയുണ്ടാകും. പണ്ടു മിഥിലാരാജ്യത്തിൽ വിദ്യാശൂരനെന്നു പേരായി ഒരു ബ്രാഹ്മണശ്രേഷ്ഠനുണ്ടായിരുന്നു. സൎവ്വവിദ്യകളിലും അദ്ദേഹത്തിന്നു തുല്യനില്ലാത്തതിനാലാണ് വിദ്യാശൂരനെന്നു പേരുണ്ടായത്. ബുദ്ധിമാനായ ആ ബ്രാഹ്മണൻ സകല വേദശാസ്ത്രതത്വങ്ങളേയും ആലോചിച്ചു സൎവ്വഭോഗങ്ങളിൽനിന്നും വിരക്തനായിട്ടു മുക്തിസാധനത്തിൽ പ്രവൃത്തകനായി. ഞാൻ വേദങ്ങളെല്ലാം അദ്ധ്യയനം ചെയ്തു, ശാസ്ത്രങ്ങളും പഠിച്ചു. എന്നാൽ ഇതിന്റെ ഫലം കലഹം, കണ്ഠശോഷം, ഗൎവ്വം എന്നിവകളാണ്. അഗാധമായ ശബ്ദബ്രഹ്മസമുദ്രത്തിൽ മുങ്ങിനോക്കിയ എനിക്കു പഞ്ചാക്ഷരമഹാമന്ത്രം മാത്രമെ സാരമാണെന്നു തോന്നുന്നുള്ളു. മറ്റെല്ലാം വ്യൎത്ഥംതന്നെ. മറ്റുള്ളതെല്ലാം ഇന്ദ്രജാലവിദ്യപോലെ മിത്ഥ്യാഫലത്തെ കാണിക്കുന്നതാണ്. ഈ പഞ്ചാക്ഷരമന്ത്രമാകട്ടേ ഗുരുവിനാൽ ഉപദേശിക്കപ്പെട്ടാൽ മോക്ഷപ്രദംതന്നെയാകുന്നു. സമഗാത്രനായും ലോകതത്വങ്ങളെ അറിഞ്ഞവനായും ശിവഭക്താഗ്രഗണ്യനായും ശാന്തശീലനായും സൎവ്വസംശയനിവൃത്തകനായും വേദോക്തപ്രകാരമുള്ള ആചാരസമ്പന്നനായും ബ്രഹ്മത്തെ അറിയുന്നവനായും ബ്രാഹ്മണനായുമിരിക്കുന്ന ഒരു ആചാൎയ്യനെ ലഭിക്കുന്നുവെങ്കിൽ അവന്നു മറ്റുള്ള വളരെ കൎമ്മങ്ങൾകൊണ്ടു ഫലമെന്ത്? സൂൎയ്യൻ ഉദിച്ചാൽ പിന്നെ വിളക്കിന്നുവേണ്ടി യത്നിക്കുന്നതെന്തിന്ന്? ആ ഗുരുവിനാൽ പറയപ്പെട്ടതുപോലെയുള്ള ആചാരത്തെ ശിഷ്യൻ വിടാതിരുന്നാൽ ബ്രഹ്മവിഷ്ണുരുദ്രന്മാരായ ത്രിമൂൎത്തികളും അവന്റെ ദാസന്മാരാണ്. അങ്ങിനെയുള്ള ഒരാചാൎയ്യനെ എനിക്കെവിടെ നിന്നാണ് കിട്ടുന്നതെന്നു വിചാരിച്ചു ബുദ്ധിമാനായ ബ്രാഹ്മണൻ ഭൂപ്രദക്ഷിണത്തിന്നായി പുറപ്പെട്ടു. അദ്ദേഹം വളരെ ബ്രാഹ്മണരുടെ ഇടയിൽ നടന്നുനോക്കീട്ടും സൎവ്വഗുണസമ്പന്നനായും തനിക്കു സമ്മതനായുമുള്ള ഗുരുവിനെ കണ്ടില്ല. പിന്നേയും ക്രമത്തിൽ സഞ്ചരിച്ചു. കമലാലയക്ഷേത്രത്തിലെത്തി. അവിടെ മഹാതീൎത്ഥത്തിൽ സ്നാനംചെയ്തു

ത്യാഗേശ്വരനെ മൂന്നുനേരവും സേവിച്ചുകൊണ്ടു മൂന്നുമാസം താമസിച്ചു. അദ്ദേഹം എപ്പോഴും ത്യാഗേശ്വരനോട് എനിക്കു സൎവ്വലക്ഷണയുക്തനായി ഭവാനെപ്പോലെയുള്ള ഒരു ഗുരുവിനെ കാണിച്ചുതരേണമേ എന്നു പ്രാൎത്ഥിച്ചുകൊണ്ടിരുന്നു. ഒരു ദിവസം രാത്രി ത്യാഗേശ്വരൻ ആ ബ്രാഹ്മണനോടു സ്വപ്നത്തിൽ പറഞ്ഞു. നാളെ അൎദ്ധരാത്രിയിൽ എന്റെ ഭക്തനായ സുന്ദരൻ എന്നൊരാൾ ഇവിടെ വരും. നീ അവനോടു പ്രാൎത്ഥിച്ചുകൊള്ളുക. അവൻ നിന്റെ ഗുരുവായി ഭവിക്കും. ഇങ്ങിനെ സ്വപ്നംകണ്ടു സന്തുഷ്ടനായ വിദ്യാശൂരൻ എഴുനീററു ത്യാഗേശനെ നമസ്കരിച്ചു. പിറേറദിവസം ത്യാഗേശക്ഷേത്രത്തിൽപോയി ശ്രീരുദ്രമന്ത്രത്താൽ ത്യാഗേശനെ സ്തുതിച്ചുകൊണ്ടിരുന്നു. സൂൎയ്യൻ അസ്തമിച്ചുനഗരവാസികളെല്ലാം ഉറങ്ങിയതിന്നശേഷം വേശ്യാഗൃഹപ്രവേശത്തിന്നായി ശൃംഗാരവേഷത്തെ ധരിച്ചവനായും ദിവ്യലക്ഷണയുക്തനായും മഹേശ്വരന്റെ പ്രതിബിംബമായും ത്യാഗരാജന്റെ ഏകാന്തസേവകൊണ്ടു ധന്യനായുമിരിക്കുന്ന സുന്ദരൻ വരുന്നതുകണ്ടു. ആ വേഷത്തെക്കണ്ടു വിദ്യാശൂരൻ ഏററവും വിസ്മയിച്ചു സുന്ദരന്റെ പാദങ്ങളിൽ വീണ് അനേകനമസ്കാരങ്ങളേചെയ്തു. അപ്പോൾ സുന്ദരൻ നീ ആരാണ്? എവിടെനിന്നു വരുന്നവനാണ്? എന്താണ് വേണ്ടത്? എന്നു ചോദിച്ചു. ബ്രാഹ്മണൻ തന്റെ വൃത്താന്തത്തെയെല്ലാം പറഞ്ഞു പഞ്ചാക്ഷരമന്ത്രത്തേയാചിച്ചു. അതുകേട്ടു സുന്ദരൻ ഒന്നും ഉത്തരം പറയാതെ വേശ്യാഗൃഹത്തിലേക്കു നടന്നു. ബുദ്ധിമാനായ ബ്രാഹ്മണൻ ഛായ ദേഹത്തെ അനുഗമിക്കുന്നതുപോലെ സുന്ദരന്റെ പിന്നാലെ പോയി. സുന്ദരൻ വേശ്യാഗൃഹത്തിന്റെ അകത്തേക്കുപോയപ്പോൾ ബ്രാഹ്മണൻ പുറത്തുതന്നെ നിന്നു. അപ്പോൾ വേശ്യയുടെ പരിജനങ്ങൾ ബ്രാഹ്മണനോടു ഭവാൻ ആരാണ്? ഇവിടേനില്ക്കുന്നതെന്തിനാണ്? എന്നു ചോദിച്ചു. ബ്രാഹ്മണൻ ഞാൻ ഒരു മോക്ഷേച്ഛുവാണ്. സുന്ദരമൂൎത്തിയെ ശരണംപ്രാപിച്ചവനായ ദാസനാണെന്നു പറഞ്ഞു. അവർ ആ വൃത്താന്തത്തെ വേശ്യയോടു

പറഞ്ഞു. അവൾ സുന്ദരനോടൊന്നിച്ച ശയിക്കുമ്പോൾ ചിരിച്ചുകൊണ്ട സുന്ദരനോട ചോദിച്ചു. ഹേ പ്രിയ! ധൂൎത്തനായ ഭവാൻ മുമുക്ഷുവായ ബ്രാഹ്മണന്ന് എങ്ങിനെ ഗുരുവാകും? ഭവാൻ വല്ലതും ഉപദേശിച്ചാൽ അവൻ ബന്ധമുക്തനായി ഭവിക്കുമോ. ഇങ്ങിനെ വേശ്യ ചോദിച്ചതുകേട്ട സുന്ദരൻ പറഞ്ഞു. നീ ഇതിന്നു പരിഹസിക്കുന്നതു ചിതമല്ല. എന്റെ സഖിയുടെ സമ്മതം കിട്ടിയാൽ ഞാൻ അവന്നു മന്ത്രം ഉപദേശിക്കും. എന്നാൽ അവന്നും എനിക്കും പുനൎജ്ജന്മമില്ല. ഞങ്ങളെ ആർ പരിഹസിക്കുന്നുവോ അവൎക്കു ഘോരമായ സംസാരത്തിൽതന്നെ ചുറ്റേണ്ടിവരും. ഇങ്ങിനെ പറഞ്ഞ് അവളെ ആശ്ലേഷംചെയ്തുകൊണ്ട സുന്ദരൻ ഉറങ്ങുകയുംചെയ്തു. അപ്പോൾ സ്വപ്നത്തിൽ ത്യാഗേശ്വരൻ സുന്ദരനോട പറഞ്ഞു. ഹേ സഖേ! ഞാൻ പറയുന്നതു കേൾക്കുക. ഈ ബ്രാഹ്മണൻ ഭക്തനും വിരക്തനുമാണ്. ഉപദേശത്തിന്നും പാത്രമാണ്. അവന്നു പഞ്ചാക്ഷരത്തെ ഉപദേശിച്ചു കൃതാൎത്ഥനാക്കുക ഇങ്ങിനെ സ്വപ്നം കണ്ടു. സുന്ദരൻ പിറ്റേദിവസം രാവിലെ എഴനീറ്റുപോകുമ്പോൾ ബ്രാഹ്മണൻ സുന്ദരനെ നമസ്കരിച്ച് ഇതു ശിവൻതന്നെ എന്നുള്ള ഭാവനയോടെ പിന്നാലെ നടന്നു. സുന്ദരൻ സന്തുഷ്ടനായിട്ട് ആ ബ്രാഹ്മണനോടുകൂടി കമലാലയത്തിൽ പോയി സ്നാനംചെയ്തു ബ്രാഹ്മണന്നു പാപനാശനമായ പഞ്ചാക്ഷരമഹാമന്ത്രത്തെ ഉപദേശിച്ചു. ഭക്തിയോടുകൂടി സുന്ദരൻ അതിന്റെ അൎത്ഥത്തേയും പറഞ്ഞുകൊടുത്തു. നമശ്ശബ്ദത്തിന്റെ അൎത്ഥം കായികം, വാചികം, മാനസികം ഇതുകളാൽ ഉണ്ടാവുന്ന ത്രിവിധമലനാശം എന്നാകുന്നു. ശിവശബ്ദത്തിന്റെ അൎത്ഥം പാശബദ്ധന്മാരായ പശുക്കളുടെ മലത്രയരൂപങ്ങളാകുന്ന പാശങ്ങളെ അവരവരുടെ യോഗ്യതയ്ക്കനുസരിച്ചു മോചിപ്പിക്കുന്നു എന്നാണ്. ഈ മന്ത്രത്താൽ മഹേശ്വരനെ എപ്പോഴും ഉപാസിച്ചുകൊള്ളുക. നിനക്കു ശിവനോടുള്ള ഐക്യലാഭത്തിന്നായിട്ടാണ് ഈ മന്ത്രസമ്പ്രദായത്തെ ഞാൻ നിന്നോട പറഞ്ഞത്. നീ കൃതാ

ത്ഥനായി ഭവിക്കും. കാമക്രോധങ്ങളെ എപ്പോഴും ത്യജിച്ചു കൊള്ളുക. സമുദ്രം തന്റെ വികാരങ്ങളാകുന്ന തിരമാലകളിലും നുരകളിലും എങ്ങിനെ എപ്പോഴും അനചിതനായിരിക്കുന്നുവോ അതുപോലെ മഹേശ്വരനും ദൃശ്യമായ പ്രപഞ്ചത്തിൽ അനചിതനായി ശോഭിക്കുന്നു. ഈ മന്ത്രം ഗുരുഭക്തിയില്ലാത്തവൎക്ക് ഒരിക്കലും സിദ്ധിദമായി ഭവിക്കുന്നില്ല. ഗുരു മഹേശ്വരനാണെന്നുള്ള ബുദ്ധിയും ഗുരുവാക്യങ്ങൾ വേദവാക്യങ്ങളാണെന്നുള്ള ബുദ്ധിയും എല്ലാകൎമ്മങ്ങളിലും ഈശ്വരാത്ഥമായി ചെയ്യുന്നതാണെന്നുള്ള ബുദ്ധിയും ആൎക്കുണ്ടാകുന്നുവോ അവൎക്ക് ഈ മന്ത്രം വേഗത്തിൽ മുക്തിയെ കൊടുക്കുന്നതാണ്. ഇതിന്നു യാതൊരു സംശയവുമില്ല. ശിവഭക്തന്മാരെ ശിവനേപ്പോലെ പൂജിക്കേണ്ടതാണ്. ബ്രഹ്മജ്ഞന്മാരായ ബ്രാഹ്മണരെ ഗുരുവിനേപ്പോലേയും പൂജിക്കേണ്ടതാണ്. ഞാൻ നിനക്കു ദിവ്യനേത്രത്തേയും തരാം. ഒട്ടും ഭയപ്പെടാതെ സുഖമായി സഞ്ചരിച്ചുകൊള്ളുക. ഇങ്ങിനെ ഗുരുവിനാൽ ആജ്ഞാപിതനായ ബ്രാഹ്മണൻ സ്വഗൃഹത്തിലേക്കുപോയി. സുന്ദരന്റെ നാമങ്ങളെ ജപിച്ചുകൊണ്ടും സുന്ദരപാദാരവിന്ദങ്ങളെ ധ്യാനിച്ചുകൊണ്ടും ഗന്ധപുഷ്പാദികളാലും അന്നവസ്ത്രങ്ങളാലും ശിവഭക്തന്മാരെ പൂജിച്ചുകൊണ്ടും ദിനന്തോറും പതീരായിരം പഞ്ചാക്ഷരമന്ത്രത്തെ ജപിച്ചുകൊണ്ടും ഇരിക്കുന്ന ബ്രാഹ്മണൻ മലത്രയങ്ങളിൽനിന്നു മോചിക്കപ്പെട്ടവനായിട്ടു ജീവന്മുക്തനായിഭവിച്ചു. ഒരിക്കൽ വഞ്ജുളപുരത്തിലിരിക്കുന്ന ആ ബ്രാഹ്മണൻ ജ്ഞാനനേത്രംകൊണ്ടു ഗുരു പറഞ്ഞപ്രകാരം പിറേറദിവസം തന്റെ കൈലാസയാത്രയാണെന്നറിഞ്ഞിട്ടു പിന്നെ ചെയ്യേണ്ടതെന്താണെന്നാലോചിച്ചു. ദേഹത്തിൽനിന്നു പ്രാണനുംപോയി ചക്ഷുരാദീന്ദ്രിയങ്ങൾക്കു വിജ്ഞാനപ്രദമായ ചൈതന്യവും മറഞ്ഞുപോയാൽ ഞാൻ മുമ്പെ ഏതുപ്രകാരം പരമാത്മാവിൽനിന്നു വേറല്ലാതിരുന്നുവോ അതുപ്രകാരം പരമാത്മാവിൽ ചേരട്ടെ. ഇങ്ങിനെ മനസ്സിൽ നിശ്ചയിച്ചു ബ്രാഹ്മണശ്രേഷ്ഠൻ യോഗംകൊണ്ടു പ്രാണങ്ങളേയ

ടക്കി പഞ്ചഭൂതങ്ങളുടെ അംശങ്ങളെ ത്യജിച്ച ശിവസായുജ്യത്തെ പ്രാപിച്ചു.

എന്ന സ്കന്ദോപപുരാണത്തിൽ
നാല്പത്തൊന്നാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളെ! കേൾക്കുവിൻ. ഏതൊരു മനുഷ്യൻ ശിവയോഗികൾക്ക് അന്നമോ ക്ഷീരമോ ഫലമോ കൊടുക്കുന്നു അവൻ പാർവ്വതീപരമേശ്വരന്മാരാൽ പൂജിതനായിട്ടു മുക്തിയെ പ്രാപിക്കുന്നു. ഇതിന്നു വേദന്മാരാൽകൂടി ശ്ലാഘനീയമായി ലോകവിശ്രുതമായ ഒരു ഇതിഹാസമുണ്ട്. ഇതിന്റെ ശ്രവണത്താൽ ഭക്തിവൈഭവത്തെ അറിയാവുന്നതാകുന്നു. കാവേരീജലപ്രവാഹത്താൽ വർദ്ധിതമായ സമ്പത്തോടുകൂടിയ ദക്ഷിണരാജ്യത്തിൽ സ്വർഗ്ഗതുല്യമായി ശാത്മലീവനമെന്നുപേരായി ഒരു പുരമുണ്ട്. അവിടെ മാളികകളിൽ നിറഞ്ഞിരിക്കുന്ന രത്നസമൂഹങ്ങൾ ദിനന്തോറം വർദ്ധിച്ചുകൊണ്ടു മഹാമേരുവിനോടു സ്പർദ്ധിക്കന്നു. ആ നഗരത്തിൽ ധനദത്തനെന്നു പേരായി ഒരു വൈശ്യശ്രേഷ്ഠനുണ്ടായിരുന്നു. അവൻ ശിവഭക്തന്മാർക്കു നിത്യവും അന്നദാനം ചെയ്യുന്നതിനാൽ പാർവ്വതീപരമേശ്വരന്മാരേക്കൂടി കിങ്കരന്മാരാക്കിയിരിക്കുന്നു. അവന്നു പുത്രനില്ലാത്തതിനാൽ താൻ പരിശുദ്ധനല്ലെന്നുവിചാരിച്ചു പുത്രനുണ്ടാവാനായി മഹേശ്വരനെ വ്രതങ്ങൾകൊണ്ടു സേവിച്ചു. മഹേശ്വരപ്രസാദത്താൽ ഹിമവാങ്കൽനിന്നു ഗംഗയെന്നതുപോലെയും സമുദ്രത്തിൽനിന്നു ലക്ഷ്മിയെന്നതുപോലെയും അവന്നു് ഒരു പുത്രിയുണ്ടായി. ചന്ദ്രകലപോലെയിരിക്കുന്ന പുത്രിയെക്കണ്ടു വൈശ്യൻ വളരെ സന്തോഷിച്ചു. തന്റെ വംശം പുത്രിയാൽ പരിശുദ്ധമായെന്നും നിശ്ചയിച്ചു. ധനദത്തൻ പുത്രിയാൽ വംശം പരിശുദ്ധമായതിനാൽ അവൾക്കു പൂതവതിയെന്നു പേരുവിളിച്ചു. അവൾ അച്ഛനമ്മമാരുടെ സന്തോഷത്തോടുകൂടെ നന്ദനവനത്തി

ൽ കല്പകലതയെന്നതുപോലെ ധനദത്തഗൃഹത്തിൽ വളൎന്നു. ആ ബാല ആപാദകേശം അനേക രത്നഭൂഷണങ്ങളാൽ ഭൂഷിതയായിട്ടു ശംഖപത്മാദികളായ നിധികളുടെ ശോഭയെ മോഹിപ്പിച്ചു. ശിവഭക്തന്മാർ കൊടുക്കുന്ന ഭസ്മത്തെക്കൊണ്ടു ധനദത്തൻ പുത്രിക്കു ദീൎഘായുഷ്യാദിവൃദ്ധിക്കായി അലങ്കരിച്ചു. ഇങ്ങിനെ അവളുടെ ബാല്യകാലം കഴിഞ്ഞപ്പോൾ സൌന്ദൎയ്യംകൊണ്ടും ഐശ്വൎയ്യംകൊണ്ടും പൂതവതിക്കു സമനായി നാഗപൂതി വൈശ്യപുത്രനായ പരമദത്തനെ വരുത്തി ബന്ധുക്കളോടുകൂടി ധനദത്തൻ പുത്രിയെ വിവാഹംചെയ്തു കൊടുത്തു. രതിമന്മഥന്മാരെപ്പോലെയിരിക്കുന്ന വധൂവരന്മാർ കാണുന്നവൎക്കെല്ലാം മനഃപ്രീതിയെ ഉണ്ടാക്കി. പൂതവതിയുടെ അച്ഛനമ്മമാർ വളരെ അപേക്ഷിച്ചു പരമദത്തനെ അവരുടെ ഗൃഹത്തിൽതന്നെ ഇരുത്തി. പരമദത്തനും നിത്യം ആയിരം ശിവഭക്തന്മാൎക്കു ഭക്ഷണംകൊടുത്തതിന്റെ ശേഷം പൂതവതിയോടുകൂടെ ഭക്ഷണം കഴിക്കും. ധനദത്തൻ തന്റെ ധനത്തിൽനിന്നു പകുതിധനം പരമദത്തന്നു കൊടുത്തു. വിശേഷമായ ഒരു മാളികയും തീൎപ്പിച്ചുകൊടുത്തു. അതിൽ പരമദത്തനേയും പൂതവതിയേയും കൂടി താമസിപ്പിച്ചു. സൎവ്വൈശ്വൎയ്യസമൃദ്ധമായ ആ ഗൃഹത്തിൽ ആ ദമ്പതികളുടെ ആനന്ദപൂരം ലക്ഷ്മിനാരായണന്മാരുടെ വൈകുണ്ഠമെന്നതുപോലെയിരുന്നു. പരമദത്തൻ ശിവഭക്തന്മാൎക്കു വേണ്ടുന്ന അന്നം തടസ്ഥംകൂടാതെ കൊടുക്കേണമെന്നു പൂതവതിയെ ഏല്പിച്ചു. ബാല്യംമുതൽക്കേ ഭക്തയായ പൂതവതി ശിവഭക്തന്മാർ വരുന്നവരെ പാൽ, നെയ്യ്, അന്നം ഇവകളാൽ യഥേഷ്ടം പൂജിച്ചു. അവൾ ഭക്തന്മാൎക്ക് ഇഷ്ടംപോലെ ഭക്ഷണം കൊടുത്തുകൊണ്ട് അവരെ അമ്മയെപ്പോലെ രക്ഷിച്ചു. ഇന്ദ്രാണിക്കുകൂടി ദുൎല്ലഭമായ ഭോഗങ്ങളേയും അനുഭവിച്ചു. പാൽനുരകളെപ്പോലേയുള്ള ശയ്യകളും നവരത്നമയമായ ഗൃഹവും അനുകൂലനായ ഭൎത്താവും പൂതവതിക്കു വളരെ സന്തോഷത്തെ വൎദ്ധിപ്പിച്ചു. അവൾ ശിവഭക്തന്മാരെ ഉപചരിക്കുന്നതിൽ ഒട്ടും ആലസ്യം കാണിക്കാതെ ശിവഭക്തി മൂൎത്തിമതിയായതുപോ

ലെ സമയത്തെ കഴിച്ചു. ഒരു ദിവസം ഒരു ശിവഭക്തൻ ഒരു ഞെട്ടിയിലുള്ള രണ്ടു മാമ്പഴങ്ങളെ പരമദത്തന്നു കൊടുത്തു. പരമദത്തൻ അതിനെ പുതവതിയുടെ കയ്യിൽ കൊടുത്തു. പിറേറദിവസം മഹേശ്വരൻ പുതവതിയുടെ ഭക്തിയെ പരിക്ഷിപ്പാനായി ഒരു ഭക്തവേഷത്തെ ധരിച്ചു പുതവതിയുടെ ഗൃഹത്തിൽ ചെന്ന് എനിക്കു വളരെ വിശക്കുന്നു. വേഗം വല്ലതും തരേണമെന്നു പുതവതിയെ ബദ്ധപ്പെടുത്തി. അതു കേട്ടു പുതവതി ഭക്തനെ നമസ്കരിച്ചു വിനയത്തോടെ പറഞ്ഞു. വെപ്പുകാലമാവുന്നേയുള്ളു. അപ്പോഴയ്ക്ക് ഇതു കഴിച്ചു ഭക്ഷിക്കുക എന്നു പറഞ്ഞ് അതിൽനിന്ന് ഒരു മാമ്പഴവും കുറേ പാലും കൊടുത്തു. അതെല്ലാം ആ ശിവഭക്തൻ ഭക്ഷിച്ചു തൃപ്തനായി മറയുകയും ചെയ്തു. അതു കണ്ടു പുതവതി സിദ്ധന്മാരുടെ മഹിമ ഗോപനിയമാണെന്നുവിചാരിച്ചു മനസ്സിൽതന്നെ വെച്ചു. പിന്നെ ഭക്തന്മാൎക്കെല്ലാം ഭക്ഷണങ്ങളും കൊടുത്തു. ഭക്ഷണംചെയ്ത ഭക്തന്മാരാൽ ആശീൎവ്വദിക്കപ്പെട്ടവനായിട്ടു പരമദത്തൻ ഭക്ഷണത്തിന്നായി അന്തൎഗ്ഗഹത്തിലേക്കു പോയി. അപ്പോൾ പുതവതി പാൽ, നെയ്, അന്നം മുതലായി ഭൎത്താവിന്നിഷ്ടമുള്ള പദാൎത്ഥങ്ങളെ കൊടുത്തു മാമ്പഴത്തേയും കൊടുത്തു. പരമദത്തൻ അമൃതരസംപോലെയിരിക്കുന്ന മാമ്പഴത്തെ ഭക്ഷിച്ചു സന്തുഷ്ടചിത്തനായിട്ടു മറേറ പഴം എവിടെയെന്നു ചോദിച്ചു പുതവതിയുടെ മുഖത്തേക്കു നോക്കി. അതു കണ്ടു പുതവതി താൻ ചെയ്തതിനെ പറവാൻ ശക്തയല്ലാതെ ഭയപീഡിതയായിട്ടു കൈകൂടഞ്ഞുകൊണ്ട് അടുക്കളയിലേക്കു പോയി. ഹെ ശംഭോ! എന്നെ രക്ഷിക്കണേ. എന്ന് അതിഖിന്നയായിട്ടു പുതവതി മഹേശ്വരനെ ശരണംപ്രാപിച്ചു. അപ്പോൾ ഭക്തവത്സലനായ മഹേശ്വരന്റെ ആജ്ഞയാൽ അതിനോടു തുല്യമായ ഒരു മാമ്പഴം അവളുടെ മുമ്പിൽ വീണു. അവൾ സന്തോഷത്തോടുകൂടെ അതെടുത്തു ഭൎത്താവിന്നു കൊടുത്തു. പരമദത്തൻ അതിനെ ഭക്ഷിക്കുകയും ചെയ്തു. ആ മാമ്പഴം മുമ്പത്തതിനേക്കാൾ അധികം സ്വാദായിരുന്നതുകൊണ്ടു

പരമദത്തൻ ഈ മാമ്പഴം എവിടെനിന്നു കിട്ടിയതാണെന്നു ചോദിച്ചു. അതു മഹേശ്വരന്റെ കാരുണ്യംകൊണ്ടു കിട്ടിയതാണെന്നു ഭാര്യ പറഞ്ഞു. അതു കേട്ടു പരമദത്തൻ ചിരിച്ചുകൊണ്ടു പറഞ്ഞു. നിന്റെമേൽ മഹേശ്വരനു കാരുണ്യമുണ്ടെങ്കിൽ ഇനി ഒരു മാമ്പഴത്തെ വരുത്തുക. കാണട്ടെ. അതു കേട്ടു പൂതവതി അടുക്കളയിൽ പോയി ചതുർവ്വർഗ്ഗഫലപ്രദനായ മഹേശ്വരനെ പിന്നെയും ശരണം പ്രാപിച്ചു. അപ്പോൾ മുമ്പെത്തെപ്പോലെതന്നെ ഒരു മാമ്പഴം അവളുടെ മുമ്പിൽ വീണു. അവൾ അതിസന്തോഷത്തോടുകൂടെ അതെടുത്തു ഭർത്താവിന്നു കൊടുത്തു. അപ്പോൾ പരമദത്തൻ പൂതവതിയുടെ വൈഭവം കണ്ടു ഭീതനായി ഇങ്ങിനെ വിചാരിച്ചു. ബ്രഹ്മാദികൾക്കുകൂടി അഗോചരനായിരിക്കുന്ന മഹേശ്വരൻ ഇവളാൽ വശീകൃതനായിരിക്കുന്നു. ഇവളെക്കൊണ്ടു ദാസ്യം ചെയ്യിക്കുന്നതിനാൽ എനിക്കു ശിവദ്രോഹം സംഭവിച്ചു. ഇവൾ പാർവ്വതിതന്നെയാണ്. അല്ലെങ്കിൽ ഇങ്ങിനെയുള്ള ശക്തിയുണ്ടാകുമോ? ധർമ്മപത്നിയായ ഇവളെ ത്യജിക്കുന്നതായാൽ വളരെ മഹാപാപം സംഭവിക്കും. ഇവളോടുകൂടിയിരിപ്പാൻ എനിക്കു വളരെ ഭയമുണ്ട്. ഞാൻ എന്താണ് ചെയ്യേണ്ടത്. ഇങ്ങിനെ ചിന്താകുലനായി തീർന്നു. പിന്നെ പരമദത്തൻ വ്യാപാരത്തിനാണെന്നുള്ള വ്യാജം പറഞ്ഞ് എവിടെയെങ്കിലും പൊയ്ക്കളയാമെന്നു നിശ്ചയിച്ചു വലുതായ ഒരു കപ്പലിൽ പലവിധ ചരക്കുകളേയും കയററി മറെറാരു ദ്വീപിലേക്കു പോയി. പോകുമ്പോൾ മനസ്സിൽ പൂതവതിയുടെ അത്ഭുതശക്തിയെയോർത്തു വിസ്മയിച്ചുകൊണ്ടിരുന്നു. പൂതവതിയാവട്ടെ ഭർത്താവ് അന്യദ്വീപിലേക്കു പോയപ്പോൾ ശിവഭക്തന്മാൎക്കന്നം കൊടുത്ത് ഒരുനേരം മാത്രം ഭക്ഷണം കഴിച്ചുകൊണ്ടു വ്രതത്തോടുകൂടിയിരുന്നു. പരമദത്തനും അനവധി ധനത്തെ സമ്പാദിച്ചു പാണ്ഡ്യദേശത്തിൽ പോയി അവിടെ ഒരു വൈശ്യപുത്രിയെ വിവാഹംചെയ്തു സുഖമായിരുന്നു. ആ ഭാര്യയിൽ പരമദത്തന്ന് ഒരു പുത്രിയുണ്ടായി. ആ കന്യകയ്ക്കു പരമദത്തൻ താൻ പൂതവതിയോടു ചെയ്ത അപരാധമോചന

ത്തിന്നായി പൂതവതിയെന്നു പേരിട്ടു. പൂതവതിയുടെ അച്ഛനായ ധനദത്തൻ പരമദത്തനെക്കാണാതെ തിരഞ്ഞുകൊണ്ടിരിക്കുമ്പോൾ പാണ്ഡ്യരാജ്യത്തിൽ വസിക്കുന്നുണ്ടെന്നു കേട്ടു പൂതവതിയെ അങ്ങോട്ടയച്ചു. അവൾ വളരെ ബന്ധുക്കളോടും പരിജനങ്ങളോടുംകൂടി പല്ലക്കിൽ കയറി ഭർത്തൃസമീപത്തേക്കു പോയി. പരമദത്തൻ പൂതവതി വരുന്നുണ്ടെന്നു കേട്ടു വേഗം ഭാര്യയേയും പുത്രിയേയും കൂട്ടിക്കൊണ്ടു പൂതവതിയുടെ കാല്ക്കൽ വീണു നമസ്കരിച്ചു തന്റെ അഭിപ്രായമെല്ലാം പൂതവതിയോടു പറഞ്ഞു. ഞാൻ നിന്നോടു ചെയ്തു അപരാധശുദ്ധ്യർത്ഥമായി ഈ കന്യകക്കു നിന്റെ പേർ ഇട്ടിരിക്കുന്നു. നീ ഒരു ദേവിയാണെന്നുവിചാരിച്ചു ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു. നീ ഇവിടെവന്ന് ഇരിക്കുന്നതാണെങ്കിൽ ഞാൻ വേറെ എവിടെയെങ്കിലും പോയ്ക്കൊള്ളാം. ഇങ്ങിനെ പരമദത്തൻ പറഞ്ഞതുകേട്ടു പൂതവതി ഭർത്താവിനോടു പറഞ്ഞു. ഹെ നാഥ! ഭവാൻവേണ്ടിയാണ് ഈ ദേഹത്തെ ഞാൻ രക്ഷിച്ചിരുന്നത്. മറ്റൊന്നിനല്ല, ഭവാൻ ഇതിനെ ത്യജിക്കുകയാണെങ്കിൽ ഞാൻ ശിവസമീപത്തേക്കു പോകുന്നു എന്നു പറഞ്ഞു പൂതവതി വളരെ ബ്രാഹ്മണരെ വരുത്തി അനവധി ധനങ്ങളെക്കൊണ്ടു പൂജിച്ചു യോഗാഭ്യാസത്താൽ തന്റെ ശരീരത്തിലുള്ള സകല മാംസങ്ങളേയും ശുഷ്കിപ്പിച്ചുകളഞ്ഞു. അവൾ ഭൂതപതിയായ മഹേശ്വരനെ സേവിപ്പാൻ ഭൂതരൂപംതന്നെയാണ് നല്ലതെന്നു നിശ്ചയിച്ചു പൈശാചരൂപം ഭവിക്കട്ടെ എന്നു വിചാരിച്ചു. അപ്പോൾ അവൾ പൈശാചാകൃതിയായി. ജനങ്ങളെല്ലാം അതു കണ്ടു വളരെ വിസ്മയിച്ചു. അപ്പോൾ ഭൂതഗണങ്ങൾ ശിവാജ്ഞയാൽ ചന്ദ്രധവളമായ വിമാനത്തെക്കൊണ്ടുവന്നു. പൂതവതി അതിൽ കയറി കൈലാസത്തിലേക്കു പോകയുംചെയ്തു. കൈലാസത്തിൽപോയി മഹേശ്വരവാസസ്ഥലമായ കൈലാസത്തെ കാൽകൊണ്ടു ചവിട്ടുന്നതു യുക്തമല്ലെന്നു നിശ്ചയിച്ചു തപശ്ശക്തിയാൽ തലകൊണ്ടു നടന്നുതുടങ്ങി. അങ്ങിനെ വരുന്നതു കണ്ട് ഉമാദേവി മഹേശ്വരനോടു ചോദിച്ചു. ഒരു പിശാചി

ഇതാ വരുന്നു. ഇവൾ ആരാണ്? തലകൊണ്ടാണ് നടക്കുന്നത്. ഇവളുടെ രൂപം വികൃതമായിരിക്കുന്നു. തപശ്ശക്തി ഏററവും മഹത്തരമായുമിരിക്കുന്നു. ഭൂമിയിൽനിന്ന് ഇരുപത്തിനാലായിരം യോജന ഉയരമുള്ള കൈലാസപൎവ്വതത്തെ തലകൊണ്ടു നടന്നു കയറി ഭവൽസന്നിധിയിൽ വന്നുവല്ലൊ. അതു കേട്ടു മഹേശ്വരൻ ചിരിച്ചുകൊണ്ട് ഇവൾ എന്റെ അമ്മയാണ്. എന്റെ ഭക്തയുമാണ്. ഞാൻ പൂജിക്കേണ്ടവളാണ്. നിസ്സം അങ്ങിനെ ചെയ്യണം. എന്നു പറഞ്ഞു പാൎവ്വതിയോടുകൂടി മഹേശ്വരൻ അവളെ എതിരേററ ഹെ അമ്മേ! അനാമയമല്ലെ? ഇങ്ങോട്ടു വരു എന്നു പറഞ്ഞു. ആൎയ്യയെ നമസ്കരിക്കുക എന്നു പാൎവ്വതിയോടും പറഞ്ഞു. ഉമാദേവി പൂതവതിയെ ഹെ ആൎയ്യേ! ഞാൻ നമസ്കരിക്കുന്നു. നിന്നിലിരിക്കുന്ന സൎവ്വാന്തൎയ്യാമിയായ ദേവനേയും നമസ്കരിക്കുന്നു. ഇങ്ങിനെ നമസ്കരിക്കുന്ന ഉമാദേവിയോടു സംഭാഷണംചെയ്തു പൂതവതി മഹേശ്വരനോടു പറഞ്ഞു. ഹെ മഹേശ്വര! കൈലാസശൃംഗത്തിൽ ഗൌരീസമേതനായി വസിക്കുന്ന ഭവാനെ ഞാൻ കണ്ടു. അതിനാൽ ഞാൻ ധന്യയുമായി. അപ്പോൾ മഹേശ്വരൻ ഇനി നിനക്ക് ആഗ്രഹമെന്താണെന്നു ചോദിച്ചു. അപ്പോൾ പൂതവതി പറഞ്ഞു. ഭവാന്റെ ആനന്ദനൃത്തത്തെ കാണ്മാനാണ് ആഗ്രഹമുള്ളത്. ഭവാന്റെ അഭിപ്രായമെന്താണ്. മഹേശ്വരൻ പറഞ്ഞു. ഹെ ആൎയ്യെ! നിന്റെ അഭീഷ്ടം നല്ലവണ്ണം തരാമല്ലൊ. വടാരണ്യത്തിൽവെച്ച് എന്റെ ആനന്ദനൃത്തം കാണിച്ചുതരാം. അവിടെക്കു പോയ്ക്കൊള്ളുക. അതു കേട്ടു പൂതവതി എനിക്ക് അങ്ങോട്ടു പോകുവാൻ ശക്തിയില്ല. എന്നു പറഞ്ഞു മഹേശ്വരപാദത്തെ പിടിക്കുവാൻ തുടങ്ങുമ്പോൾ മഹേശ്വരൻ മറഞ്ഞു കളഞ്ഞു. അനന്തരം മഹേശ്വരാനുജ്ഞയാൽ വിഘ്നേശ്വരൻ തുമ്പിക്കൈകൊണ്ടു പൂതവതിയെ എടുത്തു വടാരണ്യശിവക്ഷേത്രത്തിൽ സഭയിൽ കൊണ്ടുപോയി വെച്ചു. പൂതവതി പതുക്കെ കണ്ണുകൾ മിഴിച്ചു നാലുഭാഗത്തും നോക്കുമ്പോൾ നവരത്നവിഭൂഷിതമായ സഭയെ കണ്ടു. ആ സഭയിൽ നന്ദി വ

ടി പിടിച്ചുകൊണ്ടു നില്ക്കുന്നു. ഗുണത്രയസാമ്യയായ മായയാകുന്ന തിരശ്ശീല ഇട്ടിരിക്കുന്നു. സരസ്വതീദേവി വീണവായിക്കുന്നു. ലക്ഷ്മീദേവി വേണുഗാനം ചെയ്യുന്നു. വിഷ്ണു മദ്ദളം അടിക്കുന്നു. ബ്രഹ്മാവ് ഇലത്താളം പിടിക്കുന്നു. നാലു വേദങ്ങൾ ദീപങ്ങൾ പിടിച്ചുകൊണ്ടിരിക്കുന്നു. സനകാദി മുനികൾ സദസ്സിൽ ഇരിക്കുന്നു. വേദമാതാവായ ഗായത്രി കക്ഷാത്രയമായിരിക്കുന്നു. സർവ്വശാസ്ത്രങ്ങളും വെളുത്ത പട്ടുവസ്ത്രങ്ങളായിരിക്കുന്നു. സപ്തകോടി മഹാമന്ത്രങ്ങൾ ചിന്നിക്കിടക്കുന്ന കുസുമങ്ങളായിരിക്കുന്നു. പഞ്ചാക്ഷരീമഹാമന്ത്രം ഭദ്രപീഠമായിരിക്കുന്നു. ചന്ദ്രാദിത്യന്മാർ കണ്ണാടികളായിരിക്കുന്നു. ശിവശക്തിയായും പരദേവതയായുമിരിക്കുന്ന ഉമാദേവി സാക്ഷിണിയായിരിക്കുന്നു. വ്രതവതി ലോകകൌതുകമായ സഭയെക്കണ്ടു കൈലാസത്തെ വിട്ടു വേഗം എഴുനീററ് ഇതെന്താണെന്നു വിസ്മിതയായി ഭവിച്ചു. അപ്പോൾ മഹേശ്വരൻ തന്റെ ആനന്ദനൃത്തത്തെ അവൾക്കു കാണിച്ച് അവളെ ദേഹമുക്തയാക്കി തന്റെ സമീപത്തിലിരുത്തി.

എന്ന സ്കന്ദോപപുരാണത്തിൽ
നാല്പത്തിരണ്ടാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു— ഹെ മുനികളെ! ശിവഭക്തന്മാരുടെ സേവകൊണ്ടും നാമസങ്കീർത്തനംകൊണ്ടും പൂജകൊണ്ടും അപമൃത്യുഭയം നീങ്ങിപ്പോകുന്നു. ഇതിന്നു മഹത്തായ ഒരു ഇതിഹാസം മഹാന്മാരാൽ പറയപ്പെട്ടിട്ടുണ്ട്. അതിന്റെ ശ്രവണത്താൽ മനുഷ്യൻ അപമൃത്യുവിൽനിന്നു മോചിക്കുന്നു. ചന്ദ്രപുരം എന്നുപേരായി ചന്ദ്രമണ്ഡലധവളങ്ങളായ മഹാധനവാന്മാരുടെ മാളികകളാൽ അലങ്കരിക്കപ്പെട്ടതായ ഒരു നഗരമുണ്ട്. സ്വധർമ്മനിരതന്മാരായ നാലുജാതികളാൽ എല്ലാടവും അലംകൃതമായ ആ പുരത്തിൽ ആഭ്രതിചരണനെന്നു പേരായി ഒരു ബ്രാഹ്മണശ്രേഷ്ഠനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഇഷ്ടാപൂർത്താദികർമ്മങ്ങളുടെ യശസ്സിനാൽ ജഗത്തെല്ലാം വിമ

ലമായിരിക്കുന്നു. വേദജ്ഞന്മാരിൽ അഗ്രഗണ്യനും ശിവഭക്തനും ജിതേന്ദ്രിയനുമായ ആ ബ്രാഹ്മണൻ ആർഹതന്മാരെ ജയിച്ച വൈദികസിദ്ധാന്തത്തെ പ്രതിഷ്ഠിച്ച വാഗീശന്റെ പാദാരവിന്ദങ്ങളിൽ ഉത്തമഭക്തിയെ ചെയ്തു. ആ ബ്രാഹ്മണൻ താൻ നിൎമ്മിച്ചതായ ശിവാലയങ്ങളിലും വാപീകൂപതടാകങ്ങളുടെ സമീപത്തിലും വലിയ കല്ലുകൾ നിൎത്തി താൻചെയ്യു ധൎമ്മത്തെയെല്ലാം വാഗീശന്റേതാണെന്ന് എഴുതി പ്രസിദ്ധപ്പെടുത്തി. തണ്ണീർപന്തലുകളിൽ വിശേഷിച്ചും വാഗീശന്റെ പേർ എഴുതിച്ചു. ഇങ്ങിനെയിരിക്കുമ്പോൾ വാഗീശൻ ഭൂമിയിലുള്ള ശിവക്ഷേത്രങ്ങളിലെല്ലാം സഞ്ചരിച്ചുകൊണ്ട് ഉഷ്ണകാലത്തിൽ ഒരു മദ്ധ്യാഹ്നത്തിൽ ആഭൂതിചരണന്റെ തണ്ണീർപന്തലിൽ ചെന്നു. അവിടെ സൌരഭ്യത്തോടുകൂടിയതും അതിശീതളമായുമിരിക്കുന്ന ജലപാനംചെയ്തു ക്ഷീണമെല്ലാം തീൎത്തു വലുതായ കൽത്തൂണിൽ എഴുതിയിരിക്കുന്ന അക്ഷരങ്ങളെ വായിച്ചു. ആർഹതന്മാരെ ജയിച്ച വാഗീശന്റെ ധൎമ്മമാണ് ഇത് എന്നു വ്യക്തമായി എഴുതിയിരിക്കുന്നതുകണ്ടു സന്തോഷത്തോടും വിസ്മയത്തോടുംകൂടി അതിലുള്ള കാൎയ്യസ്ഥനോട് ഇതാരുടെ ധൎമ്മമാണെന്നു ചോദിച്ചു. അവൻ സന്തോഷത്തോടെ പറഞ്ഞു. വാഗീശകിങ്കരനായി ആഭൂതിചരണനെന്നു പേരായ ഒരു ബ്രാഹ്മണനുണ്ട്. ആ ബ്രാഹ്മണന്റേതാണ് ഇതെല്ലാം. ഞങ്ങൾ അദ്ദേഹത്തിന്റെ ഭൃത്യന്മാരാണ്. അതുകേട്ടു വാഗീശൻ അവൻ എവിടേയാണെന്നു ചോദിച്ചു. അവർ അദ്ദേഹത്തിന്റെ ഗൃഹം കാണിച്ചുകൊടുത്തു. വാഗീശൻ ആ ഗൃഹദ്വാരത്തിൽപോയപ്പോൾ ആഭൂതിചരണൻ മാദ്ധ്യാഹ്നികസ്നാനം ചെയ്വാനായി ഗൃഹത്തിൽനിന്നു പുറത്തേക്കു കടക്കുമ്പോൾ വാതിലിന്റെ മേൽപടി അദ്ദേഹത്തിന്റെ തലയിൽ തട്ടി. അദ്ദേഹം വേദനയാൽ വാഗീശ! ശരണം എന്നുപറഞ്ഞുകൊണ്ടു പുറത്തേക്കു കടന്നു. അപ്പോൾ ഭസ്മലേപിതശരീരനായി സാക്ഷാൽ മഹേശ്വരനേപ്പോലെ ഒരാൾ ഗൃഹദ്വാരത്തിൽ നി

ല്ക്കുന്നതുകണ്ടു. ആഭൂതിചരണൻ നമസ്കരിച്ചെഴുനീററ് ഇ
ങ്ങിനെപറഞ്ഞു. ഞാൻ മഹേശ്വരദശ്നത്താലെന്നപോലെ ഭ
വാന്റെ ദശ്നത്താൽ ധന്യനായി. എന്റെ ഗൃഹം ഭവാ
ന്റെ പാദരേണുക്കളാൽ പരിശുദ്ധമായി ഭവിക്കട്ടേ. ഞാൻ
ഭവാന്ന് ആതിത്ഥ്യത്തെ ചെയ്യുവാൻ ആഗ്രഹിക്കുന്നു. എ
ന്നെ അനുഗ്രഹിക്കുക എന്നുപറഞ്ഞു വാഗീശനെ ഗൃഹ
ത്തിലേക്കു കൂട്ടിക്കൊണ്ടുപോയി ഭദ്രാസനത്തിലിരുത്തി. അ
പ്പോൾ വാഗീശൻ ചോദിച്ചു. ഹേ ബ്രാഹ്മണ! ഭവാന്റെ
പേരെന്താണ്? ശിവഭക്തികൊണ്ടു മഹാനായിരിക്കുന്നുവല്ലോ.
ബ്രാഹ്മണൻ തൊഴുതുകൊണ്ടു പറഞ്ഞു. ഞാൻ വാഗീശദാസ
നാണ്. ആഭൂതിചരണനെന്നാണ് പേർ. എനിക്ക് ഐ
ഹികാമുഷ്മികമെല്ലാം വാഗീശധമ്മത്താലാണ്. അതുകേട്ടു വാ
ഗീശൻ പറഞ്ഞു. നീ എന്താണ് പറയുന്നത്? ബ്രഹ്മാദികൾ
യാതൊരുദേവന്റെ ദാസന്മാരായിരിക്കുന്നുവോ യാതൊരുദേ
വൻ ജഗത്തുകളുടെ ഏകപ്രഭുവായിരിക്കുന്നുവോ യാതൊരുദേവ
ന്റെ നാമസ്മരണം ജന്തുക്കളുടെ മഹാപാതകങ്ങൾക്കു പ്രായ
ശ്ചിത്തമായി ഭവിക്കുന്നുവോ അങ്ങിനെയുള്ള മഹാദേവനേയും
ആ ദേവന്റെ അതിപാവനമായ നാമത്തേയുംവിട്ടു പുളപ്പുവി
ന്നു സമാനനായും ഭവാൻ ശരണം ഗമിച്ചവനുമായ ആ വാഗീ
ശൻ എവിടെ? അവൻ ആരാണ്? ദേവനൊ? അല്ലെങ്കിൽ
മനുഷ്യനൊ? ഞങ്ങൾ ശിവദേവന്മാരാണ്. ശിവഭക്തന്മാരു
ടെ ഗൃഹങ്ങളിലല്ലാതെ മററാരുടേടത്തും ഭക്ഷണം കഴിക്കുകയി
ല്ല. നീ അടയാളംകൊണ്ടു ശൈവനാണെന്നുമാത്രമേയുള്ളു.
നിനക്കു ഭക്തി ശിവങ്കലല്ല. അന്യങ്കലാണ്. ഇങ്ങിനെ വാ
ഗീശൻ പറഞ്ഞതുകേട്ടു ബ്രാഹ്മണൻ പിന്നേയും പറഞ്ഞു.
ഹേ സ്വാമി! ഇങ്ങിനെ പറയരുത്. ഞാൻ പറയുന്നതുകേൾ
ക്കുക. മഹേശ്വരന്നു സ്ഥിരമെന്നും ചരമെന്നും രണ്ടു രൂപമാ
ണ് പറയപ്പെട്ടിരിക്കുന്നത്. ലോകത്തിൽ മഹേശ്വരൻ ദു
ഷ്ടനിഗ്രഹവും ശിഷ്ടരക്ഷണവും ചെയ്യുന്നു. സ്ഥിരരൂപത്തിൽ

മഹേശ്വരൻ അപ്രത്യക്ഷനായിരിക്കുന്നു. ചരരൂപത്തിൽ പ്രത്യക്ഷനായുമിരിക്കുന്നു. ക്ഷേത്രം, ലിംഗം മുതലായതെല്ലാം സ്ഥിരരൂപമാണ്. ഭവാന്മാരെപ്പോലെയുള്ളവർ മഹേശ്വരന്റെ ചരരൂപങ്ങളാണ്. മഹേശ്വരൻ ലോകത്തിൽ നിഗ്രഹാനുഗ്രഹങ്ങളെ ചരസ്വരൂപത്താലാണ് ചെയ്യുന്നത്. വന്ദിക്കുന്നവൎക്കു ഫലത്തെയും കൊടുക്കുന്നു. ശിവൻ ഏതുപ്രകാരമോ ഭക്തനും അപ്രകാരംതന്നെ. അവൎക്കു ഭേദം ഒട്ടുമില്ല. മഹേശ്വരൻ വാഗിശസ്വരൂപത്തെ ധരിച്ച് ആൎഹതന്മാരെ ജയിച്ചു ലോകത്തിൽ ഉത്തമമായ വൈദികമാൎഗ്ഗത്തെ സ്ഥാപിച്ചു. അതു മഹേശ്വരൻതന്നെ. ആ വാഗീശനിൽ മനുഷ്യബുദ്ധിയെ വിചാരിക്കുന്നവർ നശിക്കുന്നു. അതുകൊണ്ടു ഞാൻ ചെയ്യു സൎവ്വധൎമ്മങ്ങളും ആ വാഗിശന്റേതാണെന്നാണ് എന്റെ നിശ്ചയം. ഇങ്ങിനെ ബ്രാഹ്മണൻ പറഞ്ഞതുകേട്ടപ്പോൾ എന്നാൽ ആ വാഗിശൻ ഞാൻതന്നെയാണെന്നുപറഞ്ഞു. അപ്പോൾ ബ്രാഹ്മണൻ ദരിദ്രനായവന്നു നിധികിട്ടിയതുപോലെ ഏററവും സന്തോഷിച്ചു. പിന്നെ വാഗീശന്നു ഭക്ഷണം തയ്യാറാക്കി ആഭൃതിചരണന്റെ പുത്രൻ ഇലമുറിപ്പാൻ പോയപ്പോൾ ഒരു സൎപ്പം കടിച്ച് ഉടനെ കുട്ടിമൂൎഛിതനായി വീണു. ആഭൃതിചരണൻ ആ പുത്രനെ മൂടിവെച്ചു വാഗീശന്ന് അന്നം വിളമ്പി. അപ്പോൾ വാഗിശൻ എന്നോടുകൂടി നീയും പുത്രനും ഇരിക്കുവിൻ, പുത്രനെ വിളിക്കുവിൻ എന്നു ദമ്പതികളെ ബദ്ധപ്പെടുത്തിത്തുടങ്ങി. അപ്പോൾ അവർ വിചാരമഗ്നന്മാരായി യഥാൎത്ഥം പറഞ്ഞാൽ ആതിത്ഥ്യവിഘ്നംവരും. ഇല്ലെങ്കിൽ കളവുപറയേണ്ടിവരും. എന്താണ് വേണ്ടത് എന്നിങ്ങിനെ അവർ തമ്മിൽ ആലോചിച്ച് അവസാനം വൃത്തവൃത്താന്തത്തെ സത്യം പറഞ്ഞു. അപ്പോൾ വാഗീശൻ നിങ്ങൾ ഭയപ്പെടേണ്ട എന്ന് അവരോടുപറഞ്ഞു തന്നെസേവിച്ചതിന്റെ കടം വീട്ടുവാനായി മരിച്ചുകിടക്കുന്ന ബ്രാഹ്മണപുത്രന്റെ മുഖത്തു ഭസ്മമിട്ടു ശൂലധാരിയായും നീലകണ്ഠനായുമിരിക്കുന്ന ദേവനെ സ്തുതിച്ചു.

ജലധിമഥനജാതായഃപുരാകാളകൂടം
പ്രതിഭയമമരാണാംവിഷ്ടപാനാംചശംഭുഃ
അപിബതഭയദാതാദൈവതൈന്ന്യമാനോ
വികടയതുവിഷാൎത്തിംവിസ്മൃതശ്ചേതസാനഃ.

അൎത്ഥം— പണ്ടു സമുദ്രമഥനത്തിൽനിന്നുണ്ടായ കാളകൂടവിഷത്തെ ലോകങ്ങളുടേയും ദേവന്മാരുടേയും ഭയത്തെ നശിപ്പിപ്പാനായി യാതൊരു ദേവൻ പാനംചെയ്തുവോ ദേവവന്ദ്യനായും അഭയദാതാവായും ഇരിക്കുന്ന ആ ദേവനെ മനസ്സിനാൽ ധ്യാനിക്കുന്നു. ഞങ്ങളുടെ വിഷാൎത്തിയെ ആ ദേവൻ നശിപ്പിക്കട്ടെ.—

ഇങ്ങിനെ വാഗീശൻ പറഞ്ഞപ്പോൾ ബ്രാഹ്മണപുത്രൻ ജീവിച്ചു. അതുകണ്ടു ദേവദാനവന്മാർകൂടി അത്യന്തം വിസ്മയിച്ചു. അനന്തരം വാഗീശൻ ആ ബ്രാഹ്മണന്റെ ഗൃഹത്തിൽ ഭക്ഷണം കഴിച്ച് ഇഷ്ടപ്രകാരം പോവുകയും ചെയ്തു. പുത്രൻ ജീവിച്ചതിനാൽ ദമ്പതികൾ വളരെ വളരെ സന്തോഷിച്ചു. ആഭിചാരണൻ ആ വാഗീശനേത്തന്നെ ധ്യാനിച്ചു യോഗിദുല്ലഭമായ ശിവസായൂജ്യത്തെ പ്രാപിച്ചു.—

എന്ന സ്കന്ദോപപുരാണത്തിൽ
നാല്പത്തിമൂന്നാമദ്ധ്യായം.

—oo೦oo—

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളേ! സൎവ്വപാപനാശനമായ ശിവഭക്തസഹവാസത്താൽ ജീവികൾ കടക്കാൻ പാടില്ലാത്ത ജനനദുഃഖസമുദ്രത്തെ ലീലയാൽ കടക്കുന്നു. ഇതിന്നു പുരാതനമായ ഒരു ഇതിഹാസത്തെ പറയാം. ഇതിൽ നീലനഗനന്റെ പാവനമായ ചരിത്രത്തെയാണ് പറയുന്നത്. കാവേരീതീരത്തിൽ അഗ്നിഹോത്രരതന്മാരായും ധൎമ്മനിരതന്മാ

രായും ഇരിക്കുന്ന ബ്രാഹ്മണരാൽ അധിഷ്ഠിതമായ മംഗലം എന്നൊരു പുരമുണ്ട്. അവിടെ നീലനഗനെന്നു പേരായി ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹം വേദപാരഗനും ബ്രഹ്മത്തെ അറിയുന്നവനും ക്രോധത്തെ ജയിച്ചവനും ശിവഭക്തനും ആകുന്നു. ശുദ്ധസാത്വികത്വംകൊണ്ടു നിൎമ്മലമായ ജ്ഞാനത്തിന്നു മാത്രമെ വെളുപ്പുവൎണ്ണമുള്ളു. മറെറുള്ള കൎമ്മഫലങ്ങളെല്ലാം ചുകപ്പും കറുപ്പും കൂടിയതിനാൽ നീലമാണ്. ആ നീലമായ കൎമ്മഫലങ്ങൾ നഗനെയെന്നപോലെ ആ ബ്രാഹ്മണനെ ബാധിക്കാത്തതിനാൽ നീലനഗനെന്നുള്ള പേർ ലോകപ്രസിദ്ധമായി. അദ്ദേഹം ഗായത്രീമഹാമന്ത്രാൎത്ഥവിവേകമാകുന്ന ജലത്താൽ മലത്രയങ്ങളെ കഴുകിക്കളഞ്ഞു വാജപേയാദിയാഗങ്ങളാലും മഹേശ്വരനെ ആരാധിച്ചു. നീലനഗൻ മഹേശ്വരപ്രസാദത്താൽ ചരാചരാത്മകമായ സകല പ്രപഞ്ചത്തെയും ശിവമയമായി കണ്ടു. നീലനഗന്റെ മനസ്സ് എപ്പോഴും ശിവധ്യാനത്താൽ തേററാമ്പരൽപൊടികൊണ്ടു തെളിഞ്ഞ ജലംപോലെ നിൎമ്മലമായി ഭവിച്ചു. ഇങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം നീലനഗൻ മഹേശ്വരനെ ഫലങ്ങളാലും ക്ഷീരത്താലും മധുവിനാലും അഭിഷേകംചെയ്തു തൈർ, പാൽ ഇതുകളോടുകൂടി അന്നത്തെ നിവേദിച്ചു സന്തുഷ്ടചിത്തനായിട്ടു ദേവനെ സ്തുതിക്കുവാൻ തുടങ്ങി. അപ്പോൾ നീലനഗന്റെ ഭാൎയ്യയായ പതിവ്രത തൊഴുതുകൊണ്ടു മഹേശ്വരനെ സേവിച്ചുനിന്നു. അപ്പോൾ മഹേശ്വരശിരസ്സിൽ ഒരു ഊൎണ്ണനാഭി വീണു വലകെട്ടുവാൻ തുടങ്ങി. അതു കണ്ടു നീലനഗന്റെ ഭാൎയ്യ വേഗം അതിനെ കൈകൊണ്ടു തുടച്ചുകളഞ്ഞു. ഊൎണ്ണനാഭിയുടെ നഖക്ഷതത്താൽ മഹേശ്വരശിരസ്സിൽ അല്പം രക്തം കണ്ടു. അത് ആ സാദ്ധ്വിയുടെ ഭക്തിപരീക്ഷാൎത്ഥമായി മഹേശ്വരൻ കാണിച്ചതാണ്. അതു കണ്ടു ഭയപ്പെട്ട് ആ ബ്രാഹ്മണസ്ത്രീ വായിലുള്ള വെള്ളമാണ് അതിന്ന് ഔഷധമെന്നു നിശ്ചയിച്ചു നാവുകൊണ്ട് അവിടെ

നക്കി. രക്തം നില്ക്കുകയും ചെയ്തു. മഹേശ്വരൻ സന്തോഷിച്ചു. ഭാൎയ്യ മഹേശ്വരന്റെ ശിരസ്സിൽ നക്കുന്നതു കണ്ടു നീലനഗനൻ ദുഃഖിതനായിട്ടു ഭാൎയ്യയോടു പറഞ്ഞു. നീ ശിവദ്രോഹമാണ് ചെയ്തത്. നിന്നെ ഞാൻ ശിക്ഷിക്കാതെ വിട്ടുകളയാം. നിനക്കും എനിക്കും തമ്മിൽ യാതൊരു സംബന്ധവുമില്ല. നീ എവിടെയെങ്കിലും പോയ്ക്കൊള്ളുക. ഇങ്ങിനെ ഭൎത്താവു പറഞ്ഞതുകേട്ടു ഭാൎയ്യ തൊഴുതുകൊണ്ടു പറഞ്ഞു. എനിക്കു ഭവാനെ ഗതിയുള്ളു. ഞാൻ ശിവദ്രോഹം ചെയ്തില്ല. മഹേശ്വരൻ സൎവ്വസാക്ഷിയാണെല്ലൊ. സൎവ്വവും മഹേശ്വരൻ അറിയും. അതു കേട്ടു നീലനഗനൻ തല കുലുക്കിക്കൊണ്ടു പറഞ്ഞു. ആദ്യം സാഹസം ചെയ്തു പിന്നെ അതിനെ മാച്ചുവാൻ ശ്രമിക്കുന്നേവോ? സ്ത്രീകൾ സാഹസികളാണെന്നു പറഞ്ഞുകൊണ്ടു നീലനഗനൻ ഗൃഹത്തിലേക്കു പോയി. ഭൎത്താവു പോയപ്പോൾ സാദ്ധ്വിയായ ആ ബ്രാഹ്മണസ്ത്രീ മഹേശ്വരനെ ശരണം പ്രാപിച്ച് ഉപവസിച്ചുകൊണ്ടു പഞ്ചാക്ഷരമന്ത്രത്തെയും ജപിച്ച് അവിടെത്തന്നെ രാത്രിയെ കഴിച്ചു. രാത്രിയിൽ നീലനഗനനോടു സ്വപ്നത്തിൽ മഹേശ്വരൻ ഇങ്ങിനെ പറഞ്ഞു. ഹെ മൂഢ! അവൾക്ക് എന്നിലുള്ള ഭക്തി നീ അറിയുമോ? നീ മഹാഭിഷേകംചെയ്തിട്ടു നല്ലവണ്ണം തുടച്ചിട്ടുണ്ടായിരുന്നില്ല. അല്പം പഞ്ചാമൃതം എന്റെ ശിരസ്സിൽ പററീട്ടുണ്ടായിരുന്നു. അതിനെ ഭക്ഷിപ്പാനായി ക്ഷുധാൎത്തയായ ഊൎണ്ണനാഭി എന്റെ ശിരസ്സിൽ വീണ് ആ പഞ്ചാമൃതത്തെയെടുത്തപ്പോൾ അതിന്റെ നഖക്ഷതത്താൽ വിഷത്തോടുകൂടിയ രക്തംവന്നു. അതു കണ്ടു നിന്റെ ഭാൎയ്യ നക്കിയതാണ്. നിന്നെ പേടിച്ചാണ് അവൾ മുഴുവനും നക്കാത്തത്. അല്ലെങ്കിൽ എന്റെ ലിംഗം മുഴുവനും സ്വൎണ്ണമായിരുന്നു. നീ അവളെ ത്യജിച്ചാൽ ഞാൻ നിന്നെയും ത്യജിക്കും. ഇങ്ങിനെ നീലനഗനനോടു പറഞ്ഞു മഹേശ്വരൻ മറയുകയുംചെയ്തു. നീലനഗനൻ എഴുനീററു ഭയാപരവശനായിട്ടു ശിവക്ഷേത്രത്തിലേക്കു പോയി. ഭാൎയ്യയോടു ക്ഷമിക്കേണമെന്നപേക്ഷിച്ചു ഭാൎയ്യയെ കൂട്ടിക്കൊണ്ടു ഗൃഹത്തിലേക്കു പോയി.

ശിവലിംഗം നക്കിയേടത്തു സ്വൎണ്ണവൎണ്ണമായി കണ്ടു നീലനാഗ ൻ വിസ്മയിച്ചു. നീലനാഗൻ പിന്നെ ഒരിക്കലും ദ്വേഷ്യപ്പെടാ തെ ആ മഹേശ്വരനെ ധ്യാനിച്ചുകൊണ്ടിരുന്നു. ആ സ്ത്രീയോ ടുകൂടെ വസിക്കുന്നതിനാൽ താൻ കൃതാൎത്ഥനാണെന്നും വിചാ രിച്ചു. ഇങ്ങിനെ വളരെക്കാലം കഴിഞ്ഞപ്പോൾ ബോധവാ നോടുകൂടെ ദൃഢവ്രതന്മാരായും മഹാഭാഗന്മാരായുമിരിക്കുന്ന വള രെ ശിവഭക്തന്മാർ വന്നു. അവരെയെല്ലാം നീലനാഗൻ പൂജി ച്ചു തന്റെ ഗൃഹത്തിൽ വസിപ്പിച്ചു. അവർ പോയതിന്റെ ശേഷം ശിവസ്തോത്രപരായണനായ നീലനാഗൻ ഭാൎയ്യയോടുകൂ ടെ ബന്ധത്തിൽനിന്നു മോചിച്ചു പുനരാവൎത്തിരഹിതമായ പ ദത്തേയും പ്രാപിച്ചു.

എന്നു സ്കന്ദോപപുരാണത്തിൽ
നാല്പത്തിനാലാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു— സൎവ്വകൎമ്മങ്ങളേയും ശിവാൎപ്പണം ചെയ്തു പുണ്യസ്ഥലസേവകൊണ്ടു ഭക്തിയോടുകൂടി മഹാദേവ നെ ഉപാസിക്കുന്നവർ മുക്തന്മാരായി ഭവിക്കുന്നു. ഇതിന്നു വിദ്വാന്മാൎക്കു പ്രിയമായും ലോകവിശ്രുതമായുമിരിക്കുന്ന ഒരു ഇ തിഹാസത്തെ പറയാം, കേൾക്കുവിൻ. ഇതിന്റെ ശ്രവണ ത്താൽ മഹേശ്വരകൈങ്കൎയ്യത്തിൽ ശ്രദ്ധയുണ്ടാകും. പണ്ടു വാ ഗീശൻ, ജ്ഞാനസംബന്ധൻ, നീലനാഗൻ എന്നുള്ള ഭക്തന്മാ രെ രക്ഷിപ്പാനായിട്ടാണ്ടു മഹേശ്വരൻ സ്വൎണ്ണനാണ്യങ്ങളെ ദി നന്തോറും ഏതൊരു ക്ഷേത്രസോപാനത്തിൽ കൊടുത്തിരുന്നു വോ ആ പുരത്തിന്ന് അന്നുമുതല്ക്കു ഹേമലാഭപുരമെന്നു പ്ര സിദ്ധമായ പേരുണ്ടായി. ആ പുരത്തിൽ ശിവഭക്താഗ്രഗണ്യ നായി ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹം എല്ലാ വേദ ങ്ങളേയും അദ്ധ്യയനം ചെയ്തു. നുറു യാഗങ്ങളേയും ചെയ്തു. ആ ബ്രാഹ്മണശ്രേഷ്ഠൻ അഗ്നിമണ്ഡലത്തിലും ആദിത്യമണ്ഡ ലത്തിലും ഗുരുവിങ്കലും ശിവലിംഗത്തിലും മഹാദേവനെ ധ്യാ

നിച്ചുകൊണ്ടു ഭക്തിയാൽ നന്ദിക്കു തുല്യനായിത്തീൎന്നു. അതു കൊണ്ടു ബ്രാഹ്മണർ അദ്ദേഹത്തെ നവനന്ദിയെന്നു വിളിച്ചു വന്നു. ആ നവനന്ദി മീനമാസത്തിൽ പൌൎണ്ണമിദിവസം നടക്കുന്ന മഹേശ്വരന്റെ ഫാൽഗുനോത്സവത്തിൽ ത്യാഗേശ്വരന്ന് ഉത്തമമായ ദീപാരാധനത്തെ ചെയ്യാനായി നെയ്യു വാങ്ങുവാൻവേണ്ടി അങ്ങാടിത്തെരുവിലേക്കു പോയി. അവിടെ നെയ്യുരുക്കുന്ന ഒരു ആൎഹതനോടു നവനന്ദി പറഞ്ഞു. ഇനിക്കു പത്തുറപ്പികക്കു നെയ് തരണം ഉറപ്പിക ഇതാ. അതു കേട്ട് ആൎഹതൻ ഭവാന്ന് ഇത്ര വളരെ നെയ് എന്തിനാണെന്നു ചോദിച്ചു. നവനന്ദി സന്തോഷത്തോടെ പറഞ്ഞു. എനിക്കു നീ പുതിയ നെയ് തരിക. ഞാൻ ഭക്തനാണ്. ത്യാഗരാജപ്രസാദത്തിന്നായി ലക്ഷം ദീപം വെക്കുവാൻ വിചാരിക്കുന്നു. അപ്പോൾ ആൎഹതൻ ഇതുകൊണ്ടു ഫലമെന്താണെന്നു ചോദിച്ചു. മഹേശ്വരന്റെ അനുഗ്രഹംതന്നെയെന്നു നവനന്ദി പറഞ്ഞു. മഹേശ്വരൻ ആരാണെന്നു ആൎഹതൻ ചോദിച്ചു. നവനന്ദി— സകല ദേവന്മാരുടെ വന്ദ്യനും അഷ്ടമൂൎത്തിയും സ്വയംപ്രകാശനമായിരിക്കുന്ന ത്യാഗേശൻതന്നെ. ആ ദേവന്റെ ഭക്തിയാൽ ജനങ്ങൾ സംസാരബന്ധത്തിൽനിന്നു മോചിക്കുന്നു എന്നു പറഞ്ഞു. അപ്പോൾ വേദനിന്ദ്യനായ ആൎഹതൻ ചിരിച്ചുകൊണ്ടു പറഞ്ഞു. ഭൂമി, വായു, ആകാശം, ജലം, അഗ്നി, ചന്ദ്രാദിത്യന്മാർ, യജമാനൻ ഇങ്ങിനെയുള്ളതുകൾ ചേൎന്നു മഹേശ്വരന്റെ മൂൎത്തിയാകുന്നു എന്നല്ലെ പറയുന്നത്? തമ്മിൽ വിരോധികളായ ഇവകൾ തമ്മിൽ ചേരുന്നത് ഉണ്ടാകുമോ? ശിവന്റെ ആജ്ഞകൊണ്ട് ഇവകൾക്കു വിരോധം ഉണ്ടാവില്ലെങ്കിൽ ജലത്താൽ ദീപത്തെ വെക്കുക. ഇങ്ങിനെ ആൎഹതൻ പറയുന്നതു കേട്ടു നവനന്ദി ഇവൻ ശിവദ്രോഹിയാണ്. ഇവനോടു സംഭാഷണം ചെയ്യരുത് എന്നു പറഞ്ഞു ക്രോധിച്ച് അവന്റെ വാക്കുകളാൽ വ്യഥിതനായിട്ടു ത്യാഗേശ്വരനെ ശരണം പ്രാപിച്ചു. ഹെ ദേവ! വേദമന്ത്രങ്ങളെ ഭേദിക്കുന്നതായ ആൎഹതവാക്കിനാൽ ഞാൻ ഹതനായി ഭവിച്ചു;

എന്നെ രക്ഷിക്കേണമേ എന്നിങ്ങിനെ പറഞ്ഞു ദീൎഘമായി നിശ്വസിച്ചു കരഞ്ഞുകൊണ്ട് അവിടെത്തന്നെ ഇരുന്നു. അപ്പോൾ ദയാലുവായ ത്യാഗേശ്വരൻ ജലംകൊണ്ടു വിളക്കു വെക്കുക എന്നു പറഞ്ഞു. അതു കേട്ടു നവനന്ദി സന്തോഷത്തോടെ കമലാലയവാസികളായിരിക്കുന്ന ജനങ്ങളെയെല്ലാം വരുത്തി വെകുന്നേരം ലക്ഷം പാത്രങ്ങളിൽ നല്ല തിരികൾ ഇട്ടു കമലാലയതീൎത്ഥത്തിൽനിന്നു വെള്ളമെടുത്തു പാത്രങ്ങളിലെല്ലാം നിറച്ചു കത്തിച്ചു. ഉത്സവഘോഷത്തിന്നായി വളരെ ജനങ്ങൾ വന്നു നിറഞ്ഞിരിക്കുന്നതുകൊണ്ടു നീചന്മാർ തിരക്കിൽ തന്നെ തൊട്ടുമോ എന്നു ശങ്കിച്ചുകൊണ്ട് ഒരു കോണിൽ പോയി കിടന്നുറങ്ങുന്ന നവനന്ദിയെ ത്യാഗേശ്വരൻ വിളിച്ചെഴുനീല്പിച്ച് അവിടെ കൂടിയിരിക്കുന്ന ജനങ്ങളെ നോക്കുവാൻ പറഞ്ഞു. അപ്പോൾ നവനന്ദി സകല ജനങ്ങളേയും നീലകണ്ഠന്മാരായും ചതുൎഭുജന്മാരായും ചണ്ഡാലപൎയ്യന്തം ശിവരൂപധരന്മാരായി കണ്ടു. ജലംകൊണ്ടുള്ള വിളക്കുകൾ നല്ലവണ്ണം കത്തുന്നതു കണ്ടും വളരെ അത്ഭുതപ്പെട്ടു. ആ ദീപങ്ങൾ ശിവാജ്ഞയാൽ വലിയ കാററു വന്നിട്ടും കെടാതെ കത്തിക്കൊണ്ടിരുന്നു. അതു കണ്ടു സകല ആൎഹതന്മാരും ദ്വീപാന്തരത്തേക്കു പോയി. ദേവകൾ പുഷ്പവൎഷം ചെയ്തു. വളരെ വിസ്മയിക്കുകയും ചെയ്തു. രാത്രി കഴിയുന്നതുവരെ ആ വിളക്കുകൾ കത്തിക്കൊണ്ടിരിക്കുന്നതു കണ്ടിട്ടു നവനന്ദി സന്തുഷ്ടചിത്തനായി മഹേശ്വരനെ സ്തുതിച്ചു.

ശ്ലോ—യസ്യാജ്ഞയാനവച്ഛിന്ദേ
സൎവ്വസ്ഥിതിമാരുതഃ
തന്നമാമിമഹാദേവം
ത്യാഗേശംഭക്തവത്സലം.

ശാസനാൽപാവകോയസ്യ
സൎവ്വേഷാമന്തരാസ്ഥിതഃ
തന്നമാമിമഹാദേവം
ത്യാഗേശംഭക്തവത്സലം.

ബഡബാമുഖവഹ്നിശ്ച
ജലംപിബത്യബ്ധൌയദാജ്ഞയാ
തന്നമാമിമഹാദേവം
ത്യാഗേശംഭക്തവത്സലം.

ഭൂതാന്യപിവിരുദ്ധാനി
മിലിതാനിയദാജ്ഞയാ
തന്നമാമിമഹാദേവം
ത്യാഗേശംഭക്തവത്സലം.

ഫലമന്വേതികർത്താരം
കർമ്മണാംയസ്യശാസനാൽ
തന്നമാമിമഹാദേവം
ത്യാഗേശംഭക്തവത്സലം.

ഔഷധേചമണൌമന്ത്രേ
ഭാതിശക്തിര്യദാജ്ഞയാ
തന്നമാമിമഹാദേവം
ത്യാഗേശംഭക്തവത്സലം.

നാത്യേതിസമയംജ്യോതി-
സ്സിന്ധുഃകാലശ്ചയൽഭയാൽ
തന്നമാമിമഹാദേവം
ത്യാഗേശംഭക്തവത്സലം.

വിനാധാരംജഗദ്യേന
സാധാരമിവനിശ്ചലം
തന്നമാമിമഹാദേവം
ത്യാഗേശംഭക്തവത്സലം.

ബ്രഹ്മാച്യുതാദ്യവിദിതംചശിരഃപദാന്തം
നാസാശിലാവിദിതമാപ്തസുഹൃൽപ്രിയാത്മഃ

തമൈസ്മനഃമാസ്തുഭവതേപ്രണതാർത്തിഹന്ത്രേ
ത്യാഗേശപരായമയിദേഹിസദാവലോകം.

അൎത്ഥം— യാതൊരു ദേവൻെറ ആജ്ഞയാൽ നവദ്വാരമായ ദേഹത്തിൽ വായു സഞ്ചരിക്കുന്നുവോ ഭക്തവത്സലനും മഹാദേവനുമായിരിക്കുന്ന ആ ത്യാഗേശനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരു ദേവൻെറ ശാസനത്താൽ അഗ്നി സൎവ്വദേഹങ്ങളുടേയും അന്തൎഭാഗത്തിലിരിക്കുന്നുവോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരു ദേവൻെറ ആജ്ഞയാൽ ബഡവാഗ്നി സമുദ്രത്തിൽ ജ്വലിക്കുന്നുവോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരു ദേവൻെറ ആജ്ഞയാൽ വിരോധികളായ പഞ്ചഭൂതങ്ങൾ തമ്മിൽ ചേൎന്നിരിക്കുന്നുവോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവൻെറ ശാസനത്താൽ കൎമ്മങ്ങളുടെ ഫലം കൎത്താവിനെ അനുഗമിക്കുന്നുവോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവൻെറ ആജ്ഞയാൽ ഔഷധങ്ങളിലും മണിമന്ത്രാദികളിലും ശക്തി കാണുന്നുവോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവൻെറ ഭയത്താൽ സൂൎയ്യാദികളും സമുദ്രവും കാലവും സമയത്തെ അതിക്രമിക്കുന്നില്ലയോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

യാതൊരുദേവനാൽ ആധാരമില്ലാത്തതായ ജഗത്ത് ആധാരമുള്ളതുപോലെ ഇളകാതിരിക്കുന്നുവോ ആ മഹാദേവനെ ഞാൻ നമസ്കരിക്കുന്നു.

ഹെ ദേവദേവ! ബ്രഹ്മാവിനാലും വിഷ്ണുവിനാലും അറിയപ്പെടാത്തതായ ഭവാന്റെ ശിരസ്സും പാദവും ഭവല്പ്രിയനായ സുന്ദരന്റെ ഭാൎയ്യയുടെ ഗൃഹദ്വാരത്തിലുള്ള മേല്പടികളാലും കീഴ്പടികളാലും അറിയപ്പെട്ടു. അത്ര ഭക്തവാത്സല്യമുള്ളവനായും ഭക്തന്മാരുടെ ദുഃഖത്തെ നശിപ്പിക്കുന്നവനായുമിരിക്കുന്ന ഭവാന്നു നമസ്കാരം. ഹെ ത്യാഗേശ്വര! എന്നിൽ എപ്പോഴും കരുണാകടാക്ഷത്തെ ചെയ്യണേ. ഇങ്ങിനെ നവനന്ദി മൂന്നു സന്ധ്യകളിലും ത്യാഗേശ്വരനെ സ്തുതിച്ചുകൊണ്ടു ത്യാഗേശ്വരാനുജ്ഞയാൽ അവിടെത്തന്നെ ഭാൎയ്യയോടുകൂടെ വളരെക്കാലം വസിച്ചു. സൎവ്വകൎമ്മങ്ങളേയും മഹേശ്വരാൎപ്പണംചെയ്തു് ഉത്തമഭക്തിയോടുകൂടി ഇരിക്കുന്ന ആ നവനന്ദിക്കു ത്യാഗേശ്വരൻ കൈവല്യത്തെ കൊടുത്തു.

എന്നു സ്കന്ദോപപുരാണത്തിൽ
നാല്പത്തഞ്ചാമദ്ധ്യായം

—oo:o:oo—

അഗസ്ത്യൻപറഞ്ഞു— ഹെ മുനികളേ! ഇനി യാതൊരുത്തന്നു മുലപ്പാൽ കൊടുത്തുകൊണ്ടു് ഉമാദേവി ഉപമാതാവായി ഭവിച്ചുവോ ആ ആഹ്നത ശത്രുവിന്റെ ചരിത്രത്തെ പറയാം. കാവേരിക്കും ചിദംബരത്തിന്നും മദ്ധ്യേ സാക്ഷാൽ ബ്രഹ്മലോകംപോലെയിരിക്കുന്ന ബ്രഹ്മപുരമെന്നു പേരായ ഒരു വലിയ പുരമുണ്ടു്. ആ നഗരിയെ മൂന്നു ലോകവും പ്രളയജലത്താൽ ആക്രമിക്കപ്പെട്ടപ്പോൾ മഹേശ്വരൻ സത്വരജസ്തമസ്സുകളായ ത്രിഗുണങ്ങളെ തോണിയാക്കി അതിൽവെച്ചു രക്ഷിച്ചു. ആ പുരിയെ മുനീന്ദ്രന്മാർ വൃഷധ്വജപുരിയെന്നും ബ്രഹ്മപുരിയെന്നും വേണുപുരിയെന്നും ദ്രോണപുരിയെന്നും കാളീപുരിയെന്നും മലപുരിയെന്നും പറയുന്നു. ആ പുരിയിൽ ഉദ്യാനങ്ങളിലുള്ള തേന്മാവുകൾ തടാകങ്ങളിലുള്ള താമരപ്പൂക്കളുടെ അന്തർഭാഗത്തിൽ മകരന്ദ മധുവിനെ അഗ്നിയിൽ ആജ്യാഹുതിയെന്നപോലെ ചൊരിയുന്നു. അവിടെ സ്ത്രീകൾ കചഭാരത്തെ ഉലത്തുമ്പോൾ മയി

ലുകൾ മേഘമാണെന്നവിചാരിച്ച് ആടുന്നതു കണ്ടു ബാലന്മാർ പരിഹസിച്ചു കൈകൊട്ടുന്ന ശബ്ദം താളശബ്ദംപോലെ ദിക്കെല്ലാം പരക്കുന്നു. ആ പുരിയിൽ ശിവവ്രതനെന്നുപേരായി ഒരു ബ്രാഹ്മണശ്രേഷ്ഠനുണ്ടായിരുന്നു. അദ്ദേഹം ശിവഭക്തനും ജിതക്രോധനും സകല സമ്പത്തുകളോടുകൂടിയവനുമാണ്. അദ്ദേഹം ധർമ്മത്തിന്റെ അന്യരൂപംപോലേയും വിദ്യകളുടെ ആവിർഭാവംപോലേയും ശാന്തിയുടെ പരിപാകംപോലേയും ദാന്തിയുടെ പരിക്രമംപോലേയും ജ്ഞാനത്തിന്റെ ഉല്ലാസംപോലേയും മോക്ഷത്തിന്റെ മഹാമാർഗ്ഗംപോലേയും ഇരുന്നു. അദ്ദേഹം വേദാന്തോപദേശത്താൽ ലോകമെല്ലാം പരിശുദ്ധമാക്കിയിരുന്നു. അദ്ദേഹത്തിന്നു വിനയാലംകൃതയായും മൂർത്തിമതിയായ കരുണയെപ്പോലേയും സാക്ഷാൽ ഉമാദേവിയെപ്പോലേയുമിരിക്കുന്ന ഭഗവതിയെന്നുപേരായ ഒരു ധർമ്മപത്നിയുണ്ടായിരുന്നു. അവൾ വസിഷ്ഠന്ന് അരുന്ധതിയെപ്പോലേയും അഗ്നിക്കു സ്വാഹയെന്നതുപോലേയും ബ്രാഹ്മണരുടെ ആതിത്ഥ്യങ്ങളിൽ പ്രസിദ്ധയായി ഭവിച്ചു. അവളുടെ കേളീവനത്തിലുള്ള പർവ്വതാഗ്രത്തിൽ നില്ക്കുന്ന മാൻപേട ഇളംപുല്ലിനെ കടിച്ചു ചന്ദ്രാങ്കസ്ഥിതമായ മൃഗത്തിന്നു കൊടുക്കുന്നു. സർവ്വസമ്പൽസമൃദ്ധനായ ശിവവ്രതന്നു സൽകളത്രത്തിന്റെ അനുകൂലതയാകുന്ന ഭാഗ്യത്താൽ സ്വർണ്ണവൃക്ഷത്തിന്നു സുഗന്ധലക്ഷ്മിയെന്നതുപോലെ ശോഭിച്ചു. ഭാര്യയോടുകൂടി ഷൾകർമ്മനിരതനായ ആ മഹാത്മാവിന്നു പുത്രനുണ്ടാവാത്തതിനാൽ അന്തഃവ്യാധിയെന്നതുപോലെ ദുഃഖമുണ്ടായി. ആ ദമ്പതികൾ അനപത്യതകൊണ്ടു ദുഃഖിതന്മാരായിട്ടു പുത്രനുണ്ടാവാൻവേണ്ടി വ്രതങ്ങളാൽ മഹേശ്വരനെ ഉപാസിച്ചു. ശിവവ്രതൻ ദിനംതോറും മുപ്പായിരം ദ്രോണകുസുമങ്ങളാൽ രുദ്രമന്ത്രം ജപിച്ചു മഹേശ്വരനെ അർച്ചിക്കും. ശ്രീരുദ്രം പതിനൊന്നാവർത്തി ജപിച്ചു കഴിയുന്നതുവരെയ്ക്കും ക്ഷീരധാരകൊണ്ടു ശിവലിംഗത്തിൽ അഭിഷേകം ചെയ്യും. നൂറു പ്രദക്ഷിണവും ചെയ്യും. ഉപ്പുകൂട്ടാതേയും എണ്ണതേക്കാതെയും വില്വവൃക്ഷത്തിന്ന് അഭിഷേകം ചെയ്തുകൊണ്ടും കട്ടികൾക്ക് എണ്ണയും പാലും കൊ

ട്ടുത്തുകൊണ്ടും ഇങ്ങിനെ മൂന്നു സംവത്സരം ഭാൎയ്യയോടുകൂടെ വ്രതമനുഷ്ഠിച്ചു. എന്നിട്ടും മഹേശ്വരപ്രസാദം കണ്ടില്ല. പിന്നെയും ശിവവ്രതപത്നി വിരക്തയായിട്ടു പന്ത്രണ്ടു സംവത്സരം ഉപാസിച്ചു. അവൾ ദ്രോണീപുരേശ്വരന്റെ മുമ്പിൽനിന്നു കരഞ്ഞുകൊണ്ടു പറഞ്ഞു. വേദവിദ്യയില്ലാത്ത ബ്രാഹ്മണനും പുത്രന്മാരില്ലാത്ത സ്ത്രീയും പൎവ്വതങ്ങളെപ്പോലെയോ വൃക്ഷങ്ങളേപ്പോലെയോ ഭൂമിക്കു ഭാരഭൂതന്മാരാണ്. അതുകൊണ്ടു ഭവാൻ എനിക്ക് ഒരു പുത്രനെ തന്നിട്ടില്ലെങ്കിൽ എന്റെ പ്രാണങ്ങളെ ഭവാങ്കൽ അൎപ്പിച്ചുകളയാമെന്നു പറഞ്ഞ് ആ സാദ്ധ്വി അവിടെ പ്രായോപവേശംചെയ്തു. ആ രാത്രിയിൽ മഹേശ്വരൻ അവൾക്കു സ്വപ്നത്തിൽ ഒരു സ്വൎണ്ണപാത്രത്തിൽ നിറച്ചു പായസം കൊടുത്തു മറഞ്ഞു. അവൾ ഉടനെ എഴുനീറ്റ് മഹേശ്വരന്റെ അനുഗ്രഹത്തെ ശിവവ്രതനോടു പറഞ്ഞു. ശിവവ്രതൻ അന്ധനു കണ്ണുണ്ടായതുപോലെ സന്തോഷിച്ചു. അനന്തരം ആ സാദ്ധ്വി ഗൎഭിണിയായതിനാൽ ചന്ദ്രൻ ഉദിക്കാറായ കിഴക്കെ ദിക്കുപോലെ ശോഭിച്ചു. അവളുടെ ദേഹം ഗൎഭവ്യഥയാൽ ക്ഷീണിച്ചുകൊണ്ടു ഹേമന്തകാലത്തിൽ ഹിമബാധയാൽ പത്മിനിയെന്നപോലെ ശോഭിച്ചു. സൎവ്വാഭരണഭൂഷിതയായിരിക്കുന്ന അവളുടെ അവയവങ്ങൾക്കു വിശേഷവിധി ശോഭയുണ്ടായി. ശിവവ്രതൻ മനോഹരയായിരിക്കുന്ന അവളെ കണ്ടു വിദ്വാനായവൻ ജനനമരണനാശിനിയായ ഉത്തമവിദ്യയെ കണ്ടു സന്തോഷിക്കുന്നതുപോലെ സന്തോഷിച്ചു. അനന്തരം അവൾക്കു ശുഭലഗ്നത്തിൽ പുംസവനക്രിയ ചെയ്തു. ആറാം മാസത്തിൽ സീമന്തകൎമ്മവും ചെയ്തു. ഇങ്ങിനെ ഗൎഭകൎമ്മങ്ങളെല്ലാം ചെയ്തു പത്താമത്തെ മാസമായപ്പോൾ അഞ്ചു ഗ്രഹങ്ങൾ ഉച്ചസ്ഥിതന്മാരായും വ്യാഴം ചന്ദ്രനോടു ചേൎന്നിരിക്കുന്നതായും ഇരിക്കുന്ന ശുഭലഗ്നത്തിൽ ചതയം നക്ഷത്രത്തിൽ സാദ്ധ്വിയായ ഭഗവതി സ്കന്ദമൂൎത്തിയെപ്പോലെ സൎവ്വലക്ഷണങ്ങളാൽ മനോഹരനായ പുത്രനെ പ്രസവിച്ചു. അപ്പോൾ ആകാശത്തിൽ ദു

ന്ദുഭിശബ്ദങ്ങൾ ഘോഷിച്ചു. പുഷ്പവൃഷ്ടിയും ഉണ്ടായി. ജലങ്ങളെല്ലാം നിർമ്മലമായി ഭവിച്ചു. സുഖമായ കാററ വീശി. ദേവസ്ത്രീകൾ നർത്തനം ചെയ്തു. കിന്നരന്മാർ പാടി. അഗ്നി നല്ലവണ്ണം ജ്വലിച്ചു. ആഹ്റതസ്ത്രീകളുടെ ഗർഭങ്ങളെല്ലാം സ്രവിച്ചു. പാഷണ്ഡന്മാരുടെ ഇടത്തെ കണ്ണുകൾ വിറച്ചു. വൈദികന്മാരുടെ വലത്തെ കണ്ണുകളും വിറച്ചു. സൂതികാഗൃഹം മുഴുവനും ആ ബാലന്റെ തേജസ്സിനാൽ പ്രകാശിച്ചു. ആ മുറിയിൽ വെച്ച വിളക്കുകൾ ബാലതേജസ്സുകൊണ്ടു മദ്ധ്യാഹ്നസമയത്തു വെച്ച വിളക്കുകൾപോലെ നിഷ്പ്രഭങ്ങളായി ഭവിച്ചു. ശിവവ്രതൻ ആ ബാലന്നു ജാതകർമ്മക്രിയചെയ്തു ബ്രാഹ്മണൎക്കവധി ധനവും കൊടുത്തു. ഭഗവതി പുത്രനെ മടിയിൽവെച്ചുകൊണ്ടു കൌസ്തുഭമണി ഉത്ഭവിച്ച ക്ഷീരാംബുധിയെന്നപോലെ ശോഭിച്ചു. പന്തീരായിരം പശുക്കളെ ബ്രാഹ്മണൎക്കു കൊടുത്തു ശിവവ്രതൻ പന്ത്രണ്ടാം ദിവസം വളരെ ബ്രാഹ്മണൎക്കു ഭക്ഷണവും കൊടുത്തു പുത്രന്നു ഹരദത്തനെന്നു നാമകരണം ചെയ്തു. മാതാപിതാക്കന്മാരാൽ രക്ഷിതനായ ബാലൻ നന്ദിയെപ്പോലെ വളൎന്നു. ആ ശിശു കച്ചവ, കച്ചവ, എന്നുള്ള രോദനവ്യാജത്താൽ വേദനിന്ദ്യന്മാരും ദുരാത്മാക്കളുമായ പാഷണ്ഡന്മാരെ ഉറക്കെ അടിച്ചു. ആഹ്റതന്മാരെ ചവിട്ടുവാനെന്നപോലെ ശിശു കാലുകൾ കുടഞ്ഞു. ആഹ്റതന്മാരെ ശിരസ്സിൽ കൊട്ടുവാനെന്നപോലെ മുഷ്ടിപിടിച്ചു. ആ ശിശു കവിഴ്ന്നപ്പോൾ ശിവാഗമങ്ങളുടേയും വേദാന്തങ്ങളുടേയും ദൃഷ്ടികൾ തുറന്നു. വേദപ്രതിപാദ്യനായ അംഗുഷ്ഠപ്രമാണപുരുഷന്റെ സ്തോത്രമാണ് വാക്കിന്റെ ഫലമെന്നു പറയുന്നതുപോലെ ആ ശിശു അംഗുഷ്ഠത്തെ വായിൽവെച്ചു. ആ ശിശുവിനെ നാലാം മാസത്തിൽ ദുഷ്ടമതങ്ങളാകുന്ന ഇരുട്ടിനെ നശിപ്പിപ്പാൻ സൂൎയ്യൻ വരുന്നതുപോലെ പുറത്തേക്കു കൊണ്ടുവന്നു. ആറാം മാസത്തിൽ അന്നപ്രാശനം ചെയ്തു മധുരങ്ങളായ ശിവകീൎത്തികളെ പാടിക്കൊണ്ടു ലാളിതനായ ബാലൻ ക്രമത്തിൽ വളൎന്നു. അമ്മയുടെ മടിയിലിരുന്നു മുലകുടിക്കുമ്പോൾ അമ്മയുടെ മുഖ

ത്തുതന്നെ നോക്കിക്കൊണ്ടിരിക്കുന്നവനായും അല്പാല്പം കാണു
ന്ന പല്ലുകളോടുകൂടിയും ഇരിക്കുന്ന ബാലൻ അച്ഛനമ്മമാൎക്ക്
ഏറാവും സന്തോഷത്തെ ഉണ്ടാക്കി. ഏട്ടാം മാസത്തിൽ മുള
ച്ചുവരുന്ന പല്ലുകൾ ആ ബാലന്റെ മുഖാംബുജത്തിൽ വിദ്യുകൾ
മുളച്ചുവരുന്നതുപോലെ ശോഭിച്ചു. ആ ബാലൻ കയ്യിന്റേയും
കാലിന്റേയും മുട്ടുകൾ കുത്തി നടക്കുവാൻ തുടങ്ങിയപ്പോൾ ഭൂ
മിയിൽ നാലുവേദങ്ങളും ഭയമില്ലാതെയിരുന്നു. ഒരുസംവത്സ
രം തികയുന്നദിവസം ശിവവ്രതൻ പുത്രനെ നദിയിൽ സ്നാനം
ചെയ്യിച്ചു ബന്ധുക്കൾക്കും വന്ന ബ്രാഹ്മണൎക്കും ഭക്ഷണവും
കൊടുത്തു. ആ ബാലനെ ജനനി നെററിയിൽ ഭസ്മക്കുറിയിട്ടു
ശിവവ്രതൻ പൂജചെയ്യുമ്പോൾ സമീപത്തിലിരുത്തും. അ
ച്ഛൻ പൂജിക്കുന്നതുകണ്ട് ആ ബാലൻ ലീലയാൽ ഒരു കല്ലിനെ
യെടുത്തുവെച്ചു ശിവപൂജചെയ്യും. ആ ബാലൻ കഴുത്തിൽ പു
ലിനഖം കെട്ടിയും കാലിൽ നൂപുരങ്ങളേയും കിങ്ങിണികളേ
യും ശബ്ദിപ്പിച്ചുകൊണ്ടും ശിവവ്രതൻ സ്നാനത്തിന്നും മററും
പോകുമ്പോൾ കൂടെത്തന്നെ നടക്കും. ഒരു ധനുമാസത്തിൽ
ഒരുദിവസം ശിവവ്രതൻ സൂൎയ്യനുദിക്കുന്നതിന്നു മുമ്പെ മഹേ
ശ്വരനെ പൂജിപ്പാൻ വേണ്ടി സ്നാനത്തിന്നു പുറപ്പെട്ടു. കുട്ടി
ഉറങ്ങുന്നു. അടുക്കെ കിടത്തുക എന്നു ഭാൎയ്യയോടു പറഞ്ഞു. ഭ
ഗവതിക്കു കലശലായ ഉറക്കമായതിനാൽ ശിവവ്രതൻ പറ
ഞ്ഞതുകേട്ടില്ല. ശിവവ്രതൻ പുറത്തേക്കിറങ്ങിയപ്പോൾ പുത്ര
നും എഴുനീററു പിന്നാലെ ഓടി ശിവവ്രതൻ സ്നാനംചെയ്യുന്ന
തീൎത്ഥക്കരയിലെത്തി. പിന്നാലെ ഓടിവരുന്ന കുട്ടിയെക്കണ്ടു
ശിവവ്രതൻ കുട്ടി രാത്രിയിൽതന്നെ വന്നുവെല്ലൊ എന്നുപറ
ഞ്ഞ് കുട്ടിയെയെടുത്താശ്ലേഷിച്ചു ശിരസ്സിൽ ചുംബിച്ചു ശിവ
തീൎത്ഥത്തിന്റെ തിരത്തിൽ കുട്ടിയെ ഇരുത്തി വെള്ളത്തിലിറ
ങ്ങി മന്ത്രാജപിച്ചു സംപ്രോക്ഷണം ചെയ്തു ജലത്തിൽ മുങ്ങി
ശ്വാസത്തെ അടക്കി പുരുഷസൂക്തത്തെ സ്മരിച്ചു. കുട്ടി അ
ച്ഛനെക്കാണാതെ ഗൃഹത്തിലേക്കു പുറപ്പെട്ടു. ശിവക്ഷേത്രത്തി
ന്റെ വാതിലിനാൽ മറഞ്ഞിരിക്കുന്ന മാൎഗ്ഗത്തെക്കാണാതെ കു

ട്ടി വിളക്കുകൾകൊണ്ടു ശോഭിക്കുന്നതായ മഹേശ്വരസന്നിധി യിൽ ചെന്നു ദേവൻെറ മുമ്പിൽനിന്നു കരയുവാൻ തുടങ്ങി. ശി വവ്രതൻ വെള്ളത്തിൽനിന്നു പൊങ്ങിയപ്പോൾ കുട്ടിയെക്കാ ണാതെ കുട്ടി എവിടെ എന്നുവിചാരിച്ചുകൊണ്ടു കുളിച്ചുകയ റി. അപ്പോൾ ശിവപൂജകൻ കുളിപ്പാൻവന്നു. കുട്ടി മഹേ ശ്വരസന്നിധിയിൽ നില്ക്കുന്നുണ്ടെന്നുപറഞ്ഞു. അതുകേട്ടു ശി വവ്രതൻ ആദിത്യന്നായി മന്ത്രോജപിച്ച് അൎഘ്യവുംകൊടുത്തു. കുട്ടിയാവട്ടേ അഞ്ജനയുക്തമായ കണ്ണുകളെ കൈകളാൽ തി രുമ്പിക്കൊണ്ട് അമ്മേ! എനിക്കു മുലതരു എന്നുപറഞ്ഞ് ഉറ ക്കെ കരയുവാൻ തുടങ്ങി. അപ്പോൾ കരുണാനിധിയായ മ ഹേശ്വരൻ ഉമാദേവിയെ വിളിച്ച് ഈ ബാലൻ ഭവതിയെ അ മ്മെ! അമ്മെ!! എന്നുവിളിച്ചു കരയുന്നു. ആ കുട്ടിക്കു മുലപ്പാൽ കൊടുക്കുക. അത് എനിക്കു സന്തോഷമാണെന്നുപറഞ്ഞു. അ പ്പോൾ ലോകമാതാവായ ഉമാദേവി പ്രത്യക്ഷയായിവന്നു കുട്ടി യെയെടുത്തു മടിയിൽവെച്ച് ഒരു സ്വൎണ്ണക്കിണ്ടിയിൽ തൻെറ സ്തന്യാമൃതരസത്തെ നിറച്ചു കുട്ടിയുടെ വായിൽ കൊടുത്തു. കു ട്ടി അതെല്ലാം കുടിക്കുകയും ചെയ്തു. ഉമാദേവിയാൽ കൊടുക്ക പ്പെട്ട വേദാന്തജ്ഞാനമയമായ സ്തന്യാമൃതത്തെ പാനംചെയ്തു വനായ ബാലൻെറ മുഖത്തിൽനിന്നു മൂന്നുലോകത്തിൻേറയും താപത്തെ നശിപ്പിക്കുന്നതായ സുന്ദരവാഗമൃതപ്രവാഹം അ കത്തുനിന്നു ഛൎദ്ദിക്കുന്നതുപോലെയുണ്ടായി. അനന്തരം ഉമാ ദേവി കുട്ടിയുടെ കരച്ചിൽ മാറുവാനായി തൻെറ കൎണ്ണാഭരണ ത്തെ കാട്ടി മറയുകയും ചെയ്തു. അനന്തരം ആ നഗരവാസി കൾക്കു സുപ്രഭാതം ആരംഭിച്ചു. ശിവവ്രതൻ ജപമെല്ലാം ക ഴിച്ചു ശിവസന്നിധിയിലേക്കുവന്നു. അപ്പോൾ കുട്ടിയുടെ ക യ്യിൽ സ്വൎണ്ണക്കിണ്ടിയെ കണ്ടു. ഇത് ആരുടെ ഉച്ഛിഷ്ടമാ ണാവോ ദൂരെ കളയുക എന്നുപറഞ്ഞു കുട്ടിയെ അടിച്ചു. ത ൻെറ കൈകൊണ്ടു കുട്ടിയുടെ കയ്യിലുള്ള കിണ്ടിയെ പിടിച്ചുവ ലിപ്പാൻ ഭാവിച്ചപ്പോൾ കുട്ടിപറഞ്ഞു. ഇതു വിദ്വാന്മാൎക്കു പ്ര യോജനകരമാണ്. മനോഹരവുമാണ്. ജ്ഞാനദൃഷ്ടിയാൽ ഞങ്ങ

ളുടെ അജ്ഞാനാന്ധകാരം നശിച്ചു. സംസാരഭയനാശനത്തിന്നാ യും ജ്ഞാനത്തിന്നായും അംബികാദേവിയാൽ എന്റെ മുമ്പിൽ കാണിക്കപ്പെട്ടതായ മാണിക്യതാടങ്കമാകുന്ന സൂൎയ്യൻ പ്രകാശി ക്കുന്നു. കുട്ടി ഇങ്ങിനെ പറഞ്ഞതുകേട്ട ശിവവ്രതൻ കുട്ടി രാ ത്രി വഴിയിൽകൂടി വന്നതിനാൽ ദുൎദ്ദേവതബാധിച്ചു എന്നുനി ശ്ചയിച്ച് അതിന്നു ഭസ്മത്താൽ രക്ഷചെയ്തു. അപ്പോൾ ശി വസന്നിധിയിൽ നഗരവാസികളായ വളരെ ജനങ്ങൾ വന്നു കൂടി. ബാലൻ അമൃതത്തെ വൎഷിക്കുന്നതുപോലെ മഹേശ്വര നെ സ്തുതിച്ചു.

എന്ന സ്കന്ദോപപുരാണത്തിൽ
നാല്പത്താറാമദ്ധ്യായം.

അഗസ്ത്യൻപറഞ്ഞു— ഹരദത്തൻ— ഹെ മഹേശ്വര! ഉമാദേവിയുടെ സ്തന്യപാനത്താൽ ഞാൻ ഉമാസുതനാണ്. ഞാ ൻ വാക്കുകൊണ്ടു ചെയ്യുന്ന അപരാധത്തെ ക്ഷമിക്കണേ.

ഏണീദൃശാലംകൃതവിഗ്രഹായ
വാണീശമുഖ്യാമരസേവിതായ
വേണീജടാബദ്ധസരിദ്വരായ
ദ്രോണീപുരീശായനമശ്ശിവായ.

ബ്രഹ്മാന്തഭേദാമയഭേഷജാംഘ്രയേ
ബ്രഹ്മാണ്ഡസൃഷ്ടിസ്ഥിതിനാശസാക്ഷിണേ
ബ്രഹ്മസ്തുതിപ്രീതിമതേബൃഹന്മഹ
സ്തതോനമോബ്രഹ്മപുരീശ്വരായതേ.

വിദ്യാനവദ്യാവിമലാചകീൎത്തി—
ൎവ്വേദാഗമോക്തേചവിധൌചികീൎഷാ

വിശ്വാസഭാഗ്യംയദനുഗ്രഹേണ
തസ്മൈനമോവേണുപുരീശ്വരായ.

നാളീകനേത്രാർച്ചിതചാരുചക്ഷുഷേ
നാളീകസംപൂജ്യപദാംബുജായ
കേളീസ്മിതപ്ലുഷ്ടപുരത്രയായ
കാളീപുരേശായനമശ്ശിവായ.

ജംഭാരിലോകദ്രുമപുഷ്പമാലാ
സംഭാവനീയാംഘ്രിസരോരുഹായ
അംബാമഹാസേനസമന്വിതായ
ചംപാപുരീശായനമശ്ശിവായ.

പഞ്ചപാതകഹന്ത്രേതേ
പഞ്ചബ്രഹ്മസ്വരൂപിണേ
പഞ്ചഭൂതാധിപതയേ
പഞ്ചാർണ്ണതനവേനമഃ.

ത്രയീനുതായത്രിപുരാന്തകായ
ത്രിവർഗ്ഗദായത്രിഗുണാതിഗായ
ത്രിമൂർത്തയെസ്തുത്രിപുടീനിയന്ത്രെ
ത്രൈലോക്യനാഥായനമശ്ശിവായ.

ത്വാമേവവാഗ്വദതുപശ്യതുലോചനാമേ
ത്വാമേവസന്നമതുമൌലിരപിശ്രുതിർമ്മേ
നിത്യംശ്രുണോതുചരിതംതവചന്ദ്രമൌലേ
സ്വാമിൻമനഃസ്മരതുതാവകമംഘ്രിപത്മം.

അർത്ഥം— പാർവ്വതിയാൽ അലംകൃതഗാത്രനായും ബ്രഹ്മാദികളായ ദേവന്മാരാൽ സേവിതനായും ശിരസ്സിൽ ഗംഗയെ ധരിച്ചവനായുമിരിക്കുന്ന ദ്രോണീപുരേശ്വരനെ നമസ്കരിക്കുന്നു.

സംസാരമാകുന്ന രോഗത്തിന്ന് ഔഷധമാകുന്ന പാദപത്മത്തോടുകൂടിയവനും ബ്രഹ്മാണ്ഡത്തിന്റെ സൃഷ്ടി, സ്ഥിതി, സംഹാരങ്ങൾക്ക സാക്ഷിയായും ബ്രഹ്മാവിന്റെ സ്തുതിയിൽ പ്രീതനായും മഹത്തായ ബ്രഹ്മസ്വരൂപനായുമിരിക്കുന്ന ബ്രഹ്മപുരീശ്വരനെ നമസ്കരിക്കുന്നു.

നിർമ്മലയായ വിദ്യയും വിമലയായ കീർത്തിയും വേദോക്തകർമ്മങ്ങളെ ചെയ്യുവാനുള്ള ഇച്ഛയും വേദവാക്യങ്ങളിൽ വിശ്വാസവും ഈവക ഭാഗ്യമെല്ലാം യാതൊരുദേവന്റെ അനുഗ്രഹത്താൽ ലഭിക്കുന്നുവോ ആ വേണുപുരീശ്വരനെ നമസ്കരിക്കുന്നു.

വിഷ്ണുവിന്റെ നേത്രത്താൽ അർച്ചിക്കപ്പെട്ടവനായും പത്മങ്ങളാൽ അർച്ചിക്കപ്പെട്ട പാദപങ്കജനായും മന്ദസ്മിതത്താൽ പുരത്രയത്തെ ദഹിപ്പിക്കപ്പെട്ടവനായും ഇരിക്കുന്ന കാളീപുരേശനെ നമസ്കരിക്കുന്നു.

സ്വർഗ്ഗലോകത്തിലുള്ള കൽഹാരപുഷ്പമാലകളാൽ പൂജിക്കപ്പെട്ട പാദപങ്കജനായും ഉമാദേവിയോടും ഭൂതഗണങ്ങളോടും കൂടിയവനായും ഇരിക്കുന്ന ചമ്പാപുരിശനെ നമസ്കരിക്കുന്നു.

ബ്രഹ്മഹത്യാദി പഞ്ചപാതകനാശനനായും സദ്യോജാതൻ, വാമദേവൻ, തല്പുരുഷൻ, അഘോരൻ, ഈശാനൻ എന്നിങ്ങിനെയുള്ള പഞ്ചബ്രഹ്മസ്വരൂപനായും ആകാശാദിപഞ്ചഭൂതങ്ങളുടെ നാഥനായും പഞ്ചാക്ഷരസ്വരൂപനായുമിരിക്കുന്ന ദേവനെ നമസ്കരിക്കുന്നു.

വേദവന്ദ്യനായും ത്രിപുരാന്തകനായും ധർമ്മകാമാർത്ഥങ്ങളെ നൽകുന്നവനായും സാക്ഷിമാത്രസ്വരൂപനായും ത്രിമൂർത്തിസ്വരൂപനായും ധ്യാന, ധ്യേയ, ധാതൃ, രൂപമായ ത്രിപുടീനിയന്താവായും ത്രൈലോക്യനാഥനായുമിരിക്കുന്ന ദേവനെ നമസ്കരിക്കുന്നു.

എന്റെ വാക്കുകൾ ഭവാനെത്തന്നെ പറയട്ടേ, കണ്ണുകൾ ഭവാനെത്തന്നെ കാണട്ടേ, ശിരസ്സു ഭവാനെത്തന്നെ നമസ്കരി

ക്കട്ടെ. ശ്രോത്രങ്ങൾ ഭവാന്റെ ചരിത്രത്തെത്തന്നെ കേൾക്കട്ടെ. ഹേ സ്വാമിൻ! എന്റെ മനസ്സ ഭവാന്റെ പാദപങ്കജത്തെത്തന്നെ എപ്പോഴും സ്മരിക്കട്ടെ.

ഇങ്ങിനെ സ്തുതിച്ച രണ്ടുവയസ്സായ കുട്ടി ഒരു കാൽപൊങ്ങിച്ചുകൊണ്ടു സ്വൎണ്ണകിണ്ടിയുംപിടിച്ച നൃത്തംതുടങ്ങി. അപ്പോൾ ദിവ്യദുന്ദുഭികൾ ഘോഷിച്ച പുഷ്പവൃഷ്ടിയുമുണ്ടായി. ഗന്ധൎവ്വന്മാർ മധുരഗാനംചെയ്തു. ജഗത്തെല്ലാം സന്തോഷത്താൽ കലങ്ങി. ആ കുട്ടിയിൽ പ്രകാശിച്ച മഹേശ്വരപ്രസാദത്തെക്കണ്ടിട്ടു സിദ്ധന്മാർ വളരെ വിസ്മയിച്ച സൎവ്വജനങ്ങളും കുട്ടിയെ നമസ്കരിച്ചു. അനന്തരം ശിവഗണങ്ങൾ ഉമാദേവിയുടെ പാദാരവിന്ദനിൎമ്മാല്യങ്ങളാൽ അലംകൃതമായ പല്ലക്കിൽ ബാലനെ കയറ്റി ഗൃഹത്തിൽ കൊണ്ടുപോയി ആക്കി. ഉമാദേവിയുടെ സ്തന്യാമൃതസൌരഭ്യത്താൽ വാസിതമായ ആബാലന്റെ മുഖത്തെ ഘ്രാണിച്ച ഭഗവതി കൈവല്യാകരസ്ഥമായതുപോലെ സന്തോഷിച്ചു. പിന്നെ അന്നു രാത്രികഴിഞ്ഞതിന്റെശേഷം ബാലൻ കോലവദേശ്വരനെ നമസ്കരിച്ച സ്തുതിക്കുവാൻ തുടങ്ങുമ്പോൾ ബാലന്റെ കയ്യിൽ രണ്ട് ഇലത്താളം കണ്ടു. ആ സ്വൎണ്ണതാളത്തെ കയ്യിൽ പിടിച്ചുകൊണ്ടു താളക്രമത്താൽ മനോഹരങ്ങളായ വാക്കുകളാൽ മഹേശ്വരനെ സ്തുതിച്ചു. അതിനാൽ മഹേശ്വരൻ പ്രസന്നനായി. ഛായാവനത്തിലും മഹേശ്വരനെ സ്തുതിച്ച തന്റെ പുരത്തിലേക്കുവന്നു. ഗായകനായ നീലകണ്ഠന്റെ നഗരത്തിൽചെന്ന് അവനോടുകൂടെ സന്തോഷിച്ചു. അവൻ ജാതികൊണ്ടു നികൃഷ്ടനാണെങ്കിലും സൎവ്വജനങ്ങളാലും മാന്യനാണ്. ശിവനാമങ്ങളെ പാടുന്നവൎക്കു ജാതികൊണ്ടു ദൂഷണമില്ല. ബാലന്റെ ദാസ്യത്താൽ നീലകണ്ഠൻ കവിയായി ഭവിച്ചു. ബാലനു ചൌളകൎമ്മം കഴിഞ്ഞതിന്നുശേഷം ശ്രീചിദംബരത്തേക്കുപോയി. അവിടെ മഹേശ്വരനെ സ്തുതിച്ച മുക്തിക്കായി നടേശനൃത്തത്തെയും കണ്ടു. പിന്നെ വൃദ്ധാചലത്തേക്കുപോയി മഹേശ്വരനെ സ്തുതിച്ച ഹരാവതാരനാഥനെ സ്തുതിക്കുവാൻപോകുമ്പോൾ വഴിയിൽ രാത്രിസമയത്തിൽ അതി ക്ഷീണിതനായി ഭവിച്ചു. അ

ന്നരാത്രി മഹേശ്വരൻ സ്വപ്നത്തിൽ പറഞ്ഞതുപോലെ പിറേറ ദിവസം രാവിലെ ശിവപ്രസാദത്താൽ മുത്തുകൊണ്ടുള്ള പല്ലക്കും കുടയും ആലവട്ടവും വെൺചാമരവും അടയാളവാദ്യവും വളരെ ബ്രാഹ്മണരും വന്നു. ബാലൻ അതെല്ലാം സ്വീകരിച്ചു രാജരാജസ്തുതനായിട്ടു മഹേശ്വരനെ സ്തുതിച്ചു പല്ലക്കിൽകയറി തന്റെ പുരിയിലേക്കുപോയി. അനന്തരം ബാലൻ ഗുരുവിനാൽ ഉപനയനം ചെയ്യപ്പെട്ടവനായി ബ്രഹ്മചര്യവ്രതത്താൽ മനോഹരനായിട്ടു നാലുവേദങ്ങളേയും അദ്ധ്യയനംചെയ്തു. മററുള്ള സകലവിദ്യകളേയും പഠിച്ചു. താൻ പഠിച്ച സർവ്വവിദ്യകളിലും സാരമേതാണെന്നു നോക്കി പഞ്ചാക്ഷരം മാത്രമാണ് സാരമെന്നുഗ്രഹിച്ച് അതിൽ തല്പരനായി മററുള്ളതെല്ലാം തള്ളിക്കളഞ്ഞു. പിന്നെ ബാലൻ വാഗീശനെ സുഹൃത്തായി ലഭിച്ചു സകലശിവസ്ഥലങ്ങളിലും മഹേശ്വരനെ സ്തുതിച്ചുകൊണ്ടു ലോകങ്ങളെ പാലിച്ചു ഭൂമിയിൽവന്ന സൂര്യനെപ്പോലെ സഞ്ചരിച്ചു. ഒരു രാജപുത്രിയുടെ ആരാലും കളയുവാൻ കഴിയാത്ത അപസ്മാരത്തെ ദർശനമാത്രത്താൽ കളഞ്ഞു ഹരദത്തൻ ശോണാചലേശ്വരനെ സ്തുതിപ്പാൻ പോയി. അവിടെയിരുന്നു ഹേമന്തകാലം കഴിച്ചു സർവ്വജനരക്ഷയും ചെയ്തു. പിന്നെ കാവേരിയുടെ തെക്കേത്തീരത്തിൽ പ്രവേശിച്ച് അനേകം ശിവസ്ഥലങ്ങളിൽചെന്ന് ഇച്ഛാവാക്യങ്ങളാൽ മഹേശ്വരനെ സ്തുതിച്ചു. ഒരിക്കൽ ഗ്രീഷ്മകാലത്തിൽ മദ്ധ്യാഹ്നസമയത്തു വെയിൽകൊണ്ടു പരിശ്രാന്തനായിട്ടു ഹരദത്തൻ ചന്ദ്രകലാധരനായ മഹേശ്വരനെ സ്മരിച്ചു. അപ്പോൾ പർണ്ണശാല കെട്ടിയതുപോലെ ജ്ഞാനസംബന്ധൻ നടക്കുന്നേടത്തെല്ലാം മുത്തുമയമായ പന്തലുണ്ടായി. അതുകണ്ടു ദേവന്മാർകൂടി വിസ്മയിച്ചു. മനുഷ്യന്മാർ പറയേണ്ടതുണ്ടോ? പിന്നെ ഹരദത്തൻ കുംഭകോണത്തിൽപോയി കുംഭേശ്വരനെ സ്തുതിച്ച് ഉത്തമക്ഷേത്രമായ മദ്ധ്യാർജ്ജുനത്തിൽപോയി മഹാലിംഗത്തെ സ്തുതിച്ചു മൂന്നുരാത്രി അവിടെ വസിച്ചു. പിന്നെ ശിവാവതാരക്ഷേത്രത്തിലേക്കു പോയി. അവിടെ ഹരദത്തന്റെ അച്ഛൻ യാഗംചെയ്യേണമെന്നു പറഞ്ഞതിനാൽ ശ്രീകണ്ഠേശ്വരനെ സ്തുതിച്ചു. ശ്രീകണ്ഠേ

ശ്വരൻ അനവധി ധനാദത്തെയും കൊടുത്തു. ഹരദത്തൻ അതെല്ലാം അച്ഛന്നു കൊടുത്തു നല്ലവണ്ണം യാഗംചെയ്യുക എന്നു പറഞ്ഞു ഹരദത്തൻ പിന്നേയും ശിവസ്ഥലങ്ങളിൽ സഞ്ചരിച്ചു. ഇങ്ങിനെ നടക്കുമ്പോൾ ഒരുദിവസം വഴിയിൽ ഒരു ശവത്തിന്റെ മുമ്പിൽ ഒരു സ്ത്രീ കരഞ്ഞുകൊണ്ടു വരുന്നതുകണ്ടു. ഹരദത്തൻ അവളുടെ രോദനകാരണമെന്താണെന്നു ചോദിച്ചു. അവൾ തൊഴുതുകൊണ്ടു പറഞ്ഞു. എന്നെ അച്ഛൻ ഇൗയാൾക്കു കൊടുത്തു. ഇൗയാളെ ഒരു സർപ്പം കടിച്ചുമരിച്ചതാണ്. ഹേ സ്വാമി! അനാഥയായ എന്നെ രക്ഷിക്കേണേ. അതുകേട്ടു ഹരദത്തൻ നീ ഭയപ്പെടേണ്ട എന്നുപറഞ്ഞു നീലകണ്ഠസ്തോത്രത്താൽ ആ വൈശ്യനെ ജീവിപ്പിച്ചു. ദമ്പതികൾ അത്യന്തം സന്തോഷിച്ചു ഹരദത്തനെ നമസ്കരിച്ചുപോകയും ചെയ്തു. അനന്തരം ഹരദത്തൻ ശ്രീപുരത്തേക്കുപോയി ത്യാഗേശ്വരനെക്കണ്ടു നമസ്കരിച്ചു വിരിഞ്ഞ കൽഹാരപുഷ്പങ്ങളെ വർഷിക്കുന്നതുപോലെ മധുരവാക്സമൂഹത്താൽ ത്യാഗേശ്വരനെ സ്തുതിച്ചു. വാഗ്മിയായ ജ്ഞാനസംബന്ധൻ വ്യാകരണത്താൽ വിവരിക്കപ്പെട്ടതായും ജ്ഞാനത്തോടുകൂടിയതായും ഇരിക്കുന്ന സൂക്തികളെ നല്ലവണ്ണം ചേൎത്തു ശരണാഗതരക്ഷകനായ ത്യാഗേശ്വരനെ സ്തുതിച്ചു. അനന്തരം പാണ്ഡ്യദേശം ആർഹതന്മാരാൽ ആക്രമിക്കപ്പെട്ടപ്പോൾ കുലപക്ഷമന്ത്രിയാൽ പ്രാൎത്ഥിതനായ ഹരദത്തൻ മഹേശ്വരന്റെമുമ്പിൽ വെച്ച് ആർഹതന്മാരോടു വാദിച്ചു ജയിച്ച് ആയിരത്തെട്ട് ആർഹതന്മാരെ ശൂലാരോപണംചെയ്യിച്ചു. ഋഷികൾ ചോദിച്ചു ഹേ കുംഭസംഭവ! ജ്ഞാനസംബന്ധൻ ആർഹതന്മാരെ എങ്ങിനെയാണ് ശൂലാരോപണം ചെയ്യിച്ചത്? ആ കഥയെ വിസ്തരിച്ചു പറഞ്ഞുതരണം.

അഗസ്ത്യൻ പറഞ്ഞു — പണ്ടു മധുരാരാജ്യത്തിൽ ജയദ്ധ്വജനെന്നുപേരായി ഇന്ദ്രനോടു സ്പൎദ്ധിക്കുന്ന ഒരു രാജാവുണ്ടായിരുന്നു. ചോളരാജപുത്രിയായ സുമതിയായിരുന്നു ആ രാജപത്നി. ശിവഭക്താഗ്രഗണ്യനായ കുലപക്ഷനായിരുന്നു മന്ത്രി. പാണ്ഡ്യരാജാക്കന്മാൎക്കു വംശപാരമ്പൎയ്യമായുള്ള ശിവഭക്തി ജയദ്ധ്വജനു

മുണ്ടായിരുന്നു. ആ ജയദ്ധ്വജനെ ആൎഹതന്മാർ വഞ്ചിച്ചു. ഒരുദിവസം ജയദ്ധ്വജൻ ഹാലാസ്യക്ഷേത്രത്തിലേക്കുപോയി മഹേശ്വരനെ സേവിച്ചു മടങ്ങിവരുമ്പോൾ ചില മായാവികളായ ആൎഹതന്മാർവന്നു രാജാവിനോടു പറഞ്ഞു. ഹേ രാജൻ! ഈ കല്ലിനെ ദൈവമാണെന്നു വിചാരിക്കുന്ന ഭവാൻ മൂഢൻതന്നെയാണ്. യാതൊരു ദൈവത്തിൻെറ ഉപാസനകൊണ്ടു കൎമ്മം പ്രത്യക്ഷമായി നശിക്കുന്നില്ലയോ ആ ദൈവത്തിനെ സേവിച്ചിട്ടു ഫലമെന്താണ്? പുളവൃക്ഷത്തെ സേവിക്കുന്നതുപോലെയല്ലേ? ഞങ്ങൾ ഉപാസിക്കുന്ന ദൈവം പ്രത്യക്ഷഫലത്തെ കാണിക്കുന്നതാണ്. പരീക്ഷിച്ചുനോക്കുക. വിശ്വാസംവന്നാൽ ആൎഹതനാവുക. അതുകേട്ടു ജയദ്ധ്വജൻ എങ്ങിനെയാണ് പ്രത്യക്ഷഫലം കാണുന്നതെന്നു ചോദിച്ചു. അപ്പോൾ ആൎഹതന്മാർ ഒരു കല്ലെടുത്തു രാജാവിൻെറ കയ്യിൽകൊടുത്തു. അവർ പീലികെട്ടിനാൽ ഒന്നു തൊട്ടപ്പോൾ രാജാവിൻെറ കയ്യിലുള്ള കല്ലു മാണിക്യരത്നമായിത്തീൎന്നു. അതുകണ്ടു ജയദ്ധ്വജൻ അവരുടെ കാല്ക്കൽ നമസ്കരിച്ച് അപ്പോൾതന്നെ ആൎഹതനാവുകയും ചെയ്തു. അനന്തരം രാജപത്നിയും മന്ത്രിയും രാജവൃത്താന്തത്തെയറിഞ്ഞു ദുഃഖിതന്മാരായിട്ടു മധുരാപുരിയിലുള്ള ഭക്തന്മാരെ രക്ഷിച്ചുകൊണ്ടിരുന്നു. രാജാവ് ആൎഹതനായി എങ്കിലും സുമതിയുടെ സൌന്ദൎയ്യത്താൽ സുമതിക്കു വശഗനായതുകൊണ്ട് അവളുടെ സന്തോഷത്തിന്നായി നെററിയിൽ ഭസ്മപുണ്ഡ്രത്തെ ധരിച്ചുകൊണ്ടിരുന്നു. ഇങ്ങിനെ വളരെക്കാലം കഴിഞ്ഞപ്പോൾ ഒരുദിവസം മന്ത്രി വിജനസ്ഥലത്തിലിരിക്കുന്ന രാജ്ഞിയോടു വളരെ വണക്കത്തോടെ പറഞ്ഞു. ഹേ രാജ്ഞി! നമ്മുടെ രാജ്യം ആൎഹതന്മാരാൽ ആക്രമിക്കപ്പെട്ടിരിക്കുന്നു. മഹാത്മാക്കളായ ജനങ്ങളെല്ലാം ഈ രാജ്യത്തെ വിട്ടു പോയ്ക്കളഞ്ഞു. ഭവതിയുടെ പ്രസാദത്താൽ ഞാൻ ചില ഭക്തന്മാരെ ഈ ദിക്കിൽ താമസിപ്പിച്ചിരിക്കുന്നു. രാജാവിനെ രക്ഷിക്കുകയും വേണം. ആൎഹതന്മാരെ നശിപ്പിക്കുകയും വേണം. അതു ഭവതിയുടെ അനുജ്ഞയുണ്ടെങ്കിൽ എനിക്കു ചെയ്വാൻ പ്രയാസമില്ല. അതിന്നുപായമെന്താണെന്നു രാ

ഞ്ഞി ചോദിച്ചു. മന്ത്രിജ്ഞാനസംബന്ധന്റെ വൃത്താന്തമെല്ലാം കേട്ടതുപോലെ പറഞ്ഞു. ഗൌരീദേവിയുടെ സ്തന്യാമൃതാസ്വാദത്താൽ പരമാൎത്ഥദൃഷ്ടിയെ ലഭിച്ച ജ്ഞാനസംബന്ധനെ വരുത്തുക എന്നു രാജ്ഞി പറഞ്ഞു. മന്ത്രി ഉടനേതന്നെ ബ്രാഹ്മണരെ അയച്ചു. വേദജ്ഞന്മാരായ അവർ വേദാരണ്യത്തിൽ പോയി ജ്ഞാനസംബന്ധനേയും വാഗീശനേയും കണ്ടു മന്ത്രിയും രാജ്ഞിയും പറഞ്ഞയച്ചതെല്ലാം പറഞ്ഞു. അതുകേട്ട് ആൎഹതാന്തകനായ ജ്ഞാനസംബന്ധൻ വാഗീശനെ വേദാരണ്യത്തിലിരുത്തി മുത്തുമയമായ പല്ലക്കിൽ കയറി പുറപ്പെട്ടു.—

എന്നു സ്കന്ദോപപുരാണത്തിൽ
നാല്പത്തേഴാമദ്ധ്യായം.

—ooജഠoo—

അഗസ്ത്യൻ പറഞ്ഞു— അനന്തരം ജ്ഞാനസംബന്ധൻ വഴിയിൽ അനേക ശിവക്ഷേത്രങ്ങളെ സേവിച്ചുകൊണ്ടു പതുക്കെ പോയി. ഗൌരിയുടെ മൂന്നാമത്തെ പുത്രനായ ജ്ഞാനസംബന്ധൻ മധുരയ്ക്കുപോകുമ്പോൾ ആൎഹതന്മാൎക്കുനാശലക്ഷണമായ ദുൎന്നിമിത്തങ്ങളുണ്ടായി. അവരുടെ ചൈത്യപ്രാസാദം അടിയോടെ ഭൂമിയിൽ വീണു. സ്വപ്നത്തിൽ ജലപാത്രം ഉടഞ്ഞതായും പുല്ലുകൊണ്ടുള്ള വസ്ത്രങ്ങൾ കൊടുങ്കാററിനാൽ പറന്നുപോയതായും പീലിക്കെട്ടുകൾ ദഹിച്ചതായും ആചാൎയ്യനെ വ്യാഘ്രം ഭക്ഷിച്ചതായും സ്ത്രീകളെല്ലാം മുണ്ഡിതമാരായും ആൎഹതദേവതകൾ കരയുന്നതായും കണ്ടു. അവർ ഇങ്ങിനേയുള്ള ദുസ്വപ്നത്തെക്കണ്ട് ആ വൃത്താന്തമെല്ലാം രാജവിനോടറിയിച്ചു. അതുകേട്ടു രാജാവു സ്വപ്നം കണ്ടതു സാരമില്ലെന്നു പറഞ്ഞു. മന്ത്രിമാരും അങ്ങിനെതന്നെ പറഞ്ഞു. ആൎഹതന്മാരെല്ലാം എന്തുചെയ്യേണമെന്നറിയാതെ വളരെ വൈമനസ്യത്തോടുകൂടിയവരായി ഭവിച്ചു. അനന്തരം ബ്രാഹ്മണരാൽ പൂ

ജിക്കപ്പെട്ടുകൊണ്ടും യോഗിശ്രേഷ്ഠന്മാരേക്കണ്ടു നമസ്കരിച്ചുകൊണ്ടും മധുരകവിയായ ജ്ഞാനസംബന്ധൻ മുത്തുമയമായ പല്ലക്കിൽ കയറി മധുരയുടെ സമീപത്തിൽ വന്നു. രാജ്ഞിയും മന്ത്രിയും മുമ്പെപറഞ്ഞയച്ച ബ്രാഹ്മണർ വന്നു ജ്ഞാനസംബന്ധൻ വന്നിരിക്കുന്നു എന്നു പറഞ്ഞതുകേട്ട് ഏററവും സന്തോഷിച്ചു. രാജ്ഞി ജ്ഞാനസംബന്ധന്നു വാസസ്ഥലവും മററും തയ്യാറാക്കുവാൻ മന്ത്രിമാരെ കല്പിച്ചയച്ചു. അനന്തരം കുലപക്ഷമന്ത്രി രാജ്ഞിയുടെ അനുമതിപ്രകാരം സ്നാനത്തിന്നാണെന്നു വ്യാജവും പറഞ്ഞു ജ്ഞാനസംബന്ധനെക്കാണുവാൻ പുറപ്പെട്ടു. വേഗവതി നദിതീരത്തിലുള്ള മഠത്തിൽപോയി ജ്ഞാനസംബന്ധനെക്കണ്ടു പാദങ്ങളിൽ വീണു നമസ്കരിച്ചു. ജ്ഞാനസംബന്ധൻ ബ്രാഹ്മണരോട് ഇവൻ ആരാണെന്നു ചോദിച്ചു. ബ്രാഹ്മണർ കുലപക്ഷമന്ത്രിയാണെന്നുപറഞ്ഞു. അപ്പോൾ ജ്ഞാനസംബന്ധൻ മന്ത്രിയുടെ കൈപിടിച്ച് എന്നെ വരുത്തുവാനുള്ള കാരണമെന്താണെന്നു ചോദിച്ചു. മന്ത്രി തൊഴുതുകൊണ്ടു വേദാന്തസിദ്ധാന്തത്തെ പ്രതിഷ്ഠിക്കുകയും ആർഹതന്മാരെ നശിപ്പിക്കുകയുമാണ് ഭവാൻ ചെയ്യേണ്ടതെന്നു പറഞ്ഞു പിന്നെയും പിന്നെയും ജ്ഞാനസംബന്ധന്റെ പാദങ്ങളിൽ വീണു നമസ്കരിച്ചു. അപ്പോൾ ജ്ഞാനസംബന്ധൻ മീനാക്ഷിസുന്ദരേശ്വരന്മാരുടെ ക്ഷേത്രം എവിടേയാണെന്നു ചോദിച്ചു. മന്ത്രി ഇവിടെ അടുത്താണെന്നു പറഞ്ഞു കാണിച്ചുകൊടുത്തു. ജ്ഞാനസംബന്ധൻ സ്വർണ്ണകുംഭങ്ങളാൽ അലംകൃതമായ ഗോപുരത്തെ കണ്ടു സാഷ്ടാംഗം നമസ്കരിച്ചു. സ്നാനം ചെയ്തു ക്ഷേത്രത്തിലേക്കുപോകാമെന്നു വിചാരിച്ചു വേഗവതീനദിയിൽ സ്നാനംചെയ്തുദേഹമെല്ലാം ഭസ്മോദ്ധൂളനംചെയ്തു മുത്തുകളും പവിഴങ്ങളും ഇടയിൽകോൎത്തിരിക്കുന്ന രുദ്രാക്ഷമാലയെ ധരിച്ചു മുത്തുമയമായ പല്ലക്കിൽ കയറി മുത്തുക്കുടയാൽ അലംകൃതനായിട്ടു വീഥികളെ കാണുവാനായി ഗോപുരങ്ങളെ പ്രദക്ഷിണമായി പോയി. സന്ധ്യാസമയത്തിൽ സുഗന്ധതൈലങ്ങളാലുള്ള ദീപങ്ങളാൽ എല്ലാടവും പ്രകാശിച്ചുകൊണ്ടിരി

ളുന്ന മധുരാപുരിയെ നോക്കിക്കൊണ്ടു പതുക്കെ പോയി. രാജവീഥികളിൽ ആൎഹതന്മാരെല്ലാവരും കൂട്ടമായി നിന്നു ജ്ഞാനസംബന്ധൻ വരുന്നതുകണ്ടു വിസ്മയരസത്താൽ സ്തബ്ധചിത്തന്മാരായിട്ടു ചിത്രമെഴുതിയതുപോലെ നിന്നു. വൈദികാചാൎയ്യൻ വരുന്നു, കവിശേഖരൻ വരുന്നു, ഗൌരീകുമാരൻ വരുന്നു എന്നിങ്ങിനെ കൊമ്പുകളെ വിളിച്ചുകൊണ്ടു വാഗ്മികളായ സ്തുതിപാഠകന്മാർ ജ്ഞാനസംബന്ധന്റെ മുമ്പിൽ കീൎത്തികളെ പാടിക്കൊണ്ടിരുന്നു. വൈദികസിദ്ധാന്തസ്ഥാപനത്തിന്നായി പുറപ്പെട്ട ജ്ഞാനസംബന്ധമൂൎത്തേ! ജയിക്കുക. ഗൌരീദേവിയുടെ സ്തന്യാമൃതപാനത്താൽ ഉത്ഭവിച്ച മധുരവാങ്മയനായ ഭവാൻ ജയിക്കുക. കൌണ്ഡിന്യഗോത്രമാകുന്ന സമുദ്രത്തിന്നു വൃദ്ധിയെച്ചെയ്യുന്ന പൂൎണ്ണചന്ദ്രനായ ഭവാൻ ജയിക്കുക. ദുഷ്ടന്മാരായ ആൎഹതന്മാരുടെ മതമാകുന്ന അന്ധകാരത്തെ നശിപ്പിക്കുന്ന സൂൎയ്യനാകുന്ന ഭവാൻ ജയിക്കുക. ആൎഹതന്മാരാകുന്ന കാക്കകളെ ക്ഷോഭിപ്പിക്കുന്ന വാക്കുകളോടുകൂടിയ ഭവാൻ ജയിക്കുക. ആൎഹതന്മാരുടെ കുണ്ഡികകളെ നശിപ്പിക്കുവാനുള്ള ഇരിമ്പുലക്കയായും അവരുടെ കടാംബരങ്ങളെ പറപ്പിക്കുന്ന കൊടുങ്കാററായും അവരുടെ കയ്യിലുള്ള പീലിക്കെട്ടുകളെ ദഹിപ്പിക്കുന്ന ദാവാനലനായും അവരുടെ മന്ദിരമാകുന്ന പൎവ്വതത്തെ ഭേദിക്കുവാൻ വജ്രംപോലിരിക്കുന്ന സരസവാക്കുകളോടുകൂടിയവനായും ഇരിക്കുന്ന ജ്ഞാനസംബന്ധൻ വരുന്നു. എടാ! ആൎഹതന്മാരാകുന്ന ഉലൂകപ്പക്ഷികളെ! ഓടുവിൻ. എവിടെയെങ്കിലും പോയി മറഞ്ഞുകൊള്ളുവിൻ. ജ്ഞാനസംബന്ധനാകുന്ന സൂൎയ്യൻ ഉദിച്ച് ഇതാ പ്രകാശിക്കുന്നു. ഇങ്ങിനെ ജ്ഞാനസംബന്ധന്റെ കീൎത്തികളെ സ്തുതിപാഠകന്മാർ പാടുന്നത് ആൎഹതന്മാരുടെ കൎണ്ണങ്ങളിൽ വജ്രങ്ങൾപോലെ പതിച്ചു. അനന്തരം ജ്ഞാനസംബന്ധൻ വീഥിപ്രദക്ഷിണംചെയ്തു പല്ലക്കിൽനിന്നിറങ്ങി ക്ഷേത്രത്തിലേക്കുപോയി. മീനാക്ഷി സുന്ദരേശ്വരന്മാരുടെ മദ്ധ്യത്തിൽ നമസ്കരിച്ചു

ജ്യോതിൎമ്മയമായ മഹേശ്വരലിംഗത്തെ ദിവ്യചന്ദനാലേപിതമായും കോടിസൂൎയ്യപ്രകാശമായും അൎദ്ധചന്ദ്രഭൂഷിതമായും കണ്ടിട്ടു മഹാകവി മഹേശ്വരനെ നമസ്കരിച്ചു സ്തുതിപ്പാൻ തുടങ്ങി.

ഹേമാബ്ജിനീതീരനികേതനായ
ഹേമാചലാകൎഷിതകാൎമ്മുകായ
ഹേരംബഷഡ്വക്ത്രസമന്വിതായ
ഹാലാസ്യനാഥായനമഃശ്ശിവായ.

പാണ്ഡ്യാധിരാജാൎപ്പിതപാദുകായ
ഫണാധരാധീശ്വരകങ്കണായ
പാഷണ്ഡദൂരായപരാത്പരായ
ഹാലാസ്യനാഥായനമഃശ്ശിവായ.

കന്ദൎപ്പദൎപ്പാൎണ്ണവബാഡവായ
കണ്ഠസ്ഥലാകല്പമഹാവിഷായ
കല്പാന്തവഹ്ന്യാസ്പദലോചനായ
ഹാലാസ്യനാഥായനമഃശ്ശിവായ,

മന്ദാകിനീഭൂഷിതമസ്തകായ
മന്ദാരമാലാഞ്ചിതമസ്തകായ
വൃന്ദാരകാധീശമുനിസ്തുതായ
ഹാലാസ്യനാഥായനമഃശ്ശിവായ.

വേദാന്തവിജ്ഞാനസുഖപ്രദായ
നാദാന്തരൂപായനടേശ്വരായ
പൂതാന്തരംഗൈഃപുരുഷൈസ്സ്തുതായ
ഹാലാസ്യനാഥായനമഃശ്ശിവായ.

ലീലാചതുഷ്ഷഷ്ടിസുധാണ്ണവായ
ഹേലാസ്മിതപ്ലുഷ്ടപുരത്രയായ
മൂലായവേദാഗമവല്ലരീണാം
ഹാലാസ്യനാഥായനമശ്ശിവായ.

നാനാഭവവ്യാധിവിനാശനായ
ദീനാവനാംഗീകൃതവിഗ്രഹായ
ഭാനാത്മനേഭസ്മവിലേപനായ
ഹാലാസ്യനാഥായനമശ്ശിവായ.

സാമപ്രിയായസകലാഗമസംസ്തുതായ
സാംബായസംസൃതിതമിസ്രസുദീപകായ
സത്യാത്മനെസകലലോകവിലക്ഷണായ
സാക്ഷാൽകൃതായശിതികണ്ഠനമശ്ശിവായ.

അത്ഥം— ഹേമപത്മിനീതീരത്തിൽ വസിക്കുന്നവനായും ഹിമാചലത്തെ വില്ലാക്കി ധരിച്ചവനായും ഗണപതിയോടും സ്കന്ദമൂത്തിയോടും കൂടിയവനായുമിരിക്കുന്ന ഹാലാസ്യനാഥന്നായി നമസ്കാരം.

പാണ്ഡ്യരാജാവിനാൽ അപ്പിതങ്ങളായ പാദുകങ്ങളോടു കൂടിയവനായും സപ്പകങ്കണനായും പാഷണ്ഡന്മാക്ക ദൂരസ്ഥിതനായും എല്ലാരിലും ശ്രേഷ്ഠനായുമിരിക്കുന്ന ഹാലാസ്യനാഥന്നായി നമസ്കാരം.

കന്ദപ്പദപ്പമാകുന്ന സമുദ്രത്തിന്നു ബഡവാഗ്നിയായും കണ്ഠത്തിൽ അലംകൃതമായ കാളകൂടവിഷത്തോടുകൂടിയവനായും കല്പാന്തവഹ്നിക്കിരിപ്പിടമായ നേത്രത്തോടുകൂടിയവനായും ഇരിക്കുന്ന ഹാലാസ്യനാഥന്നായി നമസ്കാരം.

ഗംഗാദേവിയാൽ അലംകൃതമായ മസ്തകത്തോടുകൂടിയവനായും ഇന്ദ്രനാലും മുനീന്ദ്രന്മാരാലും വന്ദ്യനായും മന്ദാരപുഷ്പ മാലയാൽ അലംകൃതമായ മസ്തകത്തോടുകൂടിയവനായുമിരിക്കുന്ന ഹാലാസ്യനാഥന്നായി നമസ്കാരം.

വേദാന്തവിജ്ഞാനസുഖത്തെ കൊടുക്കുന്നവനായും നാദാന്തസ്വരൂപനായും നടേശ്വരനായും ശുദ്ധമാനസന്മാരായ സൽപുരുഷന്മാരാൽ സ്തുതിക്കപ്പെട്ടവനായുമിരിക്കുന്ന ഹാലാസ്യനാഥന്നായി നമസ്കാരം.

അറുപത്തിനാലു ലീലകൾക്ക് അമൃതസമുദ്രമായും മന്ദസ്മിതത്താൽ പുരത്രയത്തെ നശിപ്പിച്ചവനായും വേദലതകൾക്കു മൂലമായുമിരിക്കുന്ന ഹാലാസ്യനാഥന്നായി നമസ്കാരം.

അനേകസംസാരദുഃഖങ്ങളെ നശിപ്പിക്കുന്നവനായും ദീനരക്ഷണത്തിന്നായി ധരിക്കപ്പെട്ട ദേഹത്തോടുകൂടിയവനായും പ്രകാശാത്മകനായും ഭസ്മഭൂഷണനായുമിരിക്കുന്ന ഹാലാസ്യനാഥന്നായി നമസ്കാരം.

സാമവേദപ്രിയനായും സകലവേദങ്ങളാൽ സ്തുതിക്കപ്പെട്ടവനായും ഉമാസഹിതനായും സംസാരാന്ധകാരത്തിന്നു ദീപമായും സത്യസ്വരൂപനായും സകലലോകസാക്ഷിസ്വരൂപനായും ശിതികണ്ഠനായുമിരിക്കുന്ന സാക്ഷാൽ മഹേശ്വരനെ നമസ്കരിക്കുന്നു.

കവിജനാഗ്രഗണ്യനായ ജ്ഞാനസംബന്ധൻ മഹേശ്വരനെ സ്തുതിച്ചിട്ടു മീനാക്ഷിയെ നമസ്കരിച്ച് അമൃതവാക്കുകളാൽ സ്തുതിച്ചു.

മാതൎമ്മതംഗകുലവല്ലഭമാന്യമൂൎത്തേ
മന്ദസ്മിതദ്യുതിമനോജ്ഞമുഖാരവിന്ദേ

മന്ത്രാത്മികേമരതകോപലസാരനീലേ
മഹ്യംപ്രസീദമലയദ്ധ്വജപാണ്ഡ്യകന്യേ.

കുന്ദസ്മിതേകുമുദബന്ധുകലാവതംസേ
കുംഭസ്തനാലിഖിതകുങ്കുമപങ്കരേഖേ
കോണത്രയൈകനിലയേകുലശൈലബാലേ
മഹ്യംപ്രസീദമലയദ്ധ്വജപാണ്ഡ്യകന്യേ.

ലീലാശുകാർഭകമനോഹരഹസ്തപത്മേ
നീലാളകഗ്രഥിതനിർമ്മലകൈതകാലേ
ഹാലാസ്യനാഥസഹചാരിണിഹംസയാനേ
മഹ്യംപ്രസീദമലയദ്ധ്വജപാണ്ഡ്യകന്യേ.

കല്യാണകല്പലതികേകരുണാകടാക്ഷ
കല്ലോലനർത്തിതകവിതാകലാനദീകേ
മാരാവരോധസുഭഗേകരുണാനുകമ്പേ
മഹ്യംപ്രസീദമലയദ്ധ്വജപാണ്ഡ്യകന്യേ.

കർണ്ണാവതംസിതകദംബവനപ്രസൂനേ
കൗശേയകാന്തിനിജകല്പതരുപ്രവാളേ
കസ്തൂരികാതിലകരഞ്ജിതഫാലദേശേ
മഹ്യംപ്രസീദമലയദ്ധ്വജപാണ്ഡ്യകന്യേ.

സദ്യസ്സമുദ്യദരുണപ്രതിമാംശുകാഭേ
സൗഭാഗ്യദാനധൃതകൗതുകദീർഘനേത്രേ
സന്ധ്യാനടപ്രളയതാണ്ഡവസാക്ഷിഭൂതേ
മഹ്യംപ്രസീദമലയദ്ധ്വജപാണ്ഡ്യകന്യേ.

മന്ദസ്മിതംമണിരിവശ്രുതിമാലികായാം
മാന്യാംമുകുന്ദകമലാസനശങ്കരാദ്യൈഃ
മഞ്ജീരശിഞ്ജിതകൃതാഭയമംഘ്രിപത്മം
മന്മൂർദ്ധ്നിദേഹിമലയധ്വജരാജകന്യേ.

ശിക്ഷാമവാപമഹതീംനികടേഗുരൂണാം
ജന്മാന്തരേഷുചശിവംപരമർച്ചയിത്വാ
മീനാക്ഷിപുണ്യപരിപാകവശാൽത്വദംഘ്രിം
പ്രാപ്തസ്യകസ്യചിദ്ദേ[ത്തി]ചിദാത്മബോധഃ.

അർത്ഥം— ഹേ ജനനി! മതംഗകുലശ്രേഷ്ഠനാൽ മാന്യമൂർത്തിയായും മന്ദസ്മിതശോഭയാൽ മനോഹരമുഖാരവിന്ദയായും മന്ത്രസ്വരൂപയായും മരതകരത്നംപോലെ നീലവർണ്ണയായുമിരിക്കുന്ന ഹേ മലയധ്വജപാണ്ഡ്യപുത്രി! എന്നിൽ പ്രസാദിക്കുക.

ധവളമായ മന്ദസ്മിതത്തോടുകൂടിയവളായും ചന്ദ്രകലയെ ധരിച്ചവളായും സ്വർണ്ണകുംഭങ്ങൾപോലെയിരിക്കുന്ന സ്തനങ്ങളിൽ കുങ്കുമപങ്കത്തെ ധരിച്ചവളായും ത്രികോണമദ്ധ്യസ്ഥിതയായും ഹിമാചലപുത്രിയായുമിരിക്കുന്ന ഹേ മലയധ്വജപാണ്ഡ്യപുത്രി! എന്നിൽ പ്രസാദിക്കുക.

കേളീശുകത്താൽ മനോഹരമായ ഹസ്തപത്മയായും നീലാളകത്തിൽ ശോഭിക്കുന്ന കേതകീപുഷ്പങ്ങളോടു കൂടിയവളായും ഹാലാസ്യനാഥന്റെ സഹചാരിണിയായും ഹംസഗമനയായുമിരിക്കുന്ന ഹേ മലയധ്വജപാണ്ഡ്യപുത്രി! എന്നിൽ പ്രസാദിക്കുക.

കല്യാണകല്പലതയായും കരുണാകടാക്ഷങ്ങളാകുന്ന കല്ലോലങ്ങളാൽ തുള്ളിക്കളിപ്പിക്കുന്ന കവികുലങ്ങളോടുകൂടിയ നദിയായും ഹരനേത്രാഗ്നിദഗ്ധനായ കാമന്റെ സഞ്ജീവനൌഷ

ധമായും ആശ്രിതന്മാരിൽ കൃപയോടുകൂടിയവളായുമിരിക്കുന്ന ഹേ മലയദ്ധ്വജപാണ്ഡ്യകന്യേ! എന്നിൽ പ്രസാദിക്കുക.

കദംബവൃക്ഷത്തെ കർണ്ണാഭരണമാക്കിയവളായും വസ്ത്രശോഭയാൽ കല്പകവൃക്ഷപ്രവാളങ്ങളെ ജയിച്ചവളായും കസ്തൂരീതിലകത്താൽ അലംകൃതമായ നെററിത്തടത്തോടുകൂടിയവളായും ഇരിക്കുന്ന ഹേ മലയദ്ധ്വജപാണ്ഡ്യകന്യേ! എന്നിൽ പ്രസാദിക്കുക.

അപ്പോൾ ഉദിക്കുന്ന അരുണതുല്യമായ വസ്ത്രത്തോടുകൂടിയവളായും സൌഭാഗ്യത്തെ കൊടുക്കുവാൻ കൌതുകത്തോടുകൂടിയിരിക്കുന്ന ദീർഘനേത്രങ്ങളോടു കൂടിയവളായും സന്ധ്യാസമയത്തിൽ നൃത്തം ചെയ്യുന്ന നടേശ്വരനൃത്തത്തിന്നു സാക്ഷിഭൂതയായുമിരിക്കുന്ന ഹേ മലയദ്ധ്വജപാണ്ഡ്യകന്യേ! എന്നിൽ പ്രസാദിക്കുക.

വേദശിരോരത്നമായും ബ്രഹ്മവിഷ്ണുരുദ്രന്മാരാൽ മാനിക്കപ്പെട്ടതായും നൂപുരശബ്ദത്താൽ അഭയത്തെ ചെയ്യുന്നതായുമിരിക്കുന്ന പാദപത്മം ഹേ മലയദ്ധ്വജപാണ്ഡ്യകന്യേ! എന്റെ ശിരസ്സിൽ വെക്കുക.

പൂർവ്വജന്മങ്ങളിൽ മഹേശ്വരനെ നല്ലവണ്ണം പൂജിച്ചതുകൊണ്ടും ഗുരുക്കളുടെ സമീപത്തിൽ നല്ല ശിക്ഷയെ അനുഭവിച്ചതുകൊണ്ടും ഹേ മീനാക്ഷി! പുണ്യപരിപാകംകൊണ്ടു ഭവതിയുടെ പാദാരവിന്ദങ്ങളെ പ്രാപിക്കുന്നവന്ന് ആത്മബോധം ഉദിക്കുന്നു.

ഇങ്ങിനെ ദേവിയെ സ്തുതിച്ചു പഞ്ചാക്ഷരമന്ത്രത്തെ ജപി

ച്ചുകൊണ്ട് അഞ്ചുപ്രദക്ഷിണം ചെയ്തു തന്റെ വാസസ്ഥലപ്രദേശത്തേക്കുപോയി.

എന്ന സ്കന്ദോപപുരാണത്തിൽ
നാല്പത്തെട്ടാമദ്ധ്യായം.

---

അഗസ്ത്യൻപറഞ്ഞു—അനന്തരം ആൎഹതന്മാർ ജ്ഞാനസംബന്ധന്റെ കീൎത്തിയെ വാഴ്ത്തുന്നതുകേട്ടു ദുരഹങ്കാരമാകുന്ന ദാഹാഗ്നിയാൽ ദഗ്ദ്ധഹൃദയന്മാരായി ഭവിച്ചു. അവർതമ്മിൽ ഇങ്ങിനെ പറഞ്ഞു. ഹേ സുഹൃത്തുക്കളേ! ജ്ഞാനസംബന്ധന്റെ കീൎത്തിയെ പാടുന്നതുകേട്ടില്ലെ? ഇങ്ങിനെ ആരുടെയെങ്കിലും കേട്ടിട്ടുണ്ടോ? എങ്ങിനെയാണ് ശിലാമയിയായ ഗൌരി ഇവനെ എടുക്കുന്നത്? മുലകൊടുക്കുന്നതെങ്ങിനെയാണ്? ഇവൻ താൻതന്നെ പാൽകുടിച്ചു ഗൌരിയുടേതാണെന്നു കളവുപറയുകയാണ്. ഈ ബ്രാഹ്മണാധമന്റെ ദൌരാത്മ്യത്തെ നോക്കുവിൻ. ഇവൻ ചെറുപ്പത്തിൽതന്നെ മായാവാക്കുകൊണ്ടു ജനങ്ങളെ വഞ്ചിക്കുന്നു. ഇവനെ ഉപേക്ഷിപ്പാൻ പാടില്ല. വ്യാധിയെപ്പോലെ വൎദ്ധിക്കും. വേഗവതി നദീതീരത്തിൽ മഠത്തിലാണ് അവൻ ഇരിക്കുന്നത്. നാളെ സൂൎയ്യനുദിക്കുന്നതുവരെ മന്ത്രങ്ങളെക്കൊണ്ട് അവനെ മാരണം ചെയ്യണം. ആൎഹതസിദ്ധാന്തത്തെ ജയിപ്പാനാണ് ഇവൻ വന്നിരിക്കുന്നതെന്നു വലുതായ ജനശ്രുതി പ്രസിദ്ധമായി കേൾക്കുന്നു. ഇങ്ങിനെ അവർ ആലോചിച്ച് അൎദ്ധരാത്രിയിൽ മന്ത്രം ജപിപ്പാൻ തുടങ്ങി. നിമിഷമാത്രത്തിൽ ശത്രുക്കളെ ഹനിക്കുവാൻതക്കതായ മന്ത്രങ്ങളെ ആൎഹതന്മാർ ജപിച്ചിട്ടും ആ മന്ത്രാഗ്നി അടുക്കുവാൻ പാടില്ലാത്ത തേജസ്സോടുകൂടിയ ജ്ഞാനസംബന്ധനെ തൊട്ടില്ല. പഞ്ചാക്ഷരമന്ത്രത്തെ ജപിക്കുന്നവനായും ഗൌരിയുടെ സ്തന്യാമൃതത്തെ പാനംചെയ്തവനായും ഇരി

ളന്ന ജ്ഞാനസംബന്ധനെ ദാവാഗ്നിയെ വിറകിന്നെന്ന പോലെ തൊട്ടുവാൻ ശക്തിയുണ്ടായില്ല. ആ മന്ത്രം കല്ലിന്മേൽ ശിരസ്സിനെ അടിക്കുന്നതുപോലെ നഷ്ടമായപ്പോൾ ആൎഹതന്മാർ മഹാത്മാക്കളുടെ വാസസ്ഥലമായ മഠത്തിൽ പ്രത്യക്ഷമായി തീവെച്ചു. അഗ്നി ജ്വലിക്കുന്നതു കണ്ടു ജനങ്ങൾ ജ്ഞാനസംബന്ധനെ അറിയിച്ചു. അദ്ദേഹം അഗ്നിയെ ആകൎഷിച്ചു. അഗ്നി തൊഴുതുകൊണ്ടു ഞാൻ ദാസനാണ്. ആൎഹതന്മാർ അയച്ച എനിക്ക് എവിടെയാണ് സ്ഥിതിയെന്നു ചോദിച്ചു. അപ്പോൾ ജ്ഞാനസംബന്ധൻ ആരാണ് നിന്നെ അയച്ചത്? അവരുടെ രാജദേഹത്തിൽ പോയി ഇരിക്കുക എന്നു പറഞ്ഞയച്ചു. അനന്തരം അഗ്നി പാണ്ഡ്യരാജാവിനെ ഉഷ്ണജ്വരമായി ബാധിച്ചു. രാജാവു കയ്യുംകാലുംകെട്ടി അഗ്നിയിലിട്ടതുപോലെ സങ്കടപ്പെട്ടുകൊണ്ട് ഒരു ചേഷ്ടയുമില്ലാതെ സംസാരിപ്പാൻകൂടി വയ്യാതായി. മന്ത്രി വൈദ്യനെ വിളിച്ചു രോഗകാരണത്തെ ചോദിച്ചു. ആൎഹതന്മാർ നാഡിനോക്കി രാജ്ഞിയോടും മന്ത്രിയോടും പറഞ്ഞു. നാഡികൾക്കു യാതൊരു വൈഷമ്യവും കാണുന്നില്ല. രോഗം വളരെ സൂക്ഷ്മമായിരിക്കുന്നു. ഇന്ന് അസ്തമനത്തിന്നു മുമ്പെ ആൎഹതവൈദ്യന്മാർ രാജാവിന്റെ ജ്വരത്തെ ശമിപ്പിക്കും. വിദ്യാബലത്തെ നോക്കിക്കൊള്ളുവിൻ എന്നു പറഞ്ഞു ആൎഹതന്മാർ പീലിക്കെട്ടുകൊണ്ടു മന്ത്രത്തെ പറഞ്ഞു ദേഹം മുഴുവനും ഉഴിഞ്ഞു. പീലികൊണ്ട് ഉഴിയുന്തോറും രാജാവിന്നു ജ്വരം വൎദ്ധിച്ചു. രാജാവ് ഉടുത്ത വസ്ത്രംകൂടിയില്ലാതെ അഗ്നിയാൽ ദഹിക്കപ്പെടുന്നതുപോലെ കിടന്ന് ഉരുണ്ടു. ചികിത്സിപ്പാൻ അടുക്കെയിരിക്കുന്നവർ ആ ജ്വരത്തിന്റെ ഉഷ്ണത്താൽ ദഗ്ദ്ധശരീരന്മാരായിട്ടു വേഗം പുറത്തേക്കു പോയി. ആൎഹതന്മാർ പിന്നേയും ദൂരത്തിൽ നിന്നു വൈദ്യന്മാരെ വരുത്തി. അവരും പീലിക്കെട്ടുകൊണ്ട് അൎഹൻ, അൎഹൻ എന്ന മന്ത്രത്തെ ജപിച്ചുകൊണ്ടു വളരെ ഉഴിഞ്ഞു. അവർ കീൎത്തിക്കായി വളരെ ഔഷധങ്ങളും മന്ത്രങ്ങളും പ്രയോഗിച്ചു. ഒന്നും ഫലിച്ചില്ലെന്നു മാത്രമല്ല രാജാവിന്നു

രോഗം വദ്ധിക്കുകയും ചെയ്തു. അതുകണ്ട് ആഹ്ററതന്മാർ നിരാശന്മാരായിട്ട് എല്ലാവരുംകൂടി ഇങ്ങിനെ പറഞ്ഞു. ഒരു ബ്രാഹ്മണക്കുട്ടി ഇവിടെ വന്നിട്ടുണ്ട്. അവൻ വസിക്കുന്നതുകൊണ്ടാണ് രാജാവിന്നു ജ്വരം വന്നത്. അവനെ ആട്ടി പായിച്ചാൽ രാജാവിന്റെ ജ്വരം ശമിക്കും. അതു കേട്ടു മന്ത്രി ആഹ്ററതന്മാരോടു പറഞ്ഞു. അവൻ പ്രയോഗിക്കുന്നതിനെ മാററുവാൻ നിങ്ങൾക്കു ശക്തിയില്ലെ? അതു നിത്തിയാൽ അവനെ ആട്ടിക്കളയാം. രാജാവിന്റെ ജ്വരത്തെ മാററിയാൽ അവനെ ഇപ്പോൾത്തന്നെ അയച്ചുകളയാം. രാജാവിന്റെ ഈ ദുരവസ്ഥയെ മാററുവാൻ ആക്കാണ് ശക്തിയുള്ളത്? ആ ബ്രാഹ്മണൻ വന്നു നോക്കിയാൽ ഭേദപ്പെട്ടുമെങ്കിൽ അങ്ങിനെ ചെയ്യുക. അപ്പോൾ ആഹ്ററതന്മാർ അവന്നും ഇതിന്നു ശക്തിയുണ്ടാകയില്ലെന്നു പറഞ്ഞു. ഉടനെ മന്ത്രി പോയി ജ്ഞാനസംബന്ധനെ വിളിച്ചു കൊണ്ടുവന്നു. ആഹ്ററതന്മാക്ക് അതു കണ്ടു ഭയം തുടങ്ങി. മഹാനായ ആഹ്ററതനെ ഈ ശൈവപാഷണ്ഡൻ എങ്ങിനെ തൊടും? ഇവൻ പുറത്തു പോകട്ടെ. ഞങ്ങൾ തന്നെ ജ്വരത്തെ മാററാം. ഇങ്ങിനെ പറഞ്ഞുകൊണ്ട് ആയിരത്തെട്ടു ആഹ്ററതന്മാർകൂടി രാജാവിനെ ചുററി. വിശേഷ ഔഷധങ്ങളാലും ദിവ്യമന്ത്രങ്ങളാലും ജ്വരത്തെ മാററുവാൻ സാധിച്ചില്ല. രാജാവു രോഗം സഹിപ്പാൻ വയ്യാതെ മൂച്ഛിതനായി ഭവിച്ചു. അതു കണ്ടു രാജ്ഞി ജ്ഞാനസംബന്ധനെ ശരണം പ്രാപിച്ചു. അപ്പോൾ ജ്ഞാനസംബന്ധൻ ഞാൻ നിശ്ചയമായും ഭത്താവിനെ രക്ഷിക്കാം. ഒട്ടും ഭയപ്പെടേണ്ട. മഹേശ്വരന്റെ മഹത്വത്തെ ആഹ്ററതന്മാരെല്ലാവരും കാണട്ടേ എന്നു പറഞ്ഞു ഭസ്മമെടുത്തു രാജാവിന്റെ നെററിയിൽ തൊട്ടു. അപ്പോൾതന്നെ രാജാവിന്നു ബോധമുണ്ടായി. കണ്ണുകൾ മിഴിച്ചു തൊഴുതുകൊണ്ടു ജ്ഞാനസംബന്ധനോടു പറഞ്ഞു. ഹേ മഹാത്മാവേ! സുഖമായി വന്നുവോ? രത്നപീഠം ഇതാ ഇരിക്കുക എന്നു പറഞ്ഞു തന്റെ തലയ്ക്കൽ രത്നപീഠത്തെ മന്ത്രിയെക്കൊണ്ടു വെപ്പിച്ച് അതിൽ സ്വാമിയെ ഇരുത്തി ഉടി

ച്ചുവരുന്ന ചന്ദ്രനെപ്പോലെ നോക്കിക്കൊണ്ടിരുന്നു. അപ്പോ ഠം രാജാവിന്ന് ആ മഹാത്മാവ് അടുക്കെയിരുന്നതിനാൽ വള രെ വെയിൽകൊണ്ട് ആൎത്തനായവന്നു നല്ല ഛായയുള്ള വൃക്ഷ ത്തിൻെറ ആശ്രയത്താലെന്നപോലെ വളരെ ആശ്വാസമു ണ്ടായി. രാജാവിൻെറ തലയ്ക്കൽ രത്നപീഠത്തിലിരിക്കുന്ന തേ ജസ്വരൂപനെ ആൎഹതന്മാർ ചോരന്മാർ സൂൎയ്യനെയെന്നപോ ലെ അസൂയയോടുകൂടി നോക്കി. രാജാവു ഭവാൻ വസിക്കുന്ന തെവിടെയാണെന്നു ചോദിച്ചു. എൻെറ സ്ഥലം ബ്രോണിപുര മാണെന്നു ജ്ഞാനസംബന്ധൻ പറഞ്ഞു. രാജാവ് ഏതു ദേ വനിലാണ് ഭക്തിയെന്നു ചോദിച്ചു. ശിവനിലാണെന്നു മറു വടി പറഞ്ഞു. അതു കേട്ട് ആൎഹതന്മാർ ഈൎഷ്യ സഹിക്കാതെ ശിവനില്ലെന്നു പറഞ്ഞു. അതു കേട്ട ജ്ഞാനസംബന്ധൻ ഞാ ൻ എന്നുള്ള അഹങ്കാരരൂപനായിട്ട് എല്ലാ ദിക്കിലും പ്രകാശി ക്കുന്നത് ആത്മസ്വരൂപനായ ആ ശിവനാണ്. ആൎഹതന്മാ ർ— ദേഹമാണ് ആത്മാവെന്നു പറഞ്ഞു. ജ്ഞാനസംബന്ധ ൻ— ദേഹത്തിന്നു വികാരമുള്ളതുകൊണ്ടു ദേഹം ആത്മാവല്ലെ ന്നു പറഞ്ഞു. ബഹിൎമ്മുഖന്മാരായ ആൎഹതന്മാർ പ്രത്യക്ഷമാ ണ് പ്രമാണമെന്നു പറഞ്ഞു. ജ്ഞാനസംബന്ധൻ— മഹാത്മാ ക്കൾക്കു പ്രത്യക്ഷമല്ല പ്രമാണം. വേദമാണ് പ്രമാണമെന്നു പറഞ്ഞു. ആൎഹതന്മാർ പിന്നേയും വളരെ ന്യായങ്ങളെ പറ ഞ്ഞു. അതെല്ലാം ജ്ഞാനസംബന്ധൻ ഖണ്ഡിച്ചു. സ്വജാതി ക്ഷയത്താൽ വിപരീതവാക്കുകളായ ആയിരത്തെട്ട് ആൎഹതന്മാ രേയും ജ്ഞാനസംബന്ധൻ ജയിച്ചു. അപ്പോൾ നില്ലജ്ജന്മാരാ യ ആൎഹതന്മാർ ഞങ്ങളാണ് ജയിച്ചതെന്നു പറഞ്ഞു. ഉട നെ രാജാജാവ് അവരുടെ വാക്കുകൊണ്ടുള്ള കലഹത്തെത്തടു ത്തു വാക്കുകൊണ്ട് ഒരുത്തരുടെ മഹത്വത്തെയറിവാൻ നൂറു സംവത്സരങ്ങളാലും കഴിയുന്നതല്ല. എൻെറ രോഗത്തെ ആർ മാററുന്നുവോ അവരുടെ മതമാണ് വലിയത് എന്നു പറഞ്ഞു. അപ്പോഴേക്കു രാജാവിന്നു മുമ്പെത്തെപ്പോലെ രോഗം വന്നു. ആൎഹതന്മാർ ഞങ്ങൾ ഇടത്തെ ഭാഗത്തെ ജ്വരം മാററാം. വ

ലത്തെ ഭാഗത്തെ ഇവനും മാററട്ടെ. എന്നാൽ ഇവൻ ഞങ്ങളോടു സമനായി. അങ്ങിനെതന്നെയെന്നു രാജാവും സമ്മതിച്ചു. ആഹ്റതന്മാർ പീലികൊണ്ട് ഉഴിയുവാനും മന്ത്രജലംകൊണ്ടു ദേഹത്തിൽ തളിപ്പാനും തുടങ്ങി. ആഹ്റതവിദ്യയിൽ സമത്ഥന്മാരായ വൈദ്യന്മാർ എത്ര ഔഷധങ്ങളെ പ്രയോഗിച്ചിട്ടും ജ്വരാഗ്നി വദ്ധിച്ചതേയുള്ളു. രാജാവ് അയ്യോ! ഈ ആഹ്റതദുഷ്ടന്മാർ എന്നെ കൊല്ലുന്നു എന്നു നിലവിളിച്ചു മൂഛിതനായി. പിന്നെയും രാജ്ഞി ജ്ഞാനസംബന്ധനോടു സങ്കടം പറഞ്ഞു. അപ്പോൾ ജ്ഞാനസംബന്ധൻ രാജാവിനെ ജീവിപ്പിച്ചു. രാജാവു തൊഴുതുകൊണ്ട് എന്നെ രക്ഷിക്കേണമെന്നു പറഞ്ഞു. ജ്ഞാനസംബന്ധൻ ഭസ്മമെടുത്തു വലത്തുഭാഗത്തിട്ടു. അപ്പോൾ വലത്തെ ഭാഗശരീരം അമൃതസമുദ്രത്തിൽ മുങ്ങിയ കൊള്ളിമീൻ പോലെ ശീതളമായി ഭവിച്ചു. ഒരു ഭാഗം അമൃതമയമായും ഒരു ഭാഗം വിഷമയമായും ഇരിക്കുന്നതുപോലെ രാജാവിന്റെ ദേഹം ഒരു ഭാഗം സുഖമയമായും ഒരു ഭാഗം ദുഃഖമയമായും ഭവിച്ചു. ആഹ്റതന്മാർ ദീഘനിശ്വാസം ചെയ്തുകൊണ്ടുനിന്നു. അനന്തരം രാജാവ് ആഹ്റതന്മാർ ഇനി എന്നെ തൊടരുതെന്നു പറഞ്ഞു ജ്ഞാനസംബന്ധനെ ശരണം പ്രാപിച്ചു. അദ്ദേഹം ഇടത്തെ ഭാഗത്തും ഭസ്മമിട്ടു. ജ്വരം തീരെ നശിക്കുകയുംചെയ്തു. രാജാവു മന്ത്രിമാരെ വിളിച്ച് ആഹ്റതന്മാർ ഇന്നുമുതൽ എന്റെ സഭയിൽ വരരുതെന്നു പറഞ്ഞ് അവിടെ നില്ക്കുന്നവരെയെല്ലാം പുറത്താക്കി ജ്ഞാനസംബന്ധനെത്തന്നെ ശരണമായി പ്രാപിച്ചു. അനന്തരം ജ്ഞാനസംബന്ധനോടു പഞ്ചാക്ഷരമന്ത്രത്തെ ഉപദേശം വാങ്ങുവാനായി ജ്ഞാനസംബന്ധനും രാജാവുംകൂടി ഹാലാസ്യക്ഷേത്രത്തിലേക്കു പോയി. പുറത്താക്കിയ ആഹ്റതന്മാരെല്ലാം ദുഃഖിച്ചുകൊണ്ടു പിന്നെ ആഹ്റതമതത്തെ സ്തുതിച്ചില്ല. അവർ സ്വപ്നത്തിൽ ശൂലാഗ്രത്തിലേററപ്പെട്ടവരായി കണ്ടിട്ടുണ്ടായ ഭയത്താൽ നിഷ്പ്രഭന്മാരായി ഭവിച്ചു. അനന്തരം അവരെല്ലാവരുമൊരുമിച്ചു രാജാവിനോടു പറഞ്ഞു. ഹേ രാജൻ! ഞങ്ങളുടെ മതത്തെ ദുഷി

പ്പിക്കേണ്ട. ഭവാൻ അന്യമതത്തിൽ പ്രവേശിക്കുന്നതു യുക്തമ ല്ല. ഭവാൻ ഞങ്ങളുടേയും അവന്റേയും ബലത്തെ ഒന്നു പരീക്ഷിച്ചു നോക്കുക. അല്ലെങ്കിൽ ഞങ്ങൾതമ്മിൽ അട്ടത്തു യുദ്ധമുണ്ടാകും. അതു കേട്ടു രാജാവു വളരെ കുപിതനായി ഉടനെ മന്ത്രിയെ അയച്ചു ജ്ഞാനസംബന്ധനെ വരുത്തി ആഹ്റതന്മാരോട് എങ്ങിനെയാണ് പരീക്ഷിക്കേണ്ടതെന്നു ചോദിച്ചു. ദുരാത്മാക്കളായ ആഹ്റതന്മാർ പറഞ്ഞു. ഞങ്ങളുടെ ദൈവമാണ് ശ്രേഷ്ഠമെന്ന് ഒരു പത്രത്തിലെഴുതി ഞങ്ങൾ അഗ്നിയിലിടാം. അതു ദഹിച്ചില്ലെങ്കിൽ ഭവാൻ ഞങ്ങളുടെ മതത്തെത്തന്നെ സ്വീകരിക്കണം. ഇവനും അങ്ങിനെ ചെയ്യട്ടെ. രാജാവ് അങ്ങിനെതന്നെയെന്നു സമ്മതിച്ച് അഗ്നിയെ ജ്വലിപ്പിച്ച് ആഹ്റതന്മാരെഴുതിയ പത്രത്തെ അതിൽ ഇട്ടു. അതു പഞ്ഞിപോലെ ക്ഷണം ദഹിച്ചുപോയി. അപ്പോൾ ജ്ഞാനസംബന്ധൻ മഹേശ്വരനേക്കാൾ ശ്രേഷ്ഠമായി മറെറാരു ദൈവവുമില്ലെന്ന് ഒരു പത്രത്തിലെഴുതി അഗ്നിജ്വലിച്ചുകൊണ്ടിരിക്കുമ്പോൾ അതിലിട്ടു. അപ്പോൾ അഗ്നി പ്രത്യക്ഷരൂപനായിട്ട് ആ പത്രത്തെ കയ്യിലെടുത്തു ജ്ഞാനസംബന്ധന്റെ കയ്യിൽ ജയപത്രത്തെപ്പോലെ കൊടുത്തു. അദ്ദേഹം നമസ്കരിച്ച് അതിനെ വാങ്ങി. അതു കണ്ടു ഭീതനായ രാജാവു വേഗം നമസ്കരിച്ചു. ദേവകൾ പുഷ്പവൃഷ്ടിചെയ്തു. വൈദികന്മാരെല്ലാം വളരെ സന്തോഷിച്ചു. അപ്പോൾ ആഹ്റതന്മാർ പിന്നേയും പറഞ്ഞു. ഇവൻ മഹാജാലവിദ്യക്കാരനാണ്. ഇവൻ അഗ്നിയെ സ്തംഭിപ്പിച്ചുകളഞ്ഞു. ഇപ്പോൾ എഴുതിയതുപോലെ എഴുതി നദീപ്രവാഹത്തിലിടുക. ആരുടെ പത്രമാണ് കീഴ്പോട്ടൊഴുകാതെ മേല്പോട്ടൊഴുകുന്നത് ആ മതത്തെ ഭവാൻ വിശ്വസിച്ചുകൊള്ളുക. അതുകേട്ടു മന്ത്രി ആഹ്റതന്മാരോടു ചോദിച്ചു. ഈ വാദത്തിൽ എന്തു നിശ്ചയമാണ് ചെയ്യേണ്ടത്? പറയുവിൻ. ഇല്ലെങ്കിൽ ഈ മഹാൻ ശാപംകൊണ്ടു നിങ്ങളെ നശിപ്പിച്ചുകളയും. അതുകേട്ട് ആയിരത്തെട്ട് ആഹ്റതന്മാരും തോററവൎക്ക ശൂലാരോഹണം തന്നെയാവട്ടേ എന്നുപറഞ്ഞു മുമ്പത്തെപ്പോലെ പത്രങ്ങളിലെഴുതി വേഗവതീനദിയിൽ ആ

ഹ്തന്മാർ മുമ്പിൽ ഇട്ടു. ആ പത്രം അവരുടെ മതത്തോടുകൂടി സമുദ്രത്തെപ്രവേശിച്ചു ജലജന്തുക്കളാൽ ഖണ്ഡിക്കപ്പെടുകയും ചെയ്തു. അനന്തരം ജ്ഞാനസംബന്ധൻ മുമ്പെത്തെപ്പോലെ എഴുതി നദിയിലിട്ടു. ആ പത്രം മേല്പോട്ടൊഴുകി. അപ്പോഴും ദുന്ദുഭിഘോഷവും ശംഖദ്ധ്വനിയുമുണ്ടായി. ഇതെല്ലാംകണ്ടു രാജാവു ജ്ഞാനസംബന്ധനെ സാക്ഷാൽ മഹേശ്വരനാണെന്നു വിചാരിച്ചു. അനന്തരം ആഹ്തന്മാരുടെവസ്ത്രങ്ങളേയും കുണ്ഡികകളേയും പീലിക്കെട്ടുകളേയും ദഹിപ്പിച്ച് ആഹ്തക്ഷേത്രത്തെ ആനകളെക്കൊണ്ടുകുത്തിപ്പൊളിപ്പിച്ച് ആയിരത്തെട്ട് ആഹ്തന്മാരേയും ശൂലാഗ്രത്തിലിട്ടു. അതുകണ്ട് അവരുടെ അനേകം പരിവാരങ്ങളിൽ ചിലർ ദ്വീപാന്തരങ്ങളിലേക്കുപോയി. ചിലർ അന്യദേശങ്ങളിലേക്കുപോയി. ചിലർ ഭസ്മരുദ്രാക്ഷധാരികളായിട്ടു ജ്ഞാനസംബന്ധനെ ശരണംപ്രാപിച്ചു. ശരണാഗതന്മാരെയെല്ലാം ജ്ഞാനസംബന്ധൻ അവർ മുമ്പെ ആഹ്തന്മാരാണെങ്കിലും ശിവസ്മരണമാത്രത്താൽ പാപരഹിതന്മാരാണെന്നുവിചാരിച്ചു രക്ഷിച്ചു. ഇങ്ങിനെ ആഹ്തകുലം സൂര്യോദയത്തിൽ അന്ധകാരമെന്നതുപോലെ മുഴുവനും നശിച്ചുപോയി. അനന്തരം രാജാവു ജ്ഞാനസംബന്ധനോടു പഞ്ചാക്ഷരമന്ത്രത്തെ ഗ്രഹിച്ചു മഹാഭിഷേകവിധികൊണ്ടു ഹാലാസ്യനാഥനെ പൂജിച്ചു. വൈദികന്മാൎക്കു പ്രതിഷ്ഠയും ലഭിച്ചു. അവർ യാഗങ്ങളാൽ മഹേശ്വരനെ യജിച്ചുകൊണ്ടിരുന്നു. രാജാവാകട്ടേ നവരത്നസമൂഹങ്ങളാലും വിശേഷസ്വൎണ്ണങ്ങളാലും ഹാലാസ്യനാഥന്ന് അഭിഷേകംചെയ്തു ശിവൻതന്നെയാണ് പരമദൈവതമെന്നു വിചാരിച്ചു സേവിച്ചുകൊണ്ട് ഇന്ദ്രനെപ്പോലെ ഐശ്വര്യവാനായി ഭവിച്ചു.

എന്ന സ്കന്ദോപപുരാണത്തിൽ

നാല്പത്തൊമ്പതാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— പാണ്ഡ്യരാജാവും ഭാൎയ്യയും മന്ത്രിയും ആ നഗരവാസികളായ ജനങ്ങളും ജ്ഞാനസംബന്ധനെ ന

മസ്കരിച്ചു മൂന്നു സന്ധ്യകളിലും പൂജിച്ചുകൊണ്ടിരുന്നു. അനന്തരം ജ്ഞാനസംബന്ധൻ രാജാവിനോടും ഭാൎയ്യയോടും മന്ത്രിയോടുംകൂടി ശങ്കരനാരായണന്മാർ ഏകരൂപമായിരിക്കുന്ന ഹരിഹരക്ഷേത്രത്തിലേക്കുപോയി. ത്രികൂടാചലത്തിലേക്കുപോയി മഹേശ്വരനെ സ്തുതിച്ചു വേണുവനത്തിലുംപോയി മഹേശ്വരനെ സ്തുതിച്ചു. പിന്നെ രാമേശ്വരത്തിൽപോയി രാമനാഥനെ സേവിച്ചു മടങ്ങി മധുരയിൽവന്നു. അപ്പോൾ ശിവവ്രതനും അവിടെ വന്നു ജ്ഞാനസംബന്ധൻ രാജാവിനെ പ്രശംസിച്ചു ഭാൎയ്യയോടും മന്ത്രിയോടുംകൂടി രാജ്യത്തെക്കു പോകുവാൻപറഞ്ഞു. അവർ ആചാൎയ്യനായ ജ്ഞാനസംബന്ധനെ വന്ദിച്ചു രാജ്യത്തിലേക്കു പോയി. അനന്തരം ജ്ഞാനസംബന്ധൻ അച്ഛനോടും ബന്ധുക്കളോടുംകൂടി കാവേരിതീരത്തിൽപോയി തോണിയാൽ കാവേരീനദിയെ കടന്നുപോകുമ്പോൾ ആഹതാചാൎയ്യൻവന്നു സ്വജനങ്ങളെ ശൂലാരോപണം ചെയ്യുന്നതുകേട്ടു കുപിതനായിട്ടു സൈന്യങ്ങളോടുകൂടി വഴിയെ തടുത്തു. ജ്ഞാനസംബന്ധന്റെ അടുക്കെ എത്തുമ്പോഴെക്ക് ആഹതാചാൎയ്യന്റെ തലയിൽ വജ്രംവീണ് ഉടനെ മരിച്ചു. അതുകണ്ടു മററുള്ളവരെല്ലാം വാദിപ്പാനുള്ള ഉത്സാഹത്തോടുകൂടെ ജ്ഞാനസംബന്ധന്റെ സമീപത്തെക്കു ചെന്നു. ജ്ഞാനസംബന്ധൻ അവരോടു വാദിച്ച് അവരെ തോല്പിച്ചു. അവർ ജ്ഞാനസംബന്ധനെ ശരണംപ്രാപിച്ചു. അനന്തരം ജ്ഞാനസംബന്ധൻ അച്ഛനെ ബ്രഹ്മപുരിയിലേക്കയച്ചു പരാചലത്തിലും ശോണാദ്രിയിലും സ്കന്ദസരിത്തടത്തിലും മഹേശ്വരനെ സ്തുതിച്ചു ശിവസ്ഥലങ്ങളിൽ ആഹതപ്രയോഗത്താൽ കാഷ്ഠാത്തവൃക്ഷങ്ങളെ ശിവഭക്തപ്രസാദത്തിന്നായി ഫലിപ്പിച്ചു. അനന്തരം കാഞ്ചീപുരത്തിൽപോയി ഏകാമ്രവൃക്ഷമൂലത്തിൽ വസിക്കുന്ന മഹേശ്വരനേയും ആകാശഗുഹാവാസിനിയായ പരാശക്തിയേയും സ്തുതിച്ചു സ്വൎണ്ണമുഖിനദീതീരത്തിൽ കാളഹസ്തീശ്വരനേയും സന്തോഷിപ്പിച്ചു കേദാരത്തിലും ശ്രീഗിരിയിലും ഗോകൎണ്ണത്തിലുംപോയി മഹേശ്വരനെ സ്തുതിച്ചു. ഗോകൎണ്ണക്ഷേത്രസമീപത്തിൽ ശിവഭക്തന്മാരുടെ ദാസനായി മഹാധനൻ എന്നൊരു വൈശ്യനു

ണ്ടായിരുന്നു. അവൻ തന്റെ പുത്രിയെ ജ്ഞാനസാംബന്ധന്നു കൊടുക്കേണമെന്നു നിശ്ചയിച്ച് ഏഴുവയസ്സുവരെ വളൎത്തി. അവൾ വസന്തകാലത്തിൽ പുഷ്പങ്ങളെ അറുപ്പാനുള്ള കൌതുകത്താൽ ഉദ്യാനത്തിൽ നടക്കുമ്പോൾ ഒരു സൎപ്പം അവളുടെ കാലിൽ കടിച്ച് ഉടനെ മരിക്കുകയും ചെയ്തു. അവളെ വൈശ്യൻ ദഹിപ്പിക്കുകയും ചെയ്തു. അവളുടെ അസ്ഥികളെ ഒരു കുടത്തിലിട്ടടച്ചുവെച്ചു ജ്ഞാനസാംബന്ധന്റെ വരവിനെ കാത്തുകൊണ്ടിരുന്നു. വളരെക്കാലം കഴിഞ്ഞപ്പോഴാണ് ജ്ഞാനസംബന്ധൻ വന്നത്. അപ്പോൾ വൈശ്യൻ ബന്ധുക്കളോടുകൂടിച്ചെന്നു ജ്ഞാനസാംബന്ധനെ നമസ്കരിച്ചു തൊഴുതുകൊണ്ടു പറഞ്ഞു. ഹേ സ്വാമിൻ ഇതു കേൾക്കുക. ഞാൻ ഒരു വൈശ്യനാണ്. ഭവാനെപ്പോലെയുള്ള മഹാത്മാക്കളുടെ പാദസേവകനുമാണ്. ഞാൻ ഭവാനെ വന്നുകണ്ടിട്ടില്ലെങ്കിലും ദൂരസ്ഥിതനായ ഭവാന്റെ കീൎത്തികേട്ടു ഭവാന്നു തരുവാനായി ഒരു പുത്രിയെ വളൎത്തിയിരുന്നു. അവൾ പുഷ്പമറുക്കുവാനായി ഉദ്യാനത്തിലേക്കുപോയപ്പോൾ സൎപ്പംകടിച്ചു മരിച്ചുപോയി. ഭവാൻ അതിശക്തിമാനാണെന്നു നിശ്ചയിച്ചു ഞാൻ അവളെ ദഹിപ്പിച്ചു അസ്ഥികളെയെടുത്തു കുടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അവളെ ജീവിപ്പിച്ചു ഭവാൻ സ്വീകരിക്കുക. അതുകേട്ടു ജ്ഞാനസംബന്ധൻ അപ്പോൾതന്നെ ഭസ്മം കൊടുത്ത് അവളെ ജീവിപ്പിച്ചു വൈശ്യനോടു പറഞ്ഞു. നീ ഇവളെ ജനിപ്പിച്ചതുപോലെയാണ് ഞാനും ഇപ്പോൾ ജനിപ്പിച്ചത്. ഇവളെ ഞാൻ വിവാഹംചെയ്യുന്നതു യുക്തമല്ല. അന്യന്മാൎക്കാൎക്കെങ്കിലും കൊടുക്കുക. അതുകേട്ടു ജനങ്ങളെല്ലാവരും വളരെ വിസ്മയിച്ചു. വൈശ്യൻ നമസ്കരിച്ചു പുത്രിയേയുംകൊണ്ടു ഗൃഹത്തിലേക്കു പോകയുംചെയ്തു. ആ കന്യകയാവട്ടേ വിരക്തചിത്തയായിട്ട് അന്യന്മാരെ വരനായി വരിച്ചില്ല. മഹേശ്വരനെ ഏകാഗ്രചിത്തത്തോടെ ധ്യാനിച്ച് ഉത്തമഗതിയേയും ലഭിച്ചു. അനന്തരം ജ്ഞാനസാംബന്ധൻ അരുണാചലത്തിൽ മഹേശ്വരനെ സ്തുതിച്ചു പ്രദക്ഷിണംചെയ്തു ദ്രോണീപുരത്തിൽവന്നു വസിച്ചു. ഉമാദേവി ജ്ഞാനസാംബന്ധന്നു മുലപ്പാൽകൊടുക്കുമ്പോൾ

തന്റെ കൈകൊണ്ടു തുടച്ചതായ ജ്ഞാനസംബന്ധന്റെ ദൃഷ്ടി യാതൊരുവിഷയങ്ങളിലും അനുരാഗമില്ലാത്തതായിരുന്നു. ആ ഭദ്രപുരിവാസികളായ ബന്ധുക്കൾ ജ്ഞാനസംബന്ധന്നു വിവാഹം ചെയ്യുവാൻ കൌതുകത്തോടുകൂടി സൽക്കുലജയായ കന്യകയെ നോക്കി നിശ്ചയിച്ചു നല്ല മുഹൂൎത്തംനോക്കി ജ്ഞാനസംബന്ധനെ സ്നാനം ചെയ്യിച്ചു കാപ്പുകെട്ടി മുത്തുമയമായ പല്ലക്കിൽകയറി വിവാഹത്തിന്നു പുറപ്പെട്ടു. ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും മഹാത്മാക്കളായ ശിവഭക്തന്മാരും ജ്ഞാനസംബന്ധന്റെ വിവാഹോത്സവത്തെ കാണ്മാനായിവന്നു. വിവാഹോത്സവത്തിന്നായി ഭദ്രവേദിയോടുകൂടിയ സഭ പാൎവ്വതീപരമേശ്വരന്മാരുടെ വിവാഹത്തിന്നു വിശ്വകൎമ്മാവിനാൽ നിൎമ്മിക്കപ്പെട്ടതുപോലെ വിശേഷമായി അലങ്കരിച്ചിരുന്നു. ആ സഭയിൽ നീലനക്കൻ മുതലായവരെല്ലാം പ്രവേശിച്ചു ജ്ഞാനസംബന്ധനെ ഉപചരിച്ച് അലംകൃതന്മാരായ വധൂവരന്മാർ വേദിയിൽ പ്രവേശിച്ച് അഗ്നിയെ ഹോമിച്ചു പാണിഗ്രഹണം ചെയ്തു. ലാജഹോമാദിക്രിയകളെല്ലാംചെയ്തു ബ്രാഹ്മണരാൽ ആശീൎവ്വാദത്തേയും ലഭിച്ചു ഭാൎയ്യയോടുകൂടി അച്ഛനമ്മമാരേയും ബ്രാഹ്മണരേയും ബന്ധുവൎഗ്ഗങ്ങളേയും നമസ്കരിച്ചു തൊഴുതുകൊണ്ടു ജ്ഞാനസംബന്ധൻ ഇങ്ങിനെ പറഞ്ഞു. മാതാപിതാക്കന്മാൎക്കും ബ്രാഹ്മണൎക്കും ഇനി എന്താണ് ആഗ്രഹം? മടിക്കാതെ പറഞ്ഞുകൊള്ളുവിൻ. എല്ലാം മഹേശ്വരൻ തരും. അതുകേട്ട് അവർ പറഞ്ഞു. ഞങ്ങൾ ബന്ധുഭാഗ്യത്താൽ ഉത്തമന്മാർ തന്നെ. ഞങ്ങൾ മഹേശ്വരപാദങ്ങളിൽ സായൂജ്യത്തെ മാത്രമേ ഇച്ഛിക്കുന്നുള്ളു. ഇങ്ങിനെ അവർ പ്രാൎത്ഥിച്ചതുകേട്ടു സന്തുഷ്ടനായ ജ്ഞാനസംബന്ധൻ ഭാൎയ്യയോടുകൂടി മഹേശ്വരനെ സേവിപ്പാനായി ശിവാലയത്തിലേക്കു പോയി മാധുൎയ്യസൂക്തികളാൽ സ്തുതിച്ചു. ജ്ഞാനസംബന്ധന്റെ വിവാഹശോഭയെ കാണ്മാനാഗ്രഹമുള്ളവനെപ്പോലെ മഹേശ്വരൻ ഉമാദേവിയോടുകൂടി കോടിസൂൎയ്യതുല്യപ്രകാശനായിട്ടു മുമ്പിൽ പ്രത്യക്ഷനായി ജ്ഞാനസംബന്ധനോടു വാഞ്ഛിതമെന്താണെന്നു ചോദിച്ചു. അ

ദ്ദേഹം ഇവൎക്കെല്ലാവൎക്കും സായൂജ്യം കൊടുക്കേണമെന്നു പറഞ്ഞു. മഹേശ്വരൻ അങ്ങിനേതന്നെയെന്നു പറഞ്ഞു. അനന്തരം ജ്ഞാനസംബന്ധൻ അച്ഛനമ്മമാരേയും നീലനക്ഷനേയും മറ്റുള്ള ബന്ധുജനങ്ങളേയും മുമ്പിൽ ശിവാലയത്തിന്റെ ഉള്ളിൽ പ്രവേശിപ്പാൻ പറഞ്ഞു. എല്ലാവരും അകത്തു കടന്നപ്പോൾ താനും പഞ്ചാക്ഷരമന്ത്രത്തെ ജപിച്ചുകൊണ്ടു ഭാൎയ്യയോടുകൂടി മൂന്നു പ്രദക്ഷിണം ചെയ്തു ജ്യോതിസ്വരൂപമായ മഹേശ്വരലിംഗത്തിൽ ലയിക്കുകയും ചെയ്തു. ശ്രീജ്ഞാനസംബന്ധന്റെ ഈ ചരിത്രത്തെ പഠിക്കുകയും ശ്രവിക്കുകയും ചെയ്യുന്ന മഹാത്മാക്കളൊക്കെ ശിവപ്രസാദത്താൽ പുനരാവൎത്തിരഹിതമായ കൈവല്യപദത്തെ ലഭിക്കും. സത്യം തന്നെ.

എന്നു സ്കന്ദോപപുരാണത്തിൽ
അമ്പതാമദ്ധ്യായം

അഗസ്ത്യൻ പറഞ്ഞു— ഏതൊരു മനുഷ്യൻ പ്രാണനാശം സംഭവിക്കുമ്പോൾകൂടി ശിവദ്രോഹിയായവനെ കാണാതിരിക്കുന്നുവോ അവന്നു കൈവല്യം കരസ്ഥം തന്നെ. അതിന്നു കലിയേയും കാമത്തേയും ജയിച്ചവനായ കലികാമചരിത്രത്തെ പറയുന്നതായ പണ്ടത്തെ ഒരു ഇതിഹാസമുണ്ട്. ചോളദേശത്തിന്നു ഭൂഷണമായ ഒരു പുരമുണ്ട്. അതു മഹേശ്വരന്റെ ഹംസസ്പൎശത്താൽ ഇളകുന്ന ഗംഗയുടെ കാറ്റിനാൽ അതിശീതളമാണ്. അവിടെ കലികാമനെന്നു പേരായി ഒരു ശിവഭക്തപാദസേവകനുണ്ടായിരുന്നു. അവന്റെ ദൎശനമാത്രത്താൽ ശിവദ്രോഹികൾ ഭയപ്പെടുന്നു. എപ്പോഴും ശിവദ്രോഹികളെ കൊല്ലുവാനായി അവൻ കത്തിയെ പിടിച്ചുകൊണ്ടു നടക്കും. അവൻ ത്യാഗേശ്വരക്ഷേത്രത്തിൽ കൈങ്കൎയ്യത്തെ ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം രാത്രി അവൻ ക്ഷേത്രദ്വാരത്തിൽ കിടക്കുമ്പോൾ കൊതുവിന്റെ ഉപദ്രവത്താൽ ഉറങ്ങാതിരുന്നു. അപ്പോൾ മഹേശ്വരൻ പതുക്കെ നടന്നുവരുന്നതു കണ്ടു കലികാമൻ ഉറക്കെ കരഞ്ഞുകൊണ്ട്

മഹേശ്വരനോട ചോദിച്ചു. ഹെ മഹേശ്വര! ഈ അദ്ധരാത്രിയിൽ നന്ദിയെക്കൂടാതെ എവിടെക്കാണ് പുറപ്പെട്ടത്? ഇങ്ങിനെ നടന്നാൽ ജനങ്ങൾ ചോരനാണെന്നു ശങ്കിക്കുമല്ലൊ. വഴിയിൽ കല്ലുകളും മുള്ളുകളും നിറഞ്ഞിരിക്കുന്നു. ഭവാൻ നിലത്തു കാൽ വെക്കുന്നത് എന്റെ കണ്ണുകളിൽ ശരം താഴ്ക്കുന്നതുപോലെയിരിക്കുന്നു. സ്വാമി എവിടേക്കാണ് പോകുന്നത്? പറയുക. എന്നിങ്ങിനെ കലികാമന്റെ നിബ്ബന്ധത്താൽ മഹേശ്വരൻ പറഞ്ഞു. ഞാൻ എങ്ങോട്ടാണ് പോകുന്നതെന്നു നിന്നോട പറയാം. നീ ആരോടും പറയരുതേ. എന്റെ സഖിയായ സുന്ദരന്റെ ഭാൎയ്യയായ വേശ്യ അവനോട കോപിച്ചിരിക്കുന്നു. അതിനെ തീൎപ്പാനായി അവന്റെ നിയോഗത്താൽ പോയി വരികയാണെന്നുപറഞ്ഞു മറഞ്ഞു. അതു കേട്ട കലികാമന്നു സ്വാമിയെ ദൂതനായി അയച്ചതുകൊണ്ട സുന്ദരങ്കൽ വലുതായ ക്രോധമുണ്ടായി. അപ്പോൾതന്നെ കലികാമൻ ആ ശത്രുവായ സുന്ദരനെ ഞാൻ കണ്ടാൽ അപ്പോൾതന്നെ കൊല്ലുമെന്നു പ്രതിജ്ഞചെയ്തു വീഥികളിലെല്ലാം ഘോഷിക്കുകയും ചെയ്തു. അതു കേട്ട സുന്ദരൻ മഹേശ്വരനെ ശരണം പ്രാപിച്ചു. സുന്ദരനാൽ പ്രാൎത്ഥിതനായ മഹേശ്വരൻ കലികാമന്നു വയററിൽ ശൂലരോഗത്തെ കൊടുത്തു. രോഗത്താൽ ദുഃഖിതനായ കലികാമൻ ത്യാഗേശ്വരനെ സ്തുതിച്ചു. സന്തുഷ്ടനായ ത്യാഗേശ്വരൻ സുന്ദരൻ നിന്നെ തൊട്ടാൽ നിന്റെ രോഗം ശമിക്കും. ഞാൻ പറയുന്നതു മറിച്ചുവിചാരിക്കേണ്ട. നിനക്കു ചികിത്സിപ്പാനായി സുന്ദരൻ നാളെ രാവിലെ നിന്റെ വീട്ടിൽ വരും. അവൻ വന്നാൽ അവമാനിച്ചുവെങ്കിൽ നിന്റെ രോഗം വദ്ധിക്കും ഇങ്ങിനെ പറഞ്ഞു മഹേശ്വരൻ മറയുകയും ചെയ്തു. മഹേശ്വരൻ മറഞ്ഞപ്പോൾ കലികാമൻ വീട്ടിലേക്കുപോയി മഹേശ്വരൻ പറഞ്ഞതെല്ലാം ഭാൎയ്യയോട പറഞ്ഞു. ത്യാഗേശ്വരൻ പറഞ്ഞതുപോലെ ചെയ്യേണമെന്നു ഭാൎയ്യയും പറഞ്ഞു. അനന്തരം മഹേശ്വരൻ സുന്ദരനോട നീ നാളെ കലികാമന്റെ വീട്ടിൽ പോയി അവന്റെ രോഗത്തെ മാററുക. നീ ഒട്ടും ഭയപ്പെടേണ്ട. അവൻ നിന്നെ കൊല്ലുകയില്ല എന്നു പറഞ്ഞു. പി

രോഗിവസം രാവിലെ കലികാമൻ ശിവദ്രോഹിയെ തൊട്ടു ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് നല്ലതെന്നു നിശ്ചയിച്ചു തന്റെ കത്തികൊണ്ടു വയറിനെ കീറി. സുന്ദരനാവട്ടെ പ്രിയനായ മഹേശ്വരാജ്ഞയെ ശരിയായി നടത്തുവാനായി ത്യാഗേശ്വരപാദങ്ങളെ നമസ്കരിച്ചിട്ടു ഭസ്മത്തെയുമെടുത്തുകൊണ്ടു കലികാമന്റെ ഗൃഹത്തിലേക്കു പോയി. വയറു കീറി മരിച്ചുകിടക്കുന്ന കലികാമനെ അവന്റെ ഭാര്യ ഒരു വസ്ത്രത്താൽ മൂടിവെച്ചു സുന്ദരനെ ആസനത്തിലിരുത്തി ശിവനെ പൂജിക്കുന്നതുപോലെ അർഘ്യപാദ്യാദികളാൽ പൂജിച്ചു. അപ്പോൾ സുന്ദരൻ ഹേ സാദ്ധ്വി! നിന്റെ ഭർത്താവ് എവിടെ? ത്യാഗേശ്വരൻ ഭസ്മവും തന്ന് എന്നെ അയച്ചിരിക്കുന്നു. ഭർത്താവിന്റെ രോഗം ഇപ്പോൾ മാറും. താമസിക്കാതെ അവനെ കാണിക്കുക എന്നു പറഞ്ഞു. അതു കേട്ട് അവൾ തൊഴുതുകൊണ്ടു പറഞ്ഞു. ഹെ ഭക്തശിഖാമണേ! എന്റെ ഭർത്താവിന്റെ രോഗം മാറി. ഭവാൻ ദൂരത്തിൽനിന്നു വന്നതുകൊണ്ടു രോഗം ദൂരത്തിൽ പോയി. എന്നാലും ഭർത്താവിനെ ഒന്നു കാണുക എന്നു പറഞ്ഞു വയറുകീറി കിടക്കുന്ന കലികാമനെ കാണിച്ചു. കലികാമൻ തനിക്കുവേണ്ടി മരിച്ചതാണെന്നറിഞ്ഞു ഭക്തദ്രോഹമായ പാപവിശുദ്ധിക്കായി താനും മരിപ്പാൻ വേണ്ടി കത്തിയെ എടുത്തു കഴുത്തിൽ വെക്കുമ്പോഴേക്ക് മഹേശ്വരൻ പ്രത്യക്ഷനായി വന്നു സുന്ദരന്റെ കൈപിടിച്ചു സാഹസം ചെയ്യരുതെന്നു പറഞ്ഞു കലികാമനെ ജീവിപ്പിച്ചു. അവർ തമ്മിൽ സഖ്യം ചെയ്യിച്ച് അവരാൽ പൂജിതനായിട്ടു ത്യാഗേശ്വരൻ മറയുകയും ചെയ്തു. അനന്തരം കലികാമൻ സുഹൃത്തായ സുന്ദരനെ പൂജിച്ചു. പിന്നെ വളരെക്കാലം സുന്ദരനോടുകൂടി കമലാലയത്തിൽ വസിച്ചു ത്യാഗേശ്വരപ്രസാദത്താൽ ശിവസായൂജ്യം ലഭിക്കുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ

അമ്പത്തൊന്നാമദ്ധ്യായം.

—ഠഠ—

അഗസ്ത്യൻപറഞ്ഞു— ഹേ മുനികളേ! ശ്രവണത്താൽ പാപനാശനമായ ശ്രീകൈലാസപർവ്വതത്തെ പ്രസിദ്ധമായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. സിദ്ധചാരണഗന്ധർവ്വമുനീന്ദ്രന്മാരാൽ സേവിതമായ ആ പർവ്വതത്തിലാണ് സർവ്വേശ്വരനായും ശ്രീമാനായും ദഹരാകാശസ്ഥിതനായുമിരിക്കുന്ന മഹേശ്വരൻ അംബികയോടും സ്കന്ദവിഘ്നേശ്വരന്മാരോടുംകൂടി ബ്രഹ്മവിഷ്ണുസുരാദികളാൽ സ്തുതനായി വസിക്കുന്നത്. അതിന്റെ ശിഖരം അനേകംകോടി ഗണാധിപന്മാരാൽ നിറഞ്ഞിരിക്കുന്നു. ആ പർവ്വതത്തിന്റെ അനേകം ശംബരാലയങ്ങളുള്ളതിൽ ഒന്നാണ് അളകാപുരി. അവിടെ അതിസൌരഭ്യവത്തുക്കളായ കൽഹാരപുഷ്പങ്ങളുടെ സൌരഭ്യത്താൽ വാസിതമായി സൌഗന്ധികമെന്നുപേരായ ഒരു സരസ്സുണ്ട്. അവിടെ രമ്യയായ മന്ദാകിനി പ്രവാഹിക്കുന്നതു കാണുന്നു. ആ കൈലാസം മഹേശ്വരജടയിലുള്ള സുധാംശുവിന്റെ ചന്ദ്രികയാൽ പ്രകാശിതമായിട്ട് അമാവാസ്യയിൽകൂടി ചന്ദ്രനില്ലെന്നറിയുന്നില്ല. അതിന്റെ ശിഖരത്തെ കണ്ടാൽ പിന്നെ ഗർഭവാസം ഉണ്ടാകയില്ല. ആ ശിഖരത്തെ കാമക്രോധമദാന്ധന്മാരായ പാപികൾക്കു കാണ്മാൻ കഴിയുന്നില്ല. അവിടെ സിദ്ധന്മാരിൽ മൂലദേവനെന്നു പ്രസിദ്ധനായ ഒരു സിദ്ധനുണ്ട്. ആ മൂലദേവൻ പരകായപ്രവേശം മുതലായ സിദ്ധികൾ ഉള്ളവനാണ്. ശിവഭക്തനുമാണ്. ഒരിക്കൽ മൂലദേവൻ ഭൂമിയിലുള്ള ശിവക്ഷേത്രങ്ങളിലെല്ലാം സേവിക്കുവാൻ ആകാശമാർഗ്ഗമായി പുറപ്പെട്ടു. അതുകണ്ടു മററുള്ള സിദ്ധന്മാരെല്ലാം ഈ കൈലാസത്തേക്കാൾ ഉത്തമമായ ശിവക്ഷേത്രം മററൊന്നുമില്ല. നീ പോകണ്ട എന്നു വളരെ വിരോധിച്ചു. അതൊന്നും കേൾക്കാതെ മൂലദേവൻ പോയി. കേദാരം, ഗോകർണ്ണം, കാശി, മല്ലികാർജ്ജുനം, കാളഹസ്തി, അരുണാചലം, വൃദ്ധാചലം, കാഞ്ചീപുരം, ചിദംബരപുരം ഇങ്ങിനെയുള്ള ശിവസ്ഥലങ്ങളിലെല്ലാം സേവിച്ചുകൊണ്ടു ക്രമത്തിൽ കാവേരീതീരത്തിലെത്തി. വേദ്യാരണ്യത്തിലും കമലാലയത്തിലും കാവേരീസമുദ്രസംഗമത്തിലും ഛായാവനത്തിലും ശ്വേതവനം, പാപനാശനം, മായൂരം എന്നിങ്ങി

നെയുള്ള ശിവക്ഷേത്രങ്ങളെല്ലാം കണ്ടു ഗവാവതാരക്ഷേത്രത്തിൽ ചെന്നു. അവിടെ സമീപത്തിൽ കണ്ണുകളിൽ വെള്ളമൊലിപ്പിച്ച് ഉറക്കെ കരഞ്ഞുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഓടുന്ന പശുവൃന്ദത്തെ കണ്ടു. മൂലദേവൻ ഇതെന്തുകൊണ്ടാണെന്നാലോചിച്ചുകൊണ്ട് ആ പശുക്കൂട്ടത്തിന്റെ അടുക്കെ ചെന്നു നാലുഭാഗത്തും നോക്കുമ്പോൾ പശുപാലൻ മരിച്ചുകിടക്കുന്നതു കണ്ടു. മൂലദേവൻ ആ പശുക്കളുടെ അടുക്കെച്ചെന്ന് അവയെ തൊട്ടു തലോടി ചൊറിഞ്ഞ് തണലിലാക്കി പുല്ലും വെള്ളവും കൊടുത്തു. ആ പശുവൃന്ദമാവട്ടെ പശുപാലൻ മരിച്ച ദുഃഖത്താൽ ആൎത്തങ്ങളായിട്ട് അവയുടെ കുട്ടികൾ മരിച്ച ദുഃഖിക്കുന്നതുപോലെ പുല്ലുകൂടി തിന്നാതെ നിന്നു. അതു കണ്ടു മൂലനാഥൻ ദയാൎദ്രചിത്തനായിട്ട് ഇനി എന്താണ് ചെയ്യേണ്ടതെന്നാലോചിച്ചു. യോഗശക്തിമാനായ മൂലനാഥൻ ഉടനെ തന്റെ ദേഹത്തെ ഒരു ലതാഗൃഹത്തിൽവെച്ച് ആ ഗോപന്റെ നാസികാദ്വാരത്തിൽ കൂടെ പ്രാണങ്ങൾ അകത്തു കടന്നു. അപ്പോൾ ഗോപൻ ഉറങ്ങിയെഴുനീല്ക്കുന്നതുപോലെ എഴുനീററു. അതു കണ്ടു പശുക്കൾ രോഗാൎത്തന്മാർ അമൃതപാനം ചെയ്യുതുപോലെ അത്യന്തം ആനന്ദമുള്ളവകളായി. പിന്നെ പശുവൃന്ദത്തെ വൈകുന്നേരംവരെ മേച്ചു സന്ധ്യാസമയമായപ്പോൾ വീട്ടിലേക്കു പോയി. ഗോപന്റെ പൂൎവ്വവാസനയാൽ ഗോപഗൃഹത്തെ പ്രവേശിച്ചപ്പോൾ അവന്റെ ഭാൎയ്യ വേഗം അവന്നു പാലും ചോറും കൊടുത്തു. അവൻ അതു ഭക്ഷിച്ച് ഉറങ്ങുവാൻ കിടന്നു. അപ്പോൾ ഭാൎയ്യ അവന്റെ അടുക്കെച്ചെന്നു. ഗോപൻ- ദൂരത്തുപോ എന്നെ തൊടണ്ട എന്നുപറഞ്ഞു. അതുകേട്ടു ഗോപി പരിഹാസമാണെന്നു വിചാരിച്ചു ബലാല്ക്കാരമായി അവനെ ആലിംഗനംചെയ്തു. ഗോപൻ ശിവ, ശിവ, എന്നുപറഞ്ഞ് എഴുനീററു വേഗം പുറത്തേക്കുപോയി. അപ്പോൾ ഗോപി അയ്യോ! ഇവനെ വല്ല ദുൎദ്ദേവതകളും ബാധിച്ചുവോ? അതോ ഭ്രാന്തോ? വൈഷ്ണവനായ ഇവന്നു ശിവ എന്നുള്ള ശബ്ദം കേട്ടിട്ടില്ലല്ലൊ. എന്നു ഭയവിഹ്വലയായ ഗോപി രാത്രിയിൽ ബന്ധുക്കളെയെ

ല്ലാം വരുത്തി. അവർ വന്ന് എന്താണെന്നു ചോദിച്ചു. ഗോപി ഉണ്ടായ വൃത്താന്തമെല്ലാം അറിയിച്ചു. അവർ ഗോപനോടു നിൻെറ ബുദ്ധി എന്താണ് ഇങ്ങിനെയായതെന്നു ചോദിച്ചു. ഗോപൻ— എനിക്കു ഭ്രാന്തില്ല. ദേവതയുമില്ല. ഞാൻ വിരക്തനാണെന്നു പറഞ്ഞു. അതു കേട്ട് അവരെല്ലാം ദൈവഗതിയാണെന്നു പറഞ്ഞു പോകയും ചെയ്തു. ഗോപി വളരെനേരം കരഞ്ഞ് അകത്തേക്കു പോയി. ഗോപൻ പിറേറദിവസം ലതാഗൃഹത്തിൽവെച്ചിട്ടുള്ള തൻെറ ദേഹത്തെ നോക്കുമ്പോൾ അതിനെ കണ്ടില്ല. ഉടനെ സമാധിയിലിരുന്നു നോക്കിക്കണ്ടു. കലിയുഗത്തിൽ വേദാന്തസമ്പ്രദായത്തിൻെറ അഭിവൃദ്ധിക്കായി സവ്വസാക്ഷിയായ മഹേശ്വരനാൽ എന്നെ ഈ പശുപാലദേഹത്തിൽ പ്രവേശിപ്പിച്ചതാണ്. ലതാഗൃഹത്തിൽ വെച്ചിരുന്ന ദേഹം മറഞ്ഞുപോയതും മഹേശ്വരാനുജ്ഞയാലാണ്. മഹേശ്വരൻ എങ്ങിനെ നിയോഗിക്കുന്നുവോ അതുപ്രകാരം ചെയ്യാമെന്നു നിശ്ചയിച്ചു മൂലനാഥൻ ഗോപാലനായിത്തന്നെ ഭവിച്ചു. അനന്തരം സവ്വജനവന്ദിതനായ മൂലനാഥൻ മുനീന്ദ്രന്മാരാൽകൂടി പൂജിതനായ മഹായോഗിയായി സഞ്ചരിച്ചു. അദ്ധ്യാത്മവിദ്യയെ വ്യാഖ്യാനിച്ചുതന്നെ വളരെക്കാലം കഴിച്ചു. പിന്നെ ഗവാവതാരക്ഷേത്രത്തിൽ ദേവൻെറ മുമ്പിലുള്ള വടവൃക്ഷമൂലത്തിൽ ധ്യാനാരൂഢനായിരുന്നു. യോഗത്തിൽ സമത്ഥനായ മൂലനാഥൻ മഹേശ്വരങ്കൽ ആത്മാവിനെ സമപ്പിച്ചു ക്രമത്തിൽ ദേഹത്തെ ത്യജിച്ചു ശിവജ്യോതിസ്സിൽ ലയിക്കുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ
അമ്പത്തിരണ്ടാമദ്ധ്യായം

അഗസ്ത്യൻ പറഞ്ഞു— ഹെ മുനികളേ! ശിവക്ഷേത്രത്തിലുള്ള വാപീകൂപതടാകാദികളെ മണ്ണെടുത്തു നന്നാക്കുന്നവക്കു ശിവപ്രസാദത്താൽ പിന്നെ ദുഃഖമുണ്ടാകയില്ല. അതിന്ന് ഒരു ഇതിഹാസം കേൾക്കുക. ദണ്ഡൻ എന്നു പേരായി കമലാലയത്തി

ൽ ഒരു ഭക്തനുണ്ടായിരുന്നു. അവൻ ജനിക്കുമ്പോൾതന്നെ അന്ധനാണ്, എങ്കിലും ശ്രവണത്താൽ മഹേശ്വരങ്കൽ ഭക്തിയുണ്ടായി. അന്ധനായ എനിക്ക്-എങ്ങിനെയാണ് മുക്തി സിദ്ധിക്കുന്നതെന്നു വിചാരിച്ച് അവൻ കമലാലയതീൎത്ഥക്കരയിലിരിക്കുന്ന ബ്രാഹ്മണനോടു തന്റെ വിചാരത്തെ പറഞ്ഞു. അപ്പോൾ ബ്രാഹ്മണൻ അവനോടു പറഞ്ഞു. ഹെ ഭക്ത! നീ അന്ധനാണെന്നു വിചാരിച്ച് ഒട്ടും ദുഃഖിക്കേണ്ട. നേത്രങ്ങൾകൊണ്ടു രൂപങ്ങളെക്കാണുന്നതു ജീവികൾക്കു സംസാരഹേതുവാണെന്നറിഞ്ഞിട്ടാണ് മുനീശ്വരന്മാർ നേത്രത്തെ അടച്ചു സനാതനമായ ബ്രഹ്മജ്യോതിസ്സിനെ ധ്യാനിക്കുന്നത്. ആ നേത്രം സ്വതേ ഇല്ലാതായതിനാൽ നീ ധന്യനാണ്. നിനക്കു മുക്തിമാൎഗ്ഗം ഇന്നതാണെന്നു ഞാൻ പറയാം, കേൾക്കുക. ത്യാഗേശ്വരന്റെ പിൻപുറത്തുള്ള കുളത്തെ മണ്ണെടുത്തു വലുതാക്കുക. ഒരു മുളയിൽ കയറു കെട്ടി ആ കയറിനെ പിടിച്ചുകൊണ്ടു മണ്ണെടുത്തു ദൂരെ കളയുക. പഞ്ചാക്ഷരത്തേയും ജപിച്ചുകൊള്ളുക. മടിക്കുടാതെ ഇങ്ങിനെ ചെയ്യാൽ നിശ്ചയമായും നിനക്കു മുക്തി ലഭിക്കും എന്നു പറഞ്ഞു പഞ്ചാക്ഷരമന്ത്രത്തേയും ഉപദേശിച്ചു. ദണ്ഡൻ പഞ്ചാക്ഷരമന്ത്രത്തെ ഭക്തിയോടെ ജപിച്ചുകൊണ്ടു കൈക്കോട്ടും കൊട്ടയും എടുത്തു തടാകത്തിൽനിന്നു മണ്ണെടുത്തു കയറുപിടിച്ചു കയറി മണ്ണിനെ ദൂരെ ഇടും, പിന്നെയും ഇറങ്ങി മണ്ണെടുക്കും. ഇങ്ങിനെ വിടാതെ മൂന്നു സംവത്സരം കഴിച്ചു. അപ്പോഴെക്കു കുളം വളരെ വലുതായി. ഒരു ദിവസം ചില ആൎഹതന്മാർ വന്നു ദണ്ഡനെക്കണ്ടു പരിഹസിച്ചുകൊണ്ടു പറഞ്ഞു. ഹെ അന്ധ! ഈ വ്യൎത്ഥപ്രയത്നത്താൽ നിനക്ക് എന്തു കിട്ടും? ഞങ്ങളുടെ ക്ഷേത്രത്തിൽ വന്നു മണ്ണെടുത്തു ചുമന്നുവെക്കുക. ഞങ്ങൾ നല്ല കൂലി തരാം. അതുകൊണ്ടു ജീവനരക്ഷണവും ചെയ്യാം. അതു കേട്ടു ദണ്ഡൻ പറഞ്ഞു. സൎവ്വസാക്ഷിയായ മഹേശ്വരൻ എല്ലാം തരും. മഹേശ്വരപ്രീതിക്കാണ് ഞാൻ കൈങ്കൎയ്യം ചെയ്യുന്നത്. നിങ്ങൾ മഹേശ്വരമാഹാത്മ്യത്തെ അറിയില്ല. അല്ലു

ദേവൻ പ്രസാദിച്ചാൽ ദേഹികൾക്ക് അസാദ്ധ്യമെന്താണ്? അ പ്പോൾ ആർഹതന്മാർ പിന്നെയും പരിഹസിച്ചുകൊണ്ടു പറഞ്ഞു. മഹേശ്വരന്ന് അത്ര മാഹാത്മ്യമുണ്ടെങ്കിൽ നിനക്കു കണ്ണുണ്ടാ ക്കിത്തരില്ലേ? അതു കേട്ടു ദണ്ഡൻ നിശ്വസിച്ചുകൊണ്ടു പിന്നെ യും പറഞ്ഞു. എനിക്ക് അന്ധത്വമോ അനന്ധത്വമോ ഇഷ്ടംപോ ലെ മഹേശ്വരൻ തരും. അംഗഹീനന്മാരെ പരിഹസിച്ചാൽ അ വരും അംഗഹീനന്മാരായി ഭവിക്കും. സംശയമില്ല. ആർഹതന്മാ ർക്ക് അതു കേട്ടു ദ്വേഷ്യം വന്നു. ചിലർ ദണ്ഡന്റെ കൈക്കോട്ടി നേയും ചിലർ കൊട്ടയേയും പിടിച്ചു വലിച്ചുകൊണ്ടുപോയി. ചി ലർ കയറിനേയും മുളയേയും മുറിച്ചുകളഞ്ഞു. ദണ്ഡൻ അവരോ ട് ഒന്നും ചെയ്വാൻ ശക്തനല്ലാതെ ത്യാഗരാജസന്നിധിയിൽ പോയി വയറ്റിലും തലയിലും അടിച്ചുകൊണ്ടു ത്യാഗേശ്വര! ഭവാൻ എവിടെ പോയി. എന്നെ ദ്രോഹിച്ചവരായ ദുരാത്മാ ക്കൾക്ക് ഇപ്പോൾതന്നെ അന്ധത്വവും എനിക്കു ഭവാന്റെ കൈങ്കര്യം ചെയ്യുവാൻ അന്ധത്വഹാനിയും ഭവിക്കട്ടെ എ ന്നു പറഞ്ഞ് അവൻ പ്രതിജ്ഞയും ചെയ്തു. എന്നെ ദ്രോഹിച്ച വരായ ആർഹതന്മാരെ ശിക്ഷിച്ചിട്ടില്ലെങ്കിൽ ഞാൻ കൈങ്കര്യ വും ചെയ്യുകയില്ല. എനിക്കു മുക്തിയും വേണ്ട. അവർ അ ന്ധന്മാരാകുന്നതുവരെ ഞാൻ ഇവിടെത്തന്നെ ഇരിക്കും. സത്യം തന്നെ. ദണ്ഡൻ ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ സൂ ര്യൻ അസ്തമിച്ചു. ദണ്ഡൻ ഒന്നും ഭക്ഷിക്കാതെ മഹേശ്വരസ ന്നിധിയിൽതന്നെ കിടന്നുറങ്ങി. സ്വപ്നത്തിൽ ത്യാഗേശൻ അവനോടു പറഞ്ഞു. നീ ദുഃഖിക്കേണ്ട. നിനക്കു നേത്രങ്ങൾ ഉണ്ടാകും. ആർഹതന്മാരെ ശിക്ഷിക്കുകയും ചെയ്യാം. ഇങ്ങിനെ അവനെ സമാധാനപ്പെടുത്തി രാജാവിനോടും സ്വപ്നത്തിൽ പ റഞ്ഞു. എന്റെ ഭക്തനായ ദണ്ഡൻ എന്റെ സന്നിധിയിൽ കൈങ്കര്യം ചെയ്തുകൊണ്ടിരുന്നു. അവനെ ആർഹതന്മാർ കൊ ട്ടയും കൈക്കോട്ടും പിടിച്ചുപറിച്ചു വളരെ ഉപദ്രവിച്ചിരിക്കുന്നു. അന്ധനായ അവന്നു നേത്രങ്ങൾ ഞാൻ കൊടുത്തിട്ടുണ്ട്. നീ നാളെ രാവിലെ ആർഹതന്മാരെ വിളിച്ച് അന്ധനെ ബലാൽ

ക്കാരമായി ഉപദ്രവിച്ചത് ഉചിതമായൊ? എന്നു ചോദിക്കണം. അപ്പോൾ ആ മൂഢന്മാർ അന്ധൻ കളവുപറയുകയാണ്. ഞങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ ആരാണ് ചെയ്തതെന്ന് അന്ധൻ പറയട്ടെ. അല്ലെങ്കിൽ ഞങ്ങൾ ഒന്നും ചെയ്തിട്ടില്ലെന്നു സത്യം ചെയ്യാമെന്നു പറയും. അപ്പോൾ ത്യാഗേശപുരസന്നിധിയിൽ സത്യം ചെയ്യുവിൻ എന്നു നീ പറയണം. പിന്നെ വേണ്ടുന്നതെല്ലാം ഞാൻ ചെയ്തുകൊള്ളാം. ഇങ്ങിനെ പറഞ്ഞു ത്യാഗേശപുരൻ മറഞ്ഞു. അപ്പോൾ തന്നെ രാജാവ് എഴുനീററു ഭയപ്പെട്ടു വിറച്ചുകൊണ്ട് ഒരു ഭൃത്യനേയും വിളിച്ചു ത്യാഗേശപുരക്ഷേത്രത്തിൽ ബന്ധൻ കിടക്കുന്നേടത്തു ചെന്നു. ത്യാഗേശ! രക്ഷ, രക്ഷ എന്നു രാജാവ് ഉറക്കെപ്പറയുന്നതുകേട്ടു ബന്ധൻ എഴുനീററു രാജാവിനെ നോക്കി. രാജാവ് അതുകണ്ടു ഭയപ്പെട്ടു ബന്ധന്റെ പാദങ്ങളിൽ വീണു നമസ്കരിച്ചു ഞാൻ കിങ്കരനാണ്. എന്താണ് ചെയ്യേണ്ടതെന്നു പറയുക എന്നു പറഞ്ഞു. അനന്തരം രാജാവു പിറേറദിവസം രാവിലെ സകല ആഹതന്മാരേയും വരുത്തി ത്യാഗേശപുരസന്നിധിയിൽ നിൎത്തി ബന്ധഭക്തനെ ഉപദ്രവിപ്പാനുള്ള കാരണമെന്താണെന്നു ചോദിച്ചു. അപ്പോൾ അവർ ഞങ്ങൾ ബന്ധനെ ഉപദ്രവിച്ചിട്ടുണ്ടെങ്കിൽ ആരാണ് ഉപദ്രവിച്ചതെന്ന് അവൻ പറയട്ടെ. അതല്ലാതെ ആരെങ്കിലും കളവു പറയുന്നതു കേട്ടു ഞങ്ങളെ ഉപദ്രവിക്കുന്നതു യുക്തമല്ലെന്നു പറഞ്ഞു. രാജാവു നിങ്ങൾ ബന്ധനെ ഉപദ്രവിച്ചിട്ടില്ലെന്ന് ഉറപ്പുണ്ടെങ്കിൽ ത്യാഗേശപുരസന്നിധിയിൽ നിങ്ങൾ കുഡുംബസഹിതം കുളിച്ച് ഈറൻ വസ്ത്രത്തോടുകൂടി കണ്ണുകൾ തൊട്ടു സത്യം ചെയ്യുവിൻ. ബന്ധൻ സത്യമാണ് പറയുന്നതെങ്കിൽ അവനു കണ്ണുണ്ടാവും, നിങ്ങൾ അസത്യം പറഞ്ഞാൽ നിങ്ങൾക്ക് അന്ധതയും ഭവിക്കും എന്നു പറഞ്ഞു. ആഹതന്മാർ അങ്ങിനെതന്നെയെന്നു സമ്മതിച്ചു സകലരും ആബാലവൃദ്ധം കുളിച്ചു നനഞ്ഞ വസ്ത്രത്തോടുകൂടി സന്തോഷത്തോടുകൂടി പ്രതിമയിൽ ഈശ്വരനില്ലെന്നു വിചാരിച്ചുകൊണ്ടു ത്യാഗേശപുരസന്നിധി

യിൽ വന്നുകൂടി. രാജാവും ഭൃത്യന്മാരോടുകൂടി എത്തി. അപ്പോഴേക്ക് അന്ധനായിരുന്ന ദണ്ഡൻ കണ്ണുകൾ മിഴിച്ചുകൊണ്ട് അവിടെ വന്നു. അതു കണ്ട് ആർഹതന്മാർ ഭയപ്പെട്ടു തമ്മിൽ നോക്കിത്തുടങ്ങി. രാജഭടന്മാരാൽ ചുററപ്പെട്ട ആർഹതന്മാർ സത്യം ചെയ്യില്ലെങ്കിൽ രാജാവു കൊല്ലുമെന്നുള്ള ഭയത്താൽ കണ്ണുകൾ തൊട്ടു സത്യം ചെയ്തു. ആബാലവൃദ്ധം അന്ധന്മാരായി ഭവിക്കുകയും ചെയ്തു. നമശ്ശിവായ എന്നു പറഞ്ഞു ദണ്ഡൻ മഹേശ്വരനെ സ്തുതിച്ചു. രാജാവ് ആർഹതന്മാരുടെ സകല സ്വത്തുക്കളേയും അപഹരിച്ചു രാജ്യത്തിൽനിന്നു പുറത്താക്കി. അതു കണ്ടു ദേവകൾ പുഷ്പവർഷം ചെയ്തു. അനന്തരം ശിവദ്രോഹികളായ ആർഹതന്മാർ മഹാവ്യാധിയാൽ പീഡിതന്മാരായിട്ടും വിശപ്പുകൊണ്ടു തളർന്നവരായിട്ടും എവിടേയും ശരണമില്ലാതെ കുഴങ്ങി നശിക്കുകയും ചെയ്തു. അവരുടെ ക്ഷേത്രത്തെ ഇടിച്ചുപൊളിച്ച് ആ മരം മുതലായതുകൊണ്ടു കമലാലയതീർത്ഥത്തിന്നു വിശേഷമായി സോപാനങ്ങളെ ഉണ്ടാക്കി. അനന്തരം ദണ്ഡഭക്തൻ ത്യാഗേശ്വരക്ഷേത്രത്തിൽ കൈങ്കര്യത്തെ ചെയ്തുകൊണ്ട് വളരെക്കാലം ഇരുന്നു ത്യാഗേശ്വരപ്രസാദത്താൽ മുക്തിയേയും ലഭിച്ചു.

എന്നു സ്കന്ദോപപുരാണത്തിൽ

അമ്പത്തിമൂന്നാമദ്ധ്യായം.

അഗസ്ത്യൻപറഞ്ഞു— ഹേ മുനികളേ! ഏതൊരുപ്രവൃത്തികൊണ്ടെങ്കിലും ദ്രവ്യത്തെ സമ്പാദിച്ചു ശിവഭക്തന്മാരെ രക്ഷിക്കുന്നവരും കർമ്മബന്ധത്തിൽനിന്നു മുക്തന്മാരാകുന്നു. എല്ലാടത്തും സഞ്ചരിച്ച് അഭക്ഷ്യഭക്ഷണം ചെയ്താലും നിഷിദ്ധകർമ്മങ്ങളെ ചെയ്താലും ത്യജിക്കാൻ പാടില്ലാത്ത കർമ്മങ്ങളെ ത്യജിച്ചാലും ആവക പാപങ്ങളെല്ലാം ഭക്തശുശ്രൂഷകൊണ്ടു നശിച്ചുപോകുന്നു. ഇതിന്ന് ഒരു ഇതിഹാസമുണ്ടു പറയാം. കേൾക്കുവിൻ. അതുകേട്ടാൽ ശിവഭക്തന്മാരിൽ ഭക്തിയുണ്ടാ

കാ. ക്ഷീരംപോലെയുള്ള ജലപ്രവാഹത്താൽ ശോഭിതയായ ക്ഷീരിണിയെന്നൊരു നദിയുണ്ട്. ആ നദി എപ്പോഴും ഫല പുഷ്പങ്ങൾ നിറഞ്ഞ വൃക്ഷങ്ങളാൽ നിബിഡങ്ങളായ രണ്ടു കര കളോടു കൂടിയതാണ്. തീൎത്ഥങ്ങളെത്തന്നെ പരിശുദ്ധമാക്കു ന്നവരും യാഗം അവസാനിപ്പിച്ച് അവഭൃതസ്നാനം ചെയ്യു ന്നവരുമായ ബ്രാഹ്മണശ്രേഷ്ഠന്മാരാൽ നിത്യവും സ്നാനം മുത ലായതിനാൽ ആദരിക്കപ്പെട്ടതുമാണ്. ആ നദിയുടെ തീര ത്തിൽ അരണ്യാ എന്നൊരു പുരമുണ്ട്. ആ പുരം സ്വധൎമ്മ നിരതന്മാരായ നാലുജാതികളും നിറഞ്ഞതാണ്. അവിടെ ബ്രഹ്മസത്രങ്ങളിൽ ദീക്ഷിച്ചിരിക്കുന്ന വൈദികശ്രേഷ്ഠന്മാർ വേദസ്വരങ്ങളാൽ ദിക്കുകളെ ശബ്ദായമാനങ്ങളാക്കുന്നു. അ വിടെ ശിവഭക്താച്ചകനെന്നുപേരായി ഒരു ഉത്തമ ശൂദ്രനുണ്ടാ യിരുന്നു. അവൻ തന്റെ ധനത്താൽ ശിവഭക്തന്മാൎക്ക് അഭീ ഷ്ടങ്ങളെല്ലാം കൊടുത്തുകൊണ്ടിരുന്നു. അവന്ന് ഭക്തന്മാൎക്ക് ഇഷ്ടത്തെ കൊടുക്കുന്നതു പ്രാണനേക്കാൾ പ്രിയമാണ്. ശി വഭക്തന്മാരിൽ ഒരാളെങ്കിലും അവൻ പൂജിക്കാത്തവനില്ല. ഇങ്ങിനെ ദൃഢഭക്തികണ്ടു മഹേശ്വരൻ അവനിൽ പ്രീതനാ യി. അവന്റെ ഭക്തിയെ പരീക്ഷിക്കുന്നതിൽ കൌതുകവും തോന്നി. അല്പകാലംകൊണ്ട് അവന്റെ വീടു തീവെന്തു പത്തു ക്കളെല്ലാം മരിച്ചു. ശ്രോത്രിയനല്ലാത്ത ബ്രഹ്മണന്നു കൊടു ക്കുന്ന ദാനംപോലെ സൎവ്വസ്വവും നശിച്ചുപോയി. പിറേറ ദിവസം ഉച്ചസമയത്തു ഭസ്മരുദ്രാക്ഷങ്ങളെ ധരിച്ചുകൊണ്ട് അതിഥിയായ ഒരു താപസൻ വന്നു. അദ്ദേഹം ശിവനെപ്പോ ലെയിരിക്കുന്നു. ആ താപസനെക്കണ്ടു ശിവഭക്താച്ചകൻ ഇ രുത്തി അൎഘ്യപാദ്യാദികളാൽ പൂജിച്ചു. താപസന്റെ പാദ ങ്ങളിൽ നമസ്കരിച്ചു ഞാൻ ഭവാന്റെ ദാസനാണ്. എന്താ ണ് ചെയ്യേണ്ടതെന്നു ചോദിച്ചു. അതുകേട്ടു താപസരൂപിയാ യ മഹേശ്വരൻ പറഞ്ഞു. ഞാൻ ശിവഭക്തന്മാൎക്കു സൎവ്വാഭീ ഷ്ടത്തെയും കൊടുക്കുന്ന നിന്റെ കീൎത്തികേട്ടു വന്നതാണ്. എ നിക്ക് അന്നവും വസ്ത്രവും എന്റെ ജീവാവസാനംവരെ നീ

തരണം. അതുകേട്ട് അവൻ ഭാൎയ്യയുടെ അടുക്കൽപോയി പറഞ്ഞു. അതിനിദ്ധനനായ എന്റെ വീട്ടിൽ മഹാത്മാവായ താപസൻ വന്നിരിക്കുന്നു. എനിക്ക് ഇരിപ്പാൻ നിഴൽക്കൂടിയില്ല. എന്താണ് ചെയ്യേണ്ടത്? ഇല്ലെന്നപറവാനായി എന്റെ ദേഹം ഉരുകുന്നു. ഈ ആപത്തിൽ കൎത്തവ്യമെന്താണ്? അപ്പോൾ ഭാൎയ്യപറഞ്ഞു. ഇല്ലെന്നപറയുന്നത് അങ്ങേക്ക് ഉചിതമല്ല. എന്തെങ്കിലും താപസന്ന കൊടുക്കണം. ഇങ്ങിനെ ഭാൎയ്യപറയുമ്പോൾ താപസൻ പറഞ്ഞു. ഹേ ഭക്തശ്രേഷ്ഠ! ഞാൻ വെയിലത്തിരിക്കുമ്പോൾ നീ ഭാൎയ്യയെ നോക്കിക്കൊണ്ടുനില്ക്കുന്നതെന്താണ്? എനിക്ക് ഇഷ്ടമായ സാധനം ഉണ്ടെങ്കിൽ തരിക. ഇല്ലെങ്കിൽ ഇല്ലെന്ന പറയുക. ഞാൻ പോകട്ടെ. കഷ്ടം ദമ്പതികളുടെ സംഭാഷണത്തിന്ന വിഘ്നംവരുത്തിയ പാപം എനിക്കുസംഭവിച്ചു. സമയവും അതിക്രമിക്കുന്നു. കാൎയ്യസിദ്ധിക്കു വേറെ എങ്ങോന്നും പോകാം. കുംഭകോണത്തിൽ നിന്നെപ്പോലെയുള്ള ഭക്തന്മാരുണ്ട്. അവിടെ പോകാമെന്നപറഞ്ഞു താപസൻ മറഞ്ഞുകളഞ്ഞു. ഭക്തൻ പുറത്തുപോയി നോക്കിയപ്പോൾ താപസനെക്കാണാതെ നിശ്ചേഷ്ടനായിനിന്നു. ആ താപസൻ മഹേശ്വരനാണെന്ന നിശ്ചയിച്ചു. കുംഭകോണത്തേക്കുപോകുന്ന എന്നല്ലെ താപസൻ പറഞ്ഞത്? എന്നാൽ ഞാനും അവിടെക്കുതന്നെ പോകാമെന്ന നിശ്ചയിച്ചു കുംഭകോണത്തിൽ പോയി മഹേശ്വരസന്നിധിയിൽ ഏഴുദിവസം ഉപവസിച്ചുകൊണ്ടിരുന്നു. മഹേശ്വരൻ സ്വപ്നത്തിൽ അവനോടുപറഞ്ഞു. നീ എന്റെ കല്പനപ്രകാരം ഇവിടെത്തന്നെ വസിക്കുക. എങ്ങിനെയെങ്കിലും സമ്പാദിച്ചു ഭക്തന്മാരെ രക്ഷിച്ചുകൊണ്ടിരിക്കുക. എന്നപറഞ്ഞു മഹേശ്വരൻ മറഞ്ഞു. അപ്പോൾ ഭക്തൻ എഴുന്നീററ വീഥികളിലെല്ലാം ജീവനോപായത്തിന്ന് എന്തെങ്കിലും കിട്ടുമൊ എന്ന നടന്നുനോക്കി ഒന്നും കിട്ടിയില്ല. അനന്തരം വേശ്യാവീഥിയിലേക്കുപോയി. ആ വീഥി ചൂതുകളിക്കാരാൽ നിറഞ്ഞതാണ്. ആ സ്ഥലത്തുചെന്ന് അവൻ ചൂതു

കളിക്കാരെ ജയിച്ചു വളരെ ധനം സമ്പാദിച്ചു. അതെല്ലാം ശിവപ്രീതിക്കായി ശിവഭക്തന്മാൎക്കു കൊടുത്തു. മഹാസ്ഥലമായ കാഭദ്രകാണത്തിൽ പണ്ടു വളരെ ചൂതുകളിക്കാരുണ്ടായിരുന്നു. അവരെല്ലാം ഭക്തനോടു തോററ് അവരുടെ സ്വത്തുക്കളെല്ലാം അവന്നുകൊടുത്തു. ഭക്തനാവട്ടെ അന്നവസ്ത്രങ്ങളാൽ ശിവഭക്തന്മാരെ സന്തോഷിപ്പിച്ചുകൊണ്ടു മൂഢഭക്തനെന്നു പ്രസിദ്ധനായിരുന്നു. അവസാനത്തിൽ മുക്തിയും ലഭിച്ചു.

എന്നു സ്കന്ദോപപുരാണത്തിൽ

അമ്പത്തിനാലാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— പുണ്യങ്ങളായ ശിവക്ഷേത്രങ്ങളിൽ കൈങ്കൎയ്യത്തെ ചെയ്യുന്നവരെ ധനങ്ങളാൽ രക്ഷിക്കുന്നവൎക്കു മുക്തിസംഭവിക്കന്നു. ഇതിന്ന് ഒരു ഇതിഹാസത്തെ കേൾക്കുവിൻ. ശ്രീശങ്കരപുരമെന്നു പ്രസിദ്ധമായ ഒരു ശിവസ്ഥലമുണ്ട്. ആ പുരം രാജവീഥികളാലും ഉദ്യാനങ്ങളാലും ശോഭിതമായും സമ്പത്തിന്ന് ഇരിപ്പിടമായും ഉള്ളതാണ്. ആ പുരത്തിൽ കുടിലത കേശങ്ങൾക്കു മാത്രമെ ഉള്ളു. കാഠിന്യം കുചങ്ങൾക്കും രാഗം സ്ത്രീജനങ്ങളുടെ അധരങ്ങൾക്കും കാമം ശിവാച്ചനത്തിങ്കലും മാത്രമെയുള്ളു. അവിടെ യാഗംചെയ്യുന്ന ബ്രാഹ്മണരുടെ ഗൃഹങ്ങളിൽ വളൎത്തുന്ന ശുകങ്ങൾ ശ്രൌതകല്പത്തിന്റെ സിദ്ധാന്തനിശ്ചയത്തെ പറഞ്ഞുകൊണ്ടിരിക്കുന്നു. അവിടെ ഉമാദേവിയോടുകൂടെ വസിക്കുന്ന മഹേശ്വരനെ യാഗംകൊണ്ടു സന്തോഷിപ്പിച്ചു സോമയാജിയെന്ന പേർ ലഭിക്കുന്നു. ആ സ്ഥലത്തിൽ മാരനെന്നു പ്രസിദ്ധനായ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹം നിത്യവും അന്നവസ്ത്രാദികളാൽ ശിവക്ഷേത്രങ്ങളിലുള്ള കിങ്കരന്മാരെ രക്ഷിച്ചുവന്നു. അദ്ദേഹത്തിന്റെ ഗൃഹത്തിന്റെ പുറത്തു ശിവകിങ്കരന്മാക്കി

ഷ്ടമുള്ള ഭക്ഷണസാധനങ്ങൾ ചെറിയ കൈലാസപൎവ്വതംപോലെ കൂട്ടിയിരിക്കുന്നു. ദുരാചാരന്മാരാവട്ടേ സദാചാരന്മാരാവട്ടേ ഒട്ടും ആചാരമില്ലാത്തവരാവട്ടേ ഭസ്മരുദ്രാക്ഷധാരികളായി കണ്ടാൽ മാരൻ ശിവനെപ്പോലെ പൂജിക്കും. ശ്രൌതകൎമ്മങ്ങൾ ഒന്നെങ്കിലും മാരൻ അനുഷ്ഠിക്കാത്തതില്ല, വേദശാസ്ത്രങ്ങളും പഠിക്കാത്തതില്ല, അതിന്റെ അൎത്ഥങ്ങളേയും ആലോചിക്കാത്തതില്ല, എങ്കിലും സൎവ്വമന്ത്രങ്ങളിലുംവെച്ച് ഉത്തമമാണ് പഞ്ചാക്ഷരമന്ത്രമെന്നു നിശ്ചയിച്ച് അതിനെ ജപിച്ചു, ശൈവന്മാരേയും പൂജിച്ചുകൊണ്ടിരുന്നു. ആ മാരൻ ഒരിക്കൽ ത്യാഗേശ്വരക്ഷേത്രത്തിൽ രുദ്രപാദത്തിന്നുപോയി. ഫാൽഗുനോത്സവത്തിൽ ത്യാഗേശ്വരന്റെ വൈഭവം കണ്ട് ഇനി കമലാലയത്തിൽ ഭാൎയ്യയോടുകൂടി വസിക്കേണമെന്നു തീൎച്ചപ്പെടുത്തി. കമലാലയതീൎത്ഥത്തിൽ സ്നാനംചെയ്തുകൊണ്ടും ത്യാഗേശപാദാരവിന്ദങ്ങളെ അൎച്ചിച്ചുകൊണ്ടും സൎവ്വൈശ്വൎയ്യങ്ങളും നശ്വരങ്ങളാണെന്നറിഞ്ഞു മാരൻ സൽഗതിയെ പ്രാപിച്ചു. സൎവ്വേന്ദ്രിയവൃത്തികളേയും ത്യജിച്ചു ഹൃദയത്തിൽ സദാ ത്യാഗേശ്വരനെത്തന്നെ ചിന്തിച്ചു വിഷ്ണുബ്രഹ്മാദികൾക്കു ദുൎല്ലഭമായ ശിവസായൂജ്യത്തെ മാരൻ സകലദേവവന്ദിതനായിട്ടു പ്രാപിച്ചു.

എന്നു സ്കന്ദോപപുരാണത്തിൽ
അമ്പത്തഞ്ചാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— ഹെ മഹാഭാഗന്മാരേ! മാരന്റെ ചരിത്രത്തെ കേട്ടില്ലേ? ആ സോമയാജിയുടെ യാഗത്തിൽ മഹേശ്വരനെ പ്രത്യക്ഷമായി കണ്ണുകളുടെ മുമ്പിൽ കണ്ടു. മുനികൾ ചോദിച്ചു— ഹെ കുംഭസംഭവ! ബ്രഹ്മാദിദേവന്മാൎക്കും വേദങ്ങൾക്കും അഗോചരനായ മഹേശ്വരനെ ആ സോമയാജി എങ്ങിനെയാണ് പ്രത്യക്ഷമാക്കിയത്? ആ ചരിത്രത്തെ വിസ്തരിച്ചു പറയുക. ഭവാൻ സൎവ്വജ്ഞനാണല്ലോ. ഭവാന്റെ

വാഗമൃതധാരയാൽ ഞങ്ങടെ സന്താപം നശിക്കട്ടെ. ഇങ്ങി
നെ മുനികളുടെ ചോദ്യത്തെക്കേട്ട് അഗസ്ത്യൻ മഹേശ്വരസ്മര
ണത്താൽ രോമാഞ്ചിതശരീരനായിട്ടു പറവാൻതുടങ്ങി. ത്യാ
ഗേശ്വരസന്നിധിയിൽതന്നെ വസിപ്പാൻ നിശ്ചയിച്ചു മാരൻ
ഭാൎയ്യയോടു വ്രതത്തെ ആചരിപ്പാൻ പറഞ്ഞു. എനിക്കു മഹേ
ശ്വരനെ സ്തുതിക്കുകയാണ് വ്രതം. നിനക്കുള്ള വ്രതത്തെ പറ
യാം. ശിവഭക്തന്മാർ ആരെങ്കിലും ഗൃഹത്തിൽ വരുന്നവൎക്കു
ഭക്ഷണം കൊടുക്കുകയാണ്. ഇങ്ങിനെ നിശ്ചയിച്ച് എപ്പോ
ഴും ത്യാഗേശ്വരസന്നിധിയിൽ വസിച്ചുകൊണ്ടു പഞ്ചാക്ഷ
രജപതല്പരനായിട്ടു സമയത്തെ കഴിച്ചു. ഇങ്ങിനെയിരിക്കുമ്പോ
ൾ മാരൻ ഈ ദേഹത്തോടുകൂടിത്തന്നെ ത്യാഗേശ്വരനെ പ്ര
ത്യക്ഷമായി കാണുന്നതെങ്ങിനെയാണ്? അതിനെന്താണുപാ
യം. ഇങ്ങിനെ ചിന്താകുലനായി ഭവിച്ചു. ഒരു ദിവസം മ
ഹാന്മാരായ ജനങ്ങളുടെ സദസ്സിൽവെച്ചു സുന്ദരന്റെ ഭാൎയ്യയാ
യ വേശ്യയുടെ മഹത്തായ ഭാഗ്യത്തെ പ്രശംസിക്കുന്നതു കേട്ടു.
സുഹൃത്തിന്റെ നിയോഗത്താൽ ദൌത്യത്തിന്നായി മഹേശ്വരൻ
അവളുടെ വീട്ടിൽ പോയില്ലെ? അവൾ ദാസിയാണെന്നു മ
റ്റുള്ളവൎക്കല്ലെ തോന്നുന്നത്? സുകൃതം ചെയ്യുവൾ അവൾത
ന്നെ. ഇങ്ങിനെ മഹാന്മാർ പറയുന്നതുകേട്ടു മാരൻ അവളു
ടെ ദാസ്യമാണ് നല്ലതെന്നു തീൎച്ചപ്പെടുത്തി. അന്നുമുതൽ ദി
വസവും അവളെക്കണ്ടു പുഷ്പവും അക്ഷതവും കൊടുത്തു മടങ്ങി
വരും. ഇങ്ങിനെ ഒരു സംവത്സരം കഴിഞ്ഞപ്പോൾ ആശീൎവ്വാ
ദം ചെയ്യുന്ന മാരനോടു വേശ്യ ചോദിച്ചു. ഹെ ബ്രാഹ്മണ
ശ്രേഷ്ഠ! ഭവാൻ സോമയാജിശ്രേഷ്ഠനാണ്. ഞാനോ വേശ്യ
യാണെന്നു പ്രസിദ്ധമാണ്. ഭവാൻ എനിക്കു ദിനന്തോറും അ
ക്ഷതവും പുഷ്പവും തരുന്നു. ഇതിന്റെ പ്രയോജനമെന്താണെ
ന്നു പറയുന്നതുമില്ല. ഭവാൻ ഭക്തന്മാൎക്കെല്ലാം അന്നവസ്ത്രാദി
കൾ കൊടുക്കുന്നു എന്നു യശസ്സും ധാരാളമുണ്ട്. പിന്നെ എ
ന്നെക്കൊണ്ടെന്തു പ്രയോജനമാണ് വിചാരിച്ചിട്ടുള്ളത്? ശങ്കി
ക്കാതെ പറയുക. അതുകേട്ടു മാരൻ പറഞ്ഞു— ഹെ മഹാഭാ

ഗേ! ദയയോടുകൂടി എന്റെ വൃത്താന്തത്തെ കേൾക്കുക. നിന്റെ വലുതായ ഭാഗ്യത്തെ കണ്ടിട്ടാണ് ഞാൻ ഒരു കാൎയ്യത്തെ അൎത്ഥിപ്പാനായി വന്നത്. നീ ഒരു വാക്കുമാത്രം ചിലവു ചെയ്താൽ മതി. എനിക്കു വലിയ പുരുഷാൎത്ഥമായി. ആ കാൎയ്യം നിന്റെ പ്രിയനായ സുന്ദരനോടു പറയുവാൻ ഒരുദിവസം സമയമുണ്ടാക്കിത്തരണം. ഇതു മാത്രം ചെയ്താൽ ഞാൻ കൃതാൎത്ഥനായി. എന്നിൽ ദയവെച്ച് അതു ചെയ്തുതരണം. അതുകേട്ടു വേശ്യ അങ്ങിനെതന്നെയെന്നു പറഞ്ഞയച്ചു. മാരൻ മഹേശ്വരനെ പ്രത്യക്ഷമായി കാണുമെന്നു സന്തോഷിച്ചുകൊണ്ടു ഗൃഹത്തിലേക്കു പോയി. വേശ്യ സുന്ദരനോടു വൃത്താന്തമെല്ലാം പറഞ്ഞു. സുന്ദരൻ അങ്ങിനെതന്നെയെന്നു പറഞ്ഞ് ഒരുദിവസം മാരന്റെ ഗൃഹത്തിലേക്കു പോയി. വൈശാഖമാസത്തിൽ യാഗംചെയ്യുവാനായി യാഗശാലയുണ്ടാക്കുവാൻ ഉദ്യോഗിച്ചുകൊണ്ടിരിക്കുന്ന മാരൻ ഗൃഹത്തിൽ സുന്ദരൻ വന്നതു കണ്ട് അത്യന്തം സന്തോഷിച്ചു. വേഗം സുന്ദരനെ ഇരുത്തി യുക്തമായ പൂജയെച്ചെയ്തു നമസ്കരിച്ചു തൊഴുതുകൊണ്ടു ത്യാഗേശ്വരപ്രിയസഖിയായ സുന്ദരനോടു പറഞ്ഞു. ഹേ ഭക്തശിഖാമണേ! ഇപ്പോൾ ത്യാഗേശ്വരൻ എന്നിൽ പ്രസന്നനായി. യാഗംചെയ്ത ഫലവും എനിക്കു സിദ്ധിച്ചു. ത്യാഗേശ്വരസുഹൃത്തായ ഭവാൻ എന്റെ ഗൃഹത്തിൽ വന്നതിനാൽ സകല സൌഭാഗ്യവും എനിക്കു സിദ്ധിച്ചു. ത്യാഗേശ്വരന്റെ മറെറാരു ദേഹമായ ഭവാനെ ഞാൻ ശരണം പ്രാപിക്കുന്നു. ഭവാന്റെ പാദാരവിന്ദങ്ങളെ കാണ്മാൻ ഇടവന്നതിനാൽ എനിക്ക് ഇന്നു സുദിനമാണ്. ഭവൽകൃപയാൽ കടക്കാൻ പാടില്ലാത്ത സംസാരസമുദ്രത്തെ ഞാൻ കടന്നു. മഹാന്മാരുടെ ദൎശനം ലഭിച്ചാൽ പിന്നെ മനുഷ്യൎക്കു ദുഃഖമുണ്ടാകയില്ല. ഇങ്ങിനെ ഉപചാരവാക്കുകളെ പറയുന്ന മാരനോടു സുന്ദരൻ ചോദിച്ചു. ഭവാൻ മഹാത്മാക്കളാൽ പൂജിക്കപ്പെട്ടവനാണ്. എന്നോട് എന്താണ് പറവാനുള്ളത്? അതു പറയുക. അതുകേട്ടു മാരൻ സുന്ദരന്റെ പാദങ്ങളിൽ നമസ്കരിച്ചുകൊണ്ടു പറഞ്ഞു. ഹേ

സ്വാമി! ത്യാഗേശ്വരനെ പ്രത്യക്ഷമായി എന്റെ ഗൃഹത്തിൽ ഒന്നു കാണിച്ചുതരിക. ഭവാന്റെ സഖിയുടെ പാദങ്ങളെ സേവിച്ചു ഞാനും കൃതാൎത്ഥനാവട്ടേ. സുന്ദരൻ അങ്ങിനെതന്നെയെന്നു പറഞ്ഞു ത്യാഗേശ്വരനോടു പറഞ്ഞു. ഹെ മഹേശ്വര! സോമയാജിയായ മാരന്റെ ഗൃഹത്തിൽ എനിക്കുവേണ്ടി ഭവാൻ ഒന്നു പോയാൽ എന്റെ ഭാൎയ്യയായ വേശ്യ സന്തോഷിക്കും. അങ്ങിനെ ചെയ്തു സഖ്യത്തെ രക്ഷിക്കുക. അതുകേട്ടു ത്യാഗേശ്വരൻ സുന്ദരനോടു പറഞ്ഞു. നിന്റെ ഭാൎയ്യയുടേയും നിന്റേയും സന്തോഷത്തിന്നായി ഞാനങ്ങിനെ ചെയ്യാം, എന്നാൽ ഞാൻ എന്തു രൂപമായിട്ടെങ്കിലും പോകാം. മാരൻ എന്നെ അറിഞ്ഞു പൂജിച്ചാൽ മാത്രം ഞാൻ സായൂജ്യം കൊടുക്കും. ഇങ്ങിനെ മഹേശ്വരവാക്യം കേട്ടു സുന്ദരൻ പിന്നേയും മാരന്റെ ഗൃഹത്തിൽ പോയി മഹേശ്വരൻ നിശ്ചയമായും വരും. എന്തു രൂപമായിട്ടാണ് വരുന്നതെന്നറിവാൻ കഴിയില്ല. സാവധാനമായിരുന്നുകൊള്ളുക എന്നു പറഞ്ഞു വേശ്യാഗൃഹത്തിലേക്കു പോയി അവളോടു വൃത്താന്തമെല്ലാം പറഞ്ഞു. അവൾ വളരെ സന്തോഷിക്കുകയും ചെയ്തു. അനന്തരം മാരൻ വൈശാഖമാസത്തിൽ പൌൎണ്ണമാസിയിൽ അവഭൃതസ്നാനം ചെയ്യുവാൻ തക്കവണ്ണം സോമരസസൌരഭ്യത്തെ ധരിച്ചുകൊണ്ടു മഹേശ്വരനെ കാണുവാനുള്ള ആഗ്രഹത്തോടുകൂടി ചെയ്യുന്ന യാഗത്തിൽ ഏകാദശിദിവസം ഉമാദേവിയോടും ഗണങ്ങളോടുംകൂടെ മഹേശ്വരൻ യാഗശാലയെ പ്രവേശിച്ചു. ആ മാരന്റെ യാഗം വിധിജ്ഞന്മാരായ ബ്രാഹ്മണർ ആരംഭിച്ചു. സോമയാഗത്തിന്നു വേണ്ടുന്ന ധൎമ്മങ്ങളെല്ലാം വിധിപ്രകാരം ചെയ്തു. ഋത്വിക്കുകൾ കല്ലിനാൽ സോമലതയെ ചതച്ചു കലശത്തിൽ പിഴിഞ്ഞ് അതാതു ദേവന്മാൎക്കു പലാശപത്രങ്ങളിൽ നിറച്ചുവെച്ചു. സാമഗന്മാർ പവമാനസാമത്താൽ സ്തുതിച്ചു, ബ്രഹ്മാവിനെ വലത്തുഭാഗത്തിരുത്തി, ലക്ഷണയുക്തമായ യാഗപശുവിനെ യൂപത്തിൽ കെട്ടി വപയുള്ള സ്ഥലത്തു കീറി വപയെടുത്ത് അഗ്നിയിൽ വാട്ടി മന്ത്രജപത്താൽ ശുദ്ധമായ നെയ്യിൽ മുക്കി സ്വൎണ്ണ

ംകലത്തോടുകൂടി സ്രുവത്തിൽ എടുത്തു. അപ്പോൾ മാരൻ മഹേശ്വരനെ സ്മരിച്ചു. അനന്തരം സൎവ്വേശ്വരനായും സൎവ്വസ്വരൂപിയായുമിരിക്കുന്ന മഹേശ്വരൻ അംബികയോടുകൂടെ ചണ്ഡാലരൂപത്തെ ധരിച്ചുകൊണ്ടു പ്രത്യക്ഷനായി. ചത്ത പശുക്കുട്ടിയെ കഴുത്തിലെടുത്തുകൊണ്ടും ചുകന്ന നേത്രങ്ങളോടുകൂടിയും ശിരസ്സിനെ വിറപ്പിച്ചുകൊണ്ടും മദ്യമദത്താൽ ആടിക്കൊണ്ടു നടന്നുകൊണ്ടും ബ്രാഹ്മണർ എന്നെ കണ്ടാൽ നാലു ദിക്കിലേക്കും ഓടട്ടേ. ഇവർ എങ്ങിനെയാണ് അട്ടിനെക്കൊന്നു യാഗംചെയ്യുന്നത്? മാംസം ഭക്ഷിക്കുന്നവൎക്കു മദ്യവും ഇരിക്കട്ടേ. മാതംഗേ! വേഗം വാ ഈ ബ്രാഹ്മണൎക്കു മദ്യം കൊടുക്കുക. മാംസരസത്തെ നിറച്ച കുടം എനിക്കു വേഗം തരിക. എന്നു പറഞ്ഞു പതുക്കെപ്പതുക്കെ നടക്കുന്ന മത്തഗജഗമനയായും മദത്താൽ ചഞ്ചലാക്ഷിയായും യൌവനത്താൽ ശോഭിതയായും ജഗജ്ജനനിയായും ഇരിക്കുന്ന മാതംഗകന്യകയെ വിളിച്ചുകൊണ്ടു മദ്യകുംഭത്തെ തലയിൽ വെച്ചുകൊണ്ടും തിരിഞ്ഞുനോക്കിക്കൊണ്ടും ഉന്നതസ്തനഭരങ്ങളാൽ പൊട്ടിപ്പോകുന്ന മദ്ധ്യപ്രദേശത്തോടുകൂടിയവളായും കുടിലങ്ങളായ ചൂൎണ്ണകുന്തളങ്ങളാൽ മറയ്ക്കപ്പെട്ട ഒരു കാതോടുകൂടിയവളായുമിരിക്കുന്ന ഭാൎയ്യയെ പിടിച്ചുകൊണ്ടു രണ്ടു കുട്ടികളേയും കൂട്ടിക്കൊണ്ടു ഭാൎയ്യാസഹിതനായ മാരൻ എവിടെയെന്നു ചോദിച്ചുകൊണ്ടു കറുത്ത ഇരുമ്പിന്നു തുല്യനായ ചണ്ഡാലൻ യാഗശാലയുടെ അടുത്തെത്തി. അതുകണ്ടു ബ്രാഹ്മണർ എടാ! നീ ദൂരെ പോ എന്നു പറഞ്ഞു ചെറിയ കല്ലുകളെയെടുത്തെറിഞ്ഞുകൊണ്ട് ആ ചണ്ഡാലനെ മഹേശ്വരനാണെന്നറിഞ്ഞില്ല. ദ്രവ്യം, ദേശം, കാലം, അഗ്നി, യാഗം, ദക്ഷിണ, കൎമ്മങ്ങളുടെ ഫലം ഇതെല്ലാം ഏതൊരു ശിവമയമായി പറയപ്പെടുന്നുവോ ആ ശിവനെ അവർ അറിഞ്ഞില്ല. ചിലർ ചണ്ഡാലൻ തൊട്ടുമെന്നു ശങ്കിച്ചു യാഗം ചെയ്യുന്നതെല്ലാം വിട്ട് ഓടിക്കളഞ്ഞു. ചിലർ കുളിപ്പാൻ പോയി. ചിലർ ചണ്ഡാലനെ കണ്ടതിന്നു പ്രായശ്ചിത്തത്തിന്നായി സൂൎയ്യനെ നോക്കി. ചിലർ ഓടിപ്പോ

ണ്ടുള്ളത്. മദ്യമദാന്ധനായ ഇവനെ രാജാവ് ഇപ്പോൾത്തന്നെ ശൂലത്തിലേററണം എന്നു ചിലർ പറഞ്ഞു. ഈ ചണ്ഡാലൻ യാഗശാലയെ ദൂഷിപ്പിച്ചുകളഞ്ഞു. മാര! വേഗം ഇതിന്നു പ്രായശ്ചിത്തംചെയ്യുക. എന്നു ചിലർ ദൂരെനിന്നു പറഞ്ഞു. ഇങ്ങിനെ ഓരോ കടുവാക്കുകൾ പറഞ്ഞുംകൊണ്ടു ബ്രാഹ്മണരെല്ലാവരും ജാതികൊണ്ടുള്ള അന്ധതയെ പ്രാപിച്ചിരിക്കുമ്പോൾ മാരന്നു ബ്രഹ്മാദികൾക്കുകൂടി ദുല്ലഭമായ പദത്തെ കൊടുപ്പാനായി മഹേശ്വരൻ ദേവിയോടുകൂടി യാഗശാലയിലേക്കു കടന്നു. വേദവാക്കുകൾക്കഗോചരനായും ആദ്യപുരുഷനായും കറുത്ത ചണ്ഡാലവേഷത്താൽ മറയ്ക്കപ്പെട്ടവനായും ഭാൎയ്യാപുത്രന്മാരോടുകൂടിയവനായും മാരനെ അനുഗ്രഹിപ്പാനായി യാഗശാലയിലേക്കു പോകുന്നവനായുമിരിക്കുന്ന മഹേശ്വരനെ മാളികയുടെ മുകളിൽ ഇരിക്കുന്ന സുന്ദരൻ ഭാൎയ്യക്കു കാണിച്ചുകൊടുത്തു. സോമയാജിയായ മാരൻ സുന്ദരൻപറഞ്ഞതിനെ ഓൎത്തു ഭാൎയ്യയോടുകൂടി ആ ചണ്ഡാലനെ മഹേശ്വരനാണെന്നറിഞ്ഞു. ബ്രഹ്മവാദികളായ ബ്രാഹ്മണരെല്ലാം ഓടിപ്പോയപ്പോൾ മാരൻ അഗ്നികളോടുകൂടെ മഹേശ്വരനെ എതിരേററു. അൎഘ്യപാദ്യങ്ങളെയെടുത്തുകൊണ്ടു ഭാൎയ്യയും പിന്നാലെ നടന്നു. ആ മാരൻ ഹെ ദേവ! പ്രസീദ എന്നുപറഞ്ഞു നമസ്കരിച്ചു. അൎഘ്യപാദ്യങ്ങളാൽ പൂജിക്കുകയും ചെയ്തു. മാരൻ തന്റെ ദാസ്യത്തെ സഫലമാക്കുവാനായി മഹേശ്വരന്റെ കഴുത്തിലുള്ള ചത്ത പശുക്കുട്ടിയെ തന്റെ കഴുത്തിലെടുത്തുവെച്ചു. ഭാഗ്യവതിയായ മാരപത്നിയും മാതംഗിയുടെ ശിരസ്സിലെടുത്ത മദ്യകുംഭത്തെയെടുത്തു തന്റെ ശിരസ്സിൽ വെച്ചുകൊണ്ടുനിന്നു. അനന്തരം മാരൻ ഹെ വിശ്വരൂപി! ജനനമരണക്ലേശനാശന! എന്നു പറഞ്ഞ് ആഹവനീയാഗ്നിയുടെ സമീപത്തിൽ ആസനത്തിലിരുത്തി. അതുകണ്ടു ദൂരെ നില്ക്കുന്ന ബ്രാഹ്മണർ മാരൻ ചണ്ഡാലന്റെ സ്സഹിതനായതുകൊണ്ടു യാഗം ചെയ്യുവാൻ യോഗ്യനല്ലെന്നു വിചാരിച്ചു. മാരൻ നേത്രങ്ങളിൽ നിറഞ്ഞ ആനന്ദബാഷ്പത്തെ തുടച്ചുനോക്കുമ്പോൾ ചത്തപശുക്കുട്ടിയെ കൈലാസതുല്യമാ

യും മൂക്കുറയിട്ടുന്നതായും കൊമ്പുകളോടുകൂടിയതായും മണികൾ, മഞ്ജീരങ്ങൾ, രത്നാഭരണങ്ങൾ ഇവകളാൽ അലംകൃതമായുമിരിക്കുന്ന വൃഷഭമായും മാതാശിയെ മരതകവൎണ്ണയായ ഉമാദേവിയായും ആ കുട്ടികൾ ഗജാനനഷഡാനനന്മാരായിട്ടും ചണ്ഡാലനെ മായാമയനായ മഹേശ്വരനായിട്ടും കണ്ടു. ദേവകൾ പുഷ്പവൃഷ്ടിചെയ്തു. വേദങ്ങൾ സ്തുതിച്ചു. ഗന്ധൎവ്വന്മാർ പാടി. അപ്സരസ്സുകൾ നൃത്തംചെയ്തു. ബ്രഹ്മാവും വിഷ്ണുവും ജയ ജയ എന്നുപറഞ്ഞു രണ്ടുഭാഗത്തും സേവിച്ചുനിന്നു. അറുപത്തെട്ടുകോടി ഗണങ്ങളും മഹേശ്വരന്റെ നാലുഭാഗത്തും നിന്നു. ഓടിപ്പോയ ബ്രാഹ്മണരെല്ലാവരും വളരെ ഭയപ്പെട്ടു. ദേവന്മാരും സനകാദി ഋഷികളും മഹേശ്വരസന്നിധിയിൽ നിന്നു സ്തുതിക്കുവാൻ തുടങ്ങി. ചരാചരാത്മകമായ ജഗത്തെല്ലാം മഹേശ്വരസന്നിധിയിൽ കണ്ടു. മാരൻ സൎവ്വസാക്ഷിയായും ജ്യോതിസ്വരൂപനായും ഇരിക്കുന്ന ദേവനെ നമസ്കരിച്ചു ഹവിസ്സിനെ പ്രത്യക്ഷമായി കൊടുത്തു. ശേഷമുള്ള ഹവിസ്സ മററുള്ള ദേവന്മാൎക്കും കൊടുത്തു. യാഗത്തെ സമൎപ്പിച്ച് അവഭൃതസ്നാനം ചെയ്തുമാരനു ഭാൎയ്യയോടുകൂടെ കൈവല്യനാഥനായ മഹേശ്വരൻ കൈവല്യത്തെ കൊടുത്തു മറയുകയും ചെയ്തു.— ഈ അദ്ധ്യായത്തെ പഠിക്കുകയും കേൾക്കുകയും ചെയ്യുന്ന മനുഷ്യൎക്കു മഹേശ്വരപ്രസാദത്താൽ കൈലാസപദം ലഭിക്കും.

എന്നു സ്കാന്ദപുരാണത്തിൽ

അമ്പത്തേഴാമദ്ധ്യായം

---

അഗസ്ത്യൻ പറഞ്ഞു.— ഹെ മുനികളേ! നിത്യവും ഭക്ഷണത്തിന്നു മുമ്പായി എന്തെങ്കിലുമൊരുനിയമത്താൽ മഹേശ്വരനെ സേവിക്കുന്നവൎക്കു കൎമ്മബന്ധം നശിക്കും. സത്യംതന്നെ. ഇതിന്നു പണ്ടുള്ളവർ പ്രസിദ്ധമായ ഒരു ഇതിഹാസത്തെ പറയുന്നു. അതിൽ ശ്രീമാനായ ശാക്യനാഥന്റെ ചരിത്രത്തെയാണ് പറയുന്നത്. മഹേശ്വരന്ന് അതിപ്രിയമായിരിക്കുന്ന ശൈ

ഖപുരമെന്നൊരു നഗരമുണ്ട്. അതു നാലു ജാതികൾ നിറഞ്ഞതും രാജവീഥികളാലും ഉദ്യാനങ്ങളാലും ശോഭിതവുമാണ്. അവിടെ ശൈവവംശത്തിൽ ജനിച്ചവനായി വിചാരക്ഷേമനെന്ന പേരായി ഒരാളുണ്ടായിരുന്നു. അവൻ ബ്രാഹ്മണമുഖത്തിൽ നിന്നു പതിനെട്ടുപുരാണങ്ങളേയും കേട്ടു. അതിനാൽ അവന്നു മഹേശ്വരങ്കൽ ദൃഢഭക്തിയുണ്ടായി. പാഷണ്ഡന്മാർ വളരെ വഞ്ചിച്ചുനോക്കീട്ടും അവൻ ഇളകിയില്ല. ശിവൻതന്നെയാണ് ശ്രേഷ്ഠമായ ദൈവം. അതിനേക്കാൾ വലുതായ ദൈവം ഇല്ല. കർമ്മത്തെ ചെയ്യുന്നവന്നു കർമ്മഫലത്തെ കൊടുക്കുവാൻ ഒരാൾ ഉണ്ട്. സംശയമില്ല. സ്വർഗ്ഗാദിഫലങ്ങളെ ആഗ്രഹമുള്ളവർ യാഗാദികർമ്മങ്ങളെ ചെയ്യുന്നു. പരമാത്മാവായ മഹേശ്വരൻ അതിന്നു് അനുരൂപമായ ഫലത്തേയും കൊടുക്കുന്നു. ആ മഹേശ്വരനെത്തന്നെ ആരാധിച്ചു ദുസ്തരമായ ദുഃഖസമുദ്രത്തെ കടക്കാമെന്നു നിശ്ചയിച്ച് അവൻ ആഹ്നമതത്തെ നിഷേധിച്ചു. അവരുടെ ശാസ്ത്രരഹസ്യങ്ങളെ അറിഞ്ഞതിനാൽ അവനെ ശാക്യനാഥനെന്നു പറഞ്ഞു തുടങ്ങി. അവൻ എങ്ങിനെയാണ് മഹേശ്വരനെ പൂജിക്കേണ്ടതെന്ന് ആലോചിച്ചു. മഹേശ്വരന്റെ സാംഗപൂജ ചെയ്യുവാൻ ഞാൻ ശക്തനല്ല. ദൃഢഭക്തിയുണ്ടെങ്കിൽ എന്തെങ്കിലുമൊരു നിയമംകൊണ്ടു മഹേശ്വരൻ പ്രസാദിക്കും എന്നു നിശ്ചയിച്ച് അവൻ മനസ്സുകൊണ്ട് ഒരു നിയമത്തെ നിശ്ചയിച്ചു. മഹേശ്വരനെ സേവിക്കാതെ ഭക്ഷണം കഴിക്കില്ലെന്നു നിശ്ചയിച്ചു. എന്തെങ്കിലും ഒരു ഉപഹാരവും ചെയ്യാമെന്നു സങ്കല്പിച്ചു സ്നാനം ചെയ്തു രുദ്രാക്ഷവും ഭസ്മവും ധരിച്ചു പഞ്ചാക്ഷരമന്ത്രത്തെയും ജപിച്ചു മഹേശ്വരനിൽ അതിഭക്തിയോടെ ശംഖപുരിനാഥന്റെ മുമ്പിൽ ദൂരെനിന്നു നമസ്കരിച്ച് അവിടെക്കിടക്കുന്ന ഒരു ചെറിയ കല്ലെടുത്തു പ്രയാസമില്ലാത്ത നിയമം ഇതാണെന്നു നിശ്ചയിച്ചു ശിവായനമഃ എന്നു പറഞ്ഞു ശിവലിംഗത്തിലേക്കിട്ടു. ഇങ്ങിനെ ദിനംതോറും ചെയ്തുകൊണ്ടു മഹേശ്വരനെ സേവിച്ചു. ശിവലിംഗത്തിന്റെ ശിരസ്സിൽ കല്ലുകൾ തട്ടി അനേകം അടയാ

ളങ്ങളുണ്ടായി. ആ അടയാളങ്ങളെ മഹേശ്വരൻ ചന്ദ്രകലപോലെ ധരിച്ചു. ഇങ്ങിനെ ദിനംതോറും ശാക്യനാഥൻ കല്ലുകൾ കൊണ്ടെറിഞ്ഞുകൊണ്ടു വളരെക്കാലം കഴിഞ്ഞു. അവൻെറ ദൃഢഭക്തിയാൽ മഹേശ്വരൻ പ്രസന്നനായി. അവൻെറ ഭക്തിയെ പരീക്ഷിപ്പാൻ മനസ്സിൽ കൌതുകവുമുണ്ടായി. പിറേദിവസം രാവിലെ മുതല്ക്കു കൊടുങ്കാറ്റോടുകൂടിയും ഇടിമിന്നലുകളോടുകൂടിയും അതികഠിനമായ വൎഷമുണ്ടായി. അന്നു മഴകൊണ്ടു പുറത്തിറങ്ങുവാൻ പാടില്ലാതെ ശാക്യനാഥൻ ഭക്ഷണത്തിന്നിരുന്നു. പരിവേഷ്ടിതമായ അന്നത്തെ ത്യജിച്ചു വേഗം എഴുനീററു. ഛീ കഷ്ടം! എൻെറ വ്രതഭംഗം വന്നുവെല്ലൊ. മഹേശ്വരദൎശനം ചെയ്യാതെ ഭക്ഷിപ്പാൻ തുടങ്ങിയില്ലെ? എന്നു വിചാരിച്ച് അപ്പോൾ തന്നെപോയി മഹേശ്വരലിംഗത്തെ നമസ്കരിച്ചു പതിവുപോലെ ഒരു കല്ലെടുത്തെറിഞ്ഞ് ഇങ്ങിനെ വിചാരിച്ചു. മഹേശ്വരനെ സേവിക്കാതെ ഭക്ഷിപ്പാൻ തുടങ്ങിയ പാപത്തിന്ന് എൻെറ പ്രാണത്യാഗം ചെയ്യുന്നതല്ലാതെ വേറെ ഒരു പ്രായശ്ചിത്തവുമില്ല. എന്നു നിശ്ചയിച്ചു ക്ഷേത്രത്തിലുള്ള തൂണിന്മേൽ തൻെറ ശിരസ്സിനെ അടിപ്പാൻ തുടങ്ങുമ്പോൾ മഹേശ്വരൻ ഓടി വന്ന് അവനെ വിരോധിച്ച് അവൻെറ ഭക്തിയെ ലാളിച്ചുകൊണ്ടു സായൂജ്യവും കൊടുത്ത് അവനോടുകൂടെ മറയുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ
അമ്പത്തേഴാമദ്ധ്യായം

അഗസ്ത്യൻ പറഞ്ഞു.— ഹെ മുനികളെ! മഹേശ്വരനെ മനസ്സുകൊണ്ടു പൂജിച്ചും ശിവഭക്തന്മാരെ പുറത്ത് അന്നംമുതലായതിനാൽ പൂജിച്ചുകൊണ്ടും ദൃഢഭക്തിയായിരിക്കുന്നവൻ ദുസ്തരമായിരിക്കുന്ന ദുഃഖസാഗരത്തെ കടക്കുന്നു. ഇതിന്നു മഹാത്മാവായിരിക്കുന്ന ഒരു ബ്രാഹ്മണൻെറ കഥയെ പറയാം.

ആ ബ്രാഹ്മണന്റെ വൈരാഗ്യനിഷ്ഠകൊണ്ടു മഹേശ്വരൻ പ്രസന്നനായി ഭവിച്ചു. ചോളരാജ്യത്തിന്നു ഭൂഷണമായി വൎദ്ധമാനപുരമെന്നുപേരായ ഒരു വലിയ നഗരമുണ്ട്. അവിടെ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. ആ ബ്രാഹ്മണന്നു വേദശാസ്ത്രാദികളിൽ അറിയാത്തതൊന്നുമില്ല. അദ്ദേഹം സകല ശാസ്ത്രതത്വങ്ങളേയും ആലോചിച്ചു കൎത്തവ്യം ഇന്നതാണെന്നു നിശ്ചയിച്ചു. സൎവ്വവിഷയങ്ങളിലും ആഗ്രഹംവിട്ടു വൈരാഗ്യത്തോടുകൂടിയ മനസ്സിനെ മഹേശ്വരങ്കൽ വെക്കുന്നതു തന്നെയാണ് മുഖ്യമായ ശിവപൂജ. മററുള്ളതെല്ലാം നാട്യമാണ്. ദ്രവ്യങ്ങളുണ്ടെങ്കിൽ ബുദ്ധിമാനായവൻ ചെയ്യേണ്ടതു ശിവഭക്തപൂജയാണ്. ബിംബത്തെ കഴുകിയതുകൊണ്ടു മാത്രം ദേവൻ പ്രപ്രസാദിക്കുകയില്ല. ബുദ്ധിമാനായ ബ്രാഹ്മണൻ ഇങ്ങിനെ നിശ്ചയിച്ചു മനസ്സുകൊണ്ടു ശിവപൂജയെചെയ്തു. ദിവസവും ശ്രീരുദ്രമന്ത്രം ജപിച്ചുകൊണ്ടു യാചകന്മാൎക്ക പ്രിയനായ ബ്രാഹ്മണൻ ഗൃഹത്തിൽ വരുന്ന അതിഥികളിൽ ആതിത്ഥ്യത്താൽ മഹേശ്വരനെ പ്രത്യക്ഷമായി പൂജിച്ചു. അതിഥികളെ ധാരാളം നെയ്യോടുകൂടിയ അന്നങ്ങളാലും ഷഡ്രസങ്ങളായ ഉപദംശങ്ങളാലും ഭക്ഷണം ചെയ്യിച്ചു പുഷ്പം, ചന്ദനം, പുതിയവസ്ത്രം ഇതുകളാലും പൂജിച്ചു. ആ ഭാഗ്യവാനായ ബ്രാഹ്മണൻ ശിവഭക്തന്മാരെ അച്ഛനെപ്പോലെ രക്ഷിച്ചു. അന്നദാനത്താൽ ഭക്തന്മാരെ എപ്പോഴും രക്ഷിക്കുന്ന ആ ബ്രാഹ്മണനിൽ മഹേശ്വരൻ ഏററവും സന്തോഷിച്ചു. ബ്രഹ്മാദിദേവന്മാരുടെ യാഗങ്ങളിൽകൂടി മഹേശ്വരന്ന് അത്ര സന്തോഷമുണ്ടായിട്ടില്ല. ആ ബ്രാഹ്മണൻ മനോമയമായ ശിവലിംഗത്തിൽ അൎച്ചിക്കുന്ന അനവധിപുഷ്പങ്ങളെ ശിവഗണങ്ങൾ എടുത്തുകളഞ്ഞു വെടിപ്പാക്കുവാൻ അശക്തന്മാരായിത്തീൎന്നു. കൈലാസശിഖരത്തിൽ ഉമാദേവിയോടുകൂടി വസിക്കുന്ന മഹേശ്വരനോടു ഗണാധിപന്മാർ പറഞ്ഞു. ഹേ സ്വാമിൻ! വൎദ്ധമാനപുരസ്ഥിതനായ ബ്രാഹ്മണനാൽ ഭവൽപാദാരവിന്ദങ്ങളിൽ അൎച്ചിക്ക

പ്പെട്ടന്ന വൃഷ്ടഭാരങ്ങളെ എടുത്തുകളയുവാൻ ഞങ്ങൾക്ക ശക്തിയില്ലാതായി. അവനെറ അഭിഷ്ടത്തെ കൊടുക്കുക. അതു കേട്ട മഹേശ്വരൻ ചിരിച്ചു. ഉത്തരം പറയാതെ ചിരിക്കുവാനുള്ള കാരണമെന്താണെന്ന് ഉമാദേവിചോദിച്ചു. അപ്പോൾ മഹേശ്വരൻ ഉമാദേവിയോട ബ്രാഹ്മണനെറ ഭക്തിയെ ലാളിച്ചുകൊണ്ടു പറഞ്ഞു. അവൻ എന്നെ മനസ്സിൽ പൂജിക്കുന്നതിന്ന ഫലത്തെ കൊടുപ്പാനായി ഞാൻ സമൎത്ഥനല്ല. അവനാവട്ടെ ഒന്നും വാഞ്ഛിക്കുന്നതുമില്ല. എന്നപറഞ്ഞ് ആ ബ്രാഹ്മണനെ കാണുവാനുള്ള സന്തോഷത്താൽ ദേവിയോടുകൂടി വൃഷഭാരൂഢനായിട്ട് ആ ബ്രാഹ്മണനെറ സമീപത്തേക്കുപോയി. ആ ബ്രാഹ്മണനെറ മനസ്സിനെ പരീക്ഷിക്കുവാനായി അനവധി ദിവ്യരത്നങ്ങളെ ആ ബ്രാഹ്മണഗൃഹത്തിലെല്ലാം വിതറി. തിലോത്തമമുതലായ അപ്സരസ്ത്രീകളെ ബ്രാഹ്മണനെറ നാലു ഭാഗത്തും കാണിച്ചു. ആ ബ്രാഹ്മണനാവട്ടെ അപ്സരസ്ത്രീകളെ പ്രേതങ്ങളാണെന്നും രത്നങ്ങളെ തൊടുവാൻ പാടില്ലാത്ത കല്ലുകളാണെന്നും വിചാരിച്ച് അവകളെ ചാടിക്കടന്ന ദൂരെപോയ്ക്കളഞ്ഞു. ഗൎവ്വിച്ചശാൎദ്ദൂലത്തെപ്പോലെയിരിക്കുന്ന കാമത്തെ നിരോധിച്ചതുകൊണ്ട് ആ ബ്രാഹ്മണന്ന മഹേശ്വരൻ നിരുദ്ധശാൎദ്ദൂലനെന്നപേർകൊടുത്തു. പിന്നെ ആ ബ്രാഹ്മണന്ന് അന്യന്മാൎക്ക ദുൎല്ലഭമായ ദൎശനത്തെ കൊടുത്തു മഹേശ്വരൻ സായൂജ്യപദത്തിന്ന യോഗ്യനായ ബ്രാഹ്മണനോടും ദേവിയോടുംകൂടി മറയുകയും ചെയ്തു.

എന്ന സ്കന്ദപുരാണത്തിൽ
അയമത്തുട്ടാമദ്ധ്യായം.

---

**അഗസ്ത്യൻപറഞ്ഞു — ഹെ മുനികളേ! ശ്രദ്ധയോടെ കേൾക്കുവിൻ. ലോകത്തിൽ ശിവഭക്തി ദുൎല്ലഭയാണ്. ശിവഭക്തന്മാരും ദുൎല്ലഭമാണ്. ശിവഭക്തന്മാരുടെ അഭീഷ്ടപൂരണം വള**

രെ പ്രയാസമുള്ളതാണ്. ശിവഭക്തന്മാരുടെ മനോരഥപൂരണം ചെയ്വാൻ കഴിയാത്ത മനുഷ്യന്റെ ജന്മംകൊണ്ട് എന്തു പ്രയോജനമാണ്. ദേഹത്തെയും അർത്ഥത്തെയും പുത്രനേയും ഭാര്യയേയും സകലത്തെയും സമർപ്പിച്ചു ശിവഭക്തന്മാരെ പൂജിക്കേണ്ടതാണ്. ശിവഭക്തൻ ഗൃഹത്തിൽ വരുമ്പോൾ കുഡുംബികൾക്ക് എന്തുചെയ്വാനാണ് സാധിക്കാത്തത്. അനുകൂലയായ ഭാര്യയുണ്ടെങ്കിൽ എന്തുചെയ്തും ശിവഭക്തന്മാരെ പൂജിപ്പാൻ കഴിയും. ലോകത്തിൽ ശിവഭക്തപൂജ ഒന്നിനെ ഒഴിച്ചു ജീവികൾക്കു ദുഃഖശമനത്തിന്നു വേറെ ഒരുപായവുമില്ല. ചെയ്വാൻ പാടില്ലാത്ത കാര്യമാവട്ടെ സാഹസകൃത്യമാവട്ടെ ചെയ്തിട്ടു ഭക്തന്മാരുടെ ഇഷ്ടത്തെ കൊടുക്കുന്നവക്ക് ആധികളാവട്ടേ വ്യാധികളാവട്ടേ ജനനമരണങ്ങളാവട്ടേ സംഭവിക്കയില്ല. നിസ്സാരമായ സംസാരത്തിൽ ശിവഭക്തന്മാക്ക് അഭീഷ്ടദാനം ചെയ്യുവെങ്കിൽ അതുതന്നെയാണ് സാരഭൂതമായ കൃത്യം. ഒരു മനുഷ്യൻ വാക്കുകൊണ്ടു ദേഹിയെന്നു യാചിച്ചിട്ടും നാസ്തിയെന്നുപറയുന്ന മനുഷ്യനെ ധരിപ്പാൻ ശക്തയല്ലാതെ ഭൂമി ഭാരവതിയായി ഭവിക്കുന്നു. വൃക്ഷങ്ങൾകൂടി ഫലങ്ങൾകൊണ്ടും പുഷ്പങ്ങൾകൊണ്ടും മററുള്ളവക്ക് ഉപകരിക്കുന്നു. നാസ്തിയെന്നു പറയുന്നവനെക്കൊണ്ട് ആർക്കും ഉപകാരമില്ല. അവൻ വെറുതെ ജനിച്ചുവെന്നു മാത്രമേയുള്ളു. അതുകൊണ്ട് എന്തുപ്രയത്നം ചെയ്തിട്ടും ശിവഭക്തന്മാരുടെ ഇഷ്ടത്തെ സാധിപ്പിക്കുന്നവരുടെ ജന്മം ഉത്തമജന്മമാണെന്നറിയുവിൻ. ശിവഭക്തന്മാരെ എപ്പോഴും ഇഷ്ടാന്നദാനത്താൽ പൂജിക്കേണ്ടതാണ്. തന്റെ ജന്മം സഫലമാവേണമെന്നുള്ള ആഗ്രഹമുണ്ടെങ്കിൽ മഹേശ്വരനെപ്പോലെ മഹേശ്വരപ്രിയന്മാരായ ഭക്തന്മാരെ പൂജിക്കേണ്ടതാണ്. പ്രദോഷം, സോമവാരം, തിരുവാതിര, കറുത്തഅഷ്ടമി, അയനകാലം, ചിത്രാപൌൎണ്ണമി, ശിവരാത്രി ഈ ദിവസങ്ങളെല്ലാം മഹേശ്വരന്ന് ഏററവും പ്രിയകരങ്ങളാണെന്നു മഹാന്മാർ പറയുന്നു. മേൽപറഞ്ഞ ദിവസങ്ങളിൽ ഒരു ശിവ

ക്തനെങ്കിലും ഭക്ഷണംകൊടുത്താൽ മൂന്നുലോകത്തിലുമുള്ള സകലജനങ്ങൾക്കും അന്നദാനംചെയ്തഫലത്തെ ലഭിക്കും. വളരെ പറഞ്ഞിട്ട ഫലമെന്താണ്. വിശ്വംഭരനായ ശിവൻതന്നെ പ്രസാദിക്കുന്നു. മഹേശ്വരൻ പ്രസാദിച്ചാൽ ജീവികൾക്കു ലഭിക്കാത്തതെന്താണ്? കഠിനമായ ആപത്തിൽ പെട്ടവരുംകൂടി ശിവഭക്തപൂജയാൽ സംസാരസമുദ്രത്തെ കടന്നവർ ലോകത്തിൽ വളരെയില്ലെ? ഇതിന്നു പണ്ടത്തെ ഒരു ഇതിഹാസമുണ്ട്. പരംജ്യോതിയുടെ ചരിത്രം ത്രൈലോക്യവിശ്രുതമാണ്. അരുണാരണ്യമെന്നുപേരായി ഒരു ശിവസ്ഥലമുണ്ട്. ആ സ്ഥലം ശിവഭക്തന്മാരുടേയും വേദാഗമജ്ഞന്മാരുടേയും വാസസ്ഥലമാണ്. അവിടെ ബാലന്മാരും ബാലികമാരും ശുകങ്ങളും ശാരികകളും സർവ്വകാലങ്ങളിലും നമശ്ശിവായ എന്നുപറയുന്നു. ജനങ്ങൾ തമ്മിൽ സംസാരിക്കുമ്പോഴും നമശ്ശിവായ എന്നുപറയുന്നു. ആ സ്ഥലത്തു ഭസ്മരുദ്രാക്ഷങ്ങളെ ധരിക്കാത്തവർ ആരുമില്ല. പഞ്ചാക്ഷരമന്ത്രത്തെ ജപിക്കാത്തവരുമില്ല. ശിവകഥകളെ കേൾക്കാത്തവരുമില്ല. ശങ്കരഭക്തന്മാരല്ലാത്തവരുമില്ല. ബാലന്മാർകൂടി ക്രീഡിക്കുമ്പോൾ ജടാധരന്മാരായും ഭസ്മലേപിതന്മാരായും വ്യാഘ്രചർമ്മധരന്മാരായും ഭവിച്ചു ഞാൻ ശിവനാണെന്നു തമ്മിൽപറയുന്നു. അവിടെ വസിക്കുന്ന ജനങ്ങളുടെ കന്മഷരഹിതയായ ചിത്തവൃത്തി പതിവ്രതയായ സ്ത്രീ ഭർത്താവിനെയെന്നപോലെ മഹേശ്വരനെത്തന്നെ ആശ്രയിച്ചുകൊണ്ടിരിക്കുന്നു. അവിടെ ചോളരാജാവിന്റെ മന്ത്രിയുടെ വംശജനായി പരംജ്യോതിയെന്നുപേരായി ഒരു മഹാത്മാവുണ്ടായിരുന്നു. അദ്ദേഹം വേദസമുദ്രത്തിന്റെ മറുകരകണ്ടവനാണ്. അദ്ദേഹം ചോളരാജാവിന്റെ ജയിപ്പാൻ കഴിയാത്ത ശത്രുക്കളെ ജയിച്ചു ശൂന്യങ്ങളായിക്കിടക്കുന്ന മുപ്പത്തിരണ്ടു ഭണ്ഡാരങ്ങളെ ധനങ്ങളാൽനിറച്ചു. അദ്ദേഹത്തിന്നു ജഗൽപ്രസിദ്ധമായ ഒരു വ്രതമുണ്ട്. ശിവഭക്തന്മാൎക്കു ഭക്ഷണം കൊടുത്തല്ലാതെ താൻ ഭക്ഷണം കഴിക്കുകയില്ല. ഭദ്രസഭാനാഥനായ മഹേശ്വരന്റെ നാമസ്മരണത്തിൽ ആസക്ത

നായതുകൊണ്ട് അദ്ദേഹത്തിനെ ഭദ്രഭക്തനെന്ന് എല്ലാവരും വിളിച്ചുകൊണ്ടിരുന്നു. ചോളരാജാവു ഭദ്രഭക്തനോട് ഇവിടെ വളരെ ഐശ്വൎയ്യം വൎദ്ധിച്ചിരിക്കുന്നതു ശിവപ്രസാദത്താലാണ്. ആ ശിവപ്രസാദത്തിന്നു കാരണം ഭവാനാണ്. അതുകൊണ്ടു വളരെ ദ്രവ്യങ്ങൾ കൊണ്ടുപോയി ഇഷ്ടംപോലെ ഇരിക്കുക. എന്നുപറഞ്ഞ് വളരെ ദ്രവ്യവും കൊടുത്തു ഗൃഹത്തിലേക്കയച്ചു. ഭദ്രഭക്തൻ ആ ധനമെല്ലാംകൊണ്ടു ഗൃഹത്തിൽപോയി ഭാൎയ്യയോടുകൂടെ അനേകം ശിവഭക്തന്മാൎക്ക് ഇഷ്ടംപോലെ ഭക്ഷണം കൊടുത്തു ജന്മസാഫല്യത്തെ സമ്പാദിച്ചുകൊണ്ടു സമയംകഴിച്ചു. ഭദ്രഭക്തന്നു ശ്വേതവനനായികയായ ഭാൎയ്യയിൽ ഭൂമിയിൽ നിധിയുണ്ടാകുന്നതുപോലെ ഒരു പുത്രനുണ്ടായി. ആ പുത്രൻ ചന്ദ്രനെപ്പോലെ സകലജനങ്ങൾക്കും നേത്രാനന്ദകരനായി ഭവിച്ചു. ഭദ്രഭക്തൻ പൈതൃകമായ ഋണത്തിൽനിന്നു മുക്തനായിട്ടു ബ്രാഹ്മണരെ അനവധി ധനങ്ങളാൽ സന്തോഷിപ്പിച്ചു ബന്ധുക്കളോടുകൂടി പുത്രന്നു ജാതകൎമ്മംചെയ്തു തന്റെ സമ്പത്തുകൊണ്ട് അനുരൂപാൎത്ഥമായി ശ്രീപതിയെന്നു നാമവും വിളിച്ചു. പ്രിയപുത്രന്ന് ആറാംമാസത്തിൽ അന്നപ്രാശനവും ചെയ്യിച്ചു. പകുതിമുളച്ചുവരുന്ന പല്ലുകളോടുകൂടിയ പുത്രമുഖത്തെക്കണ്ട് ആ ദമ്പതികൾ ഏററവും സന്തോഷിച്ചു. അനന്തരം ബാലൻ കല്പകവൃക്ഷത്തെപ്പോലെ വളൎന്നു. ചൌളകൎമ്മം കഴിഞ്ഞ് അക്ഷരാഭ്യാസത്തിന്നാരംഭിച്ചു ബാലൻ പാഠകശാലയിൽ, പോയി എഴുത്തുകൾ പഠിച്ചു.

എന്നു സ്കന്ദോപപുരാണത്തിൽ

അമ്പത്തൊമ്പതാമദ്ധ്യായം.

---

അഗസ്ത്യൻപറഞ്ഞു— ഹേ മുനികളേ! കൈലാസശിഖരത്തിൽ മഹേശ്വരൻ ഉമാദേവിയുടെ മടിയിൽ തലവെച്ചുകിട

ന്നു ലീലാസംഭാഷണം ചെയ്യുന്ന മദ്ധ്യത്തിൽ ദേവി ചോദിച്ചു. ഹെ ദേവ! ഭവാന്നു നന്ദിമുതലായ അനേകം ഭക്തന്മാരുണ്ടെല്ലൊ. അവരിൽ ആരെയാണ് ഭവാന്ന് അധികപ്രീതി? സത്യംപറയുക. ഇങ്ങിനെ ദേവി ചോദിച്ചതു കേട്ട മഹേശ്വരൻ തലകുലുക്കി ചിരിച്ചുകൊണ്ടു പറഞ്ഞു. എനിക്കു ഭദ്രഭക്തനിലുള്ള അധിക പ്രീതിപോലെ മററാരിലുമില്ല. ഹെ ദേവി! അവന്റെ ഭക്തിക്കു ശരിയായ ഫലത്തെകൊടുപ്പാൻ ഞാൻ ശക്തനല്ല. അതുകേട്ട ദേവി എന്നിലും അത്ര പ്രീതിയില്ലെന്നുണ്ടോ? എന്നു ചോദിച്ചു. അപ്പോൾ മഹേശ്വരൻ ആ ഭദ്രഭക്തന്റെ ഭക്തിയുടെ മുമ്പിൽ നിന്റെ ഭക്തി നില്ക്കുമോ? ആ ഭക്തിയെ ഒന്നു കാണുക. എന്നു പറഞ്ഞു മഹേശ്വരൻ എഴുനിററ് ആപാദകേശം ഭസ്മം ധരിച്ചു വളൎന്ന ജടാഭാരത്തോടുകൂടെ ഭദ്രഭക്തന്റെ സമീപത്തേക്കു പുറപ്പെട്ടു. ഭദ്രഭക്തനാവട്ടേ ഭാൎയ്യയോട് ഇന്നു ചിത്രാപൌൎണ്ണമിയാണ്. ശിവഭക്തന്മാൎക്ക് ഇഷ്ടവസ്തുക്കളെ വെച്ചുണ്ടാക്കുക എന്നു പറഞ്ഞു. വിശേഷപദാൎത്ഥങ്ങളുണ്ടാക്കേണമെന്നു പറഞ്ഞുവെല്ലൊ. ഉണ്മുവാൻ ആളുകൾ എവിടെ? എന്നു ഭാൎയ്യ ചോദിച്ചു. അപ്പോൾ ഭക്തൻ പറഞ്ഞു. ഹെ പ്രിയെ! നേരം ഉച്ചയാവാറായി. ശിവഭക്തന്മാർ ആരും ഗൃഹത്തിൽ വന്നതു മില്ല. ഇന്നു ചിത്രപൌൎണ്ണമവിശേഷദിവസമാണ്. നല്ല ഭക്തന്മാരെ കാണുന്നതുമില്ലെല്ലൊ. നീ വെയ്ക്കുവാൻ തുടങ്ങുക. ഞാൻ പോയി ഭക്തന്മാരെ കൂട്ടികൊണ്ടു വരാം. ഇവിടെ ആരെങ്കിലും വന്നാൽ താമസിപ്പിക്കുക. എന്നു പറഞ്ഞു ഭദ്രഭക്തൻ ഭക്തന്മാരെ അന്വേഷിച്ചു കൊണ്ടുപോയി മദ്ധ്യാഹ്നസമയത്തു വെയിലിന്റെ ചൂടുകൊണ്ടു പൊടി ചുട്ടു കാൽ വെക്കുവാൻ പാടില്ലാതായി. അപ്പോൾ മഹേശ്വരൻ ഒരു ശൈവന്റെ വേഷം ധരിച്ചു മുഖമെല്ലാം വിശൎത്തുകൊണ്ടു ഭദ്രഭക്തന്റെ ഗൃഹത്തിൽ ചെന്നു. അകത്ത് ആരാണെന്നു ചോദിച്ചതുകേട്ട സന്തുഷ്ടയായ ഭദ്രഭക്തന്റെ ഭാൎയ്യ പുറത്തേക്കുവന്നു. ശൈവനെക്കണ്ടു നമസ്കരിച്ച് ഇരിപ്പാൻ ആസനം കൊടുത്തു

തൊഴുതുകൊണ്ടു പറഞ്ഞു. ഹെ ഭക്തശ്രേഷ്ഠ! സുഖമായിവന്നുവോ? ഇവിടെ ഇരിക്കുക. ആതിത്ഥ്യത്തേയും സ്വീകരിക്കുക എന്നു പറഞ്ഞു വിധിപോലെ പൂജിച്ചു. പൂജയെ സ്വീകരിച്ചു മഹേശ്വരൻ അവളോടു ഗൃഹത്തിന്റെ ഉടമസ്ഥനെവിടെ? എന്നു ചോദിച്ചു. അവൾ നമസ്കരിച്ചുകൊണ്ടു പറഞ്ഞു. എന്റെ ഭർത്താവു ശിവഭക്തന്മാരുടെ ദാസനാണ്. ഭവാനെപ്പോലെയുള്ള ഭക്തന്മാരെത്തിരഞ്ഞു പുറത്തേക്കു പോയി. ഇപ്പോൾ വരും. അതുകേട്ടു മഹേശ്വരൻ ഗൃഹത്തിന്റെ ഉടമസ്ഥനില്ലെങ്കിൽ ആ ഗൃഹത്തിൽ ബുദ്ധിമാനായ പുരുഷൻ ഇരിക്കരുത്. എവിടെയാണ് ഇരിപ്പാൻ ഉചിതമായ സ്ഥലം അവിടെയിരിക്കാം. എന്നുംപറഞ്ഞു ദേവാലയത്തിലേക്കുപോയി. മഹേശ്വരൻ പോയഉടനെ ഭദ്രഭക്തൻ ഭക്തന്മാരെ ആരേയും കാണാതെ മഹേശ്വരനെ സ്മരിച്ചുകൊണ്ടു ബദ്ധപ്പെട്ടു ഗൃഹത്തിലേക്കുവന്നു. ഭർത്താവിനെക്കണ്ടു ഭാൎയ്യ തൊഴുതുകൊണ്ടു പറഞ്ഞു. ഹെ നാഥ! സാക്ഷാൽ മഹേശ്വരനെപ്പോലെ ഒരു ഭക്തൻ ഇവിടെവന്നു. ഞാൻ പൂജിച്ചിരുത്തി. ഭവാനെ കാണാതെ ഇവിടെനിന്നുപോയി. ആ മഹാത്മാവിനെ പ്രസാദിപ്പിച്ചു ഭക്ഷണത്തിന്നു കൂട്ടിക്കൊണ്ടുവരിക. ഒട്ടും താമസിക്കേണ്ട. ഇങ്ങിനെ ഭാൎയ്യയുടെ അമൃതതുല്യമായ വാക്കുകേട്ടു ഭദ്രഭക്തൻ ദേവാലയത്തിലേക്കുപോയി. ആ ദേവാലയത്തിൽ ഉങ്ങുവൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുന്നവനായും യോഗദണ്ഡത്തിന്റെ മുകളിൽ വെച്ചിരിക്കുന്ന ജഗജ്ജനനിയായ ഉമാദേവിയുടെ കയ്യിൽ വെച്ചിരിക്കുന്ന മുഖത്തോടുകൂടിയവനായും ജപമാലകൊണ്ടു കെട്ടിയ ഭസ്മസഞ്ചിയെ മുമ്പിൽ വെച്ചവനായും ക്ഷീണത്താൽ കണ്ണടച്ചവനായും വാൎദ്ധക്യത്താൽ തോലുകൾ തൂങ്ങിയ ദേഹത്തോടുകൂടിയവനായും തമസ്സിങ്കൽ നിന്നു പരമായ ജ്യോതിസ്വരൂപത്തെ ധ്യാനിച്ചുകൊണ്ടിരിക്കുന്നവനായുമുള്ള മഹേശ്വരനെ കണ്ടിട്ടു ഭദ്രഭക്തൻ പാദങ്ങളിൽവീണു നമസ്കരിച്ചു. ആ മഹാത്മാവിനെ കണ്ടിട്ടു ഭദ്രഭക്തൻ ദരിദ്രൻ നിധികണ്ടു സന്തോഷി

ക്കുന്നതുപോലെ സന്തോഷിച്ചു. പാദാംഗുഷ്ഠത്തെ പിടിച്ചുകൊണ്ടുകിടക്കുന്ന ഭദ്രഭക്തനെ ദയാനിധിയായ മഹേശ്വരൻ പിടിച്ചെഴുനീല്പിച്ചു നിന്റെ പേരെന്താണെന്നു ചോദിച്ചു. ഭദ്രഭക്തൻ പറഞ്ഞു. ഹേ സ്വാമി! ഞാൻ ശിവഭക്തന്മാരുടെ പാദരേണുവാണ്. ഭദ്രഭക്തനെന്നാണ് പേർ. ഞാൻ ഭവാന്റെ ദാസനാണ്. എന്നിൽ പ്രസാദിക്കുക. ഹേ സ്വാമി! ആതിത്ഥ്യത്തെയും ഗ്രഹിക്കുക. മഹാഫലദമായ സമയവുമാണല്ലൊ. എന്റെ ഗൃഹം ഭവാന്റെ പാദരേണുക്കളൊൽ പരിശുദ്ധമാവട്ടെ. ഭവാന്ന് എന്തന്നമാണ് രുചിക്കുന്നത്. അതു തരാം. ഭക്ഷിക്കുക. എന്നുപറഞ്ഞ് അതിഥിപ്രിയനായ ഭദ്രഭക്തൻ പിന്നേയും നമസ്കരിച്ചു. അനന്തരം മായാമഹേശ്വരൻ ഭദ്രഭക്തനോടു പറഞ്ഞു. ആ ഭദ്രഭക്തൻ നീയാണൊ? നിന്റെ യശസ്സ് ലോകമെല്ലാം പരന്നിരിക്കുന്നു. ശിവഭക്തന്മാൎക്ക് അന്നദാനം ചെയ്യുന്നവൻ ഭവാനെപ്പോലെ ഭവാൻ മാത്രമെയുള്ളു. ഇന്നു ചിത്രാപൌൎണ്ണമിയാണ്, മഹേശ്വരന്ന് അതിപ്രിയമായ ദിവസമാണ്, ഭാഗ്യവാനായവൻ ശിവഭക്തന്മാൎക്ക് ഇന്നു ഭക്ഷണം കൊടുക്കും. ഹേ ഭദ്രഭക്ത! നീ ഭക്തനാണല്ലൊ. എനിക്കു വിശപ്പും ധാരാളമുണ്ട്. എങ്കിലും കുറച്ചൊന്നു പറവാനുണ്ട്. അതു പറഞ്ഞാൽ നിനക്ക് അപ്രിയമാകും. അതിഥിയായിവന്ന ഞാൻ നിനക്ക് അപ്രിയമായ വാക്ക് എങ്ങിനെ പറയട്ടെ? എനിക്ക് അതു പറവാനും പാടില്ല. നിനക്കു കേൾക്കാനും പാടില്ല, മായാധീനനായ നീ എവിടെ? മായാവിലക്ഷണനായ ഞാൻ എവിടെ? അലൌകികന്മാരുടെ വാക്കു ലൌകികന്മാൎക്കു രുചിക്കില്ല. ഗൃഹത്തിൽപോയി വേറെ ആൎക്കെങ്കിലും ഭക്ഷണം കൊടുക്കുക. എനിക്കുവേണ്ടി ദുഃഖിക്കേണ്ട. എന്നുപറഞ്ഞു മായാമഹേശ്വരൻ അവിടെനിന്നു പോകുവാനായി പുറപ്പെട്ടു.

എന്ന സ്കന്ദോപപുരാണത്തിൽ
അറുപതാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു— അനന്തരം പോവാനായിക്കൊണ്ടു പാദങ്ങളിൽ പാദുകങ്ങളെയിട്ടു ദണ്ഡത്തേയുമെടുത്തു മായാമഹേശ്വരനെ നമസ്കരിച്ചു ദഭ്രഭക്തൻ പറഞ്ഞു. ഹേ സ്വാമി! എന്നോട് ഇങ്ങിനെ പറയരുത്. എന്തുപറവാനും എന്നെ ശങ്കിക്കേണ്ട. ലൌകികമാവട്ടെ അലൌകികമാവട്ടേ എന്തു പറഞ്ഞാലും ഞാൻ ചെയ്യാം. സംശയത്തെ ദൂരെക്കളഞ്ഞ് എന്നെ അനുഗ്രഹിക്കുക. ഇങ്ങിനെ പലവിധം പറഞ്ഞുകൊണ്ടു പാദങ്ങളെ പിടിക്കുന്ന ദഭ്രഭക്തനോടു മായാമഹേശ്വരൻ ഉങ്ങ്വൃക്ഷത്തിന്റെ മൂലത്തിലിരുന്നുകൊണ്ടു പറഞ്ഞു. എന്റെ ഘോരമായും ദുഷ്കരമായുമിരിക്കുന്ന ആഹാരനിയമത്തെ നീ കേൾക്കുക. അന്നമല്ല, തൈരല്ല, പാലല്ല, നെയ്യല്ല, തേനല്ല ഇതുകളൊന്നും എനിക്കു പ്രീതികരമല്ല. കല്പകവൃക്ഷത്തിന്റെ വിശേഷമായ പഴംകൂടി എനിക്കു രുചിക്കുകയില്ല. അങ്ങിനേയിരിക്കെ രസമില്ലാത്തതായും രോഗങ്ങളെ ഉണ്ടാക്കുന്നതായുമിരിക്കുന്ന ശാകാദികളെ പറയേണ്ടതുണ്ടോ? എന്റെ മനസ്സിൽ ഉദ്ദേശിച്ചതായ ഭക്ഷ്യത്തെ പറയാം. ഭയപ്പെടാതെ കേൾക്കുക. അച്ഛനമ്മമാൎക്ക് ഇഷ്ടപുത്രനായും ബ്രാഹ്മണനായും സൎവ്വലക്ഷണയുക്തനായും അഞ്ചുവയസ്സുള്ളവനായും ബുദ്ധിമാനായും വിദ്യാവിനയസമ്പന്നനായും വംശകരനായും എല്ലാവൎക്കും നേത്രാനന്ദകരനായും ഇരിക്കുന്ന ഒരു ബാലനെ അമ്മയുടെ മടിയിൽവെച്ച് അച്ഛൻ വാൾകൊണ്ടു വെട്ടി അമ്മ അതിനേയെടുത്തു നല്ലവണ്ണം കഴുകി നഖരോമങ്ങളെമാത്രം കളഞ്ഞ് ഒട്ടും വ്യസനമില്ലാതെ അംഗങ്ങളെല്ലാം കൊത്തിനുറുക്കി പാകത്തിൽ ഉപ്പുകൂട്ടി നല്ലവണ്ണം പാകംചെയ്തു പാത്രത്തിലാക്കി ആ ഹവിസ്സിനെ എനിക്കു തരിക. ഇങ്ങിനേയാണെങ്കിൽ തൃപ്തിയോടുകൂടി ഞാൻ ഭക്ഷിക്കാം. മറ്റുള്ളതൊന്നും എനിക്കു രുചിക്കുന്നതല്ല. ഇങ്ങിനേചെയ്യാൻ നിനക്കു ശക്തിയുണ്ടെങ്കിൽ ഇന്നത്തെ ഭിക്ഷ നിന്റെ ഗൃഹത്തിലാവട്ടേ. ഇല്ലെങ്കിൽ അൎത്ഥികൾക്കു ദാനം കൊടുക്കുന്നവരായ ജനങ്ങൾ ഉള്ള ദിക്കിലേക്കു പോകാം. നിനക്കു യശസ്സിന്നാഗ്രഹമുണ്ടെങ്കിൽ

ഒട്ടും സംശയിക്കാതെ ഈ കാൎയ്യത്തെ നിന്റെ ഭാൎയ്യയോടു പറയുക. ഇങ്ങിനെ മായാമഹേശ്വരന്റെ വാക്കുകൾ കേട്ടു ധീരനായ ഭദ്രഭക്തൻ ചിരിച്ചുകൊണ്ട് അങ്ങിനെതന്നെയെന്നുപറഞ്ഞ് ഒട്ടും ശങ്കകൂടാതെ ഭാൎയ്യയെ കാണ്മാനായി ഗൃഹത്തിലേക്കുപോയി. അപ്പോൾ അഭിമുഖമായി വരുന്നവളായും തന്റെ ശ്രദ്ധ മൂൎത്തിമതിയായതുപോലെയും പ്രത്യക്ഷയായ ശിവഭക്തിയേപ്പോലെയും മനുഷ്യരുടെ സഹചാരിണിയായ ദയയെപ്പോലെയും കരകാണാത്ത ദുഃഖസമുദ്രത്തെ കടക്കുവാൻ ശോഭനയായ തോണിയേപ്പോലെയും ഇരിക്കുന്ന ശ്വേതവനനായികയെ കണ്ടു, ഭദ്രഭക്തൻ ഹേ കല്യാണി! കരുണാവതിയായും കളകണ്ഠിയായും നീലാളകയായും നിൎമ്മലമന്ദഹാസയായും നീതിസ്ഥിതയായും പത്മനേത്രയായും ഇടതിങ്ങിയ സ്തനഭാരത്താൽ നതാംഗിയായും മഞ്ഞുപോലെ ഇരിക്കുന്ന മുത്തുമാലയോടുകൂടിയവളായും ഇരിക്കുന്ന നിന്നെ നീലകണ്ഠൻ രക്ഷിക്കട്ടെ. അമൃതവാക്കായും അതിസൂക്ഷ്മമായ മദ്ധ്യദേശത്തോടുകൂടിയവളായും സുനാസികയായും സുന്ദരഗാത്രിയായും സുഭ്രുവായും സുകേശിയായും മന്മഥന്റെ കൊടിക്കൂറയായും ഇരിക്കുന്ന നിനക്കു ചന്ദ്രശേഖരൻ പ്രസാദിക്കട്ടെ. വീണാവാണിയായും ക്രോധമില്ലാത്തവളായും ലോകത്തിലെല്ലാവൎക്കും അന്നദാനത്തെ ചെയ്യുന്നവളായും ഇരിക്കുന്ന നിന്നോടു വിരാസനസ്ഥിതനായ മഹേശ്വരൻ അന്നത്തെ അൎത്ഥിക്കുന്നു. ഹേ പ്രിയെ! ഗുണശാലിനിയായ നിന്നാൽ എന്റെ ഭവനം അൎത്ഥികളുടെ ഇഷ്ടത്തെ കൊടുക്കുന്ന കല്പകലതയാൽ നന്ദനവനമെന്നപോലെ അലംകൃതമായിരിക്കുന്നു. ഹേ സാദ്ധ്വി! ഏതൊരു ഗൃഹസ്ഥന്റെ ഗൃഹത്തിൽ അനുകൂലയായ ഭാൎയ്യയില്ലയോ അവന്റെ വീടു വീടല്ല, കാടാകുന്നു. പതിവ്രതമാരായ സ്ത്രീകൾ പ്രാണനെ ത്യജിച്ചും ഭൎത്താവിനെ രക്ഷിക്കുന്നു എന്നുള്ള ഗാഥകൾ പുരാണങ്ങളിൽ നീ കേട്ടിട്ടുണ്ടല്ലോ. ഞാൻ ചെയ്യാൻതുടങ്ങുന്ന വിധിവിഹിതമായ കൎമ്മത്തെ കേൾക്കുക. ഗൃഹസ്ഥന്മാർ എന്തുചെയ്തും അതിഥികളെ പൂജിക്കേണ്ടതാണെന്നാ

ണ് വേദശാസനം. കാണുന്നതും കാണാത്തതുമായ ഭാഗ്യങ്ങളെല്ലാം നശ്വരങ്ങൾതന്നെ. നോക്കിക്കൊണ്ടിരിക്കുമ്പോൾ നശിക്കുന്നു. ഭാര്യയാവട്ടെ പുത്രനാവട്ടെ എന്നുവേണ്ട, സർവ്വസമ്പത്തുകളെയും അർത്ഥിക്കുന്ന അതിഥികൾക്കു കൊടുക്കാതെയിരുന്നാൽ അവകൾതന്നെ നശിക്കുന്നു. മനുഷ്യർ വിഷയങ്ങളെ താൻതന്നെ ത്യജിക്കാതെ അവതന്നെ നശിക്കുന്നതായാൽ മനുഷ്യൎക്കു ശോകമോഹങ്ങളെ നല്ലവണ്ണം മനസ്സിൽ തറച്ചിട്ടുമാത്രമെ നശിക്കുന്നുള്ളൂ. ബുദ്ധിമാനായവൻ അവകളെ ത്യജിച്ചാൽ വളരെ സുഖത്തെയും ലഭിക്കുന്നു. ശിബിചക്രവൎത്തി കപോതത്തെ രക്ഷിപ്പാനായി തന്റെ ദേഹത്തെ പരുന്തിന്നുകൊടുത്തു. അലക്കൻ എന്ന രാജൎഷി തന്റെ നേത്രങ്ങളെ ബ്രാഹ്മണന്നു കൊടുത്തു. കപോതപക്ഷി സ്വശരീരത്തെ വ്യാഘ്രന്നുകൊടുത്തു. പക്ഷികൾകൂടി സ്വദേഹംകൊണ്ട് അതിഥികളെ തൃപ്തിപ്പെടുത്തുന്നു. അങ്ങിനെയിരിക്കെ മഹാത്മാവായ ശൈവൻ വന്നാൽ എനിക്ക് എന്തുതന്നെ കൊടുത്തുകൂടാ. നിന്റെ അനുകൂലതയാൽ എനിക്ക് ഇഹലോകത്തിലും പരലോകത്തിലും സാധിക്കാത്തതൊന്നുമില്ല. അതുകൊണ്ടു ഞാൻ ഇപ്പോൾ പ്രവൃത്തിക്കുവാൻ തുടങ്ങുന്ന കാൎയ്യത്തെ എന്റെ ഛായയെപ്പോലെയിരിക്കുന്ന നീ മടികൂടാതെ ചെയ്യും.

എന്ന സ്കന്ദോപപുരാണത്തിൽ
അറുപത്തൊന്നാമദ്ധ്യായം.

---

അഗസ്ത്യൻപറഞ്ഞു— ഹേ മുനികളേ! ഭൎത്താവിനാൽ ഇപ്രകാരം ബോധിതയായ ശ്വേതവനനായിക ഭൎത്താവിനെ നമസ്കരിച്ചു ചിരിച്ചുകൊണ്ടുപറഞ്ഞു. ഹേ നാഥ! ഭവാൻ എനിക്കു പണ്ടില്ലാത്തതായ നയോപദേശം ചെയ്യുന്നതെന്താണ്? ഭവാന്റെ ഈ സാരസ്യവാക്ചാതുൎയ്യം എന്റെ കൎണ്ണങ്ങൾക്കു

കറിനാശല്യമായിരിക്കുന്നു. ഞാൻ അപരാധം വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ ഭവാനു ശിക്ഷിച്ചുകൂടെ. അതിരിക്കട്ടെ ചെയ്യേണ്ടുന്നതെന്താകുന്നു പറയുക. അതിന്നു ഞാൻ അനുകൂലയല്ലെങ്കിൽ ഉടഞ്ഞ പാത്രത്തെപ്പോലെ എന്നെ കളയുക. അതുകേട്ടു ഭദ്രകൻ അതിസന്തുഷ്ടനായിട്ട് അവളുടെ ചുമലിൽ കൈവെച്ചു കണ്ണത്തിൽ മായാമഹേശ്വരൻ പറഞ്ഞതെല്ലാം പറഞ്ഞു. അവൾ വജ്രതുല്യമായ ആ വാക്കുകൾ കേട്ടിട്ടും ഗംഗയിൽ കല്ലുവീണതുപോലെ ഒട്ടും വ്യസനിച്ചില്ല. അവൾ ഭദ്രകനോടു പുത്രനെ കൂട്ടിക്കൊണ്ടുവരുവാൻ പറഞ്ഞു. അതുകേട്ടു ഭദ്രകൻ പഞ്ചാക്ഷരമന്ത്രത്തെയും ജപിച്ചുകൊണ്ടു പാഠകശാലയിലേക്കുപോയി. ഭദ്രകന്റെ പുത്രനായ ബാലൻ പാഠകശാലയിൽ കിടന്നു കുറച്ച് ഉറങ്ങി. അപ്പോൾ സ്വപ്നത്തിൽ കൈതമുള്ളുകൊണ്ടു തന്നെ ആരോ മുറിപ്പെടുത്തിയതുപോലെ കണ്ടു. ബാലൻ ഉറക്കെ നമശ്ശിവായ എന്നുപറഞ്ഞു നിലവിളിച്ചു. ഗുരു അതുകണ്ട് അവനെ വിളിച്ചുചോദിച്ചു. ബാലൻ സ്വപ്നവൃത്താന്തമെല്ലാം പറഞ്ഞു. ഗുരു നീ ദീൎഘായുസ്സായി ഭവിക്കും. നിന്നെ മഹേശ്വരൻ രക്ഷിക്കട്ടെ. ഒട്ടും ഭയപ്പെടേണ്ട. എന്നുപറഞ്ഞു ചിന്തയെ നീക്കി. ബാലന്മാരുടെ മദ്ധ്യത്തിൽ നക്ഷത്രങ്ങളുടെ മദ്ധ്യത്തിൽ ചന്ദ്രനെന്നതുപോലെയിരിക്കുന്നവനായും അനേകം ശിവസ്തോത്രങ്ങളെ പഠിക്കുന്നവനായും ഇരിക്കുന്ന പുത്രനെ ഭദ്രകൻ കണ്ടു. ആ ബാലൻ അച്ഛന്റെ മുഖം കണ്ടു സന്തോഷത്താൽ അല്പം മന്ദസ്മിതത്തോടുകൂടെ സ്തോത്രത്തെ പഠിച്ചു. ആ ബാലൻ ഗുരു പറഞ്ഞതിനാൽ പദ്യത്തെ ഉറക്കെ പഠിച്ചു.

ഉപാസ്യമേകോധിപതിഃ പശൂനാം
സമച്ചനീയാശ്ചതദീയഭക്താഃ
പ്രീതശ്ശിവോഭക്തസപൎയ്യയാസ്യാൽ
ശിവപ്രസാദേനതു ചാതരന്തി.

അൎത്ഥം— ഉപാസിക്കേണ്ടതു് ഏകദൈവമായ മഹേശ്വരനെയാകുന്നു. അൎച്ചിക്കേണ്ടതു ശിവഭക്തന്മാരെയാകുന്നു. ഭക്തപൂജയാൽ ശിവൻ പ്രസാദിക്കും. ശിവപ്രസാദത്താൽ സകല ദുഃഖങ്ങളും നശിക്കും.

ഇങ്ങിനെ പുത്രൻ പഠിക്കുന്ന പദ്യത്തെ കേട്ടു ഭദ്രഭക്തൻ ആനന്ദസാഗരത്തിൽ മുങ്ങിക്കൊണ്ടു ബാലനെ ഗൃഹത്തിലേക്കയയ്ക്കുക എന്നു ഗുരുവിനോടുപറഞ്ഞു. ഗുരു ബാലനെ വിളിച്ചു നീ ഗൃഹത്തിൽപോയി അച്ഛനെ സന്തോഷിപ്പിക്കുക എന്നുപറഞ്ഞു. ബാലൻ എഴുനീററു ഗുരുവിനെ നമസ്കരിച്ചു. ഗുരു ബാലനെ പിടിച്ചെഴുനീല്പിച്ചു ശിരസ്സിൽ ഘ്രാണിച്ചു് ആശീൎവ്വാദം ചെയ്തു. സജ്ജനങ്ങളുടെ ആശീൎവ്വാദങ്ങളെല്ലാം നിനക്കു സഫലമാവട്ടെ. മഹേശ്വരപ്രസാദവും ധാരാളം ഉണ്ടാവട്ടെ. നിനക്കു ദീൎഘായുസ്സും വജ്രംപോലെ അരോഗദൃഢഗാത്രവും ക്ഷയമില്ലാത്ത ഐശ്വൎയ്യവും വംശവൃദ്ധിയും സംഭവിക്കട്ടെ. ഇങ്ങിനെ ഗുരുവിനാൽ ആശീൎവ്വദിക്കപ്പെട്ട പുത്രനേയും കൂട്ടിക്കൊണ്ടു ഭദ്രഭക്തൻ ഗൃഹത്തിൽപോയി വേഗമാവട്ടെ എന്നു ഭാൎയ്യയോടുപറഞ്ഞു. ഭാൎയ്യ പുത്രനെ സുഗന്ധതൈലം തേച്ചു ചൂടുവെള്ളംകൊണ്ടു കുളിപ്പിച്ചു ഭക്ഷണംകൊടുത്തു മടിയിൽകിടത്തി ഉറക്കി. അനന്തരം ഭൎത്താവിനെ ഒട്ടും ചഞ്ചലം കൂടാതെ വിളിച്ചു. ഭൎത്താവു നല്ല മൂൎച്ചയുള്ള വാളും എടുത്തുകൊണ്ടുവന്നു. ബാലന്റെ കയ്യിലും കാലിലും ഇട്ട ആഭരണങ്ങളെല്ലാം അഴിച്ചു. ഭാൎയ്യയോടു മഹാഭിക്ഷുവിനുള്ള ഭിക്ഷയെ നിന്റെ കണ്ണുനീർകൊണ്ടു് അശുദ്ധമാക്കരുതെന്നു പറഞ്ഞു. ഭാൎയ്യ മഹേശ്വരനെ സ്മരിച്ചുകൊണ്ടു കണ്ണിൽ അല്പംപോലും ജലം കാട്ടിയില്ല. ഭദ്രഭക്തൻ കൈലാസവാസിയായ മഹേശ്വരൻ പറഞ്ഞപ്രകാരം തന്റെ കയ്യിലുള്ള വാൾകൊണ്ടു് ഓം നമശ്ശിവായ എന്നുപറഞ്ഞു് പുത്രന്റെ ശിരസ്സിനെ മുറിച്ചു. പിന്നെ കൈകളേയും കാലുകളേയും വെവ്വേറായി മുറിച്ചു. രക്തമെല്ലാം ഒരു പുതിയ കുടത്തിലാക്കിവെച്ചു. തോലെല്ലാം എ

ട്ടുള്ള നഖരോമങ്ങളേയും കളഞ്ഞു നല്ലവണ്ണം പാകം ചെയ്യുക എന്നു ഭാൎയ്യയോടു പറഞ്ഞു. ഭാൎയ്യ ഇതു മഹേശ്വരൻ ഭക്തിയെ പരീക്ഷിക്കുകയാണെന്നു വിചാരിച്ച് അതിനെവാങ്ങി പാകം ചെയ്തു. മുളക്, ജീരകം, കറിവേപ്പില, പുതിയനെയ്യ്, ഉപ്പ് ഇതെല്ലാം കൂട്ടി ആ സാദ്ധ്വി പുത്രദേഹത്തെ നല്ലവണ്ണം പാകംചെയ്തു. എല്ലാം തയ്യാറായി എന്നു ഭൎത്താവിനോടു പറയുകയും ചെയ്തു. ഗൃഹമെല്ലാം അടിച്ചുമെഴുകി ശൈവനെ കാത്തിരുന്നു. ദഭ്രഭക്തൻ ദേവാലയത്തിൽപോയി ഉങ്ങുവൃക്ഷത്തിന്റെ മൂലത്തിൽ ഇരിക്കുന്ന മഹേശ്വരനോടു ഹവിസ്സു തയ്യാറായി. നേരം വൈകിയതുകൊണ്ടു ഭവാൻ ക്ഷീണിച്ചു. ഇനി താമസിക്കേണ്ട എന്നുപറഞ്ഞു. അതുകേട്ടു മഹേശ്വരൻ പാദങ്ങളിൽ ഉപാസനാകാണ്ഡം, കൎമ്മകാണ്ഡം എന്നുള്ള കാണ്ഡദ്വയാൎത്ഥമായ പാദുകങ്ങളെ ഇട്ടു ശബ്ദബ്രഹ്മമയങ്ങളാകുന്ന ധ്വനികളെ ശബ്ദിക്കുന്ന മണിനൂപുരങ്ങളേയുമിട്ടു ഭസ്മാംഗരാഗത്തേയും ധരിച്ചു വെളുത്ത കൌപീനത്തേയും ധരിച്ച് എടക്കയുടെ ശബ്ദത്താൽ ദിക്കുകളെയെല്ലാം ശബ്ദിപ്പിച്ചുകൊണ്ടും മുണ്ഡമാലയാകുന്ന കണ്ഠാഭരണത്താൽ ഭയങ്കരനായും പ്രകാശിക്കുന്ന സൎപ്പകുണ്ഡലങ്ങളെ ധരിച്ചും ജ്വലിക്കുന്ന ശൂലത്തെ ധരിച്ചും ഗോരോചനപ്പൊട്ടുപോലെ ശോഭിക്കുന്ന തൃതീയനേത്രത്തോടുകൂടിയും കപാലമാലയുടെ ശബ്ദത്തോടുകൂടിയ ജടാഭാരത്താൽ പ്രകാശിതമായ ശിരസ്സോടുകൂടിയും ചുകന്നിരിക്കുന്ന അപാംഗത്താൽ ജഗത്രയത്തെ ഭയപ്പെടുത്തിക്കൊണ്ടും ദഭ്രഭക്തന്റെ കയ്യിനെ പിടിച്ചുകൊണ്ടു ദഭ്രഭക്തന്റെ ഗൃഹത്തിലേക്കു പോയി. അനന്തരം ദഭ്രഭക്തൻ മായാമഹേശ്വരന്റെ പാദങ്ങളെ കഴുകിച്ച് ആ ജലത്തെ സ്വൎണ്ണപാത്രത്തിലെടുത്ത് ആ തീൎത്ഥത്തെ ഭാൎയ്യയോടുകൂടെ ശിരസ്സിൽ ധരിച്ചു. ഞാൻ ഇപ്പോൾ ധന്യനായി എന്നും പറഞ്ഞു. പിന്നെ പുഷ്പങ്ങളാലും ചന്ദനത്താലും പൂജിച്ചു പ്രദക്ഷിണം ചെയ്തു പാദാരവിന്ദങ്ങളിൽ നമസ്കരിച്ചു. സ്വൎണ്ണമയമായ പീഠത്തിൽ മായാമഹേശ്വരനെയിരുത്തി വലുതായ രണ്ടു നാക്കിലകൾ വെച്ചു മാംസാള്ള

തിയെ വിളമ്പി. മറ്റൊന്നിൽ ആ സാദ്ധ്വി നെയ്യോടുകൂടിയ അന്നത്തേയും വിളമ്പി. ഭദ്രഭക്തൻ മഹേശ്വരന്റെ കയ്യിൽ കർപ്പൂരവാസിതമായ ജലത്തെ കൊടുത്തു. അപ്പോൾ മഹേശ്വരൻ ഇലകളുകളെക്കൊണ്ടുപറഞ്ഞു. ഈ വിളമ്പിയതിൽ ശിരസ്സു കാണുന്നില്ലല്ലൊ. അതാണ് എനിക്ക് ഏററവും പ്രിയം. ആ ദമ്പതികൾ അതുകേട്ടു ഭയപ്പെട്ടു തമ്മിൽ നോക്കി വേഗം ആ ശിരസ്സിനെ പാകംചെയ്തു വിളമ്പി. ഇനി ഭക്ഷിക്കുക എന്നുപറഞ്ഞു. മായാമഹേശ്വരൻ ഭദ്രഭക്തനോടു പറഞ്ഞു. നീ എന്നെ ബദ്ധപ്പെടുത്തേണ്ട. ഞാൻ പറയുന്നതു കേൾക്കുക. നീ എന്റെ നിയമം അറിയില്ല. ഞാൻ എവിടേയും തനിയേയിരുന്നു ഭക്ഷിക്കില്ല. അതു ചണ്ഡാലകർമ്മമാണ്. ആരെയെങ്കിലും ഒരാളെ വിളിക്കുക. ആരെങ്കിലും വരുന്നതുവരെ ഞാൻ ഭക്ഷണം കഴിക്കയില്ല. അതുകേട്ടു ഭദ്രഭക്തൻ പുറത്തുപോയി നാലുദിക്കിലും അന്വേഷിച്ചു. ആരേയുംകാണാതെ മടങ്ങിവന്നു തൊഴുതുകൊണ്ടു് ആരേയും കാണുന്നില്ല. ഭക്ഷണപദാർത്ഥങ്ങളെല്ലാം തണുത്തുപോകുന്നു. ഭവാൻ ഭക്ഷിച്ചു ശേഷമുള്ളത് എനിക്കുതരിക എന്നുപറഞ്ഞു. അതുകേട്ടു മഹേശ്വരൻ പറഞ്ഞു. ഭക്തന്മാരെ ആരേയും കണ്ടില്ലെങ്കിൽ ഭവാൻതന്നെ ഭക്ഷണത്തിന്നിരിക്കുക. അപ്പോൾ ഭദ്രഭക്തൻ ഭാര്യയുടെ മുഖത്തുനോക്കി മഹേശ്വരനോടു പറഞ്ഞു. ഞാൻ ഒന്നുപറയട്ടെ.! ജന്മംമുതല്ക്കു് ഒരു വ്രതമുണ്ട്. മഹാത്മാക്കൾ ഭക്ഷിച്ചതിന്നുശേഷമേ ഞാൻ ഭക്ഷണം ചെയ്യാറുള്ളൂ. അല്ലെങ്കിൽ കല്ലുകളെയാണ് ഭക്ഷിക്കാറുള്ളത്. ഞാൻ ഇതിൽ എന്താണ് ചെയ്യേണ്ടത്? മഹേശ്വരൻ— ഭവാൻ കല്ലുകളേയാണ് ഭക്ഷിക്കുന്നതെങ്കിലും ഭക്തന്മാരോടുകൂടിയല്ലെ നല്ലത്? എന്നാൽ ഒട്ടും താമസിക്കേണ്ട. ഇരിക്കുക. ഇല്ലെങ്കിൽ എനിക്കു ഭക്ഷണമില്ലെന്നുപറഞ്ഞു. അതുകേട്ടു മഹേശ്വരപ്രീതിക്കായിക്കൊണ്ടു് ആ വരിയിൽതന്നെ ഭദ്രഭക്തനും ഭക്ഷണത്തിന്നിരുന്നു ശിവനേ സ്മരിച്ചുകൊണ്ടു ശിലാകബളത്തെയെടുത്തു. അപ്പോൾ മഹേശ്വരൻ എടുത്ത കബളത്തെ തടഞ്ഞ് ഇങ്ങിനെ പറഞ്ഞു.

ഓ! ഞാൻ വിശപ്പു കൊണ്ട് ഒരു കാൎയ്യം മറന്നുപോയല്ലോ.
ഭവാന്ന് അഞ്ചുവയസ്സായി ശ്രീപതിയെന്നു പേരായ ഒരു പുത്ര
നുണ്ടല്ലൊ. ഭക്ഷണസമയത്ത് എന്താണ് കുട്ടിയെ കാണാത്ത
ത്? ഞാൻ പുത്രനില്ലാത്ത ഗൃഹത്തിൽ ഇതിന്നുമുമ്പെ ഒരിക്കലും
ഭക്ഷണം കഴിച്ചിട്ടില്ല. കുട്ടികളില്ലാത്ത ഗൃഹത്തിൽ ഉണ്ണുന്നതു
ശാസ്ത്രനിഷിദ്ധമാണ്. താമരയില്ലാത്ത കുളവും ചന്ദ്രനില്ലാത്ത
ആകാശവും സൂൎയ്യനെ കാണാത്ത ദിവസവും പുത്രനില്ലാത്ത ഭവ
നവും ശോഭയുള്ളതല്ല. മുഖത്തിന്ന് അലങ്കാരം നേത്രമാണ്.
ബ്രാഹ്മണന്ന് അലങ്കാരം വേദമാണ്. കുലസ്ത്രീകൾക്കലങ്കാരം
പാതിവ്രത്യമാണ്. ഗൃഹത്തിന്നലങ്കാരം പുത്രനാണ്. ഏതൊ
രുത്തൻ ഭക്ഷണകാലത്തിൽ പാത്രത്തിൽ വിളമ്പിയ അന്നത്തെ
പുത്രനോടുകൂടി ഭക്ഷിക്കുന്നില്ലയൊ അവന്റെ ഭക്ഷണം ചണ്ഡാ
ലഭക്ഷണമാണ്. ബാലൻ അച്ഛന്റെ ഹസ്തങ്ങളെ തട്ടുന്നു ത
ന്റെ കൈകൊണ്ടു കൂട്ടിയ ചോറുരുളയെയെടുത്തു മുഖ
ത്തെല്ലാമാക്കുന്നതു കാണുന്ന അച്ഛനമ്മമാരുടെ സന്തോഷത്തി
ന്നു ബ്രഹ്മാനന്ദം കൂടി തുല്യമല്ല. ഭക്ഷണസാധനത്തെ മധുരമാ
ണെന്നു വിചാരിച്ച് എടുത്തു ഭക്ഷിച്ചുനോക്കുമ്പോൾ എരിവാ
യിരിക്കുന്നതിനാൽ കരയുന്ന ബാലന്റെ മുഖവികാരത്തെ ക
ണ്ടിട്ടു ദമ്പതികൾക്കു സന്തോഷമുണ്ടാവില്ലെ? ഭവാൻ ദയയില്ലാ
ത്തവൻ തന്നെയാണ്. വംശവൃദ്ധിക്കുള്ള പുത്രനെക്കൂടാതെ എ
ങ്ങിനെയാണ് ഭക്ഷിപ്പാൻ തുടങ്ങിയത്? ഹെ ശേതവനനായി
കെ! നിനക്കും ദയയില്ലയൊ? ഭൎത്താവു ഭക്ഷിക്കുന്ന സമയത്തെ
അറിഞ്ഞിരുന്നിട്ടും പുത്രനെ വിളിക്കാത്തതെന്താണ്? ഹെ ഭൃ
ഭക്ത! പുറത്തുപോയി വേഗം ബാലനെ വിളിക്കുക. ഹെ ശേ
തവനനായികെ! നിത്യം ബാലൻ എവിടെയാണ് കളിക്കുന്ന
തെന്നു നോക്കിവിളിക്കുക. ഒട്ടും താമസിക്കേണ്ട. ഇങ്ങിനെ പ
റഞ്ഞതു കേട്ട് ആ ദമ്പതികൾ അന്യോന്യം മുഖത്തുനോ
ക്കി മഹേശ്വരാജ്ഞയാൽ പുറത്തുപോയി പാകശാലയി
ലേക്കുനോക്കി അവർ പുത്രനെ വിളിച്ചു. ശ്രീപതേ! വേഗം
വരിക. മഹാനായ ശൈവൻ ഉണ്ണുവാൻ വിളിക്കുന്നു. വേഗം

വന്ന് അമൃത തുല്യങ്ങളായ മധുരവാക്കുകളാൽ ഞങ്ങളെ സന്തോഷിപ്പിക്കുക. ഇങ്ങിനെ അവർ വിളിച്ചപ്പോഠം മഹേശ്വരാനുജ്ഞയാൽ ബാലൻ വീഥിയിൽ നിന്ന് ഓടിവന്നു. മഹേശ്വരനാൽ അഭയത്തെ കൊടുക്കപ്പെട്ടവനായ ആ ബാലൻ കട്ടക്, ജീരകം, മുളക് ഇവകളുടെ ഉത്തമഗന്ധത്തോടുകൂടിയതായും അനേകഭൂഷണങ്ങളാൽ അലങ്കരിക്കപ്പെട്ടതുകളുമായ അംഗങ്ങളെ ധരിച്ചുകൊണ്ട് അച്ഛനമ്മമാരുടെ മുമ്പിൽ വന്നു. ഞാൻ അമ്മയുടെ മടിയിലല്ലെ കിടന്നുറങ്ങിയത്? എപ്പോഴാണ് പുറത്തേക്കുപോയത്? എന്നു ചോദിക്കുന്ന ബാലനെ ആ ദമ്പതികഠം സന്തോഷത്തോടുകൂടെ പിന്നേയും പിന്നേയും ആലിംഗനംചെയ്തു. അപ്പോഠം ആകാശത്തിൽ ദുന്ദുഭിശബ്ദം ഉണ്ടായി. പുഷ്പവൃഷ്ടിയുമുണ്ടായി. ഉമാദേവി അത്ഭുതരസത്താൽ രോമാഞ്ചിതശരീരയായിട്ട് അവരുടെ ഭക്തിയെ പ്രശംസിച്ചു. അപ്പോഠതന്നെ ഭൈരവവേഷധരനായ മഹേശ്വരൻ മറഞ്ഞുകളഞ്ഞു. പാകം ചെയ്ത മാംസവും മറഞ്ഞു. അനന്തരം ആ ദമ്പതികഠം ബാലന്റെ ആലിംഗനത്താൽ ആനന്ദമഗ്നന്മാരായിട്ട മഹേശ്വരന്നു ഭക്ഷണം കൊടുപ്പാനായി അകത്തേക്കുപോയി. അവിടെ ഭൈരവനേയും മാംസത്തേയും കണ്ടില്ല. അവർ വിസ്മയചിത്തന്മാരായിട്ട് എല്ലാദിക്കിലും മഹേശ്വരനെ തിരഞ്ഞു. അവർ മരിച്ച പുത്രനെ ലഭിച്ചതിനാലുണ്ടായ സന്തോഷത്തെ മഹേശ്വരനെ കാണാതായതിനാലുണ്ടായ വലിയദുഃഖത്താൽ അറിഞ്ഞില്ല. ഹെ മഹേശ്വര! ഭക്തന്മാരായ ഞങ്ങളെ എങ്ങിനെ ഉപേക്ഷിക്കും. എന്നു പറഞ്ഞു കരഞ്ഞുകൊണ്ടു പൂർവജന്മത്തിൽ ശിവപൂജയ്ക്കു വലുതായ വിഘ്നം ചെയ്തിട്ടുണ്ടാവുമെന്നു വിചാരിച്ചു ശിവമാഹാത്മ്യങ്ങളെ സ്മരിച്ചുകൊണ്ടു മഹേശ്വരന്റെ വരവിനെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അനന്തരം ദയാനിധിയായ മഹേശ്വരൻ ഉമാദേവിയോടും ഗജാനനഷഡാനനന്മാരോടുംകൂടി വൃഷഭാരൂഢനായിട്ടു ദേവഗണങ്ങളാൽ സ്തുതിക്കപ്പെട്ടുകൊണ്ട് അവരുടെ മുമ്പിൽ പ്രത്യക്ഷനായി. ജയ, രക്ഷ, വിലോകയ, പ്രസീദ എന്നിങ്ങിനെ വേ

ദേവാക്കകളാൽ സ്തുതിക്കപ്പെട്ടവനായ ചന്ദ്രകലാധരൻ ദേഭ്രഭക്തന്റെ സമീപത്തിലെത്തി. അപ്പോഠം ദേഭ്രഭക്തൻ മഹേശ്വരനെ കണ്ടു ഭാൎയ്യാസമേതനായിട്ട ഭക്തിയോടുകൂടി പൂജിച്ചു. അവക്ക ദേവകഠക്കുകൂടി ദുല്ലഭമായ സായൂജ്യത്തെകൊടുത്ത് അചിന്ത്യശക്തിമാനായ മഹേശ്വരൻ മറഞ്ഞു. ദേഭ്രഭക്തന്റെ ഈ ചരിത്രത്തെ കേഠക്കുന്നവരും പഠിക്കുന്നവരും മഹേശ്വരപ്രസാദത്താൽ സംസാരസമുദ്രത്തെ കടക്കും.

എന്ന സ്കന്ദോപപുരാണത്തിൽ
അറുപത്തിരണ്ടാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു — ഹെ മുനികളേ! മനോഹരങ്ങളായ സുഖസാധനങ്ങഠ കയ്യിൽ തന്നെ ഇരിക്കുമ്പോഠ അതുകളിൽ ആസക്തിയില്ലാതെ മഹേശ്വരപൂജയെത്തന്നെ ചെയ്യുന്നവക്ക മുക്തി ദുല്ലഭയല്ല. ഇതിന്ന മഹാത്മാരായ ശിവപുരാണജ്ഞന്മാർ ക്ഷമാവാനായ ക്ഷത്രിയന്റെ ചരിത്രത്തെ വൎണ്ണിക്കുന്നതായ ഇതിഹാസത്തെ പറയുന്നു. മഹോദയമെന്ന ത്രൈലോക്യവിശ്രുതമായ ഒരു പുരമുണ്ട്. ആ പുരത്തിന്ന വാനീരപുരമെന്ന വേറെ ഒരു പേരും പറയുന്നുണ്ട്. അവിടെ പരാക്രമത്താൽ ശത്രുക്കളെ ജയിച്ചവനായും വേറെ ഒരു ശ്രീരാമനെപ്പോലെയിരിക്കുന്നവനായും ക്ഷമാവാനെന്ന പേരായ ഒരു രാജാവുണ്ടായിരുന്നു. ആ രാജാവിനെ ശത്രുരാജാക്കന്മാർ ചേരഭൂപനെന്ന പറയുന്നു. ആ രാജാവു നീതിജ്ഞനും ദാനം ചെയ്യുന്നവനും ബ്രാഹ്മണപ്രിയനും വേദാഗമതത്വജ്ഞനും സൎവ്വയാഗങ്ങളിലും ദീക്ഷിച്ചവനും സൎവ്വസംശയങ്ങളെ ഛേദിച്ചവനും സഭാപതിയായ മഹേശ്വരഭക്തനുമാകുന്നു. അദ്ദേഹത്തിന്റെ ഭണ്ഡാരങ്ങഠ എപ്പോഴും നിറഞ്ഞിരിക്കും. മന്ത്രികളും സൈന്യങ്ങളും ധാരാളമുണ്ട്. ആ രാജഭവനത്തിൽ നവരത്നനിൎമ്മിതങ്ങളായും പാലിന്റെ നരപോലെ വെളുത്തവയും പട്ടവസ്ത്രങ്ങളാൽ വിരിക്കപ്പെട്ടവയുമായ ശയ്യകഠ അസംഖ്യമുണ്ട്. സ—

ള്ളവണ്ണകളായും യൌവനവതികളുമായ സ്ത്രീകളും വളരെയു ണ്ട്. അന്യരാജാക്കന്മാർ കപ്പം കൊടുക്കുന്ന ധനം മഹാമേരു വിന്നു തുല്യമായിരിക്കുന്നു. ആ രാജാവ് അതെല്ലാം തൃണം പോലെ വിചാരിച്ചു മഹേശ്വരനെത്തന്നെ അച്ചിച്ചുകൊണ്ടും പഞ്ചാക്ഷരമന്ത്രത്തെ ജപിച്ചുകൊണ്ടും ദിവസത്തെ കഴിച്ചു. കുറ ച്ചുദിവസം കഴിഞ്ഞപ്പോൾ രാജാവ് സകലഭോഗങ്ങളേയും ത്യ ജിച്ചു തപസ്സിന്നായി കാട്ടിലേക്കുപോയി. മന്ത്രികളും മററും രാ ജ്യത്തെ രക്ഷിപ്പാൻ വളരെ പറഞ്ഞു. രാജാവു രാജ്യഭാരം ശി വപൂജക്കു വിഘ്നകരമാണെന്നു വിചാരിച്ച് അതൊന്നും സ്വീക രിച്ചില്ല. അനന്തരം രാജാവിനോടു മഹേശ്വരൻ സ്വപ്നത്തി ൽ പറഞ്ഞു. നീ ശത്രുക്കളെ ജയിച്ചു രാജ്യത്തെ രക്ഷിക്കുക. പ്രജകളേയും പാലിക്കുക. എന്റെ അനുഗ്രഹത്താൽ സകല ജന്തുക്കളുടേയും ഭാഷയെ നീ അറിയും. വിശേഷിച്ചു നീ എന്ത് ആഗ്രഹിക്കുന്നുവോ അതിനെ ഞാൻ സാധിപ്പിച്ചു തരാം. ഇ ങ്ങിനെ മഹേശ്വരശാസനത്തെക്കേട്ടു രാജാവ് അതുപ്രകാരം ചെയ്യാൻ നിശ്ചയിച്ചു രാജ്യത്തിലേക്കുപോയി. മന്ത്രികളാൽ അഭിഷിക്തനായിട്ടു പശുക്കളേയും ബ്രാഹ്മണരേയും നല്ലവണ്ണം രക്ഷിച്ചു. ജ്ഞാനമൂർത്തിയായ മഹേശ്വരനെ അനവധി യാഗ ങ്ങളാൽ യജിച്ചു. ഭസ്മരുദ്രാക്ഷധാരികളെ വിധിപോലെ പൂജി ച്ചു. ആ രാജാവു സിംഹാസനാരൂഢനായി രാജ്യത്തെ രക്ഷി ക്കുമ്പോൾ ജനങ്ങളെല്ലാം സ്വധമ്മതല്പരന്മാരായിരുന്നു. ഭൂമി നല്ലവണ്ണം വിളഞ്ഞു. ആ രാജാവ് ഹാലാസ്യേശ്വരമാഹാത്മ്യ ത്തെ കേട്ടു ഹാലാസ്യേശ്വരങ്കൽ തന്നെ മനസ്സിനെ വെച്ചു കൊണ്ട് എപ്പോഴും ദിവ്യനാമങ്ങളെ ജപിച്ചുകൊണ്ടിരുന്നു. ഇ ങ്ങിനെയിരിക്കുമ്പോൾ ബാണഭദ്രനെന്നുപേരായ ഒരു ഗോപൻ ധനത്തിന്നാഗ്രഹിച്ചു ഹാലാസ്യേശ്വരസന്നിധിയിൽ പാടി ക്കൊണ്ടിരുന്നു. അവൻ മൂന്നു സന്ധ്യകളിലും വീണയെടുത്തു മ നോഹരമായ മഹേശ്വരലീലയെ പാടി മീനാക്ഷി സുന്ദരേശ്വര ന്മാരെ ആനന്ദിപ്പിച്ചുകൊണ്ടിരുന്നു. കുറെ ദിവസം കഴിഞ്ഞ പ്പോൾ ഹാലാസ്യേശ്വരൻ സ്വപ്നത്തിൽ ബാണഭദ്രന്റെ കയ്യി

ഒരെഴുത്തു കൊടുത്തു. ഇതു ചേരഭൂപന്റെ കയ്യിൽ കൊടുത്ത് അവൻ തരുന്ന ദ്രവ്യമെല്ലാം വാങ്ങിക്കൊള്ളുക എന്നും പറഞ്ഞു. ബാണഭദ്രൻ ഭയത്തോടുകൂടി എഴുനീററ് എഴുത്തു കണ്ടു വളരെ വിസ്മയിച്ചു. ഉടനെ ആ എഴുത്തും കൊണ്ടു മധുരാദയപുരത്തെക്കുപോയി. എഴുത്തു രാജാവിന്നു കൊടുത്തു. യാതൊരു മുദ്രയുമില്ലാത്ത എഴുത്തുകണ്ടിട്ടും രാജാവ് അനവധി ദ്രവ്യത്തെ കൊടുത്തു. ബാണഭദ്രൻ ആവശ്യപ്പെട്ട ധനമെല്ലാം ലഭിച്ചു തേരിൽകയറി രാജാവിനെപ്പോലെ മധുരക്കു പോയി. രാജാവാകട്ടേ ദിവസവും ശിവപൂജയുടെ അവസാനത്തിൽ നൃത്തം ചെയ്യുന്ന മഹേശ്വരന്റെ നൂപുരശബ്ദങ്ങളെ കേട്ട് ആനന്ദബാഷ്പങ്ങളെ വർഷിച്ചുകൊണ്ടു വളരെക്കാലത്തെ ക്ഷണംപോലെ കഴിച്ചു. ഒരു ദിവസം രാജാവു പൂജ അവസാനിപ്പിച്ചപ്പോൾ നൂപുരശബ്ദത്തെ കേട്ടില്ല. അതു താൻ എന്തോ അപരാധം ചെയ്തതിനാലാണെന്നു നിശ്ചയിച്ചു. ആ ദോഷനിവാരണത്തിന്നു പ്രാണത്യാഗമാണ് നല്ലതെന്നു വിചാരിച്ചു തന്റെ വയറു കീറുവാനായി കയ്യിൽ കത്തിയെടുത്തു. അപ്പോൾ മഹേശ്വരൻ വൃഷഭാരൂഢനായി വന്നു രാജാവിന്റെ സാഹസത്തെ വിരോധിച്ചു. സുന്ദരന്റെ സ്തുതിയിൽ ആസക്തചിത്തനായിരുന്നതിനാൽ ഞാൻ താണ്ഡവത്തെ മറന്നുപോയി. നീ സുന്ദരനോടു സഖ്യം ചെയ്യുക. സുന്ദരനോടുകൂടെ നടന്ന് എല്ലാശിവസ്ഥലങ്ങളിലും എന്നെ സേവിച്ചാൽ നിനക്കു വളരെ സന്തോഷമുണ്ടാകും. സുന്ദരൻ കൈലാസത്തിലേക്കു പോകുന്ന സമയത്ത് എന്റെ കല്പനപ്രകാരം ഒരു നാല്ക്കൊമ്പനാന നിന്റെ സമീപത്തുവരും. ആ ആനപ്പുറത്തു കയറി ഈ ദേഹത്തോടുകൂടി എന്റെ ലോകത്തേക്കു വരിക എന്നുപറഞ്ഞു മഹേശ്വരൻ മറയുകയും ചെയ്തു. രാജാവ് അതുകേട്ട് അതിസന്തുഷ്ടനായിട്ടു രാജ്യഭാരത്തെ മന്ത്രിമാരിൽ ഏല്പിച്ചു സൈന്യങ്ങളോടുകൂടി സുന്ദരനെ കാണുവാനായി പുറപ്പെട്ടു. വഴിയിൽ ഹാലാസ്യനാഥനേയും ചിദംബരേശ്വരനേയും ദ്രോണീപുരനാഥനേയും കണ്ടു സേവിച്ചു കമലാലയത്തിൽ പോയി മഹേശ്വരനെ

സ്തുതിച്ച സുന്ദരനേയും കണ്ടു സ്നേഹിതനായി. പിന്നെ സുന്ദരനോടുകൂടെ സകല ശിവസ്ഥലങ്ങളിലും സഞ്ചരിച്ച സുന്ദരനെ കമലാലയത്തിലേക്കയച്ച രാജാവു മഹോദയരാജ്യത്തിൽ പോയി മുമ്പെത്തെപ്പോലെ ഇന്ദ്രതുല്യനായി രാജ്യം ഭരിച്ചുകൊണ്ടിരുന്നു.

എന്ന സ്കന്ദോപപുരാണത്തിൽ
അറുപത്തിമൂന്നാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളേ! മഹേശ്വരനെ ധ്യാനിച്ചുകൊണ്ടു ശിവകൈങ്കര്യമാകുന്ന ശ്രീകർമ്മത്തെ ചെയ്യുന്നവർ ശോകമോഹങ്ങളെ ത്യജിച്ച ശിവപദത്തെ പ്രാപിക്കുന്നു. ' ഉമാദേവിയുടെ സ്തന്യപാനം ചെയ്യുവനായ ജ്ഞാനസംബന്ധന്റെ ദയയാൽ ജ്ഞാനത്തെ ലഭിച്ചവനായ ഗണനാഥൻ എന്നൊരു ബ്രാഹ്മണോത്തമനുണ്ടായിരുന്നു. അദ്ദേഹം ജ്ഞാനസംബന്ധനോടു സായൂജ്യപദപ്രാപ്തിക്ക് എന്തു കർമ്മമാണ് ചെയ്യേണ്ടതെന്നു ചോദിച്ചു. ശ്രീകർമ്മമാണ് ഉത്തമമെന്നു ഗുരു പറഞ്ഞു. ശ്രീകർമ്മമെന്നുവെച്ചാൽ എന്താണ്? അതിന്റെ സ്വരൂപം പറഞ്ഞുതരേണമെന്നു ഗണനാഥൻ ചോദിച്ചു. ജ്ഞാനസംബന്ധൻ ശ്രീകർമ്മത്തെ വിവരമായി ഗണനാഥനുപദേശിച്ചു. ഗുരുപാദാരവിന്ദങ്ങളെ സേവിക്കുക, പഞ്ചാക്ഷരമന്ത്രത്തെ ജപിക്കുക, മൂന്നു സന്ധ്യകളിലും ആത്മലിംഗത്തെ അർച്ചിക്കുക, ഭസ്മരുദ്രാക്ഷങ്ങളെ ധരിക്കുക. ശിവലിംഗദർശനം, പ്രദക്ഷിണം, ശ്രീരുദ്രജപം, ശിവാഗ്നിയിൽ ഹവിസ്സിനെ ഹോമിക്കുക; അതിഥികളാകുന്ന ചരലിംഗങ്ങളിൽ ശിവാർച്ചനം, ശിവപൂജചെയ്യുവാൻ ദൂരത്തുനിന്നു വരുന്നവൎക്കു ജലദാനം, ശിവനു കുങ്കുമപ്പൂ, പച്ചക്കർപ്പൂരം, ഗോരോചനം ഇവകളെ അർപ്പണംചെയ്യുക. ശിവലിംഗത്തിൽ തൈർ, നൈ, പാൽ, എണ്ണ മുതലായതിനാൽ അഭിഷേകം ചെയ്യുക. കെടാത്ത വിളക്കുവെക്കുക, പൂജാപാത്രങ്ങളെ തേച്ചു വെടിപ്പാക്കുക, നിർമ്മാല

ങ്ങളെ എടുത്തു ശിവകിങ്കരന്മാൎക്കു കൊടുക്കുക, നൃത്തഗീതാദികൾ ചെയ്യുക, ക്ഷേത്രത്തെ അടിച്ചു മെഴുകുക, വിശേഷവസ്തുക്കളെ ശിവലിംഗത്തിൽ ചാൎത്തുക, പുഷ്പോദ്യാനങ്ങളെ വളൎത്തുക, കദളികൾ, മാതുളങ്ങൾ, നാരകങ്ങൾ, തെങ്ങുകൾ ഈവക വൃക്ഷങ്ങളെ വെച്ച് ഉദ്യാനമുണ്ടാക്കുക, കുളങ്ങളെ ഉണ്ടാക്കുക, ശൈവാഗമങ്ങളുടെ അൎത്ഥത്തെ കേൾക്കുക, അതിന്റെ രഹസ്യാൎത്ഥങ്ങളെ അറിയുക, മണ്ഡപങ്ങളെ ഉണ്ടാക്കുക, അനേകവിധ വാഹനങ്ങളെ ഉണ്ടാക്കുക, ശിവഭൃത്യന്മാരെ രക്ഷിക്കുക, ശിവപ്രീതിക്കായി പ്രവൃത്തിക്കുന്നവരെ രക്ഷിക്കുക, നിത്യവും ശിവപുരാണകഥകളെ പഠിക്കുകയും കേൾക്കുകയും ചെയ്യുക ഇതെല്ലാമാണ് ശ്രീകൎമ്മമെന്നു പറയപ്പെടുന്നത്. ഇങ്ങിനെ ഗുരുവിനാൽ പറയപ്പെട്ട സകല ധൎമ്മങ്ങളേയും ഗ്രഹിച്ചു ഗണനാഥൻ അതുപ്രകാരം ചെയ്തു. മഹോത്സവത്തേയും മഹേശ്വരീമഹേശ്വരന്മാൎക്ക് ആഭരണങ്ങളേയും തന്റെ ദ്രവ്യത്താലും അന്യന്മാർ കൊടുത്ത ദ്രവ്യത്താലും വിശേഷമായി ചെയ്തു. ഇങ്ങിനെ ഗണനാഥൻ ജീവാവസാനം വരെ സമയത്തെ ശൂന്യമാക്കാതെ കഴിച്ചു ദേഹാവസാനത്തിൽ മഹേശ്വരപ്രസാദത്താൽ ഗുരുപാദാരവിന്ദങ്ങളെ സ്മരിച്ചുകൊണ്ടു കൈവല്യത്തേയും പ്രാപിച്ചു.

എന്നു സ്കന്ദോപപുരാണത്തിൽ
അറുപത്തിനാലാമദ്ധ്യായം

—ഠoഠ—

അഗസ്ത്യൻപറഞ്ഞു— ഹേ മുനികളേ! ഏതൊരു മനുഷ്യൻ ഇന്ദ്രിയങ്ങളെ ജയിച്ചു ദൃഢഭക്തിയോടുകൂടി മഹേശ്വരനെ സേവിക്കുന്നുവോ അവന്നു മഹേശ്വരൻ പ്രസന്നനായിട്ട് ഇഹലോകത്തിലും പരലോകത്തിലും ഇഷ്ടത്തെ കൊടുക്കുന്നു. ഇതിന്നു ചെറിയതായ ഒരു ഇതിഹാസമുണ്ട്. ത്രൈലോക്യവിശ്രുതമായി പുഷ്കരപുരമെന്നുപേരായ ഒരു നഗരമുണ്ട്. അവി

ടെ പരാന്തകനെന്നപേരായി ഒരു ശൂദ്രരാജാവുണ്ടായിരുന്നു. അവൻ ധീരന്മാൎക്കും വീരന്മാൎക്കും അഗ്രഗണ്യനാണെന്ന ലോകപ്രസിദ്ധമാണ്. അവൻ സ്ത്രീകളെ പുല്ലുപോലേയും ധനത്തെ കല്ലുപോലേയും വിചാരിച്ചുകൊണ്ടു ജനനാംമുതല്ക്കു ലഭിച്ചതായ വൈരാഗ്യത്തോടുകൂടി ക്ഷത്രിയവൃത്തിയെ ആചരിച്ചുകൊണ്ടിരുന്നു. അവനെ യുദ്ധത്തിൽ കണ്ടാൽകൂടി ശത്രുക്കൾ കാട്ടിൽ സിംഹത്തിനെകണ്ടാൽ ഗജങ്ങൾ ഓടുന്നതുപോലെ ഓടിപ്പോയ്ക്കളയുന്നു. അവൻ വ്യാഘ്രം ആടുകളെ ആട്ടിക്കളയുന്നതുപോലെ ശത്രുക്കളെ ആട്ടിക്കളഞ്ഞു തൻെറ ശൌൎയ്യത്താൽ സമ്പാദിക്കപ്പെട്ടതായ രാജസിംഹാസനത്തിൽ വസിച്ചു. അവൻ ചിദംബരത്തിൽതന്നെയിരുന്നു നടേശമൂൎത്തിയെ സേവിച്ചുകൊണ്ടു ദേവന്നു വേണ്ടുന്ന കൈങ്കൎയ്യത്തെ പലവിധത്തിലും ചെയ്തുകൊണ്ടിരുന്നു. ആ കൈങ്കൎയ്യംകൊണ്ടു വാക്കുകൾക്ക് അഗോചരനായും ഭക്തവത്സലനായുമിരിക്കുന്ന ചിദംബരേശ്വരൻ സന്തുഷ്ടനായി ഭവിച്ചു. ഒരുദിവസം നടേശ്വരൻ പരാന്തകനോടു സ്വപ്നത്തിൽ പറഞ്ഞു. നിൻെറ തലയിൽ കിരിടം വെച്ചു രാജാവായി അഭിഷേകം ചെയ്താൽ ഭൂമിക്കുള്ള ആപത്തുകളെല്ലാം തീരും. ഇങ്ങിനെ മഹേശ്വരൻ പറഞ്ഞതുകേട്ടു പരാന്തകൻ അങ്ങിനെതന്നെ ചെയ്വാനായി നിശ്ചയിച്ചു. ചിദംബരപുരത്തിലുള്ള ദീക്ഷിതന്മാരെയെല്ലാം വരുത്തി നിങ്ങൾ എനിക്കു ശിരസ്സിൽ കിരീടം വെച്ച് അഭിഷേകം ചെയ്യേണമെന്നപറഞ്ഞു. അതുകേട്ട് ആ മഹാത്മാക്കൾ പറഞ്ഞു. ഞങ്ങൾ ചോളവംശപുരോഹിതന്മാരാണ്. ശൂദ്രന്നു മകുടാഭിഷേകം ഞങ്ങൾ ചെയ്യുകയില്ല. അതുകേട്ടു പരാന്തകൻ താൻതന്നെ കിരീടധാരണം ചെയ്വാൻ ശങ്കിച്ചുകൊണ്ടിരുന്നു. അനന്തരം സ്വപ്നത്തിൽ നടേശമൂൎത്തി പരാന്തകൻെറ ശിരസ്സിൽ തൻെറ പാദാരവിന്ദങ്ങളെ വെച്ചു. അത് അവൻെറ ശിരസ്സിൽ അത്ഭുതകിരീടംപോലെ ശോഭിച്ചു. പിറേറദിവസം രാവിലെ ദീക്ഷിതന്മാരെല്ലാവരും പരാന്തകൻെറ ശിരസ്സിൽ അസാധാരണമായ കിരീടം കണ്ടു വിസ്മിത

ചിത്തന്മാരായിട്ടു പരാന്തകനെ പൂജിച്ചു. നീ തന്നെയാണു് ഉത്തമഭക്തൻ എന്നുപറഞ്ഞു നടേശമൂർത്തിയെ ഭയപ്പെടുന്നതുപോലെ പരാന്തകനെ ഭയപ്പെട്ടുകൊണ്ടിരുന്നു. താണ്ഡവപ്രിയനായ നടേശ്വരമൂർത്തിയുടെ പാദപത്മവിന്യാസത്താൽ അത്ഭുതകിരീടത്തെ ധരിച്ചവനായ പരാന്തകൻ ഇഹലോകത്തിൽ സുഖങ്ങളെ അനുഭവിച്ചു് അന്ത്യത്തിൽ ശിവസായൂജ്യത്തെ പ്രാപിക്കുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ

അറുപത്തഞ്ചാമദ്ധ്യായം.

---

അഗസ്ത്യൻപറഞ്ഞു— ഹേ മുനികളേ! കേൾക്കുവിൻ. മഹേശ്വരസൂത്രജന്യമായ വ്യാകരണസമുദ്രത്തിൽ കളിച്ചുകൊണ്ടിരിക്കുന്ന മനസ്സാകുന്ന മത്സ്യത്തിന്നു് എപ്പോഴും ശിവപദദ്ധ്യാനം കാലമാകുന്ന വലയെ നശിപ്പിക്കുന്നതാണു്. ഇതിന്നു ചേരുതായ ഒരു ഇതിഹാസം പറയാം. വേദജ്ഞന്മാരായ ബ്രാഹ്മണരുടെ വാസസ്ഥലമായി വേദപുരമെന്നു പ്രസിദ്ധമായ ഒരു പുരമുണ്ടു്. ത്രൈലോക്യവിശ്രുതമായ ആ നഗരത്തിലാണു് പരസ്പരവിരോധിനികളായ സരസ്വതിയും ലക്ഷ്മിയും ഒന്നിച്ചു വസിക്കുന്നതു്. ആ നഗരത്തിൽ സത്യദാസൻ എന്നുപേരായി ഒരു ബ്രാഹ്മണശ്രേഷ്ഠനുണ്ടായിരുന്നു. ആ ബ്രാഹ്മണന്നു കൂടെ ജനിച്ചതുപോലെ മഹേശ്വരപാദാരവിന്ദങ്ങളിൽ ഉത്തമയായ ഭക്തിയുണ്ടായി. വേദശാസ്ത്രമാകുന്ന സമുദ്രത്തിന്റെ മറുകര കണ്ടവനായ ആ ബ്രാഹ്മണൻ മഹേശ്വരനെ മൂന്നു സന്ധ്യകളിലും പൂജിച്ചുകൊണ്ടു വാഗ്ദേവിയായ സരസ്വതിയെ കാമരാജമന്ത്രത്താൽ ഉപാസിച്ചു. പന്ത്രണ്ടു സംവത്സരം സരസ്വതിയെ ഉപാസിച്ചപ്പോൾ ശരച്ചന്ദ്രധവളയായ സരസ്വതി പ്രസന്നയായിട്ടു സത്യദാസന്നു സ്വപ്നത്തിൽ ജ്ഞാനമയമായ ക്ഷീരത്തെ കൊടുത്തു. ക്ഷീരപാനത്താൽ സന്തുഷ്ട

നായ സത്യദാസൻ വേഗം എഴുനീററപ്പോൾ അവന്റെ നാവിൽനിന്നു മഹേശ്വരന്റെ ജടയിൽനിന്നു ഗംഗ പ്രവാഹിക്കുന്നതുപോലെ അമൃതതുല്യങ്ങളായ വാക്കുകളുണ്ടായി. ആ ബ്രാഹ്മണൻ പിറേറദിവസം രാവിലെ തന്റെ ഗുരുവിന്റെ അടുക്കൽ ചെന്നു സ്വപ്നത്തിൽ തനിക്കു ലഭിച്ചതായ വാണീപ്രസാദത്തെ പറഞ്ഞു ബുദ്ധിമാനായ ബ്രാഹ്മണൻ ഈ വാക്കുകൊണ്ടു പ്രയോജനമെന്താണെന്നു ചോദിച്ചു. സന്തുഷ്ടനായ ഗുരു ശിഷ്യനോടുപറഞ്ഞു. ഹേ പ്രിയശിഷ്യ! നീ കൃതാൎത്ഥനായി. നിന്റെ ഈ ജന്മം അവസാനത്തേതാണ് നിശ്ചയം തന്നെ. വേദാഗമങ്ങളുടെ താല്പൎയ്യം ശിവനാണെന്നാണ് ബ്രഹ്മവാദികളായ മുനികൾ തീൎച്ചപ്പെടുത്തിട്ടുള്ളത്. അതുകൊണ്ടു വാക്കുകളാൽ മഹേശ്വരനെ സ്തുതിക്കുക. മഹേശ്വരൻ പ്രസാദിക്കട്ടെ. മനുഷ്യൎക്കു മഹേശ്വരപ്രസാദം ലഭിച്ചാൽ ജനനമരണരൂപമായ സംസാരസാഗരത്തിൽ മുങ്ങേണ്ടിവരികയില്ല. ഇങ്ങിനെ ഗുരു പറഞ്ഞതുകേട്ടു ബുദ്ധിമാനായ സത്യദാസൻ ദേഹാവസാനംവരെ മഹേശ്വരനെ സ്തുതിച്ചുകൊണ്ടു ദേഹാന്ത്യത്തിൽ ശിവസായൂജ്യത്തെ പ്രാപിക്കുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ

അറുപത്താറാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളേ! ഏതൊരു മനുഷ്യൻ താൻ ശിവഭക്തനായിരുന്നാലും ശൈവചിഹ്നത്തെ ധരിച്ചവരായ ഭക്തന്മാൎക്ക് ഒരിക്കലും അപരാധം ചെയ്യാതിരിക്കുകയും അപരാധം ചെയ്തുപോയാൽ തന്റെ പ്രാണങ്ങളെ ത്യജിക്കുകയുംചെയ്യുന്നുവോ അവൻ മഹേശ്വരപ്രസാദത്താൽ മുക്തനായിഭവിക്കുന്നു. ഇതിന്ന് ഒരു ഇതിഹാസമുണ്ട്. ചോളവംശജന്മാരായ രാജാക്കന്മാരുടെ രാജധാനിയായി ആമോദപുരമെന്നുപേരായ ഒരു പുരമുണ്ട്. അവിടെ ധൎമ്മകേതനൻ എ

ന്നപേരായ ഒരു രാജാവുണ്ടായിരുന്നു. ആ രാജാവ് ഐശ്വൎയ്യത്തിൽ ഇന്ദ്രതുല്യനും ദാനത്തിൽ കുബേരതുല്യനും യോഗത്തിൽ കപിലതുല്യനുമായിരുന്നു. ആ രാജാവ് അതാതുകാലങ്ങളിൽ ദേവപൂജാദികളെ ചെയ്തുകൊണ്ട് എല്ലാദിക്കുകളേയും ജയിച്ചു ഭൂമിക്ക് ഏകവീരനായിട്ടു രാജ്യപരിപാലനം ചെയ്തു. വിശ്വജിത്ത് എന്നപേരായ യാഗംകൊണ്ടു മഹേശ്വരനെ യജിച്ചു. ശ്രീശൈലവാസിയായും തന്റെ കുലദൈവമായുമിരിക്കുന്ന മഹേശ്വരനു പലവിധകൈങ്കൎയ്യങ്ങളേയും ചെയ്തുകൊണ്ടു ഭക്തന്മാരേയും പാലിച്ചുകൊണ്ടിരുന്നു. ആ രാജാവിന്നു ഗൃഹദ്വാരത്തിൽ ദിഗ്ഗജവംശജങ്ങളായും വിന്ധ്യപൎവ്വതതുല്യങ്ങളായും എപ്പോഴും മദജലം ഒഴുകിക്കൊണ്ടിരിക്കുന്നവകളായും ഉള്ള ഉത്തമഗജങ്ങൾ ഉണ്ടായിരുന്നു. മററുള്ള സൈന്യങ്ങളുടെ സംഖ്യയെ പറവാൻ ആരാലും കഴിയുന്നതല്ല. ആ രാജാവു രാജ്യപരിപാലനം ചെയ്യുമ്പോൾ ബ്രാഹ്മണരെല്ലാം വേദമാൎഗ്ഗരതന്മാരായും ഭടന്മാരെല്ലാം ആയുധങ്ങളെ ധരിച്ചുകൊണ്ടു ദിക്കുകളെ ജയിക്കുന്നവരായുമിരുന്നു. ഒരുദിവസം മദ്ധ്യാഹ്നസമയത്തിൽ ഒരു മത്തഗജത്തെ വെള്ളം കുടിപ്പിക്കുവാനായി ആനക്കാരൻ നദിയിലേക്കു കൊണ്ടുപോയി. അപ്പോൾ ശിവദാസനെന്നപേരായ ഒരു ബ്രാഹ്മണൻ നദിയിൽ സ്നാനം ചെയ്തു ഭസ്മരുദ്രാക്ഷങ്ങളെ ധരിച്ചു മഹേശ്വരന്ന് അഭിഷേകത്തിന്നുള്ള ജലവുമെടുത്തുകൊണ്ട് ഒരു വാഴയിലയിൽ പൂജക്കുള്ള പുഷ്പങ്ങളേയും കയ്യിലെടുത്തു ശിവമഹിമ്നസ്തോത്രത്തേയും ജപിച്ചുകൊണ്ടു ഗൃഹത്തിലേക്കുപോകുമ്പോൾ ആനക്കാരനോടുകൂടി ചങ്ങലയേയും ശബ്ദിപ്പിച്ചുകൊണ്ടു മത്തഗജം വരുന്നതു കണ്ടു. ആനയെ ഭയപ്പെട്ടു ബ്രാഹ്മണൻ ഒരുഭാഗത്തേക്ക് ഒതുങ്ങിനിന്നു. അപ്പോൾ മത്തഗജം വാഴയിലയിലുള്ള ആഗ്രഹത്താൽ ബ്രാഹ്മണന്റെ കയ്യിൽനിന്ന് ഇലയെ വലിച്ചു. ബ്രാഹ്മണൻ ഭയപ്പെട്ട് ഓടി. ആന ഇലയെ മൎദ്ദിച്ചപ്പോൾ പുഷ്പങ്ങളെല്ലാംഭൂമിയിൽ വീണു. ബ്രാഹ്മണൻ ശിവാൎപ്പണമെന്നു പറഞ്ഞു ഗൃഹത്തിലേക്കു പോകയും ചെയ്തു. ഇതെല്ലാം രാജാ

 വൃ മാളികയുടെ മുകളിലിരുന്നു കണ്ടു. തന്റെ ആനചെയ്യതാ യ ശിവദ്രോഹം തനിക്കാണെന്നു നിശ്ചയിച്ചു തന്റെ ശിരസ്സി നെ അറപ്പാനായി വേഗം കയ്യിൽ വാളെടുത്തു. അപ്പോൾ ഒരു അശരീരിവാക്കുകേട്ടു. നീ വെറുതെ സാഹസം ചെയ്യേ ണ്ട. ആ വൃക്ഷങ്ങളെല്ലാം മഹേശ്വരശിരസ്സിൽ അതാ കിടക്കു ന്നു നോക്കുക. ഇങ്ങിനെ അശരീരി വാക്കുകേട്ടു രാജാവു ക്ഷേ ത്രത്തിൽചെന്നുനോക്കുമ്പോൾ ആ വൃക്ഷങ്ങളെല്ലാം ശിവലിം ഗത്തിന്റെ ശിരസ്സിൽ കിടക്കുന്നതുകണ്ടു. രാജാവു വിസ്മിത ചിത്തനായിട്ട് ആ ബ്രാഹ്മണനെ ശിവനാണെന്നുതന്നെ വി ചാരിച്ചു. അനന്തരം രാജാവ് ആ ബ്രാഹ്മണന്നു ശിവപൂജ ക്കായി ആയിരം സ്വൎണ്ണപത്മങ്ങളേയും ഗൃഹങ്ങൾ, പശുക്കൾ, കൃഷിസ്ഥലങ്ങൾ ഇവകളെല്ലാം കൊടുത്ത് ആ ബ്രാഹ്മണന്റെ ശിഷ്യനായും ഭവിച്ചു. ആ മത്തഗജത്തെ ദിനന്തോറും മഹേ ശ്വരന്നു സ്വൎണ്ണകുംഭത്തിൽ അഭിഷേകജലം കൊണ്ടുവരുവാ നായി നിശ്ചയിച്ചു. ആ രാജാവിനെ ജനങ്ങൾ നന്ദികേശ തുല്യനായ ഭക്തനാണെന്നു പ്രശംസിച്ചു. ആ രാജാവു വള രെ ക്ഷമയോടുകൂടിയും ഇന്ദ്രിയനിഗ്രഹത്തോടുകൂടിയും രാജ്യം ര ക്ഷിച്ചുകൊണ്ടിരുന്നു. ഭക്തന്മാരെ പൂജിച്ചുകൊണ്ടും രാജധൎമ്മം തെററാതെ രാജ്യപരിപാലനം ചെയ്തുകൊണ്ടും വളരെക്കാലം കഴിച്ചു. ഒരിക്കൽ ഒരു ശത്രുവിനെ ജയിപ്പാനായി സൈന്യ ങ്ങളോടുകൂടി സേനാപതിയെ ഗിരിദുൎഗ്ഗങ്ങളിലേക്കയച്ചു. അ വർപോയി ശത്രുവിനെ ജീവനോടുകൂടി പിടിച്ചു മററുള്ള ശത്രു ക്കളെ കൊന്ന് അവരുടെ തലകളേയും അറുത്തു രാജാവിന്റെ സമീപത്തേക്കുവന്നു. രാജാവ് അതെല്ലാം കണ്ടു സന്തോഷ ത്താൽ സേനാപതിയെ ആലിംഗനം ചെയ്തു. അപ്പോൾ ആ രാജാവിന്റെ ഭക്തിയെ പരീക്ഷിപ്പാൻ മഹേശ്വരന്നു കൌതു കമുണ്ടായി. ശത്രുക്കളുടെ ശിരസ്സുകളുടെ ഇടയിൽ ജടയോടു കൂടിയ ഒരു ശിരസ്സിനെ ഉണ്ടാക്കി. അനന്തരം സേനാപതി ശത്രുശിരസ്സുകളെ എല്ലാം രാജാവിന്നു കാണിച്ചു. അതിനിടയി ൽ രാജാവു ജടയുള്ള ശിരസ്സുംകണ്ടു. ഹാ ദുഷ്ട! നീ എന്തു

ണ് ചെയ്യത്? എന്നു സേനാപതിയെ ദ്വേഷ്യപ്പെട്ട സൎവ്വ ജ്ഞനായ രാജാവ് അതിന്നു പ്രായശ്ചിത്തമായി തന്റെ കഴുത്തറുത്തു കളയാമെന്നു നിശ്ചയിച്ച ബ്രാഹ്മണൎക്ക് അനവധി ധനങ്ങളെ ദാനംചെയ്തു അഗ്നിയെ ജ്വലിപ്പിച്ച രാജാവ് അതിൽപ്രവേശിക്കവാനായി ആ ജടയുള്ള ശിരസ്സിനെ എടുത്തു തന്റെ തലയിൽവെച്ച് അഗ്നികുണ്ഡത്തിന്റെ സമീപത്തേക്ക ചെന്നു. അപ്പോഠം ആ ശിരസ്സ മറഞ്ഞുപോയി. രാജാവ് അതുകണ്ട വിസ്മയിച്ചുകൊണ്ട നില്ക്കുമ്പോഠം മഹേശ്വരൻ വൃഷഭാരൂഢനായിട്ട് അവിടെ പ്രത്യക്ഷനായി. രാജാവു മഹേശ്വരനെ കണ്ട സന്തുഷ്ടനായിട്ട നമസ്കരിച്ച തൊഴുതുകൊണ്ട മഹേശ്വരനെ സ്തുതിച്ചു. മഹേശ്വരൻ രാജാവിന്നു കൈവല്യത്തെ കൊടുത്തു മറയുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ
അറുപത്തെട്ടാമദ്ധ്യായം.

—ഠഠ⁂ഠഠ—

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളേ! പതിതനാവട്ടേ ധൂൎത്തനാവട്ടേ ഭസ്മധാരിയായി കാണുന്നവനെ ശിവപ്രസാദത്തെ ആഗ്രഹിച്ച പൂജിക്കുന്നവന്നു ശിവനേപ്പോലെയുള്ള പൂജ്യത സംഭവിക്കുന്നു. ഇതിന്ന് ഒരു ഇതിഹാസം പറയാം. ഭൂമിക്ക് അലങ്കാരമായി ലക്ഷ്മീപുരമെന്നൊരു നഗരമുണ്ട്. ലക്ഷ്മിക്കു ക്രീഡാഗൃഹമായ ആ നഗരത്തിൽ ദരിദ്രനായി ഒരുവനുമില്ല. അവിടെ പ്രതാപസൂൎയ്യനെന്നു പേരായി ഒരു രാജാവുണ്ടായിരുന്നു. ആ രാജാവിന്റെ അച്ഛന്റേയും അമ്മയുടേയും വംശജന്മാൎക്കു കുലദൈവം ശിവനായിരുന്നു. പ്രതാപസൂൎയ്യൻ ചെറുപ്പത്തിൽതന്നെ സകല ശത്രുക്കളേയും ജയിച്ച സൎവ്വധൎമ്മങ്ങളേയും അറിഞ്ഞു ശിവഭക്തന്മാൎക്ക് അന്നദാനം ചെയ്യുന്നതാണ് മുഖ്യ ധൎമ്മമെന്നു നിശ്ചയിച്ചു. ഷഡ്രസങ്ങളോടുകൂടിയ അന്നത്താൽ ശിവഭക്തന്മാരെ പൂജിച്ചുകൊണ്ടിരുന്നു. വ

ഴികളിൽ അനേകം അന്നശാലകളെ ഉണ്ടാക്കി. അതിൽ വേണ്ടുന്ന കാര്യസ്ഥന്മാരേയും നിശ്ചയിച്ച വഴിപോക്കക്കും അന്നദാനം ചെയ്തുകൊണ്ടിരുന്നു. ഇങ്ങിനെ അറുപത്തിനാലു സംവത്സരം കഴിഞ്ഞു. 'അപ്പോൾ മഴയില്ലാത്തതിനാൽ എല്ലാപ്രാണികൾക്കും ഭയങ്കരമായ ദുർഭിക്ഷമുണ്ടായി. അതുകണ്ടു സകല ജനങ്ങളും അന്നദാതാവായ ആ രാജാവിന്റെ രാജ്യത്തിലേക്കു ചെന്നു. രാജാവു മദ്ധ്യാഹ്നംവരെ ജനങ്ങൾക്കെല്ലാം ഇഷ്ടംപോലെ ഭക്ഷണം കൊടുത്തു. എല്ലാവരേയും വസ്ത്രവും ധരിപ്പിച്ചു. ഇങ്ങിനെ പന്ത്രണ്ടു സംവത്സരം പന്തീരായിരം ജനങ്ങൾക്കു നിത്യവും ഭക്ഷണം കൊടുത്തു വസ്ത്രവും ധരിപ്പിച്ചുവന്നു. ഇങ്ങിനെ ചെയ്യുന്നതിനാൽ പ്രീതനായ മഹേശ്വരൻ രാജാവിനോടു സ്വപ്നത്തിൽ അഭീഷ്ടമെന്താണെന്നു ചോദിച്ചു. അപ്പോൾ രാജാവു ഭവാൻ ബ്രാഹ്മണർ ഭക്ഷണം കഴിക്കുന്ന പന്തിയിൽ വന്നിരുന്നു ഭക്ഷണം കഴിക്കുകയാണ് വേണ്ടതെന്നു പറഞ്ഞു. അങ്ങിനെതന്നെയെന്നു പറഞ്ഞു മഹേശ്വരൻ മറയുകയും ചെയ്തു. രാജാവ് എഴുനീററു സ്വപ്നവൈഭവത്തെ ഓൎത്തു ദേഹമെല്ലാം രോമാഞ്ചമുണ്ടായി, ഭക്തിപരവശനായി ഭവിച്ചു. അനന്തരം മൂന്നുമാസം കഴിഞ്ഞപ്പോൾ ഒരു ദിവസം മദ്ധ്യാഹ്നത്തിൽ മഹേശ്വരൻ വിടനായ ഒരു ബ്രാഹ്മണന്റെ വേഷംധരിച്ചു രാജഗൃഹദ്വാരത്തിൽവന്നു. അപ്പോൾ രണ്ടായിരം ശ്രോത്രിയബ്രാഹ്മണർ ഭക്ഷണത്തിന്നായി ഇരിക്കുന്നു. നഖക്ഷതദേഹത്തോടുകൂടിയവനായും ദന്തക്ഷതമുള്ള അധരത്തോടുകൂടിയവനായും ലാക്ഷാരസത്താലും മഞ്ഞളാലും അടയാളമുള്ള വസ്ത്രത്താൽ ഗജചൎമ്മംകൊണ്ടെന്നപോലെ പുതച്ചവനായും നെററിയിൽ പകുതി മാഞ്ഞിരിക്കുന്ന തിലകത്തോടുകൂടിയവനായും മുഖത്തിൽ ഭസ്മോദ്ധൂളനം ചെയ്യപ്പെട്ടവനായും താംബൂലത്തെ ചവച്ചുകൊണ്ടു കടക്കണ്ണിനാൽ ഉന്നതസ്തനിയായ ഗംഗാദേവിയെ കടാക്ഷിക്കുന്നവനായും പഴയ പുഷ്പമാലയെ കയ്യിൽ പിടിച്ചുകൊണ്ടിരിക്കുന്നവനായും ഉള്ള മായാവിടൻ അന്നമുണ്ടോ? എന്നു ഗംഭീരമായി ചോദിച്ചു. പ്രതാ

പസൂയ്യൻ ആ ബ്രാഹ്മണനെ ഭസ്മോദ്ധൂളിതശരീരനായി കണ്ട തിനാൽ ഭക്ഷണം ചെയ്യുന്ന ബ്രാഹ്മണരുടെ പന്തിയിലേക്ക കടത്തി; വൈശ്വാനരമന്ത്രത്തെ ജപിച്ച ഭക്ഷണം ചെയ്യുന്ന ബ്രാഹ്മണരുടെ മദ്ധ്യത്തിൽ ആ വിടബ്രാഹ്മണൻ ശൃംഗാര ലഹരിയെന്നപോലെയുള്ള വാക്കുകഠം പറഞ്ഞു. അതുകേട്ടു ബ്രാഹ്മണർ ഇവൻ നമ്മുടെ പന്തിയിലിരുന്ന ഭക്ഷണം ചെയ്യു വാൻ യോഗ്യനല്ലെന്നുപറഞ്ഞ് അന്യോന്യം നോക്കി. രാജാ വു വേഗം ബ്രാഹ്മണനെ കാൽകഴകിച്ചിരുത്തി പുഷ്പം, ചന്ദ നം മുതലായതിനാൽ പൂജിച്ചു. രാജപത്നി അനുഗ്രഹത്തിന്ന് അന്നം മുതലായതെല്ലാം വിളമ്പി. രാജാവ് ആ ധൂൎത്തന്റെ കയ്യിൽ ശീതളമായ ജലത്തെ സന്തോഷത്തോടുകൂടെ ഒഴിച്ചു കൊടുത്തു, ഇനി ഭക്ഷിക്കുക എന്നുപറഞ്ഞു. അതുകണ്ടു മ റെള്ള ബ്രാഹ്മണർ ഈൎഷ്യയോടെ നോക്കിക്കൊണ്ടിരുന്നു. അ പ്പോഠം മായാവിടൻ ജലവും കയ്യിൽ വെച്ചുകൊണ്ടു രാജാവി നോടു പറഞ്ഞു. എന്റെ പ്രിയതമയായ ദാസി പടിക്കൽ നില്ക്കുന്നുണ്ട്. അവളെ ഇങ്ങോട്ടു വിളിക്കുക. എനിക്ക് അ വളോടൊരുമിച്ചാണ് ഭക്ഷണം. ഇങ്ങിനെ വിടൻ പറഞ്ഞ തുകേട്ടു ജാതിമദാന്ധന്മാരായ ബ്രാഹ്മണരെല്ലാവരും ഹരി! ഹരി! എന്നുപറഞ്ഞു. രാജാവു താൻ കണ്ട സ്വപ്നത്തെ ഓൎത്തുകൊ ണ്ടു ദാസിയെ നോക്കുവാനായി പടിക്കലേക്ക പോയി. അപ്പോ ഴെക്ക മായാവിടൻ മറഞ്ഞുകളഞ്ഞു. പടിക്കൽ ദാസിയെ കാ ണാതെ രാജാവു മടങ്ങിവരുമ്പോഴെക്ക ബ്രാഹ്മണനേയും കാ ണാനില്ല. അതുകണ്ടു രാജാവു ഖിന്നചിത്തനായി ഭവിച്ചു. ബ്രാഹ്മണരെല്ലാവരും കൎമ്മാന്ധന്മാരും ദ്രോഹികളുമായ തങ്ങ ളെത്തന്നെ നിന്ദിച്ചു. രാജാവും ഭാൎയ്യയും പ്രാണത്യാഗത്തി ന്നായി ഒരുങ്ങി. രാജാവു തന്റെ കയ്യിൽ വാളെടുത്തു. അ പ്പോഠം മഹേശ്വരൻ വൃഷഭാരൂഢനായിട്ടു രാജാവിന്റെ മുമ്പി ൽ പ്രത്യക്ഷനായി. രാജാവ് ഉമാദേവിയോടും ഗജാനനഷ ഡാനനന്മാരോടുംകൂടി വൃഷഭാരൂഢനായ മഹേശ്വരനെ കണ്ടു ക്ഷമിക്കുക എന്നുപറഞ്ഞു നമസ്കരിച്ചു. അപ്പോഠം സന്തുഷ്ട

നായ മഹേശ്വരൻ ചിരിച്ചുകൊണ്ടു രാജാവിന്നു മുക്തിയെ കൊടുത്തു ദേവിയോടുകൂടി മറയുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ
അറുപത്തെട്ടാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളേ! ഏതൊരുത്തൻ അനേക പ്രാണികളെ മഹേശ്വരന്നു സമർപ്പിച്ചു മഹേശ്വരനെ ധ്യാനിച്ചുകൊണ്ടിരിക്കുന്നുവോ അവൻ ഹീനജാതിയായിരുന്നാലും കർമ്മബന്ധത്തിൽനിന്നു മോചിക്കുന്നു. ഇതിന്നു ഒരു ഇതിഹാസത്തെ പറയാം. കിഴക്കെ സമുദ്രതീരത്തിൽ കുബേരപുരതുല്യമായും ത്രൈലോക്യവിശ്രുതമായും നാഗപുരം എന്നു പേരായ ഒരു പുരമുണ്ട്. ആ നഗരത്തിൽ ദിനന്തോറും രത്നപരീക്ഷയ്ക്കായി വളരെ കപ്പലുകളിൽ അനേകവിധരത്നങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അവിടെ സ്വർണ്ണത്തെ മാററുനോക്കുന്നവരായ വൈശ്യന്മാരുടെ കയ്യിലുള്ള മെഴുകുണ്ടയിൽ സ്വർണ്ണരേണുക്കൾ പ്രകൃതിയിൽ ദേഹികൾ ലയിക്കുന്നതുപോലെ ലയിക്കുന്നു. അവിടെ സ്വർണ്ണപ്പൊടികളും വെള്ളിപ്പൊടികളും ഭൂമിയിലുള്ള പൊടികളെപ്പോലെ കിടക്കുന്നു. ആ നഗരത്തിൽ പ്ലവൻ എന്നു പേരായി ഒരു ദാസനുണ്ടായിരുന്നു. അവന്നു ചൂണ്ടൽകൊണ്ടും വലകൊണ്ടും മത്സ്യങ്ങളെ പിടിക്കുകയാണ് പ്രവൃത്തി. ഒരിക്കൽ ത്യാഗേശ്വരന്നു ഫാൽഗുനോത്സവമുണ്ടായപ്പോൾ നാഗപുരത്തിലുള്ള ജനങ്ങളെല്ലാം ആ ഉത്സവത്തെ കാണ്മാൻ പുറപ്പെട്ടു. പ്ലവൻ എന്നു പേരായ കൈവത്തനും അവരുടേകൂടെ പുറപ്പെട്ടു. കമലാലയത്തിൽ പോയി ത്യാഗേശ്വരനെ സേവിച്ചു പ്ലവൻ കമലാലയതീർത്ഥക്കരയിൽ ചെന്നുനിന്നു. അപ്പോൾ ഒരു മത്സ്യം തീർത്ഥത്തിലിട്ട നിർമ്മാല്യത്തെ തിന്നുകൊണ്ടിരുന്നു. അതുകണ്ടു പ്ലവൻ ജാതിസ്വഭാവത്താൽ അതിനെ പിടിച്ചു. ആ തീർത്ഥക്കരെയിൽ ഒരു ബ്രാഹ്മണൻ ശി

വപൂജചെയ്തുകൊണ്ടിരുന്നു. ആ ബ്രാഹ്മണൻ പ്ലവനോട ശിവാപ്പണമെന്നു പറഞ്ഞു മത്സ്യത്തെ തീൎത്ഥത്തിലേക്ക വിടുവാൻ പറഞ്ഞു. അവൻ വേഗം മത്സ്യത്തെ വിട്ടു തൊഴുതുകൊണ്ടു ബ്രാഹ്മണനോട ഞാൻ ഈ മത്സ്യത്തെ വിട്ടതുകൊണ്ടുള്ള ഫലമെന്താണെന്നു ചോദിച്ചു. അപ്പോൾ ബ്രാഹ്മണൻ പറഞ്ഞു. നീ നീചജാതിയായിരുന്നാലും ആ ബ്രഹ്മവസ്തുതന്നെയാകുന്നു എന്നു പറഞ്ഞു ഭസ്മവുംകൊടുത്തു. മത്സ്യത്തെ പിടിക്കുന്നതു നിന്റെ ജാതിധൎമ്മമായാലും ഞാൻ പറഞ്ഞതുകൊണ്ടു മത്സ്യത്തെ വിട്ടുവല്ലൊ. അതിനാൽ നിനക്ക ത്ര്യാഗേശ്വരപ്രസാദമുണ്ടാകും എന്നു പറഞ്ഞു ബ്രാഹ്മണൻ പോകയും ചെയ്തു. അന്നുമുതൽ പ്ലവൻ സമുദ്രത്തിൽ വലയിട്ടു കിട്ടുന്ന മത്സ്യങ്ങളിൽ നല്ലതായ ഒരു മത്സ്യത്തെ ശിവാപ്പണമെന്നു പറഞ്ഞു ജീവനോടുകൂടി സമുദ്രത്തിലേക്ക വിടും. ഇങ്ങിനെ ഒരു നിയമം നിശ്ചയിച്ചു. മറ്റുള്ള കൈവൎത്തന്മാരെല്ലാവരും പരിഹാസമായി അവനെ ഭക്തൻ എന്നു വിളിച്ചുതുടങ്ങി. പ്ലവൻ ഇങ്ങിനേയുള്ള നിയമത്തോടുകൂടി പത്തുവത്സരം കഴിച്ചു. പ്ലവൻ ദിവസന്തോറും സമുദ്രത്തിൽ വലവീശുമ്പോഴെക്കുതന്നെ അനവധി മത്സ്യങ്ങൾ വലയിൽപെടും. നല്ലതെല്ലാം അവൻ ശിവന്നാണെന്നുപറഞ്ഞു വിടും. മത്സ്യം വിറ്റ് അവന്നു ധനം വളരെ വൎദ്ധിച്ചു. അവൻ അതിഭക്തനും അതിധനവാനും ആയിത്തീൎന്നു. അവന്റെ ഭക്തിയെ ഒന്നു പരീക്ഷിക്കേണമെന്നു മഹേശ്വരന്നു കൌതുകമുണ്ടായി. ഒരു ദിവസം പ്ലവൻ വൈകുന്നേരംവരെ വലയിട്ടിട്ടും ഒരു മത്സ്യമെങ്കിലും കിട്ടിയില്ല. സന്ധ്യയാകുമ്പോൾ വലുതായ ഒരു മത്സ്യം വലയിൽ പെട്ടു. ധീരനായ പ്ലവൻ അതിനെ എടുത്തു ശിവാപ്പണമെന്നുപറഞ്ഞു സമുദ്രത്തിലിട്ടു. സൎവ്വസാക്ഷിയായ മഹേശ്വരൻ അതു കണ്ടു സന്തുഷ്ടനായി ഭവിച്ചു. പിറേറദിവസം രാവിലെ പ്ലവൻ വലയിട്ടപ്പോൾ വലയിൽ അനവധി മത്സ്യങ്ങൾ പെട്ടു. അതിൽ മഹേശ്വരമായയാൽ സ്വൎണ്ണമയമായ ഒരു മത്സ്യ

മുണ്ടായി. ആ വലയുടെ ഭാരാധിക്യത്താൽ പ്ലവൻ അതി നെ വലിച്ചുകയററുവാൻ ശക്തനായില്ല. അടുക്കെ മത്സ്യാ പിടിക്കുന്ന മററുള്ള ദാശന്മാരെ വിളിച്ചുവരുത്തി. വലയിലു ള്ള മത്സ്യത്തിൽ പകുതി ഞങ്ങൾക്കു തന്നാൽ ഞങ്ങൾ സഹാ യിക്കാമെന്നു് അവർ പറഞ്ഞു. അങ്ങിനെതന്നെയെന്നു സ മ്മതിച്ചു് അവരെല്ലാവരുംകൂടി വലയെ വലിച്ചു കരയ്ക്കു കയ ററി നോക്കുമ്പോൾ അതിൽ ഒരു സ്വൎണ്ണമത്സ്യത്തെ കണ്ടു. അ തു കണ്ടു ദാശന്മാരെല്ലാം സന്തോഷിച്ചു. പ്ലവനാകട്ടെ മത്സ്യ ങ്ങളെ ഭാഗിക്കുന്നതിന്നുമുമ്പെ ആ സ്വൎണ്ണമത്സ്യത്തെ എടുത്തു സമുദ്രത്തിലേക്കിട്ടു നിയമത്തെ രക്ഷിച്ചു. അതിന്റെ വില ഞ ങ്ങൾക്കു തരേണമെന്നു ദാശന്മാർ കലഹിച്ചപ്പോൾ പ്ലവൻ ത നിക്കുള്ള പകുതി മത്സ്യത്തെ ഒട്ടും ശങ്കിക്കാതെ അവൎക്കു കൊടു ത്തു. കൈവൎത്തശിഖാമണിയായ പ്ലവന്റെ ഭക്തികണ്ടു മഹേ ശ്വരൻ ഗൌരീദേവിയോടുകൂടി അവന്റെ മുമ്പിൽ പ്രത്യക്ഷ നായി. ഭക്തനായ പ്ലവന്നു പുനൎഭവഭയരഹിതമായ മുക്തിയെ കൊടുത്തു ദേവൻ മറയുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ

അറുപത്തൊമ്പതാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളേ! ഏതൊരു മനു ഷ്യൻ ഭസ്മരുദ്രാക്ഷധരന്മാരുടെ പാദങ്ങളെ താൻതന്നെ കഴുകി ച്ചു പൂജിക്കുന്നുവോ അവനും കൎമ്മബന്ധത്തിൽനിന്നു മോചി ക്കുന്നു. ലോകവിശ്രുതമായും സൽപുരുഷന്മാൎക്കിരിപ്പിടമായും മഹേശ്വരന്റെ പുണ്യക്ഷേത്രമായും കലശിപുരമെന്നു പേരായ ഒരു നഗരമുണ്ടു്. ആ നഗരത്തിൽ മാനധനനെന്നു പേരായി മഹാനായ ഒരു രാജാവുണ്ടായിരുന്നു. ആ രാജാവു ശത്രുക്കളെ ഗരുഡൻ സൎപ്പങ്ങളേയെന്നപോലെ പേടിപ്പിച്ചുകൊണ്ടു ഭൂമി യെ ധൎമ്മത്തോടുകൂടെ രക്ഷിച്ചു. മാനധനന്നു് അനേക ജന്മ

ങ്ങളാൽ സമ്പാദിക്കപ്പെട്ട പുണ്യവിശേഷത്താൽ മഹേശ്വര ങ്കൽ ഭക്തിയുണ്ടായി. രാജാവു സകല വേദാഗമതത്വങ്ങളേ യും കേട്ട സകലവും ജഗദധിഷ്ഠാനമായ ശിവങ്കലാണെന്ന നി ശ്ചയിച്ച മഹേശ്വരങ്കൽ ദൃഢതമയായ ഭക്തിയെ ചെയ്തു. ബ്ര ഹ്മവിത്തായും ബ്രാഹ്മണപ്രിയനായും ഇരിക്കുന്ന ആ രാജാവു ത്രികാലം ശിവപൂജചെയ്തുകൊണ്ട തന്റെ രാജ്യവാസികളെ യെല്ലാം ശിവപൂജചെയ്യുവാൻ നിഷ്കർഷിക്കുകയും ചെയ്തു. പ ഞ്ചാക്ഷരമന്ത്രം ജപിക്കാത്തവരേയും ഭസ്മത്രിപുണ്ഡ്രത്തെ ധരി ക്കാത്തവരേയും ഭസ്മംകൊണ്ട് ഉദ്ധൂളനം ചെയ്യാത്തവരേയും രുദ്രാക്ഷം ധരിക്കാത്തവരേയും തന്റെ രാജ്യത്തിൽനിന്ന പുറ ത്താക്കുമെന്ന ഭേരിയടിപ്പിച്ച് എല്ലാദിക്കുകളിലും ഘോഷിച്ചു. രാജാവിനേയുള്ള ഭയത്താൽ ആ രാജ്യവാസികളെല്ലാം ശിവ ഭക്തിരതന്മാരായി ഭവിച്ചു. ആ രാജാവിനെ കണ്ട കലിപേടി ച്ചു വിറച്ചു തൊഴുതുകൊണ്ട തനിക്കു മുമ്പേതന്നെ നിശ്ചയിക്ക പ്പെട്ട സ്ഥാനങ്ങളിലേക്കുപോയി. ശിവഭക്തിയില്ലാത്തവങ്കൽ വസിച്ചുകൊള്ളുവാൻ രാജാവു കല്പിച്ചു. ആ ദേശത്തിൽ അ ലക്ഷ്മി, കലഹം, ക്രോധം, കാമം, കളവ് ഇതൊന്നുമില്ലാത്ത തിനാൽ കലി ഓടിപ്പോയി. അതുമുതൽക്കു രാജാവിന്നു കലി കമ്പൻ എന്നുള്ള പേർ പ്രസിദ്ധമായി. ആ കലികമ്പന്ന ശി വഭക്തന്മാരെ കാൽ കഴുകിക്കുന്നതു നിത്യവ്രതമാണ്. മദ്ധ്യാ ഹ്നത്തിൽ ഏതു ഭക്തന്മാർ വന്നാലും ശീതളജലത്താൽ അ വരുടെ കാൽകഴുകിച്ചു ഭക്ഷണം കൊടുക്കും. ഇങ്ങിനെ നിത്യ വ്രതത്തോടുകൂടി പന്ത്രണ്ട സംവത്സരം കഴിഞ്ഞു. അപ്പോൾ മ ഹേശ്വരൻ രാജാവിന്റെ ഭക്തിയെ ഒന്ന പരീക്ഷിക്കേണമെ ന്ന നിശ്ചയിച്ച് ഉപനയനം ചെയ്യാത്ത ഒരു ബ്രാഹ്മണബാ ലന്റെ വേഷംധരിച്ച രാജഗൃഹത്തിൽ ഭക്ഷണത്തിന്ന വന്നി രിക്കുന്ന മഹാത്മാക്കളുടെ കൂട്ടത്തിൽ ഭസ്മക്കുറിയാൽ ശോഭിച്ചു കൊണ്ടുവന്നിരുന്നു. നീ ആരാണ്? എവിടുന്ന വരുന്നവനാ ണ്? എന്ന ബ്രാഹ്മണർ വളരെ ചോദിച്ചിട്ടും ആ കുട്ടി ഒ ന്നും പറഞ്ഞില്ല. കാൽകഴുകിപ്പാൻ സമയമായപ്പോൾ ശ്രീമാ

നായ രാജാവു വന്നു സ്വൎണ്ണപാത്രത്തിൽ ജലത്തെ എടുത്തു കൊണ്ടു പിന്നാലെ ഭാൎയ്യയും വന്നു. എല്ലാ ബ്രാഹ്മണരുടേയും കാൽകഴുകി കഴിഞ്ഞു. കുട്ടിമാത്രം ബാക്കിയായി. രാജാവു നിനക്കു സംസ്കാരങ്ങളൊന്നും കഴിഞ്ഞിട്ടില്ലല്ലോ. നി എന്തു ജാതിയാണ്? എവിടത്തുകാരനാണ്? നിന്റെ അച്ഛനമ്മമാർ ആരാണ്? എന്നു ചോദിച്ചു. അതുകേട്ടു കുട്ടി പറഞ്ഞു. ഹേ രാജൻ! എനിക്ക് അച്ഛനമ്മമാർ ഇല്ല. കുലം എന്താണെന്നു ഞാൻ അറിയില്ല. പിന്നെ എങ്ങിനെ സംസ്കാരകൎമ്മം ചെയ്യും. ഇതുകളേക്കൊണ്ടു ഭവാനെന്താണ്? ഞാൻ കന്യകയെ ചോദിക്കുന്നില്ലല്ലോ. അന്നം തരുമോ ഇല്ലയോ? ഇങ്ങിനെ പറയുന്ന കുട്ടിയുടെ കാൽകഴുകിക്കുവാനായി രാജാവു തുടങ്ങുമ്പോൾ രാജ്ഞി കൈപിടിച്ചു നിൎത്തി. രാജാവ് അതികോപത്തോടെ വേഗം വാളെടുത്തു രാജ്ഞിയുടെ കയ്യിനെ മുറിച്ചുകളഞ്ഞു. അപ്പോൾ മഹേശ്വരൻ വൃഷഭാരൂഢനായിട്ട് അവരുടെ മുമ്പിൽ പ്രത്യക്ഷനായി. രാജാവും ഭാൎയ്യയും മഹേശ്വരനെ കണ്ടു പരമാനന്ദ മഗ്നന്മാരായിട്ടു നമസ്കരിച്ചു സ്തുതിച്ചു. മഹേശ്വരൻ അവൎക്കു മുക്തിയെ കൊടുത്തു മറയുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ
എഴുപതാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളേ! ആദിശമനമെന്നു പേരായി ലോകവിശ്രുതമായ ഒരു നഗരമുണ്ട്. ആ നഗരം ജനനമരണത്തിന്റെ വൈദ്യനായ മഹേശ്വരന്നു പ്രിയസ്ഥലമാണ്. അവിടെ കലിനീതിയെന്നു പേരായി ഒരു കുലാലശ്രേഷ്ഠനുണ്ടായിരുന്നു. അവൻ പുരാണജ്ഞന്മാർ പുരാണം വായിക്കുമ്പോൾ ശിവക്ഷേത്രത്തിൽ വിളക്കുവെക്കുന്നതിന്റെ മാഹാത്മ്യത്തെ കേട്ടു. അന്നുമുതൽ കലിനീതി ദിനന്തോറും ശിവക്ഷേത്രത്തിൽ പോയി എണ്ണകൊണ്ട് അഞ്ചു

റ വിളക്കുവെക്കും. നെയ്യുകൊണ്ട് അഞ്ഞൂറ വിളക്കു വെച്ചുകൊണ്ടു രാത്രിയും പകലും മഹേശ്വരനെ സേവിച്ചുകൊണ്ടിരുന്നു. മദ്ധ്യാഹ്നത്തിൽ എണ്ണപകൻ പരുത്തികൊണ്ടു തിരികൾ ഇട്ടു ദീപങ്ങളെ ജ്വലിപ്പിച്ചു. രാത്രി ശുദ്ധമായിരിക്കുന്ന നൂൽകൊണ്ടു തിരിയിട്ടു നെയ്യു പകൻ ദീപങ്ങളെ ജ്വലിപ്പിച്ചു. ഇങ്ങിനെ പകലും രാത്രിയുംകൂടി ആയിരം വിളക്കു വെക്കുന്നതിനാൽ ശിവസന്നിധി നല്ലവണ്ണം പ്രകാശിച്ചു. ഇങ്ങിനെ നിത്യവ്രതത്തോടുകൂടി അവൻ ഏഴു സംവത്സരം കഴിച്ചു. അപ്പോൾ മഹേശ്വരൻ അവന്റെ ഭക്തിയെ പരീക്ഷിപ്പാനായി അവന്നു ദാരിദ്ര്യത്തെ ഉണ്ടാക്കി. അവൻ വളരെ ദരിദ്രനായിട്ടും ഗ്രഹം മുതലായ സാധനങ്ങളെ വിററു ഒരു സംവത്സരം വ്രതത്തെ അനുഷ്ഠിച്ചു. പിന്നെ ഭാൎയ്യയുടെ ആഭരണങ്ങളെ എല്ലാം വിററു ആറമാസത്തെ കഴിച്ചു. അങ്ങിനേതന്നെ പശു മുതലായ സാധനങ്ങളെല്ലാം വിററും വിളക്കുവെച്ചു. സകല സാധനങ്ങളും വിററു കഴിഞ്ഞപ്പോൾ യാചിച്ചു കിട്ടുന്ന എണ്ണകൊണ്ട് ഒരു മാസം വ്രതപരിപാലനം ചെയ്തു. ഒരുദിവസം എണ്ണയാവട്ടേ നെയ്യാവട്ടേ ഒരേടത്തും കിട്ടിയില്ല. അപ്പോൾ കലിനീതി മഹേശ്വരസന്നിധിൽ നിന്നു കരഞ്ഞുതുടങ്ങി. അപ്പോൾ മഹേശ്വരൻ ഒരു വൃദ്ധന്റെ വേഷംധരിച്ചു കലിനീതിയോടു നീ എന്തിനാണ് കരയുന്നതെന്നു ചോദിച്ചു. കലിനീതി വ്രതഭംഗത്തിന്റെ കാരണത്തെ പറഞ്ഞു പിന്നേയും ഹേ മഹേശ്വര! വ്രതഭംഗം വന്ന എന്നെ രക്ഷിക്കണേ എന്നുപറഞ്ഞ് ഉറക്കെ നിലവിളിച്ചു. അപ്പോൾ വൃദ്ധൻ ചിരിച്ചുകൊണ്ടു പറഞ്ഞു. നീ കരഞ്ഞുകൊണ്ടു ഫലമെന്താണ്? നിനക്കു മഹേശ്വരങ്കൽ ദൃഢഭക്തിയുണ്ടെങ്കിൽ നിന്റെ കാതിനെ അറുത്ത് ആ രക്തംകൊണ്ടു വിളക്കുവെക്കുക. അതുകേട്ടു കലിനീതി തലക്കുകൊണ്ട് അപ്രകാരം ചെയ്യുവാൻ ആരംഭിച്ചു. അപ്പോൾ മഹേശ്വരൻ ഉമാദേവിയോടുകൂടി വൃഷഭാരൂഢനായിട്ട് അവന്റെ മുമ്പിൽ പ്രത്യക്ഷനായി. ഭക്തനായ കലിനീതി

ക്ക സായൂജ്യത്തെ കൊടുത്തു മഹേശ്വരൻ മായുകയും ചെയ്തു.— ബ്രഹ്മപുരത്തിൽ ശക്തിയെന്നപേരായ ഒരു ശൂദ്രനുണ്ടായിരുന്നു. അവൻ ശിവങ്കൽ ഭക്തിമാനായിട്ടു ശിവസ്തുതിതല്പരനായും ഭവിച്ചു. ദൃഢഭക്തനായ ആ ശൂദ്രന്ന് ഒരു വ്രതമുണ്ടായിരുന്നു. വേദത്തേയും വേദാന്തത്തേയും വൈദികന്മാരേയും ശിവനേയും ദുഷിച്ചുപറയുന്നവരുടെ നാവിനെ മുറിച്ചുകളയും എന്നുള്ള നിശ്ചയത്തോടെ കത്തിയെ കയ്യിൽ പിടിച്ചുകൊണ്ടിരുന്നു. അവനെഉള്ള ഭയത്താൽ ആ നഗരവാസികളെല്ലാം മഹേശ്വരനെ സ്തുതിച്ചുകൊണ്ടു ക്രോധത്താൽ അമൃതപാനം ചെയ്യുവരെപ്പോലെ പാപരഹിതന്മാരായി ഭവിച്ചു. ആ ശൂദ്രനം മഹേശ്വരപ്രസാദത്താൽ പുനരാവൃത്തിരഹിതമായ മഹേശ്വരസ്ഥാനത്തെ പ്രാപിച്ചു.

എന്ന സ്കന്ദോപപുരാണത്തിൽ
എഴുപത്തൊന്നാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— കമ്പാനദിയുടെ തീരത്തിൽ പ്രസിദ്ധമായ കാഞ്ചീപുരമുണ്ടല്ലൊ. അതിന്റെ സമീപത്തിലുള്ള കാട്ടിൽ നന്ദഗോപപുത്രനായ കൃഷ്ണനെപ്പോലെ അനേക ഗോപനായകനായി ഒരു ഗോപശ്രേഷ്ഠനുണ്ടായിരുന്നു. അവന്ന് ഒരു സിദ്ധന്റെ പ്രസാദത്താൽ പഞ്ചാക്ഷരമന്ത്രത്തെ ലഭിച്ചു. ഗുരുവിന്റെ ആജ്ഞയെ പാലിച്ചുകൊണ്ടിരിക്കുന്ന അവന്ന് ഇന്ദ്രിയജയം സിദ്ധിച്ചു. സർവ്വഭോഗങ്ങളിൽനിന്നും വിരക്തനായ ഗോപൻ രാജ്യത്തെ പുത്രങ്കൽ ഏല്പിച്ചു മഹേശ്വരന്റെ സുന്ദരസ്വരൂപത്തെ എപ്പോഴും മനസ്സിൽ വെച്ചുകൊണ്ടിരുന്നു. ഗംഗയാലും ചന്ദ്രകലയാലും സർപ്പത്തിനാലും മാലകളാലും കെട്ടപ്പെട്ട ജടാഭാരത്തോടുകൂടിയവനായും ജ്വലിക്കുന്ന തൃതീയനേത്രത്തോടുകൂടിയവനായും സർപ്പകുണ്ഡലത്താൽ മണ്ഡിതനായും ചന്ദ്രൻ, സൂര്യൻ, അഗ്നി ഇവരാകുന്ന മൂന്നുനേത്രങ്ങളോടുകൂടിയവനായും മന്ദസ്മിതത്തോടുകൂടിയ മുഖപത്മ

ത്തോടു കൂടിയവനായും കപാലമാലയാകുന്ന ആഭരണത്തോടു കൂടിയവനായും നീലകണ്ഠത്തോടുകൂടിയവനായും നാലു കൈകളിൽ വരമുദ്ര, അഭയമുദ്ര, ശൂലം, മൃഗം ഇങ്ങിനെയുള്ള ചിഹ്നത്തോടുകൂടിയവനായും സപ്പത്താൽ യജ്ഞോപവീതത്തെ ധരിച്ചവനായും ഭസ്മോദ്ധൂളിതശരീരനായും വ്യാഘ്രചമ്മധരനായും ശബ്ദിക്കുന്ന മണിനൂപുരങ്ങളാൽ പരിഷ്കരിക്കപ്പെട്ട പാദാരവിന്ദങ്ങളോടു കൂടിയവനായും ഉമാദേവിയാൽ അലംകൃതമായ വാമഭാഗത്തോടുകൂടിയവനായും വാക്കിന്നും മനസ്സിന്നും അഗോചരനായുമിരിക്കുന്ന മഹേശ്വരനെ പഞ്ചേന്ദ്രിയവൃത്തിയോടുകൂടിയ മനസ്സിനാൽ വിഷയീകരിച്ചതുകൊണ്ട് ആ ഭക്താഗ്രഗണ്യനായ ഗോപന്ന പഞ്ചപാദനെന്നുള്ള പേർ പ്രസിദ്ധമായി. അവൻ ചിദംബരപുരത്തിലിരുന്നു നിത്യവും മഹേശ്വരനെ സ്തുതിച്ചു നടേശ്വരപ്രസാദത്താൽ ശിവസായൂജ്യത്തെ പ്രാപിച്ചു.— ശ്വേതനദീതീരത്തിൽ പരിമളപുരമെന്നപേരായി ഒരു നഗരമുണ്ട്. അവിടെ ഗണൻ എന്നപേരായി ഒരു ശിവഭക്തനുണ്ടായിരുന്നു. അവൻ ശിവപുരാണങ്ങളിൽ ശിവകൈങ്കൎയ്യത്തിന്റെ മാഹാത്മ്യത്തെ കേട്ടു തന്റെ ദ്രവ്യത്താൽ ദിനന്തോറും മഹേശ്വരന്നു ദീപദാനം ചെയ്യുവന്നു. അവന്നു ശിവപ്രസാദത്താൽ ഒരു നിധികിട്ടി. ആ മഹാധനത്തെ ദീപത്തിന്നു മുഖ്യസാധനമായ കപ്പൂരത്തെ വാങ്ങുവാൻ ഉപയോഗിച്ചു. ഇങ്ങിനെ വളരെക്കാലം കഴിഞ്ഞപ്പോൾ അവന്റെ ഭക്തിയെ പരീക്ഷിപ്പാനായി മഹേശ്വരൻ അവനെ നിദ്ധനനാക്കി. അപ്പോൾ അവൻ ഉണങ്ങിയ പുല്ലുകളെ കൊണ്ടുവന്നു കൂട്ടംകൂട്ടമായി കൂട്ടി മഹേശ്വരസന്നിധിയിൽ കത്തിച്ചുതുടങ്ങി. ഇങ്ങിനെ മൂന്നുവഷം കഴിച്ചു. അനന്തരം വഷകാലത്തിൽ ഒരുദിവസം ഉണങ്ങിയ പുല്ലുകളെ ലഭിക്കാതെ ഗണൻ തന്റെ കചഭാരത്തിൽ തീകൊളുത്തി മഹേശ്വരന്നു ദീപദാനം ചെയ്തു. അപ്പോൾ മഹേശ്വരൻ പ്രത്യക്ഷനായി വന്ന് അവന്നു സായൂജ്യത്തെ കൊടുത്ത് അവനോടുകൂടി മറയുകയും ചെയ്തു. — കരകപുരമെന്ന പേരായ നഗരത്തിൽ അധികാരിയെന്നപേരാ

യി ഒരുവൻ ഉണ്ടായിരുന്നു. അവൻ കവിത്വത്താൽ രാജാവിനെ സ്തുതിച്ച് എപ്പോഴും ധനങ്ങളെവാങ്ങി മഹേശ്വരന്റെ ക്ഷേത്രനിർമ്മാണമാകുന്ന കൈങ്കര്യത്തെ ചെയ്തു മഹേശ്വരപ്രസാദത്താൽ ശിവസായൂജ്യം ലഭിച്ചു.— പാണ്ഡ്യരാജ്യത്തിൽ അഭിരാമനെന്നുപേരായി ഒരു രാജാവുണ്ടായിരുന്നു. ആ രാജാവു ശത്രുക്കളെ ജയിച്ചു കീർത്തിസമ്പാദിച്ചവനും വിദ്വജ്ജനപൂജിതനുമായിരുന്നു. ആ രാജാവു ജ്ഞാനസംബന്ധനെ പൂജിച്ചു ജ്ഞാനസംബന്ധന്റെ ഉപദേശത്താൽ അത്യുത്തമമായ ശിവതത്വത്തെയറിഞ്ഞു ദേഹത്തിലുള്ള അഹംഭാവത്തെ വിട്ടു ശുദ്ധമാനസനായിട്ടു മഹേശ്വരപ്രസാദത്താൽ കൈവല്യത്തെ പ്രാപിച്ചു.

എന്നു സ്കന്ദോപപുരാണത്തിൽ
എഴുപത്തിരണ്ടാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു— ഹേ മുനികളേ! മായൂരത്തിൽ നിർവ്വയ എന്നു പേരായി ശൂദ്രജാതിജനായ ഒരു ശിവഭക്തനുണ്ടായിരുന്നു. അവൻ മനസ്സുകൊണ്ടു മഹേശ്വരനെ പൂജിച്ചു ക്ഷേത്രത്തിന്റെ സമീപത്തിൽ ഒരു കുടിൽകെട്ടി അതിൽ വസിച്ചുകൊണ്ടു മനസ്സിനാൽ പഞ്ചാക്ഷരത്തെ ജപിച്ചുകൊണ്ടും ഭസ്മോദ്ധൂളിതദേഹനായും ജടാവല്ക്കലധരനായും ഇരുന്നു ദിവസംതോറും വൈകുന്നേരം മാത്രം ഒരു കൈ ജലത്തെ പാനം ചെയ്യും. ഇങ്ങിനെ അവൻ പന്ത്രണ്ടുസംവത്സരം മഹേശ്വരനെ സേവിച്ചു സംസാരസമുദ്രത്തിൽനിന്നു മോചിതനായി ഭവിക്കുകയും ചെയ്തു.— വിശാലപുരത്തിൽ മാനദൻ എന്നുപേരായ ഒരു ശൂദ്രനുണ്ടായിരുന്നു. അവൻ ശൂരാഗ്രഗണ്യനും മഹേശ്വരഭക്തനുമായിരുന്നു. അവൻ നരസിംഹരാജാവിന്റെ സേനാപതിയായിരുന്നു. ഏഴരക്കോടി ദ്രവ്യം സമ്പാദിച്ചു ശിവഭക്തന്മാരെ രക്ഷിച്ചു; ഗൃഹം, കൃഷി, വസ്ത്രം, ഉദ്യാനം, ആരാമം, കന്യക, ആഭരണം, വാഹനം ഇതുകളെയെല്ലാം ശിവഭ

ക്തന്മാൎക്ക് ഇഷ്ടംപോലെ കൊടുത്തു പൂജിച്ചു ശിവപ്രസാദത്താൽ ദേഹാന്ത്യത്തിൽ മുക്തിയേയും ലഭിച്ചു.— ഇനി കാന്താരനാഥനായ രാജാവിന്റെ ചരിത്രത്തെ പറയുന്നു. ഇതു വിചിത്രമാണ്. ഇതിനെ കേൾക്കുവിൻ. ഗോപന്മാൎക്കധിപനായി സിംഹകൻ എന്നൊരു രാജാവുണ്ടായിരുന്നു. അവൻ ശിവഭക്തനും ശിവഭക്തഭക്തനുമാണ്. ചന്ദ്രന്നു നക്ഷത്രങ്ങളെന്നപോലെ ആ സിംഹകന്ന് അനേകം ഭാൎയ്യമാരുണ്ടായിരുന്നു. അവരിൽ ഒന്നിലെങ്കിലും രാജാവിന്നു സന്തതിയുണ്ടായില്ല. അതുകൊണ്ടു സിംഹകൻ ആ ഭാൎയ്യമാരോടുകൂടി പ്രസിദ്ധമായ ശിവസ്ഥലങ്ങളിലെല്ലാം പുത്രനുണ്ടാകേണമെന്നുള്ള ആഗ്രഹത്താൽ സഞ്ചരിച്ചുകൊണ്ടു ത്യാഗേശ്വരൻ വസിക്കുന്ന കമലാലയക്ഷേത്രത്തിലെത്തി. അതിപാവനമായ കമലാലയമഹാതീൎത്ഥത്തിൽ സ്നാനംചെയ്തു ത്യാഗേശ്വരനെ സേവിപ്പാനായി ഭാൎയ്യമാരോടുകൂടെ ക്ഷേത്രത്തിലേക്കുപോയി. അവിടെ സ്വൎണ്ണനിൎമ്മിതമായ സോപാനത്തിൽ ജവന്തിപുഷ്പംവെച്ചിരുന്നു. ആരാജഭാൎയ്യമാരിൽ ഗൎവ്വിതയായ ഒരു സ്ത്രീ ആ പുഷ്പത്തെയെടുത്തു വാസിച്ചു. അതുകണ്ടു സാഹസിയായ ഒരു ബ്രാഹ്മണൻ വേഗം കത്തിയെടുത്ത് അവളുടെ മൂക്കിനെ അറുത്തു. അവൾ നിലവിളിച്ചുകൊണ്ടു ഭൂമിയിൽ വീണു. അതുകണ്ടു ജനങ്ങളെല്ലാം ഹാ! ഹാ എന്നുപറഞ്ഞു. രാജാവ് അതുകണ്ടു നിന്റെ മൂക്ക് അറുത്തതാരാണെന്നു ചോദിച്ചു. അവൾ ബ്രാഹ്മണനെ കാണിച്ചുകൊടുത്തു. രാജാവു ക്രുദ്ധനായിട്ടു ബ്രാഹ്മണനോട് ഇങ്ങിനെ ചെയ്വാനുള്ള കാരണമെന്താണെന്നു ചോദിച്ചു. അപ്പോൾ ബ്രാഹ്മണൻ ത്യാഗേശ്വരന്നു പ്രിയമായ പുഷ്പത്തെ ഇവൾ എടുത്തു വാസിച്ചു. ആ പാപശുദ്ധിക്കായിട്ടാണ് മൂക്കിനെ അറുത്തതെന്നു പറഞ്ഞു. അതുകേട്ടു രാജാവു ബ്രാഹ്മണനെ നമസ്കരിച്ച് എന്നാൽ ഇവൾക്ക് ഇതുപോര എന്നു പറഞ്ഞു വാളെടുത്തു ഭാൎയ്യയുടെ പുഷ്പത്തെയെടുത്ത കയ്യിനെ മുറിച്ചു. ശംഭോ! പ്രസീദ! പ്രസീദ! എന്നും പറഞ്ഞു. അപ്പോൾ ശിരസ്സിൽ ദേവകൾ പുഷ്പവൎഷം ചെയ്തു. രാജ

പതിക്ക മുകളുമമ്പെത്തപ്പോലെ ഉണ്ടായി. രാജാവു മുറിച്ച കഷ്ണ സ്വൎണ്ണമയമായി ഉണ്ടായി. ജനങ്ങൾ അതുകണ്ട് ഏറ്റവും വിസ്മയിച്ചു. രാജാവു ത്യാഗേശ്വരനെ പൂജിച്ചുകൊണ്ട് അവിടെത്തന്നെ വസിച്ചു. മഹേശ്വരപ്രസാദത്താൽ മുക്തിയെ ലഭിക്കുകയും ചെയ്തു.— ഭൂമിയിൽ ഗവാകരമെന്നു പ്രസിദ്ധമായ ഒരു സ്ഥലമുണ്ട് അവിടെ ഒരു രാജാവുണ്ടായിരുന്നു. ആ രാജാവു ദാനത്തിൽ കുബേരതുല്യനാണ്. കപ്പം കിട്ടുന്ന ദ്രവ്യമെല്ലാം ശിവഭക്തന്മാൎക്കു കൊടുക്കുന്നതുകൊണ്ടു ഭൂതിദനെന്നുള്ള പേർ പ്രസിദ്ധമായി. ആ രാജാവു സകല ഭോഗങ്ങളിൽ നിന്നും വിരക്തനായിട്ടു തന്റെ ദ്രവ്യത്താൽ ചിത്സഭാപതിയുടെ സഭയെ കനകസഭയാക്കി. ധൎമ്മത്തോടെ രാജ്യപരിപാലനം ചെയ്യുമ്പോൾ ഒരു ബ്രാഹ്മണൻ ആയിരം ശിവഭക്തന്മാൎക്കു ഭക്ഷണം കൊടുപ്പാനുള്ള ധനത്തെ എനിക്കു തരണം. അല്ലെങ്കിൽ ഞാൻ ഭണ്ഡാരത്തിൽ നിന്ന് എടുക്കും എന്നു പറഞ്ഞുവന്നു. അതുകണ്ടു രാജാവ് ആ ബ്രാഹ്മണനെ നമസ്കരിച്ച് അതിന്നുള്ള ധനത്തെ കൊടുത്തു. മഹേശ്വരന്നും മഹേശ്വരഭക്തന്മാൎക്കും ഇങ്ങിനെയുള്ള ഉപചാരങ്ങളെല്ലാം ചെയ്തു ശുദ്ധചിത്തനായ രാജാവ് അതുകൊണ്ടു തന്നെ മുക്തിയെ പ്രാപിച്ചു.— കീൎത്തിസഖൻ എന്നു പേരായി വേദപാരഗനായ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹം ദിനന്തോറും താൻതന്നെ പോയി ആയിരം കുടം ജലം കൊണ്ടുവന്ന് അതിൽ പച്ചക്കൎപ്പൂരം, ഏലം, ഇലവംഗം മുതലായ വാസനദ്രവ്യങ്ങളെല്ലാം ചേൎത്തു ധാരമുറിയാതെ അഭിഷേകം ചെയ്യും. ഇങ്ങിനെയുള്ള വ്രതത്തെ ആ ബ്രാഹ്മണൻ രക്ഷിച്ചുകൊണ്ടു വന്നു. സുഗന്ധദ്രവ്യങ്ങൾ ചേൎത്ത ചന്ദനത്താൽ ശിവലിംഗം മുഴുവനും ലേപനം ചെയ്തു താൻ വെച്ചുണ്ടാക്കിയ പുഷ്പങ്ങളാൽ ശിവലിംഗം മൂടി അൎച്ചിക്കും. കൎപ്പൂരദീപദാനവും ചെയ്തു നിത്യവും മഹേശ്വരനെ സേവിക്കും. ഇങ്ങിനെ ചെയ്തുകൊണ്ടിരിക്കുന്ന ബ്രാഹ്മണന്റെ ഭക്തിയെ പരീക്ഷിപ്പാനായി മഹേശ്വരന്നു കൌതുകമുണ്ടായി. പ്രളയകാലത്തിലെന്നപോലെ പന്ത്രണ്ടു സംവത്സരം

മഴയില്ലാതിരുന്നു. സകലസാധനങ്ങളും നശിച്ചപ്പോൾ കീ ത്തിസഖൻ ദരിദ്രനായി ഭവിച്ചു. അന്നവും ജലവുമില്ലാതെ കീ ത്തിസഖൻ ദേഹമെല്ലാം ശോഷിച്ച് അസ്ഥിമാത്രമായിത്തീ ന്നു. എന്നിട്ടും ആ ബ്രാഹ്മണൻ ദൂരത്തുപോയി നദിയിൽനി ന്ന് ഒരു കുടം ജലം കൊണ്ടുവന്നു വ്രതഭംഗം വരാതിരിപ്പാൻ ദിവസവും മഹേശ്വരന്ന് അഭിഷേകം ചെയ്യും. ഒരു ദിവസം വളരെ ശ്രമാതുരനായ ബ്രാഹ്മണൻ ഒരു ഒടം ജലത്തെ തല യിലെടുത്തു കൊണ്ടു വെയിൽ കൊണ്ടു ബുദ്ധിമുട്ടി കണ്ണുകാണാ തെ മഹേശ്വരസന്നിധിയിലെത്തിയപ്പോൾ സോപാനത്തിൽ കാൽ തടഞ്ഞു ഭൂമിയിൽ വീണു മൂച്ഛിതനായി ഭവിച്ചു. വീഴുമ്പോ ൾ മഹേശ്വരനെ സ്മരിച്ചുകൊണ്ടു വീണു. അപ്പോൾ കരു ണാനിധിയായ മഹേശ്വരൻ വന്നു ബ്രാഹ്മണന്റെ ക്ഷീണമെ ല്ലാം തീത്തു നിത്യവും സോപാനത്തിൽ ഓരോ സ്വണ്ണനാണ്യങ്ങ ളെവെക്കാം. അതെടുത്തു ശിവഭക്തന്മാക്കാം കൊടുത്തു നീയ്യും ഉ പജീവനം കഴിച്ചുകൊള്ളുക എന്നു പറഞ്ഞു മറയുകയും ചെയ്തു. ബ്രാഹ്മണൻ പതുക്കെ എഴുനീററു നിത്യവും മഹേശ്വരൻ കൊ ടുക്കുന്ന സ്വണ്ണത്താൽ ശിവഭക്തന്മാക്കെല്ലാവക്കും ഭക്ഷണം കൊടുത്തു താനും ഭക്ഷണം കഴിച്ചുകൊണ്ടിരുന്നു. കീത്തിസഖ ൻ വളരെക്കാലം ഇങ്ങിനെയിരുന്നു മഹേശ്വരപ്രസാദത്താൽ ശിവസായൂജ്യത്തെ പ്രാപിക്കുകയും ചെയ്തു.

എന്ന സ്കന്ദോപപുരാണത്തിൽ

എഴുപത്തിമൂന്നാമദ്ധ്യായം

—*—

അഗസ്ത്യൻ പറഞ്ഞു— നടകുടിയെന്നു പേരായി പുണ്യ സ്ഥലമായ ഒരു ശിവക്ഷേത്രമുണ്ട്. അവിടെ വീരധുരന്ധരനായ ഒരു രാജാവുണ്ടായിരുന്നു. ഇന്ദ്രതുല്യനായ ആ രാജാവിന്നു ശൂര വ്യാഘ്രനെന്നു പേരായി ഒരു സേനാപതിയുണ്ടായിരുന്നു. ആ സേനാപതിയുടെ വിക്രമത്താൽ സകല ശത്രുക്കളേയും ജയിച്ചു.

ആ മഹാഭാഗൻ ശിവഭക്തനായി ഭവിച്ചു. ശിവഭക്തന്മാരെ എപ്പോഴും പൂജിച്ചു കൊണ്ടിരുന്നു. അതിനാൽ അവന്നു ധനങ്ങളും വളരെ വൎദ്ധിച്ചു. ആ സേനാപതി ശിവാലയങ്ങളിലെല്ലാം പൎവ്വതങ്ങളെപ്പോലെ ധാന്യസമൂഹങ്ങളെ ശിവപൂജയ്ക്കായും ശിവഭക്തപൂജയ്ക്കായും കൂട്ടിവെച്ചിരുന്നു. ഒരു ദിവസം രാജാവു സേനാപതിയോടു ശത്രുക്കളെ ജയിപ്പാൻ യുദ്ധത്തിന്നു പോകുവാൻപറഞ്ഞു. സേനാപതി ബന്ധുക്കളെയെല്ലാം വിളിച്ചുപറഞ്ഞു. ആ ധാന്യങ്ങളെല്ലാം കൂട്ടിയിരിക്കുന്നതു ശിവധനമാണ്. അതു നിങ്ങൾ തൊടരുത്. നിങ്ങൾക്കുള്ളത് ഇതാ വേറെ വെച്ചിരിക്കുന്നു എന്നുപറഞ്ഞു സേനാപതി യുദ്ധത്തിന്നു പോകയും ചെയ്തു. ശത്രുസൈന്യങ്ങൾ അധികമുണ്ടായിരുന്നതിനാൽ അധികദിവസം താമസിക്കേണ്ടിവന്നു. അപ്പോഴെക്കു സേനാപതിയുടെ ബന്ധുക്കൾ അവരുടെ ധാന്യമെല്ലാം കഴിഞ്ഞതിനാൽ സേനാപതി വരുമ്പോൾ കൊടുക്കാമെന്നുവെച്ചു ശൈവധാന്യങ്ങളെല്ലാം എടുത്തു ഭക്ഷിക്കുകയും ചെയ്തു. അനന്തരം ശത്രുസൈന്യങ്ങളെയെല്ലാം ജയിച്ചു സേനാപതി സൈന്യങ്ങളോടുകൂടി മടങ്ങിവന്നു ശത്രുക്കളുടെ ധനമെല്ലാം രാജാവിന്നുകൊടുത്തു. പിന്നെ തന്റെ ഗൃഹത്തിലേക്കുപോയി താൻ ഏല്പിച്ചുപോയ ശൈവധാന്യങ്ങളുടെ വൃത്താന്തത്തെ അറിഞ്ഞു. അതുകേട്ടു സേനാപതി കാളിയന്റെ വിഷവ്യാപ്തമായ യമുനാഹ്രദം അകത്തു വിഷത്താൽ കലങ്ങിയതായും പുറത്തു സ്വച്ഛമായുമിരിക്കുന്നതുപോലെ അകത്ത് അതിക്രോധമുണ്ടായെങ്കിലും പുറത്തു സന്തുഷ്ടനായിരുന്നു. ബന്ധുക്കളോടെല്ലാം നല്ലവാക്കിനെ പറഞ്ഞു ശിവപൂജയും മറ്റും ചെയ്തു പകലെല്ലാം കഴിച്ചു. രാത്രിയായപ്പോൾ ശിവധാന്യത്തെ ഭക്ഷിച്ചവരായ ജനങ്ങളെയെല്ലാം വിളിച്ചു തന്റെ വാളെടുത്ത് അവരുടെ കഴുത്തുകൾ അറുത്തു. കുട്ടികൾ വരെ കൊല്ലുന്നതുകണ്ട് ആദ്യം പ്രസവിച്ചവളായ ഒരു സ്ത്രീ കുട്ടിയെ തന്റെ ശരീരത്താൽ മാച്ചുകൊണ്ടു സേനാപതിയോട് ഇങ്ങിനെ പറഞ്ഞു. നീ ദയചെയ്തു ഈ കുട്ടിയെ എനിക്കു തരിക. ഈ കുട്ടിക്കു ചോറൂണ് കഴിഞ്ഞിട്ടില്ല. അതുകൊണ്ടു ശിവധാ

ന്യങ്ങളെ ഭക്ഷിച്ച അപരാധം കുട്ടിക്ക് ഇല്ലല്ലൊ. ഇങ്ങിനെ കരഞ്ഞു പറയുന്ന ആ സ്ത്രീയുടെ വാക്കുകേട്ടു സേനാപതി പറഞ്ഞു. ശിവധാന്യത്തെ ഭക്ഷിച്ചവളായ നിന്റെ മുലപ്പാൽ ഈ കുട്ടി കുടിച്ചിട്ടില്ലെ? അതുകൊണ്ടു കുട്ടിയുടേയും തല അറുക്കുന്നതാണ് ആ പാപത്തിന്റെ പ്രായശ്ചിത്തം. എന്നു പറഞ്ഞു സാഹസിയായ സേനാപതി ആ കുട്ടിയുടെ ശിരസ്സറുക്കുമ്പോഴെക്കു മഹേശ്വരൻ ദേവിയോടുകൂടി വൃഷഭാരൂഢനായിട്ട് അവന്റെ മുമ്പിൽ പ്രത്യക്ഷനായി. സേനാപതി മഹേശ്വരനെ കണ്ടു ഭയത്തോടെ അപരാധത്തെ ക്ഷമിക്കണമെന്നു പറഞ്ഞു നമസ്കരിച്ചു. ആ സേനാപതി കൊന്ന ബന്ധുക്കളെയെല്ലാം ദയയോടുകൂടി ജീവിപ്പിച്ചു സേനാപതിക്കു സായൂജ്യവും കൊടുത്തു മഹേശ്വരൻ ദേവിയോടുകൂടെ മറയുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ

എഴുപത്തിനാലാമദ്ധ്യായം.

—ഠഠഠഠ—

അഗസ്ത്യൻ പറഞ്ഞു— ഹെ മുനികളേ! വളരെ ജന്മങ്ങളാൽ സമ്പാദിക്കപ്പെട്ട പുണ്യവിശേഷത്താൽ മഹേശ്വരഭക്തി ലഭിച്ച മനുഷ്യനു ശിവലിംഗപ്രതിഷ്ഠയാൽ പുനരാവൎത്തിരഹിതമായ കൈവല്യപദം ലഭിക്കുന്നു. ബ്രഹ്മജ്ഞന്മാരായ ബ്രാഹ്മണരുടെ വാസസ്ഥലമായി നിൎണ്ണയപുരമെന്നൊരു അഗ്രഹാരമുണ്ട്. അവിടെ ഒട്ടും സംശയംകൂടാതെ സകല വേദാൎത്ഥങ്ങളുടേയും നിൎണ്ണയം സംഭവിക്കുന്നു. ആ അഗ്രഹാരത്തിൽ ശംഭുചിത്തനെന്നു പേരായ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മനസ്സു ശിവഭക്തിയാൽ നിൎമ്മലമായിട്ടു മഹേശ്വരങ്കൽതന്നെ നിശ്ചലമായി ഉറച്ചു. സകല വേദാഗമരഹസ്യധൎമ്മങ്ങളെ അറിയുന്നവനായ ആ ബ്രാഹ്മണൻ ശിവലിംഗപ്രതിഷ്ഠയാൽ ജനനമരണക്ലേശരൂപമായ സംസാരത്തെ ത്യജിച്ചു മുക്തിയെ പ്രാപിച്ചു. അദ്ദേഹത്തിന്നു ക്ഷേത്രനിൎമ്മാണംചെയ്തു ശിവലിംഗപ്രതിഷ്ഠചെയ്യുവാൻ തക്കതായ ദ്രവ്യമില്ലാത്തതിനാ

ൽ മനസ്സുകൊണ്ടുതന്നെ സൎവ്വലക്ഷണയുക്തമായും പ്രാകാരം, മണ്ഡപം, പ്രാസാദം, ഗോപുരം ഇവകളാൽ അലംകൃതമായും രത്നമയങ്ങളായ അനേക വാഹനങ്ങളാൽ മണ്ഡിതമായും അനേക ഉപകരണങ്ങളോടുകൂടിയും അനേക ദാസീദാസന്മാരോടു കൂടിയുമിരിക്കുന്ന ഉത്തമക്ഷേത്രത്തെ നിൎമ്മിച്ചു. ആ ക്ഷേത്രമദ്ധ്യത്തിൽ മഹേശ്വരനെ ലിംഗമൂൎത്തിയായി പ്രതിഷ്ഠിച്ച് അറുപത്തിനാലുപചാരങ്ങളോടുകൂടെ മഹേശ്വരനെ പൂജിച്ചു. ഇങ്ങിനെയുള്ള മാനസപൂജയാൽ ബ്രാഹ്മണൻ സകല പാപങ്ങളിൽനിന്നു മോചിതനായി ഭവിച്ചു. ഇങ്ങിനെയിരിക്കുമ്പോൾ ഒരു രാജാവു സന്തതിയുണ്ടാവാനായി കാഞ്ചീപുരത്തിൽ ഒരു ക്ഷേത്രനിൎമ്മാണം ചെയ്തു ശിവലിംഗപ്രതിഷ്ഠ ചെയ്യേണമെന്നു നിശ്ചയിച്ച് അതിന്റെ പരിജ്ഞാനമില്ലാത്തതിനാൽ എന്താണ് ചെയ്യേണ്ടതെന്നു ചിന്താക്രാന്തനായിരുന്നു. അപ്പോൾ മഹേശ്വരൻ സ്വപ്നത്തിൽ രാജാവിനോട് ഇങ്ങിനെ പറഞ്ഞു. ഈ അഗ്രഹാരത്തിൽ വസിക്കുന്നവനായ ശംഭുചിത്തബ്രാഹ്മണനെ ഗുരുവായി വരിച്ചു ക്ഷേത്രനിൎമ്മാണത്തേയും ശിവലിംഗപ്രതിഷ്ഠയേയും ചെയ്യുക. ഇങ്ങിനെ സ്വപ്നം കണ്ടു രാജാവ് അപ്പോൾതന്നെ ശംഭുചിത്തന്റെ ഗൃഹത്തിലേക്കു പോയി, ബ്രാഹ്മണനെ നമസ്കരിച്ചു സ്വപ്നവൃത്താന്തമെല്ലാം പറഞ്ഞു. ബ്രാഹ്മണൻ ആ രാജാവിന്നു പഞ്ചാക്ഷരമന്ത്രത്തേയും അതിന്റെ അനുഷ്ഠാനത്തേയും ഉപദേശിച്ചു. രാജാവ് ആ ബ്രാഹ്മണനേയും കൂട്ടിക്കൊണ്ടുപോയി ബ്രാഹ്മണന്റെ മനസ്സിലുള്ളതു പോലെ വിശേഷമായ ക്ഷേത്രത്തെ ഉണ്ടാക്കിച്ചു ശിവലിംഗപ്രതിഷ്ഠയേയും ചെയ്തു. ശിവപ്രസാദത്താൽ ശിവപദവും ലഭിച്ചു. ശംഭുചിത്തനും മനസ്സുകൊണ്ടുള്ള ശിവപൂജയാൽ മലത്രയവിനിൎമ്മുക്തനായിട്ടു ശിവപദത്തെ പ്രാപിച്ചു. പാണ്ഡ്യരാജ്യത്തിൽ സുകുമാരനെന്നു പേരായ രാജാവിന്റെ ഭാൎയ്യയായി ചോളരാജപുത്രിയായ പത്മാവതിയെന്ന ഒരു മഹതിയുണ്ടായിരുന്നു. ആ സാദ്ധ്വി ദുൎമ്മതത്തിൽ പ്രവേശിച്ചിരുന്ന ഭൎത്താവിനെ ആ മതത്തിൽനിന്ന് ഉദ്ധരിപ്പിച്ചു ജ്ഞാനസംബന്ധന്റെ അനുഗ്രഹ

ത്താൽ ഭർത്താവിനെ മഹേശ്വരഭക്തനാക്കി ഹാലാസ്യനാഥനെ ആരാധിച്ചുകൊണ്ടുതന്നെ കാലഭയത്തെ കടന്നു.— കാമ്പില്യനഗരത്തിൽ കീർത്തിരഥനെന്നു പേരായ ഒരു രാജാവു ശിവഭക്തന്മാൎക്കു് ഇഷ്ടങ്ങളെ കൊടുത്തുകൊണ്ടും മഹേശ്വരനെ പൂജിച്ചുകൊണ്ടുമിരുന്നു. ശിവഭക്തന്മാൎക്കു വസ്ത്രം, കൌപീനം, ഉത്തരീയം, എണ്ണ, ഭക്ഷണം ഇവകളെയെല്ലാം ജനിച്ചുമുതൽ മരണംവരെ ദിവസത്തെ ശൂന്യമാക്കാതെ കൊടുത്തുകൊണ്ടു നിൎമ്മലയായ കീൎത്തിയെ ലോകത്തിലെല്ലാം പരത്തി ദേഹാന്ത്യത്തിൽ ശിവസായൂജ്യത്തെ പ്രാപിക്കുകയും ചെയ്തു.

എന്നു സ്കന്ദോപപുരാണത്തിൽ
എഴുപത്തഞ്ചാമദ്ധ്യായം.

അഗസ്ത്യൻ പറഞ്ഞു— ഹെ മുനികളേ! ലോകത്തിൽ തിൎയ്യക്ജാതികൾകൂടി ഉത്തമമായ ശിവഭക്തികൊണ്ടു ശിവനെ പൂജിച്ചു ശിവപ്രസാദത്താൽ മുക്തന്മാരായിട്ടുണ്ടു്. ഭൂമിയിൽ ഗജാരണ്യമെന്നു പേരായി ഒരു ശിവക്ഷേത്രമുണ്ടു്. അതിന്റെ രണ്ടു ഭാഗങ്ങളിലും പ്രവഹിച്ചുകൊണ്ടിരിക്കുന്ന കാവേരിനദി ആ ക്ഷേത്രത്തിന്നു മാലപോലെയിരിക്കുന്നു. അവിടെ വേദം വെള്ളത്ത ഞാവൾവൃക്ഷമായിട്ടു തപസ്സുചെയ്യുന്നു. ആ വൃക്ഷത്തിന്റെ മൂലത്തിൽ ജഗത്തിന്നെല്ലാം മൂലമായ മഹേശ്വരൻ സന്നിധാനംചെയ്യുന്നു. സൎവ്വപ്രകാശവസ്തുക്കളേയും സ്വപ്രകാശത്താൽ പ്രകാശിപ്പിക്കുന്ന മഹേശ്വരൻ തേജോലിംഗസ്വരൂപനായിട്ടാണ് സ്ഥിതിചെയ്യുന്നതു്. ആ മഹേശ്വരലിംഗത്തെ ആ ഗജാരണ്യത്തിലുള്ള ഒരു ഗജം ദിവസവും കാവേരീജലത്തിൽ മുങ്ങി തുമ്പിക്കൈയ്യിൽ കാവേരീജലം നിറച്ചുകൊണ്ടുപോയി ശിവലിംഗത്തിന്റെ ശിരസ്സിൽ അഭിഷേകം ചെയ്യും. ഇങ്ങിനെ ആ ഗജം ഭക്തികൊണ്ടു പരിശുദ്ധമായ മനസ്സോടുകൂടി

എപ്പോഴും പൂജിച്ചുകൊണ്ടിരുന്നു. ആ ഞാവൽവൃക്ഷത്തിൽത ന്നെ ഒരു എട്ടുകാലി തന്റെ മുഖത്തിൽനിന്നുത്ഭവിക്കുന്ന നൂലു കളാൽ ശിവലിംഗത്തിന്റെ മുകളിൽ കുടപിടിച്ചതുപോലെ വി താനിച്ചുകൊണ്ടു ദിനന്തോറും മഹേശ്വരനെ സേവിച്ചുകൊണ്ടി രുന്നു. ആ ലൂതയെക്കുറിച്ചു മഹേശ്വരൻ ഏററവും പ്രീതനാ യിരുന്നു. ലൂത ഉണ്ടാക്കുന്ന വിതാനങ്ങളെ നിത്യം അഭിഷേ കംചെയ്യാൻ വരുന്ന ഗജം നശിപ്പിച്ചുകളയും. അതുകണ്ടു ലൂ ത കോപിക്കും. ഇങ്ങിനെ വളരെക്കാലം കഴിഞ്ഞു. ഒരു ദിവ സം ഗജം അഭിഷേകത്തിന്നായി വന്നു വിതാനത്തെ നശിപ്പി ച്ചു ശിവലിംഗത്തിൽ അഭിഷേകം ചെയ്യുപ്പോൾ അതികുപിത യായ് ലൂത ആ ഗജത്തിന്റെ തുമ്പിക്കയ്യിൽ ചാടി. ലൂത വള രെ ചെറുതായതുകൊണ്ടു ഗജം അറിഞ്ഞില്ല. ലൂത തുമ്പിക്ക യ്യിന്റെ അകത്തേക്കു പോയി. ലലാടസ്ഥാനത്തിൽ ചെന്നു ഗജത്തിനെ ഭ്രമിപ്പിച്ചു. ആ ഗജം മഹേശ്വരസന്നിധിയിൽ പരിഭ്രമിച്ചു വട്ടത്തിൽ തിരിഞ്ഞു ഭൂമിയിൽ വീണു മരിക്കുകയും ചെയ്തു. മരിക്കുമ്പോൾ തുമ്പിക്കയ്യിന്റെ അഗ്രത്തെ അകത്തേ ക്കു തള്ളിയിരുന്നതിനാൽ പുറത്തേക്കു വരുവാൻ വഴിയില്ലാതെ ലൂതയും മരിച്ചു. ദയാനിധിയായ മഹേശ്വരൻ ഗജത്തിന്നു മു ക്തിയെകൊടുത്തു. മഹേശ്വരന്നു കുടപിടിച്ചിരുന്ന ലൂത ഒരു ച ക്രവത്തിയായ രാജാവിന്റെ ഭാര്യയുടെ ഗർഭത്തിൽപതിച്ചു. ആ രാജ്ഞിക്കു പത്തുമാസം തികഞ്ഞപ്പോൾ ജ്യോതിശ്ശാസ്ത്രത്തെ അ റിയുന്നവനായ ഒരു ബ്രാഹ്മണൻ രാജ്ഞിയോടു പറഞ്ഞു. ഇപ്പോ ൾതന്നെ ഭവതി പ്രസവിച്ചാൽ ആ പുത്രൻ പത്തുദിവസത്തിന്നു ള്ളിൽ മരിക്കും. ഒരു മുഹൂത്തം കഴിഞ്ഞിട്ടാണ് പ്രസവിക്കുന്നതെ ങ്കിൽ ആ പുത്രൻ ദീഘായുഷ്മാനായും ചക്രവത്തിയായും ഭവിക്കും, സംശയമില്ല. ഇങ്ങിനെ ജ്യോത്സ്യൻ പറഞ്ഞതുകേട്ടു പുത്രന്റെ അഭിവൃദ്ധിയെ കാംക്ഷിക്കുന്നവളായ രാജ്ഞി തല കീഴ്പ്പോട്ടാക്കി കാലുകളെ വൃക്ഷത്തിന്മേൽ കെട്ടി ഒരു മുഹൂത്തനേരം നിന്നു. ഒരു മുഹൂത്തം കഴിഞ്ഞ ഉടനെ രാജ്ഞി ഒരു പുത്രനെ പ്രസവി ച്ചു. ആ വേദനകൊണ്ടു രാജ്ഞി മരിക്കുകയുംചെയ്തു. ആ പു

ത്രന്റെ കണ്ണുകൾ ചുകന്നിരുന്നതിനാൽ ലോഹിതാക്ഷൻ എന്നു പേർവിളിച്ചു. ആ ബാലൻ ചന്ദ്രനെപ്പോലെ സകല ജനങ്ങൾക്കും ആനന്ദകരനായി വളൎന്നു. യൌവനയുക്തനായ പുത്രനെ അച്ഛൻ നല്ല മുഹൂൎത്തം നോക്കി തന്റെ സ്ഥാനത്തിൽ അഭിഷേകംചെയ്തു വനത്തിലേക്കു പോയി. അച്ഛൻ തപസ്സിന്നു പോയപ്പോൾ ലോഹിതാക്ഷൻ മന്ത്രികളോടുകൂടി സകല രാജ്യത്തെയും ന്യായമായി രക്ഷിച്ചു. പൂൎവ്വജന്മത്തിൽചെയ്ത പുണ്യവിശേഷത്താൽ ലോഹിതാക്ഷന്നു പൂൎവ്വജന്മസ്മരണയുണ്ടായി. ഭൂമിക്കെല്ലാം ഏകഛത്രാധിപതിയായ ലോഹിതാക്ഷൻ പൂൎവ്വസ്മരണയാൽ ഗജാരണ്യത്തിൽ പോയി ജംബൂനാഥനായ മഹേശ്വരന്ന് അനവധി കൈങ്കൎയ്യങ്ങളെ ചെയ്തു. അത്യുന്നതങ്ങളായ സാലങ്ങളാലും ഗോപുരങ്ങളാലും ശോഭിതമായ ക്ഷേത്രത്തെ നിൎമ്മിച്ചു മഹോത്സവത്തെയും കല്പിച്ചു. മറ്റുള്ള ശിവക്ഷേത്രങ്ങളിലും വളരെ ഉത്സവങ്ങളെല്ലാം ചെയ്തു. ചിദംബരപുരത്തിൽ പോയി സഭാപതിയുടെ സന്നിധിയിൽ പത്തു സംവത്സരം വസിച്ചു ബഹുവിധകൈങ്കൎയ്യങ്ങളേയും ചെയ്തു. പിന്നെ ലോഹിതാക്ഷൻ നാലു സമുദ്രങ്ങളാൽ ചുററപ്പെട്ട ഭൂമിയെ ധൎമ്മത്തോടെ പരിപാലിച്ച് അന്ത്യത്തിൽ മഹേശ്വര പ്രസാദത്താൽ അജ്ഞാനബന്ധത്തിൽനിന്നു മുക്തനാകുകയും ചെയ്തു.

എന്നു സ്കാന്ദപുരാണത്തിൽ
എഴുപത്താറാമദ്ധ്യായം.

---

അഗസ്ത്യൻ പറഞ്ഞു— ഹെ മുനികളേ! കശിലവനെന്നു പ്രസിദ്ധനായ ഒരു പാട്ടുകാരനുണ്ടായിരുന്നു. അവന്റെ വീണാഗാനത്താൽ ഹാലാസ്യേശ്വരൻ പ്രസന്നനായ കഥ കേൾക്കുവിൻ. ആ കശിലവൻ ഹാലാസ്യേശ്വരസന്നിധിയിൽ പന്ത്രണ്ടു സംവത്സരം വീണാഗാനം ചെയ്തു. ഭക്തജനസംഘത്തിൽ അവ

രോടൊപ്പം പീഠത്തിലിരിക്കേണമെന്ന് അവന്ന് ആഗ്രഹമുണ്ടാ യിരുന്നു. വീണാഗാനത്താൽ സന്തുഷ്ടനായ ഹാലാസ്യനാഥൻ ആ ആഗ്രഹത്തെ അവനു സഫലമാക്കിക്കൊടുത്തു. പിന്നെ കു ശീലവൻ കമലാലയത്തിൽ പോയി ത്യാഗേശ്വരനെ വീണാഗാ നത്താൽ സന്തോഷിപ്പിച്ചു ത്യാഗേശ്വരൻേറയും പ്രിയഭക്തനാ യി ഭവിച്ചു. പിന്നെ ഗൌരീദേവിയുടെ സ്തന്യാമൃതപാനത്താലു ണ്ടായതായ ജ്ഞാനസംബന്ധൻെറ മാധുൎയ്യസൂക്തികളെ അവൻ മനോഹരധ്വനിയായ വീണയിൽ വായിച്ചു ദ്രോണീപുരേശ്വര നെ സന്തോഷിപ്പിച്ചു മഹേശ്വരനെ ഉമാദേവിയോടുകൂടെ പ്ര ത്യക്ഷമായി കണ്ടു. ജ്ഞാനസംബന്ധൻെറ പ്രസാദത്താൽ ശിവ പ്രസാദത്തെ ലഭിച്ചവനായ കുശീലവഭക്തശ്രേഷ്ഠൻ അജ്ഞാന ബന്ധത്തെ ഛേദിച്ചു മുക്തനായി ഭവിക്കുകയും ചെയ്തു. ഹെ മു നികളേ! നിൎമ്മലയായ ശിവഭക്തികൊണ്ടു കൎമ്മബന്ധത്തിൽനിന്നു മു ക്തന്മാരായ അറുപത്തിമൂന്നു ശിവഭക്തന്മാരുടെ കഥകളെ ഞാ ൻ പറഞ്ഞു. മേൽപറഞ്ഞ ഭക്തശ്രേഷ്ഠന്മാരുടെ ചരിത്രങ്ങളെ സ്മരിച്ചാൽ ബ്രഹ്മഹത്യാദി പാപങ്ങൾകൂടി നശിച്ചുപോകും. ജ ടിലൻ, മിഥിലൻ, ദാൽഭ്യൻ, സൌരഭേയൻ, ജിതാസനൻ, ബാ ലാസിദ്ധൻ, സിദ്ധരയൻ, വഷഡ്ഗ്ര, കപയൻ, ഉഷിതൻ എ ന്നിങ്ങിനെ പത്തു ഭക്തന്മാർ മനസ്സുകൊണ്ടു മഹേശ്വരനെ പൂ ജിച്ചു ശിവപ്രസാദത്താൽ ലോകവന്ദിതന്മാരും മുക്തന്മാരുമായി ഭവിച്ചു. അവർ മഹേശ്വരനാൽ ഉപദേശിക്കപ്പെട്ട വിജ്ഞാന ത്താൽ അജ്ഞാനനിവൃത്തന്മാരായിട്ടു സൎവ്വഭൂതങ്ങളിലും സാക്ഷി സ്വരൂപനായി വ്യാപിച്ചിരിക്കുന്ന മഹേശ്വരനെ കണ്ടുകൊണ്ടി രുന്നു. മുനികൾ ചോദിച്ചു— ഹെ കുംഭസംഭവ! മഹേശ്വരൻ എ പ്പോൾ എവിടെവെച്ച് ആൎക്കാണ് വിജ്ഞാനത്തെ ഉപദേശിച്ച ത്? അതെല്ലാം വിസ്താരമായി ഞങ്ങളോടു പറയുക. അഗസ്ത്യൻ പറഞ്ഞു— ഒരിക്കൽ സനകാദിമഹൎഷികൾ കൈലാസശിഖര ത്തിൽ ദേവിയോടുകൂടി സുഖമായി വസിക്കുന്ന മഹേശ്വരനെ ന മസ്കരിച്ചു ഭക്തിയോടുകൂടെ ചോദിച്ചു. ഹെ ദേവദേവ! ദയാനി ധേ! ഞങ്ങൾ വേദാന്തങ്ങളെല്ലാം കേട്ടിട്ടും പ്രപഞ്ചം ലയിക്കുന്നി

ല്ലാല്ലാ. സകല ലോകവും ലയിക്കുമ്പോൾ ഭവാൻ മാത്രം ശേഷി ക്കുന്നു എന്നു വേദാന്തങ്ങൾ പറയുന്നു. അനേകരൂപമായ പ്രപ ഞ്ചത്തിന്നും ഏകരൂപമായ ഭവാന്നും വിരോധമില്ലാതെ എങ്ങി നെ ഭവിക്കും? കാലകാമനാശനമായ ഭവൽപാദാരവിന്ദത്തെ കണ്ടിട്ടും പിന്നെയും സംശയം തീൎന്നില്ലെങ്കിൽ ഇനി ഞങ്ങൾ ആരെയാണ് ശരണം പ്രാപിക്കേണ്ടത്? ജ്ഞാനസ്വരൂപനായ ഭവാങ്കൽനിന്ന് അജ്ഞാനസ്വരൂപമായ പ്രപഞ്ചം എങ്ങിനേയു ണ്ടായി? ആ തമോരൂപമായ പ്രപഞ്ചം തേജോരൂപനായ ഭവാ ങ്കൽ ലയിക്കുന്നതും എങ്ങിനെ? ഞങ്ങളുടെ സൎവ്വസംശയങ്ങളും തീരത്തക്കവണ്ണം ഇതിന്നു സമാധാനം ഞങ്ങളോടു പറയുക. ഇ ങ്ങിനെ സനകാദികളുടെ ചോദ്യത്തെക്കേട്ടു കരുണാനിധിയായ മഹേശ്വരൻ അവരോടു പറഞ്ഞു. ഹെ മുനിശ്രേഷ്ഠന്മാരേ! നിദി ദ്ധ്യാസനജന്യമായ വിശേഷജ്ഞാനത്തോടുകൂടിയ ജ്ഞാനയോഗ ത്തെ നിങ്ങളോടു പറയാം കേൾക്കുവിൻ. ഏതൊരു ജനങ്ങൾ ഹൃദയാകാശസ്ഥിതനായ പരമാത്മാവിനെ സൽഗുരൂപദേശാദി കൾകൊണ്ടും അറിയുന്നില്ലയൊ ആ ബഹിൎമ്മുഖന്മാൎക്ക് ഈ ജ്ഞാനയോഗത്തെ ഉപദേശിക്കുവാൻപാടുള്ളതല്ല—ഷഡ്വികാ രരഹിതനായും താനൊഴികെ മറ്റൊരു ആധാരമില്ലാ ത്തവനായും അജ്ഞാനരഹിതനായും ആകാശസ്വരൂപനായും ഇ രിക്കുന്ന പരമാത്മാവിങ്കൽ ജീവന്മാർ സമുദ്രത്തിൽ തിരമാലക ളെന്നപോലെ ഉത്ഭവിക്കുകയും ലയിക്കുകയും ചെയ്യുന്നു. സൃഷ്ടി ക്കുമുമ്പെയും പ്രളയാനന്തരവും ഇല്ലാത്തതുകൊണ്ടു മദ്ധ്യത്തിൽ മാത്രം പ്രകാശിക്കുന്നതായ പ്രപഞ്ചം ആധാരജ്ഞാനമില്ലാത്ത തിനാൽ സത്യംപോലെ പ്രകാശിക്കുന്നു. എന്നാൽ ചിലർ ഉ ത്തമഭക്തികൊണ്ടും ഈശ്വരാൎപ്പിതമായ കൎമ്മംകൊണ്ടും അധി ഷ്ഠാനസ്വരൂപനായ ആത്മാവിനെ അറിയുന്നു. ജനങ്ങൾക്ക് ഈശ്വരനായ എന്റെ അനുഗ്രഹത്താൽ നിദിദ്ധ്യാസനജന്യമാ യ വിജ്ഞാനത്തോടുകൂടിയ ജ്ഞാനം ഉണ്ടാകുന്നു. ആത്മാവിനെ കൂടാതെ ഇതരകാരണമില്ലാത്തതായ പ്രപഞ്ചത്തെ നിൎമ്മലമായ ഹൃദയത്തിൽ കാണുന്ന ജനങ്ങളിൽ വെച്ച് ഒരുത്തൻ മാത്രം ദ്ര

ദൃശ്യമായ പ്രപഞ്ചത്തെ യോഗംകൊണ്ട് എങ്കൽ കാണുന്നു. എത്ര കാലം അജ്ഞാനമുണ്ടോ അത്ര കാലവും പ്രപഞ്ചം സത്യംപോലെ പ്രകാശിക്കുന്നു. അദ്ധ്യാരോപ, അപവാദങ്ങളെക്കൊണ്ട് അജ്ഞാനനാശം വരുമ്പോൾ ആ ജഗത്ത് എങ്കൽതന്നെ ലയിക്കുന്നു. ശുക്തിയിൽ രജതഭ്രമവും രജ്ജുവിൽ സപ്പഭ്രമവും ഉണ്ടാവുന്നതുപോലെ ഒരു വസ്തുവിനെ മറെറാരു വസ്തുവിൽ ആരോപിക്കുന്നതിന്ന് അദ്ധ്യാരോപമെന്നു പേർ പറയുന്നു. ഈ ഭ്രമാത്മകമായ അറിവിനെ ഖണ്ഡിക്കുന്ന യുക്തിയേയാണ് അപവാദമെന്നു പറയുന്നത്. ഇതിൽ അദ്ധ്യാരോപസമ്പ്രദായത്തെ ഭവാന്മാർ സാവധാനമനസ്സോടുകൂടി കേൾക്കുവിൻ. സൃഷ്ടിക്കുമ്പെ ഞാൻ ഒരുത്തൻ തന്നെ ഉള്ളൂ. വേറെ ഒരു കാൎയ്യകാരണങ്ങൾ ഇല്ല. ആ ഞാൻ എല്ലാടവും നിറഞ്ഞിരിക്കുന്നതുകൊണ്ടും അന്യപ്രകാശങ്ങളാൽ പ്രകാശ്യനല്ലാതെ സ്വയമേവ പ്രകാശിന്നതുകൊണ്ടും ദിവ് ധാതുവിന്റെ പ്രകാശാത്ഥംകൊണ്ടും മഹാദേവൻ എന്നു വേദങ്ങളാൽ പറയപ്പെടുന്നു. സത്വരജസ്തമോഗുണസമൂഹരൂപിണിയായ മൂലപ്രകൃതി പരമാത്മാവിന്റെ അവലോകനത്താൽ പ്രേരിതയായിട്ടു സത്വഗുണപ്രധാനമായി ജ്ഞാനശക്തിയെന്നു പേരായ മഹത്തത്വത്തെ പ്രസവിച്ചു. സത്വഗുണത്തിന്റെ വൃദ്ധിയും അധിഷ്ഠാനമായ പ്രകൃതിയുടെ പ്രതിഫലനവും മഹത്തത്വത്തിങ്കൽ ഉണ്ടാകുന്നു. പ്രകൃതിയെ ഉപാധിയായി പ്രാപിച്ചവനായി സൎവ്വസാക്ഷിയായ അവ്യാകൃതൻ എന്നു പറയപ്പെട്ടവൻ ഈശ്വരനാകുന്നു. ആധാരപ്രതിബിംബത്തോടുകൂടിയ തമോഗുണത്തിന്റെ വൃദ്ധി അഹങ്കാരതത്വമാകുന്നു. നശ്വരമായ ദേഹത്തിൽ ഞാൻ എന്നുള്ള ബുദ്ധിയുണ്ടാകുന്നതു തന്നെയാണ് ഭോക്താവായ ജീവൻ. എന്നാൽ ഈക്ഷിതമായ തമോഗുണത്തിന്റെ യാതൊരു വൃദ്ധിയുണ്ടോ അത് ആധാരപ്രതിബിംബത്തോടുകൂടിയതായി നേത്രഗോചരമല്ലാത്തതായ ആകാശം എന്നു പറയപ്പെടുന്നു. ആ സൂക്ഷ്മാകാശത്തിൽനിന്നു സത്വരജസ്തമോഗുണരൂപമായ സ്ഥൂലാകാശം എന്റെ വീക്ഷണത്താൽ ഉണ്ടായി. ആ ആകാശത്തിന്റെ സത്വാംശത്തി

ൽനിന്നു ശ്രോത്രേന്ദ്രിയവും രജോംശത്തിൽ നിന്നു വാഗിന്ദ്രിയവും തമോംശത്തിൽനിന്നു ശബ്ദവുമുണ്ടായി. ആകാശത്തിൽനിന്നു തന്നെ ത്രിഗുണരൂപനായ വായുവും ഉണ്ടായി. വായുവിന്റെ സത്വാംശത്തിൽ നിന്നു ത്വഗിന്ദ്രിയവും രജോംശത്തിൽനിന്നു പാണീന്ദ്രിയവും തമോംശത്തിൽനിന്നു സ്പർശവുമുണ്ടായി. ആ വായുവിങ്കൽ നിന്നു ത്രിഗുണാത്മകമായ തേജസ്സുണ്ടായി. ആ തേജസ്സിന്റെ സത്വാംശത്തിൽ നിന്നു നേത്രേന്ദ്രിയവും രജോംശത്തിൽനിന്നു പാദവും തമോംശത്തിൽനിന്നു രൂപവും ഉണ്ടായി. ആ തേജസ്സിൽനിന്നു ത്രിഗുണാത്മകമായ ജലം ഉണ്ടായി. ആ ജലത്തിന്റെ സത്വാംശത്തിൽനിന്നു രസനേന്ദ്രിയവും രജോംശത്തിൽനിന്നു ഗുദവും തമോംശത്തിൽനിന്നു രസവും ഉണ്ടായി. ആ ജലത്തിങ്കൽനിന്നുതന്നെ ത്രിഗുണരൂപിണിയായ ഭൂമിയുണ്ടായി. ഭൂമിയുടെ സത്വാംശത്തിൽനിന്നു ഘ്രാണേന്ദ്രിയവും രജോംശത്തിൽനിന്നു ഗുഹ്യേന്ദ്രിയവും തമോംശത്തിൽനിന്നു ഗന്ധവും ഉണ്ടായി. പഞ്ചഭൂതങ്ങളുടേയും സത്വാംശസമുദായംകൊണ്ട് അന്തഃകരണമുണ്ടായി. പഞ്ചഭൂതങ്ങളുടെ രജോംശസമുദായംകൊണ്ടു പ്രാണനും ഉണ്ടായി. പഞ്ചഭൂതങ്ങളുടെ തമോംശസമുദായം കൊണ്ട് അഹങ്കാരവുമുണ്ടായി. ഇങ്ങിനെയാണ് ശാസ്ത്രനിർണ്ണയം. മേൽ വിവരിച്ച സൂക്ഷ്മപഞ്ചഭൂതങ്ങളെ എന്റെ വീക്ഷണംകൊണ്ടു മായയാൽ പഞ്ചീകരണം ചെയ്യപ്പെട്ടു. പഞ്ചഭൂതങ്ങളെ പകുതി പകുതിയാക്കി പത്തുഭാഗമാക്കുക. അവയിൽ അഞ്ച് അരഭാഗങ്ങളെ അരയ്ക്കാൽ അരയ്ക്കാലായി ഇരുപതു ഭാഗമാക്കുക. ആകാശത്തിന്റെ അരഭാഗത്തിന്ന് ആകാശത്തിന്റെ അരയ്ക്കാൽ ഭാഗം ആവശ്യമില്ലാത്തതിനാൽ വായ്വാദികളുടെ നാല് അരയ്ക്കാലിനെ ആകാശത്തിന്റെ അരഭാഗത്തോടു ചേർത്തുക. ഇതിന്നു മഹാകാശമെന്നു പേർ പറയുന്നു. ഇപ്രകാരം തന്നെ വായുവിന്റെ അരഭാഗത്തോട് ആകാശാദികളുടെ അരക്കാൽ ഭാഗങ്ങളെ ചേർത്തുക. അഗ്നിയുടെ അരഭാഗത്തോടും ആകാശാദികളുടെ അരയ്ക്കാൽ ഭാഗങ്ങളെ ചേർത്തുക. ജലത്തിന്റെ അരഭാഗത്തോടുകൂടി

ആകാശാദികളുടെ അരയ്ക്കാൽ ഭാഗങ്ങളെ ചേൎത്തുക. ഭൂമിയുടെ അര ഭാഗത്തോടുകൂടി ആകാശ, വായു, അഗ്നി, ജലങ്ങളുടെ അരയ്ക്കാൽഭാഗങ്ങളെ ചേൎത്തുക. ഇപ്രകാരം ചേൎത്താൽ ഇരുപത്തഞ്ച് അഞ്ചാകും. ഇതിന്നു പഞ്ചീകരണമെന്നു പേർപറയുന്നു. ഇങ്ങിനെ പഞ്ചീകരണംചെയ്യ പഞ്ചമഹാഭൂതങ്ങളാൽ ബ്രഹ്മാണ്ഡം ഉണ്ടായി. ബ്രഹ്മാണ്ഡമദ്ധ്യത്തിൽ ജരായുജം, അണ്ഡജം, സ്വേദജം, ഉത്ഭിജം എന്നു നാലു ജാതികളുണ്ടായി. കൎമ്മത്തെയനുസരിച്ച കാലത്താൽ വരിക്കപ്പെട്ട പുണ്യപാപകൎമ്മപരിപാകംകൊണ്ടു ജീവന്നു സുഖദുഃഖാനുഭവസാധനമായും ഭോഗങ്ങൾക്ക് ഇരിപ്പിടമായും പഞ്ചീകൃതപഞ്ചമഹാഭൂതങ്ങളെക്കൊണ്ടുണ്ടായതായും പാപപുണ്യകൎമ്മങ്ങളെക്കൊണ്ടു സമ്പാദിക്കപ്പെട്ടതായും അന്നമയകോശമെന്നപേരായും ഇരിക്കുന്ന സ്ഥൂലശരീരം ഉണ്ടാകുന്നു. സൂക്ഷ്മഭൂതങ്ങളെക്കൊണ്ടുണ്ടായതായി പഞ്ചപ്രാണങ്ങൾ, ദശേന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി ഇവ പതിനേഴ തത്വങ്ങൾ കൂടിയതിന്നെ ലിംഗശരീരമെന്നും സൂക്ഷ്മശരീരമെന്നും പറയുന്നു. അനാദിപരമ്പരാഗതയായിരിക്കുന്ന അവിദ്യയെ കാരണശരീരമെന്നു പറയുന്നു. ദേഹാഭിമാനിയായ ജീവന്നു ജാഗ്രൽസ്വപ്നസുഷുപ്തിയെന്നു മൂന്നവസ്ഥകളുണ്ടാകുന്നു. യാതൊരുജീവന്റെ സ്ഥൂലശരീരചേഷ്ടകളിൽ ഞാൻ, എന്റെ, എന്നു പറയുന്നുവോ ആ ബുദ്ധിക്കു ഭ്രമമെന്നു പേർ. സ്ഥൂലസൂക്ഷ്മകാരണശരീരാഭിമാനിയായിരിക്കുന്ന ജീവന്ന് ഓരോരോദേഹസംബന്ധത്തിൽ മുമ്മൂന്നു നാമങ്ങൾ ഉണ്ടാകുന്നു. അന്നമയ കോശമായ സ്ഥൂലശരീരസംബന്ധത്തിൽ ചിദാഭാസൻ, വിശ്വൻ, വ്യാവഹാരികൻ എന്നു പേർ പറയുന്നു. പ്രാണമയ, മനോമയ, വിജ്ഞാനമയ, കോശത്രയരൂപമായ ലിംഗശരീരത്തിൽ അഭിമാനിയായി മാനസികഭോഗത്തെ ഭുജിക്കുന്ന ജീവന്നു വൈകാരികൻ, തൈജസൻ, സ്വപ്നകല്പിതൻ എന്നു പേർ പറയുന്നു. ആനന്ദമയകോശമായ കാരണശരീരസംബന്ധത്തിൽ പാരമാൎത്ഥികൻ, പ്രാജ്ഞൻ, അവച്ഛിന്നൻ എന്നു പേർ പറയുന്നു. ലിംഗശരീരത്തിന്നു ജ്ഞാനോദയപൎയ്യന്തം നാശമില്ലാത്തതുകൊണ്ട് ആപേ

ക്ഷിക നിത്യത്വം ഭവിക്കുന്നു. സ്ഥൂലശരീരം ജലബുൽബുദപ്രായമായതുകൊണ്ട് അത്യന്ത നശ്വരമെന്നു പറയുന്നു. വൃക്ഷങ്ങളിൽ നിന്നു ദിനംതോറും ഇലകൾ ഉണ്ടാകുന്നതു പോലെ ഭോക്താവായ ജീവന്നു ഭോഗങ്ങളെ അനുഭവിപ്പാനായി സ്വകർമ്മങ്ങളാൽ സ്ഥൂലദേഹങ്ങളുണ്ടാകുന്നു. അജ്ഞാനമുള്ളതുവരെ സംസാരത്തിൽ ഭ്രമിക്കുന്ന ജീവന്റെ ലിംഗശരീരനാശത്തിന്നായിക്കൊണ്ടു നാമരൂപാത്മകമായ ഈ മായപ്രപഞ്ചം എന്നാൽ പ്രകാശിപ്പിക്കപ്പെടുന്നു.

എന്ന സ്കന്ദോപപുരാണത്തിൽ
എഴുപത്തേഴാമദ്ധ്യായം

മഹേശ്വരൻ പറഞ്ഞു— ഹേ മുനികളേ! ജീവൻ അനേകജന്മങ്ങളെ പ്രാപിച്ചു ജന്മാവസാനത്തിൽ എന്റെ പ്രസാദം കൊണ്ട് എന്നെ പ്രാപിക്കുന്നക്രമത്തെ പറയാം കേൾക്കുവിൻ. നാനാവിധങ്ങളായ ജരായുജാദിയോനികളിൽ കർമ്മങ്ങൾ കൊണ്ടു ഭാര്യാപുത്രാദികളോടുകൂടി ഭ്രമിക്കുന്ന ജീവന്നു ദൈവാനുഗ്രഹത്താൽ മോക്ഷസാധനമായ ബ്രാഹ്മണത്വം ലഭിക്കും. ചളിയിൽ ചിലേടത്തു ഞണ്ടിനെ സംബന്ധിച്ച രേഖ ഏതുപ്രകാരം ഞണ്ടിന്റെ ഇച്ഛകൂടാതെ നക്ഷത്രംപോലെ തോന്നുന്നുവോ അതുപ്രകാരം ജീവികൾക്കു ബ്രാഹ്മണത്വം ലഭിക്കുന്നു. പ്രപഞ്ചത്തിൽ ദുർജ്ജനസംസർഗ്ഗത്തെ ത്യജിക്കുന്നതുകൊണ്ടു സജ്ജനസംസർഗ്ഗം സുലഭമായി ഭവിക്കും. പുണ്യതീർത്ഥസ്നാനം കൊണ്ടും പുണ്യസ്ഥലവാസം കൊണ്ടും അവരവരുടെ ജാത്യാചാരപരിപാലനംകൊണ്ടും എന്റെ പൂജകൊണ്ടും എന്റെ സ്തുതികൊണ്ടും സൽകഥാശ്രവണംകൊണ്ടും എന്റെ ഭക്തന്മാരുടെ സേവകൊണ്ടും സർവ്വപ്രാണികളുടെ ദേഹങ്ങളും പാഞ്ചഭൌതികങ്ങളാണെന്നും സർവ്വദേഹങ്ങളിലുള്ള ജീവന്മാരും ഏകരൂപന്മാരാണെന്നും ഉള്ള അറിവിനാലും കാണപ്പെടുന്നതായ ഭാര്യാപുത്രാദിസുഖങ്ങളിലും കാണപ്പെടാ

ത്ത സ്വർഗ്ഗാദിസുഖങ്ങളിലുമുള്ള വൈരാഗ്യത്താലും നിഷിദ്ധ
കൎമ്മങ്ങളെ ഉപേക്ഷിക്കുന്നതിനാലും ജ്ഞാനപ്രദനായ ഗുരുവി
ങ്കലുള്ള നിഷ്കപടഭക്തിയാലും അന്യന്മാരുടെ ഗുണദോഷങ്ങ
ളെ പറയാതിരിക്കുന്നതിനാലും അത്യന്തനശ്വരമായ പാഞ്ച
ഭൌതികദേഹത്തിൽ ഞാൻ എന്നുള്ള ബുദ്ധി നശിച്ചു കൃച്ഛ്ര
ചാന്ദ്രായണാദി നിയമങ്ങളോടുകൂടിയവനായി ഭവിക്കുന്നു. വ
ളരെക്കാലംകൊണ്ടുണ്ടായ ചിത്തപരിപാകത്താൽ നാമരൂപാ
ത്മകമായ സൎവ്വപ്രപഞ്ചവും ബ്രഹ്മസ്വരൂപമെന്നുള്ള ബു
ദ്ധിവന്നവനു ഭ്രമാധിഷ്ഠാനമായതുകൊണ്ടു വിവൎത്തോപാദാ
നകാരണം എന്നു പറയപ്പെടുന്ന എങ്കൽതന്നെ മായാകാൎയ്യ
മായ പ്രപഞ്ചത്തിന്റെ ലയം സംഭവിക്കും. മുമ്പ പഞ്ചീക
രണം ചെയ്യപ്പെട്ട ഭൂതങ്ങളുടെ അപഞ്ചീകരണം ചെയ്യുമ്പോ
ൾ (അപഞ്ചീകരണപ്രകാരമെന്തെന്നാൽ ഭൂമിയുടെ നാല് അ
രയ്ക്കാൽ ഭാഗങ്ങളെ ജലം, തേജസ്സ്, വായു, ആകാശം ഇവ
കളിൽനിന്നെടുത്തു പൃഥിവിയിൽ തന്നെ ചേൎക്കുക. ജലത്തി
ന്റെ നാല് അരയ്ക്കാൽ ഭാഗങ്ങളെ പൃഥിവി, തേജസ്സ്, വാ
യു, ആകാശം ഇവകളിൽനിന്നെടുത്തു ജലത്തിൽ തന്നെ ചേ
ൎക്കുക. തേജസ്സിന്റെ നാല് അരയ്ക്കാൽ ഭാഗങ്ങളെ പൃഥിവി,
ജലം, വായു, ആകാശം ഇവകളിൽനിന്നെടുത്തു തേജസ്സോടു
ചേൎക്കുക. വായുവിന്റെ നാല് അരയ്ക്കാൽ ഭാഗങ്ങളെ പൃഥി
വി, ജലം, തേജസ്സ്, ആകാശം ഇവകളിൽനിന്നെടുത്തു വായു
വിനോടു ചേൎക്കുക. ആകാശത്തിന്റെ നാല് അരയ്ക്കാൽ ഭാ
ഗങ്ങളെ പൃഥിവി, ജലം, തേജസ്സ്, വായു ഇവകളിൽനിന്നെ
ടുത്ത് ആകാശത്തോടുതന്നെ ചേൎക്കുക. ഇതിന്ന് അപഞ്ചീക
രണമെന്നു പേർ) ഭൂതങ്ങൾ പ്രഥമാവസ്ഥയെ പ്രാപിച്ചു. ഈ
സൂക്ഷ്മഭൂതങ്ങളിൽ വെച്ചു ശുദ്ധപൃഥിവി സ്വകാരണമായ ശുദ്ധ
ജലത്തിലും ജലം സ്വകാരണമായ ശുദ്ധ തേജസ്സിലും തേജ
സ്സ സ്വകാരണമായ ശുദ്ധവായുവിലും വായു സ്വകാരണമാ
യ ശുദ്ധ ആകാശത്തിലും ആകാശം തമോഗുണത്തിലും അ
വിദ്യാ എന്നു പറയുന്ന തമസ്സു മായയിലും ലയിക്കുമ്പോൾ

സർവ്വസംസാരകാരണമായി ഈശ്വരോപാധിയായ മായയെ അവിടെ മാററുകളയണം. ഈ മായയുടെ മിത്ഥ്യാത്വജ്ഞാനം എന്റെ ഭക്തികൊണ്ടുതന്നെ ഭവിക്കണം. മായാതീതനായി അവശേഷിക്കുന്നതു യാതൊരു പരമാത്മാവോ ഞാൻ അവൻ തന്നെ. ഇങ്ങിനെ ജീവന്മാർക്കുള്ള ബന്ധമോക്ഷങ്ങളെ ഞാൻ പറഞ്ഞു. അനേകജനങ്ങളിൽ ഒരുത്തൻ ഇപ്രകാരം ധ്യാനിച്ചു ജനനദുഃഖത്തെ കടക്കുന്നു. മനുഷ്യർ എപ്പോഴും മഹച്ഛരിമാണമായ ഈ ആകാശത്തെ തോലിനെപ്പോലെ ചുരുട്ടുമൊ അക്കാലത്ത് ആ ജനങ്ങൾ എന്നെ അറിയാതെ ദുഃഖാവസാനത്തെ പ്രാപിക്കും. ഋക്‌വേദത്തിന്റെ ആദിയും അഥർവ്വണവേദ ഉപനിഷത്തിന്റെ അവസാനത്തിലും വിശേഷേണ പറയപ്പെട്ടതായി സജാതീയവിജാതീയസ്വഗതഭേദരഹിതമായിരിക്കുന്ന യാതൊരു തേജസ്സുണ്ടോ അതുതന്നെയാണ് ഞാൻ എന്നാണ് വേദാന്തനിശ്ചയം. യാതൊരുത്തൻ സംസാരസംഗരഹിതനായിട്ട് ഇപ്രകാരം വിചാരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നുവോ അങ്ങിനെയുള്ളവൻ ഇരിക്കുന്ന ദിക്കിന്നായി നമസ്കരിച്ചു പരമേശ്വരനേയും നമസ്കരിച്ചു സനകാദിമഹർഷികൾ പരമേശ്വരപാദാരവിന്ദസേവകൊണ്ട് അസത്യസംസാരസമുദ്രത്തിന്റെ മറുകരയെ ദർശിച്ചു. സൂതൻ പറഞ്ഞു— ശിവഭക്താഗ്രഗണ്യനായ ധൌമ്യൻ ഇങ്ങിനെ താപസന്മാരോടു പറഞ്ഞ് അവരാൽ പൂജിതനായിട്ടു തന്റെ ആശ്രമത്തിലേക്കുപോയി. ശിവഭക്തശ്രേഷ്ഠന്മാരുടെ ഈ മാഹാത്മ്യം വേദത്തിന്നുതുല്യമാകുന്നു. പാവനമായ പുരാണവുമാണ്. ഇതിന്റെ ശ്രവണത്താൽ മഹേശ്വരപ്രീതി ലഭിക്കുന്നതാണ്. ഇതിനെ സമാഹിതചിത്തന്മാരായവർ ശിവാലയത്തിലോ പുണ്യതീർത്ഥക്കരയിലോ ബ്രാഹ്മണസഭയിലോ വെച്ചു പഠിക്കേണ്ടതാണ്. ഭസ്മരുദ്രാക്ഷങ്ങളെ ധരിച്ചു ശിവനേയും ഗുരുവിനേയും മനസ്സിൽ ധ്യാനിച്ചു ശിവപ്രസാദത്തെ കാംക്ഷിച്ചുകൊണ്ടു നിയമത്തോടുകൂടെ പഠിക്കേണ്ടതാണ്. ശ്രോതാവു ശിവഭക്തനായും ഗുരുവായുമിരിക്കുന്ന ബ്രാഹ്മണനെ ഉന്നതാസന

ത്തിലിരുത്തി വാക്കിനേയും മനസ്സിനേയും അടക്കി ഗുരുവിനെ നമസ്കരിച്ച് ഇതിനെ കേൾക്കേണ്ടതാണ്. ശിവപ്രീതികരമായ ഈ ഭക്തവിലാസത്തെ നൂറൊന്നു പുസ്തകങ്ങളെ ഭക്തിയോടുകൂടി ശ്രീരുദ്രമന്ത്രത്തെ പറഞ്ഞുകൊണ്ട് ആർ ദാനം ചെയ്യുന്നുവോ അവൻ സൎവ്വലോകങ്ങൾക്കും അധിപതിയായി ഭവിച്ചു വിഹരിച്ചുകൊണ്ടിരിക്കും. ശിവസായൂജ്യസിദ്ധിക്കായി നൂറൊന്നു ബ്രാഹ്മണരെ പാഠകന്മാരായി വരിച്ചു പതിനൊന്നു ദിവസംകൊണ്ട് ഈ പുരാണത്തെ വായിപ്പിച്ചു ഹോമാദികളും ചെയ്തു പുസ്തകങ്ങളെയും ദാനംചെയ്തു വസ്ത്രം, ആഭരണം, രത്നം ഇവകളേയും ദാനംചെയ്തു യഥാവിധി ദക്ഷിണയും കൊടുക്കുന്നവൎക്ക സൎവ്വാഭീഷ്ടങ്ങളും ലഭിക്കും. എന്നുമാത്രമല്ല സാക്ഷാൽ മഹേശ്വരനായിത്തന്നെ ഭവിക്കും സത്യം. ഈ പുസ്തകത്തിൽ ഒരു ചരിത്രമോ ഒരദ്ധ്യായമോ ഭക്തിയോടുകൂടി കേൾക്കുന്ന ഭക്തൻ ശിവപ്രസാദത്താൽ സകലപാപങ്ങളിൽ നിന്നും മോചിക്കപ്പെടും. ബ്രാഹ്മണൻ ബ്രാഹ്മണമുഖത്തിൽ നിന്ന് ഈ പുരാണത്തെ കേട്ടാൽ ശിവഭക്തനായി ഭവിക്കുകയും മറ്റെല്ലാ അഭീഷ്ടങ്ങളേയും ലഭിക്കുകയും ചെയ്യും. വന്ധ്യയായ സ്ത്രീ നിയമത്തോടെ ഇതിനെ ശ്രവിച്ചാൽ പുത്രനെ ലഭിക്കും ബ്രഹ്മചാരി ശ്രവിച്ചുവെങ്കിൽ ഉത്തമകന്യകയെ ലഭിക്കും. കന്യകയാണ് ശ്രവിച്ചതെങ്കിൽ ഉത്തമഭൎത്താവിനേയും ലഭിക്കും. ക്ഷത്രിയൻ ശ്രവിച്ചാൽ രാജാവായി ഭവിക്കും. വൈശ്യൻ ശ്രവിച്ചാൽ വ്യാപാരത്തിൽ വളരെ ലാഭം കിട്ടും. ശൂദ്രൻ ശ്രവിച്ചാൽ ഉത്തമത്വം ലഭിക്കും. സങ്കരജാതികളും ഇതിനെ ശ്രവിച്ചാൽ സകല പാപങ്ങളും നശിക്കും. ദരിദ്രൻ ശ്രവിച്ചാൽ ധനികനായി ഭവിക്കും. രോഗി ശ്രവിച്ചാൽ അരോഗിയായി ഭവിക്കും. യശസ്സിനെ ആഗ്രഹിക്കുന്നവൻ ഇതു കേട്ടാൽ യശസ്വിയായി ഭവിക്കും. നിഷ്കാമനാണ് ശ്രവിച്ചതെങ്കിൽ മോക്ഷത്തെയും ലഭിക്കും. മഹേശ്വരന്ന് ഈ പുരാണശ്രവണത്താലുണ്ടാകുന്ന പ്രീതിപോലെ യാഗങ്ങൾ കൊണ്ടാവട്ടെ തപസ്സുകൊണ്ടാവട്ടെ അതിദുഷ്കരങ്ങളായ വ്രതങ്ങ

ളെക്കൊണ്ടാവട്ടെ പ്രീതിസംഭവിക്കുന്നില്ല. ഈ അറുപത്തിമൂന്നു ഭക്തശ്രേഷ്ഠന്മാരുടെ ചരിത്രത്തെ കേട്ടു ശിവനെ മനസ്സിൽ ധ്യാനിക്കുന്നവൎക്കു വലുതായ കാലഭയം ഉണ്ടാകയില്ല. വിശേഷിച്ചും കലിയുഗത്തിൽ ഭക്തിസാധനമായ ഈ പുരാണത്തെത്തന്നെയാണ് കേൾക്കേണ്ടതു്. മറ്റൊന്നും സിദ്ധിദമായി ഭവിക്കയില്ല. എന്റെ ബുദ്ധിക്കനുസരിച്ചു ഞാൻ പറഞ്ഞതായ ഈ പുരാണത്തെ നിങ്ങൾ ശ്രദ്ധയോടെ കേട്ടുവെല്ലൊ. അതുകൊണ്ടു ഞാനും നിങ്ങളും ധന്യന്മാരായി എന്നു വിചാരിക്കുന്നു. ജനനമരണഭയനാശനനായ മഹേശ്വരൻ എന്നെക്കുറിച്ചും നിങ്ങളെക്കുറിച്ചും പ്രസാദിക്കട്ടെ. പാപരഹിതനും നിൎമ്മലചിത്തനുമായ സൂതൻ ഇങ്ങിനെ മുനികളോടു പറഞ്ഞു കൈലാസശിഖരസ്ഥിതനായ മഹാദേവനെ നമസ്കരിച്ചു യഥേഷ്ടം പോകയും ചെയ്തു. ശ്രീസൂതന്റെ വദനാരവിന്ദത്തിൽ നിന്നു മകരന്ദമധുവെന്നതുപോലെ പ്രവഹിച്ചതായും പുരുഷാൎത്ഥഹേതുവായുമിരിക്കുന്ന പുരാണസാരത്തെ കേട്ടു സന്തുഷ്ടന്മാരായ മുനികൾ സത്രയാഗത്തെ വിധിപോലെ ചെയ്തു. എന്റെ വാക്കുകൾ ഒട്ടും ഗുണമില്ലാത്തതുകളാണെങ്കിലും മഹേശ്വരസ്തുതികളെ പറയുന്നവയാണെന്നു വിചാരിച്ച് ഏതൊരുവിധം അല്പംപോലും സൌരഭ്യമില്ലാത്തതായ എരുക്കിൻപൂ കൊണ്ടുള്ള മാല മഹേശ്വരന്നു പ്രിയമായി ഭവിക്കുന്നുവോ അതുപോലെ സജ്ജനങ്ങളാൽ ശ്ലാഘനീയമായിത്തന്നെ ഭവിക്കും. വാണീദേവിയുടെ വരപ്രസാദത്താൽ മഹേശ്വരസ്തുതികൾ വൎദ്ധിക്കട്ടെ. മഹാദേവൻ പ്രസാദിക്കട്ടെ. അതിനായി ഗുരുമൂൎത്തിയായ മഹേശ്വരനെ നമസ്കരിക്കുന്നു.

എന്നു സ്കന്ദോപപുരാണത്തിൽ

ശിവഭക്തവിലാസത്തിൽ

എഴുപത്തെട്ടാമദ്ധ്യായം.

യസ്മാൽസൎവ്വംസമുല്പന്നം
ചരാചരമിദംജഗൽ
ഇദംനമോനടേശായ
തസ്മൈകാരുണ്യമൂൎത്തയേ.

ശിവഭക്തവിലാസം,

സമ്പൂൎണ്ണം.